ഫ്രഞ്ച് കവിതകൾ

മംഗലാട്ട് രാഘവൻ

ഫ്രഞ്ച് കവിതകൾ

മംഗലാട്ട് രാഘവൻ

സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം
2021

French Kavithakal
French Poems
by **Mangalat Raghavan**
First published: 1993

Copyright © 1993–2021, Mangalat Raghavan

These electronic versions are released under the provisionsof Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The TEI encoded XML was generated by LuaTeX from the same LaTeX sources. The HTML version has been generated from the XML file by an XSLT stylesheet developed by Sayahna Foundation. The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: The painting namely, An Idyll (1505) by Titian (1490–1576). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA34, Jagathy, Trivandrum, India 695014
URL:www.sayahna.org

ഉള്ളടക്കം

ഷാർല് ദൊർലെയാം: വസന്തത്തിന്റെ വരവ് 1
ഫ്രാംസ്വാ വിയ്യോൻ: മുൻകാല മഞ്ഞ് 6
പിയേർ ദ് റോംസാർ: പൂവുകളെല്ലാം പറിച്ചെടുക്കു 11
ലഫൊംതേൻ: പ്ലേഗ് ബാധ 18
വായ്പ 23
അന്ദ്രെ ഷെനിയെ: തടവറയിലെ താരുണ്യം 25
മിൽവ്വാ: ഇല കൊഴിച്ചൽ 33
മദാം ദെബോർദ് വൽമോർ: പരിത്യക്ത 36
കാറ്റിൽ പറന്ന പൂക്കൾ 42
അൽഫോംസ് ദ് ലമാർത്തീൻ: വേർപാടിൽ 45
പരിവർത്തനം 54
കവിയുടെ വിട 57
ആൽഫ്രെദ് ദ് വിഞ്ഞി: ചെന്നായയുടെ മരണം 70
വിക്തോർ ഹ്യൂഗോ: ഇല്ലവൾ 75
ഞാൻ പുറപ്പെടും നാളെ 80
അർത്ഥന 82
പതിത 85
രക്തസാക്ഷികൾ 89
പനിനീർപ്പൂവും കുടീരവും 93
മദാം ഴിറാർദേൻ: കൊച്ചനിയൻ 95
ഫെലിക്സ് അർവേർ: ആത്മരഹസ്യം 99
ഹെഴെസിപ്പ് മൊറൊ: ആസ്പത്രിയിലെ അനുസ്മരണം 103
അൽഫ്രെദ് ദ് മ്യുസ്സെ: വസന്തരാത്രി 107
അന്തിനക്ഷത്രം 125
സൗഖ്യസ്മരണ 129
തെയോഫീൽ ഗൊത്തിയെ: വിശ്വസൗഭ്രാത്രം 134
കവിതയ്ക്ക് വിട 143
നാവികർ 145
ഏകാകിനി 149
തോണിപ്പാട്ട് 154
വിക്തോർ ദ് ലപ്രാദ്: യുവകവയിത്രി 157
ല് കോംത് ദ് ലീൽ: ഒരു കരളിന്റെ കഥ 164
ഷാർല് ബൊദെലേർ: അൽബത്രോസ് 168
ഉൽഗമനം 171
ശത്രു 175
പെരും കപ്പിത്താൻ 179
സ്യുല്ലി പ്ര്യുദോമ്മ്: പൊട്ടിയ പൂപ്പാത്രം 182

തടവുകാരൻ . . . 184
കണ്ണുകൾ . . . 188
അന്ത്യാഭിലാഷം . . . 191
ഫ്രാംസ്വാ കൊപ്പെ: വിരഹം . . . 195
കണ്ണുനീർ . . . 198
പക്ഷികളുടെ മരണം . . . 205
സ്റ്റെഫാന് മല്ലാർമ്മേ: നീലാകാശം . . . 207
പോൽ വെർലേൻ: കരളിന്നുള്ളിൽ കണ്ണീർമഴ . . . 213
മേൽപ്പുരയ്ക്കും മുകളിൽ . . . 218
വെണ്ണിലാവ് . . . 220
പോൽ ദെറുലേദ്: ആതിഥ്യം . . . 223
ഫ്രാംസ്വാ ഫബിയെ: തേനീച്ച മേയ്ക്കൽ . . . 225
ഗബ്രിയേൽ വിക്കേർ: പള്ളിമണികൾ . . . 230
ഴാൻ റിഷെപ്പേൻ: മരത്തിന്റെ കരച്ചിൽ . . . 236
അർത്യൂർ റെമ്പൊ: താഴ്വരയിലെ ഉറക്കം . . . 240
മൊറീസ് മെത്തർലെങ്ക്: തിരിച്ചെത്തുകിൽ . . . 244
ഹാംറി ദ് റെഞ്ഞിയെ: പുല്ലാങ്കുഴൽ . . . 248
തിരച്ചിൽ . . . 253
പോൽ–ഴാൻ തുലെ: സഹശയനം . . . 255
കടൽ . . . 257
മൃദുരവം . . . 259
ഫ്രാംസീസ് ഴാമ്മ്: വിശുദ്ധമേരിക്കു വണക്കം . . . 261
കഴുതകളോടൊപ്പം സ്വർഗ്ഗത്തിലേയ്ക്ക് . . . 270
പോൽ ക്ലോദേൽ: യാത്രാമൊഴി . . . 275
ഇരുളിൽ . . . 282
ല്വയി മെർസിയെ: വാതിൽ . . . 285
പോൽ വലെറി: കാലടികൾ . . . 290
വായുകന്യ . . . 294
തേനീച്ച . . . 297
ഷാർല് പെഗി: ഹൃദയം . . . 299
ഗിയ്യോം അപ്പൊല്ലിനേർ: മിറാബോപ്പാലം . . . 303
ഹോട്ടൽ . . . 308
മറി നൊയേൽ: പടയാളിപ്പാട്ട് . . . 311
ഴ്യൂൽ സ്യൂപ്പെർവ്യെല്ല്: കവി . . . 314
മരിച്ചവളുടെ കണ്ണുകൾ . . . 317
പോൽ എല്യുയാർ: സ്വതന്ത്രതേ . . . 319
പാതവക്കിലെ പെണ്ണ് . . . 325
സുപ്രതീക്ഷ . . . 328
മനുജനീതി . . . 330
ല്വയി അറാഗോൻ: കൈകൾ . . . 332
മറക്കാതിരിക്കാൻ . . . 334
ഴാൻ തർദിയേ: എതിരാളി . . . 339

തീവണ്ടിയാത്ര 343
ഴോർഴ് മുസ്താക്കി: പോസ്റ്റ്മാൻ 346

സൂചിക 349

വസന്തത്തിന്റെ വരവ്

ഷാർല് ദൊർലെയാം (1391—1465)

CHARLES D’ORLEANS

[സ്വന്തം കവിത്വം കൊണ്ടുതന്നെ സാഹിത്യത്തിൽ സ്ഥാനം നേടിയ പ്രാചീനകവിയാണ്, ഫ്രഞ്ച് രാജാവ് ലൂയി പന്ത്രണ്ടാമന്റെ പിതാവായ ഷാർല് ദൊർലെയാം. ആംഗ്ലോ–ഫ്രഞ്ച് നൂറ്റാണ്ടു യുദ്ധത്തിനിടയിൽ 25 കൊല്ലം ഇംഗ്ലണ്ടിൽ തടവിലായിരുന്നു.]

മാറ്റീകാലം തൻ ജീർണ്ണമാമങ്കി
കാറ്റിൻ. മഞ്ഞിൻ, മഴയുടെയങ്കി; [1]
ചാർത്തീ മിന്നുന്ന പൊൻകസവാട,
ചേണിയലും തെളിവെയിലാട. [2]
ഇല്ലാ പക്ഷി, മൃഗം സ്വകഭാഷ [3]
യിങ്കൽ പാടാതെ, കൂക്കാതെയേവം:
മാറ്റീ കാലം തൻ ജീർണ്ണമാമങ്കി–
കാറ്റിൻ, മഞ്ഞിൻ, മഴയുടെയങ്കി.
ചന്തമേറും ചമയങ്ങളാർന്നു
നീരുറവുമരുവിയുമാറും,
ഏന്തിടുന്നതേ വെട്ടിവിളങ്ങും
വെള്ളിമുത്തുമണികളെമ്പാടും. [4]
ഇച്ചരാചരമൊക്കെയും പുത്തൻ
വേഷഭൂഷകളേലുകയായി. [5]
മാറ്റീ കാലം തൻ ജീർണ്ണമാമങ്കി
കാറ്റിൻ, മഞ്ഞിൻ, മഴയുടെയങ്കി;
ചാർത്തീ മിന്നുന്ന പൊൻകസവാട
ചേണിയിലും തെളിവെയിലാട!

RONDEAU SUR LE PRINTEMPS

കുറിപ്പുകൾ

[1] ആടുംവണ്ണം തണുപ്പുൾക്കൊ–
ണ്ടീടും ദിക്കുകളും പ്രിയേ,
കൂടും മഞ്ഞാംപുതപ്പിട്ടു
മൂടുന്നിതുടലാകവേ

(വള്ളത്തോൾ — ഋതുവിലാസം)

പുലർമ്മഞ്ഞു നമ്മെപ്പൊതിഞ്ഞു നില്പാ–
ണൊരു മുള്ളുകുപ്പായമെന്നപോലെ

(വിഷ്ണുനാരായണൻ നമ്പൂതിരി — തീക്കായൽ)

[2] പൊറുതികെട്ടു തണുത്തിരുന്ന പാരിനെന്നോ
പരക്കെക്കിടക്കുന്നു ഹിമഞ്ഞപ്പുടവകൾ

(വള്ളത്തോൾ — ഓണം)

മാമലകണക്കെപ്പുൽത്തണ്ടുമുണ്ടണിയുന്നു
ഹിമഞ്ഞത്തുകിലിനെ ഭാസ്കരപ്രസാദത്താൽ

(വള്ളത്തോൾ — ഓണപ്പുടവ)

മുന്തിത്തിളങ്ങും കസവിട്ടിരുന്നു മൂ–
വന്തിപ്പകലോന്റെ യന്തിമരശ്മികൾ

(വള്ളത്തോൾ — മറിമായം)

പുലർപ്പൊൻവെയിൽ മൂടൽ–
മഞ്ഞിൽക്കസവു തുന്നവേ

(എൻ. വി. കൃഷ്ണവാരിയർ — ഗാന്ധിജിയും കുഷ്ഠരോഗിയും)

മഞ്ഞനീരാളം വിരിച്ചുകൊണ്ടിപ്പൊഴും
മഞ്ഞണിക്കുന്നിൽ വരുന്നുണ്ടിളവെയിൽ

(ചങ്ങമ്പുഴ — രാഗപരാഗം)

പാവുകോടികൾ ചുറ്റിയ നാൾകൾ
പൂവുതേടിയും പാടിയും പോകേ

(വൈലോപ്പിള്ളി — കുടിയൊഴിക്കൽ)

അർക്കന്റെ തൂത്തേജസ്സ് നെയ്യൊരു മഞ്ഞപ്പട്ടു
മിക്കദിക്കിലും താനേപരന്നുകഴിഞ്ഞിട്ടും

(പി. കുഞ്ഞിരാമൻ നായർ — അരുണോദയം)

പൊൻവെയിൽ നല്ലമോണത്തുകിൽ ചുറ്റി
ത്തേന്മലർ ചാർത്തി നില്ക്കുമിഗ്രാമവും

(പി. കുഞ്ഞിരാമൻ നായർ — പുള്ളുവപ്പെൺകൊടി)

അഴകിൽത്തെളിമഞ്ഞത്തുവെയിൽ പൂമ്പട്ടാട–
യൊഴുകും പൂമേനിയിൽ തളിരും താരും ചാർത്തി

(സുഗതകുമാരി — വർഷമയൂരം)

ഇളവെയ്ലൊളിപോലെ ഹിമഞ്ഞത്തുകിലുള്ളോർ

(ഒ. എൻ. വി. കുറുപ്പ് — നാലുമണിപ്പൂക്കൾ)

മഞ്ഞമുണ്ടുപോൽ വെയ്ലൊളിയെഴും
മന്നിടത്തിന്നൊരു വശം

(എം. പി. അപ്പൻ — ഓണനിലാവിൽ)

ധാത്രിയാം പെൺകൊടിയന്തിച്ചുകപ്പിന്റെ
നേർത്ത നിചോളമണിഞ്ഞു നിൽക്കെ

(മലേഷ്യാ കെ. രാമകൃഷ്ണപിള്ള — മൂടുപടം)

കാടുകൾതോറും കസവാടകൾ വിരിക്കുന്ന
കാലത്തിൻ മനോഹരോജ്ജ്വലൽ പ്രഭാതം

(വയലാർ — പൂവുകളുടെ സംഗീതം)

ഉദാരനങ്ങയെത്തേടി
യുഷസ്സായാഹ്ന ഗോപിമാർ
തുമഞ്ഞത്തുകിലും ചുറ്റി
ത്തുഷാരാശ്രു പൊഴിക്കവേ

(യൂസഫലി കേച്ചേരി — ബ്രഹ്മരാഗം)

മഞ്ഞവെയിൽപ്പട്ടുടയാടയാലേറെ
മങ്ങിന പൂമേനി മൂടിയിന്നെന്തിനോ
വാടിത്തളരും മുഖം കുനിച്ചെത്തുന്ന
കാതരയായ് മുന്നിലിക്കാല്യ ദേവത

(നളിനകുമാരി — അശ്രുപൂജ)

[3] ഉലകത്തിനൊരന്ധകാരമി–
ല്ലുണരാതില്ലൊരു ജന്തുവെങ്ങുമേ

(കെ. കെ. രാജാ — രാത്രിയും പകലും)

[4] പാറമേൽത്തട്ടി മുത്തുവിതറി
പാലൊളിച്ചോല പായുമിടങ്ങളും

(വള്ളത്തോൾ — ശരണമയ്യപ്പ)

പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി–
യാരണ്യ പൂഞ്ചോലകളാമന്ദമൊഴുകവേ

(ചങ്ങമ്പുഴ — സൗന്ദര്യ ലഹരി)

കരംപൊക്കി നാലുപാടും നറും മുക്താ ഫലങ്ങളെ
നിരവധി വിതറിയും കുതിച്ചുചാടി

(കടമത്ത് — അരുവികളുടെ ഐക്യം)

പളുങ്കുമാലകളണിഞ്ഞു പാഞ്ഞിടും
കളങ്കഹീനരാം സരിൽക്കിടാങ്ങളും

(എം. ആർ. നായർ — പ്രഭാതഗീതം)

ആർത്തുപുളച്ചു കൈകൊട്ടിച്ചിരിച്ചണി
മുത്തുകൾ വാരിയെറിഞ്ഞുകൊണ്ടും

(എം. ആർ. നായർ — നിർഝരം)

നറുമണി ചിതറുംവിധം ചിരിയ്ക്കും
ചെറുപുഴ തന്നുടെ ചേണിയന്നകൂലം

(ജി. — മതി)

[5] ചന്തം ധരയ്ക്കേറെയായ് ശീതവും പോ–
യന്തിക്കു പൂങ്കാവിലാളേറെയായി

സന്തോഷമേറുന്ന ദേവാലയത്തിൽ
പൊന്തുന്ന വാദ്യങ്ങൾ, വന്നൂ വസന്തം

(ആശാൻ — പൂക്കാലം)

അപ്പഞ്ഞിക്കരിമ്പടം കടലിൽ കളഞ്ഞുവെ–
ച്ചിപ്പൂർവ്വഹരിത്തിതാ, ചാരുനീളം ചാർത്തി;
അലസം പ്രബുദ്ധമായ്, മലിനം വിശുദ്ധമായ്,
കലുഷം പ്രസന്നമായ്, കാലമിത്രയും മാറി

(വള്ളത്തോൾ — കാലം മാറി)

വന്നൂ വസന്തം പ്രപഞ്ചരംഗത്തിലും
വന്നൂ വസന്തം മദന്തരംഗത്തിലും

(വൈലോപ്പിള്ളി — വസന്തം)

നടനമാടിപ്പൂ പ്രപഞ്ചത്തെപ്പാടെ
നവ വസന്തത്തിൻ സമാഗമോത്സവം

(ബാലാമണിയമ്മ — വസന്തോത്സവം)

ഹാ, വസന്തം വന്നുചേർന്നു പൂവലംഗി നിന്നെപ്പോലി–
പ്പൂവനത്തിൻ മുഖത്തിലും പുഞ്ചിരിവന്നു

(ചങ്ങമ്പുഴ — അനുബന്ധകവിതകൾ)

കാറും മഴയും പോയല്ലാ
കാട്ടുകളൊക്കെ പൂത്തല്ലാ
മാടത്തക്കിളി പാടിനടക്കും
മാനം മിന്നി വെളുത്തല്ലാ

(ചങ്ങമ്പുഴ — ഓണപ്പൂക്കൾ പറിച്ചില്ല)

വരിക വസന്തമേ ചിറകു വിരുത്തി നീ
വരിക മനോഹരപുഷ്പകോടീരം ചൂടി

(പി. കുഞ്ഞിരാമൻ നായർ — പ്രേമർപ്പണം)

പുത്തനായ് മണ്ണുമീവിണ്ണുമിപ്പോൾ
പുത്തനായ് പൂക്കളും മാനുഷരും

(പി. കുഞ്ഞിരാമൻ നായർ — ഓണപ്പൂവ്)

വരവായി വസന്തം മലർ–
വനിയിൽ തോരണമായി

(അയ്യപ്പപ്പണിക്കർ — വസന്തം)

പുളകംകൊള്ളും പറവകൾ പാടിയ
പൂക്കാലം വന്നു

(അയ്യപ്പപ്പണിക്കർ — ത്രിത്വം)

വിരിഞ്ഞുകഴിഞ്ഞല്ലോ പൂഞ്ചിറകുകൾ, സ്നേഹം
വഴിയും മിഴികളാൽ വിളിപ്പൂവാസന്തശ്രീ
ഇനിയില്ലൊരുങ്ങുവാൻ കാടായ കാടെല്ലാം പൂ–

വണിഞ്ഞു കഴിഞ്ഞു ഹാ പുഷ്പനൃത്തമായെങ്ങും

(പുതുശ്ശേരി രാമചന്ദ്രൻ — കുഴപ്പമെവിടെ)

And all the earth is gay
Land and sea
Give themselves upto jollity
And with heart of May
Doth every beast keep holiday

(Wordsworth — Ode on Intimations of Immortality)

മുൻകാല മഞ്ഞ്

ഫ്രാംസ്വാ വിയ്യോൻ (1431—1480)

FRANCOiS VILLON

[ഫ്രെഞ്ച് കവിതയുടെ ആദിപിതാക്കളിൽ അവിസ്മരണീയനായ ഫ്രാംസ്വാ വിയ്യോൻ വൈപരീത്യാത്മകമായ ഒരു ജീവിതത്തിന്റെ ഉടമയാണ്. അനാഥനായി കൃസ്തീയ മതസ്ഥാപനത്തിൽ വളർന്ന ദരിദ്രനായി ജീവിച്ച ഈ കവി പ്രേമവിഷയകമായ ഒരു സംഘട്ടനത്തിൽ ഒരു പാതിരിയെ കൊന്നതിനും പിന്നീട് ഒരു മോഷണക്കുറ്റത്തിനും ശിക്ഷിക്കപ്പെട്ടുവെങ്കിലും രാജാവ് ദയ കാണിച്ചതിനാൽ സ്വതന്ത്രനായി. അക്രമാത്മകമായ ഒരു ഏറ്റുമുട്ടലിൽ വീണ്ടും അറസ്റ്റിലായപ്പോൾ രണ്ടാമതും രാജാവ് ഇടപെട്ടു വധശിക്ഷ 10 കൊല്ലത്തെ നാടുകടത്തലാക്കി മാറ്റി. അതിനുശേഷമുള്ള ജീവിതം അജ്ഞാതമാണ്. 1480-ൽ മരിച്ചുവെന്നാണ് കരുതപ്പെടുന്നത്. അപ്രതിഹതമായ കാലത്തിന്റെ ചിറകടിയ്ക്കിടയിൽ മനുഷ്യജീവിതം അടിഞ്ഞുപോകുന്നതിലേയ്ക്ക് വിരൽ ചൂണ്ടുകയാണ് വിയ്യോൻ ഈ കവിതയിൽ.]

ചൊന്നാലും റോമിന്റെ സുന്ദരിയായ്
ചൊല്ലാളും ‘ഫ്ളോറ’യിന്നെങ്ങിരിപ്പൂ?
എങ്ങന്യസൗന്ദര്യധാമങ്ങളാം
‘അർഷിപ്പയാദ’, ‘തയീസ്സ’മാരും? [1]
മർത്ത്യമാനങ്ങൾക്കതീതമാം മ-
ട്ടത്രയ്ക്കഴകാർന്നൊ ‘രെക്കാ’വെങ്ങാം? [2]
(ആറ്റിനോ, പൊയ്കയ്ക്കോ മീതെയെന്നും
കേട്ടറിയുന്നുണ്ടവളെ നമ്മൾ.)
ചൊന്നാലും പോയ്പ്പോയ നാളുകൾതൻ
മഞ്ഞെല്ലാമെങ്ങാണിരിപ്പതിപ്പോൾ? [3]
പ്രേമവിവാദത്തിൽപെട്ട വിജ്ഞ-
താപസിയായ ‘ഹെല്ലോയി’ സ്സെങ്ങാം? [4]
പേരാർ‘ന്നബേലാറ’വൾക്കുവേണ്ടി
പീഡനമേറ്റു സന്യാസിനിയായി,
(തൽപ്രേമമൊന്നുതാൻ കാരണമാ-
വിഖ്യാതനേറെ വിപിന്നനാകാൻ.)
നവ്യസിദ്ധാന്തങ്ങളുന്നയിച്ച
ഭവ്യൻ ‘ബിറുദാ’നെച്ചാക്കിലാക്കി [5]
[6] സേൻനദി തന്നടിത്തട്ടിലാഴ്ത്താൻ
മോഹിച്ചൊാരമ്മഹാ റാണിയെങ്ങാം? [7]
ചൊന്നാലും പൊയ്പ്പോയ നാളുകൾ തൻ
മഞ്ഞെല്ലാമെങ്ങാണിരിപ്പതിപ്പോൾ?

പേർത്തുമൊരു മൽസ്യകന്യകയെപ്പോൽ [8]
പാടിയ 'ലില്ലി' പ്പൂവൊത്ത റാണി [9]
മന്നോരിൽ മന്നനാം ഷാർല്മാഞ്ഞിൻ [10]
മാതാവു 'മാപാദ' ബേർത്ത് റാണി, [11]
[12] 'റൂഅ' നിലാംഗ്ലേയർ ചൂട്ടെരിച്ച
[13] 'ഴാൻദാർ' ക്കാനല്ല 'ലൊറേൻ' കുമാരി– [14]
ഇച്ചൊന്ന നല്ലാർമണികളെല്ലാം
(ഈശോവിൻ മാതാവേ!) ഇപ്പൊഴെങ്ങാം?
ചൊന്നാലും പോയ്പോയ നാളുകൾതൻ
മഞ്ഞെല്ലാമെങ്ങാണിരിപ്പതിപ്പോൾ?
ഈ വാരത്തോടോ, യീവർഷത്തോടോ
ചോദിക്കാമെങ്ങവർ വർത്തിപ്പെന്ന്,
[15] മന്നവാ, ഈയൊരു പല്ലവി ത–
ന്നൾപ്പൊരുളുൾക്കൊണ്ടെന്നാകിൽ മാത്രം:
ചൊന്നാലും പോയ്പോയ നാളുകൾതൻ
മഞ്ഞെല്ലാമെങ്ങാണിരിപ്പതിപ്പോൾ?

BALLADE DES DAMES DU TEMPS JADIS

കുറിപ്പുകൾ

[1] ഫ്ലോറ, അർഷിപ്പിയാദ്, തയീസ്സ്——റോമൻ, ഗ്രീക്ക് ചരിത്ര സുന്ദരിമാർ.

[2] എക്കോ (ECHO)–-നാർസിസ്സിനെ പ്രേമിച്ചതിനെത്തുടർന്ന പാറക്കല്ലായി മാറിപ്പോയ അപ്സരസ്സ്–-പ്രതിധ്വനിയുടെ ദേവതയായി കൊണ്ടാടപ്പെടുന്നു.

ശാകുന്തളം രചിച്ചപ്പേർകൊണ്ടൊരു കാളിദാസനെങ്ങിപ്പോൾ
ആർ കണ്ടു തവഗാരുതസ്തോകച്ഛായയിലവന്റെ സച്ചരിതം?...
പ്രകൃതിയുടെ പുണ്യനാഡിയിലലകൃതകമായൊഴുകീടുന്ന ജീവരസം
സ്വകവിതയിൽ തെളിയിച്ചവനേകൻ ഭവഭ്രവതി ഭൂതിയായല്ലോ?
ബൈറൺ, ഷേക്സ്പിയർ മുതലായോരും തുഞ്ചൻ തുടങ്ങിയുള്ളോരും
പേരവശേഷിച്ചവരായ്ത്തീരുവതിന്നൊരു ഹേതു നീയെന്യേ?

(കെ. കെ. രാജാ — കാലത്തിനോട്)

പടുക്കളെന്നു പേരെടുത്ത പൂർവിക പ്രമാണികൾ–
ക്കൊടുക്കമെന്തു സംഭവിച്ചു? കേട്ടുകേൾവിയില്ലയോ?
... ...
സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും
സമത്വമറ്റ സോളമൻ തുടങ്ങിയുള്ള വിജ്ഞരും
അമർന്നുപോയി കാലചക്ര വിഭ്രമത്തിലെങ്കിലീ
നമുക്കു പിന്നെയെന്തു ശങ്ക, മാറ്റമൊന്നുമില്ലതിൽ

(മേരി ജോൺ തോട്ടം — ലോകമേ യാത്ര)

[3] പ്രഭാതമണയുന്നപോൽ ബഹുസഹസ്ര പുഷ്പങ്ങളൊ–
ത്തതേ, ശരി; തലേദിനം ബത വിടർന്ന പൂവെങ്ങുവാൻ?...

രസാലതരുശാഖയിൽ പ്രണയഗീതി പെയ്യും കുയിൽ–
കുലപ്രവരനെങ്ങുനിന്നെവിടെ, യെങ്ങുപോയ് പിന്നെയും?

(ഒമർ ഖയാം – റുബായിയാത്ത്) (കെ. എം. പണിക്കരുടെ തർജ്ജമ (രസിക രസായനം)

മന്ദഹാസം പൊഴിച്ച മിന്നിയ
മഞ്ഞുതുള്ളികളെങ്ങുപോയ്?
അന്നു വാസന്തലക്ഷ്മിയേകിയ
പൊന്നണിഞ്ഞ പുലരിയിൽ
ഈ മരത്തിലിരുന്നു പാടിയൊ–
രോമനക്കിളിയെങ്ങുപോയ്?

(ചങ്ങമ്പുഴ – ഉപഹാരം)

എങ്ങുപോയാമലർ വല്ലരികൾ,
എങ്ങുപോയഗ്ഗാന പല്ലവികൾ,
എങ്ങു കനവിൻ കിനാവൊളികൾ,
എങ്ങുമൽ സങ്കല്പ ദേവതകൾ?

(പി. കുഞ്ഞിരാമൻ നായർ – ഞങ്ങൾ വരുന്നു)

എങ്ങുനിന്നെങ്ങു നിന്നേകാന്ത വൈചിത്ര്യം
തങ്ങുമിക്കൊച്ചനിമേഷമെല്ലാം
എങ്ങുപോ, യെങ്ങുപോയ് മായുന്നു ഭാവന
യിങ്ങുപകച്ചുമിഴിച്ചുനിൽക്കേ

(ജി. – നക്ഷത്രഗീതം)

Where are the songs springs? Aye, where are they?

(Keats – Ode to autumn)

[4] ഹെല്ലോയിസ്–ഫ്രഞ്ച് ദൈവശാസ്ത്രജ്ഞനായ അബലാറിനെ (Abelard, 1079–1142) പ്രേമിച്ച രഹസ്യവിവാഹം കഴിക്കുകയും, സംഗതി പുറത്തറിഞ്ഞപ്പോൾ കന്യാസ്ത്രീയാകുകയും ചെയ്ത ഫ്രഞ്ച് വിദുഷി.

[5] Buridan (1300–1340)–പാരീസ് യുനിവർസിറ്റിയുടെ റെക്ടറായിരുന്ന പണ്ഡിതൻ.

[6] സേൻ (Seine)–പാരീസിനെത്തഴുകിപ്പോകുന്ന ഫ്രാൻസിലെ പ്രധാന നദി.

[7] ലൂയി പത്താമന്റെ പട്ടമഹിഷി മർഗറീത്തിനെയാണ് ഉദ്ദേശിച്ചിട്ടുള്ളത്. വ്യഭിചാരക്കുറ്റത്തിനു ഈ രാജ്ഞി പിന്നീട് വധിക്കപ്പെട്ടു.

[8] പകുതി മത്സ്യവും പകുതി മനുഷ്യസ്ത്രീയുമായ, മനോഹര ശബ്ദമുള്ള സങ്കല്പസൃഷ്ടി —-Sirene.

[9] മറ്റൊരു ഫ്രഞ്ച് രാജ്ഞിയെയാണ് ഉദ്ദേശിച്ചിട്ടുള്ളത്; ഏതെന്നു വ്യക്തമല്ല.

[10] ഷാർല് മാഞ്ഞ് (Charlemagne) പ്രശസ്തനായ ഫ്രഞ്ച് ചക്രവർത്തി (742–814)

[11] ബേർത്ത് രാജ്ഞി 'മഹാപാദ' എന്ന വിശേഷണത്തോടുകൂടിയാണ് അറിയപ്പെട്ടിരുന്നത്.

[12] റുആൻ (Rouen)–വടക്കൻ ഫ്രാൻസിലെ ഒരു നഗരം.

[13] ഴാൻദാർക്ക് (Janne d'Arc)–ഇംഗ്ലീഷ്–ഫ്രഞ്ച് നൂറ്റാണ്ടു യുദ്ധത്തിൽ ഇംഗ്ലീഷു കാർക്കെതിരെ പടനയിച്ച വിജയങ്ങൾ നേടിയ ഫ്രഞ്ച് ദേശീയ വീരതരുണി (1412–1431). പിന്നീട് ഇംഗ്ലീഷുകാരുടെ പിടിയിലകപ്പെട്ട ഴാൻദാർക്കിനെ, അവരുടെ ആവശ്യപ്രകാരം കത്തോലിക്കാപള്ളി ദുർമ്മന്ത്രവാദിനിയായി പ്രഖ്യാപിച്ചു. ഇതിന്റെ മറവിൽ ഇംഗ്ലീഷുകാർ അവരെ ജീവനോടെ ദഹിപ്പിട്ടു. 5 നൂറ്റാണ്ടുകൾക്കു ശേഷം, 1920–ൽ കത്തോലിക്കാപള്ളി സ്വന്തം തെറ്റു തിരുത്തി അവരെ പുണ്യവതിയായി പ്രഖ്യാപിക്കുകയുണ്ടായി.

[14] ലൊറേൻ (Lorraine)–ഴാൻദാർക്കിന്റെ ജന്മദേശം.

[15] ഈ കവിതയുടെ രൂപസങ്കേതമനുസരിച്ച് കവി നാടുവാഴുന്ന രാജാവിനോടു അഭ്യർത്ഥിക്കുകയാണ്: ഈ നല്ലാർമണികളെല്ലാം ഇപ്പോഴെങ്ങാണെന്നു കാലത്തിനോടു ചോദിക്കണം: പക്ഷേ പോയ്പോയ കാലത്തിന്റെ മഞ്ഞെല്ലാം ഇപ്പോഴെങ്ങുന്ന അടിസ്ഥാന ചോദ്യത്തിനു ഉത്തരം കിട്ടിയതിനുശേഷം മാത്രം.

ഏകവ്യാകുല വിശ്വചക്ര പടലം ധർമ്മാക്ഷദണ്ഡത്തിൽ നി–
ന്നാകല്പം ചുഴലുന്നു, തദ്ഗതി തടുപ്പാനില്ല കൈയാർക്കുമേ,
(ആശാൻ — പ്രരോദനം)

കാലത്തിന്നധീതമാം നശ്വര ജഗത്തിങ്കൽ
(ജി. — ഭംഗഗീതി)

ഞാനനുസ്മരിച്ചുപോയ് കാലത്തിൻ പരപ്പിങ്കൽ
മാനവൻ വിരചിച്ച സാമ്രാജ്യമോരോന്നപ്പോൾ
(ജി. — ആരാമത്തിൽ)

ചഞ്ചലൽ ബ്രഹ്മാണ്ഡ ബുദ്ബുദകോടികൾ
സഞ്ചരിക്കുന്നൊരാ ചാലിൽ
... ...
വാ പിളർത്തുന്നോരതിന്റെ ഗർത്തങ്ങളിൽ
വാടിവീഴുന്നു ദിനങ്ങൾ
എന്നല്ല ജന്മാന്തരങ്ങൾ ചിറകടി–
ച്ചൊന്നിച്ചതിൽ ചെന്നൊളിപ്പൂ
... ...
അന്തമറ്റോളമടിച്ചു കിടക്കുമ–
തെന്തൊരപാരതയാവോ?
(ചങ്ങമ്പുഴ — സായൂജ്യദീപ്തി)

ലോകത്തിലെല്ലാത്തെയുമാവരിക്കും
കാലത്തിരശ്ശീല കവർന്നെടുപ്പൂ
ഓരോ നിമേഷത്തെയു, മായതോടൊ–
ത്തുണ്ടായ സർവത്തെയുമെന്നപോലെ
(കെ. എം. പണിക്കർ — ചിന്താതരംഗിണി)

ചൂഴവും ജിതോർമ്മികൾ മൂതിപാശങ്ങൾ വീശി
ആഴത്തിൽ ജീവങ്ങളെയാഴ്ത്തുന്നിതെന്നും കാലം

(പറവൂർ ഗോപാലകൃഷ്ണൻ നായർ — പല്ലനയുടെ തേങ്ങൽ)

When rocks impregnable are not so stout
Nor gates of steel so strong, but time decays

(Shakespeare — Time and love)

പൂവുകളെല്ലാം പറിച്ചെടുക്കു

പിയേർ ദ് റോംസാർ (1524–1585)

PIERRE DE RONSARD

[പ്രാചീന ഫ്രഞ്ച് കവികളിൽ ഏറ്റവും പ്രമുഖനാണ് പിയേർ ദ് റോംസാർ. ഫ്രഞ്ച് ക്ലാസ്സിസിസം വളർച്ച പ്രാപിക്കുന്നതിനു മുമ്പുള്ള കാലഘട്ടത്തിലെ കവിയായിട്ടും, മൂന്നു നൂറ്റാണ്ടിനുശേഷം പിറവിയെടുക്കാനിരുന്ന റൊമാന്റിസിസത്തിന്റെ നാമ്പുകൾ അദ്ദേഹത്തിന്റെ കവിതയിൽ കാണാം.]

പൊന്നാടചാർത്തി, പ്പുലരിയിലർക്കനു
[1] തൻനുതിയർപ്പിച്ച ചെമ്പനിനീർപ്പൂ
[2] നിൻകവിൾത്തട്ടുകളേന്തുംപോലുള്ള തൻ
കുങ്കുമവർണ്ണവിലാസമോടേ,
ചാരുഞെറികളുലയാതിസ്സായാഹ്ന–
നേരത്തും നില്പിതോയെന്നറിവാൻ
ആരാമത്തിങ്കലേയ്ക്കൊന്നു വന്നാലുമെ–
ന്നാരോമലാളേ, നീയെന്നോടൊപ്പം [3]
കഷ്ടം, നീ കാണുകപ്പുഷ്പം തൻ കാന്തികൾ
നഷ്ടമായ് വീണുകിടപ്പിതല്ലോ. [4]
ചെറ്റുമേ കാരുണ്യമില്ലാ പ്രകൃതിയെ–
ച്ചിറ്റമ്മയെന്നേ വിളിച്ചുകൂട്ടൂ: [5]
രാവിലെ ബ്ഭംഗ്യാ വിരിഞ്ഞൊരിപ്പൊന്മലർ
ജീവിച്ചതന്തിവരെയ്ക്കുമാത്രം! [6]
ആകയാലോമനേ, യെന്നെ നീ നണ്ണുമെ–
ന്നാകിൽ ഞാനോതിടാമൊന്നു, കേൾക്കു:
താവകജീവിതപ്പൂവനി യൗവന–
ത്തുവസന്തത്തിൻ സമാഗമത്തിൽ
പൂവണിഞ്ഞുജ്ജ്വല നവ്യസൗഭാഗ്യത്തിൻ
പാരമ്യത്തിങ്കൽ പരിലസിക്കേ,
ആവതും വേഗത്തി, ലാമണം ചിന്തുന്ന
പൂവുകളെല്ലാം പറിച്ചെടുക്കു. [7]
അല്ലെന്നാൽ, ത്താരിതൻ കാന്തിപോൽ നിന്നഴ–
കെല്ലാമേ വാർദ്ധകം വന്നതിന്നും! [8]

MIGNONNE ALLONS VOIR SI LA ROSE...

കുറിപ്പുകൾ

[1] നുതി = സ്തുതി

[2] നിൻ കവിൾത്തുടുപ്പാർന്നൊരിപ്പൂക്കളെ
ശങ്കയെന്യേ മുകരാൻ തരിക നീ
(ബാലാമണിയമ്മ — അമ്പലത്തിലേയ്ക്ക്)

[3] വെട്ടമാം മുമ്പേ നമ്മൾ വെമ്പലോടെണീറ്റെത്തി
നട്ടു നാം വളർത്തുന്ന ചെറുതാം പൂന്തോട്ടത്തിൽ
ഇന്നലെസ്സായാഹ്നത്തിൽ കണ്ടുവച്ചൊരു പൂമൊ–
ട്ടിന്നിതൾ വിരിഞ്ഞൊരു പൂവായിട്ടുണ്ടാകുമോ?
(വൈലോപ്പിള്ളി — കൊച്ചുമുഖം)

ആവതും പ്രശാന്തമായ് ചൊല്ലിനേൻ 'തൊടിയോളം
പോയ് വരാം നമുക്ക' നീ പിന്തുടർന്നിതു മൂകം
(വൈലോപ്പിള്ളി — ഒഴിഞ്ഞ കൂട്)

തളിരിട്ടോ പിഞ്ചിളം കായിട്ടോ മുന്തിരികൾ
കുളിർമൊട്ടുകൾ ചൂടിയോ മാതളങ്ങൾ
ഇവയൊക്കെപ്പോയൊന്നു നോക്കാ, മങ്ങേയ്ക്കു ഞാ–
നവിടെവെച്ചേൻ പ്രണയ മഖിലമേകാം.
(ചങ്ങമ്പുഴ — ദിവ്യഗീതം–ഗീതം 7)

[4] ഹാ, പുഷ്പമേ, അധിക തുംഗ പദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞി കണക്കയേ നീ;
ശ്രീ ഭൂവിലസ്ഥിര, അസംശയ, മിന്നു നിന്റെ–
യാഭ്രുതിയെങ്ങു, പുനരെങ്ങു കിടപ്പിതോർത്താൽ
(ആശാൻ — വീണപൂവ്)

ക്ഷോണീധൂസരധൂളി പറ്റിയൊളിയും
മങ്ങിക്കിടക്കുന്നതി–
ന്നാണീ രമ്യകുലേ പിറന്നതു ഭവാ–
നെന്നോ നറും പുഷ്പമേ?
(വള്ളത്തോൾ — തോട്ടത്തിൽവെച്ച്)

എന്തിനോ ഞൊടിയിടകൊണ്ടു വിണ്ണഴകിന്റെ
പൊന്നളുക്കുകൾ വീണുകിടക്കുന്നു പൊടിമണ്ണിൽ
(പി. കുഞ്ഞിരാമൻ നായർ — ജീവിതം: കളിക്കോപ്പ്)

വഴിഞ്ഞ ലാവണ്യമൊടാടി നിൽക്കവേ
കൊഴിഞ്ഞുപോം ചില്ലയിൽനിന്നു താരുകൾ
(കെ. കെ. രാജാ — ബാഷ്പാഞ്ജലി)

വാരഴകിൻ മണിവാതിൽ തുറക്കമീ–
ത്താരുകൾ വാടുന്നു താനേ
(ബാലാമണിയമ്മ — വിജയമാല്യം)

പൂവേ കൺകൾ മിഴിക്ക, ദിനമഖിലം പോയ്പ്പോയി, രാവത്രയും
ക്ലോറോഫോമിൽ മയങ്ങി നിങ്ങൾ നിലനില്പാകുന്നൊരാസ്പത്രിയിൽ
രാഗാർദ്രം സവിതാവുണർത്തിയ വിഭാതത്തിന്റെ നിത്യോജ്ജ്വലാ–
കാരം കണ്ടിനി നാം പൊഴിഞ്ഞിടുകിലെ, ന്തെല്ലാടവും പ്രോജ്ജ്വലം

(പി. നാരായണക്കുറുപ്പ് — പ്രഭാതവന്ദനം)

[5] മറ്റെങ്ങുമൻപെഴുമാ പ്രകൃത്യംബ നിൻ
ചിറ്റമ്മയെപ്പോലായതെങ്ങിനെയോമലേ?

(വൈലോപ്പിള്ളി — അമ്മയും മകളും)

[6] വിടർന്ന തങ്കപ്പനിനീർ സുമത്തി–
ന്നതിങ്കൽ നിൽപെത്ര നിമേഷമുണ്ടാം

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

കാർവില്ല കാൽക്ഷണംകൊണ്ടുമായില്ലയോ
പൂവിന്നൊരു പകൽ മാത്രമത്രേ നില
രാഗമേ, നീയൊരു പൊൽപ്പനിനീരലർ
വേഗം സുഭഗദലങ്ങളുതിർന്നു പോം

(ജി. — ആ മരം)

അഞ്ചിതമായൊരച്ചെമ്പനിനീർത്താരിനൊ–
രഞ്ചാറുനാൾകൂടി നിന്നുകൂടേ?

(ചങ്ങമ്പുഴ — ബാഷ്പാഞ്ജലി)

പരിഭവമരുതെന്നി, ലൊരു വാക്ക് പറയുവാൻ
തരികെനിക്കനുമതി പനിമലരേ,
ഒരു നിശപിറക്കുവാ, നൊരു പകൽ മരിക്കുവാ–
നരുതോതാനോമലേ നിൻ വിധിവിഹിതം

(ചങ്ങമ്പുഴ — രാഗ ഗീതി)

ഒരു വാസരം മാത്രം നിന്റെ ജീവിതം, കണ്ണീർ
ചൊരിയാതിരിക്കുന്നതെങ്ങിനെ, നിർഭാഗ്യ നീ

(ചങ്ങമ്പുഴ — വാടിയ പൂ കണ്ടിട്ട്)

യൗവനം നരലോക ജീവിതാരാമത്തിങ്കൽ
ഭവ്യത ചേർക്കാനെത്തും പൂക്കാലം മനോഹരം...
ഇത്രമേൽ സമുൽകൃഷ്ടമായിട്ടും താരുണ്യം നി
മിത്രമായ് വർത്തിക്കുമ്പോഴെന്തിനീയധീരത്വം?
... ...
ദീനനായ് പാഴാക്കൊല്ലേ പുണ്യവേളയെത്തെല്ലും
മാനുഷത്വത്തിൻ മുദ്ര നിന്നിൽ ഞാൻ ദർശിച്ചാവൂ

(വെണ്ണിക്കുളം — പ്രബോധനം)

പനിനീരലരു കാൺക നീ സ്മിതമുഖം കഥിക്കുന്നതു–
ണ്ട് തിന്നു ജനിപൂണ്ടു ഞാനുലകിനേകുവാൻ സൗരഭം,
അഴിപ്പൂ മമ സഞ്ചിതൻ ചരടു സത്വരം ഞാൻ സഖേ,

നിറഞ്ഞധനമൊക്കെയിസ്സുമവനത്തിലർപ്പിക്കയാം'

(ഒമർ ഖയാം — റുബിയിയാത്ത്) (കെ. എം. പണിക്കരുടെ തർജ്ജമ)

കോമളസൂനമേ സൂനമായെന്നും നീ
യീ മന്നിൽ ജീവിച്ചിടാത്തതെന്തേ?

(എം. ആർ. നായർ — ശൈശവം)

ഒരു ഞൊടിമാത്രം നിലനില്ക്കുമാനന്ദ–
സ്മരണ ഞാൻ, പിന്നെയോ വിസ്മൃതിയും

(യൂസഫലി കേച്ചേരി — പൂവിന്റെ പാട്ട്)

The flower in ripen'd bloom unmatch'd
Must fall the earliest prey

(Byron — Elegy on Thyrza)

Fair pledges of a fruitful tree,
Why do you fall so fast?

(R. Herrick — To blossoms)

[7] പാരിലെ ജീവിതമെന്തു, ഞൊടിയിട
നേരമപ്പൂവൊരു ഞെട്ടിയിൽ നില്ക്കലാം
ചിന്തിച്ചിരിക്കാനിടയില്ല, വണ്ടുപോൽ
പൂന്തേൻ നുകരാൻ വിടുക ചിത്തത്തിനെ

(പി. കുഞ്ഞിരാമൻ നായർ — പരീക്ഷ)

അയിസഖി തവശുഭ തരുണിമ തളിരിട്ടി–
ട്ടനുപമ സുഷമകളണിഞ്ഞുനില്ക്കേ,
അവനിയിൽ ജീവിതപ്പൂവനിയിലുത്സവത്തിനു–
ള്ളവസരമാണിതയ്യോ പാഴിലാക്കൊല്ലേ

(ചങ്ങമ്പുഴ — അനുബന്ധകവിതകൾ)

ഇന്നത്തെ യീവസന്തത്തിലിന്നത്തെയിപ്പനീർ പൂക്ക–
ളൊന്നൊന്നായിട്ടിന്നുതന്നെ പറിക്കൂ നിങ്ങൾ

(ചങ്ങമ്പുഴ — മദിരോത്സവം)

വാടിടും മുമ്പുറത്തു ചൂടുകീ
വാടികയിലെപ്പൂക്കൾ മാം

(ചങ്ങമ്പുഴ — ഹേമചന്ദ്രിക)

അതിവേഗം നമുക്കിവിടെയുള്ളതാം
മലരറുക്കേണം മതിയോളം

(ഇടപ്പള്ളി — കരയല്ലേ)

ഓമനേ, വന്നാലുമീയേകാന്ത ദുർഗ്ഗാദ്ധ്വാവിൽ
നാമിരുവരും നൂനമന്യോന്യം തിരയുന്നോർ
നോക്കുക നമുക്കു തൽസ്സൗരഭമുൾക്കൊള്ളുവാൻ
പൂക്കളെപ്പോലെ നിമിഷങ്ങളിങ്ങുതിരുന്നു

(ബാലാമണിയമ്മ — വിശ്വാമിത്രൻ)

പൂവറുക്കുന്നോർ ചുറ്റും പാടുന്ന പെരുത്തെണ്ണം
കൈവരുന്നോർക്കേ ഭാഗ്യം, കൈനിറപ്പതേ പുണ്യം

(ബാലാമണിയമ്മ — ദിവസം)

ഇന്നേ തളിർത്തിന്നു വാടുമത്തോപ്പിങ്കൽ
നിന്നാശു മേലോട്ടു മേലോട്ടു പോക നാം.

(ബാലാമണിയമ്മ — വിഭ്രാന്തി)

... വിളംബരം ചെയ്വൂ: വിളംബമെന്യെയാ–
ഗളം സ്വജീവിത മധുനുകരുവിൻ,
സമയപീയുഷമൊലിക്കുന്നു തൃഷ്ണാ–
ശമം വരുത്തുവാൻ കഴിയില്ലാപിന്നെ

(ജി. — പിന്നത്തെ വസന്തം)

പ്രപഞ്ചസാഗര തീരപഥത്തിൽക്കൂടി നടക്കുമ്പോൾ
പ്രഫുല്ലമാകും മലരുകളെല്ലാമിറുത്തെടുത്താലും
താവും തൻ ഭാഗ്യത്തിനെ മാനിച്ചഹർന്നിശം നീയാ–
പ്പൂവുകൾ ചേതന തന്നിൽക്കോർക്കാൻ സമുദ്യമിച്ചാലും
അവയെ സ്വന്തം പ്രാണനിലേയ്ക്കു വലിച്ചെടുക്കുക മനമേ നീ
വലിച്ചെടുക്കുക മനമേ നീ

(ടാഗോർ — ഗീതാഞ്ജലി (ജി.))

നിറയ്ക്കു ചഷകം, വലിച്ചെറിക വിപ്രതീസാരമാം
തണുപ്പു വസനങ്ങളീസ്സുഖ വസന്തമാമഗ്നിയിൽ,
കുറച്ചു വഴിതാൻ ഗമിപ്പതിനു നൂനമിക്കാലമാം
ഖഗത്തിനു, ചലിപ്പുതൻ ചിറകിതിനു യാത്രേച്ഛയാൽ
... ...
ഗമിപ്പു തടവറ്റു ജീവിത സുരാരസം തുള്ളിയായ്,
കൊഴിപ്പിതനുവാസരം ദലഗണങ്ങളിജ്ജീവിതം
... ...
വൃഥാ കളയൊലാ നമുക്കിനിയുള്ള നാൾ ചത്തു മ–
ണ്ണടിഞ്ഞിടുവതിന്നകം ചെലവഴിക്കയാം പടി

(ഒമർ ഖയാം — റുബായിയാത്ത്) (തർജ്ജമ: കെ. എം. പണിക്കർ)

ആടലറ്റാകയാലാനന്ദ നർത്തന–
മാടു നീ, ജീവിതം ഹ്രസ്വമല്ലേ?

(യൂസഫലി കേച്ചേരി — നിർഗന്ധപുഷ്പം)

Gather ye rose–buds while ye may
Old time is still aflying;
And this same flower that smiles to–dady
Tommorrow will be dying

(Robert Herrick — Counsel to girls)

Others mistrust and say: 'But time escapes
Live now or never!'
He said: 'What is time, leave Now for dogs and apes, Man has Forever'

(Robert Browning — A grammarian's funeral)

I have loved flowers that fade
Within whose magic tents
Rich hues have marriage made
With sweet unmemoried scents:
A honey–moon delight
A joy of love at sight
That ages in an hour:
My song be like a flower

(Robert Bridges — I have loved flowers that fade)

Frail as thy love, the flowers were dead,
Ere yet the evening sun was set.

(T. L. Peacock — The grave of love)

[8] കള്ളനാം കാലമങ്ങു കടന്നു വല്ലവാറും
കൊള്ളയിട്ടു പോമല്ലോ രാഗവും താരുണ്യവും

(ആശാൻ — ശ്രീബുദ്ധചരിതം)

ഗമിപ്പൂ മധുകാലമോ സകല പുഷ്പ സമ്പത്തൊടും
സമാപ്തിയണയുന്നു യൗവന സുഗന്ധിയാം കാവ്യവും

(ഒമർ ഖയാം — റുബായിയാത്ത്) (തർജ്ജമ: കെ. എം. പണിക്കർ)

എന്നനുജത്തിയ്ക്കോർമ്മ വേണമേ, താരുണ്യത്തിൻ
പൊൻ നിറമെല്ലാം മങ്ങി വെള്ളിയായ് മാറിപ്പോകും

(എം. പി. അപ്പൻ — കിഴക്കും പടിഞ്ഞാറും)

പൂവിലെപ്പുഴവിനെ, ഹൃത്തിലെയസൂയയെ,
യൗവനം നരുമ്പിക്കും വാർദ്ധകത്തിനെപ്പറ്റി

(എൻ. വി. കൃഷ്ണവാരിയർ — വിദ്യാപതി)

ഒരുകാലത്തോമനത്തം മഴവില്ല വീശിവീശി–
ച്ചിരിച്ച പൂങ്കവിൾക്കുമ്പും വിളർത്തുപോയി
തരുണിമയുടെ പച്ച ദിവസങ്ങളൊന്നൊന്നായി–
ച്ചിറകടിച്ചടിച്ചൊക്കെപ്പറന്നുപോയി

(ചങ്ങമ്പുഴ — മദിരോത്സവം)

കാശ്മീര യൗവനം പാണ്ഡുര വാർദ്ധക്യ–
വേശ്മത്തിലെത്തും, ശ്മശാനം ചിരിച്ചിടും

(ചങ്ങമ്പുഴ — വിരാമം)

സ്ഫുടരുചിയണിച്ചെമ്പനിനീരലർ–
ത്തുടു കവിളുകൾ ചുക്കിച്ചുളിഞ്ഞിട്ടും

(ചങ്ങമ്പുഴ — ശ്മശാനത്തിൽ)

വാർദ്ധകം കടന്നേറി യൗവന പ്രാകാരത്തെ–
യാക്രമിക്കുന്നു, നിഷേധിക്കുന്നു സമസ്തവും

(കെ. മാധവിയമ്മ — വളരുന്ന മനുഷ്യൻ)

ഒക്കെയും നരക്കുമെന്നോമനേ നീയും ഞാനും
മാത്രമാണല്ലോ നിത്യ താരുണ്യം പാരിനെന്നെന്നും

(എം. എൻ. പാലൂര് — തത്വജ്ഞാനം)

On hasty wings thay youth is flown,
The sun is set, thy spring is gone

(Thomas Gray — Ode on the Spring)

പ്ലേഗ് ബാധ

ലഫൊംതേൻ (1621–1695)

LAFONTAINE

തന്മയത്വമുള്ള രണ്ടായിരത്തോളം സാരോപദേശകവിതകളിലൂടെ (Fables) ഫ്രഞ്ച് സാഹിത്യരംഗത്ത് സുപ്രതിഷ്ഠിതനാണ് ലഫൊംതേൻ. ഇന്ത്യൻ പഞ്ചതന്ത്രകഥകളുൾപ്പെടെ ലോകത്ത് പ്രചാരത്തിലുള്ള സാരോപദേശകഥകളിൽ നിന്നെല്ലാം കഥാബീജം സ്വീകരിച്ച് സ്വകീയരീതിയിൽ വികസിപ്പിച്ചും സ്വന്തമായി കഥകൾ സൃഷ്ടിച്ചും രചിക്കപ്പെട്ടവയാണ് ഈ കവിതകൾ. സർവ്വചരാചരങ്ങളും കഥാപാത്രങ്ങളായിട്ടുള്ള തന്റെ കവിതകൾ മൊത്തത്തിൽ, അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ, 'വൈവിധ്യമാർന്ന നൂറുനൂറ് അംഗങ്ങളുള്ള അതി ബൃഹത്തായ ഒരു കോമഡിയാണ്.' ഒറ്റയ്ക്കോരോ കവിതയും നാടകീയത ഉൾക്കൊള്ളുന്നതാണുതാനും. 'പ്രപഞ്ചത്തിൽ സർവ്വവും സംസാരിക്കുന്നു', ലഫൊംതേൻ പറയുകയുണ്ടായി. സാരോപദേശത്തിനു പുറമെ ശ്രദ്ധേയമായ സാമൂഹ്യവിമർശനവും ഉൾക്കൊള്ളുന്നവയാണ് കവിതകളിൽ പലതും.

പാരിലെപ്പാപങ്ങൾക്കു
ശിക്ഷയായ്, തൻരോഷത്തിൽ
പ്ലേഗെന്ന മഹാമാരി–
യീശ്വരൻ സൃഷ്ടിച്ചപോൽ.
ഭീപരത്തിട്ടും വിപ–
ത്തിതിന്നു നരകത്തി–
ന്നാൾബലം പെരുപ്പിക്കാ–
നൊറ്റനാൾ മാത്രം പോരും.
കടന്നാക്രമിച്ചത്രെ
യൊരിക്കൽ, പാർത്തട്ടിങ്ക–
ലമരും ജന്തുക്കളെ–
യിക്കൊട്ടും രോഗാരക്കൻ
ഒടുങ്ങീലെല്ലാവരു–
മെങ്കിലും കെട്ടതിതൻ
പിടിയിൽ പെടാത്തവർ
ആരുമുണ്ടായീലാ.
വ്യാധിയാൽ വലയുവോർ
ജന്തുക്കളെല്ലാവരും
ആരെയും തുണയ്ക്കുവാൻ
ആർക്കുമാവില്ലെന്നായി.
ആസ്ഥയറ്റഖിലർക്കും
തീറ്റയിൽ, ചെന്നായയും

ക്രോഷ്ടാവുമിരകളെ–
പ്പിടിക്കാനന്നാതായി. [1]
തങ്ങളിൽപ്പിരിഞ്ഞുപോയ്
നന്മണിപ്പിറാവുകൾ, [2]
പോയ്മറഞ്ഞെങ്ങോ പ്രേമം
പോയൊപ്പം സന്തോഷവും. [3]
മന്നവൻസിംഹം ജന്തു–
ലോകത്തിൻ പൊതുസഭ
തന്നിലീവ്യാധിപ്രശ്നം
ഉന്നയിച്ചരുൾ ചെയ്തു:
'ദൈവേച്ഛയാലേ വന്നു
പെട്ടതാണീ ദൗർഭാഗ്യം,
പാപകൃത്യങ്ങൾ നമ്മൾ
പലതും ചെയ്തീലയോ?
നമ്മളിലേറ്റം പാപി–
യായവൻ നിജപ്രാണൻ
നേർച്ചയായ് നൽകീടണം
ദൈവികകോപം തീർക്കാൻ.
ഇങ്ങിനെ ചെയ്താൽ രോഗ–
മുക്തിയ്ക്കു പൊതുവായി
സംഗതി വന്നീടുമെ–
ന്നെനിയ്ക്കു തോന്നുന്നതേ.
ഇത്തരം വിപൽക്കാല–
ത്തിത്തരം ജീവാർപ്പണം
നിശ്ചിതാചാരമെന്നു
ചരിത്രം പറയുന്നു.
സ്നേഹിതന്മാരേ, മേനി–
യേതുമേ നടിക്കാതെ
നാം നടത്തണമാത്മ–
ശോധന നിർദ്ദാക്ഷിണ്യം.
എൻകാര്യം പറയുകിൽ,
തീൻകൊതി ശമിപ്പിക്കാൻ
ഞാൻ മുദാവിഴുങ്ങിയോ
രാടുകളസംഖ്യമാം.
ചെയ്തുവോ വിദ്രോഹമെ–
ന്തെങ്കിലുമെനിയ്ക്കവ?
ഇല്ലെന്നു പറയുവാൻ
മടിയില്ലെനിക്കൊട്ടും.
ചിലപ്പോഴടിയനെ–
ക്കൂടിയുമകത്താക്കാൻ
ഇടവന്നിട്ടുണ്ടെനി,–
യ്ക്കുൺമയോതണമല്ലോ.
ഞാനാത്മബലി നൽകാം

വേണ്ടിവന്നാകിൽ, പക്ഷെ,
ഏവരുമിപ്പോൽപ്പാപം
ഏറ്റുരപ്പതു കാമ്യം.
നീതിശാസ്ത്രങ്ങളെല്ലാ–
മൊന്നുപോലുൽഘോഷിപ്പൂ:
കൂടുതൽ കുറ്റം ചെയ്തോൻ
തൻപ്രാണനർപ്പിക്കണം'
'അങ്ങു താനത്യുത്തമ
മന്നവൻ' സദസ്യർ ത–
ന്നാഴത്തിൻ തുടക്കമായ്
കുറുക്കനുണർത്തിച്ചാൻ:
'അങ്ങതൻ മനസ്സാക്ഷി–
ക്കത്തിനുപിന്നിൽ, പ്രഭോ,
ഉന്നതാദർശത്തിന്റെ
തിളക്കം കാണാകുന്നു.
ആടുകളന്തസ്സറ്റോർ,
മൂഢ, രപ്പരിഷയെ
ആഹരിച്ചീടുന്നതു
പാപമോ? അല്ലേയല്ലാ!
അവരെത്തീനാക്കുക
മൂലമങ്ങവർക്കേകി
പെരുതാം മാനമെന്നേ
പറയാനാവൂ, രാജൻ.
ഇടയപ്രശ്നത്തിലോ?
ഇത്രയേ പറയാവൂ:
സമസ്തദോഷങ്ങൾക്കു–
മാകരമായോനവൻ,
ജന്തുവർഗ്ഗത്തിന്മേൽത്തൻ
സങ്കല്പസാമ്രാജ്യത്തെ
സംഘടിപ്പിയ്ക്കും മർത്ത്യ–
സംഘത്തിൽ പെടുന്നവൻ'.
കൃതകൃത്യനായൂളൻ [4]
തൻപേച്ച് മുടിച്ചപ്പോൾ [5]
സ്തുതിപാഠകരന്യർ
കയ്യടിച്ചാർത്തുമേന്മേൽ.
പുലിയും കരടിയും
തൊട്ടുള്ള മഹാരഥ–
നിരതൻ കുറ്റങ്ങളോ,
ഇതിലും നിസ്സാരങ്ങൾ.
ക്ഷന്തവ്യമെന്നാകയാൽ
അവയെപ്പറ്റിഗ്ഗാഢ–
ചിന്തനം ചെയ്യാനായി–
ട്ടാരുമേ തുനിഞ്ഞീലാ.

കാവൽനായ്‌വരെയുള്ള
 കലഹകുതുകികൾ
സ്വീയമാം പാപസ്ഥിതി
 കഥിച്ചുകഴിഞ്ഞപ്പോൾ
ഏവരുമവരവർ
 തന്നുടെ പ്രസ്താവത്തിൽ
കേവലമോരോകൊച്ചു
 പുണ്യാളനായിത്തീർന്നു.
തുടർന്നു കഴുതത–
 ന്നൂഴമാ, യവൻചൊന്നു:
'സ്മരിപ്പേനൊരുനാൾ ഞാൻ
 ചെയ്തുപോയൊരു പാപം.
പാതിരിമഠത്തിന്റെ
 പുല്പറമ്പരികുടെ
പോകവേ കടിച്ചുഞാൻ
 തിന്നുപോയല്പം പുല്ല്.
പട്ടിളം തൃണവുമെൻ
 പശിയും സന്ദർഭവും
പിന്നേതോ ചെകുത്താന്റെ
 പ്രേരണയതും ചേർന്നു
ഒപ്പിച്ചതാണിക്കൃത്യം,
 ഉള്ളതു പറയുകിൽ
ഇല്ലെനിക്കവകാശ–
 മൊന്നുമേയപ്പുല്ലിന്മേൽ'.
ഇതു കേട്ടളവിങ്ക–
 ലേവരും തട്ടിക്കേറി
കഴുതതൻനേർക്കേറെ–
 ദ്ധാർമ്മികരോഷത്തോടേ.
വൈദുഷിയൊരുലേശ–
 മേലുന്ന ചെന്നായ് തന്റെ
വീറ്റുറ്റ പ്രഭാഷണാ–
 ലിങ്ങിനെ സമർത്ഥിച്ചു:
'ശപ്തനിക്കഴുതതൻ
 പ്രാണനെത്തന്നെ നമ്മൾ
തർപ്പണം ചെയ്തീടണ–
 മീശ്വരപ്രീതിക്കായി.
രോമങ്ങൾ കൊഴിഞ്ഞാകെ–
 ച്ചിരങ്ങ് പിടിച്ചൊരീ
നിസ്തേജൻ കെടുതികൾ–
 ക്കൊക്കെയുമുറവിടം'.
ഗർദ്ദഭം തൻപാതകാൽ
 സംശയമേതുമെന്യേ
വധ്യനെന്നേകകണ്ഠം

വിധിച്ച മഹൽസഭ.
തിന്നുകയപരന്റെ
പുല്ലഹോ മഹാപാപം,
നിർണ്ണയംമൃതിമാത്ര–
മിതിന്നു പരിഹാരം!
ഇപ്പാപപരിഹാര–
പ്രക്രിയക്കവിളംബം
അപ്പാവം വിധേയനായ്
വിധിയാംവണ്ണംതന്നെ.
കേമനോ താങ്കൾ? ന്യായ–
വിധി വെള്ളപൂശിടും
താങ്കളെ, പാവത്താനാ–
ണെങ്കിലോ കറുപ്പിയ്ക്കും!

LES ANIMAUX MALADES DE LA PESTE

കുറിപ്പുകൾ

[1] വാടിവലഞ്ഞു ഞരമ്പുതളർന്നിര
തേടാനുമോർക്കുന്നില്ലിക്ഖഗങ്ങൾ
വട്ടം ചുഴന്നു പറന്നു പരുന്തൊന്നു
ചുട്ടുപോം ഭൂവലെന്നാർത്തിയോടും
ചെറ്റിടവേകം നടുവിണ്ണുവിട്ടിതാ
പറ്റുന്നുണ്ടാലിതിൻ താഴ്ക്കൊമ്പിന്മേൽ
വേട്ടയേതും തുടങ്ങുന്നില്ലതിനെയും
കൂട്ടാക്കുന്നില്ലാ കുരുവിപോലും
(ആശാൻ — ചണ്ഡാലഭിക്ഷുകി)

[2] മണിപ്രാവുകളുടെ ഇണപ്രേമം പ്രസിദ്ധം.

[3] ഹന്ത തടിതളർന്നാർത്തി കലരുന്ന
ജന്തു നിസർഗ്ഗവികാരമേലാ
(ആശാൻ — ചണ്ഡാലഭിക്ഷുകി)

[4] ഊളൻ = കുറുക്കൻ

[5] പേച്ച് = പ്രസംഗം

വായ്പ

ലഫൊംതേൻ (1621–1695)

LAFONTAINE

പാട്ടോടുപാട്ടായ് ചീവീട്ട
വേനൽനാളുകൾ പോക്കിനാൻ. [1]
കുളിർകാലമണഞ്ഞപ്പോൾ
ഇല്ലൊട്ടും തീറ്റ തൻവശം.
അലയാളന്നുറുമ്പോടായ്
തന്നില്ലായ്മ പറഞ്ഞവൻ
അല്പം ധാന്യത്തിനർത്ഥിച്ചു
ക്ഷാമനാളുകൾ പിന്നിടാൻ.
'പൊലിയൊത്തതു പൂക്കിക്കാം
പുതുവേനൽക്കു', ചൊന്നവൻ
കടമാർക്കും കൊടുക്കാത്തോൻ
സ്ഥിരോൽസാഹിപിപീലിക.
ആകെക്കൂടിയവന്നുള്ള
ചെറുദോഷമിതൊന്നുതാൻ.
'ഗ്രീഷ്മത്തിലെന്തുനീ ചെയ്തു?'
ചോദിച്ചാൻ വല്പി കൗതുകാൽ. [2]
'രാപ്പകൽഭേദമില്ലാതെ
പാടിഞാനഖിലർക്കുമായ്,
മുഷിഞ്ഞിടൊല്ല'–വായ്പാർത്ഥി
ചീവീട്ടുത്തരമോതിനാൻ.
– പാടിനീ, ബഹുസന്തോഷം,
ഇനിയിപ്പൊഴുതാടു നീ!

LA CIGALE ET LA FOURMI

കുറിപ്പുകൾ

[1] കൂട്ടമായ് ചീവീടുകൾ കുളുർമണ്ണിനെ വാഴ്ത്തും
പാട്ടിനാൽ ഗൃഹാങ്കണമാകെയുത്സവം കൊൾകെ

(ബാലാമണിയമ്മ — കരിങ്കൊടി)

ഇന്നുമെങ്കിലും പാടുന്നു നീളേ
മണ്ണിൽനിന്നു മണ്ണട്ടകൾ ഞങ്ങൾ

(വൈലോപ്പിള്ളി — കടിയൊഴിക്കൽ)

[2] വല്മി = ഉറുമ്പ്

തടവറയിലെ താരുണ്യം

അന്ദ്രെ ഷെനിയെ (1762–1794)

ANDRE CHENIER

ഫ്രഞ്ച് വിപ്ലവത്തെത്തുടർന്നു നിലവിൽ വന്ന റൊബെസ്പിയേറിന്റെ (Robespierre) ഭീകരവാഴ്ചയിൽ വധിക്കപ്പെട്ട അനുഗ്രഹീത കവിയാണ് അന്ദ്രെഷെനിയെ. വിപ്ലവാനുകൂലിയായിരുന്നിട്ടും, അതിന്റെ പേരിൽ നടന്ന അക്രമങ്ങളെ പരസ്യമായാക്ഷേപിച്ചതിനാണ് അദ്ദേഹം അറസ്റ്റിലായത്. 1794 ജൂലായ് 25 ന് 'ഗില്ലട്ടിൻ' യന്ത്രത്തിൽ കഴുത്തറുക്കപ്പെട്ട് അദ്ദേഹം മരിച്ചു. തന്നോടൊപ്പം തടവിലാക്കപ്പെട്ട യുവതിയും സുന്ദരിയുമായ ദ്യുഷേസ്സ് ദ് ഫ്ളെറി (Duchesse de Fleury) യുടെ വിചാരധാരയെ സങ്കല്പിച്ച് മരണത്തിനു കുറച്ചു ദിവസം മുമ്പെഴുതിയതാണിത്. ഷെനിയെയുടെ സങ്കല്പം യാഥാർത്ഥ്യമാകുമാറ് ദ്യുഷേസ്സ് ദ് ഫ്ളെറി തടവിൽ നിന്ന് രക്ഷപെടുകയുണ്ടായി–ഷെനിയെയുടെ വധത്തിനുശേഷം രണ്ടു ദിവസത്തിനുള്ളിൽ (1794 ജൂലായ് 27) ഭീകരഭരണം തകരുകയും റൊബെസ്പിയേർ തന്നെ വധിക്കപ്പെടുകയും ചെയ്ത ചുറ്റുപാടിൽ.

കൊയ്ത്തുവാളിന്റെ ഭീഷണിയേശാതെ
മൂത്തുപോരുന്നിളംകതിർ നാൾക്കുനാൾ;
അംഗമാകവേ ഞെക്കിപ്പിഴിഞ്ഞിടും
[1] യന്ത്രഭ്രതത്തെയോർത്തു നടുങ്ങാതെ,
മുന്തിരി, യുഷസ്സേകം സുധാരസം [2]
മോന്തിടുന്നിതേ, ഗ്രീഷ്മം മുഴുവനും.
കാമ്യയൗവനസൗഭാഗ്യസിദ്ധികൾ
തൽസമാനമിയന്നിടുമീയിവൾ
ഇന്നെഴുന്ന വിനകളെന്താകിലും
ഇച്ഛയേലാ മരിക്കുവാനിപ്പൊഴേ.
കല്ലിനൊത്ത കരളെഴും നിസ്പൃഹർ
കണ്ണുനീരിന്നുറവിടം വറ്റിയോർ
പാഞ്ഞുചെല്ലട്ടെ ഭീകരമൃത്യുവെ–
യാഞ്ഞുപുല്കുവാനാവേശപൂർവകം.
അശ്രുബിന്ദുക്കൾ വീഴ്ത്തുന്നുവെങ്കിലു–
മാശവെയ്ക്കുന്നു ഭാവിയെപ്പറ്റി ഞാൻ;
അത്തലിൻ കൊടുംകാറ്റിലുലഞ്ഞു ഞാ–
നുത്തരക്ഷണം നില്പു നിവർന്നു താൻ;
തിക്തകാലമുണ്ടെങ്കിലോ, മാധുരീ–
സിക്ത കാലവുമുണ്ടതിൻ പിമ്പിലേ; [3]
ഏതുവാൻ മടുപ്പേകുന്ന പൂമധു,
ഏതുവാൻ കടൽ കോളെഴാതുള്ളതു?

വ്യർത്ഥമല്ലാത്ത സ്വപ്നമൊന്നെന്നുമെ–
ന്നുൾക്കളത്തിങ്കൽ വെച്ചുപോറ്റുന്നു ഞാൻ.
[4] ആശതൻ ചിറകേന്തുമെൻ ചുഴെയീ
ഭീഷണബന്ധമന്ദിരഭിത്തികൾ
പാഴിലാ, ണവയ്ക്കാവുകയില്ല എൻ–
ഭാവദാർഢ്യം കുറയ്ക്കുവാനല്പവും.
നിഷ്കരുണനാം വേടൻ ചതിക്കുവാൻ
തീർത്തുവെച്ചതാം ജാലത്തിൽനിന്നുമേ [5]
രക്ഷപ്രാപിച്ച രാപ്പാടി മുന്നേപ്പോൽ
സ്വച്ഛസ്വാതന്ത്ര്യസൗഖ്യം നുകരവെ
[6] കൂട്ടമാമോദചൈതന്യപൂർവമുൾ–
നാട്ടുതോറുമെ പാടിപ്പറന്നിടും. [7]
മൃത്യുവുമായകാലികവേഴ്ചയി–
ലേർപ്പെടാനിവളാളല്ലൊരിക്കലും.
നിദ്രയിങ്കലോ, ജാഗരത്തിങ്കലോ
ക്ഷുബ്ധമല്ലെന്റെ മാനസം ചിന്തയാൽ.
തെറ്റ് ചെയ്തവളല്ലഞാ, നാകയാൽ
കുറ്റബോധമില്ലെന്നെകരളുവാൻ.
പുത്തനാമുഷസ്സോരോന്നു തന്നിലും
പ്രാണനോടെന്നെകാൺകയെല്ലാരിലും
പ്രസ്ഫുരിച്ചിടുന്നാഹ്ലാദസുസ്മിതം
മൃത്യതാണ്ഡവമാടും തുറുങ്കിതിൽ. [8]
ദൂനമാമിപ്പരിസരം തന്നിലെ
മ്ലാനത മുറ്റിനില്ക്കും മിഴികളിൽ
സുപ്രതീക്ഷാഭരിതമാമെൻനില
പാവിടുന്നൊരു പുത്തനാം ചൈതന്യം. [9]
ഹന്ത, മഞ്ജീവിതോല്ലാസയാത്ര ത–
ന്നന്ത്യമെത്രയും ദൂരെയാണിപ്പൊഴും; [10]
ഈ നടക്കാവിൻ നൽത്തണൽവൃക്ഷങ്ങൾ
ഞാൻ കുറച്ചേ കടന്നതുള്ളിന്നിയും;
ഇപ്രശസ്തമാം ജീവിതസദ്യയി–
ലിപ്പോൾ വന്നതു മാത്രമേയുള്ളു ഞാൻ; [11]
പൂർണ്ണമാം നിലയ്ക്കിപ്പൊഴെൻ കൈകളിൽ
കാണുമിപ്പാനപാത്രം സതൃഷ്ണയായ്
ഞാനെടുത്തൊന്നു മോന്തുവാൻ ചുണ്ടിനു
നേരെ വെച്ചതേയുള്ളു ഞൊടിയിട. [12]
ഇപ്പൊഴും ഞാൻ വസന്തർത്തുവിങ്കലാ–
ണപ്പുറത്തുള്ള കൊയ്ത്തുമേ കാണണം.
അർക്കനെപ്പോൽ ഋതുക്കൾ പിന്നിട്ടുഞാൻ
പൂർത്തിയാക്കട്ടെ മജ്ജീവിതാബ്ദവും.
വല്ലിതന്മേലെ യുദ്യാനലക്ഷ്മിതൻ
ഫുല്ലമാമഭിമാനമെന്നോണമായ്
ഉല്ലസിയ്ക്കുന്ന ഞാനിതഃപര്യന്തം

പൊന്നുഷദ്ദീപ്തിമാത്രമേ കണ്ടുള്ളൂ,
കാന്തിയേറുന്ന സന്ധ്യതന്നാഗമാൽ
ശാന്തിപൂകട്ടെൻ ജീവിതവാസരം. [13]
ഹാ, മരണമേ, മാറുനീ, മാറുനീ
കാലമായതില്ലിന്നിയും, കാക്കുനീ. [14]
മാനഹാനിനിരാശതാഭീതികൾ
കാർന്നുതിന്നും കരൾകളെക്കാണുവാൻ
പോക, വൈകാതെ പോക നീ, ചെന്നവയ്–
ക്കേകുകാശ്വാസപീയൂഷമമ്പിലായ്. [15]
എന്നെയുംകൊണ്ടുപോകാൻ 'പലേ' സിനി [16]
ങ്ങുണ്ടനവധി ശാദ്വലമിന്നിയും,
പ്രേമദേവതയ്ക്കെന്നകം ചുംബന–
ധാരകൊണ്ടു നിറയ്ക്കണമിന്നിയും,
താളമേളങ്ങളാൽ നവദേവിമാർ [17]
ക്കോളമെന്നുള്ളിലേറ്റണമിന്നിയും.
ഹാ മരണമേ, മാറുനീ, ഞാൻവരാ,
കാലമായില്ല, കാക്കണമിന്നിയും! [18]
– ഈ വിധമെൻ വിപഞ്ചിയൊരു യുവ–
[19] ബന്ദിനിയുടെ യന്തരംഗാലാപം–
താപകോപാഭിലാഷങ്ങൾ തീവ്രമായ്
താവിടുന്നതാമാത്മ നിവേദനം–
കേട്ടുണർന്നിടുന്നെന്നും തടവിതിൽ;
കുട്ടുബിന്ദി ഞാൻ സന്തപ്തനെങ്കിലും,
വാടി വന്നിടും മജ്ജീവനാൾകൾതൻ
ജാഡ്യത വെടി, ഞാനിഷ്കളങ്കമാം
മഞ്ജുവക്ത്രത്തിൽ നിന്നുർന്ന വാക്കുകൾ–
ക്കെൻകവിതതന്നീണം പകരുന്നു!

LA JEUNE CAPTIVE

കുറിപ്പുകൾ

[1] വീഞ്ഞുണ്ടാക്കുന്ന യന്ത്രം

[2] കാല്യകാന്തി മോന്തിനില്ക്കും
കായ്ക്കനിത്തൊടികൾ തോറും
(ചങ്ങമ്പുഴ — നർത്തകി)

[3] അഴലേകിയ വേനൽപോം, മുടൻ
മഴയാം ഭൂമിയിലാണ്ടുതോറുമേ,
കൊഴിയും തരുപത്രമാകവേ
വഴിയേ പല്ലവ മാർന്നു പൂത്തിടും
(ആശാൻ — സീത)

ഏതു കുരിരുട്ടിന്നുമൊടുവിലുഷസ്സൊന്നു–

ണ്ടേതു കല്പാന്തത്തിനുമഗ്രത്തിൽ കൃതയുഗം

(ഉള്ളൂർ — മൂണാളിനി)

ഊനമെങ്ങുമണയാതിവണ്ണമിരവിന്നു പിമ്പു പകലും സദാ
വേനലിൻ പിറകിൽ വർഷവും പുനരഴൽക്കു ശേഷമൊരു സൗഖ്യവും

(വള്ളത്തോൾ — ചിത്രയോഗം)

ദുഃഖങ്ങൾ സൗഖ്യത്തിനകമ്പടിക്കാർ

(വള്ളത്തോൾ — കാറുകണ്ട കർഷകൻ)

ഉള്ളതല്ലോ പകലും വെളിച്ചവു–
മല്ലലിന്നുണ്ടു പിന്നിലാഹ്ലാദവും

(കെ. കെ. രാജാ — എങ്കിലും)

ഇരുൾപ്പരപ്പാം മറകൊണ്ടുതന്മെയ്
മറച്ചിരുന്നാണ് മരീചിമാലി
ലോകത്തെയാഹ്ലാദ വികാസിയാക്കി–
ത്തീർക്കും പ്രഭാതത്തെ രചിപ്പതല്ലോ

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

മിന്നുമുഷസ്സൊന്നു മൊട്ടിട്ടു നില്പതു–
ണ്ടിന്നെന്ന കൂരിരുട്ടിന്റെ പാഴ്ചില്ലയിൽ

(പി. കുഞ്ഞിരാമൻ നായർ — കിഴക്കും പടിഞ്ഞാറും)

ഇന്നിരിണ്ടൊരീ രാത്രി നാളേയ്ക്കു
പൊന്നുഷസ്സായിത്തീരില്ലേ?

(പി. കുഞ്ഞിരാമൻ നായർ — അനാർക്കലി)

രാവിതുമായും വീണ്ടും പുലരി തിരിച്ചെത്തും
പാഴ്മഞ്ഞിൻ പുറകിലായ് പൂക്കാലമല്ലേ ദേവി?

(സുഗതകുമാരി — ആശ)

ഇരുളാണിരുളാണെല്ലാമെങ്കിലു–
മിരുളിനുമുണ്ടു വെളിച്ചം

(അയ്യപ്പപ്പണിക്കർ — കുടുംബപുരാണം)

പറവകൾപോലും വിളിച്ചുകൂവുന്നു–
'ണ്ടിരുളിനപ്പുറം വെളിച്ചമുണ്ടല്ലോ'

(എം. എൻ. പാലൂര് — സുഗമസംഗീതം)

എല്ലാമിരുട്ടും വെളിച്ചവും ചേർന്നതാ–
ണില്ലാ തനിച്ചൊന്നഖിലവും സങ്കരം

(ചങ്ങമ്പുഴ — തമസ്സിൽ)

അല്ലെങ്കിലും സഖീ വല്ലകാലത്തുമാ–
നല്ലകാലം മർത്ത്യനില്ലാതിരിക്കുമോ?

(ചങ്ങമ്പുഴ — മൗനഗാനം)

ഉണ്ടാകും വല്ലപ്പോഴും മഴവില്ലുകളെങ്കിൽ

കൊണ്ടലാലലം നീലവിണ്ടലമിരുണ്ടോട്ടെ

(ചങ്ങമ്പുഴ — കൃതാർത്ഥൻ ഞാൻ)

ശീതോഗ്ര വാതമേ, വർഷമണഞ്ഞെത്ര
വേതാളതാണ്ഡവമാടിയാലും
ഒട്ടേറെ ദൂരെപ്പുറകിലായീടുമോ
മൊട്ടിടും മുഗ്ദ്ധവസന്തമാസം

(ചങ്ങമ്പുഴ — ചിതറിയചിന്തകൾ)

കട്ടിക്കൂടും കൂരിരുട്ടിന്റെ പിന്നിലേ
മൊട്ടിടും മുഗ്ദ്ധമാം സുപ്രഭാതം

(ചങ്ങമ്പുഴ — പാടുന്ന പിശാച്)

Behind the steps that Misery treads
Approaching Comfort view,
The hues of bliss more brightly glow
Chastised by sabler tints of woe

(Thomas Gray — Ode on the pleasure arising from vicissitude)

[4] മരണം ഭരിക്കുന്ന മന്ദിരത്തിലുമാശാ–
കിരണങ്ങളെച്ചുംബിച്ചമരും ഭ്രാതാക്കളേ

(വൈലോപ്പിള്ളി — കവിയും കുഷ്ഠരോഗിയും)

കൂരിരുൾമെല്ലെ വിഴുങ്ങുമക്കല്ലറ–
ക്കൂട്ടിന്നഴികളെക്കൊത്തിമുറിച്ചുടൻ
ഇത്തിരിനേരം പറന്നു കളിപ്പിതാ–
ച്ചിത്തം ചിറകു വിരുത്തി വിൺവീഥിയിൽ

(പി. കുഞ്ഞിരാമൻ നായർ — കാരാഗൃഹത്തിൽ)

Stone walls do not a prison make,
Nor iron bars a cage;
Minds innocent and quiet take
That for an hermitage

(Colonel Lovelace — To Althea from prison)

[5] ജാലം = വല

[6] Sweet is pleasure after pain

(Dryden — Alexander's Feast or Power of Music)

[7] ഞാനിതുവരെ പാടിപ്പറന്നു
ഗാനസൗന്ദര്യസാരം പകർന്നു

(ചങ്ങമ്പുഴ — രാഗപരാഗം)

പാടിക്കൊണ്ടപ്പൊഴും പാറിപ്പറക്കുന്നു
പാറിക്കൊണ്ടെപ്പൊഴും പാടിടുന്നു

(വൈലോപ്പിള്ളി — വാനമ്പാടി)

(Shelley — Ode to a skylark)

നാട്ടുകൾ തോറും നടന്നാടുന്നു പാടുന്നു നീ
നാടില്ല, കൂടിയില്ല, നിൻധനം സുസ്വാതന്ത്ര്യം

(കെ. മാധവിയമ്മ — കാട്ടിലെ കിളി)

വാർദ്ധകത്തിന്റെ ത്തുവെള്ളിക്കൂട്ടം
വാർത്തു, നീ വിധേ, കാത്തിരിക്കായ്ക:
കിട്ടുകില്ലീ വിഹംഗമാജന്മം
സൃഷ്ടിഗാനം പറന്നുതാൻ പാടിടും

(യൂസഫലി കേച്ചേരി — നിത്യചക്രം)

And I was filled with such delight
As prisoned birds must find in freedom
Winging wildly across the white
Orchards and dark-green fields; on, on; and out of sight

(Siegfried Sassoon — Every one sang)

[8] തലേന്നു വധിക്കപ്പെട്ടവരിൽ താൻ പെട്ടിട്ടില്ലെന്നു കണ്ടു മറ്റു തടവുകാർക്കുള്ള സന്തോഷം (നിത്യേന നൂറുകണക്കിൽ തടവുകാരെ തലയറുത്തു കൊന്നിരുന്നു).

[9] രാത്രിയുടെ നിലവറയാണീ മുറി,
ഉറങ്കിലും പ്രതീക്ഷിക്കുന്ന ഹൃദയംപോലെ
അവസാനത്തെ ചോരത്തുള്ളിയും
ഊറ്റിയെരിയുന്ന വിളക്ക്

(ബാലചന്ദ്രൻ ചുള്ളിക്കാട് — ഒരു ദിനാന്ത്യക്കുറിപ്പ്)

[10] ഇനിയുമെത്രയോ വഴിനടക്കണ–
മെനിക്കിരുളായിക്കഴിവതിൻ മുമ്പേ.

(എം. ആർ. നായർ — ഹാസ്യാഞ്ജലി)

[11] ഭാവി ഭദ്രമായ് കൊട്ടിയടച്ചു ഞാൻ
ജീവിതസ്സദ്യയുണ്ണാനിരിക്കവേ
വാ നിറയെ വെളുക്കച്ചിരിയുമായ്
വാതിൽ മുട്ടി വിളിക്കുവതാരിവൻ?

(കെ. മാധവിയമ്മ — വാർദ്ധകം)

[12] സ്മയമോടു മദന്തികത്തിൽ നിർ–
ദ്ദയമെത്തീടുവതെന്തിനെൻ മൃതേ
പ്രിയപാത്രമിതങ്ങുടയ്ക്കമോ
ഭയനിഷ്പന്ദിതമെന്റെ ലോചനം

(കെ. കെ. രാജാ — മദ്യപാനം)

[13] My times be in thy hand,
Perfect the cup as planned.

Let age approve of youth and death complete the same
(Robert Browning — Rabbi Ben Ezra)

[14] മരണമേ തവ ശൂന്യ തമസ്സിനെ–
ശ്ശരണമാക്കുവതെങ്ങിനെയാണഹോ,
കിരണമാലിയൊഴുക്കിയ തങ്കനീർ
തിരളുമീയുലകത്തെ വെടിഞ്ഞു ഞാൻ?
ഇല്ല ഞാൻ, മരണ, നിൻ വഴിയ്ക്കു പോ–
രില്ലനിന്നനുജ നിദ്ര ചൊൽകയാൽ
നല്ലവണ്ണമറിവുള്ളതാണെനി–
ക്കല്ലടഞ്ഞ തവ നാട്ടിലെ സ്ഥിതി
(വള്ളത്തോൾ — നരകണ്ടിട്ട്)

നിസ്തുപം ഭീരുവെപ്പോലാത്മഹത്യയാൽ
നിശ്ചയം, തോഴീ, വിമുക്തയാകില്ല ഞാൻ
(ചങ്ങമ്പുഴ — തപ്തപ്രതിജ്ഞ)

ഒരു കപട ഭിക്ഷുവായ് ഒടുവിലെൻ ജീവനേയും
ഒരു നാൾ കവർന്നു പറന്നു പോകുവാൻ
നിഴലായ്, നിദ്രയായ് പിന്തുടർന്നെത്തുന്ന
മരണമേ, നീ മാറി നില്ക്കൂ
(ഒ. എൻ. വി. കുറുപ്പ് — പാഥേയം)

ഉറക്കമാകാൻ സമയമാ–
യീലരങ്ങൊഴിവതിൻ മു–
മ്പെനിക്കിനിയുമഭിനയിക്കാ–
നുണ്ടു ലോക നാടകം
(കരൂർ ശശി — മനസ്സിൽ മണിമുഴക്കം)

[15] നേരാമായതു ഹാ ശുഭേ ഭയദമാം വൻതോക്കതൻ വായിലാ–
വീരാഖ്യയ്ക്കു കൊതിയ്ക്കുമെത്ര തരുണർക്കാശ്വാസമേകുന്നു നീ.
ആരായുന്നിതു രാഗപുഷ്പസൃതിമേൽ മുള്ളേറ്റ നോവാറ്റുവാൻ
താരാർമേനികൾ തന്നെ ശീതതരമാം നിന്നംഗസംഗാമൃതേ.
(ആശാൻ — പ്രരോദനം)

[16] പലേസ്–Pales = ഇടയന്മാരുടേയും ആട്ടിൻ കൂട്ടങ്ങളുടേയും ദേവത.

[17] സംഗീതസാഹിത്യാദി കലകളുടെ ഒൻപതു അധിഷ്ഠാന ദേവതമാർ (Muses).

[18] മരണം!–മരണമോ? മരണം പോലും–കഷ്ടം
മനമേ മതിയാക്കു നിന്റെ ജൽപനമെല്ലാം.
ജീവിതം വെറും സ്വപ്നമാണെങ്കിലായിക്കോട്ടേ
ഭുവിലാസ്വപ്നം കാണലാണെന്നാലെനിക്കിഷ്ടം.
മരണം തരുന്നൊരപ്പുഞ്ചിരിക്കായിട്ടു ഞാൻ
വെറുതെ കളയല്ലിജ്ജീവിതബാഷ്പംതെല്ലും
(ചങ്ങമ്പുഴ — മൗനഗാനം)

പോരാട്ടുന്നതു തീരാതെങ്ങിനെ
പോരാൻ ഞാനിനി നീ വിളിച്ചാലും

(ചങ്ങമ്പുഴ — സ്പന്ദിക്കുന്ന അസ്ഥിമാടം)

മരിക്കില്ല ഞാൻ, മരിക്കയുമില്ലെന്നിലെ
മനുഷ്യൻ മേന്മേൽ ഭാവനിർഭരം വളരാവൂ

(വൈലോപ്പിള്ളി — കിളിയും മനുഷ്യനും)

ആരാണെന്നെ വിളിയ്ക്കുന്നു
അക്കരെനിന്നും വിളിയ്ക്കുന്നു.
ആരായാലും ഞാനില്ല
അന്തികറുത്തു കഴിഞ്ഞില്ല
ഇക്കരെയെന്തഴകാണ്
ഇക്കരെ വിട്ടുവാൻ മടിയാണ്

(പുലാക്കാട്ട് രവീന്ദ്രൻ — അക്കരെനിന്ന്)

എയ്തു തീരാത്തൊരാവനാഴി നീ
പെയ്തുതീരാത്ത കൊണ്ടൽ നീ

(യൂസഫലി കേച്ചേരി — വയലാർ)

For there is goodness yet to hear
and fine things to be seen
Beofre we go to paradise
by way of Kensel Green

(G. K. Chesterton — Before the Roman came to Rye)

Tarry a while, o Death, I cannot die
With all my blossoming hopes unharvested,
My joys ungarnered, all my songs unsung.
And all my tears unshed

(Sarojini Naidu — The poet to Death)

“O my God, I say, take me not hence
in the midst of my days,
Thou whose years endure
throughout all generations”

(Bible — Psalms: 102)

[19] ബന്ദിനി = തടവുകാരി

ഇല കൊഴിച്ചൽ

മിൽവ്വാ (1782–1816)

MILLEVOYE

യൗവനത്തിൽ മരണമടഞ്ഞ മിൽവ്വാ ചെറുപ്പന്നേ പേരെടുത്ത കവിയാണ്.

കൊഴിയുന്ന പത്രനിരകളാലേ
ശിശിരമിപ്പാരിനെ മൂടുകയായ്; [1]
കമനീയകാന്തിയിൽ മുങ്ങിനിന്ന
തരുവാടി പാടേ വിളർത്തുപോയി;
അരിയരാപ്പാടികളാലപിയ്ക്കു–
മഭിരാമഗാനം നിലച്ചുപോയി.
തനതാദ്യകാലസഖിത്വമാളും
വനികയിലന്ത്യമായൊന്നുകൂടി
അതിദീനഭാവനായ് സാവധാനം
യുവരോഗിയേകനണഞ്ഞിടുന്നു.
മഹിതമാം ജീവിതവാസരത്തിൻ
കനകപ്രഭാതത്തിൽത്തന്നെ നില്ക്കേ
ഉലകിനെ വിട്ടു പിരഞ്ഞുപോകാൻ
തുനിയുമപ്പാവം പറകയായി:
വിടയെനിക്കേകു, ഞാൻ മൃത്യുരാജ്യ–
മുടനെതാൻ പൂകുവാൻ പോകയാണേ.
പ്രിയവനി, താവക 'ദീക്ഷ'യെന്റെ [2]
ദുരദൃഷ്ടത്തിന്നൊരു സൂചകം താൻ.
പൊഴിയുമിപ്പത്രമോരോന്നുമെന്റെ
മരണസന്ദേശം വഹിക്കയല്ലീ? [3]
'തരുനിരപത്രം പൊഴിപ്പതു നീ–
യിനിയും കണ്ടീടുമൊരിക്കൽ മാത്രം',
ഒരു വൈദ്യദേവപ്രവാചകന്റെ–
യരുളപ്പാടിപ്പോഴനുസ്മരിപ്പേൻ. [4]
വിളറിന ശീതദിനത്തിനേക്കാൾ
വിളറി പ്പരേതഭ്ര പൂകയാം ഞാൻ
വളരുമിപ്പുല്ക്കളും മുന്തിരിത്തൈ
നികരവും മായുന്നതിന്നുമുമ്പേ [5]
ഹതഭാഗ്യനായൊരെൻ യൗവനപ്പൂ–
ലതിക ഹാ, വാടിക്കരിഞ്ഞുപോയി.

മൃതിദൗത്യമേന്തിവരുന്ന തെക്കൻ
പവമാനനെന്നെത്തലോടിടുന്നു.
വിഫലമെൻ ജീവിതപുഷ്പകാലം
നിഴലെന്ന പോലെ മറഞ്ഞിടുന്നു.
ക്ഷണികപത്രങ്ങളേ, വീഴ്ക, വീഴ്ക
വഴിയിതു മൂടുക മെല്ലമേലേ:
ഇവിടെ ഞാൻ നാളെക്കിടന്നിടേണ്ടും
കുഴിയിടമെന്നമ്മ കണ്ടിടേണ്ടാ! [6]
വിധുരത തങ്ങിനില്ക്കുന്നതാമീ
വിജനസ്ഥലിയിങ്കൽ, പക്ഷെ, യെന്റെ
ഹൃദയാധിനാഥയാമോമലേറ്റം
വ്യഥിതയായശ്രു വാർത്താഗമിക്കിൽ
മൃദുശബ്ദമൊന്നിനാലാശ്വസിക്കാ–
നുഴറുമീയെന്നെയുണർത്തിടേണം!
അവനേവമോതിയകന്നു, പിന്നെ–
ത്തിരികെയായെന്നുമേ വന്നതില്ല.
ഒടുവിൽപതിച്ചതാം പത്രകമ–
ഗ്ഗതഭാഗ്യൻതന്നന്ത്യനാൾ കുറിച്ചു.
ഉപവനം തന്നിലെ 'ഷേൻ' മരത്തിൻ [6]
തണലിങ്കൽ തൻകുഴി തീർത്തു ലോകം. [7]
അതിനുമേൽ നാട്ടിന കൽക്കുരിശി–
ന്നരികിൽ വന്നില്ല തൽപ്രേമപാത്രം.
അതിലൂടെ മന്ദം നടന്നുപോകു–
മിടയന്റെ കാലടിയൊച്ചമാത്രം
അനുദിനം ഭേദനം ചെയ്തിടുന്നു–
ണ്ടവിടത്തിൽ മുറ്റിന മൂകതയെ.

LA CHUTE DES FEUILLES AESCULAPIUS

കുറിപ്പുകൾ

[1] ഇല പൊഴിയുന്ന കാലമായിപ്പോൾ
ഇനി മരണത്തിലേക്കെത്ര കാതം?

(സച്ചിദാനന്ദൻ – വടക്കൻപാട്ട്)

ജാലകമടച്ച നീ സ്വർഗ്ഗചന്ദ്രികയുടെ
യേകരശ്മിയുമൂതിക്കെടുത്തി മറഞ്ഞല്ലോ
പഥതാരവും മേഘഗ്രസ്ഥമായ്
മൃതിയുടെ തിമിരഗൃഹത്തിലേക്കെത്രയുണ്ടിനി ദൂരം?

(ബാലചന്ദ്രൻ ചുള്ളിക്കാട് – ഗസൽ)

[2] ദീക്ഷ: ദുഃഖാചരണം (തളിരും താരുമറ്റ ഉപവനത്തിന്റെ അവസ്ഥ).

[3] മേൽക്കുമേൽ പുകഞ്ഞടങ്ങുന്ന നൽത്തിരികളിൽ
മൃത്യുവിൻ നിരക്ഷര സന്ദേശം പരക്കുന്നു

ഓരോരോ സന്ദേശം പരക്കുന്നു
(നളിനകുമാരി — വേർപാടിൽ)

ഓരോരോ സന്ദേശമേകുന്നതുണ്ടെനി–
ക്കോരോ ലതയിലെ പൂങ്കുലയും
(ചങ്ങമ്പുഴ — ബാഷ്പാഞ്ജലി)

[4] ഗ്രീക്കുപുരാണത്തിലെ വൈദ്യശാസ്ത്രദേവന്റെ ക്ഷേത്രത്തിലെ പൂജാരിയുടെ പ്രവചനാത്മകമായ അരുളപ്പാട്.

[5] അവസാനമായ് മൂതിവന്നു യാത്രയും ചൊല്ലി–
യരികിൽനിന്നും പിരിഞ്ഞകലെപ്പോകുന്നേര–
ത്തുലകത്തിലെ പുതുപ്പുല്ലു നാമ്പുകളിനി–
വളരുംമുമ്പേ തിന്നാനേതൊരു പശുവെന്നു
കരുതിത്താനോ മുത്തിപ്പശുവങ്ങിനെനിന്നു
കിടുങ്ങി, പ്പിന്നെപ്പൊട്ടിച്ചിരിയായ് വിതുമ്പിപ്പോയ്.
(അയ്യപ്പപ്പണിക്കർ — പശു)

All must be left when Death appears
In spite of wishes, groans, and tears;
Nore one of all thy plants that grow
But Rosemary will thee go
(G. Sewell — The dying man in his garden)

[6] Lay me o where
Sad true lover never find my grave
To weep there
(Shakespeare — Dirge of love)

ഷേൻ (Chene) ഒരു യൂറോപ്യൻ വൃക്ഷം (ഇംഗ്ലീഷിൽ Oak).

[7] അകലെയൊരു മരച്ചുവട്ടി–
ലവനണഞ്ഞു മണലടിഞ്ഞു
(ചങ്ങമ്പുഴ — സ്പന്ദിക്കുന്ന അസ്ഥിമാടം)

പരിത്യക്ത

മദാം ദെബോർദ് വൽമോർ (1786–1859)

MADAME DESBORDES VALMORE

ഇളം പ്രായത്തിലേ നടിയായിരുന്ന മദാം ദെബോർദ് വൽമോർ നാടകവേദിവിട്ടു കാവ്യവേദിയിൽ പ്രവേശിച്ചു സ്വന്തമായൊരു സ്ഥാനം നേടിയെടുത്ത പ്രതിഭാശാലിനിയാണ്. അവരുടെ കവിതയോട് തനിക്കുള്ള കടപ്പാട് വെർലേൻ (VERLAINE) വളിപ്പെടുത്തിയിട്ടുണ്ട്.

നല്കി ഞാൻ നിനക്കെന്‍ ഹൃദയം, നീ
നല്കി നിന്റേതെനിക്കുമായ്; [1]
ഈ ഹൃദയവിനിമയത്തിൽ നാം
നേടിയദ്വൈതനിർവൃതി. [2]
ഹാ, തിരിച്ചു നീ വാങ്ങി നിൻകരൾ,
ഇല്ലെനിക്കൊന്നുമെന്നായി;
ഹാ, തിരിച്ചു നീ വാങ്ങി നിൻകരൾ,
നഷ്ടമായെനിക്കെന്റേതും. [3]
വന്നില, പൂവു, കായ്പ്പോലു, മെത്ര [4]
സുന്ദരമായിരുന്നതു;
അത്തളിരുമത്താരുമായതിൻ
വാർമണവും വർണ്ണാഭയും!
ആയതിനെ നീ ചെയ്തതെന്തൊന്നാം
മാമകപ്രാണനായകാ?
മാൺപിയന്നൊരാപ്പുണ്യപ്പൂൺപിനെ–
യെന്തു ചെയ്തെന്തു ചെയ്തു നീ? [5]
അമ്മ കൈവിട്ടു രക്ഷയറ്റൊരു
പാവം കുഞ്ഞിനു തുല്യയായ് [6]
ഇങ്ങുതള്ളി നീയെന്നെ വാഴ്വിന്റെ
കണ്ണുനീരു കുടിക്കുവാൻ,
ഇങ്ങുതള്ളിവിട്ടെന്നെ ദൈവത്തിൻ
കണ്ണിൻ മുമ്പാകെത്തന്നെ നീ.
നീയറിയുമോ പൂരുഷനൊരു
നാളുലകിതിലേകനാം;
വെമ്പും കൈവിട്ട പ്രേമസൗഭഗം
വീണ്ടുകൊള്ളുവാനന്നവൻ.
നീ വിളിച്ചിടും, പക്ഷെ നിൻ വിളി–
ക്കാരുമുത്തരമേകില്ല;

നീ വിളിച്ചിട്ട, മപ്പൊഴുതിലാം
നീ വിചിന്തനം ചെയ്‌വതു.
ചിന്തയിൽ മഗ്നനായി വന്നു നീ–
യെന്റെ വാതിലിൽ മുട്ടിടും; [7]
വന്നണയും നീ ചിന്തയിലാണ്ടു
മുന്നെപ്പോൽ ഹൃദയാലുവായ്.
[8] 'ആരുമില്ലവളന്തരിച്ച്'വെ–
ന്നാരാനും നിന്നോടോതിടും;
ഓതുമാരാനു, മെന്നാലാർ സഹ–
താപാശ്രു നിണയ്ക്കായുകും? [9]

QU'EN AVEZ-VOUS FAIT

കുറിപ്പുകൾ

[1] സദന നികടവർത്തിയുണ്ടൊരാൾ
ഹൃദയമന്നവൾ നല്കിമുന്നമേ
… … … … …
വരുവേൻ പ്രിയ കേണിടായ്കയെൻ
കരൾ നിങ്കയ്യിൽ, വപുസ്സമെത്തുവാൻ
(ആശാൻ — ലീല)

ചെല്ലമായ്ത്താൻ വളർത്തും മാൻകിടാവെയെ–
ന്നല്ലവൾക്കായ്ത്തൻ ഹൃദയവുമേകിനാൻ
(ആശാൻ — ശ്രീബുദ്ധചരിതം)

ഒന്നുള്ളതേകനടിയറവെച്ചുപോ–
യന്യനു നല്കാൻ ഹൃദയമില്ലെൻവശം
(പി. കുഞ്ഞിരാമൻ നായർ — പരീക്ഷ)

തൈമണിക്കാറ്റു മുല്ലയോടോതി:
നിന്മനമാർക്കു നല്കും നീ?
(പി. കുഞ്ഞിരാമൻ നായർ — നീ വരില്ല)

വരണമാല്യത്തോടൊപ്പം പരസ്പരം
കരളുകൈമാറി നില്ക്കുന്ന നിങ്ങളെ
(ചങ്ങമ്പുഴ — സൗഹൃദമുദ്ര)

ദമ്പതിമാരേ, പരസ്പരം മാനസ–
ച്ചമ്പനീർപ്പൂമാല മാറിയേവം
(ചങ്ങമ്പുഴ — ഒരു വിവാഹ മംഗളാശംസ)

എടുക്കു സഖി നിന്റെ പൂങ്കര, ളിതായെന്റെ
ചെങ്കര, ളവ പ്രേമപ്പിത്തളനൂലിൽ കോർക്കാം
(കടമ്മനിട്ട — പ്രണയഗീതം)

My true love hath my heart and I have his

(Sir Sidney — A ditty)

And wilt thou leave me thus
That hath given thee my heart

(Sir T. Wyat — The lover's appeal)

[2] ഒന്നായി ജായാവരർ നിങ്ങൾ

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

ഒത്തുചേർന്നാനന്ദവും ദുഃഖവും പ്രാപിച്ചുകൊ–
ണ്ടദ്വൈതഗീതംപാടിയാടുന്ന രണ്ടാത്മാക്കൾ

(വൈലോപ്പിള്ളി — വിരഹത്തിൽ)

അറിയാ, തടുത്തുനാ, മുടൻ
ഇരുമെയ്യുളിലൊരു കരൾ തുള്ളി
അതിൽ നീറി നെയ്ത്തിരി മാതിരി
ഒരു നോ, വൊരു ലഹരി, യൊരുറ്റം

(എൻ. വി. കൃഷ്ണവാരിയർ — പുഴയൊലിവിൽ പോളകൾപോലെ)

കൈകൾ കോർത്തും കരളുകൾ ചേർത്തും
മെയ്യുളിലൊരേ ചേതന വീർത്തും

(എൻ. വി. കൃഷ്ണവാരിയർ — സാവിത്രി)

നിന്നെയെന്നിലുമെന്നെനിന്നിലു–
മൊന്നുപോൽ ചേർന്നു കണ്ടു ഞാൻ

(ചങ്ങമ്പുഴ — വെളിച്ചത്തിന്റെ മുമ്പിൽ)

രണ്ടല്ല നീയും ഞാനുമൊന്നായിക്കഴിഞ്ഞല്ലൊ
വിണ്ടലം നമുക്കിനി വേറെവേണോ?

(ചങ്ങമ്പുഴ — ആത്മരഹസ്യം)

പരിപൂതപ്രേമത്താലാത്മാവൊന്നായ്
പ്പരിപൂർണ്ണത്വത്തിൽ മുഖം കാണുമ്പോൾ

(പി. കുഞ്ഞിരാമൻ നായർ — പ്രേമപൗർണ്ണമി)

ഒന്നാക്കിത്തീർത്തിതവരെ–
ക്കാട്ടിലേകാന്ത ജീവിതം

(പി. കുഞ്ഞിരാമൻ നായർ — ശ്രീരാമചരിതം)

താളലയത്തിൽ ചുവടുകൾ വെയ്ക്കേ
നീലിമയാർന്ന നികുഞ്ജത്തിൽ
പ്രണവപ്പൊരുളിലലി, ഞ്ഞാശബ്ദ–
പ്രതിരവധാരകളിണ ചേർന്നു;
അദ്വൈതപ്പൊരുളായി നമ്മുടെ
അനുരാഗത്തിൻ പ്രതിഭാസം

(മംഗലാട്ട് സുകുമാരൻ — നഗരാഞ്ജലി)

ഈ മിഴി ചെന്നാമിഴിയിലെത്തി
ജീവിതമുത്സവമേളയായി
ഉൾക്കളമാകെ വസന്തമായി
ദിക്കുകളെല്ലാം നിലാവുമായി

(ഒ. വി. ഉഷ — കല്യാണം)

'ഓമനേ, രണ്ടല്ല നമ്മൾ', എന്നാൽ
നോവില്ല നോവിലുമെന്റെ ചിത്തം

(ഒളപ്പമണ്ണ — കുതിർന്ന കണ്ണുകൾ)

അന്യോന്യ പ്രണയത്തിനാൽ കരളിന്നൈക്യം ലഭിച്ചുള്ളൊര–
ത്തന്വീപൂരുഷഹൃൽച്ചമൽക്കൃതി സുധാസാരാഭി വർഷായിതം.

(കെ. എം. പണിക്കർ — ചാടൂക്തി മുക്താവലി)

രണ്ടു പുഞ്ചിരികൾ, രണ്ടൂഷ്മളവികാരങ്ങൾ
രണ്ടെന്ന ഭാവം വിട്ടിട്ടൊന്നായിബ്ഭവിക്കുമ്പോൾ

(നാലാങ്കൽ — സമാഗമം)

ഒന്നായും സൗഖ്യദുഃഖങ്ങളിലനുഗുണമായേതു കാലത്തുമുൾപ്പൂ–
വിന്നുള്ളാശ്വാസമായും പുനരപി ജരയാൽ ഭേദിയാതുള്ളതായും

(ഭവഭൂതി — ഉത്തരരാമചരിതം)

(ചാത്തുക്കുട്ടി മന്നാടിയാരുടെ തർജ്ജമ)

ഞാനാണല്ലോ നീ, നീയാണല്ലോ ഞാൻ
നാമാണല്ലോ നന്മ നിറഞ്ഞ പരിപൂർണ്ണത

(കടമ്മനിട്ട — പുരുഷസൂക്തം)

So fold thyself my dearest, thou, and slip
Into my bosom and be lost in me

(Tennyson — Now sleeps the crimson petal, now the white)

In my heart I made him room:
O love my Willie!

(Jean Ingelow — Playing on the Virginals)

Two bodies with one heart and spirit,
Two tapers with one celestial flame,
Two drops of the same essence joined together into one
O, that is what we are Leila

(Prof. Seshagiri Rao Naidu — Leila-Majnu)

[3] എങ്കിലുമകന്നു നീ, നിനയ്ക്കു ഞാനില്ലാതായ്

(എൻ. വി. കൃഷ്ണവാരിയർ — കള്ളദൈവങ്ങൾ)

[4] പാലയ്ക്കില വന്നു, പൂവന്നു, കായ്‌വന്നു

(അജ്ഞാതനാമാവ് — നാടൻപാട്ട്)

[5] കല്ലോലക്കൈകളിൽത്താലോലമാട്ടിയെൻ
ചെല്ലത്തെ, ചൊൽകനി, യെന്തു ചെയ്തു
(ചങ്ങമ്പുഴ — ആറ്റുവക്കിൽ)

[6] അമ്മയില്ലാത്ത കുഞ്ഞിന്റെ
അകം നീറ്റുന്ന നോവിലും
(വിഷ്ണുനാരായണൻ നമ്പൂതിരി — അന്ത്യയാത്ര)

ജനയിത്രി വെടിഞ്ഞ പൈതൽപോലെൻ
മനമേ, നീയഴലേതു മേന്തിടാതെ
(ബാലാമണിയമ്മ — അമൃതധാര)

ജനനി കൈവിട്ടുപോയ്പ്പോയുഴയുന്ന
തനയർതൻചുടുനിശ്വാസ വീചികൾ
(അയ്യപ്പപ്പണിക്കർ — നയിനി തടാകത്തിൽ)

[7] മുട്ടി വിളിക്കുന്നു പിന്നെയും വന്നവൻ
കൊട്ടിയടച്ച നിൻവാതിലിന്മേൽ
ഭീകരരാത്രിയാണെങ്ങുമിരുട്ടുമാ–
ണേകാകിയാണവനെന്തു ചെയ്യും?
(ചങ്ങമ്പുഴ — ഗായകൻ)

മുട്ടുകയാണെന്നു, മെന്റെ ചിത്തം
കൊട്ടിയടച്ചോരാ വിതിലിങ്കൽ
(ഇടപ്പള്ളി — ഭിക്ഷു)

ഒരിക്കലും ലയംവരാത്ത നിഷ്കളങ്ക രാഗമാ–
ണിരിപ്പതെന്റെ ഹൃത്തിലെന്നറിഞ്ഞു കൊൾക സത്യമായ്
ഒരിക്കൽ നീയിതൊക്കെയെണ്ണിയെണ്ണിയോർത്തു കേണിടും,
ധരിക്ക ഞാൻ ശപിക്കയല്ലനുഗ്രഹിക്ക തന്നെയാം
(മേരി ജോൺ തോട്ടം — പ്രഭാവതി)

മതി, മതി, യെൻ പൂതലിച്ച കതകിൽ മുട്ടിടൊല്ലേ
(വൈലോപ്പിള്ളി — ഒരുവൾ)

I loved a love once, fairest among women:
Closed are her doors on me, I must not see her-
All, all are gone, the old familiar faces
(Charles Lamb — The old familiar faces)

[8] എരിഞ്ഞുചാമ്പലായൊരെന്റെ ചിത്തമിന്നു കാഴ്ചയായ്
തരുന്നു, നിൻ പദങ്ങളിൽ നമസ്കരിച്ചിടുന്നു ഞാൻ
(മേരി ജോൺ തോട്ടം — പ്രഭാവതി)

[9] മരിക്കിലിവനെ സ്മരിച്ചു കരയാനൊരുത്തനില്ലല്ലോ
(ചങ്ങമ്പുഴ — കാമുകന്റെ സ്വപ്നങ്ങൾ)

എന്നെയോർത്തു കേഴാനൊന്നീ

മന്നിലില്ലെനിക്കൊരാളും

(ചങ്ങമ്പുഴ — നർത്തകി)

കാറ്റിൽ പറന്ന പൂക്കൾ

മദാം ദെബോർദ് വൽമോർ (1786–1859)

MADAME DESBORDES VALMORE

ഇന്നുഷസ്സിൽ നിനക്കുപഹാരമായ്
ചെമ്പനിനീർപ്പൂക്കൾ നല്കാൻ കൊതിച്ചു ഞാൻ;
നല്ലിറുക്കമുള്ളെന്നരപ്പട്ടയിൽ
ഞാൻ പറിച്ചു നിറച്ചേറെപ്പൂവുകൾ;
പൂക്കൾ തിങ്ങി നിറഞ്ഞതു കാരണം
പട്ടതൻ തന്തുബന്ധങ്ങളറ്റുപോയ്;
ബന്ധമോചനം നേടിയ ചെമ്മലർ–
വൃന്ദമാകവേ കാറ്റിൽ പറന്നുപോയ്;
ഇങ്ങിനിവരാവണ്ണം മലരുകൾ
ചെന്നണഞ്ഞതു സാഗരം തന്നിലാം;
സാഗരോർമ്മികളന്നേരം ചെന്നിറ–
മാർന്നു കാണായി ജാജ്ജ്വല്യമാനമായ്. [1]
ഇപ്പൊഴന്തിയാ, ണെന്നങ്കിയെന്നിട്ടും
തൽപരിമളപൂരിതം തന്നെയാം, [2]
ഉച്ഛ്വസിച്ചാലുമെന്നിൽ നി, ന്നെത്രയും
സ്വച്ഛമീ സ്മരണാത്മക സൗരഭം! [3]

LES ROSES DE SAADI

കുറിപ്പുകൾ

[1] സൂരൻ പുഴയിൽ പ്രതിഫലിച്ചോളങ്ങ–
ളോരോന്നുമുജ്ജ്വലദഗ്നി ശിഖകളായ്
(ബാലാമണിയമ്മ — പ്രഭാതത്തിൽ)

[2] ഈ മഹത്താം ജൈത്രയാത്രയ്ക്കു ശേഷമെൻ
ധാമമാർന്നാനന്ദം കൊൾകെ
എണ്ണമില്ലാതോളം മാല്യങ്ങൾ തൻമണ–
മെന്നിലുറങ്ങിടുമല്ലോ.
(ബാലാമണിയമ്മ — വിജയമാല്യം)

നിന്നു നീ പോയിട്ടുമെന്മണിപ്പൂമച്ചിൽ
നിൻ നെടുവീർപ്പിൻ സുഗന്ധലേശം
(ചങ്ങമ്പുഴ — സങ്കല്പകാമുകൻ)

ചേലിലെൻ ചുറ്റും തങ്ങിനില്പൂ നിൻ
ലോലമല്ലികാസൗരഭം

(ചങ്ങമ്പുഴ — സ്വപ്നനൃത്തം)

കാലമാം നൂലിൽ നിൻചിന്തകളാലെത്ര
മാലകൊരുത്തെനിക്കേകി നീ മായികേ
മാനസമിന്നും നുകരുകയാണതിൻ
മായാതെ നില്ക്കും മധുരപരിമളം

(ചങ്ങമ്പുഴ — മറക്കരുത്)

ഇന്നും വീശുന്നുണ്ടേതോപോയ്പ്പോയ
പുണ്യലബ്ധിതൻ സൗരഭം

(ചങ്ങമ്പുഴ — രാഗപരാഗം)

ഈ മുളങ്കാട്ടിൽ തങ്ങിനിൽക്കുന്നു
പൂ മധുമാസ സൗരഭം

(പി. കുഞ്ഞിരാമൻ നായർ — നീ വരില്ല)

പൊങ്ങിവന്ന നൽസങ്കൽപസൗരഭം
തങ്ങി നിന്നോരുമന്മനോരംഗത്തിൽ

(പി. കുഞ്ഞിരാമൻ നായർ — പുള്ളുവപ്പാട്ട്)

ഞെട്ടറ്റുവീഴട്ടെ പൂവ്വ പരിമളം
മുറ്റുമുലാത്തട്ടെ യപ്സരസ്സെന്നപോൽ

(പി. കുഞ്ഞിരാമൻ നായർ — പ്രേമപൗർണ്ണമി)

പോയതിൻ മണം തിങ്ങി വിങ്ങുന്ന ത്രുക്കോവിലിൽ
മായുന്ന മൂവന്തിതൻ മാല്യറും വെളിച്ചത്തിൽ

(ബാലാമണിയമ്മ — കരിങ്കൊടി)

അപ്പൊഴും തളർന്നോരു തന്നാസിക
തപ്പുകയാണതീത ഗന്ധങ്ങളെ,
കാന്തനെക്കാത്തുനില്ക്കേ യന്നന്തിക്കു
താൻ കൊടുത്തൊരപ്പൂമാല തൻ മണം,
പട്ടുടുപ്പിന്റെ, കാർ പൂങ്കുഴലിന്റെ
കട്ടിലിന്റെ, യക്കാറ്റിന്റെ സൗരഭ്യം

(ബാലാമണിയമ്മ — ആൽച്ചുവട്ടിൽ)

പുളകത്തൊടു നീയുണർന്നു നോക്കു–
ന്നളവുന്മത്തത തെന്നലിന്നിയറ്റി
തിരതല്ലുകയാണു കൂരിരുട്ടിൽ
ത്തിരുമെയ്യിൽത്തിരളും സുഗന്ധപൂരം.

(ടാഗോർ — ഗീതാഞ്ജലി (ജി.))

[3] ഓമലേയത്ഭുത ദർശനം നിൻമുഖം
ഓർമ്മയെ വാസനിപ്പിച്ചിടുമ്പോൾ

(വൈലോപ്പിള്ളി — പള്ളിമണികൾ)

സൗരഭം വീശിടുമോർമ്മ ചലിക്കട്ടെ, സഹിഷ്ണുതാ–
സൗഹൃദങ്ങളതിൽപേർത്തും കുലച്ചീടട്ടെ

(വൈലോപ്പിള്ളി — കേരളകത്തിലെ യഹൂദർ ഇസ്രയേലിലേയ്ക്ക്)

എന്നാലരക്കില്ലമെല്ലാമെരിഞ്ഞു പോ–
യിന്നതിൻ ധൂമസുഗന്ധമാണോർമ്മകൾ
നീ നുകർന്നാലുമതെന്നും…

(ഒ. എൻ. വി. കുറുപ്പ് — ചോറൂണ്)

Odours, when sweet violets sicken
Live within the sense they quicken

(Shelley — Music when soft voices die…)

വേർപാടിൽ

അൽഫോംസ് ദ് ലമാർത്തീൻ (1790–1869)

ALPHONSE DE LAMARTINE

വിക്തോർ ഹ്യൂഗൊവിനോടൊപ്പം റൊമാന്റിക്ക് പ്രസ്ഥാനത്തിനു നേതൃത്വം നല്കിയ അൽഫോംസ് ദ് ലമാർത്തീൻ ഭാവതീവ്രതയും കാവ്യസംഗീതവും ഒത്തിണങ്ങിയ ആത്മഗീതങ്ങളുടെ ആദ്യ സമാഹാരത്തിലൂടെ തന്നെ സാഹിത്യത്തിൽ ഉന്നതസ്ഥാനം നേടുകയുണ്ടായി. താൻ പ്രേമിച്ച എൽവീർ (ELVIRE) ന്റെ അകാലചരമം അദ്ദേഹത്തെ അഗാധമായി സ്പർശിച്ചു. ഇതൊരു ആജീവനാന്തദുഃഖമായി, കരുണരസം വഴിയുന്ന കവിതകളുടെ ഉറവിടമായി നിലനിന്നു. അദ്ദേഹത്തിന്റെ മികച്ച കവിതകളിൽ മിക്കതും 'എൽവീർസ്മരണ'യുമായി ബന്ധപ്പെട്ടവയാണ്.

പലപൊഴുതുമേ സായാഹ്നസന്ധ്യയിൽ
മലമുകളിലെ 'ഷേൻ'മരച്ഛായയിൽ
മഥിതചിത്തനായ് ചെന്നിരിക്കുന്നു ഞാ–
നലസമായഭിവീക്ഷിപ്പു ചുറ്റിലും.
ചരമഭാസ്കരകാന്തിയിൽ മഗ്നമായ്
സമതലസ്ഥിത മാറുന്നനുക്ഷണം
ഇവിടെ, വാർനുരചിന്നുമോളങ്ങളാർ
ന്നവിരതം മുഴങ്ങീടുന്നു നിമ്നഗ, [1]
ഇരുളുറഞ്ഞ വിദൂരത തന്നിലേ–
യ്ക്കൊരു പെരുമ്പാമ്പു പോലതു താഴ്കയാം. [2]
അവിടെ, നിശ്ചല നീലസരസ്സത–
ന്നണിവിരിപ്പിൽ കിടന്നുറങ്ങുന്നതേ;
സ്ഫടികനിർമ്മലമാമതിൻ മീതെയായ്
വിടിവിൽ മിന്നുന്നു സാന്ധ്യനക്ഷത്രവും.
ഹരിതവൃക്ഷനികരകിരീടകം
പരിചിലേന്തുമിക്കുന്നിൻ നിറുകയിൽ
ചൊരിവതുണ്ടഹോ സന്ധ്യയാളിപ്പൊഴു–
മെതിരകന്ന തന്നന്തിമപ്പൊൻകതിർ.
രജനിറാണിതൻ പൂമണിത്തേരുണ്ടി–
പ്പൊഴുതു പൊങ്ങുന്നു പുഷ്കലശോഭയിൽ; [3]
അകലെ ചക്രവാളാന്തം നറുനിലാ–
വൊളി പതിഞ്ഞതാ വെണ്മയാർന്നീടുന്നു.
അരികിലുള്ള ദേവാലയത്തിങ്കലെ
മണിയിൽനിന്നുമുതിർന്നിടും നിസ്വനം
മഹിതമാമൊരു ധർമ്മസന്ദേശം പോൽ

ദിവി പരക്കുന്ന മന്ദ്രമധുരമായ്; [4]
പഥികനാസ്വനം കേൾക്കയാലക്ഷണം
പഥിയിൽ നിന്നുപോയ് പ്രാർത്ഥനാലീനനായ്;
പകലുതന്നന്ത്യനിർഘോഷമോടു ത–
ന്നനഘഗാനം കലർത്തിടുന്നാമണി. [5]
അതിമനോജ്ഞമീ ദൃശ്യങ്ങളെങ്കിലു–
മഴലിനാൽ മരവിച്ച മച്ചേതന
അറിവതല്ലീ വിമോഹനതത്വങ്ങൾ ത–
ന്നവികലാഭയുമാനന്ദമൂർച്ഛയും.
ഗതിവരാത്തൊരു ജീവനെപ്പോലെയി–
ക്ഷിതിയെ നോക്കിക്കഴിക്കുകയാണു ഞാൻ.
മൃതരിലൂഷ്മാവു ചേർക്കുമോ, ജീവിതം
തുടരുവോർക്കായുദിക്കുന്ന ഭാനുമാൻ?
ഒരു ഗിരിയിൽനിന്നന്യഗിരിയിലാ–
യൊരു ദിശയിൽനിന്നന്യദിശയിലായ്
വിപുലമാം വിശ്വരംഗത്തിലാകവേ
വിഫലമായി ഞാൻ കണ്ണയച്ചീടുന്നു.
നിഹതഭാഗ്യനാമീയെനിക്കെങ്ങുവാൻ
സുകൃതദർശനം സാദ്ധ്യമായീടുന്നു?
മരതകാഭമാമിത്താഴ്വരകളും
ഗരിമയേറുന്ന സൗധനിരകളും
എളിമതന്നഴകേലും കുടിൽകളും
വിഗതശോഭമാം വ്യർത്ഥവസ്തുക്കളായ്.
കളംകളംപെയ്തു പായും പുഴകളേ,
കുതുകദമാം കരിമ്പാറക്കൂട്ടമേ,
കിളികൾ പാടും വനങ്ങളേ, യെന്നുമെ–
ന്നരിയൊരേകാന്തസങ്കേതകങ്ങളേ,
വെറുമൊരാൾ മാത്രം നിങ്ങളോടൊപ്പമി–
ല്ലിവനു സർവ്വവും ശൂന്യമായ്ത്തീർന്നുപോയ്! [6]
രവിയുദിക്കട്ടെ, യസ്തമിക്കട്ടെ, തൽ–
ഗതിയെ നിസ്സംഗനായി ഞാൻ വീക്ഷിപ്പൂ.
തെളിവിയലട്ടെ വിണ്ടല, മല്ലെങ്കിൽ
കരിപുരളട്ടെ, യിങ്ങെനിക്കെന്തുവാൻ?
ഇനി വരുന്നതാം നാളുകൾ തന്നിൽ നി–
ന്നഭിലഷിക്കുന്നതല്ല ഞാനൊന്നുമേ. [7]
അനുഗമിച്ചാകി, ലർക്കന്റെ വിസ്തൃത–
ഭ്രമണമാർഗ്ഗത്തിലെങ്ങുമെൻ കണ്ണുകൾ
അശുഭദർശനം ശൂന്യതയോടൊപ്പ–
മെരിവതാം മരുഭൂക്കളേ കാണുള്ളൂ. [8]
ദിനകരൻ വിളക്കീടുന്നൊരിപ്പെരു–
മുലകിനോടു ഞാനർത്ഥിപ്പതില്ലൊന്നും.
പറകിൽ, പക്ഷെയീബ്രഹ്മാണ്ഡമണ്ഡല–
പരിധികൾക്കുമതീതമായുള്ളതാം

ഇതരദ്യോവുകൾ സത്യപ്രഭാകരൻ
ദ്യുതിയിൽ മുക്കും സനാതനസ്ഥാനത്തിൽ
മമചിരസ്വപ്നമുൺമയായ്ക്കണ്ടിടാം
വെടികിലെൻ മാംസകഞ്ചുകം മണ്ണിൽ ഞാൻ. [9]
അവിടെ, യാദിമസ്രോതസ്സണഞ്ഞു ഞാ–
നനഘഹർഷലഹരിയിലാണ്ടിടാം;
അവിടെ, നഷ്ടപ്രണയപ്രതീക്ഷക–
ളവികലമിവൻ വീണ്ടെടുത്തെന്നുമാം; [10]
ഭുവനഭാഷതൻ വാക്കുകൾക്കൊക്കെയും
വിവരണാതീതമായ് നിലകൊൾവതാം
നിയതമേതൊരാത്മാവും കൊതിപ്പതാം
പരമസമ്പത്തുമങ്ങു ഞാൻ നേടിടാം. [11]
പുലരി തന്നുടെ പൊൽത്തേരിലങ്ങു നി [12]
ന്നരികിലേയ്ക്കു കുതിച്ചുവന്നെത്തുവാൻ
നിഭൃതമാം മദീയാശാനികേതമേ,
കഴിവെനിയ്ക്കു കരഗതമായെങ്കിൽ! [13]
ഇനിയുമെന്തിനീ ബന്ധനഭൂമിയി–
ലിവനിതേവിധം നാൾകഴിച്ചീടണം?
പൊതുവിലില്ലൊരുബന്ധവുമിന്നിമേ–
ലിവനുമീ മന്നിടത്തിനും തമ്മിലായ്. [14]
വനതലത്തിലെ മാമരത്തിങ്കൽനി–
ന്നില കൊഴിഞ്ഞു തകിടിയിൽ വീഴുമ്പോൾ
അതിനെത്തട്ടിയെടുത്തകലുന്നു താഴ്–
വരയിൽ നിന്നുമേ സായാഹ്നമാരുതൻ.
[15] കരിയിലയിവ, നെന്നെയും കൊണ്ടുപോ, [16]
മൃതിയുടെ കൊടുങ്കാറ്റേ, നീ തത്സമം. [17]

L'ISOLEMENT

കുറിപ്പുകൾ

[1] ഉല്ലോലമാമരുവി ദൂരെ മുഴങ്ങീടുന്നു

(ആശാൻ — ഈശ്വരൻ)

[2] കാട്ടിൽ പെരുമ്പാമ്പിഴയുന്ന മട്ടു
കാണിച്ചു തെക്കോട്ടൊഴുകുന്നു മന്ദം

(വള്ളത്തോൾ — തിരൂർ പൊന്നാനിപ്പുഴ)

പെരിയാറിന്നും പെരുമ്പാമ്പുപോലിഴയുന്നു

(എം. എൻ. പാലൂര് — ബാഹുലൻ)

[3] അർക്കനംപോയ് പടിഞ്ഞാറെഗ്ഗിരിതടം
പുക്കുപഴുപ്പിച്ച പൊൻകുടംപോൽ നിന്നു.
അംബരദർപ്പണത്തിൽ കിഴക്കായതു
ബിംബിച്ചപോൽ നിന്നു പൂർണ്ണേന്ദുബിംബവും

മന്ദം മന്ദം പിന്നെയന്തരീക്ഷത്തിലെ–
ക്കിന്ദുബിംബം സ്വയം പൊങ്ങി ലഘുതയാൽ
ദ്യോവായ ഗോവിൻ മഹാസ്തനമണ്ഡല–
ഭാവത്തിൽ നിന്നു പീയൂഷകിരണങ്ങൾ
ഭംഗിയിൽ പാൽകണക്കെ പ്രസരിപ്പിച്ച
മംഗളമാക്കി ദിഗന്തങ്ങൾ വെൺമതി

(ആശാൻ — ശ്രീബുദ്ധചരിതം)

മഹിതാംബര ദിവ്യഭൂഷയാം
രജനീറാണി വരുന്നുണ്ടിതാ

(കെ. കെ. രാജാ — രാത്രിയും പകലും)

[4] നാതിദൂരമാം പള്ളിക്കുള്ളിൽനിന്നെല്ലാടവും
പാതിനേരത്തിലും പരക്കും മണിനാദം
മധുരം, പരത്തുന്നു ശാന്തിയെച്ചൊല്ലിത്തത്ര
മരണംവരിച്ചോരു സാധുവിൻ സന്ദേശങ്ങൾ

(വൈലോപ്പിള്ളി — മണിനാദം)

[4] കാതോർത്തു കേൾക്കു പ്രിയകരമാം മണി–
നാദം മഹാർഹാനുഭൂതികൾ തൻവിളി

(ബാലാമണിയമ്മ — ദർശനം)

സന്ധ്യയായിടവിട്ടുമൊന്നിച്ചും മുഴങ്ങുന്നു
സാന്ദ്രമേദൂരമീശപ്രാർത്ഥനാ മണിനാദം

(എൻ. വി. കൃഷ്ണവാരിയർ — അലെക്സിസ് പുണ്യവാളൻ)

[5] സ്വച്ഛമായ് നിവരുന്ന പള്ളിയിൽനിന്നും പൊങ്ങു–
മുച്ചലന്മണിനാദം നേർത്തുനേർത്തടങ്ങുന്നു.

(വൈലോപ്പിള്ളി — കൊയ്ത്തു കഴിഞ്ഞു)

[6] അകമലർ കരിഞ്ഞെനിയ്ക്കു സമ്പ്രതി
യഹഹ ലോകങ്ങളിരുട്ടാകുന്നല്ലോ

(ആശാൻ — പറന്നുപോയ ഹംസം)

കുസുമിതവനകാന്തിയാത്മകാന്ത
വ്യസനിനി ലീല വിചാരിയാതെ പോയാൾ

(ആശാൻ — ലീല)

അന്തരംഗഹിതനാം ഭവാനൊഴി–
ഞ്ഞന്തികത്തിൽ വനശോഭ കാണവേ
സന്തപിച്ചിവൾ പരം, രമിക്കയി–
ല്ലെന്തിലും പ്രണയഹീനമാനസം

(ആശാൻ — നളിനി)

കല്ല്യാണമായ് നിന്ന ജഗത്തിതെന്റെ
കണ്ണിന്നു കാകോളക തുല്യമായി
… … … … …

അരക്ഷണത്തിന്നകമുമ്പർനാടാ–
യിരുന്നെടം പോയ് നരകാഭമായി
… … … … …
എന്നെച്ചുഴന്നുണ്ടൊരു ശുദ്ധശൂന്യ
ലോകം പിശാചിൻപടി നോക്കി നില്പൂ
… … … … …
കഴിഞ്ഞു, കമ്രദ്യുതിപൂണ്ട ജന്മ
പ്രഭാതമെൻ കണ്ണിലിരുണ്ടു കെട്ടു

(നാലപ്പാടൻ – കണ്ണുനീർത്തുള്ളി)

അന്തിപോലവൾ പോയി, ശൂന്യമായിരുണ്ടായി
കാന്തിമത്തായിപ്പണ്ടു തോന്നിയ ജഗത്തെല്ലാം

(ജി. – ധർമ്മപത്നി)

നീ പോയമാത്രയിൽ പോയി നിന്നോടൊത്തു
നീളെയിങ്ങെല്ലാം വഴിഞ്ഞ സുഷമകൾ
നിന്നഭാവത്തിൽ നിലച്ചതിവയുടെ
സുന്ദരാകർഷണശക്തികൾ സർവ്വവും

(ചങ്ങമ്പുഴ – വീണ്ടും വെളിച്ചം)

പനിനീരലരേ പറഞ്ഞുവോ
വിവരം നിന്നൊടു സാന്ധ്യമാരുതൻ:
തവ സത്സഖി നമ്മെ വിട്ടുപോയ്
ഭുവനം പാവനമിന്നപാവനം

(എം. ആർ. നായർ – തിലോദകം)

പടികടന്നവൻ മറയുമ്പോൾ തോഴീ
പകലൊളിമങ്ങിയിരുണ്ടു പോകുന്നു

(എം. ആർ. നായർ – ഹാസ്യാഞ്ജലി)

മിഴിക്കും കണ്ണിൽ കത്തും രാത്രിയായ്
ഇഴഞ്ഞേറും പെരുപ്പായ്
സർവ്വവും സർവ്വസ്വവും ശൂന്യമായ് പൊടുന്നനെ

(ജി. കുമാരപിള്ള – ഇല്ല)

ഫയലുകളിലമളികൾ നിറഞ്ഞു
മുറിയിൽ നട്ടുച്ചയ്ക്കിരുട്ടു പരന്നു

(വിഷ്ണുനാരായണൻ നമ്പൂതിരി – യാത്രയയപ്പിനുശേഷം)

തിങ്ങിയിരുന്നു പ്രകൃതിയിലെങ്ങുമേ
സൗന്ദര്യയൗവനാനന്ദമധുരിമ,
എന്നാലെരിപൊരിക്കൊള്ളുന്ന തന്മന–
മെങ്ങും സമീക്ഷിച്ചതില്ല വിശ്രാന്തിയെ

(എൻ. വി. കൃഷ്ണവാരിയർ – രാവണവധാന്ത്യത്തിലെ വിഭീഷണൻ)

എവ രമ്യങ്ങളായ്ത്തോന്നീ–

യവൾതൻ ചേർച്ചയിങ്കൽമേ
അവ തന്നെയരമ്യങ്ങൾ
അവളില്ലായ്കയാൽ മമ

(വാല്മീകി രാമായണം — വള്ളത്തോൾ തർജ്ജമ)

Out of the day and night
A joy has taken flight;
Fresh spring, and summer and winter hoar
Move my faint heart with grief, but with delight
No more-oh, never more!

(Shelley — A lament)

[7] Knowing my heart's best treasure was no more,
That neither present time nor years unborn
Could to my sight that heavenly face restore

(Wordsworh — Desideria)

[8] പതിവിനുലകുമേലും ഹന്ത പോയ്ക്കൊണ്ടിരിക്കും
മതിരവികളുദിക്കും മാരുതൻ സഞ്ചരിക്കും
അതിലപരർ സുഖിക്കാം ശൂന്യനായ് ഞാനെനിക്കി–
ക്ഷിതിയിനി മരുമാത്രം ജീവിതം ഭാരമാത്രം

(ഉള്ളൂർ — കേരളവർമ്മയുടെ ചരമത്തിൽ)

പ്രാണൻ കളഞ്ഞു മമ സാദ്ധ്വി ഞാനോ
പാഴ്പുല്ലുമില്ലാത്ത മരുസ്ഥലത്തായ്
… … … … …
ഇരിപ്പിടം തീക്കനൽ ചുറ്റുപാടും
ഗുഹപ്പിളർപ്പേകനിവൻ വരാകൻ

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

മമ മിഴികൾക്കു മഹമായുഴിയ്ക്കു
മഹസ്സകുടിയ മനോഹരോഷസ്സായ്
മരുവിയ പുണ്യമടിപറകയാൽ
മരുവായ്ത്തീർന്നല്ലോ മദീയജീവിതം

(ജി. — പിന്നത്തെ വസന്തം)

രാവും പകലുംമെവിടെത്തിരഞ്ഞാലും
ഭൂവുമാകാശവുമയ്യോ സമസ്തവും
തീയാണെനിയ്ക്കു പുകഞ്ഞെരിഞ്ഞീടുന്ന
തീയാണു തീയിനിയെന്തു ചെയ്യട്ടെ ഞാൻ

(ചങ്ങമ്പുഴ — സുധാംഗദ)

[9] ജീവിതാശകൾ പൂവണിയുന്നു
ഭാവിജന്മത്തിൻ സീമയിൽ

(വൈലോപ്പിള്ളി — മുത്തും പവിഴവും)

സ്വർലോകവും സകല സംഗമവും കടന്നു
ചെല്ലാം നിണയ്ക്കു തമസപ്പരമാം പദത്തിൽ
(ആശാൻ — വീണപൂവ്)

ദിനരാത്രികളറ്റു ശാന്തമാം–
മനഘസ്ഥാനമിതാദി ധാമമാം
(ആശാൻ — സീത)

സിദ്ധിക്കും തദാത്മാവിന്നാദിമപ്രകൃതിതൻ
പൊൽത്തിരു മടിത്തട്ടിൽ പൂർണ്ണ വിശ്രമസൗഖ്യം
(വള്ളത്തോൾ — പൂർണ്ണ വിശ്രമസൗഖ്യം)

വിൺമഹസ്സുകൾ മേന്മേൽത്തെളിയുന്നോ–
രമ്മഹാ ശാന്തിഭ്രമാവിലെത്തുവാൻ
(ബാലാമണിയമ്മ — ഊഞ്ഞാലിന്മേൽ)

പ്രഭാതമാദ്യമായ് പൊട്ടിവിടർന്ന, ശാന്തിതൻ മഹാ–
പ്രവാഹമാദ്യമായുറന്നുയർന്ന രംഗം
(എ. വി. ശ്രീകണ്ഠപ്പൊതുവാൾ — മലകയറ്റം)

ദിനാന്ത സൂര്യരശ്മി തട്ടിടാത്ത നാട്ടിലൊന്നിൽ നാ–
മനാകുലം സുഖിക്കുമന്നു കണ്ടിടാം പരസ്പരം
(മേരി ജോൺ തോട്ടം — ലോകമേ യാത്ര)

ഈ വെറും വെഷം വലിച്ചെറിഞ്ഞു ഞാനാ സ്വർഗ്ഗ–
ഭൂമിയിൽ നിന്നെക്കാത്തു കാത്തിരുന്നീടാം മുഗ്ധേ
(എം. എൻ. പാലൂര് — ബാഹുകൻ)

[10] ഇമ്പത്തെയും സുരയുവാക്കളിലേകി രാഗ–
സമ്പത്തെയും സമധികം സുകൃതം ലഭിക്കാം
(ആശാൻ — വീണപൂവ്)

അഥവാ ചെന്നെത്താം മനോജ്ഞമായ് വീത–
വ്യഥമായ നിത്യവാസന്തലോകത്തെ
പരിണിതപ്രേമപരിമളഭരം
പരത്തി ജീവിതം വിടരും ലോകത്തെ
(ജി. — പിന്നത്തെ വസന്തം)

Escaped dreams of the past
Shall crowd there again
Their half-heard murmurs
Shall build a nest again.
Recalling pleasent memories,
Making awakening sweet,
The flute now silent
Shall bring back melodies
(Tagore — If I can once again)

[11] സാരമില്ലെടോ നിൻ നഷ്ടം, സഹജേ, നൊടിയിൽ ഗുരു–
കാരുണിയാൽ നിനക്കിന്നു കൈക്കലാക്കാമല്ലോ
ചോരനപഹരിക്കാത്ത ശാശ്വത ശാന്തിധനവും
മാരനെയ്താൽ മുറിയാത്ത മനശ്ശോഭയും

(ആശാൻ — കരുണ)

അനന്തമായ ജീവിതം സുഖത്തൊടെ നയിക്കുവാൻ
ധനം കരസ്ഥമാക്കിടുന്നതിന്നു പോകയാണ് ഞാൻ.
മിനുങ്ങി മിന്നിടുന്ന പൂച്ച നാണയങ്ങളൊന്നുമേ–
യെനിക്കുവേ, ണ്ടവയ്ക്കു ഞാൻ വശപ്പെടുന്നതല്ല മേൽ

(മേരി ജോൺ തോട്ടം — ലോകമേ യാത്ര.)

[12] മലതൻ നെഞ്ചിൽ പുളകമുണർത്തും
പുലരിത്തേരിൽ നീ വന്നു

(പി. കുഞ്ഞിരാമൻ നായർ — പൊന്നോണക്കാലം)

[13] വ്യോമമാർഗ്ഗം പറ്റിയങ്ങു ചെന്നെത്തുവാൻ ചിറകില്ല
ഈ മഹാബ്ധി കടക്കുവാൻ തരണിയില്ല

(പി. കുഞ്ഞിരാമൻ നായർ — കിനാവിലെ കന്യക)

[14] ഇല്ല പൊരുത്തം പ്രപഞ്ചവും ഞാനുമാ–
യല്ലെങ്കിലെന്തിനീ യാത്മഹോമോദ്യമം

(ചങ്ങമ്പുഴ — ഏകാന്തചിന്ത)

[15] വയ്യ, മനസ്സു പറിഞ്ഞു വീഴുന്നു നിൻ കാല്ക്കലായ്
ജീവിച്ചു തീർന്ന വെറുമില പോലവേ

(ഒ. വി. ഉഷ — ധ്യാനം)

[16] പോകട്ടെ നിന്നോടൊരുമിച്ചു മരിച്ചു നിത്യ
ശോകാർത്തനായിനിയിരിപ്പതു നിഷ്ഫലംതാൻ

(ആശാൻ — വീണപൂവ്)

മരണം ഭയസീമയെന്നയേ
കരുതും ജീവികളിങ്ങനാതരം;
വിരഹാർത്തയിവൾക്കഹോ ഭയ–
ങ്കരമായ്ത്തീർന്നു ധരിക്ക ജീവിതം

(ആശാൻ — ലീല)

ഭുവനാന്തകദിക്കുകാരനാമി–
പ്പവനൻ വന്നതിൽ ഞാൻ വൃഥാ രസിച്ചു,
ഇവനെന്നുയിർ കൊണ്ടുപോയിടാതെ
വിവശാവസ്ഥ വളർക്കയാണുവീണ്ടും

(വള്ളത്തോൾ — ചിത്രയോഗം)

അംബ, പ്രപഞ്ചൈക വിധാത്രി, നിന്നോ–
ടർത്ഥിച്ചിടട്ടെ ഹതഭാഗ്യനാം ഞാൻ;
ഇവണ്ണ മത്യുഗ്ര വിപത്തിലാണ്ടു

നരങ്കലങ്ങുന്നുയിർ നിർത്തിടൊല്ലേ

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

പിരിയാത്ത വയസ്യനെപ്പിരി–
ഞ്ഞൊരു മാപാപിയെ നീ വസുന്ധരേ,
തിരുമാറിൽ വഹിച്ചു നിന്നിടാ–
യ്കിരുൾ നീങ്ങട്ടെ ചരാചരങ്ങളിൽ

(കെ. കെ. രാജാ — ബാഷ്പാഞ്ജലി)

കുരരിയെപ്പോൽ കരഞ്ഞു കരഞ്ഞിനി–
ദ്ധരയിൽ വാഴുവാനാശിപ്പതില്ല ഞാൻ

(ചങ്ങമ്പുഴ — ചരിതാർത്ഥതന്നെ ഞാൻ)

അത്തെക്കുനിന്നൊരു കാറ്റുവീശി–
യിദ്ദീപനാളവും കെട്ടിതെങ്കിൽ

(ചങ്ങമ്പുഴ — അരുതിനിപ്പാടുവാൻ)

സ്ഥിരതയില്ലാത്ത ലോകത്തിലെന്തിനായ്
ചിരവിരഹി ഞാൻ മേലിലും കേഴണം

(ഇടപ്പള്ളി — മണിനാദം)

വിളക്കെവിടെ, ഹാ, വിളക്കിൻ തിരി
കൊളുത്തുക കത്തും വിരഹോൽക്കണ്ഠയാൽ
വിളക്കിരിക്കുന്നു, ജ്വലിപ്പീലാ നാളം,
വിധിയിതാണെങ്കി, ലിതിൽ നല്ലുമൃതി

(ടാഗോർ — ഗീതാഞ്ജലി (ജി.))

There is no rest upon the earth,
peace is with death and thee, Barbara!

(Alexander Smith — Barbara)

[17] തത്സമം = അതിനെ (ഇലയെ)പ്പോലെ, അവളെ (എൽവീറിനെ)പ്പോലെ. ഈ രണ്ടർത്ഥവും കിട്ടുമാറ് comme elle എന്നാണ് മൂല കൃതിയിലെ പ്രയോഗം.

പരിവർത്തനം

അൽഫോംസ് ദ് ലമാർത്തീൻ (1790–1869)

ALPHONSE DE LAMARTINE

സംഘടിതമതത്തിന്റെ ചട്ടക്കൂടിനു വെളിയിൽ ക്രിസ്തുവിനെ പിന്തുടരുന്ന ഒരു പുരോഹിതനാണ് ഴൊസെലേൻ (JOCELYN). ഈ സാങ്കല്പികപുരോഹിതന്റെ ആദർശജീവിതത്തെ ചിത്രീകരിക്കുന്ന കാവ്യത്തിലെ ഒരു ഖണ്ഡികയാണിത്. അക്കാലത്ത് (1836) കത്തോലിക്കാ സഭയുടെ ‘സീമന്തപുത്രി’യായി കണക്കാക്കപ്പെടുന്ന ഫ്രാൻസിൽ വലിയ കോളിളക്കം സൃഷ്ടിച്ച ഈ കൃതി മാർപ്പാപ്പ നിഷിദ്ധഗ്രന്ഥമായി പ്രഖ്യാപിച്ചിരുന്നു.

ഗ്രാമവീഥികൾ തോറും
സാമാനച്ചുമടുമായ്
നീങ്ങി നാൾകഴിച്ചോരോ
വ്യാപാരി മരിച്ചുപോയ്.
നല്കുവാൻ കൂട്ടാക്കീലാ
ഗ്രാമത്തിലൊരാളുമാ–
പ്പാവത്തിൻ ശവപ്പെട്ടി
കൂട്ടുവാൻ പലകകൾ.
‘ആണി ഞാൻ നല്കീടാനോ,
നൽകുകില്ലൊരു നാളും’–
ആണയിട്ടുരചെയ്താ–
നൂരിലെപ്പെരുംകൊല്ലൻ.
‘എങ്ങുന്നു നിന്നോ വന്ന
ജൂതനാണിവൻ, നമ്മൾ
വന്ദനം ചെയ്തീടുന്ന
ദൈവത്തിനെതിരാളി’,
‘ദുഷ്ടനാമിവന്റെമെയ്
നമ്മുടെ ഭൂമിക്കുള്ളിൽ
പെട്ടാകിലശുദ്ധമാം
കൃസ്തീയശവമെല്ലാം’,
‘ക്രൂശിനെ നിഷേധിക്കു–
വോനതിൻ തണലില്ല,
യേശുവിന്നനുയായി
മാത്രമീ ഭുവിന്നർഹൻ’,
‘നായിനെ വലിക്കുന്ന
പോലെ യീനീചൻ തന്നെ

നാം വലിച്ചിടണമ–
പ്പാറതൻ പിളർപ്പിങ്കൽ'...
ഇത്തിരിക്കരുണയ്ക്കായ്
കെഞ്ചിനാരെല്ലാരോടും
വ്യർത്ഥമായ് വ്യാപാരിതൻ
പത്നിയും കിടാങ്ങളും.
കാണികളറപ്പോടെ
നോക്കുമശ്ശവത്തിന്റെ
കാൽകളിൽ പിടിച്ചവർ
കരഞ്ഞു തേങ്ങിത്തേങ്ങി.
എത്രയും മനുഷ്യത്വ–
മറ്റൊരീ നൈഷ്ഠുര്യത്തെ–
പ്പറ്റി ഞാനറിഞ്ഞപ്പോൾ
കുതിച്ചേനവിടേയ്ക്കായ്.
നോക്കിനാലാൾക്കൂട്ടത്തെ
നീക്കി ഞാനടുത്തെത്തി [1]
നീട്ടിനേൻ കരങ്ങളാ–
നിർഭാഗ്യർതൻ നേർക്കായി.
കൂടി നിന്നീടും ക്രിസ്ത്യാ–
നികൾക്കു നിജചിത്ത–
കാഠിന്യം ചൂണ്ടിച്ചേർത്തു
ലജ്ജ ഞാനെൻ കൃത്യത്താൽ.
'പെട്ടിയ്ക്കു പലകകൾ
കിട്ടിയില്ലല്ലി, പോയെൻ
കട്ടിലിൻ പലകക–
ളെടുത്തുകൊൾവിൻ വേഗം',
ഇത്രയേ വികാരവായ്–
പോടെ ഞാൻ പറഞ്ഞുള്ളൂ,
അപ്പൊഴേയ്ക്കാ മർത്ത്യർതൻ
മനസ്സുമാറിപ്പോയി. [2]
താമസിച്ചില്ലാ പിന്നെ,
ആർത്തരാമാപ്പാവങ്ങൾ–
ക്കാലംബമേകാനവർ
മത്സരിച്ചന്യോന്യം! [3]

LE COLPORTEUR

കുറിപ്പുകൾ

[1] ആരുമേ തടുത്തതുമില്ലഹോ, ധീരനാമ–
ക്കാരുണികനെ സ്വയം തന്നുടെ തേജസ്സിനാൽ
(ആശാൻ — ശ്രീബുദ്ധചരിതം)

[2] ഭഗവാൻ കൃപാപരതന്ത്രനായ് നിന്നിങ്ങനെ
നിഗദിക്കുന്ന തത്വം കേട്ടുടൻ വിലക്ഷരായ്
സത്വരമൃത്വിക്കുകൾ രക്തത്താൽ ചുവന്ന കൈ-
യുത്തരീയത്തിൻ തുമ്പാൽ മറച്ചുകൊണ്ടീടിനാർ

(ആശാൻ — ശ്രീബുദ്ധചരിതം)

[3] ലോലമാം ക്ഷണമേ വേണ്ടു ബോധമുള്ളിൽ ജ്വലിക്കാനും
മാലണയ്ക്കും തമസ്സാകെ മാഞ്ഞുപോകാനും

(ആശാൻ — കരുണ)

കവിയുടെ വിട

അൽഫോംസ് ദ് ലമാർത്തീൻ (1790–1869)

ALPHONSE DE LAMARTINE

ആത്മാവിഷ്കാരത്തിന്റെ അടിസ്ഥാനപ്രമാണങ്ങളെ സ്വർശിക്കുന്ന ലമാർത്തീനിന്റെ ഈ കവിത ഫ്രഞ്ച് ഭാവഗാനപ്രസ്ഥാനത്തിന്റെ ഒരു പ്രകടനപത്രികയായ ണെന്നു പറയാം.

നിറനിലയിൽത്താൻ മദീയജീവിത–
ചഷകം പെട്ടെന്നു തകർന്നുപോയിതേ.
നെടുവീർപ്പുകളായ് നിമേഷം തോറുമേ
പാലയനം ചെയ്യുന്നിവന്റെ ചൈതന്യം. [1]
സഹതാപത്തിനോ ചുടുകണ്ണീരിനോ
കഴിയുകില്ലിതിൻ ഗതി തടയുവാൻ.
അണഞ്ഞിടുന്നന്ത്യമുഹൂർത്തമെന്നു ത–
ന്മണി മുഴക്കുന്നു മരണദേവത.
കരണീയമെന്താണിവനീയാസന്ന–
സ്ഥിതിയിൽ കേഴണോ, അതല്ല പാടണോ?
സരി പാടട്ടെ ഞാ, നിനിയും വീണയെ
വെടിഞ്ഞതില്ലയെൻ കരവിരലുകൾ. [2]
കളഹംസത്തിനു മരണവേളയിൽ
ഗളനാളേ ഗാനം നിറഞ്ഞൊഴുകുന്നു.
മരണമാവിധമിവനുമേ പേർത്തു–
മൊരു നവഗാനപ്രഭവകേന്ദ്രമായ്!
അഭികാമ്യമാകും മൃതശകുനമി–
തെനിക്കു ജന്മനാ ലഭിച്ചതാം വരം
പ്രണയം, സംഗീതമിവമാത്രമാണു [3]
മനുജർ നമ്മൾതന്നകതലം തന്നിൽ
നിറഞ്ഞിരിപ്പതെന്നരികിൽ, നാമൂഴി
വിടുന്ന നേരത്തു, വിടപറയലായ്
പുതുഗാനമൊന്നു വിയതി വായുവിൽ
തിരകൾ ചേർത്തു കൊണ്ടുയർന്നു പോകട്ടെ!
തകരുംവല്ലകി തടവെന്യേ തുകു–
ന്നകമലിയിക്കുമൊരു ഗാനം കൂടി.
അണയും ദീപിക നവചൈതന്യമാർ–
ന്നധികകാന്തിയിൽ തെളിഞ്ഞുകത്തുന്നു;
മൃതിനേരത്തന്നം വിയത്തിനെ വീക്ഷി–

ച്ചുറക്കെപ്പാടുന്നു മികച്ച തൻഗാനം;
മനുജൻ മാത്രം തൻപിറകിൽ നോക്കീട്ടു
ദിനമെണ്ണിനോക്കി വിലപിച്ചീടുന്നു! [4]
[5] വിലപിച്ചീടുവാൻ, ഭുവനവാഴ്വെന്ന
പ്രതിഭാസമിതിൻ പൊരുളെന്തൊന്നുവാൻ?
ഒരു ദിനം, വീണ്ടുമൊരുദിനം, വീണ്ടും
വരുന്നിതിപ്പോലെ ദിനനികരങ്ങൾ.
ഒരു ദിനം നമുക്കരുളിടുന്നതു
തിരികെ വാങ്ങിടുന്നപരമാം ദിനം. [6]
ശ്രമവിശ്രാന്തിക, ഴഴൽ, ചില പൊഴു–
തൊരുസുഖസ്വപ്ന, മിതു തന്നെ ദിനം. [7]
ദിനപരമ്പരയ്ക്കറുതിയിൽ നിത്യ–
നിശയണഞ്ഞിടുന്നനിവാര്യമായും.
മുറ്റകെ വത്സരനിരകളെക്കെട്ടി–
പ്പുണരുവാനാശ പരം പുലർത്തുവോൻ,
തനതു ഭാവിയോടൊരുമിച്ചു തന്റെ
നിനവിലുള്ളാശാ കലികകളെല്ലാം
വികസിതമാകാതടിവതു കാണ്മോൻ
വിലപിച്ചീടട്ടെ മരണഭീതിയിൽ. [8]
ധരയിൽ വേരുന്നാത്തിവന്നനായാസ–
മിവിടെ നിന്നുമേമറയാനാവുന്നു.
ദ്രുതമന്തിക്കാറ്റിന്നടിയേല്ക്കെപ്പൊങ്ങി–
യകലെപ്പാറിപ്പോം തൃണശകലംപോൽ [9]
തടിനി തൻ തടസ്ഥലിയിലോ വന–
തരുവിലോ കൂടു പണിതു തങ്ങാതെ
സതതസഞ്ചാരകുതുകികളായ്പ്പോം
പതഗങ്ങൾപോലാം കവികളും പാർത്താൽ.
കരവിട്ടാറ്റിന്റെയൊഴുക്കിൽ താരാട്ടേ– [10]
റ്റവ പാടിപ്പാടിപ്പറന്നകലുന്നു. [11]
അവയെപ്പറ്റി, ത്തന്മനോജ്ഞഗീതിക–
ളൊഴികെ മറ്റൊന്നുമറിയില്ല ലോകം. [12]
വിരുതെഴാത്തതെൻ കരമെന്നാകിലും
പ്രിയതയേറുമീ വിപഞ്ചിമീട്ടുവാൻ
അതിനുണ്ടായിട്ടില്ലിതേവരേയ്ക്കുമൊ
രിതരമാം കരം വഴികാട്ടീടുവാൻ. [13]
ഹൃദയചോദന കഴിയില്ലാർജ്ജിക്കാ–
നപരശിക്ഷണപടുതയിലൂടേ.
ഒഴുകിപ്പോകുവാനരുവിയും വാനിൻ
വിരിമാറു പൂകാനരുമ്പറവയും
നുറുതേൻ നിർമ്മിക്കാൻ മധുമക്ഷികയും
പഠനം ചെയ്യുക പതിവില്ലയല്ലോ.
അടിയേല്ക്കെ പ്പള്ളിമണി ചൊരിയുന്നു
മുദമോ താപമോ കലർന്ന രാഗങ്ങൾ,

വരണം കൊണ്ടാടാൻ, ജനനം കൊണ്ടാടാൻ,
മരണവൃത്താന്തം വിളംബരം ചെയ്യാൻ.
[14] ഉലയിങ്കൽ കേടറ്റുരുകി വന്നൊരാ
മണിതന്നോടുപോൽ മമ ഹൃദന്തവും:
വരുമോരോഭാവപ്രഹരമേല്ക്കെയെൻ–
കരളിൽ നിന്നൂറും നവനവ ഗാനം! [15]
ഇരവിലിമ്പലത്തിലനി'ലനില സാരങ്കി' [16]
യിളംകാറ്റുവന്നു പുണർന്നിടുന്നേരം
തനിയെ മൂളുന്നു കരുണസംഗീതി
തടിനിതൻ പാട്ടിലിണങ്ങിച്ചേരുവാൻ.
ചെവിയിലഗ്ഗീതമണയവേ പാന്ഥർ
വഴിയിൽ നിന്നതു നുകരും സാത്ഭുതം.
അറിയുകില്ലെന്നാ, ലവർക്കിസ്സ്വർഗ്ഗീയ
നെടുവീർപ്പുകൾതന്നുറവയേതെന്ന്
പറകിലെൻവീണ പലപൊഴുതുമേ
ചുടുകണ്ണുനീരാലഭിഷിക്തമത്രെ.
മിഴിനീർത്തുള്ളികൾ വിധിദത്തമായ
വിശുദ്ധവൈഭാതഹിമകണങ്ങളാം. [17]
നിയതം കാറൊഴിഞ്ഞൊരുവാനിൻകീഴിൽ
പരിപക്വമാകാ മനുജമാനസം. [18]
ഒഴുകാ, മുന്തിരിക്കുലയിങ്കൽ നിന്നും
പുതുചെഞ്ചാർ ഞെക്കിപ്പിഴിയുന്നില്ലെങ്കിൽ, [19]
പദമർദ്ദനത്താൽ ചതയവേ ഗന്ധ–
ലത പരത്തുന്നു സ്വകീയസൗരഭം.
നിരുപിച്ചീടുകിൽ, നിഖില നായക–
നെരിവീർപ്പൊന്നിനാലുയിരിവന്നേകി.
മമസ്പർശമേറ്റഖിലവുമെരി–
ഞ്ഞൊടുങ്ങി തജ്ജ്വാലാപ്രസരം ഹേതുവായ്. [20]
മൂതികരവരം, ദഹിപ്പൂ ഞാനുമെൻ
പ്രണയാധിക്യത്തിന്നെരിവഹ്നിയിങ്കൽ. [21]
പ്രണയാലിംഗനാലടവിയെ ചുട്ടു–
കരിയാക്കിയല്ലോ മറയുന്ന മിന്നൽ. [22]
കഴിഞ്ഞിതെൻ കാല, മിനിയിവനുമ–
പ്രസക്തൻ കാലത്തി, ന്നിതേപോലെൻ പേരും.
ഒരു വ്യർത്ഥനാദവുമുളവാക്കീടുന്ന
പ്രതിനാദമല്ലീ പ്രശസ്തിയെന്നതു? [23]
ഒരു നൂറ്റാണ്ടതു മറു നൂറ്റാണ്ടിന്റെ
ചെവിയിൽ കേൾപ്പിക്കു, മതിനുമപ്പുറം
വരാനിരിക്കുന്ന തലമുറകൾതൻ–
കരങ്ങളിലതു വെറും കളിപ്പാട്ടം
അതിനു ഭാവിതന്നനന്തസാമ്രാജ്യ–
മുറപ്പിച്ചീടുന്ന സുഹൃത്സമൂഹമേ,
മമ വീണാലാപമിതൊന്നു ശ്രദ്ധിക്കു:

ഞൊടിയിൽ വായുവിലതു പോയില്ലയോ? [24]
[25] കുടീരമൊന്നിനെച്ചുഴലുമെന്നാത്മ–
വിലപനത്തിന്റെ സ്മൃതിയെക്കാലവും
അലയടിയ്ക്കുമോ, യൊരുമൃതന്നു തൻ
നെടുവീർപ്പോ കീർത്തനിലയമാവതു?
അഖിലകാലത്തിൻ സ്മരണ ദാനമാ–
യതിന്നു നല്കുവാൻ മുതിർന്നിടുന്നോരേ,
മൃതിവശഗരേ, സ്വവശം നിങ്ങൾക്കി–
ങ്ങൊരുദിനം പോലുമിരിപ്പതില്ലല്ലോ.
പറവേൻ സത്യ, മീ ധരണിയിലിവൻ
പിറവികൊണ്ടന്നു മുതൽക്കിന്നോളവും
മനുജവിഭ്രാന്തി വിരചിച്ചതാമി–
പ്പെരിയപോരിനെ യൊരിക്കൽ പോലുമേ
ഒരു ലഘുഹാസസഹിതമല്ലാതെ–
യുരിയാടിയിട്ടില്ലിവന്റെ ചുണ്ടുകൾ.
പൊരുളറിവാൻ ഞാൻ വിരയുന്തോറുമി–
പ്പദമോ കൂടുതൽ പരിശൂന്യമല്ലോ.
വിരസമാമൊരു പഴത്തൊലിപോലെ
നിരസിച്ചേൻ ദൂരാലതിനെ ഞാൻ മുന്നേ.
മനുജനെയേന്തിക്കുതികൊള്ളും കാല–
നദിയിൽത്തൻ യാത്രയ്ക്കിടയിൽ പേരൊന്ന്
എറിഞ്ഞിടുന്നവ, നതു പക്ഷേ കാല–
ഗതിയിൽ മുറ്റമേ തളർന്നു പോകുന്നു.
ചില നൂറ്റാണ്ടിടയതു മീതെപ്പോങ്ങി–
ത്തടവറ്റു മുന്നോട്ടൊഴുകിപ്പോയിടാം.
ഒടുവിലായതു മറവിതൻ കൊടും–
കയമതിലാണ്ടു മറഞ്ഞു പോകുന്നു. [26]
കരകാണാക്കാലത്തിരമാലകൾക്കാ–
യൊരു പേരെന്റേതുമെറിഞ്ഞിടുന്നു ഞാൻ.
[27] അതു പൊങ്ങീടട്ടെ, യതു മുങ്ങീടട്ടെ,
അനിലാന്തരീക്ഷസ്ഥിതികൾ പോലവേ.
വെറുമൊരു പേരാണിതു നിസ്സംശയ–
മിതിനാൽ ഞാനേറേ മഹിതനാകുമോ?
മുതിരുമോ മിത്യഗഗനം പൂകുവാൻ
പറന്നുപോകുന്നോരരയന്നം, താഴെ-
ത്തനതു പത്രത്തിൻ നിഴലു പാഴ്പ്പുല്ലിൽ
പതിയുന്നുണ്ടോയെന്നറിവതിന്നായി?
‘ശരി, പിന്നെന്തിനായിതേവരയ്ക്കും നീ
നിരന്തരം ഗാനനിരതനാ’യെന്നോ?
അരിയരാപ്പാടിക്കുരുവിയോടായി–
സ്സദയം ചോദിക്കൂ: നിശീഥിനികളിൽ
പുളച്ചുപായും കാട്ടരുവികളുടെ
കളകളാലാപശ്രുതിയോടൊപ്പമായ് [28]

ജഗത്തിനെയവൻ മധുരസംഗീത–
സരിത്തിൽ മുക്കുവതെതിന്നു വേണ്ടിയാം?
മനുജൻ വീർപ്പിടുന്നതുപോൽ, പൈങ്കിളി
കളകൂജം ചെയ്യുന്നതുപോൽ, പൂന്തെന്നൽ
നെടുനിശ്വാസങ്ങൾ വിടുന്നതുപോലെ,
കരളിലൂറുന്ന കവനധാരയെ–
യുലകിൻ കർണ്ണത്തിലൊഴുക്കിനേൻ ഞാനും! [29]
പ്രണയം, പ്രാർത്ഥന, കവനം– തോഴരേ,
ഇവ മാത്രമാണിങ്ങിവന്റെ ജീവിതം.
നിതരാം മാനവനഭിലഷിപ്പതാം
വിഭവസഞ്ചയമതിലൊന്നുപോലും
ഇടരിയറ്റുന്നില്ലിവനു തെല്ലുമേ
വിടപറഞ്ഞു ഞാൻ പിരിഞ്ഞിടുന്നേരം.
ഉടനെ, മൃത്യുവിൻ ചിറകിലെന്നാത്മാ–
വമലദ്യോവിലേയ്ക്കുയരുകയായി [30]
മനുജപ്രത്യാശ കതിരിട്ടു നില്ക്കു–
മിടമെങ്ങു, പോകുന്നിവനവിടേയ്ക്കായ്;
വിലയം പ്രാപിച്ചതെവിടെയെൻവീണാ–
ക്വണിതങ്ങ, ളദ്ദിക്കവനണയുന്നു;
മമ നെടുവീർപ്പിൻ നിവഹം ചെന്നതേ–
തിടമോ, ചെല്ലുന്നേനവിടേയ്ക്കായ് ഞാനും!
കൊടുമ കൂടമേതിരുളിലും കണ്ണു–
തെളിഞ്ഞു കാണുമൊരു പറവയെപ്പോലെ
[31] മമ വിശ്വാസത്തിൻ മണിപ്രദീപമെ–
ന്നിരുളൊക്കെ നീക്കി വഴിതെളിയിപ്പൂ.
മനുജചേതനയണിയും ചക്ഷുസ്സാം
മഹിതവിശ്വാസം വിജയിപ്പൂതാക!
അതിന്റെയത്ഭുതക്കഴിവിനാലെനി–
ക്കനാവൃതമെന്റെ വിധിരഹസ്യങ്ങൾ.
മൃതിയെ മുന്നിട്ടു, വിടർന്ന ഭാവനാ–
ച്ചിറകിൽ മുമ്പെത്രകുറി യഥേച്ഛമായ്
പരിപൂതസ്ഥാനമതു സംപ്രാപിച്ച
പരമനിർവൃതി നുകർന്നതില്ല ഞാൻ!
സഹജാതന്മാരേ, യരുതു പേരൊന്നു–
മെഴുതരുതെന്റെ കുഴിയിടത്തിന്മേൽ,
അതിനു മീതെയായ് കുടീരമൊന്നുമേ
പണിയരു, തതിന്നരുളായ്ക ഭാരം. [32]
അതുവഴി പോകും പരമദുഃഖിത–
ന്നവിടെ മുട്ടുന്നാനിടമേകീടാവൂ. [33]
കുറയും ഭൂബന്ധം മനുജനു ശവ–
ക്കുഴിമേൽ കാലൂന്നുമളവിങ്കൽ നൂനം;
പരം വിശാലമാം ഗഗനാന്ത, മുള്ളം
ഗതഭരമായുന്മുഖതയാർന്നിടും.

ഇനിയെന്നാത്മാവിൻ വിളികൾക്കിങ്ങേക–
സ്വരമായുത്തരമരുളിപ്പോന്നതാം
വിപഞ്ചികയിതു പ്രഭഞ്ജനം ചെയ്തു
കൊടുക്ക കാറ്റിനു, ജലത്തിനഗ്നിക്കും.
ഉടനെ വിണ്ണോർതൻ മണിവിപഞ്ചിയെൻ–
കരതലത്തിങ്കൽ മുഖരമായിടും.
അമരചൈതന്യമവരെപ്പോലാർന്നി–
ട്ടമോഘസംഗീതഝരി ചൊരിഞ്ഞു കൊ–
ണ്ടനുനയിച്ചീടുമിവനൊ, രുപക്ഷേ,
കുതുകനിർഭര നഭസ്ഥലങ്ങളെ. [34]
ഉടനെ ……യെന്തിതു, മൃതിയുടെ കനം
പെരുകും മൂകമാം, കരാഘാതത്തിനാൽ
തകരുന്നെൻ വീണ, പതിഞ്ഞതാമൊരു
കരുണരാഗമതെറിവു വായുവിൽ.
ജഡമെൻവല്ലകിയിനി മൂളുകയി–
ല്ലെടുക്ക നിങ്ങൾതൻ വിപഞ്ചികൾ വേഗം,
പ്രിയതോഴന്മാരേ, മമജീവൻ ഭവൽ–
സ്വരരാഗമേളയതിലാമഗ്നമായ്
ഒരു ലോകം വിട്ടു മറുലോകത്തേയ്ക്കു
തുടരട്ടെ യാത്ര സുകരമാം വിധം! [35]

LE POETE MOURANT

കുറിപ്പുകൾ

[1] മൃതിയിലേയ്ക്കെന്റെ
ശരറാന്തൽത്തിരി
മുനിയുമ്പോൾ

(ബാലചന്ദ്രൻ ചുള്ളിക്കാട് – തേർവാഴ്ച)

ഒരു സ്റ്റെതസ്കോപ്പിൻ ഞരമ്പിലൂടന്ത്യ
ചലനവുമെന്നെ വെടിഞ്ഞു പോകുമ്പോൾ
… … … … …
കിനാവുപോലെ ഞാൻ പൊലിഞ്ഞുപോകുമ്പോൾ

(ബാലചന്ദ്രൻ ചുള്ളിക്കാട് – മരണവാർഡ്)

[2] ആയതു പോട്ടെ ശയിക്കുന്നതുണ്ടിങ്ങൊ–
രായതനേത്രയാൾ നീണ്ടു നിവർന്നിതാ
ചേണാർന്നടുത്തു സഖിപോൽ കിടക്കുമീ
വീണയെച്ചുംബിക്കുമാസ്യപത്മത്തൊടും
തന്ത്രികളിൽത്തന്നെ തങ്ങും മൃദുവിരൽ
ച്ചെന്തളിർമഞ്ജരിയോടും തളമതിൽ

(ആശാൻ – ശ്രീബുദ്ധചരിതം)

[3] മരുളിയെന്നോണമെന്നന്തരംഗം
മുഴുവനും സംഗീതമായിരുന്നു
(ചങ്ങമ്പുഴ — മങ്ങിയകിരണങ്ങൾ)

കരയെല്ലാം സമ്പന്നം
കരളെല്ലാം സംഗീതം
(വൈലോപ്പിള്ളി — തുയിലുണർത്തൽ)

പ്രേമഗാനങ്ങളാൽ പൂർണ്ണമാക്കീടാവൂ
പേർത്തുമീയാനന്ദജീവിതമന്ദിരം
(പി. കുഞ്ഞിരാമൻ നായർ — പരീക്ഷ)

[4] മർത്ത്യനഹോ കരയുന്നു പിറപ്പിലും
മൃത്യുകാലത്തിലുമസ്വസ്ഥനായ്
(വള്ളത്തോൾ — എന്റെ കൊച്ചുമകൾ)

[5] ജീവിതം വെറും മൂന്നക്ഷരമതി–
ന്നീവിധം നമ്മൾ കണ്ണീരൊഴുക്കണോ?
നമ്മൾ ജീവിതമെന്നഭിമാനിപ്പ–
തുണ്മയിൽ മൃത്യുരൂപത്തെയല്ലയോ?
(പാലാ — അകാലമരണം)

[6] ഹാ സുഖങ്ങൾ വെറും ജ്വാല, മാരറിവൂ നിയതിതൻ
ത്രാസു പൊങ്ങുന്നതും താനേ താണുപോവുന്നതും
(ആശാൻ — കരുണ)

കാലം തരുന്നു, തിരിച്ചെടുക്കുന്നു തൻ
ബാലരാം നമ്മെക്കളിപ്പിച്ചു കൊണ്ടഹോ
(വള്ളത്തോൾ — ഇന്ദ്രനും മാബലിയും)

ഒരിടത്തു സുഖം കതിരിടുന്നാകി–
ലരിയുവാനെത്തുമുടനെദുഃഖങ്ങൾ
(ജി. — പിന്നത്തെ വസന്തം)

[7] ഊഴിയിലോർക്കുമ്പോഴിക്കാറ്റിനും മനുഷ്യന്റെ
പാഴാം ജീവിതത്തിനും ഗതിയൊന്നതായത്–
കേഴുക, നെടുവീർപ്പിട്ടീടുക, തേങ്ങീടുക,
ചൂഴവും ചീറിക്കുതിച്ചോടുക, പിടയുക.
(ആശാൻ — ശ്രീബുദ്ധചരിതം)

ഉൽക്കടചിന്തയും കണ്ണുനീരു–
മുഗ്രവിഷാദവും വേദനയും
എന്നാലിടയ്ക്കിടയ്ക്കങ്ങുമിങ്ങും
മിന്നിപ്പൊലിയുന്ന പുഞ്ചിരിയും
(ചങ്ങമ്പുഴ — നിഴലുകൾ)

[8] കൊതിയേറിടുമിന്ദ്രിയങ്ങളെ–
പ്പതിവായ്പ്പോറ്റി നിരാശനായ് സദാ

മുതിഭീതിയെ നീട്ടി വാഴുമാ–
സ്ഥിതി ഞാൻ ജീവിതമെന്നു ചിന്തിയാ

(ആശാൻ — സീത)

[9] സ്നേഹഭാജനതയാർന്ന ഹൃത്തിതിൽ
ദേഹമിങ്ങിനെ വെടിഞ്ഞു പാറ്റപോൽ

(ആശാൻ — നളിനി)

തിരിച്ചു പിന്നെ വന്നിടാത്ത യാത്രയാണതാകയാൽ
കരത്തിലുള്ളതൊക്കെ നാമതിർത്തിയിൽ ത്യജിക്കണം
ഇഹത്തിലെ ധനം, സുഖം, യശസ്സ്, മാഭിജാത്യവും
വഹിച്ചുകൊണ്ടുപോകയില്ല മർത്ത്യനന്ത്യയാത്രയിൽ

(മേരി ജോൺ തോട്ടം — ലോകമേ യാത്ര)

[10] രോഹിണി തന്നൊഴുക്കിന്നൊലിയായ
മോഹനത്താരാട്ടിനാൽ വളർത്തമ്മപോൽ

(ആശാൻ — ശ്രീബുദ്ധചരിതം)

[11] യാന്ത്രികപരിഷ്കാരഹുങ്കാര
ഭ്രാന്തിലെൻ സ്വരം ചേർന്നരയാതെ
പാടലേ, ദേവപാതയിൽ പാടി–
പ്പാടിയങ്ങനെ പാറലേ കാമ്യം

(വൈലോപ്പിള്ളി — കടിയൊഴിക്കൽ)

[12] ... ...എങ്കിലും പിന്നെയും
കാണാക്കുയിലുകളായ് ഞങ്ങൾ പാടുന്നു

(ഒ. എൻ. വി. കുറുപ്പ് — പാടുന്നു പക്ഷികൾ)

മേലിലുമറിയേണ്ട ഞങ്ങൾ തന്നുരും പേരും
ചേലെഴുമുപഹാരം സ്വീകരിച്ചെന്നാൽ പോരും

(വി. എ. കേശവൻ നമ്പൂതിരി — പാടുന്ന ത്ണുകൾ)

[13] ഞാനൊരു ഗുരുവിന്റെ പാദസേവകൊണ്ടല്ലി
ഗ്ഗാനമഭ്യസിച്ചതെന്നറിയാമെല്ലാവർക്കും

(മേരി ജോൺ തോട്ടം — പൈങ്കിളി)

പാടുന്നു പക്ഷികൾ, ആരോ പഠിപ്പിച്ച
പാഠമുരുക്കഴിച്ചീടുകയല്ലിവർ

(ഒ. എൻ. വി. കുറുപ്പ് — പാടുന്നു പക്ഷികൾ)

[14] ഉലയിൽ ഉരുകട്ടെ എന്നിലെ ഞാനിന്നിന്റെ
തലയിൽ ഒരു ശാപമാകുവാനൊരുങ്ങില്ല

(കടമ്മനിട്ട — ഞാനും തെണ്ടിയും)

[15] തബലയടിച്ചതെൻ കരളോ, മനോഹരീ,
തടവും വിരൽത്തുമ്പിൽ തംബുരുവല്ലോ ഞാനും

(ഒ. എൻ. വി. കുറുപ്പ് — ആന്ധ്രഗ്രീഷ്മം)

വന്നാരാനുരസിയാലാത്മസൗരഭം വീശും
ചന്ദനത്തരുപോലായ്ത്തീരുകയാണെൻ ചിത്തം

(കൃഷ്ണൻ പറപ്പിള്ളി — ആത്മസൗരഭം)

[16] കാറ്റുതട്ടിയാൽ തനിയെ മൂളുന്ന വീണ (ഇംഗ്ലീഷിൽ aeolian harp)

അങ്ങിനെയിരിക്കെ നൽക്കമ്പികൾ ശ്രുതികൂട്ടി–
യങ്ങുതൻ കിളിവാതിലിൽ പടിമേലൊരു രാവിൽ
വെച്ചിരുന്നതു വെള്ളിവീണയൊന്നിളങ്കാറ്റു
സ്വച്ഛന്ദമടിച്ചതിൽ സ്വപ്നങ്ങൾ പൊങ്ങും മട്ടിൽ,
കമ്പിയിൽ കാറ്റടിച്ചിട്ടോരോരോവിധം ചെവി–
ക്കിമ്പമാമ്മാറു പല നാദങ്ങൾ പൊങ്ങീ മന്ദം.
താനേ തന്ത്രികൾ തൂവും കാകളി കുമാരനു
വാനവർ വിണ്ണിൽ വീണ വായിപ്പിതെന്നു തോന്നി

(ആശാൻ — ശ്രീബുദ്ധചരിതം)

It was a splendid evening and my soul
Once more made trial of her strength nor lacked
Aeolian visitations, but the harp
Was soon defrauded and banded host
Of harmony dispersed in struggling sounds
And lastly utter silence

(Wordsworh — Prelude)

[17] ദിവ്യദയാമൃതംപോലെ ഹിമകണം
ദീനദലങ്ങളെയുമ്മവച്ചു

(വൈലോപ്പിള്ളി — പള്ളിമണികൾ)

ചെറുകൈത്താരിൽ പകരട്ടെ ഞാൻ
മിഴിനീർ മുത്തിൻ നവമണികൾ

(പി. കുഞ്ഞിരാമൻ നായർ — മേടക്കാറ്റ്)

[18] ദുഃഖാനുഭവങ്ങളില്ലാതെ മനസ്സ് പക്വത നേടുകയില്ല.
രുചയാൽ പരിപക്വ സത്വനായ്

(ആശാൻ — സീത)

വിശസനം സുഖികളെ വിജ്ഞരാക്കുന്നു

(ആശാൻ — കരുണ)

തേഞ്ഞ വജ്രങ്ങൾ കാന്തി ചിതറുന്നു, വെയിലേറ്റു
കാഞ്ഞ ചൂതങ്ങൾ കനിയുതിരാൻ പൂത്തിടുന്നു

(ആശാൻ — അദ്ധ്യാപകവൃത്തി)

എങ്കിലും കാലത്തോടെന്നുടെ വാദമ–
ത്തിങ്കളീയല്ലിലാണെന്നു തന്നെ

(നാലപ്പാടൻ — എങ്കിലും)

ശോകങ്ങളാചാര്യന്മാർ ജീവിതാധാരമങ്ങു
ലോകവ്യാപിയാണെന്നു ഞങ്ങൾക്കു ബോദ്ധ്യപ്പെട്ടു

(ജി. — പുഷ്പഗീതം)

നിരന്തരാശ്രുക്കൾ നനച്ച ചിത്തേ
വിതച്ച ചിന്താകൃതമായ ബീജം
ക്രമത്തിൽ നന്നായി മുളച്ചുയർന്നു
മണം പെറും പൂക്കൾ വിരിഞ്ഞിടുന്നു

(കെ. എം. പണിക്കർ — ചിന്താതരംഗിണി)

പലദുഃഖ വിപത്തലയ്ക്കിലേ
നരനൊട്ടൊന്നു മനുഷ്യനായിടൂ

(പി. കുഞ്ഞിരാമൻ നായർ — ശ്രീരാമചരിതം)

ശോകമേ, ഹാ തകർന്ന ഹൃദയത്തെ
ലോകതത്വം പഠിപ്പിപ്പു നീ സദാ

(ചങ്ങമ്പുഴ — ബാഷ്പാഞ്ജലി)

മർത്ത്യനിൽച്ചേരുന്നിനൈശ്വര്യ ചൈതന്യ-
പൂർത്തി, വിയോഗത്തിൻ ദുഃഖവായ്പിൽ

(എൻ. വി. കൃഷ്ണവാരിയർ — ഫിറാക് ഗോരക്പൂരിയുടെ ഗസൽ)

ഈ വിധം കണ്ണുനീരാൽക്കഴുകണം
ജീവിതമതിൽ മാധ്വീ പകരുവാൻ

(ഒളപ്പമണ്ണ — എന്റെ ജീവിതം)

നോവുകളുണരാത്ത ഹൃദയം നിർഗന്ധമാം
പൂവുതാനല്ലോ കവിഹൃദയം സൗഗന്ധികം

(എസ്. രമേശൻ നായർ — സൗഗന്ധികം)

ശോകമാമരിയചിപ്പിയേതത്രു
പാകമെത്തിയ മഹാർഹമൗക്തികം

(യൂസഫലി കേച്ചേരി — കുസുമദർശനം)

[19] മാമകമുദ്രരസമാദകഹൃദയം
നീ മടിയാതെ പിഴിഞ്ഞാലും

(കെ. കെ. രാജാ — നിത്യതയോട്)

[20] ഭൂഗർഭാഗ്നികൊണ്ടു നെയ്തെടുത്ത നിൻ ഹൃദയം
എന്റെ വർത്തമാനത്തെ പൊള്ളിക്കുന്നു

(ബാലചന്ദ്രൻ ചുള്ളിക്കാട് — നെരൂദയ്ക്കു സ്തുതി ഗീതം)

[21] അഗ്നിതൻ പ്രസാദമെൻ ജീവിതമെന്നാലിതേ
യഗ്നിയിങ്ങവസാനമെന്നെയും ഭക്ഷിക്കുന്നു

(ഒ. എൻ. വി. കുറുപ്പ് — അഗ്നി)

[22] അത്രയേറെ ഞാൻ സ്നേഹിക്കയാലേ
മൃത്യുവുമൊരു മുത്തമായ്ത്തോന്നി

(വൈലോപ്പിള്ളി — ഒരു ഗാനം)

[23] ആകവേ പാർക്കുകിലാരുടെ കീർത്തിയും
ലോകത്തിൻ വായിലെ ലാലാബിന്ദു.
ആയതിൽ കാൽക്ഷണ മത്തയുലേറിനി–
ന്നാടിത്തകർപ്പതു പോലെ തോന്നും

(ഉള്ളൂർ — കർണ്ണഭൂഷണം)

സൂക്ഷിച്ചിടാനിത്ര കൊതിച്ചിടുന്നോ–
രിഖ്യാതിയെന്താണ്? നിനച്ചുകൊണ്ടാൽ
താൻമൂലമായ് ലോകർ സഹിച്ചുപോന്ന
വൻ സങ്കടത്തിന്നളവൊന്നു മാത്രം

(കെ. എം. പണിക്കർ — ചിന്താതരംഗിണി)

What care I for the wreaths that can give only glory

(Byron — All for love)

War, he sung, is toil and trouble
Honour but an empty bubble

(Dryden — Alexander's Feast or Power of Music)

[24] കമ്പമാർന്നതിൽ നില്ക്കുമീ പ്രേമം കാറ്റിൽ വീണ–
ക്കമ്പിമേലുണ്ടാം ക്ഷണസ്ഥായിയാം നാദം പോലെ

(ആശാൻ — ശ്രീബുദ്ധചരിതം)

[25] എൽവീറിന്റെ കുടീരം

[26] മറവി മാത്രം മരവിച്ച പോം വെറും
മറവി മാത്രം ജയിക്കുന്ന ഭൂമിയിൽ,
അതിനഗാധമാം ഗർത്തമുണ്ടൊന്നതി–
ലടിയണമേതൊരത്ഭുതസിദ്ധിയും

(ചങ്ങമ്പുഴ — തപ്തസ്മൃതി)

[27] പയസി നീന്തട്ടെ, മുങ്ങട്ടെ നീ കാക്കും
പരസഹസ്രായുതങ്ങളിലൊന്നിതും

(ബാലാമണിയമ്മ — തോണികൾ)

[28] പൂഞ്ചോല തൻ ശ്രുതിക്കൊപ്പിച്ച പൂങ്കുയിൽ
പഞ്ചമരാഗാലാപം തുടങ്ങവേ

(പി. കുഞ്ഞിരാമൻ നായർ — ഉഷസ്സുന്ദരിയോട്)

അന്തിക്കു പാണന്റെ പാട്ടിനൊപ്പ–
മാറ്റിന്റെയോളമുടുക്കടിച്ചു

(പി. കുഞ്ഞിരാമൻ നായർ — പിച്ചിച്ചീന്തിയ പുഷ്പചിത്രം)

[29] കാണാനുമാരുമേ കേൾപ്പാനുമായല്ല
തേനൊലി നൃത്തഗീതങ്ങൾ മുതിർപ്പു ഞാൻ;
ആരുമേ കാണുവാനായല്ല സുന്ദര–
നാനന്ദലീലയിൽ മുങ്ങുന്നു ബാലകൻ;
എന്തിനിരുളിൽ വിടരുന്നു ത്തുമുല്ല–
യെന്നതപ്പൂവിനു തന്നെയറിയുമോ?

(പി. കുഞ്ഞിരാമൻ നായർ – കൊച്ചുനർത്തകി)

പൂവുകൾ വിരിയും പോൽ ചെടിയ്ക്കു, പറവയ്ക്കു
പൂഞ്ചിറകിളകും‌പോൽ, എഴുതിപ്പോവുന്നു ഞാൻ

(കൃഷ്ണൻ പറപ്പിള്ളി – എഴുതിപ്പോവുന്നു ഞാൻ)

[30] പഴയഹേമന്ത സുഷപ്തിയിലേയ്ക്കു
തിരിച്ചു പോയൊരെൻ പിതാവിലേയ്ക്കിതാ
സമാധികൊണ്ടു ഞാൻ പറന്നുപോകുന്നു

(സച്ചിദാനന്ദൻ – ഇനിയും)

[31] മരണാനന്തര ജീവിതത്തെക്കുറിച്ചു ഊന്നിപ്പറയുന്ന ക്രൈസ്തവ വിശ്വാസത്തെയാണ് പരാമർശിച്ചിട്ടുള്ളത്.

വിശ്വാസമല്ലോ വിളക്കു മനുഷ്യനു
വിശ്വാസം ജീവസർവ്വസ്വമല്ലോ

(ആശാൻ – ദുരവസ്ഥ)

[32] മറചെയ്ക പുൽത്തട്ടിലെന്നെ, മീതെ–
യൊരു കല്ലുപോലുമുയർത്തിടാതെ;
കരളിന്നു ഭാരമാം–അത്രനാളും
ചെറുപല്ലുമെങ്ങിനെ കാത്തുനില്ക്കും

(വൈലോപ്പിള്ളി – പുല്ലുകൾ)

തുച്ഛമാമിശ്ശവകുടീരത്തിൽ
വെച്ചിടായ്കൊരു ദീപവും:
കൊച്ചുപാറ്റതൻ പൂഞ്ചിറകുക–
ളശ്ശിഖയിൽ കരിഞ്ഞിടാം.
നട്ടിടായ്കൊരു കാട്ടുവള്ളിയു–
മിത്തറയ്ക്കുമുകളിലായ്;
അപ്പടർപ്പിലൊളിഞ്ഞുരാപ്പാടി
ദുഃഖഗീതം ചൊരിഞ്ഞിടാം

(എസ്. കെ. പൊറ്റക്കാട്ട് – കുട്ടുകാരി (ചെറുകഥ))

Thus let me live unseen, unknown;
Thus unlamented let me die;
Steal from the world, and not a stone
Tell where I lie.

(Alexander Pope – The quiet life)

[33] പഥിക, നായൊരു കണ്ണുനീർത്തുള്ളിയീ
മഥിതചിത്തത്തിനായുതിർക്കേണമേ,
അതു സമാശ്വസിക്കട്ടെ തെല്ലെങ്കിലും
ഇവിടെ വന്നൊന്നിരുന്നിട്ടുപോക നീ
(ചങ്ങമ്പുഴ — ഇരുളിൽ)

[34] കുടിതു വെടിഞ്ഞിപ്പോളമരർക്കിമ്പം ചേർക്കാൻ
പാട്ടുകയാവാം വിണ്ണിൻവാടിയിൽ നീയെന്നാലും
(യൂസഫലി കേച്ചേരി — മുഹമ്മദ് റാഫി.)

ഗന്ധർവ ഗായകന്മാരുതിർത്തീടുന്ന
ബന്ധുരസംഗീതസാരം നുകർന്നിതോ?
(യൂസഫലി കേച്ചേരി — ജാതകം കുറിക്കുമ്പോൾ)

Where the bright seraphins in burining row
Their loud uplifted angel-trumpets blow,
And the Cherubic host in thousand quires
Touch their immortal harps of golden wires
(Milton — At a solemn music)

[35] കിനാവുപോലെ ഞാൻ പൊലിഞ്ഞിപോകുമ്പോൾ
വരിക ജീവന്റെ മെഴുതിരിയുമായ്
ഒരു തലയോടി നിറയെ വീഞ്ഞുമായ്
ഹരിതചർമ്മത്തിന്നൊലീവിലയുമായ്
വരിക നീ, ശവമുറിയിൽ നിന്നെന്നെ വിളിച്ചുണർത്തുവാൻ
(ബാലചന്ദ്രൻ ചുള്ളിക്കാട് — മരണവാർഡ്)

പറഞ്ഞിടുന്നു യാത്ര ഞാൻ ശ്രുവിക്ക മിത്രലോകമേ,
യിറങ്ങിടുന്നു, നിങ്ങളെപ്പിരിഞ്ഞു പോയിടുന്നിതാ.
കുറച്ചു കാലമീവിധം കഴിഞ്ഞിടട്ടെ, മേലിലേ
ക്കുറപ്പുഞാൻ തരുന്നു, ചേർന്നിടാം നമുക്കു നിത്യമായ്.
(മേരി ജോൺ തോട്ടം — ലോകമേ യാത്ര)

രാവും പകലും കരളിൽ സാധന ചെയ്യേനൊരുരാഗം
പോവും മുമ്പിജ്ജീവിത, മതുപരിപൂർണ്ണത പൂണ്ടെങ്കിൽ!
നിറവേലുന്നോരീജ്ജന്മത്തിലെ മമ സന്ദേശത്തെ,
പ്രവഹിപ്പിക്കാൻ സാധിച്ചെങ്കിൽ പ്രപഞ്ചസംഗീത-
പ്രപൂർണ്ണനദിവഴിയന്തിമപാരാവാരം പ്രാപിക്കാൻ
നോക്കട്ടെ.
(ടാഗോർ — ഗീതാഞ്ജലി (ജി.))

ചെന്നായയുടെ മരണം

ആൽഫ്രെദ് ദ് വിഞ്ഞി (1797–1863)

ALFRED DE VINGY

റൊമാന്റിക്ക് കളരിയിൽ ഹ്യൂഗോവിന്റെയും ലമാർത്തീനിന്റെയും കൂട്ടികാരനായ അൽഫ്രെദ് ദ് വിഞ്ഞി പട്ടാളജീവിതത്തിൽ മടുപ്പുതോന്നി ആഫീസർജോലി രാജിവെച്ചാണ് സാഹിത്യജീവിതം ആരംഭിച്ചത്. ദാർശനികത മുന്നിട്ടുനില്ക്കുന്നവയാണ് അദ്ദേഹത്തിന്റെ കവിതകൾ. നോവൽ–നാടകകർത്താവ് കൂടിയാണ്. നൈരാശ്യത്തിന്നടിപെടാത്ത, മതവിശ്വാസത്തിൽ അഭയംതേടാത്ത, ഗർവ്വും അതോടൊപ്പം അനുകമ്പയും കലർന്ന വിഷാദാത്മകതയാണ് വിഞ്ഞിയുടെ ദർശനത്തിന്റെ അടിസ്ഥാനഭാവം. ഗ്രീക്ക് 'സ്റ്റോയിസിസ'ത്തിന്റെ ഒരു വകഭേദമെന്നു പറയാം.

നായാട്ടുകാരാം ഞങ്ങൾ
പെട്ടെന്നു വളഞ്ഞപ്പോൾ
പെട്ടുപോയിനിരക്ഷ–
യില്ലെന്ന ബോധത്തോടെ
ഇരുന്നൂ ചെന്നായ മുൻ–
കാലുകൾ മടക്കാതെ
വളഞ്ഞ നഖങ്ങള–
പ്പൂഴിയിൽ പൂഴ്ത്തും വണ്ണം.
ഇണയും കിടാങ്ങളും
മരുവും മടിയിലേ–
യ്ക്കിനിമേലാ മടങ്ങുവാൻ,
മാർഗ്ഗങ്ങളെല്ലാം മുട്ടി.
എന്നിരുന്നാലും കണ്ഠം
തൻവായിലകപ്പെട്ട
വിമ്മുമച്ചുണയുറ്റ
പട്ടിയെ വിട്ടില്ലവൻ.
എരിയും വക്ത്രത്തിങ്ക–
ലുരുക്കുദംഷ്ട്രങ്ങൾ തൻ
പിടുത്തം മുറുകവേ
പിടവൂ ശ്വാവിൻ ഗളം.
ചീറുന്ന തീയുണ്ടകൾ തൻമാംസം തുളച്ചുപോയ്
ചാട്ടു കത്തികൾ മെയ്യിൽത്തറഞ്ഞു കിടക്കുന്നു.
കഴുത്തു ഞെരിക്കയാൽ ഞങ്ങൾതൻ നായിൻ കഥ
കഴിഞ്ഞെന്നുറപ്പായ വാറവൻ പിടിവിട്ടു.
തനിക്കുമുമ്പേ, തന്റെ ചാവൊരിക്കിന ശ്വാനൻ

മരിച്ചനേരത്തവൻ ഞങ്ങളെ നോക്കീടിനാൻ. [1]
നായ്‌വീണ കാൽക്കീഴിലെന്നാകിലും തന്മേനിയിൽ
താണിറങ്ങിയ ചാട്ടുകത്തികൾ വീണില്ലൊന്നും.
നോക്കിനാനവനൊന്നു കൂടവേ ചുഴലവും
തോക്കുമായ് നിലകൊള്ളും ഞങ്ങളെ, യതിൽ പിന്നെ
വായിനുചുറ്റും തങ്ങിനില്പുള്ള നിണം നക്കി
പയ്യവേ തലതാഴ്ത്തിക്കിടന്നാനവിടത്തിൽ–
തന്നുടെ ചുടുനിണത്തിങ്കൽ മുങ്ങിന പല്ലിൽ
ചാട്ടുകത്തികളാലേ ശരശയ്യയിലായി.
എങ്ങിനെ മരിപ്പുതാനെന്നോരാൻ മുതിരാതെ
തൻപെരും കൺകൾ പൂട്ടി മരിച്ചാൻ നിരാക്രന്ദം.
നിനച്ചുപോയേൻ ഞാനാ
 വല്ലാത്ത നിമേഷത്തിൽ:
മനുഷ്യനെന്ന മഹ–
 ന്നാമധാരികൾ നമ്മൾ
എത്രമേൽ ദൗർബല്യമാർ–
 ന്നീടുവോർ, പറഞ്ഞാകിൽ
എത്രയും നാണംതോന്നി–
 യെനിക്കു നമ്മെപ്പറ്റി.
അറിയാം നിങ്ങൾക്കെമ്മ–
 ട്ടോതണം വിട വാഴ്വോ–
ടതിൻ മാൽകളോടെന്നു
 മഹിതജന്തുക്കളേ. [2]
നാമെന്തായിരുന്നെന്നു–
 മെന്തൊണു വിട്ടേച്ചു നാം
പോകുന്നുവെന്നും പാർത്താൽ
 മൗനം താൻ മഹനീയം. [3]
ദൗർബല്യമല്ലോ മറ്റു
 സർവവും വനചരാ.
നിന്നെ ഞാനിപ്പോൾ നന്നാ–
 യറിവൂ, കടന്നുനി–
ന്നന്തിമ നോട്ടമെന്റെ
 കരളിന്നകത്തേയ്ക്കു.
‘ആവതോ നിനയ്ക്കെങ്കി–
 ലായത്തമാക്കിടു നി–
ന്നാത്മാവി, നശ്രാന്തമാം
 പഠനമനനത്താൽ
നിതരാമുദാത്തത
 പൂണുന്ന സുഖദുഃഖ–
സമതയെന്നുള്ളതാ–
 മായഭിമാനാവസ്ഥ, [4]
വനജാതൻ ഞാൻ നേർത്തേ
 പ്രാപിച്ചൊരുച്ചാവസ്ഥ.

… … … … …
ആർത്തനാദ്ധ്ഘോഷങ്ങുന്നതും
കണ്ണുനീർവാർക്കുന്നതും
പ്രാർത്ഥനചെയ്യുന്നതു–
മൊരുപോൽ ഹീനത്വമാം. [5]
ഏതൊരു വഴിയിലോ
വിളിച്ചു വിധിനിന്നെ,
ആ വഴിയിങ്കൽ സ്വന്തം
കർത്തവ്യം നിറവേറ്റൂ.
ദീർഘിച്ചതാവാമതു,
ഭാരിച്ചതാവാമതു
നീയൂർജ്ജസ്വലമായി
നിർവഹിച്ചാവൂ ധർമ്മം. [6]
കൃതമായ് നിൻകൃത്യമെ–
ന്നാകിലോ, എന്നെപ്പോലേ
സഹനാത്മകനായ് നീ
മിണ്ടാതെ മരിച്ചാലും’ [8]
എന്നല്ലിയെന്നോടതി
നിന്റെയന്തിമനോട്ടം?

LA MORT DU LOUP

കുറിപ്പുകൾ

[1] നായയോ കെടാനാളും ദീപനാളംപോൽ ഞെട്ടി–
പ്പായുന്നു ശരംപോലാനിഴലിൻ പിമ്പേ, താങ്കൾ
വെൺപുക, നാറ്റം മുയലിന്റെ പിന്നാലെ നായും
കുത്തനെപ്പാറപ്പുറം വിട്ടഗാധമാം മൃത്യു–
ഗർത്തത്തിൽ പോയ്മായുന്നു … … … … …

(എൻ. വി. കൃഷ്ണവാരിയർ — നായാട്ട്)

[2] എന്തുപഠിപ്പുള്ളവരേക്കാളും
ജന്തുക്കൾക്കറിവേറെക്കാണ്മൂ

(നാലപ്പാടൻ — ദൈവഗതി)

[3] വരൂ, മൗനത്തിന്റെ മടിത്തട്ടിൽ സത്യം
വരൂ മൗനത്തിന്റെ മുലഞെട്ടിൽ സൗഖ്യം
മഹാകാവ്യം മൗനം മഹാജ്ഞാനം
മഹാഗാനം മൗനം മഹാശില്പം മൗനം.

(സച്ചിദാനന്ദൻ — ജീവിതത്തിന്റെ അവശിഷ്ടങ്ങളിൽ നിന്ന്)

പാരിൽപലേ സുഖമയൂഖഗണത്തിനൊറ്റ–
വേരായടിക്കു വിലസും രവി മൗനമെത്ര

(ആശാൻ — വനയാത്ര)

[4] മാഴ്കരുതുമഞ്ജുമുഖി, സത്യമൊടസത്യം
വ്യാകലിതമായ പൊരുളാണു ഭുവനംകേൾ
ഏകരസമായ് ഗുണമെഴില്ലറികയെങ്ങും,
ലോകമിതിൽ നന്മയൊടു തിന്മപൊരുതുന്നു,

(ആശാൻ — നിഷ്കപടതയോട്)

പോരുമീ വിഭ്രാന്തി: മോദവും ഖേദവും
വൈരോചിനിക്കില്ല ലബ്ധ നഷ്ടങ്ങളിൽ

(വള്ളത്തോൾ — ഇന്ദ്രനും മാബലിയും)

നന്നിതെന്നാൽ സുഖാസുഖശബ്ദങ്ങൾ–
ക്കൊന്നുതന്നെയാണർത്ഥം പ്രപഞ്ചത്തിൽ

(വള്ളത്തോൾ — എന്റെ ജോലി നോക്കട്ടെ)

അല്ലെങ്കിലേതോദുരപായദുഃഖം
വരട്ടെ; വന്നാലുമതിന്റെ കൂടേ
അതുംസഹിക്കുന്ന മനക്കരുത്തു–
ണ്ടാകുന്നിതല്ലോ ഭുവനസ്വഭാവം.

... ...

അണച്ചുകൊൾകെന്റെ ശിരസ്സിലാപ–
ത്താവോളമിഷ്ടപ്പടി ദുർവിധേ നീ

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

[5] ക്ഷാളനം കണ്ണീരിലോ, പ്രാർത്ഥനയാരോടാവോ?

(വൈലോപ്പിള്ളി — കേരളകവി)

ദുരവസ്ഥകടിച്ചുണ്ടാം
വേദനാ വിഷമേല്ക്കിലും
മുടിഞ്ഞുപോവാനല്ലീ ഞാൻ
നീ തുക്കൈനീട്ടിനില്ക്കവേ

(കെ. കെ. രാജാ — മരണമില്ല)

കഠിനശോകമതെത്ര ഞെരിക്കിലും
കരയുകയില്ല ഞാൻ മേലിലൊരിക്കലും

(ചങ്ങമ്പുഴ — അനുബന്ധകവിതകൾ)

[6] ഓരോന്നായ് ദിവസങ്ങൾ തോറുമുളവാ–
കുംകൃത്യഭാരങ്ങളി–
ന്നോരാതൊത്തൊരു ദർശനത്തിലിഹനാം
കാണുന്നുവെന്നാകിലോ
പാരംബുദ്ധിമടുത്തു ഭാരമഖിലം
ചിന്തിച്ചു ചിത്താശയും
തീരെദ്ധീരതയും വെടിഞ്ഞിവിടെ നാ–
മെങ്ങും കുഴങ്ങില്ലയോ?

(ആശാൻ — നമ്മുടെ മൂടുപടം)

മച്ചപലതേ, മാപ്പുചോദിക്ക നീ:
ഇച്ചുമടിനുണ്ടെത്രമാത്രം കനം?
പാഴിലത്താണി തേടി നടക്കാതെ
പൗരുഷത്തൊടെൻ ജോലി നോക്കട്ടെ ഞാൻ

(വള്ളത്തോൾ — എന്റെ ജോലി നോക്കട്ടെ)

ജീവൻവരണ്ട തൃണമാണതുപോയിയെങ്കിൽ
പോവട്ടെയെൻകടമ ഞാൻ നിറവേറ്റുമെങ്കിൽ

(ചങ്ങമ്പുഴ — നാട്ടിന്നു)

[7] (ജീവിതമൊരേതീവ്രസഹനം) പൊട്ടാറായ
വീണതന്നിറുകിയ കമ്പിയായ് സഹിക്കുമ്പോൾ

(ഒ. വി. ഉഷ — വീണക്കമ്പി)

[8] നന്നാവില്ലി പ്രപഞ്ചം, ദുരയുടെ കൊടിയേ
പൊങ്ങൂ, നാറ്റം സഹിച്ചും
നിന്നീടാനിച്ഛയെന്നോ, മഠയ, മനുജ നീ
പോക, മിണ്ടാതെ ചാകൂ

(ചങ്ങമ്പുഴ — സ്വരരാഗസുധ)

ഇല്ലവൾ

വിക്തോർ ഹ്യൂഗോ (1802–1885)

VICTOR HUGO

'പാവങ്ങ'ളിലൂടെ നോവലിസ്റ്റെന്ന നിലയിൽ കേരളീയസഹൃദയർക്കു സുപരിചിതനായ വിക്തോർ ഹ്യൂഗോ ഫ്രാൻസിന്റെ ഏറ്റവും വലിയ ദേശീയ കവിയാണ്. ജീവിതത്തിന്റെ സമസ്തവശങ്ങളേയും സ്പർശിച്ച ഹ്യൂഗൊ, വൈവിദ്ധ്യത്തിലും വൈപുല്യത്തിലും ആശയപരമായ ആഴത്തിലും അതുല്യനായി വർത്തിക്കുന്നു. ഫ്രെഞ്ച് കവിതയേയും നാടകത്തേയും ക്ലാസ്സിസിസത്തിന്റെ പിടിയിൽനിന്നു മോചിപ്പിച്ച് റൊമാന്റിസിസത്തിന്റെ വിശാലതയിലേയ്ക്കു കൊണ്ടുവന്ന സാഹിത്യകാരന്മാരുടെ ആചാര്യനാണദ്ദേഹം. 19-ആം വയസ്സിൽ മധുവിധുകാലത്ത് ഭർത്താവോടൊപ്പം 'സേൻ' നദിയിൽ മുങ്ങിമരിച്ച മകൾ ലെയോപോൽദീനിനെ (LEOPOLDINE) അനുസ്മരിച്ചെഴുതിയ അനേകം കവിതകളിൽ രണ്ടെണ്ണമാണ് ഇതും, ഇതിന്നടുത്തതും.

അവൾതൻ ബാല്യത്തിങ്ക–
ലെൻ മുറിക്കകത്തവ–
ളണയാറുണ്ടായിരു–
ന്നെന്നുമേ പ്രഭാതത്തിൽ.
പ്രത്യാശാനികേതമാ–
മൊരു പൊൻകതിരെപ്പോ [1]
ലെന്നോമൽക്കുമാരിയെ–
ക്കാത്തു ഞാനിരിപ്പുണ്ടാം.
വന്നകം പൂകീട്ടവൾ
'വന്ദനമച്ഛ'ന്നെന്നു
ചൊന്നീടുമളവിങ്ക–
ലെന്നകം നിറഞ്ഞുപോം.
ചന്തത്തിലവളെന്റെ
തൂലികയെടുത്തീടും,
ഗ്രന്ഥങ്ങളോരോന്നായി–
ത്തുറന്നു നോക്കും വേഗം,
കട്ടിലിലിരുന്നീടും,
ഞാൻ വെച്ച കടലാസ്സു
കെട്ടുകൾ വലിച്ചീടും,
തുമന്ദഹാസംതൂകും;
എന്നിട്ടു, നിനയാത്ത
മട്ടവ, ളൊരു കൊച്ചു
പൈങ്കിളി പാറുംപോലെ–

യെന്നെ വിട്ടോടിപ്പോകും.
അവൾതൻ സാമീപ്യത്തി–
ലെൻ തല പുകയ്ക്കുന്ന
വിവധപ്രശ്നങ്ങൾ ത–
ന്നഗ്രത കുറഞ്ഞുപോം. [2]
തടസ്സപ്പെട്ടുള്ളോരെൻ
സാഹിതീസപര്യഞാ–
നടനത്തവ്വിൽത്തന്നെ
സോൽസാഹം തുടർന്നീടും. [3]
കാണുവാനിടവരു–
മെനിക്കാക്കുഞ്ഞിക്കയ്യിൻ
ചേണെഴും വിളയാട്ട–
മപ്പൊഴെൻ കടലാസ്സിൽ:
വിരിച്ചിട്ടുണ്ടാമവൾ
തന്മനോവിലാസംപോൽ
ചിരിക്കു വകനല്കും
ചിത്രങ്ങൾ ചിലതെല്ലാം; [4]
ഒട്ടേറെയുണ്ടാം വെള്ള–
ത്താളുകൾ തൻകൈകളിൽ
പെട്ടതുമൂലം മാത്രം
ചുളിഞ്ഞുകിടക്കുന്നു.
ഞാനെഴുതീടുന്നതി–
ലേറ്റവും മധുരമാം
ശീലുകളവയിലാ–
യെമ്മട്ടോ പതിഞ്ഞീടും! [5]
ഇഷ്ടമായിരുന്നവൾ–
ക്കീശനും പുഷ്പങ്ങളും
നക്ഷത്രനിരകളും
പച്ചപ്പുൽനിലങ്ങളും.
സ്ത്രൈണമാം പരിപാകം
പ്രായത്താൽ നേടും മുൻപേ
താനൊരു മനീഷിണി–
യെന്നവൾ തെളിയിച്ചാൾ.
അന്തരാത്മാവേന്തിന
നിർമ്മലപ്രകാശം തൽ–
ബന്ധുരാപാംഗങ്ങളിൽ
ബിംബിതമായിക്കണ്ടേൻ.
അറിയാ, നെല്ലാറ്റിനെ–
പ്പറ്റിയുമെൻപൊന്നുമോ–
ളെറിയും ചോദ്യങ്ങളെൻ–
നേർക്കായിട്ടെന്നേരവും.
ഹേമന്തസായാഹ്നങ്ങ–
ളെത്രയിമ്മട്ടിൽ ഞങ്ങ–

ളാനന്ദാവഹചർച്ചാ–
വേളകളാക്കീല്ലന്നു!
ഭാഷയാം, ചരിത്രമാം,
വ്യാകരണത്തിൻ പ്രശ്ന–
ലേശമാ, മെല്ലാം തന്നെ
വിസ്തരിച്ചീടേണം ഞാൻ.
എൻപ്രിയമക്കൾ നാലു–
മൊപ്പമെൻ മടിത്തട്ടിൽ
തൊട്ടടുത്തവരുടെ
മാതാവു, തീക്കുണ്ഡത്തിൻ
മൂലയിൽ നർമ്മോക്തികൾ
കൈമാറും ചില തോഴർ,
അത്യല്പാൽ നിറതൃപ്തി
നേടിഞാനാനാൾകളിൽ ......
ഇന്നിപ്പോളിവന്നയ്യോ,
'ഇല്ലവ'ളെന്നോതേണ്ടി [6]
വന്നു, ഹാ കഷ്ടം കഷ്ടം
പാഹിമാം ജഗൽപ്രഭോ!

ELLE AVAIT PRIS CE PLI ...

കുറിപ്പുകൾ

[1] ആജന്മരമ്യമാമാഹ്ലാദ രശ്മി നീ–
യാനന്ദസാമ്രാജ്യച്ചെങ്കോലു നീ
(വള്ളത്തോൾ – എന്റെ കൊച്ചുമകൾ)

അവനെക്കാണുന്നതായെന്നുടെ സൂര്യോദയം
അവനെ സ്നേഹിപ്പതായെന്നുടെ പുണ്യോദയം
(വൈലോപ്പിള്ളി – കുറ്റക്കാരൻ)

നീയൊരു വെളിച്ചത്തിൻ ബിന്ദുപോലതിൻ ദൂരാ–
പാരശൂന്യതയിൽ നിന്നിങ്ങുവന്നല്ലോ കുഞ്ഞേ
(എൻ. വി. കൃഷ്ണവാരിയർ – മരണത്തെപ്പറ്റി ഒരു ഉപന്യാസം)

ആ മിടുക്കൻ കടന്നാനകത്തൊരു
സോമരശ്മിപോലുൾക്കളിരേകുവാൻ
(ബാലാമണിയമ്മ – അമ്മ)

കൊച്ചു പുലരൊളിനാളം കണക്കിനെ
നിശ്ശബ്ദമോമനേ നീ കിടക്കേ
(ബാലാമണിയമ്മ – ഉദയം)

അവളൊരു രശ്മിപോലെൻ കുടലിങ്കല–
ന്നവിരളശ്രീ പൊഴിച്ചെത്തി
(ചങ്ങമ്പുഴ – വ്യാമൂഢൻ)

[2] നരജീവിതമായ വേദനയ്–
ക്കൊരുമട്ടർഭകരൗഷധങ്ങൾ താൻ

(ആശാൻ — സീത)

ഖേദിച്ചുള്ളിൽ ചിന്തപൂണ്ടാലുമച്ഛൻ
മോദിച്ചീടുന്നെന്മുഖം കാൺകിലപ്പോൾ

(ആശാൻ — അച്ഛൻ)

മകന്റെ കുഞ്ഞോമന മെയ്യുണർന്നു
പുണർന്നുമാലൊക്കെ മറന്നു താതൻ

(വൈലോപ്പിള്ളി — മാധവി)

ആർത്തിരമ്പട്ടെ നിരാശകൾ, വേദന
പേർത്തും പെരുമ്പറ കൊട്ടിടട്ടെ
ശക്തമല്ലുള്ളിൽ കടക്കാ, നവയെപ്പോൾ
ശബ്ദമുയർത്തിടുമപ്പൊഴെല്ലാം
നെഞ്ചിലെന്നോമനേ നീ ചൊല്ലും പൈങ്കിളി–
ക്കൊഞ്ചലിൻനാദമലയ്ക്കുകയായ്

(ചെമ്മനം ചാക്കോ — കിളിക്കൊഞ്ചൽ)

Come to me O ye children
For I hear you at your play
And the questions that perplexed me
Have vanished quite away

(J. W. Longfellow — Children)

[3] സുതനിപ്പണി തീർത്തു മാമകാങ്കേ
കൃതകൃത്യന്റെ നിലയ്ക്കു കേറിവന്നാൻ
ബതശൈശവമേ തവസ്മിതം താ–
നിതൾ ചേർക്കുന്നിതു പൂത്തിടാച്ചെടിയ്ക്കും

(വള്ളത്തോൾ — കാറ്റിൽ പറന്ന കവിത)

[4] കവിതക്കടലാസ്സിലാണ് പൂവൽ
പ്പവിഴക്കൈകൾ പതിച്ചതെന്റെ കുട്ടൻ

(വള്ളത്തോൾ — കാറ്റിൽ പറന്ന കവിത)

പിച്ച നടക്കും കയ്യക്ഷരമൊട്ടു
കൊച്ചുമകന്റെയെഴുത്താണല്ലോ ……
വെൺ കടലാസ്സിൻ മുറ്റത്തിട്ടു മ–
നം കവരുന്നൊരു പൂക്കളമല്ലോ

(വൈലോപ്പിള്ളി — ഓണക്കിനാവ്)

ഏഴെട്ടുകോറലാം ചുറ്റഴിക്കുടാർന്നു–
ണ്ടേതെല്ലാം കാഴ്ചകളിച്ചുമരിൽ

(ബാലാമണിയമ്മ — കളിക്കൊട്ടിൽ)

[5] അതു വാരിയെടുത്തു പൈതൽ വായി–
ച്ചിതു തോന്നുമ്പടി തന്റെ ഭാഷയിൽത്താൻ
മുതുകയ്യെഴുമക്കൃതിയ്ക്കുമപ്പോൾ
പുതുതേൻതുള്ളികൾ ചേർന്ന ചേലിണങ്ങി

(വള്ളത്തോൾ – കാറ്റിൽ പറന്ന കവിത)

പേനയും കടലാസ്സും നിലത്തിട്ടാരോമലിൻ
മേനിയിൽ പതിഞ്ഞിതെൻ കോൾമയിരണിക്കൈകൾ.
എന്നിലും മികച്ചൊരീയൈശ്വര്യതേജോംശത്തിൻ
പൊന്നുടലെന്റേതെന്നായ്ക്കുടന്നു പുണർന്നപ്പോൾ
എന്മനസ്സുയർന്നോളംവെട്ടി, ക്കൺകളിലൂടേ
നന്മയിൽപ്പൊഴിക്കയായ് നിർമ്മലം കാവ്യാമൃതം

(ബാലാമണിയമ്മ – അമ്മ)

[6] ഒരുനാൾ–ഒരുനാളുണർന്നപ്പോഴില്ല, നീ,
ഇല്ല നീ, ഇല്ലാതായ് നീ

(ജി. കുമാരപിള്ള – ഇല്ല)

ഞാൻ പുറപ്പെടും നാളെ

വിക്തോർ ഹ്യൂഗോ (1802–1885)

VICTOR HUGO

മകൾ ലെയൊപൊൽദീനിന്റെ ചരമവാർഷികത്തിൽ പാരീസിൽ നിന്നു വളരെ അകലെയുള്ള അവളുടെ കുടീരത്തിൽ പൂക്കളർപ്പിക്കാൻ ഹ്യൂഗൊ ഒരു തീർത്ഥാടകനെപ്പോലെ പോകുക പതിവായിരുന്നു.

ഞാൻ പുറപ്പെടും നാളെപ്പുലരിത–
ന്നാദ്യവെട്ടമിങ്ങെത്തുമ്പോഴേയ്ക്കുമേ;
നോക്കു, പൊന്നുമോളദ്ദിക്കിലച്ഛനെ–
ക്കാത്തിരിക്കുന്നുവെന്നു ഞാനോരുന്നേൻ.
കാടുതാണ്ടിയും മേടുകയറിയും
ഞാനണഞ്ഞിടും നിന്നന്തികത്തിലായ്;
വയ്യെനിക്കിനിയൊട്ടുമേ നിന്നുടെ
സന്നിധാനത്തിലെത്താതിരിയ്ക്കുവാൻ.
ചുറ്റുമൊന്നുമേ കാണാതെ കേൾക്കാതെ
മുറ്റും നീമാത്രം തിങ്ങും നിനവുമായ്
ഏകനായുമജ്ഞാതനായും വ്യഥാ–
ഭാരവുമേന്തിക്കുന്നു ഞാൻ നീങ്ങിടും. [1]
ഇല്ലറിയില്ല രാപ്പകൽഭേദം ഞാ–
നില്ല കാണില്ല സന്ധ്യതൻ പൊൻമഴ,
ഇല്ല കണ്ണിൽപെടില്ല 'സേൻ' തന്നിലൂ–
ടങ്ങു നൗകകൾ നീങ്ങി മറവതും. [2]
ആഗതനായ്ക്കഴിഞ്ഞാലവിടെ നീ–
യന്ത്യവിശ്രമം കൊള്ളും കുടീരത്തിൽ
പച്ചിലകളും പൂക്കളും ചേർന്നതാം
പൂങ്കുലയൊന്നു വെയ്ക്കും ഞാനോമനേ! [3]

DEMAIN DES L'AUBE ...

കുറിപ്പുകൾ

[1] അറിയാറില്ലിതൊന്നുമത്തിരുവടിചിത്തം
കുറിയിൽനില്ക്കും യോഗിയോരില്ല ബഹിർലോകം

(ആശാൻ — ശ്രീബുദ്ധചരിതം)

[2] യാമങ്ങൾ നിമിഷങ്ങൾപോലെ പോവതോ, സൂര്യൻ
കോമളാംശുവായ് പശ്ചിമാശാങ്കമണഞ്ഞതോ
ഭ്രൂമുഖം മങ്ങുന്നതോ, നക്ഷത്രകലാപയായ്
യാമിനി വരുവതോ ഭഗവാനോരുന്നീല

(ആശാൻ — ശ്രീബുദ്ധചരിതം)

[3] Mathew is in his grave, yet now
Methinks I see him stand
As at that moment, with a bough
of wilding in his hand

(Wordsworth — The two April mornings)

അർത്ഥന

വിക്തോർ ഹ്യൂഗോ (1802–1885)

VICTOR HUGO

നഭസ്സിലെ ച്ചിത്രപതംഗമത്തോ–
ടുരച്ചു പുഷ്പം: പിരയായ്ക നാഥാ! [1]
വിഭിന്നമസ്മദ്വിധി, മണ്ണിൽ നില്പൂ
നിർഭാഗ്യ ഞാൻ, നീ ദിവി സഞ്ചരിപ്പൂ.
എന്നാകിലും സ്നേഹനിബദ്ധരാം നാം
മനുഷ്യസമ്പർക്കസഹായമെന്യേ
മേവുന്നു, തുല്യാകൃതിപൂണ്ട നമ്മെ–
ഗ്ഗണിപ്പൂ പുഷ്പദ്വയമായി ലോകം. [2]
ഹാ, കഷ്ടമെന്നാൽ സ്ഥിതി: വായു നിന്നെ–
ദ്ധരിപ്പൂ, ബന്ധിപ്പിതു ഭൂമിയെന്നെ.
വെമ്പുന്നു ഹൃത്തെൻപ്രിയ, നിൻപ്രയാണം
മദീയവീർപ്പാൽ സുരഭീകരിപ്പാൻ!
അശക്യമെന്നാ, ലതിദ്ദൂരെ നീ മ–
റ്റനേക സൂനങ്ങളിൽ മുഗ്ദ്ധചിത്തൻ;
ഞാനാകിലേകാകിനി, താഴെ നോക്കി–
ക്കഴിയ്ക്കണം തൻലിഴലിൻ തിരിച്ചൽ.
പോകുന്നു നീ പിന്നെ വരുന്നു, വീണ്ടും
പോകുന്നിതന്യത്ര ലസിപ്പതിന്നായ്;
നവപ്രഭാതങ്ങളിലശ്രുവാർത്തു
നിൽക്കുന്നു ഞാൻ, നീയിതു കാൺമിതില്ലോ! [2]
ക്കുറാർന്ന രാഗത്തൊടു നമ്മളെന്നും
ജീവിക്കുവാൻ നീ മമജീവനാഥാ, [4]
ഈ മണ്ണിൽ വേരേന്തുക, യല്ലയെന്നാൽ
നിന്മട്ടെനിയ്ക്കും ചിറകേകിയാലും!

LA PAUVRE FLEUR DISAIT …

കുറിപ്പുകൾ

[1] എത്തിയ കരിവണ്ടിൻ കൊടക്കാറൊളിമെയ്യിൽ
മുത്തിയ മിഴിയോടെ വാരിജമപേക്ഷിച്ചു:
പോവല്ലേ ദേവാ, എന്നെക്കേവലം മറന്നന്യ–
പൂവുകൾ വിടർന്നീടും ഗോപികാവനംതേടി

എത്ര നാളിവൾ കാത്തുനോറ്റിരുന്നെന്നോ രാഗ–
സിദ്ധിതൻ കതിർച്ചൂടുമിപ്രഭാതത്തിന്നായി

(ചെറിയാൻ കെ. ചെറിയാൻ — പങ്കജഗീതം)

[2] ഈ വല്ലിയിൽനിന്നുചെമ്മേ–പൂക്കൾ
പോകുന്നിതാ പറന്നമ്മേ,
തെറ്റിനിണയ്ക്കുണ്ണി ചൊല്ലാം–നൽപ്പൂ–
മ്പാറ്റകളല്ലേയിതെല്ലാം

(ആശാൻ — കുട്ടിയും തള്ളയും)

അന്നൊപ്പമാമഴകു കണ്ടു വിരിച്ചിടും നീ
യെന്നോർത്തു ചിത്രശലഭങ്ങളണഞ്ഞിരിക്കാം

(ആശാൻ — വീണപൂവ്)

ചെന്നമ്മലരിനെല്ലാവും
ദളം ദ്വിഗുണമാർന്നപോൽ
ചിറകർപ്പിച്ചു ലോകർക്കു
ചേർപ്പിൻ കണ്ണിനു കൗതുകം

(ആശാൻ — ഒരു ഉൽബോധനം)

പൂവണിയുന്നൊരു പൂവായ്–മലർ
ക്കാവിന്നു ചൂഡാമണിയായ്

(ഉള്ളൂർ — പൂമ്പാറ്റയോട്)

നൃത്തംചെയ്തു ചെറിയൊരുശലഭം
ശുദ്ധ കുതുഹല കല്ലോലം...
പൊട്ടിവിരിഞ്ഞ ശരൽക്കാലത്തിൻ
ചൊട്ടയിലാടും ചെറുപൂവേ
എങ്ങിനെ വന്നു, എന്തിനു വന്നു
സംഗരഭുവി നീ പൂമ്പാറവേ

(വൈലോപ്പിള്ളി — പടക്കലത്തിലെ പൂമ്പാറ്റ)

[3] ദുഃഖം സഹിക്കുവാനാകാതെ നിൻകരൾ
പൊട്ടി നീ തേങ്ങിക്കരഞ്ഞിടുമ്പോൾ
ദൂരെ ഞാനോരോരോ തങ്കക്കിനാക്കളെ
വാരിപ്പുണരുകയായിരുന്നു.
ചേലിൽ നവനവോല്ലാസപുഷ്പങ്ങളിൽ
മൂളിപ്പറക്കുകയായിരുന്നു.

(ചങ്ങമ്പുഴ — പാടുന്ന പിശാച്)

വായ്പ നിൻ തൃഷ്ണക്കാത്മസൗന്ദര്യകണങ്ങളെ–
ക്കാഴ്ചവെച്ചിട്ടുണ്ടെത്ര പൂങ്കുരുന്നുകൾ മുമ്പും

(ബാലാമണിയമ്മ — ഭ്രമരഗീതം)

[4] രതി നിത്യമൊരാൾക്കൊരാളിലായ്
സ്ഥിതിചെയ്കിൽ സഖി, പെണ്ണിനാണിനും

അതിലും വലുതില്ലഹോവ്രതം,
ധൃതിമാനെന്തൊരു ധന്യനെൻപ്രിയൻ
(ആശാൻ – ലീല)

പതിത

വിക്ടോർ ഹ്യൂഗോ (1802–1885)

VICTOR HUGO

ഹ്യൂഗോവിന്റെ സ്വകാര്യ ജീവിതവുമായി ബന്ധപ്പെട്ടതാണ് ഈ കവിത. ചെറുപ്പന്നേ പ്രേമിച്ച തന്റെ 20-ആം വയസ്സിൽ വിവാഹം കഴിച്ച ഭാര്യ അദേൽ (Adele) പിൽക്കാലത്ത് മാനസികമായി തന്നിൽനിന്നകന്ന തന്റെ സുഹൃത്തും പ്രശസ്തനിരൂപകനുമായ സേൻത്ബേവ് (Sainte Beuve) മായി അടുപ്പത്തിലായി. ഈ ചുറ്റുപാടിൽ ഹ്യൂഗോ നടിയും സുന്ദരിയുമായ ഴ്യുലിയേത്ത് (Juliette) മായി പുതിയൊരു പ്രേമബന്ധത്തിലേർപ്പെട്ടു. കടുത്ത ദാരിദ്ര്യദുഃഖമനുഭവിച്ചിരുന്ന ഴ്യുലിയേത്ത് മുമ്പ്, മാറിമാറി, മൂന്നു പേരുടെ കാമുകിയും, ആദ്യ ബന്ധത്തിലുണ്ടായ ഒരു കുട്ടിയുടെ അമ്മയുമായിരുന്നു. അദേൽ പത്നിയായി തുടരവേ തന്നെ, 1883-ൽ ലോകസമക്ഷം ഴ്യുലിയേത്തിനെ ഉപപത്നിയായി സ്വീകരിക്കാൻ ഇതൊന്നും ഹ്യൂഗോവിനു തടസ്സമായില്ല. 1883-ൽ മരിക്കുന്നതു വരെ അവർ അദ്ദേഹത്തിന്റെ വിശ്വസ്തസഖിയായി ജീവിച്ചു. തനിക്കെതിരെയുണ്ടായ മുറുമുറുപ്പുകളെ മുൻനിർത്തി 1835-ലാണ് ഹ്യൂഗോ ഇതെഴുതിയത്.

പഴിപറയായ്കൊരിക്കലും ജീവിത–
പ്പിഴവുപറ്റിപ്പതിക്കുന്ന പെണ്ണിനെ.
പെരുതാമേതൊരു ഭാരത്താലപ്പാവ–
മടിപണിഞ്ഞുവെന്നാരറിഞ്ഞീടുന്നു?
തനതു പട്ടിണിപ്പാടുമായെത്ര നാ–
ളവൾ പൊരുതിയെന്നാരറിഞ്ഞീടുന്നു?
സഹജമാം ധർമ്മബോധത്തെ ദൗർഭാഗ്യ–
ക്കൊടുസമീരണനാട്ടിയുലയ്ക്കവേ
പിടിവിടാതെ കഴിയ്ക്കാൻ പരിക്ഷീണ
പതിത നാരിമാർ പാടെത്രയാം! [1]
ഒരു മരക്കൊമ്പിനറ്റത്തു വിണ്ടലം
പ്രതിഫലിച്ചു തിളങ്ങും മഴത്തുള്ളി [2]
തരു കുലുക്കപ്പെടുമ്പോൾ വിറയ്ക്കുന്നു,
പൊരുതിനോക്കുന്നു, പിന്നെപ്പതിയ്ക്കുന്നു.
പതനമേല്പതിൻ മുമ്പൊരു മുത്തതു
പതനശേഷമോ പാഴ്ച്ചളിലേശവും.
പിഴവു നമ്മുടേതാ, ണയേ സമ്പന്നാ,
പിഴവു നിന്റേതാം നിൻപണത്തിന്റേതാം. [3]
തെളിനീരെപ്പൊഴുമുണ്ടാച്ചളിക്കുള്ളിൽ
തെളിമുത്താമതു, വീണ്ടെടുത്തീടുകിൽ.
ഇരുളിൽ നിന്നു വെളിച്ചത്തിലേയ്ക്കെന്നും

കരകയറുന്നതില്ലേ സമസ്തവും? [4]
അതു കണക്കിനു ചേറൊഴിഞ്ഞീജല–
കണവും മുത്തായി മുന്നേപ്പോൽ മിന്നുവാൻ
രവികിരണമൊന്നല്ലെങ്കിൽ സ്നേഹത്തി–
ന്നൊരു കിരണമേ വേണ്ടുവെൻ തോഴരേ! [5]

OH ! N'INSULTEZ JAMAIS …

കുറിപ്പുകൾ

[1] ആദ്യഘട്ടങ്ങളിലീവിടാരാധനം
നീതിയല്ലെന്ന നിഷേധശബ്ദം
ചേതസ്സിൽനിന്നുദിച്ചേശിയിരുന്നു പൊൻ–
കൈതപ്പൂമെയ്യാൾ തൻ കർണ്ണത്തിങ്കൽ
(വള്ളത്തോൾ — മഗ്ദലനമറിയം)

നീതിബോധത്തിൻ സൂക്ഷ്മാങ്കുരത്തെയും ബലാൽ
വ്യാധിയും പൈദാഹവും കരണ്ടുമുറിക്കവേ
(ബാലാമണിയമ്മ — കൽക്കത്തയിലെ ഇരുട്ടറ)

[2] ക്ഷണത്തിൽ ചെന്നു ഞെരുങ്ങി പ്രഞ്ചം നിന്നഹോ, ഹിമ
കണ്ടത്തിൽ ബിംബിച്ച കാണും കാനനം പോലെ
(ആശാൻ — കരുണ)

ഒരു കണ്ണീർത്തുള്ളിക്കുള്ളിലീയുലകാകെ
വിരിഞ്ഞുവരുംമായക്കാഴ്ച കാണുന്നേൻ പിന്നിൽ
(ബാലാമണിയമ്മ — വിരിയാത്ത ഹൃദയം)

പ്രതിബിംബിതമായവയിൽ ബോധം
പ്രസ്പുടമാകും നിലയിൽ
വിതതമനന്തമതിന്റെ ശതാധിക–
ദീപ്തിക്കുമിളകളോടേ
(ഇടശ്ശേരി — നീർപ്പോളകൾ)

[3] ദാരിദ്ര്യപീഡയാൽ വാട്ടുമൊരുത്തിതൻ
ചാരിത്രഭ്രഷയൊന്നെത്രവേഗം
വില്ക്കപ്പെടുകയില്ലാവശ്യക്കാരുടെ
വില്ലാശു മേല്ക്കുമേൽ വന്നുവീഴ്കെ
(വള്ളത്തോൾ — മഗ്ദലനമറിയം)

ഒരു ദരിദ്രമാം കുലത്തിൽ ജാതയായ്
ചെറുപ്പകാലത്തിൽപ്പിതാക്കൾ നഷ്ടരായ്
ഉടയവരറ്റു വളർന്നൊരപ്പൈതൽ
വിടന്മാർ വീശിന വലയിൽ വീണുപോയ്
(ഉള്ളൂർ — ദയയുടെ ജയം)

ദരിദ്രയ്ക്കൊരിക്കലും സുന്ദരിയായിക്കൂടാ–
ത്തൊരു ലോകത്താണല്ലോ ജീവിക്കേണ്ടതു പാവം

(ചങ്ങമ്പുഴ — ദേവത)

കെട്ടഴിവു ചാരിത്രത്തിനയ്യോ
കൊററിനാഴക്കരിക്കിന്നു കഷ്ടം

(ചങ്ങമ്പുഴ — വിശപ്പിന്റെ വിലാപം)

പെറ്റുപോൽ മാതർ കൊറ്റിനു ദേഹം
വിറ്റനേക രോഗാവമാനങ്ങൾ

(വൈലോപ്പിള്ളി — കുടിയൊഴിക്കൽ)

തന്നയൽപക്കത്തരവയർ നിറയാപ്പെണ്ണിനു
പെരുവയർ നല്കും മർത്ത്യനു
സ്തുതിപാടുക നാം

(അയ്യപ്പപ്പണിക്കർ — കുടുംബപുരാണം)

കാമാഗ്നികൊണ്ടു ജാരാഗ്നിയെ ജയിക്കുവാൻ
വ്യാമോഹം അലരി മലർചൂടിയണയുന്നു

(പി. നാരായണക്കുറുപ്പ് — യാനം)

[4] കൂരിരുട്ടേറിയ രാവും ക്രമത്താലേ
സൂരന്റെ തേജസ്സിൽ പോയ്‌ലയിപ്പൂ

(വള്ളത്തോൾ — മഗ്ദലനമറിയം)

കൂരിരുട്ടിന്നുദിക്കും പ്രസാദമി–
ങ്ങേറിയേറി പ്രഭാതമായ്ത്തീരുന്നു

(നാലപ്പാടൻ — എന്റെ സുഖം)

ദേവൻ ദിനേശൻ തൊടുമ്പോൾ തമിസ്രമാം
രാവു വെളിച്ചം വിതറും പ്രഭാതമാം

(പി. കുഞ്ഞിരാമൻ നായർ — കളിയച്ഛൻ)

മംഗലേതര കർമ്മത്താൽ മലിനനീ ശുഭം വരാൻ
സംഗതിയില്ലെന്നെൻ സഖീ, സംശയിക്കല്ലേ
… … … … …
ബദ്ധപങ്കമായോടുന്നിതൊരു കാലം നദി പിന്നെ
ശുദ്ധികലർന്നൊരു കാലം ശോഭതേടുന്നു.

(ആശാൻ — കരുണ)

ഏതിരുളും വെളിച്ചത്തിൽ ചെല്ലും
പാതെയാണെന്ന മാതിരി

(ചങ്ങമ്പുഴ — യാത്രാമൊഴി)

[5] ധനദുർദ്ദേവതയ്ക്കെന്നും ത്രപവിട്ടഹോ മോഹത്താൽ
തനതംഗം ഹോമിക്കുമിത്തയ്യലാൾക്കുള്ളിൽ
അനവദ്യസുഖദമാമനുരാഗാങ്കുരംവരാ

തനിയേ, പിന്നതു വന്നാൽ വരമല്ലല്ലീ?
കതിരവനുടെ ചെറുകിരണവും കാമ്യമല്ലീ–
യതിമാത്രമിരുൾ തിങ്ങുമന്ധകൂപത്തിൽ?

(ആശാൻ — കരുണ)

ഒരു ഹിമകണം മാത്രമാണന്ധയാ–
മിരവിൻ സന്തതിയായ ഞാനെങ്കിലും
ഭവദനുഗ്രഹത്തിന്റെ യാകസ്മിക–
നവകിരണമെന്നാത്മാവിലേല്ക്കവേ,
ഇടയിലുണ്ടായിരുന്ന തമോമയ–
പടമതിനാലുടനകന്നീടവേ

(ജി. — സാക്ഷാൽക്കാരം)

നേരിയ കിരണമാണെങ്കിലും കഴിഞ്ഞേക്കാം
പാരിൽ വന്നടിയുന്ന കൂരിരുളല്പം മാറ്റാൻ

(വെണ്ണിക്കുളം — അഭിലാഷം)

നന്മതൻ ചെന്തീപ്പൊരിയൊന്നുമാത്രമേ വേണ്ടൂ
കല്മഷകാന്താരത്തെ മുഴുവൻ വെണ്ണീറാക്കാൻ

(യൂസഫലി കേച്ചേരി — സ്നേഹഗീതം)

മാമക നവോദ്ബുദ്ധമുഗ്ദ്ധചേതനനില്പൂ
കോമള രസോർമ്മിള കല്യാണസരസ്സിങ്കൽ
അന്തരംഗത്തിൽക്കണ്ണുതുറന്നിതുദാരോക്ഷ–
സ്സുന്ദരാരുണകാന്തി നിശ്ശബ്ദ പ്രകാശത്തിൽ
കൂട്ടമാലസ്യം പൂണ്ട നയനപുടങ്ങളെ
മൂട്ടമത്തമോമയപടവും സ്വയമൂർന്നു

(ടാഗോർ — ഗീതാഞ്ജലി (ജി.))

രക്തസാക്ഷികൾ

വിക്തോർ ഹ്യൂഗോ (1802–1885)

VICTOR HUGO

ഫ്രഞ്ച് വിപ്ലവത്തിന്നു ശേഷമുണ്ടായ രാഷ്ട്രീയ ഗതിവിഗതികളിൽ പുനസ്ഥാപിക്കപ്പെട്ട രാജഭരണത്തിന്റെ ജനദ്രോഹ നടപടികൾക്കെതിരെ 1830 ജൂലായിൽ പാരീസ് നിവാസികൾ നടത്തിയ വിപ്ലവത്തിൽ മൃതിയടഞ്ഞവരുടെ സ്മരണയെ ആദരിച്ചാണ് ഹ്യൂഗോ ഇത് രചിച്ചത്. ഇതിൽ പരാമർശിക്കപ്പെട്ട ദേശീയവീരർക്കുള്ള സ്മാരകമായ 'പന്തെയോ' നിൽ പിറ്റേക്കൊല്ലം ജൂലായിൽ നടന്ന ഔപചാരിക ചടങ്ങിൽ അഞ്ഞൂറ് പേരടങ്ങിയ ഒരു ഗായകസംഘം ഇതാലപിക്കുകയുണ്ടായി. പിന്നീടിതു ഒരു ദേശഭക്തിഗാനമായി പരക്കെ പ്രചാരം നേടി.

ജനനഭൂമിതൻ ബലിപീഠത്തിങ്കൽ
പുരഭക്ത്യാ ജീവൻ സമർപ്പിച്ചതോടെ [1]
ശവമഞ്ചത്തിനെ ജനത വന്ദിപ്പൂ,
അവർക്കായ് പ്രാർത്ഥന നിയതമർപ്പിപ്പൂ.
അധികമാധുരി കലർന്ന നാമങ്ങൾ–
ക്കിടയിലേറ്റവും മധുരം തന്നാമം.
സമസ്തകീർത്തിയും തദിയകീർത്തി ത–
ന്നടുത്തു നില്ക്കുകിൽ കുമിള മാത്രമാം.
ഒരമ്മയോമനക്കിടാവെയെന്നപോ,–
ലൊരു ജനതതൻ മുഴുവനാശിസ്സും
അവർകിടന്നിടും കുഴിമാടങ്ങളി–
ലവരെത്താരാട്ടുന്നവിരതമായി. [2]
ജയിക്ക നമ്മൾതന്നനശ്വര ഫ്രാൻസ്,
ജയിക്കവൾക്കായി മൃതി വരിച്ചവർ, [3]
ജയിക്ക നമ്മുടെ സുരക്തസാക്ഷികൾ,
ജയിക്കയദ്ധീര, രപാര വിക്രമർ!
ജയിക്ക തീപ്പന്തമവരീന്നേറ്റു തൽ–
പദമുദ്രകൾ പിന്തുടർന്നിടുന്നിവർ, [4]
ബലിയർപ്പിക്കുവാൻ കുചിച്ചിടുന്നവർ.
ജയിക്ക ജന്മഭൂജയശ്രീകോവിലി–
ലവരൊടൊപ്പമായിരിക്കാൻ പോകുവോർ! [5]
സ്വജീവത്യാഗത്താലമരത്വമാരാർ–
ന്നവർക്കുവേണ്ടിയാണഭിമാനപൂർവ്വം,
പരസഹസ്രം ഗോപുരങ്ങളുള്ളൊരി–
[6] 'പ്പറി'യിൽ 'പന്തെയോ' നുയർന്നു നില്പതു, [7]

അരുണനാസ്തംഭമകുടത്തെയെന്നും
പുതിയ പൊൻനീരിലഭിഷേചിപ്പതി! [8]
ജയിക്ക നമ്മൾതന്നനശ്വര ഫ്രാൻസ്
ജയിക്കവൾക്കായി മൃതിവരിച്ചവർ!
അനിത്യമായുള്ളതെതിനെയും മാച്ച–
കളഞ്ഞിടും കാളനിശയാം വിസ്മൃതി
തദന്ത്യവിശ്രമനികേതനങ്ങളെ–
യണഞ്ഞിടുന്നതു വൃഥാശ്രമം മാത്രം, [9]
പ്രശസ്തിതൻ നിത്യനവപ്രഭാതം തൽ–
സ്മരണയ്ക്കന്യൂനം തെളിവിയറ്റുന്നു,
തദീയ കാഞ്ചനലിഖിതനാമങ്ങൾ–
ക്കരുളുന്നാരമ്യനവപരിവേഷം. [10]
ജയിക്ക നമ്മൾ തന്നനശ്വരഫ്രാൻസ്
ജയിക്കവൾക്കായി മൃതി വരിച്ചവർ
ജയിക്ക നമ്മുടെ സുരക്തസാക്ഷികൾ
ജയിക്കയദ്ധീരരപാരവിക്രമർ!

HYMNE

കുറിപ്പുകൾ

[1] ഈ വസന്തസമയത്തിജ്ജീവിതപുഷ്പത്തെദ്ദേശ–
സേവനത്തിന്നർപ്പിച്ചു ഞാൻ ധന്യയാകട്ടെ

(ബാലാമണിയമ്മ — യാത്രാനുവാദം)

സ്വതന്ത്രഭാരത നൂതന ചരിതം
സ്വന്തം ചോരയിലെഴുതുന്നവരേ

(കെ. പി. ജി. നമ്പൂതിരി — സ്വതന്ത്രഭാരത നൂതനചരിതം)

[2] തൂക്കുമരങ്ങളിൽ ഭീകരമൃത്യുവെ–
ദ്ധിക്കരിച്ചേറിച്ചിരിച്ചവരേ
അന്ധകാരവൃതകാരാഗൃഹങ്ങളിൽ
താൻതാനെരിഞ്ഞു പൊലിഞ്ഞവരേ
സ്വത്തുമുഴവൻ നശിച്ചവരേ, യെല്ല
മർദ്ദനമേറ്റു തകർന്നവരെ
എങ്ങും പ്രസിദ്ധിപ്പൊലിമ തഴപ്പോരെ
എങ്ങുമൊരുത്തരറിയാത്തോരേ
അന്തരാത്മാവിൻ വെളിച്ചത്തിനൊത്തുതാൻ
സ്വന്തം കടമവഹിച്ചവരേ
ഞങ്ങൾ നിനയ്ക്കുന്നു, ഞങ്ങൾ നമിക്കുന്നു
ഞങ്ങളവർക്കിന്നു നന്ദിചൊൽവൂ

(എൻ. വി. കൃഷ്ണവാരിയർ — സ്വാതന്ത്ര്യജന്മങ്ങൾ)

[3] ധർമ്മയോധരേ, നിങ്ങളന്ത്യമായ് തലചായ്ച്ച
ചെമ്മണ്ണിലുദ്രോമാഞ്ചം വീണരുളാവൂ ഞങ്ങൾ,
കർമ്മയോഗത്തിന്നില്ല കാലദൈർഘ്യത്താൽ ഭംഗം
അമ്മയ്ക്കു മാനം വാങ്ങാനുയിർ വിറ്റോരേ വെൽവിൻ

(വള്ളത്തോൾ — ശിപ്പായി ലഹള)

അടരിൽ ധർമ്മാർത്ഥമായ് പൊരുതും നിൻപുത്രർക്കു
വെടിയുണ്ടകളും പൂമഴയുമൊരുപോലെ

(വള്ളത്തോൾ — മാതൃഭൂമിയോട്)

അത്രമേലഭികാമ്യമാകുമീ ജന്മം മാതൃ–
ഭക്തിയിലർപ്പിച്ചുള്ള നിങ്ങളേ ധന്യാത്മാക്കൾ
... ...
ഞങ്ങൾ വിസ്മരിക്കില്ലാ നാട്ടിന്റെ സ്വാതന്ത്ര്യത്തിൻ
മംഗളത്തിരികളിൽ ജീവിതം പകർന്നോരേ

(പാലാ — അത്മാവിന്റെ നോവുകൾ)

അസ്ഥിയിൽ, മാംസത്തിൽ, ത്തകർന്നൊരു
ലാത്തികളുടെ ചടരടിതങ്ങൾ,
ചീറിട്ടുമീയത്തീമഴയത്തും
ചൂളാതുള്ളൊരു ധൈര്യങ്ങൾ,
ഹൃദയച്ചോരയിലെൻനാ, ടവളുടെ–
യിതിഹാസം നാവെഴുതുമ്പോൾ ... ...

(എൻ. വി. കൃഷ്ണവാരിയർ — ആഗസ്റ്റ് കാറ്റിൽ ഒരില)

ആളറിവില്ലെന്നിരുന്നോട്ടെ
പേരറിവില്ലെന്നിരുന്നോട്ടെ
അന്നിവരടിയേറ്റിടിയേറ്റു വേടിയേറ്റു
മണ്ണിലടിഞ്ഞുപോയെത്രയോ കഷ്ടം

(നീലമ്പേരൂർ മധുസൂദനൻ നായർ — ചില്ലുകൾ, ചൂളുകൾ)

As the stars that are starry in the time of our darkness
To the end, to the end thay remain

(Laurence Binyon — For the fallen)

[4] മുക്തിയുദ്ധത്തിലന്ത്യമായ് വീണ
രക്തസാക്ഷിതൻ കൈകളിൽ നിന്നും
താഴ്ത്തുകില്ലെന്നു ചെല്ലിനാമൊന്നി–
ച്ചേറ്റുവാങ്ങിയോരിക്കൊടിക്കൂറ
കാർമുകിലുകൾക്കപ്പുറം മഞ്ഞിൻ
മാമലമുടിച്ചാർത്തിനും മീതെ
വിണ്ണിനെച്ചെന്നു പുല്കുമാറേവം
മിന്നിമിന്നിപ്പറന്നുപാറുമ്പോൾ
മണ്മറഞ്ഞോരക്കർമ്മവീരന്മാർ

നമ്മളിൽപ്പുനർജന്മമേലട്ടെ

(തിരുനല്ലൂർ കരുണാകരൻ — നാം പ്രതിജ്ഞ ചെയ്യുക)

[5] കദനം വേണ്ട, മൃത്യുദേവത, ഭദ്രേവന്നു
കതകുതുറന്നാലും–ഒരുങ്ങിക്കഴിഞ്ഞു ഞാൻ
… … … … …
പാരിലൊക്കെയും നീതിധർമ്മത്തിൻ കതിർനീട്ടും
ഭാരതഭൂവിൻ ഭാവി സൂര്യനെക്കണികണ്ടു
സ്മരിച്ച കൃതാർത്ഥതാ ഹർഷബാഷ്പത്തിൽത്തോങ്ങി
ചിരിച്ചു ചിരിച്ചെന്റെ കണ്ണുകളടയുമ്പോൾ

(പി. കുഞ്ഞിരാമൻ നായർ — തൂക്കുമരത്തിൽ)

[6] പറി–ഫ്രഞ്ച് ഉച്ചാരണത്തിൽ പാരീസ് (Paris)

[7] പന്തെയോൻ (Pantheon) = പാരീസിൽ ഒരു കുന്നിൻ മുകളിൽ ദേശീയവീരർക്കുള്ള സ്മാരക മന്ദിരം. വിക്തോർ ഹ്യൂഗോവും ഇവിടെയാണ് അന്ത്യവിശ്രമം കൊള്ളുന്നത്.

[8] കിരീടാകൃതിയിൽ സ്തംഭങ്ങളോടുങ്ങുടിയതാണ് പന്തെയോന്റെ മേൽത്തട്ട്.
നിങ്ങളാരെവിടെയാണെങ്ങിനെ മരിച്ചെന്ന
സംഗതി ശരിക്കറിഞ്ഞീടുവാൻ കഴിയാതെ
മങ്ങിടും മനസ്സിലെക്കാടുകൾ പരതുന്ന
ഞങ്ങളിൽ പ്രകാശമായ് പൊന്തുന്നു മണിസ്തൂപം

(പാലാ — ആത്മാവിന്റെ നോവുകൾ)

[9] കാലമെപ്പൊഴും കാക്കുമീ വീര–
സ്മരാകങ്ങളെ സാക്ഷിയായ് നിർത്തി … … … … …
കർമ്മവീര്യത്തിനുന്മദമേകാൻ
നമ്മളിനിന്നീ പ്രതിജ്ഞചെയ്യുന്നു … … … … …
മാതൃഭൂമിയ്ക്കു മംഗളം വായ്ക്കാൻ
പ്രാണനെങ്കിൽ നാം പ്രാണനും നല്കും

(തിരുനല്ലൂർ കരുണാകരൻ — നാം പ്രതിജ്ഞചെയ്യുക)

[10] ശോണ വസ്ത്രമുടുത്താഭ പൂണ്ടമർക്കമരീചികൾ
താണ്ഡവന്നാതേജസ്വിനിതൻ മൃദുമെയ്യിൽ
ചേണിയന്ന ചെമ്പനിനീർപ്പൂമാലകളണിയിച്ചു,
ന്നുനെറ്റിമേൽ ത്തൊടുവിച്ചു ദിവ്യസിന്ദൂരം

(ബാലാമണിയമ്മ — യാത്രാനുവാദം)

പനിനീർപ്പൂവും കുടീരവും

വിക്തോർ ഹ്യൂഗോ (1802–1885)

VICTOR HUGO

ചെമ്പനീർപ്പൂവോടോതി ശവകുടീരം:
'പ്രേമചിഹ്നമാം പൂവേ, പറയുമോ
പൊന്നുലരി നിൻമേനിയിൽ തൂകിടും
ബാഷ്പബിന്ദുക്കളാലെന്തു ചെയ്‌വൂ നീ?' [1]
'ചെയ്‌വതെന്തൊന്നു നിത്യവിവൃതം നിൻ [2]
കന്ദരം പൂകുമാൾക്കാരെക്കൊണ്ടു നീ?'
ഇമ്മറുചോദ്യം ചോദിച്ചു ചെമ്മലർ
ചൊന്നു: 'ഞാനെന്റെയേകാന്തതകളിൽ
ആ മിഴിനീർക്കണങ്ങളഖിലവും
നന്മണമായ്, നറുതേനായ് മാറ്റുന്നു!' [3]
ചൊല്ലി കല്ലറ: 'എങ്കൽ വരുന്നോരേ
മാറ്റിടുന്നു ഞാൻ മാലാഖമാരായി!'

LA TOMBE ET LA ROSE

കുറിപ്പുകൾ

[1] തുഷാരബാഷ്പാർദ്രമുഖങ്ങളായി
കൃശങ്ങളാകുന്ന ദിനങ്ങളിപ്പോൾ

(വള്ളത്തോൾ — ഉൾനാട്ടിലെ മഞ്ഞുകാലം)

കാലെ ഹിമാശ്രുവാലർപ്പിച്ച നിത്യവും
കാഴ്ചവെച്ച നെടുവീർപ്പുകളെങ്കിലും

(പി. കുഞ്ഞിരാമൻ നായർ — പുഷ്പവാടി)

മൃദുലകരാംഗുലിയാൽ പുലരിമാതിവളുടെ
മൃദുദലതതികളിൽത്തഴുകിമന്ദം
മതിമുഖിമണിമഞ്ഞിൻ കണികയൊരണിമുത്തു
മതിതളിർ തെളിഞ്ഞെന്റെ ഗളത്തിൽ ചാർത്തി

(ഇടപ്പള്ളി — പാശ്ചാത്താപം)

ഇക്കറുകത്തുമ്പിൽ ചിന്നുമുദയത്തിന്റെ
കണ്ണുനീർ മുത്തു … … … … …

(കെ. വി. രാമകൃഷ്ണൻ — അഗ്നിശുദ്ധി)

Dew-drops are the gems of morning,
But the tears of mournful eve

(Shelley — Youth and age)

[2] വിവൃതം = തുറന്ന

യുവതയെവിടെ, ജന്തുവിന്നു ഹാ
വിവൃതകവാടയനാരതം മൃതി

(ആശാൻ — ലീല)

[3] അതുമല്ലമുത്തേലും ബിന്ദുമാഞ്ഞു
സുധയൂറും നിൻകരൾക്കാമ്പിൽ മെല്ലേ

(ആശാൻ — ചണ്ഡാലഭിക്ഷുകി)

കാന്തമാംകാവ്യമിഴിനീർ–നറും
പൂന്തേൻ തളിയ്ക്കുന്ന പൂവിൽ

(പി. കുഞ്ഞിരാമൻ നായർ — ശാരദപൂജ)

ഇത്രനാൾ നിന്നെയോർത്തു തൂകിയ കണ്ണീരെന്റെ
ഹൃത്തിലിന്നുറിക്കൂടിത്തേനായിക്കഴിഞ്ഞല്ലോ

(ചെറിയാൻ കെ. ചെറിയാൻ — പങ്കജഗീതം)

കൊച്ചനിയൻ

മദാം ഴിറാർദേൻ (1804–1855)

MDAME GIRARDIN

കവയിത്രി എന്നതിനുപുറമെ നോവലിസ്റ്റും പത്രപ്രവർത്തകയുമായിരുന്നു മദാം ഴിറാർദേൻ.

പൊന്നുചേച്ചിമാർ നിങ്ങൾ കേഴുന്ന
മന്നിലേയ്ക്കു വരുന്നു ഞാൻ
വാനവനാട്ടിൽനിന്നു, നിങ്ങൾക്കു
മാനസാശ്വാസമേകുവാൻ.
പൂവിരിച്ചെൻ ശവകുടീത്തിൽ
മാഴ്കയോ നീങ്ങളിപ്പോഴും? [1]
മണ്ണിൽ നിങ്ങളെക്കാണ്മു ഞാൻ, മേലിൽ
പൊന്നുചേച്ചിമാർ കേഴൊലാ!
ഭീതിദമാം നിഗ്ഗൂഢതയിലും
മൃത്യുവിന്നുണ്ടു മാധുരി.
വിണ്ണിൽ ഞാനൊരു കൊച്ചുമാലാഖ,
നിങ്ങളെക്കാത്തു വാഴ്കയാം.
ഇങ്ങപങ്കിലഹർഷപൂരത്തിൽ
മുങ്ങിടുന്നു ഞാനെപ്പൊഴും.
അങ്ങു സൗമ്യസരളഭാവങ്ങ
ളാർന്നിരുന്നവനല്ലീ ഞാൻ?
ഇങ്ങനശ്വരപുണ്യശാലിനീ
വൃന്ദരക്ഷയിലാണു ഞാൻ
പൊൻചിറകുകൾ നൽകിയതല്ലാ
തെന്നെ മാറ്റിയില്ലീശ്വരൻ. [2]
തീർന്നു മാമകയാതനയാകേ,
തോർന്നു കണ്ണീർമാരിയും;
എൻകരത്തിൽ വിറങ്ങലിപ്പു പോയ്,
ഞാൻ കളിച്ചു ചിരിയ്ക്കുന്നു; [3]
മാറ്റമാർന്നതില്ലൊട്ടുമെന്റെയാ
നോട്ടവുമെന്റെ ശബ്ദവും,
ദേവദൂതനിസ്സോദരൻ മുൻപോൽ
സ്നേഹമേലുന്നു നിങ്ങളിൽ.
എന്മുഖം മുമ്പു ചേച്ചിമാരുടെ
കൺകവർന്നതു തന്നെയാം;

തത്തിടുന്നു കുറുനിരച്ചാർത്തെൻ
നെറ്റിമേലതേ മാതിരി.
ഭൂവെടിഞ്ഞനാൾ വെട്ടിയില്ലയോ
മാമകീന മുടിച്ചുരുൾ?
നിങ്ങൾതൻ ബാഷ്പധാരയേറ്റൊരാ
നാരുകൾ വളരില്ലിനി.
വിണ്ടലമാണെൻ നാടു, ഞാനൊരു
സ്വർണ്ണഗേഹത്തിൽ വാഴുന്നു;
ഇച്ഛപോലെ ഞാനക്ഷയാമൃതം
നിച്ചിലും കുടിച്ചീടുന്നു;
ജീർണ്ണമാകാത്ത നൂലെഴും കന–
കാംബരം ചാർത്തിടുന്നു ഞാൻ;
തോഴരൊത്തു ഞാൻ മോഹനരത്ന
പ്പൂഴിമേൽ കളിയാടുന്നു. [4]
ഞാനു കാണുമീക്കുട തോറുമേ
പൂവിടരുന്നു നിശ്ശമം;
ഇങ്ങെഴും മധുമക്ഷികാളികൾ
ക്കില്ല വാൽമുന കുത്തുവാൻ;
പൂവറുത്താകിൽ പുഷ്പിതമാകു
മപ്പൊഴേ പൊൽപ്പനീർച്ചെടി;
വൃക്ഷമൊന്നിനുമില്ല നഞ്ചുകായ്,
കായ്പതൊക്കെയും സൽഫലം. [5]
ത്വിട്ടെഴും മേഘമൊന്നിൽ മാണിക്യ
ത്തൊട്ടിലിലുറങ്ങുന്നു ഞാൻ;
സ്നേഹദേവതതൻ മുഖപട
മാണെനിയ്ക്കു യവനിക;
മിന്നിടുന്നൊരു കൊച്ചുതാരക
മെന്നരികിലെ ദ്ദീപിക;
നിദ്രകൊള്ളുന്നിതെന്നെപ്പോലുള്ള
കൊച്ചുകൂട്ടുകാരൊക്കെയും.
അന്തിവേളയിലൂഴിയിലെങ്ങു
മന്ധകാരം നിറയവേ,
വിണ്ണിൽനിന്നുമിറങ്ങി നിങ്ങൾതൻ
സന്നിധിയിലണവൂഞാൻ.
അല്ലലാർന്നെന്റെ പൊന്നുചേച്ചിമാർ
കല്ലറപൂകി പ്രാർത്ഥിക്കേ,
ഞാനദൃശ്യനായ്ച്ചേർക്കും, പിന്നതു
ദൈവസന്നിധിയെത്തിക്കും.
പുണ്യലോകത്തിൽ നിന്നു നിങ്ങൾക്കു
ധന്യമാശ്വാസമേകുവാൻ
പൊന്നുചേച്ചിമാർ നിങ്ങൾ കേഴുന്ന
മന്നിലേയ്ക്കു വരുന്നു ഞാൻ!

LE PETIT FRERE

കുറിപ്പുകൾ

[1] അനുജനെക്കാണാതരവിനാഴിക
തനിയെ വാഴ്‌വാനരുതുമേ
ചെറുപൂമ്പാറ്റയും മലരുമൊത്തിതാ
വരികയായല്ലൊ മധുമാസം.
തിരികെയൊന്നവൻ വരുവാനോതുമോ?
കരയുമല്ലെങ്കിലിനിയും ഞാൻ...
... ...
കരുണനെങ്ങുപോയ്? പറയുകെന്നോടു
കരയുമല്ലെങ്കിലിനിയും ഞാൻ,
കരുണനെന്തമ്മേ വരികില്ലേ വീണ്ടും
പറയുകില്ലെങ്കിൽ കരയും ഞാൻ
(ചങ്ങമ്പുഴ — കരയും ഞാൻ)

[2] ആളാകാൻ വെമ്പുന്ന നിൻപൈതൽ നീയൊരു
മാലാഖയായിച്ചുരുങ്ങുവാനും
(വൈലോപ്പിള്ളി — പ്രഭാതം)

Babes at birth
Wear as raiment round them cast,
keep as witness toward their past,
Tokens left of heaven; and each
Ere sweet heaven pass on past reach,
Bears in undiverted eyes
Proof of unforgotten skies
(A. C. Swinburne — Here on earth)

[3] പരമാനന്ദത്തിൽ മതിമറന്നോമൽ
പരിമളം വീശി വിലസിടും
ഒരു നല്ല പിഞ്ചുപനിനീർപ്പൂവിനു–
ള്ളരിയ ജീവിതമവനുണ്ടായ്
അമിതതാപമാർന്നഴലുവാൻ നമ്മ,–
ളമരലോകത്തിലവനെത്തി.
(ചങ്ങമ്പുഴ — കരയും ഞാൻ)

[4] വാനവർക്കാരോമലായ്, പാരിനെക്കുറിച്ചുദാ
സീനനായ്, ക്രീഡാരസലീനനായവൻ വാഴ്കേ
(വൈലോപ്പിള്ളി — മാമ്പഴം)

[5] അപ്രദേശത്തിലങ്ങവൾക്കെന്നാൽ
സുപ്രകാശത്തിൻ നീരവശാന്തി

പത്രമേലും മാലാഖകൾ പായു
മദ്ധ്വനി ചലിപ്പിലൊരു കാറ്റും
… … … … …
അപ്രകാശത്തിൽ ഞങ്ങൾ നീരാടും
ചിൽപ്പുമാനുടെ സന്നിധാനത്തിൽ

(വൈലോപ്പിള്ളി — ധനകന്യക)

(Rosetti-യുടെ കവിത)

നൂതനഗേഹത്തിൽ മംഗളമല്ലാതെ
യാതനാശങ്കകളേതുമില്ല.
യാതൊരു നേത്രവും കാണാത്ത ഭാവുകം,
കാതുകൾക്കജ്ഞാത ഭവ്യപൂരം,
മാനുഷ ബുദ്ധിയിലെന്നാളുമെത്താത്തൊ
രാനന്ദമല്ലോയെന്നോമനേ നീ
കാണുന്നു, കേൾക്കുന്നു, ചൂഴുന്നു നിന്നെയെൻ
ജോണീ, നീ ഭാഗ്യവാൻ തന്നെയല്ലോ

(മേരി ജോൺ തോട്ടം — ജോണിക്കുട്ടിക്കു മംഗളം)

ആത്മരഹസ്യം

ഫെലിക്സ് അർവേർ (1806–1850)

FELIX ARVERS

ഈ ഒരൊറ്റക്കവിതയിലൂടെ ഫ്രഞ്ച്സഹൃദയർക്ക ഇന്നും സുപരിചിതനാണ് ഫെലിക്സ് അർവേർ.

എന്നാത്മാവിന്നുണ്ടതിൻ രഹസ്യം, [1]
എൻ വാഴ്വിന്നോ തൻ നിഗൂഢതയും.
ഓതിടാം ഞാനതു: കാൽക്ഷണത്തിൽ
ജാതമാം ശശ്വൽ പ്രണയമേകം!
വല്ലായ്മയൊന്നുമിതിന്നണയ്ക്കാൻ
വല്ലകയില്ലൊട്ടും ദുർവിധിയ്ക്കു:
ആരുമിതാരോ, തദീയജന്മ–
ദായാനിപോലുമറിയില്ലൊന്നും! [2]
ഹന്ത, ഞാനജ്ഞാത, നോമലാൾത–
ന്നന്തികത്തിങ്കലണഞ്ഞെന്നാലും; [2]
നിത്യവും തന്നയലത്തു തന്നെ
വർത്തിപ്പു, പക്ഷെയേകാകിയീ ഞാൻ!
ഒന്നുമർത്ഥിക്കാനൊരുമ്പെടാതെ [4]
ഒന്നും ലഭിയ്ക്കാനിടവരാതെ
ഈവിധമേകാന്തരാഗിയാമെൻ
ജീവിതയാത്ര കഴിഞ്ഞുപോകാം! [5]
ആകാരാന്തിപോലാർദ്രതയു–
മേകിയിട്ടുണ്ടവൾക്കീശ,നെന്നാൽ [6]
തൽപാദതാരിനെപ്പിന്തുടരും
മൽപ്രേമകാകളി കേട്ടിടാതെ
തൻവഴിത്താരയിൽക്കൂടിയെന്റെ
പൊന്നോമൽ പോകുമനന്യഭാവം. [7]
[8] ആദ്യന്തംതന്നെക്കുറിപ്പതാമി–
ഗ്ഗീതകം വായിച്ചു ധർമ്മശീല
'ആരാവാമീ പ്രേമനായിക?' യെ–
ന്നാരായുമെന്നാലറിയുകില്ല!

MON AME A SON SECRET

കുറിപ്പുകൾ

[1] ദുർഗ്ഗമാദ്രിയിൽ ഗൂഢമായ് നില്ക്കും
ശഷ്പരാശിപോലാണു മൽപ്രേമം
എത്ര മുറ്റിത്തഴച്ചുയർന്നാലെ–
ന്തിത്തിരിയുമറിയുകില്ലാരും
(ചങ്ങമ്പുഴ — ജപ്പാനീസ് കവിത)

ഏതു ചെപ്പിലൊളിച്ചുവെച്ചുനിൻ
ഗൂഢപ്രേമരഹസ്യങ്ങൾ
(പി. കുഞ്ഞിരാമൻ നായർ — നീ വരില്ല)

[2] ഇല്ല നീയെന്നെയറിയുകയില്ല, നാ–
മിന്നോളം കണ്ടിട്ടില്ലോമലാളേ.
എന്നാലുമെന്നെപ്പറഞ്ഞാലറിയും നീ
നിന്നെയെനിക്കും ശരിക്കറിയാം.
അന്യോന്യമത്ര പരിചയമുള്ളനാ–
മന്യരാണെന്നിട്ടും മന്നിലിന്നും
(ചങ്ങമ്പുഴ — സങ്കല്പകാമുകൻ)

അവനിയിലെൻ കാമുകനാമധേയ–
മയിസഖി നീയാരോടും ചൊല്ലരുതേ
(ചങ്ങമ്പുഴ — ഓണപ്പൂക്കൾ)

[3] അന്യനായുള്ള ഞാനാരുമറിയാതെ
നിന്നെയെൻ കയ്യിലൊതുക്കിനിന്നു
(ചങ്ങമ്പുഴ — കാമുകനാണെന്നു ചൊല്ലരുതേ)

അറിയിക്കാതാവോളം കാത്തുനോക്ക–
മവളേയുംകൂട്ടി ഞാനീരഹസ്യം
(ചങ്ങമ്പുഴ — രമണൻ)

മാമകപ്രേമം നിത്യമൂകമായിരിക്കട്ടെ,
കോമളനവിടന്നതൂഹിച്ചാലൂഹിക്കട്ടെ
(ജി. — സൂര്യകാന്തി)

ഗൂഢമാണെൻ പ്രേമമെന്നമട്ടിൽ
മൂടൽമഞ്ഞെങ്ങും പരന്നിരിക്കും
ഹാ, രോമഹർഷദമാരഹസ്യ–
മാരോടും ഞാനുരിയാടുകില്ല
(ഇടപ്പള്ളി — നിഗൂഢരാഗം)

അനുദിനം നിന്നെക്കടന്നു പോകുന്നുണ്ടാ–
മറിയാതെ ഞാനിത്തമസ്സിൽ
(പി. ഭാസ്കരൻ — കണ്ണീരിന്റെ കഥകൾ)

[4] നിൻ പവിഴച്ചെഞ്ചൊടികളിൽ നിന്നൊരു
ചുംബനം സാധുഞാൻ യാചിപ്പീലാ

ഉൽക്കണ്ഠാസമ്മൂഢനാകുമെനിക്കതി–
ന്നുൾക്കരുത്തെന്മട്ടുദിച്ചിടുന്നു?

(മലേഷ്യാ കെ. രാമകൃഷ്ണപിള്ള – മൂടുപടം)

ചൂടാതെപോയ് നീ നിനക്കായി ഞാൻ ചോര
ചാറിച്ചുവപ്പിച്ചൊരെൻ പനിനീർപ്പൂവുകൾ;
കാണാതെപോയ് നീ നിനക്കായി ഞാനെന്റെ
പ്രാണന്റെ പിന്നിൽ കുറിച്ചിട്ട വാക്കുകൾ;
ഒന്നു തൊടാതെപോയി വിരൽത്തുമ്പിനാൽ
ഇന്നും നിനക്കായ്ത്തുടിക്കുമെൻ തന്ത്രികൾ

(ബാലചന്ദ്രൻ ചുള്ളിക്കാട് – ആനന്ദധാര)

തമ്മിലന്യോന്യമറിഞ്ഞിടാതീ
നർമ്മസല്ലാപം കൊണ്ടെന്തുകാര്യം

(ഇടപ്പള്ളി – സന്ദർശനം)

[6] പിടമൃഗനേത്ര കൃപാർദ്രയാകിലും

(ആശാൻ – ലീല)

സുന്ദരിയാണു, സുശീലയുമാണവൾ
മന്ദിരശ്രീയാണാമംഗളാംഗി

(ചങ്ങമ്പുഴ – സ്പന്ദിക്കുന്ന അസ്ഥിമാടം)

[7] എന്നുമേതോ നിരഘാനുഭൂതിയാ–
യെന്മുന്നിലൂടെ കടന്നു പോകുന്നു നീ...
മംഗല സ്നേഹാങ്കുരോല്ലസൽ സൗരഭം
തിങ്ങിത്തുളുമ്പുന്ന സൗഹൃദാശംസകൾ
നിന്മുന്നിലോമലേ, നീപോലുമോരാതെ
നിത്യവുമേവം ചൊരിഞ്ഞു കൊള്ളട്ടെ ഞാൻ

(ജി. കുമാരപിള്ള – ഹൃദയോത്സവം)

കണ്ടു ഞാനങ്ങയെയെങ്കിലുമൊന്നുമേ
മിണ്ടുവാനാവാതെ നിസ്തബ്ധയായിതേ...
താവകധന്യ സ്മൃതിമണ്ഡലത്തിലി–
പ്പാവമാം ദാസിക്കിടം ലഭിക്കായ്കിലും
ഈ മഹാധന്യമാമോർമ്മയിലെന്മനം
ശ്രീമയ നിർവൃതി പൂണ്ടമന്ദിനം ...

(നളിനകുമാരി – അജ്ഞാതാനുരാഗം)

[8] ഭവദപദാനമകരന്ദം മാത്രം
പതിവായൂറുമീ മുരളിയിൽ

(ഇടപ്പള്ളി – ഹൃദയാഞ്ജലി)

നിന്നെക്കുറിച്ചുള്ള ഗാനമല്ലാ–
തിന്നീമുരളിയിലൊന്നുമില്ല

(ചങ്ങമ്പുഴ – രമണൻ)

എന്നെന്നും നീയെന്നെയോർക്കുവാൻ വേണ്ടി ഞാൻ
നിന്നെക്കുറിച്ചൊരു പാട്ടെഴുതി

(ചങ്ങമ്പുഴ – മൗനഗാനം)

ആസ്പത്രിയിലെ അനുസ്മരണം

ഹെഗെസിപ്പ് മൊറൊ (1810–1838)

HEGESIPPE MOREAU

ദാരിദ്ര്യത്തിലും രോഗത്തിലുംപെട്ടു പാരീസിലെ ഭിക്ഷക്കാരുടെ ആസ്പത്രിയിൽ അകാലചരമമടഞ്ഞ ഹെഗെസിപ്പ് മൊറൊ, മുമ്പ് അതേ ചുറ്റുപാടുകളിൽ അവിടെ അന്തരിച്ച പ്രശസ്ത കവി ഗിൽബേറിനെ (Gilbert) അനുസ്മരിച്ചെഴുതിയത്.

നീറിക്കഴിയുമെൻ നിശ്വാസമേറ്റേറ്റു
ചൂടുറ്റതാകുമിക്കീറക്കിടക്കയിൽ
ഉള്ളമലിവിനാലാർദ്രമായ്ക്കണ്ണുനീർ
ത്തുള്ളികൾ വീഴ്ത്തുവാൻ ഭാഗ്യമുണ്ടായിമേ.
ഇക്കൊടും യാതനാരംഗം പ്രതിഭതൻ
സൽക്കീർത്തിസൗരഭം പൂണ്ടതാണെപ്പോഴും.
തീർത്തും നിരാശനായെങ്കിലുമന്നവൻ [1]
നിർത്താതെ ഗാനം മുതിർത്തതാണിസ്ഥലം,
സത്യസ്വരൂപനെ ദ്ധ്യാനിച്ചുകൊണ്ടവൻ
നിത്യസമാധിയടഞ്ഞതാണിസ്ഥലം!
ഇപ്പൊഴീ നോവുകളെന്നെ ഞെരുക്കവേ,
മൽപ്രിയ 'ഗിൽബേർ', സ്മരിക്കുന്നു നിന്നെ ഞാൻ;
വേദനകൊണ്ടു പിടഞ്ഞതില്ലേത്ര നിൻ
ചേതനയെന്നു ഞാനോരുന്നു സോദരാ.
കഷ്ടം, കഥിച്ചിതു കൂട്ടുകാ 'രാശ കൈ
വിട്ടിടായ്കൊട്ടുമേ സാഹിതീകാമുകാ,
നിന്നെയും നിന്നുടെ വല്ലകിതന്നെയും
നിർണ്ണയം കാത്തിടും ഞങ്ങളെന്നോർക്കുക!'
ഇന്നലെയാണിപ്പറഞ്ഞതു, യാതന
തന്നിൽക്കിടന്നു ഞാനിന്നു പിടയ്ക്കവേ
കാണ്മതില്ലെങ്ങുമവരെ ഞാനിങ്ങിതാ
കാണ്മവർക്കുള്ളം കനിയിച്ചുമാഴ്കയാം.'
കാപട്യപൂർണ്ണമാം നാട്യങ്ങളേലുന്ന
പാപിഷ്ഠരായുള്ള മത്സുഹൃമ്മന്യരേ
ഞെട്ടുക നിങ്ങളഖിലരും, മണ്ണിലാ
പ്പെട്ടുപോം ഞാനുടൻ തന്നെയെന്നാകിലും
ജീവിക്കു, മന്ത്യമായ് ഞാൻ കുറിച്ചീടുമീ
ശ്ശീലുകൾ നിങ്ങൾതൻ പാതകഗാഥയായ്!

എങ്കിലുമയ്യോയിതെന്തു, മത്തൂലിക
യെൻകരം വിട്ടു നിപതിച്ചു താഴെയായ്!
ഇപ്പൊഴീ നോവുകളെന്നെ ഞെരുക്കവേ
മൽപ്രിയ ‘ഗിൽബേർ’, സ്മരിക്കുന്നു നിന്നെ ഞാൻ.
വേദനകൊണ്ടു പിടഞ്ഞതില്ലേത്രു നിൻ
ചേതനയെന്നു ഞാനോരുന്നു സോദരാ.
കണ്ണുനീരിങ്കൽ കുളിച്ചു നിമേഷങ്ങ
ളെണ്ണി ഞാനിങ്ങിനെ മേവുന്ന വേളയിൽ
സാന്ത്വനം നൽകും പരിചിത ശബ്ദമൊ [3]
ന്നന്തികത്തിങ്കലണഞ്ഞെങ്കിലീശ്വരാ!
അയ്യോ കഴിഞ്ഞെങ്കിലിന്നൊരു തോഴന്റെ
കയ്യിൽ വിറയ്ക്കുമെൻ കയ്യൊന്നു വെയ്ക്കുവാൻ! [4]
തേങ്ങിക്കരഞ്ഞു കഴിഞ്ഞിട്ടുമെൻ നേർക്കു
തീർത്തും ബധിരത ഭാവിച്ചുകൊണ്ടിതാ
പോവുന്നു മാമകമിത്രജനോൽക്കരം
ജീവിതസ്സദ്യ പൊടിപൊടിച്ചീടുവാൻ.
ഇല്ലാ, തദീയഗണനയിലീവിരു
ന്നിങ്കലതിഥിയൊന്നില്ലെന്നതേതുമേ. [5]
ഇപ്പൊഴീ നേവുകളെന്നെ ഞെരുക്കവേ
മൽപ്രയ ‘ഗിൽബേർ’, സ്മരിക്കുന്നു നിന്നെ ഞാൻ.
വേദനകൊണ്ടു പിടഞ്ഞതില്ലേത്രു നിൻ
ചേതനയെന്നു ഞാനോരുന്നു സോദരാ!
ശപ്തമാണെൻജന്മമെങ്കിലുമിപ്പൊഴും
സുപ്രഭാപൂർണ്ണയായ് നില്പൂപ്രകൃതിയാൾ;
വന്യപരിമളവാഹിയായന്തിയിൽ
വന്നിട്ടുന്നിപ്പൊഴും തെന്നലെന്നന്തികേ;
മഞ്ജുമരതകപ്പുൽത്തകിടിയ്ക്കുമേൽ
മിന്നുംമണംപെറും പൂക്കൾക്കിടയിലായ്
കൂട്ടായ്മുടക്കലും കാടകംപൂകീട്ടു [6]
പൊന്നിൻകിനാവിൽ മുഴുകിയിരിക്കലും
ഓടിക്കളിക്കലും–എന്തൊരുഭാഗ്യമി–
ജ്ജീവിതമെത്രമേൽ മാധുര്യമാർന്നതാം!... [7]
ഇപ്പൊഴീനോവുകളെന്നെ ഞെരുക്കവേ
മൽപ്രിയ ‘ഗിൽബേർ’, സ്മരിക്കുന്നു നിന്നെഞാൻ.
വേദനകൊണ്ടു പിടഞ്ഞതില്ലേത്രു നിൻ
ചേതനയെന്നു ഞാനോരുന്നു സോദരാ!

UN SOUVENIR A L’HOPITAL

കുറിപ്പുകൾ

[1] അവൻ = ഗിൽബേർ

[2] മിത്രങ്ങൾ, മിത്രങ്ങൾ, പാഷാണ പാത്രങ്ങൾ
മിത്ഥ്യാഭ്രമങ്ങൾക്കധീനനായ് ഞാൻ

(ചങ്ങമ്പുഴ — പാടുന്ന പിശാച്)

ഇന്നാർക്കുവേണമൊട്ടുങ്ങിടട്ടൊന്നോടെ
നിങ്ങളും നിങ്ങൾതൻ സൗഹൃദവും

(ചങ്ങമ്പുഴ — അനുബന്ധകവിതകൾ)

[3] ഏതൗഷധത്തിനേക്കാളുമാശ്വാസദം
ചേതസ്സിൽ വീഴുമിസ്സാന്ത്വനാർദ്രാമൃതം

(ചങ്ങമ്പുഴ — നീറുന്ന തീച്ചൂള)

[4] On this birthday I feel lost.
I want my friends to pledge
The touch of their hands,
This earth's ultimate love,
So that I can take with me life's supreme grace,
The last blessing of my fellow men

(Tagore — On this birthday i feel lost)

[5] മധുര ജീവിതസ്സദ്യയൊരുക്കിയ
മുറിയിൽ ഞാനൊരു സാധുദീനാതിഥി
ഒരു ദിനം ഹാ! കടന്നെത്തിടുന്നു പി
ന്നെവിടെയോ പോയ് മറയുന്ന മൂകനായ്

(എസ്. കെ. പൊറ്റക്കാട്ട് — സ്ത്രീ (ചെറുകഥ))

(ഇവിടെ പരാമൃഷ്ടനായ ഴിൽബേറിന്റെ കവിതാശകലത്തിന്റെ ഇംഗ്ലീഷിൽ നിന്നുള്ള ആശയാനുവാദം)

[6] കൈകൾകോർത്തലക്ഷ്യമായ് സഞ്ചരിച്ചതുമോരോ
പൊയ്യൊരുളുകൾ കാതിലിമ്പമായ് മന്ത്രിച്ചതും

(വിഷ്ണുനാരായണൻ നമ്പൂതിരി — പഴയ ചങ്ങാതിമാർ)

ഹസ്തേനഹസ്തം ഗ്രഹിച്ചുമോദാൽ
വൃത്താന്തമോരോന്നുരച്ചു ഞങ്ങൾ

(ഇടപ്പള്ളി — കളിത്തോണിയിൽ)

ഇരവുപകലെന്യേ നാം രണ്ടുപേരും
ഇരുകരവും കോർത്തു നടന്നോരല്ലേ?

(ഇടപ്പള്ളി — സഖികൾ)

[7] അത്യുഗ്രപൂർണ്ണവും ശൂന്യവുമായാലെ
ന്തെത്ര മധുരമീലോകം
സുന്ദരം, സുന്ദരം, സ്വർഗ്ഗസമൃദ്ധിതൻ
മന്ദിരം തന്നെയീലോകം

(ചങ്ങമ്പുഴ — ആരാമത്തിലെ ചിന്തകൾ)

അഹോ ജഗജ്ജീവിതമെത്ര പുണ്യം

(കെ. കെ. രാജാ — കൃതകൃത്യൻ)

പ്രേമാർദ്രമഞ്ജുമുഖമുല്ലസിക്കേ
വിലപ്പെട്ടുന്നൊന്നിവനിപ്രപഞ്ചം

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

പാറകൾ കൂടിയും കസ്തൂരി പൂശുന്ന
പാരിലെജ്ജീവിതമെത്ര ഹൃദ്യം

(വൈലോപ്പിള്ളി — വസന്തം)

നൽത്തേൻ തുളിക്കയാൽ, കയ്പുറ്റതെന്നാലു
മെത്രയുമാസ്വാദ്യമാകുന്നു ജീവിതം.

(എൻ. വി. കൃഷ്ണവാരിയർ — ബിക്ക് ഒരു കത്ത്)

എന്നുടെ നേട്ടം മുന്നും നേട്ടം താനിജ്ജീവിത
മെന്നുപാടുന്നു പ്രീതിപൂ, ണ്ടാസ്വദിയ്ക്കും ഞാൻ

(ബാലാമണിയമ്മ — ജീവിതം)

മധുരം, മധുരമിജ്ജീവിതം, മറക്കൊല്ലേ

(ബാലാമണിയമ്മ — അന്ത്യശയ്യയിൽ)

അതുമൂലം താനീയനുഭൂതിതൻ വീര്യസ്വർഗ്ഗം

(ബാലാമണിയമ്മ — ഭ്രമരഗീതം)

But sweet, sweet is this human life
So sweet I fain would breathe it still,
Your chilly stars I can forgo
This warm kind world is all I know

(W. J. Cory — Mimnermus in church)

വസന്തരാത്രി

അൽഫ്രെദ് ദ് മ്യൂസ്സെ (1810–1857)

ALFRED DE MUSSET

സ്വന്തം പ്രേമഭംഗവും നൊമ്പരങ്ങളും ഉള്ളുതുറന്നു പാടിയ കവിയാണ് അൽഫ്രെദ് ദ് മ്യൂസ്സെ. പ്രസസ്ത നോവലിസ്റ്റും സ്വതന്ത്ര ചിന്തകയുമായ ഴോർഴ് സാന്തും (GEORGE SAND - 1804–1876) മ്യൂസ്സെയും തമ്മിലുണ്ടായിരുന്ന പ്രേമബന്ധവും അതിന്റെ തകർച്ചയും അക്കാലത്ത് ഫ്രഞ്ച് സാഹിത്യലോകത്തിന്റെ ശ്രദ്ധയാകർഷിച്ച ഒരു സംഭവമായിരുന്നു. ഇരുവരും തെറ്റിപ്പിരിഞ്ഞപ്പോൾ മ്യൂസ്സെയുടെ വ്രണിതഹൃദയത്തിൽനിന്നു ശോകഗീതങ്ങളുടെ ഒരു പരമ്പരതന്നെ ഊർന്നൊഴുകി. അതിലൊന്നാണിത്. ആത്മാവിഷ്കാരമാണ് കലയെന്ന തത്വത്തിനു അടിവരയിടുന്ന ഈ കവിതയിലെ 'പെലിക്കാൻ' പക്ഷിയുടെ ആത്മത്യാഗം, 'ഫിനിക്സ്' പക്ഷിയുടെ ഉയർത്തെഴുന്നേല്പുപോലെ, ഒരു യൂറോപ്യൻ പാരമ്പര്യസങ്കല്പമാണ്. തീറ്റയൊന്നും കിട്ടിയില്ലെങ്കിൽ പെലിക്കാൻ സ്വയം കൊത്തിക്കീറി സ്വന്തം രക്തവും മാംസവും കുഞ്ഞുങ്ങൾക്കു നല്കുന്നുവെന്നാണ് വിശ്വാസം. ക്രിസ്തുവിന്റെ ആത്മബലിയുമായുള്ള സാദൃശ്യം കാരണം ക്രൈസ്തവസഭാസാഹിത്യത്തിൽ പെലിക്കാൻ പണ്ടേ ഒരു പ്രതീകമാണ്. മ്യൂസ്സെയും ഈ സാദൃശ്യം സൂചനാത്മകമായി സ്പർശിക്കുന്നുണ്ട്.

കാവ്യദേവത:
വീണയേന്തുനീ, മൽക്കവേ, മാൺപെഴും
ഋവസന്തം പിറക്കുന്ന രാവിത്.
പാർക്കുകീ ഋതുസംക്രമസന്ധ്യയാൾ
പാരിനേകുന്ന പുത്തൻ പരിവേഷം.
വീണ്ടുമുന്മേഷമുർവിക്കിയറ്റുവാൻ
വന്നണഞ്ഞു കവോഷ്ണമന്ദാനിലൻ;
നന്മണംപൂണ്ട നീരാളം ചുറ്റി രാ–
വിമ്മണിത്തെന്നൽ തന്നെയാട്ടീടുന്നു;
പച്ചവീണ്ടും പുതയ്ക്കും വനങ്ങളിൽ
പക്ഷിവൃന്ദം തിരിച്ചെത്തി പാട്ടുമായ്
കന്നിറോസഭ്യസൂയയാൽ മോഹിത–
വണ്ടിനെ ത്തന്നിലുൾച്ചേർത്തു കൂമ്പുന്നു; [1]
പൂവണിയുന്നു സർവ്വവും, പാരിടം [2]
പ്രേമ, സൗരഭ, മർമ്മര പൂരിതം
പുത്തനാം യുവദമ്പതിമാരുടെ
ഹർഷപൂർണ്ണമണിയറയൊന്നുപോൽ. [3]
വീണയേന്തു നീ, മൽക്കവേ, മാൺപെഴും
ഋവസന്തം പിറക്കുന്നരാവിത്!

കവി:
ചെൽവതെന്തുവാ, നിത്താഴ്വരയിങ്കൽ
വൻതമസ്സാണു കാണ്മു ഞാനെങ്ങുമേ.
പൂത്തപുൽകൾ ചവിട്ടിച്ചതച്ചിട്ടു
പുൽത്തകിടിയിൽ നിന്നാഗമിച്ചതാം
ആവരണമണിഞ്ഞൊരു സത്വമ–
ക്കാടിൻമീതെച്ചരിപ്പതായ്ത്തോന്നിമേ. [4]
ഇപ്പോ, ഴേറെ വിചിത്രമാമമ്മനോ–
ദൃശ്യമല്പാല്പം മാഞ്ഞു മാറുകയാം.
അമ്പരപ്പുണ്ടാ, നെന്തിനായെന്റെ ഹൃൽ–
സ്പന്ദമിത്രയും വേഗമാർന്നീടുന്നു. [5]
എന്നകക്കളമിട്ടുലച്ചീടുവ–
തെന്തതെന്നെബ്ഭയപ്പെടുത്തുന്നതേ.
അർദ്ധമൃത്യുവാമെൻ ദീപനാളത്തി–
ന്നല്പവെട്ടവുമെൻകൺമയക്കുന്നു.
എന്തിനുല്ക്കമ്പമാർന്നിടുന്നെന്നുടൽ?
ആർവരു, ന്നാർ വിളിക്കുന്നു? ഇല്ലാരും! [6]
ഏകനാണുഞാൻ, മൂകത ഭഞ്ജിക്കാൻ [7]
നാഴികമണി മാത്രമേയിങ്ങുള്ളൂ.
എന്തുമാത്രം കടുത്തൊരേകാന്തത
എന്തുമാത്രം കടുത്തൊരു നിസ്വത! [8]

കാവ്യദേവത:
വീണയേന്തുനീ, ചൊൽവതു ഞാനല്ലേ
നിന്നനശ്വരദേവത, മൽക്കവേ!
ഈ രജനിയിൽ ഖിന്നനായ്, മൂകനായ്
നീ മരുവതു കാൺകയാൽ വിണ്ണിൽനി–
ന്നിങ്ങുപോന്നുഞാൻ നിന്നൊപ്പം കേഴുവാൻ, [9]
നീഡത്തിൻ വിളി കേട്ടൊരു പക്ഷിപോൽ. [10]
നീറിടുന്നു നീ യേകാന്തമാമൊരു
വേദനയിന്നു നിന്നെക്കരളുന്നു. [11]
കേൾപ്പതുണ്ടു ഞാൻ വ്യക്തമായ് മത്സഖേ
നിന്റെ യുള്ളിനുമുള്ളിലെഗ്ഗദ്ഗദം. [12]
നിന്നിലുമൊരു പ്രേമം കിളിർത്തെന്നാം–
നിർണ്ണയമതുലോകസാധാരണം,
ആനന്ദനിഴലാട്ടമൊന്നെന്നപോ,
ലൈശ്വര്യത്തിന്റെ സ്വപ്നാനുഭൂതിപോൽ.
നീ വരൂ നമുക്കൊന്നിച്ചു പാടിടാ–
മീശചൈതന്യം താവുമീ രംഗത്തിൽ.
നിന്റെ ചിന്തകൾ, നഷ്ടസമ്മോദങ്ങൾ
നിൻ ഗതകാലനോവുകളൊക്കെയും
പാടിടാ,മൊരു മുത്തത്തിലൂടവേ
പോക നാമങ്ങൊരജ്ഞാതലോകത്തിൽ. [13]

തൊട്ടുണർത്താം നമുക്കു നിൻവാഴ്വിന്റെ
കെട്ടടങ്ങിയ മാറ്റൊലിയൊക്കെയും.
ഹർഷവായ്പും ജയമഹിമാവും പോൽ
ചാപലങ്ങളും പേർത്തുമേ പാടിടാം.
ഗാനമാവതിൻമുമ്പു നിൻ പൊൻകിനാ–
സ്സൂനമായവ ചേലിൽ വിടരട്ടെ. [14]
കണ്ടിടാം നമുക്കങ്ങാത്തവിസ്മൃതി
പൂണ്ടുപാടുവാൻ പറ്റിയ താവളം. [15]
പോക നാമിരുപേർമാത്രം, മീജഗ–
ത്താകമാനം നമുക്കുള്ളതാം സഖേ … [16]
ഏതു തങ്കക്കിനാവിനെത്താരാട്ടാൻ
പോന്നതാകണം നമ്മുടെ ഗാനങ്ങൾ?
ഏതു കണ്ണീർക്കഥയാണു പാടുവാൻ
പോവതു നമ്മൾ? നീ പറഞ്ഞീടണം.
വീണയേന്തീട്ടു വീണയേന്തീടുനീ
ഈണം തുകാതിരിക്കുവാൻ വയ്യിനി.
എൻചിറകു വിടരുന്നു വാസന്ത–
ത്തെന്നലി, ലതെങ്ങന്നെയും കൊണ്ടുപോം.
നിന്നിൽനിന്നതിർന്നിടുന്ന കണ്ണുനീർ–
ത്തുള്ളിയൊന്നിനാകാംക്ഷ കൊൾവൂ ഞാൻ.

കവി:
പ്രേഷ്ഠയാം സഖി, യെൻചുണ്ടിൽനിന്നൊരു
മുത്തവുമെൻമിഴികളിൽ നിന്നുള്ള
നീർക്കണികയും മാത്രമേ വേണ്ടുള്ളു–
വെങ്കിൽ ഞാനവ നൽകിടാമിക്ഷണം.
നീയൊരാൾമാത്രമാണെന്നിൽ നിർവ്യാജ–
സ്നേഹമേലുവോൾ സത്സഖി, സോദരി. [17]
പാട്ടുകില്ല ഞാൻ പക്ഷേ, പ്രശസ്തിയോ
സുപ്രതീക്ഷയോ ഭാഗ്യവിലാസമോ.
പാട്ടുകില്ല ഞാനെന്നന്തരത്തിനെ
കാർന്നുതിന്നും കരമുനപോലുമേ.
ഹൃത്തുതേങ്ങിക്കരയുന്ന നേരത്തു [18]
വക്ത്രം പാലിപ്പൂ മൂകത, ശ്രദ്ധിക്കാൻ.

കാവ്യദേവത:
എന്തുവാൻ നിന്നെക്കുറിച്ചു നീ,
തപ്തബാഷ്പക്കൊതിയേൽവൂ ഞാനെന്നോ?
കല്ലറവരെ ചെന്നശ്രുമോന്തിടും
കല്ക്കരളാർന്ന വൃശ്ചികക്കാറ്റുപോൽ, [19]
കേവലമൊരു നീർത്തുള്ളിമാത്രമായ്
മാനവവ്യഥ കാണ്മവൾ ഞാനെന്നോ?
ചുംബനം പരമുത്തേജനാത്മക–
ചുംബനം ഞാൻ നിണയ്ക്കാണു നല്കുക.

ഇപ്പരിസരത്തീന്നു ഞാൻ നീക്കിടാ–
നന്നിട്ടുന്നൊന്നു മാത്രം: നിൻ നൈഷ്ഠർമ്മ്യം.
താവകവ്യഥ സർവ്വജഗന്നിയ–
ന്താവിൻ നിശ്ചയ, മെന്നാലൊന്നോതുവേൻ:
നിൻകരൾക്കാമ്പിലക്കരിംമാലാഖാ–
വൃന്ദമേല്പിച്ച പുണ്യക്ഷതത്തിനെ [20]
നീ വിട്ടു വളർന്നീടാൻ, നിൻ യൗവനം
തിന്നുമാതങ്കമെന്തുതാനാകിലും.
ഉന്നതവ്യഥയൊന്നുപോലത്രമേ–
ലുന്നതരാക്ക മറ്റൊന്നും നമ്മളെ. [21]
വേദനപ്പെട്ടുന്നെന്നതുകൊണ്ടു നിൻ
നാദമിങ്ങു നിലയ്ക്കുവാൻ പാടില്ല. [22]
ഏറെ ദുഃഖം വഴിയുന്ന ഗാനങ്ങ–
ളേറെ മാധുരിയൂറുന്നതായിട്ടും;
ഞാനറിവേനനശ്വരഗാനങ്ങ–
ളേറെയുണ്ടു കലർപ്പറ്റ തേങ്ങലായ്. [23]
കോറ്റുതേടി 'പെലിക്കൻ' കടലിങ്ക–
ലൊട്ടു ദൂരത്തുപോയ് പരിക്ഷീണനായ്
അന്തിമഞ്ഞിൽ ക്കരയിലെ ത്തൻമുള–
ങ്കാട്ടുചേക്കയിലേയ്ക്കു തിരിക്കുമ്പോൾ
നീർപ്പരപ്പൂടെ നീന്തിയണഞ്ഞിടും
താതനെപ്പാർത്തു പൈയ്യെഴും പൈതങ്ങൾ
കൊക്കുകളാട്ടിയോടിയെത്തീടുന്നു,
തീറ്റയുണ്ടെന്ന ധാരണയോടെയായ്.
ഉന്നതമൊരു പാറമേലേയ്ക്കവൻ [24]
പൊന്നുമക്കളെ മെല്ലേ നയിക്കുന്നു.
വിസ്തൃതമാം ചിറകാൽ കിടാങ്ങളെ–
പ്പൊത്തിയത്തന്ത മാനത്തു നോക്കയാം,
മത്സ്യവേട്ടയ്ക്കുപോയ് വെറും കയ്യോടേ
മാലിലാണ്ടു മടങ്ങിന കൈവർത്തൻ!
വൈകിടാവൻ, കൊത്തിപ്പിളർക്കയായ്
തന്നുടൽ, ചോര ചുറ്റും സ്രവിക്കുന്നു.
ആഴിതന്നിൽ നിന്നൊന്നും തടഞ്ഞീലാ,
തീരമാകട്ടെ തീരെ നിർജ്ജീവം.
ആകെക്കൊറ്റായി കൊണ്ടുവന്നുള്ളതു
സ്നേഹസമ്പന്നഹൃത്തൊന്നുമാത്രമാം!
ശോകമൂകനായക്കരിമ്പാറമേ–
ലാക്കമോടേ കിടന്നവൻ വീതിപ്പൂ
സ്വന്തമാം കടൽമാല പിഞ്ചോമന–
സ്സന്തതികൾക്കു ക്ഷുത്തടക്കീടുവാൻ–
അത്യുദാത്തമാം സ്നേഹത്തിലപ്പിതാ–
വാത്മയാതന താരാട്ടിടുകയാം.
തൻചുടുനിണമിമ്മൃതിസദ്യയിൽ

വാർന്നൊലിപ്പതു കണ്ടുകൊണ്ടങ്ങിനെ,
താവും നിർവൃതി, വാത്സല്യം, രൗദ്രത–
ഈ വികാരങ്ങളാലെയുന്മത്തനായ് [25]
അക്കിടപ്പിലമർന്നും പിടഞ്ഞും കൊ–
ണ്ടാചരിക്കയാണാത്മബലിയവൻ!
[26] ഇ'ത്തിരുബലി' മദ്ധ്യത്തിൽ, യാതന
നീട്ടിനീട്ടി മരിക്കാൻ മടുക്കയാൽ,
ക്ഷുത്തടങ്ങിയ മക്കൾ സപ്രാണനായ്
വിട്ടിടാം തന്നെയെന്നു ഭയക്കയാൽ,
ഒന്നെണീറ്റവൻ നീർത്ത ചിറകിനാ–
ലാഞ്ഞടിച്ചു തൻഗൃഹത്തിനു സാക്രന്ദം.
അന്തിനേരത്തു ദാരുണോഗ്രഹം തദീ–
യാന്തിമാക്രന്ദം കേട്ടു നടുങ്ങിന
മറ്റു നീർക്കിളിക്കൂട്ടങ്ങളക്ഷണം
വിട്ടുതീര, മൊരേകാന്ത യാത്രികൻ
മൃത്യുവാവഴി പോകുന്നുവെന്നോർത്തി–
ട്ടാത്മരക്ഷക്കായീശനെക്കുപ്പിനാൻ. [27]
ഈ വിധമാം കവിവരർതൻ കലാ–
ജീവിതവൃത്തി യേതുകാലത്തുമേ.
ആനുഷംഗികമാണവരസ്ഥിര–
മാനുഷർക്കേകുമാസ്വാദനാനന്ദം. [28]
അമ്മഹത്തുക്കൾ കാവ്യോത്സവങ്ങളിൽ
നല്കിടും മനവീയവിരുന്നുകൾ [29]
ഇപ്പെലിക്കാന്റെ യാത്മബലിസദ്യ– [30]
ക്കൊപ്പമായിടും മിക്കപ്പൊഴും കവേ.
മോഹഭംഗ, മാതങ്കം, വിഗണനം,
പ്രേമം, ഭാഗ്യവിപര്യയമൊക്കെയും
പാടുവതവരന്യരസത്തിനാ– [31]
യ, ല്ലാതാകവേയാത്മാവിഷ്കാരമാം. [32]
കാട്ടുതവർ വാൾപ്പയറ്റാകിലും
തങ്ങിനിൽപ്പുണ്ടാമാവാളിൽ ത്തന്നിണം. [33]

കവി:
ഗാനലോലുപേ, മൽക്കാവ്യദേവതേ,
പോരുമേ നിന്നനുനയം പാടുവാൻ
ആഞ്ഞുവീശും കൊടുങ്കാറ്റൽ പൂഴിമേ–
ലാരുമൊന്നുമാലേഖനം ചെയ്തിടാ.
താരുണിയിലനിരുദ്ധനായൊരു
ശാരികപോലെ പാടിയോനല്ലി ഞാൻ?
തീവ്രയാതനയൊന്നിനാലുള്ളത്തിൽ
തീമഴയായ്ക്കഴിയുവോനിന്നു ഞാൻ.
ഈയനുഭൂതി ഗേയമല്ലത്രമേൽ
ദാരുണമെന്നുമാത്രം പറഞ്ഞിടാം.

ഞാനതുൽഗാനം ചെയ്യാൻ ശ്രമിക്കിലെൻ
വീണ, യീറപോൽപ്പൊട്ടിത്തകർന്നുപോം.! [34]

LA NUIT DE MAI

കുറിപ്പുകൾ

[1] ഒരു വെൺ മലരല്ലിയിൽ പതി–
ഞ്ഞൊരു തേനീച്ച മരിച്ചിരിക്കയാം
… … … … …
മലരിൻ മധുരം നുണഞ്ഞു നീ
മരണം പൂകിയതെന്തുമക്ഷികേ?
(വൈലോപ്പിള്ളി — ഇതുപോലെ)

കുമ്പുന്നാമ്പൽപ്പൂവിന്നുള്ളിൽക്കുമ്പിട്ടേതോ
ശലഭമിരുന്നു മരിച്ചതു ഞാനോ?
(കടമ്മനിട്ട — പുരുഷസൂക്തം)

മത്തടിച്ചാർത്തുചുറ്റിപ്പറന്ന വണ്ടത്താന്മാർ
സ്വസ്ഥചിത്തരായ് നിന്നിൽ തേൻകുടിച്ചുറക്കുന്നു.
(ചെമ്മനം ചാക്കോ — പൂവിന്റെ ജാതകം)

പൂവിതിൽ പതുങ്ങിയിട്ടെൻ ചിറകുയരാതായ്
പ്രാവിനെ, പ്പരുന്തിനെത്തഴുകും മാറിൽ ചേരാൻ
(ബാലാമണിയമ്മ — ഭ്രമരഗീതം)

രാവിലെൻ മാറിൽമേനി ചായിച്ചു കൊണ്ടെൻ പ്രേമ–
ഗായക ഭവാനെന്നോടിണങ്ങിക്കിടന്നാകിൽ
താരകളാകാശത്തിലെത്തിനോക്കുവാൻ വരും
നേരമെന്നിതൾ കുമ്പിമറയ്ക്കും ഞാനഗ്ഗാത്രം
(ചെറിയാൻ കെ. ചെറിയാൻ — പങ്കജഗീതം)

As a shut bud that holds a bee
(Robert Browning — Porphyria's lover)

[2] പുഷ്പമാലകൾ ചാർത്തി, പുഷ്പകോടീരം ചൂടി
പുഷ്പിതാത്മാവായെത്തി പുത്തനാം മധുരമാസം
(പി. കുഞ്ഞിരാമൻ നായർ — കണ്ണുനീർത്തുള്ളി)

ജഗത്തിതൊട്ടുക്ക വസന്തലക്ഷ്മി–
പുണർന്ന പൂവാടികയായ്ക്കഴിഞ്ഞു.
(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

[3] … … … … …പൂത്തുനില്ക്കും ലതാ–
കഞ്ജം കണക്കെ കാണുന്നു മണിയറ
പൂനിലാവും കുളിർ കാറ്റും മലർമണം
ചേർന്നമ്മണിയറയ്ക്കുള്ളിൽ മധുരമായ്……

(ആശാൻ — ശ്രീബുദ്ധചരിതം)

ഹാ സുരർപോലും കൊതിപ്പോന്നേവം ശബ്ദച്ഛായോ
ല്ലാസിതം നവവധൂവരർ തൻ നൈശാലാപം

(വൈലോപ്പിള്ളി — കുറുമൊഴി)

അന്നമ്മണിയറയാകവേ പൂത്തൊരു
കൊന്നപ്പൂന്തോട്ടമായ് മിന്നിനില്ക്കേ

(ഉള്ളൂർ — കർണ്ണഭൂഷണം)

മധുചന്ദ്രികയിൽക്കുളിച്ചുനില്ക്കും
മദകരമാമീ മണിയറയിൽ

(ചങ്ങമ്പുഴ — ആനന്ദലഹരി)

[4] ഓതിനേ, നുറങ്ങിപ്പോയല്ലി ഞാൻ, സ്വപ്നം കണ്ടേൻ
ഭീതിദമൊരു രൂപമസിതം മഹോന്നതം

(വൈലോപ്പിള്ളി — സാവിത്രി)

എന്തിതു ശ്രോതായുഗത്തിന്റെ ഭീകര സ്വപ്ന–
മണ്ഡലത്തിൽനിന്നുയിർക്കുന്നൊരു മഹാസത്വം
വക്ഷസി വക്ത്രം, ഹസ്തരഹിതം, ഘണ്ടാപാദം
പക്ഷിയും മൃഗവുമല്ലാത്തൊരു രക്ഷോരൂപം

(ബാലചന്ദ്രൻ ചുള്ളിക്കാട് — ബലി)

[5] ഹത്തടമെന്താണിത്ര ശക്തിയായ് മിടിക്കുന്നു

(എൻ. വി. കൃഷ്ണവാരിയർ — കള്ളദൈവങ്ങൾ)

[5] ‘ആരെടി നില്പതു വാതുല്ക്കൽ താഴെവ’–
‘ന്നാരേയുമാരേയും കാണ്മീലമ്മേ’

(ഉള്ളൂർ — പിംഗള)

[7] കൂരിരുളിനെപ്പുല്കി നില്ക്കുന്നതാ–
മാരുമില്ലാത്ത ശൂന്യമാം പാതയിൽ

(പി. കുഞ്ഞിരാമൻ നായർ — അന്തിമരംഗം)

[8] എല്ലാം കൊള്ളയടിക്കപ്പെ–
ട്ടവശം നിസ്വചിത്തനായ്
തലതാഴ്ത്തിയിരിപ്പൂ ഞാൻ
തോണിപ്പുരയിലേകനായ്

(പി. കുഞ്ഞിരാമൻ നായർ — തോണിപ്പുരയിൽ)

[9] നിന്നോടൊപ്പം നിന്റെ ശോകഗാനം ആലപിക്കാൻ

[10] മുട്ടിയിരിക്കുന്ന കുട്ടിനെയംബരം
മുട്ടിപ്പറക്കുന്ന പക്ഷി മറക്കുമോ

(ആശാൻ — ശ്രീബുദ്ധചരിതം)

[11] ഗൂഢമാമേതോ നോവുനിൻ കരൾ കരളുന്നു

(എൻ. വി. കൃഷ്ണവാരിയർ — കള്ളദൈവങ്ങൾ)

[12] പ്രണയസർവ്വമേ പോരും പരിഭവം
ഹൃദയഗദ്ഗദം കേൾക്കാത്തതെന്തുനീ

(ചങ്ങമ്പുഴ — ബാഷ്പാഞ്ജലി)

[13] മധുരസ്വപ്നശതാവലി പൂത്തൊരു
മായാലോകത്തെത്തി ഞാൻ

(ചങ്ങമ്പുഴ — മനസ്വിനി)

[14] ഗാനമായൊഴുകുന്നതിനുമുമ്പ് അവ ഭാവനയിൽ കരുപ്പിടിക്കട്ടെ

[15] എഴുതാനറി കല്പന ദിവ്യമൊ–
രഴകിനെയെന്നെ മറന്നു ഞാൻ

(ചങ്ങമ്പുഴ — മനസ്വിനി)

[16] ആഴമോരുവാനാവാത്താനന്ദം നുകർന്നേനീ–
യൂഴിയും ഗഗനവുമൊക്കെയുമെന്റേതല്ലോ

(സുഗതകുമാരി — വർഷമയൂരം)

[17] നീ മാത്രമുണ്ടെനിക്കെന്നടുത്തെപ്പൊഴും
നീരസം തോന്നാതെ തങ്ങിനില്ക്കാൻ,
ഇല്ലെനിക്കാരുമീ ലോകത്തിൽ നീയല്ലാ–
തില്ലെനിക്കാരും, ഞാൻ നിസ്സഹായൻ

(ചങ്ങമ്പുഴ — പാടുന്ന പിശാച്)

[18] ഹൃത്തുറക്കെക്കേണു, ശബ്ദ–
മെത്തിയില്ലെൻ നാവിൽമാത്രം

(ചങ്ങമ്പുഴ — നർത്തകി)

[19] ശിശിരത്തിലെ കെടുതിക്കാറ്റ്, ഈ കാലത്താണ് (നവംബറിൽ) പരേതരുടെ
പെരുന്നാൾ. അന്നു വാർക്കപ്പെടുന്ന കണ്ണുനീർ ഈ ശീതക്കാറ്റ് വിഴുങ്ങുന്നു.
പടരും വിഷാദത്തിൻ വൃശ്ചികപ്രഭാതമായ്

(ജി. കുമാരപിള്ള — ഇല്ല)

ചാവിൻ മണവുമായ് തെക്കുനിന്നെത്തി–
ക്കോലായിൽ കോലമായ് തുള്ളുന്നു മഞ്ഞ്.

(സച്ചിദാനന്ദൻ — വടക്കൻപാട്ട്)

[20] തുമ്പികൾ, കരിന്തുമ്പികൾ ക്ഷുദ്രമാം
കൊമ്പിനാലേ തുളക്കിൽ നിൻമാറിടം
മന്ദിതോത്സാഹനാകാതവയൊടു
നന്ദി ചൊൽക വനമുളേ സൗമ്യനായ്

(ജി. — വനഗായകൻ)

മൂടുക ഹൃദയമേ മുഗ്ദ്ധഭാവനകൊണ്ടീ–
മൂകവേദനകളെ, മുഴുവൻ മുത്താകട്ടെ

(ജി. — മുത്തുകൾ)

എരിയും സ്നേഹാർദ്രമാമെന്റെ ജീവിതത്തിന്റെ

തിരിയിൽ ജ്വലിക്കട്ടെ ദിവ്യമാം ദുഃഖജ്ജ്വാല

(ജി. — നക്ഷത്രഗീതം)

നിർവൃതിപദങ്ങൾ നൽപ്പാലൂട്ടിപ്പോറ്റുന്നതാ–
നിർഭരാസ്വാസ്ഥ്യത്തെത്താനെന്നു ഞാനോർമ്മിച്ചീലാ

(ബാലാമണിയമ്മ — നിലാവിൽ)

സുഖത്തെക്കാട്ടിക്കൊഞ്ചും ലോകത്തോടുരയ്ക്കയാം
സുധൃഷ്ടമാമെൻ വാശി: നേടും ഞാൻ ദുഃഖത്തിനെ

(ബാലാമണിയമ്മ — എന്റെ വാശി)

ദുഃഖമേ നീയെക്കു തൃക്കഴൽ ചേർപ്പത–
ങ്ങൊക്കെയും ശ്രീകോവിൽ തന്നെയല്ലോ
നിൻമുമ്പിലെത്തിയ നെഞ്ചിൽപ്പതിയുന്നു
നിർവാണത്താമരമൊട്ടുതാനേ

(നാലപ്പാടൻ — പുളകാങ്കുരം)

അതോ തടംതല്ലിയലച്ച കണ്ണുനീർ–
ക്കടൽക്കകം മുത്തുകളോ കിടപ്പൂ?

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

എനിക്കു ദുഃഖമാണല്ലോ,
ദുഃഖത്തെത്തന്നെയാണു ഞാൻ
ഭജിപ്പതെൻ സഖേ, ദുഃഖം
സുഖമെന്നു നിനപ്പുഞാൻ
എം. എൻ. പാലൂര്–ഒരു കത്ത്
അഭിലഷിപ്പു ഞാനിതുമാത്രം: നിത്യം
തകരാവൂ ചിത്തം പ്രണയത്താൽ

(ചങ്ങമ്പുഴ — പരിതൃപ്തി)

ഹാ മധുരം മധുരമാണെനി–
ക്കീ മഹനീയ സങ്കടം
എത്ര മന്ദസ്മിതങ്ങളിന്നതി–
ന്നിദ്ധരെയെനിക്കേകിലും
ഇല്ല ഞാൻ തരില്ലെന്റെയിക്കണ്ണീർ–
ത്തുള്ളികളിലൊന്നെങ്കിലും

(ചങ്ങമ്പുഴ — ബാഷ്പോപഹാരം)

ഊതുക ദുഃഖഗാനമിനിയും നിൻ
ജീവിതത്തിന്റെ വേദനാവേണുവിൽ

(പി. കുഞ്ഞിരാമൻ നായർ — അന്തിമരംഗം)

വേറിട്ടുകേൾക്കുന്നു തോപ്പിന്റെ ജീവിത–
വേദന തുമ്പി തുളച്ച മുളകളിൽ

(പി. കുഞ്ഞിരാമൻ നായർ — പുഷ്പവാടി)

വീണ്ടും കരുത്തുതുടങ്ങട്ടയോ ദുഃഖ–

ഗാനങ്ങൾ മണ്ണുപിടിച്ച നിൻ വീണയിൽ

(പി. കുഞ്ഞിരാമൻ നായർ — തപോവനം)

നിർഭയം നിസ്സന്ദേഹം പാടിനാൻ കവി: ദുഃഖ–
നിർഭരമാവാതെന്റെ ചേതനയ്ക്കില്ലാ നാദം

(ഒ. എൻ. വി. കുറുപ്പ് — ചോറൂണ്)

മർത്ത്യഹൃത്തടങ്ങളിൽ വിളയും ദുഃഖത്തിന്റെ
മുത്തുവാരുവാനത്രേ താണുപോയ്ക്കച്ചേതന

(ഒ. എൻ. വി. കുറുപ്പ് — സിംഹാസനത്തിലേയ്ക്കു വീണ്ടും)

അന്തിയിൽ മെഴുതിരിത്തുമ്പിലെത്തീനാമ്പുകൾ
ചിന്നിയ കണ്ണീർത്തുള്ളി മുത്തുകളായിത്തീർന്നോ ?

(പാലാ — അയൽക്കാരൻ)

ഇണ്ടലിൻ മുറിവാണതവിടുന്നു നീലിച്ച
വണ്ടായ് തുളച്ചതാണല്ലോ
അതിലൂടെയൂറും കവർപ്പിന്റെ കവിതയോ
അവിടുത്തെ നൈവേദ്യമല്ലോ

(സുഗതകുമാരി — നൈവേദ്യം)

...മുറിച്ചു കാട്ടുകൾ കടന്നുപോരട്ടേ
നിതാന്തവേദനേ തവ തരംഗങ്ങൾ.
വിഷാദചന്ദ്രികേ, യെനിക്കു നീ നിന്റെ
സ്വരം തരൂ, നിനവഖിലവും തരൂ

(ഒ. വി. ഉഷ — വിഷാദപൗർണ്ണമി)

നിഗൂഢദീപ്തിയാൽ കുളിരുന്ന ജീവൻ
പിടയുന്ന തീവ്രമധുരാസ്വാസ്ഥ്യത്താൽ

(ഒ. വി. ഉഷ — സുഖം)

ഉൽക്കടശോകമൊന്നാകണം നിന്നുടെ
ഉൽകൃഷ്ട ഗാനനിദാനം

(പുലക്കാട്ട് രവീന്ദ്രൻ — കുയിലിനോട്)

ഇതു കൊടുംനോവോ, കടുമധുരമോ
ജനിയോ, മൃത്യുവോ, അറിയുന്നില്ല ഞാൻ.
കഠിനമീ വ്യഥയുറഞ്ഞു മുത്തായി
പരമഹർഷത്തിൻ സ്ഫടികമാവട്ടെ

(ദേവി — ഹരി നിനക്കായിക്കരുതിക്കാത്തു ഞാൻ)

വിനതേ ഹതഭാഗ്യേ നിന്നഴൽ
കൊത്തിയുടയ്ക്കയായ്ക്കയതിൽ ബീജം
ഉണരട്ടെ ചിറകുമുളച്ചു
കരുത്തായ് പിളരട്ടെ

(എൻ. എൻ. കക്കാട് — ചിറക്)

വളരു പ്രിയപ്പെട്ട ദുഃഖത്തിൻ വാല്മീകമേ
വളരു തപസ്യയിലേർപ്പെട്ടുമെന്നെച്ചുറ്റി

(എസ്. രമേശൻ നായർ — വാല്മീകി)

Still nourishing in thy bewildered brain
That wild unquench'd deep sunken old world pain

(Mathew Arnold — Philomela)

Then welcome each rebuff
That turns earth's smoothness rough
Each sting that bids, nor sit nor stand but go,
Be our joys three parts pain

(Robert Browning — Rabbi Ben Ezra)

Life is a 'tapasya' of pain till death:
To again the terrible value of truth,
Settle all debts by death

(Tagore — On the bank of Rupanarayana)

And pain shall cleans thee like a flame
To purge the dross from thy desire

(Sarojini Naidu — The Soul's prayer)

[21] അഥവാ സുഖദുർഗ്ഗമേറുവാൻ
സ്ഥിരമായ് നിന്നൊരു കൈശരീരിയെ
വ്യഥയാം വഴിയൂടെയമ്പിനാൽ
വിരവോടുന്തി വിടുന്നതന്നെയാം

(ആശാൻ — സീത)

ഉപാസിക്കുന്നു ദുഃഖത്തെ ഞാൻ

(ആശാൻ — ഒരു അനുതാപം)

യാതൊരു ദുഃഖത്താലെ നാം മൃതിപ്പെടുന്നീലാ–
യാതന പൂർവ്വാധികം ശക്തരാക്കുന്നു നമ്മെ

(വൈലോപ്പിള്ളി — തൃശ്ശൂരിലെ തിരുവാതിരകൾ)

ജീവിതപുഷ്പത്തിന്റെ സൗരഭ്യമത്രേ ദുഃഖം

(വൈലോപ്പിള്ളി — വിരഹത്തിൽ)

ഏതുനാൾ തൊട്ടെന്നോർമ്മയില്ലെന്റെ നെഞ്ചത്തോമൽ
പൈതലെന്നോണം പറ്റിക്കിടക്കും കദനമേ,
… … … … …
പാരിലെ പ്രകാശം നിൻകൺകളിൽ നിറഞ്ഞോലും
നേരമാണെന്നാം വേലിയേറ്റമെൻ കഴിവിന്നും

(ബാലാമണിയമ്മ — ദുഃഖം)

ഉരിയാടില്ലൊന്നും ഞങ്ങൾ കുട്ടിയ തീയ്യിൽ

വിരികൺ കലങ്ങാതെ കാൽവെച്ചാൾ മനസ്വിനി
ചെന്നു പിൻമാറ്റിദ്രുതം തൽപ്രിയൻ: 'മതിപാർത്തേ–
നിന്നു നീ ദുഃഖംകൊണ്ടു നേടിയ വളർച്ചയെ'

(ബാലാമണിയമ്മ — വിഭീഷണൻ)

ഇരുണ്ടും ചെറുതായുമുലകം നീരാളും ക–
ണ്ണിണയിൽപ്പിടയ്ക്കെത്തൻ പിന്നിൽ നില്ക്കയാം ദുഃഖം.
'പോവുക' കറുത്ത മെയ് പുല്കിക്കൊണ്ടയാളോതി:
നീ വഴികാട്ടാമെനിക്കിവിടെത്തിരിച്ചെത്താൻ

(ബാലാമണിയമ്മ — വഴികാട്ടാൻ)

നിർവൃതിപദങ്ങൾ നല്പാലൂട്ടിപ്പോറ്റുന്നതാ
നിർഭരസ്വാസ്ഥ്യത്തെത്താനെന്നു ഞാനോർമ്മിച്ചീലാ

(ബാലാമണിയമ്മ — നിലാവിൽ)

അമർത്ത്യാരാധ്യം നിൻ യാതനാധനം വെച്ചു
നമിക്കു നവോദയാശംസിയാം ഹൃദയമേ

(ബാലാമണിയമ്മ — സന്ധ്യാവന്ദനം)

ജീവിതമതിൻ മുന്തുംയാതനാമൃതമേകി
ദേവതയാക്കിത്തീർത്തോരിരുൾമെയ്യാളാം സാധ്വി

(ബാലാമണിയമ്മ — ഞങ്ങളുടെ അമ്മ)

മുത്തു പെറുക്കിയെടുത്തു കൊള്ളട്ടെ പേർ–
ത്തിദ്ദീനരെന്ന കനിവാലല്ലല്ലീ
അത്തൽക്കടങ്കിലാഴ്ത്തി മുക്കുന്നു നീ
യപ്പപ്പോൾ ഞങ്ങളെ മംഗളാത്മൻ

(ബാലാമണിയമ്മ — ചിദ്രസവർഷിയാം കാർമേഘം നീ)

ആനന്ദവർഷത്തിനുവേണ്ടിയാണീ
ബ്ഭ്രുവിങ്കലെ ദുഃഖവികാരതാപം
പി. കുഞ്ഞിരാമൻ നായർ–ശ്രീരാമചരിതം
മിഴിനീരിലൂടേ ചരിച്ച ജീവ–
നഴകിലാറാടിയതായിരിക്കും
എരിയുമെൻ ചിത്തമേ മേല്ക്കുമേലേ
ചൊരിയുകശ്രുക്കളെൻ കണ്ണുകളേ

(ചങ്ങമ്പുഴ — പ്രലോഭനങ്ങൾ)

ഒരല്ലലില്ലെങ്കിലെനിക്കു കല്ലാ–
യിരിക്കുവാനാണിമേലിലിഷ്ടം

(കുറ്റിപ്പുറം — ഒരു മഹച്ചരമം)

ആനന്ദവാർദ്ധിക്കകമെത്തുവാനോ
നീ തീർത്തതമ്മേ ചുടുകണ്ണുനീർച്ചാൽ

(എം. ആർ. നായർ — വിചാരവീഥി)

അഴലേ, തവമുമ്പിൽ കൊളുത്തിടട്ടെന്നാത്മാവ്

വഴിയും മണംപെറുമൊരു ചന്ദനത്തിരി

(നാലാങ്കൽ — അഴലിന്റെ അഴക്)

എന്നെന്നുമെൻ പാനപാത്രം നിറയ്ക്കട്ടെ
നിന്നസാന്നിദ്ധ്യം പകരുന്ന വേദന

(ബാലചന്ദ്രൻ ചുള്ളിക്കാട് — ആനന്ദധാര)

But hail, thou goddess sage and holy
Hail, divinest Melancholy!
Whose saintly visage is too bright,
To hit the sense of human sight,
And therefore to our weaker view
O' erlaid with black, staid Wisdom's hue

(Milton — Il Penseroso)

Nothing's so dainty sweet as lovely melancholy

(J. Fletcher — Melancholy)

Often the dark night of sorrow
has came to my door
armed with only one weapon:
The fearful visage of pain, threats of terror
deceptive in the dark.
Whenever I feared that mask of terror
i suffered meaningless defeat.

(Tagore — often the dark night of sorrow)

[22] മീട്ടുക കവേ, വീണ്ടും നിന്മണിവീണക്കമ്പി
മീട്ടുക നൈരാശ്യത്തിൽ നീ മൗനം ഭജിച്ചാലോ

(ചങ്ങമ്പുഴ — നീ മൗനം ഭജിച്ചാലോ)

Bird,
Why do you forget your song at times?
Ahy not sing on ?
A songless dawn is futile
Are you not aware of this?

(Tagore — Bird, why do you forget your song?)

[23] നോവുതിന്നും കരളിനേ പാടുവാ–
നാവു നിത്യമധുരമായാർദ്രമായ്

(ജി. — വനഗായകൻ)

കേവലം ഘനീഭൂതമാകിന കണ്ണീരാണി–
ബ്ഭൂതലം, നെടുവീർപ്പാണീയന്തരീക്ഷംപോലും
… … … … …
പിന്നെയും ജീർണ്ണിക്കുവാൻ, ശാശ്വതമൊന്നേ, ദുഃഖം

(ജി. — അന്തർദ്ദാഹം)

കരയും ഞാൻ, കരയും ഞാൻ, കരയു കവികളെ–
ക്കഴുവിൽക്കയറ്റുമോ കാലമേ നീ?
കരളിൽനിന്നുറയുന്ന കരളിൽ ചെന്നലിയുന്ന
കരയലിൽ കലയില്ലേ, കവിതയില്ലേ?

(ചങ്ങമ്പുഴ — കരയും ഞാൻ)

അഞ്ചിതരാഗം തമ്മിൽ കൊക്കുചേർത്തൊരു കൊമ്പിൽ–
ത്തഞ്ചിടും ക്രൗഞ്ചങ്ങളിലൊന്നിനെ വനവേടൻ
കൊന്നു വീഴ്ത്തിയ നോവലാദിമകവി വാർത്ത
കണ്ണുനീരൊരു പെരും കടലായ്പ്പരക്കുന്നു

(വൈലോപ്പിള്ളി — ഉജ്ജ്വലമുഹൂർത്തം)

നൊന്തു തുടിക്കും നിനാദം–അയ്യാ
എന്തു മധുരസംഗീതം

(വൈലോപ്പിള്ളി — ശോകം)

അരുമപ്പെട്ടവയെന്തെല്ലാ–
മാഹുതി ചെയ്യപ്പെട്ടിട്ടാം
പിറവിയെടുപ്പതു വിശ്വോത്തരകല
പീഡകൾ പുളയുന്നെരിതീയ്യിൽ

(വൈലോപ്പിള്ളി — അത്ഭുതമണി)

നീ ദുഃഖം മനസാവഹിച്ചു, നിതരാമേകാകി, യല്ലെങ്കിലി–
സ്സാദുത്വം തവതേനിനെങ്ങനെ വരും, പ്രേമോദിതാമേദവും

(വൈലോപ്പിള്ളി — മധുമക്ഷിക)

നിരുപികിലുഗ്രദുഃഖ സം–
സ്മരണത്താലുളവായ സാഹിതി–

(വൈലോപ്പിള്ളി — കവിയച്ചൻ)

സംഘാരാമത്തിലെക്കോകില, തവമധുരം ശബ്ദരൂപാശ്രുപൂരം

(വൈലോപ്പിള്ളി — കുമാരകോകിലം)

ഇല്ലോർത്താലിതിലത്ഭുതം, രസികർതൻ ചിത്തം കുളിർപ്പിക്കുവൊ–
ന്നല്ലോ നൽപ്പിനിനീരുപോലെ നിയതം നിൻ ചുട്ട കണ്ണീരുമേ

(വള്ളത്തോൾ — കവിത)

പറവയിലലിവൂർന്നുവീണൊരേതിൻ
ചുടുമിഴിനീർകണമാദികാവ്യമായി
ഇരുളിലുദയരശ്മിയാകമത്തു–
ലിക മമ കണ്ണിനു കാഴ്ചയേകിടട്ടെ

(പി. കുഞ്ഞിരാമൻ നായർ — ശ്രീരാമചരിതം)

ഊഴിതൻ ദുഃസ്വപ്നംപോൽ പിടയും കരളോലു–
മാഴിതന്നസ്വസ്ഥമാം തേങ്ങലാണെനിക്കിഷ്ടം

ഉഗ്രമാമുൾക്ഷോഭത്തിൻ തീജ്ജ്വാല ചുറ്റും ചിന്നു–
മഗ്നിപർവ്വതത്തിന്റെ യല്ലലാണെനിക്കിഷ്ടം

(സുഗതകുമാരി — ഏകാകി)

കണ്ടുനിന്നൊരു മുനി വേദനയോടെ പാടി
കണ്ണുകൾ നിറയവേ കരുണാർദ്രമാം കാവ്യം

(എസ്. രമേശൻ നായർ — വീണപൂവിന്റെ ഓർമ്മയ്ക്ക്)

നീ കവിതയ്ക്കുഴിഞ്ഞ നിൻപ്രാണൻ
നീറി ചന്ദനഗന്ധം പൊഴിയ്ക്കേ
പാട്ടുപെട്ടു നീ താണ്ടിയ കണ്ണീർ
പ്പാടമെങ്ങൾക്കമൃതാബ്ധിയായി …
സ്ഫോടനോൽക്കമാമഗ്നിശൈലത്തെ–
പ്പോലെ വെന്തകം വിങ്ങുകിൽപ്പോലും
നീയമൃതേ ചുരത്തിയിന്നാട്ടിൻ
സ്നായുതോറും നവോർജ്ജം പകർന്നു

(യൂസഫലി കേച്ചേരി — നിത്യചൈത്രം)

കൊല്ലുന്നു പക്ഷിയെ, പാവമിണക്കിളി–
യല്ലൽപെടുന്നു, രുദിതാനുസാരിയായ്
വന്നെത്തിനില്ലും മുനിക്കന്നുറഞ്ഞൊരാ–
ക്കണ്ണുനീരമ്മ കവിതയെപ്പെറ്റുപോൽ

(യൂസഫലി കേച്ചേരി — കണ്ണുനീരമ്മ)

ഏഹിസൂനരി, നീയെൻമുരളിയിൽ
സ്നേഹഗാനമായൂറി നിന്നീടുകിൽ
പൂവിലുള്ള തേൻതുള്ളിപോലാകുമെൻ
ജീവിതത്തിന്റെ നൊമ്പരം കൂടിയും

(ഒളപ്പമണ്ണ — ഏഹിനസൂനരി)

കടഞ്ഞെടുത്തേൻ കണ്ണീരൊക്കെ–
ക്കവിതാമാധുരിയായ്

(കടവനാട് കുട്ടികൃഷ്ണൻ — വെട്ടും കിളയും ചെന്നമണ്ണ്)

our sweetest songs are those that tell of saddest thought

(Shelley — To a skylark)

And the mute silence hist along
Less philomel will deign a song
In her sweetest saddest plight
Smoothing the rugged brow of night

(Milton — Il Penseroso)

[24] ക്രിസ്തു കുരിശുമരണം വരിച്ച ഗൊൽഗോഥാ കുന്നിനെ അനുസ്മരിക്കുന്നു.

[25] പേടിയും ഹർഷവുമിത്തിരിധാർഷ്ട്യവും
കൂടിക്കലർന്നോരിടയിളക്കം

(ഇടശ്ശേരി — നാലിതൾപ്പൂവ്)

[26] ക്രിസ്തുവിന്റെ ആത്മബലിയുമായുള്ള സാദൃശ്യം

[27] ദ്യോവിനെ വിറപ്പിക്കുമാവിളി കേട്ടോ മണി–
ക്കോവിലിൽ മയങ്ങുന്ന മാനവരുടെ ദൈവം?
എങ്കിലുമതു ചെന്നു മാറ്റൊലിക്കൊണ്ടു പുത്ര–
സങ്കടം സഹിയാത്ത സഹ്യന്റെ ഹൃദയത്തിൽ

(വൈലോപ്പിള്ളി — സഹ്യന്റെ മകൻ)

[28] നിശ്ചിതകാലം ജീവിച്ചു മരിക്കുന്ന സാധാരണ മനുഷ്യർ. സ്വന്തം കൃതികളിലൂടെ കവികൾ അനശ്വരനെന്നു വ്യംഗ്യം.

ഹാ മരിച്ചാലിമനശ്വരനായ്ഗ്ഗാന–
സ്സീമയിൽ നില്പോരു ഗർന്ധവനാണുനീ

(ചങ്ങമ്പുഴ — രമണൻ)

കാലികപ്രവാഹത്തിൽത്തുലയാം കവി, സാർവ
കാലിക സമുദ്രത്തിൻ തിരയായ് തലപൊക്കാൻ

(കൃഷ്ണൻ പറപ്പിള്ളി — ശക്തി)

നിസ്തുല പരാക്രമത്തേരിലൈശ്വര്യംവീശി
ദിഗ്ജയം നടത്തിയോർ മൺമറഞ്ഞുപോയ് പണ്ടേ
വിസ്തൃത പരിവർത്തന സാക്ഷിയാമെന്റെ
ഹൃത്തടമെന്നാലിന്നും സ്പന്ദിപ്പൂ, സ്പർശിച്ചോളൂ

(വി. എ. കേശവൻ നമ്പൂതിരി — പാടുന്ന ഇണകൾ)

Here your earth - born souls still speak
To mortals of their little week
Of their sorrows and delight
Of their passions and sprits
of their glory and shame

(Keats — Ode on the poets)

O may I join the choir invisible
Of those immortal dead who live again

(George Eliot — O may I join the choir invisible)

[29] ക്ഷിതിയിലഹഹ മർത്ത്യജീവിതം
പ്രതിജനഭിന്നവിചിത്രമാർഗ്ഗമാം
പ്രതിനവരസമാമതോർക്കുകിൽ
കൃതികൾ മനുഷ്യകഥാനുഗായികൾ

(ആശാൻ — ലീല)

[30] അമ്മമാരുടെ മുഗ്ദ്ധകതികൾക്കി–
ങ്ങവസിതിയുണ്ടോ ഭുവനത്തിൽ

തന്നെത്തന്നെ തീറ്റ കൊടുത്തിവർ
പോറ്റിയെടുപ്പീലാരാരെ ?

(ഇടശ്ശേരി — ബിംബിസാരന്റെ ഇടയൻ)

അടുക്കളക്കാരൻ വയസ്സൻ ഞങ്ങൾക്കു
മടച്ചു തന്നൊരു വിഭവം, തൻദേഹം
ചുരന്നെടുത്തിട്ടു മിഴിനീർ ചേർത്താണെ–
ന്നറിഞ്ഞപ്പോഴേയ്ക്കും മരിച്ചുപോയങ്ങോർ

(പി. നാരായണക്കുറുപ്പ് — ഭക്ഷണചക്രം)

[31] പാടുകെൻ ചിത്തവിഹംഗമേ, യിന്നലെ–
പ്പാടി നിറുത്തിയ പാട്ടിൻശേഷം
അന്യർക്കു കേട്ടു രസിക്കുവാനല്ലതു
നിന്നുടെ നിർവൃതിക്കായി മാത്രം

(ഇടപ്പള്ളി — പാടുക)

ഇറുത്തെടുത്തൊരു തുവലിനാലെൻ
ഹൃദയതലത്തിൻ നോവുകളെ
അമർത്തിയൊപ്പിയ ചോരയിലേതോ
പകർത്തിവെച്ചേ, നെവിടോ ഞാൻ

(പുതുശ്ശേരി രാമചന്ദ്രൻ — പുതിയ കൊല്ലനും പുതിയൊരാലയും)

[32] കരളാലനുഭവിച്ചുള്ളവയെല്ലാം നാനാ–
നിറമായ് മണമായ് നീട്ടറ്റ മധുവായും
ചമച്ചു വിരചിച്ച ചാരുതകളെ നിങ്കൽ
സമർപ്പിച്ചഭിമാനംകൊണ്ടു ഞാൻ വളരവേ

(വൈലോപ്പിള്ളി — വൈകിയ വസന്തത്തിൻ പുഷ്പങ്ങൾ)

തന്നുടെ വാടാപ്പച്ചക്കാവ്യങ്ങൾക്കെല്ലാമുയിർ
തന്നതാം നിഗൂഢാശ്രു നീരുറവിനെപ്പറ്റി ...
അവയെപ്പറ്റിപ്പാടൂ, വിണ്ണിലേയ്ക്കെന്നെക്രമാ–
ലടുപ്പിച്ചെഴും സൂചിസോപാനങ്ങളെപ്പറ്റി

(ബാലാമണിയമ്മ — അവയെപ്പറ്റി)

പ്രാണനെപ്പകത്തുമുൾപ്രേരണയറിയാത്തോർ
പ്രാണനെപ്പോറ്റും പണിയായിതു ഗണിച്ചോട്ടെ

(കൃഷ്ണൻ പറപ്പിള്ളി — കലാസൃഷ്ടി)

നോവിൽവിങ്ങും, നിരാശയിൽ നീറുമെൻ
ജീവിതത്തിൻ നിഗൂഢ രഹസ്യങ്ങൾ
എത്രമേൽ ഞാനമർത്തി വെച്ചാകിലും
കേട്ടിടാം നായൊരുദിനം ...

(എൻ. വി. കൃഷ്ണവാരിയർ — പ്രാർത്ഥന)

വേദിയിൽ ഗാന്ധാരി കേഴുന്നു, ഹാ യുഗ–
വേദനകൾ വീണലിയുന്ന ഞങ്ങൾതൻ

നാദകണങ്ങളാൽ പാടുന്ന പക്ഷികൾ

(ഒ. എൻ. വി. കുറുപ്പ്— പാടുന്ന പക്ഷികൾ)

ഒക്കെയും കണ്ടേൻ മന്നിൻവേദനയെന്നാത്മാവിൻ
മുഗ്ദ്ധഗാനമായ അല്ല, കാവ്യമായുയിർക്കൊൾകെ

(നളിനകുമാരി— ആത്മാലാപം)

എന്തെഴുതിയാലുമെന്റെ മാതിരി, നാനാ
മുഗ്ദ്ധരൂപമായ്, നാനാശബ്ദഭേദമായെന്നിൽ
വന്നുകേറിയ ലോകം താനല്ലി ഞാനാംഭാവം ?

(കടവനാട് കുട്ടികൃഷ്ണൻ— എന്റെ ചിത്രം നിന്റെതും)

I have suffered what I wrote or viler pain
And so my words have seeds of misery

(Shelley— Triumph of life)

[33] പൂർണ്ണമല്ലെങ്കിലും മദ്രേഖയോരോന്നു–
മാർദ്രമെൻചെഞ്ചോരയിറ്റിറ്റു വീഴ്കയാൽ

(ജി. കുമാരപിള്ള— ചിത്രകാരൻ)

കൊത്തിവിഴുങ്ങിയ തീക്കനൽക്കട്ടകൾ
പുത്തനാം തീയ്യായ് വെളിച്ചമായ് മാറ്റുവാൻ
ഇന്നും ശ്രമിക്കയാണെൻശ്രമത്തിൻ ചോര–
യെന്നുടെ കൊക്കിലിറ്റുന്നുണ്ടഹർന്നിശം

(പി. ഭാസ്കരൻ— ഓന്തും ഒട്ടകപ്പക്ഷിയും)

നീ വിരചിച്ച കാവ്യമത്രയും
നിന്റെ ഹൃദ്രക്തരേഖകൾ
നിന്റെ നിസ്തുലഗാനമത്രയും
നിൻകരളിൻ തുടിപ്പുകൾ

(യൂസഫലി കേച്ചേരി— വയലാർ)

[34] കഷ്ടം കൊതിയുണ്ടു പാടുവാനെൻ
ചിത്തമുരളി തകർന്നുപോയി

(ചങ്ങമ്പുഴ— രമണൻ)

അന്തിനക്ഷത്രം

അൽഫ്രെദ് ദ് മ്യൂസ്സെ (1810–1857)

ALFRED DE MUSSET

മന്ദം മന്ദം പ്രതീചിതൻ ചെമ്പട്ടണിമറ നീക്കി
മങ്ങി മിന്നിടുന്ന മഞ്ജുമുഖം കാണിക്കും
[1] കാതരഭാവയാം സാന്ധ്യതാരകേ, നീ ദൂരെനിന്നി–
പ്പാരിന്നെന്തു സന്ദേശവുമായണയുന്നു?
വിണ്ടലത്തിൻ വർണ്ണാഞ്ചിത മാളികയിൽ നിന്നിബ്ഭുവിൻ
ജീവിതസംഗ്രാമരംഗത്തെന്തുനോക്കുന്നു? [2]
ഊറ്റമാർന്ന പെരുമഴ പെയ്തൊടുങ്ങി, യുലകിനെ–
യിട്ടുലച്ച കൊടുങ്കാറ്റു ശമിച്ചു, വെന്നാൽ
കാടുമാത്രം വിറവിട്ടുമാറിടാതെ യിപ്പൊഴുതും
കീഴ്ച്ചെടിപ്പടർപ്പുകളിൽ കണ്ണീർ വാർക്കുന്നു. [3]
ചിരിക്കുന്ന പൊൽപ്രകാശനറുങ്ങുകൾപോലെമിന്നാ
മിനുങ്ങുകൾ മണംപെറും പുൽപ്പരപ്പിങ്കൽ. [4]
കൊടുങ്കാറ്റും പേമാരിയും കഴിഞ്ഞെഴുമാലസ്യത്തിൽ
മയങ്ങിടുമിദ്ദിക്കിൽ നീ തിരവെന്താം?... [5]
പക്ഷെ, യെന്തിക്കാണ്മതു ഞാനിപ്പൊഴുതു നീയാപ്പെരും–
പശ്ചിമാദ്രികൾക്കുനേരെ ചാഞ്ഞുപോകുന്നു.
നെഞ്ചകത്തു നീറലുമായ് മരുവുന്ന മമസഖി [6]
പുഞ്ചിരിപൊഴിച്ചുകൊണ്ടു താണിടുന്നു നീ.
മങ്ങി മങ്ങി മാഞ്ഞിടുന്നു മംഗളസ്വരൂപിണി, നിൻ
മഞ്ജിമ തിരയടിക്കും ചഞ്ചലനോട്ടം.
മരതകപ്പുതപ്പണിഞ്ഞകലെയങ്ങമരുമാ–
മലകൾതൻ മീതെ ത്താഴമോമൽത്താരകേ,
[7] രജനിതൻ മേലങ്കിമേലിറ്റുവീണു വിളങ്ങുന്ന
കദനാശ്രുകണികയാം കാന്തികന്ദമേ, [8]
[9] ആട്ടകളാലനുഗതനായ് നടന്നുപോമിടയ–
നാടലറ്റു നോക്കിടുന്ന വെള്ളിവെട്ടമേ,
അന്ധകാരനിബിഡമായ് ഭീകരമായ്ത്തീർന്നിടുമീ–
യന്തിയിങ്കലെങ്ങോട്ടു നീ താണുപോകുന്നു? [10]
നിച്ചിലുമേ കാറ്റിൽമൂളും കൊച്ചുമുളങ്കാട്ടിലൊരു [11]
പുത്തനാം വിശ്രാന്തികേന്ദ്രം തേടിപ്പോകുന്നോ?
ഒരു മണിമുത്തു കൊടുംകയത്തലേയ്ക്കാഴും പോലി–
പ്പെരുമൗനവേളയിൽ നീയെങ്ങു താഴുന്നു?
അസ്തമിച്ചേ തീരുവെങ്കിൽ, പാവനേ, നീയക്കൊടുതാം

മൃത്യുസാഗരത്തിലാണ്ടുപോകുമെന്നാകിൽ
നിൽക്കു, നിമേഷമൊ, ന്നോതിടട്ടെൻ കാമിതം ഞാൻ:
[12] പ്രേമതാര നീ മനസ്സിൽ നിന്നിറങ്ങായ്ക! [13]

L'ETOILE DU SOIR

കുറിപ്പുകൾ

[1] പകലറുതിയിലംബരാലയത്തിൻ
മുകൾനിലയങ്കിലണഞ്ഞ കൊച്ചുതാരം
അകമുഴറി വിളർത്തു നില്പു

(ജി. — അമ്മയെവിടെ?)

[2] ചക്രവാളത്തിനപ്പുറം ചൂട്ടുകൾ
ഞെട്ടിവന്നു പിറന്ന നക്ഷത്രമേ...

താഴെ നോക്കുമജ്ജീവിത പ്രേമ–
താരകമേ, യതാണെൻ പ്രപഞ്ചം

(അയ്യപ്പപ്പണിക്കർ — കുരുക്ഷേത്രം)

ഇവിടം ജീവിസംഗ്രാമത്തിൻ ചുടലക്കളമോ
ചുനീർക്കുളമോ?

(കടമ്മനിട്ട — കടമ്മനിട്ട)

This tract which the river of Time
Now flows through with us is the plain.
Gone is the calm of its earlier shore.
Bordered by cities, and hoarse
With a thousand cries is its stream

(Mathew Arnold — The future)

[3] മുൾച്ചെടികൾക്കിടയിൽപ്പൊൻവല്ലി
മാത്രം കണ്ണുനീർ വാർക്കുന്നു.

(പി. കുഞ്ഞിരാമൻ നായർ — അനാർക്കലി)

[4] സന്നാഭമാം സ്വന്തവിളക്കുമായി
മിന്നാമിനുങ്ങിൻനിര സഞ്ചരിപ്പൂ

(വള്ളത്തോൾ — ഒരു തോണിയാത്ര)

[5] പരുങ്ങലോട്ടനീ, പ്രദോഷതാരകേ,
തിരയുവതെന്താ, ണൊരു കവി ചൊന്നാൻ

(വള്ളത്തോൾ — തേങ്ങാപ്പൂള്)

[6] അന്തരംഗത്തിൽ വിഷാദം കൊളുത്തുവാ–
നെന്തിനുദിച്ചു നീ യന്തിനക്ഷത്രമേ?

(ചങ്ങമ്പുഴ — ഓണപ്പൂക്കൾ)

നീയും തുടിപ്പിതോ നിസ്സഹായേ, ഹന്ത
നീറിടുന്നോ നിൻമൃദുലഹൃദയവും
(ചങ്ങമ്പുഴ — തമസ്സിൽ)

[7] പാരമഴഞ്ഞു കണങ്കഴൽ മൂടും പൊൻ–
നീരാളം മേലണിഞ്ഞെത്തുമന്തി
(ജി. — സാന്ധ്യതാരം)

[8] കണ്ണുനീർക്കണമായിപ്പൊന്തുന്ന വാനിൻമുക്കിൽ
സ്വർണ്ണവർണ്ണഭോഗത്തെ മാഴ്കമാസാന്ധ്യതാരം
(ബാലാമണിയമ്മ — വേലക്കാരി)

വാനിന്റെ പുൽത്തറയിലെന്തിനുതിർന്ന കാന്തി
ചിന്തിത്തിളങ്ങിടുവൊരന്തിമ സാന്ധ്യതാരം
ഏതോ നിരാശ പുകയുന്നൊരു ജീവിതത്തിൻ
നേത്രത്തിൽ നിന്നരിയ ബാഷ്പകണം കണക്കേ
(പി. കുഞ്ഞിരാമൻ നായർ — ശ്രീരാമചരിതം)

കനകനിചോളമൂർന്നാനഗോരസ്സായ്യേവ്യ–
മനവദ്യയാം സന്ധ്യാദേവിതൻ കപോലത്തിൽ
ക്ഷണമുണ്ടൊലിക്കാറായ് മിന്നുന്ന താരാബാഷ്പ–
കണമൊന്നനിർവാച്യ നവ്യനിർവൃതി ബിന്ദു.
(ജി. — സാഗരഗീതം)

ശാരദസായങ്കാലസൗഭഗ്യോജ്ജ്വലപൂർവ്വം
താരകേ നീ വന്നിന്നും നില്ക്കുന്ന യഥാപൂർവ്വം
താവകമിഴിയിലെ സ്നേഹദീപ്തമാം കണ്ണീർ
ജീവനാൽ നുകർന്നെന്നെക്കേവലം മറന്നു ഞാൻ
(ജി. — അന്തർദ്ദാഹം)

ആരുടെ കണ്ണീർക്കണം മാഴ്കിത്തുടിപ്പൂ നക്ഷത്രമായ്
(ആർ. രാമചന്ദ്രൻ — ആരുടെ ദുഃഖം)

നീ പൊഴിയുക നിൻനയനത്തിൻ
നീർക്കണങ്ങൾ, പ്രകാശബിന്ദുക്കൾ
(അയ്യപ്പപ്പണിക്കർ — കുരുക്ഷേത്രം)

Gem of the crimson coloured Even
Companion of retiring day,
Why at the closing gates of heaven
Beloved star, dost thou delay?
(T. Campbell — To the evening star)

[9] നിന്മുഖദർശനത്താലേ മതിമറ–
ന്നുന്മുഖനായ്പ്പോകുമാട്ടിടയൻ,
സ്മിതമാമാഹ്ലാദമുള്ളിലൊതുങ്ങാതെ

ഗീതമധുരമാക്കുന്നു മാർഗ്ഗം
(ജി. — സാന്ധ്യതാരം)

[10] മൂകചിന്തയിൽ സാന്ധ്യതാരക
ഏകയായെങ്ങു പോകുന്നു
(പി. കുഞ്ഞിരാമൻ നായർ — നീ വരില്ല)

രാവിൻ കാവിൽ വിളക്കിനു
തൊഴാനൂടുവഴിക്കു നീ
ഒറ്റയ്ക്കെന്തേ പുറപ്പെട്ടു
സാന്ധ്യതാരകുമാരികേ?
(പി. കുഞ്ഞിരാമൻ നായർ — പൂമൊട്ടിന്റെ കണി)

[11] ആട്ടം മുളങ്കാട് രാഗം–മൂളം
ഊടുവഴികളിൽക്കൂടി
(പി. കുഞ്ഞിരാമൻ നായർ — ശാരദപൂജ)

[12] പ്രേമദേവതയായ വീനസ്സിന്റെ (Venus) പേരിൽതന്നെ അറിയപ്പെടുന്ന വെള്ളിനക്ഷത്രം പാശ്ചാത്യർക്കു പ്രേമനക്ഷത്രമാണ്.

[13] ക്ലേശത്തിൻ ജീർണ്ണമാം വസ്ത്രം വലിച്ചെറി–
ഞ്ഞാശയം പീയുഷമഗ്നമായും
അംഗം മരവിച്ചും മേവുന്നു ലോകം; നീ
മംഗലാത്മാവേ മറഞ്ഞിടൊല്ലേ
(ജി. — സാന്ധ്യതാരം)

ജീവനിൽ നവോന്മേഷചൈതന്യം പെയ്യും നിന്റെ
ലാവണ്യം മായായ്കെന്നു മാത്രം ഞാനാശംസിപ്പൂ
(ജി. — അന്തർദ്ദാഹം)

സൗഖ്യസ്മരണ

അൽഫ്രെദ് ദ് മ്യൂസ്സെ (1810–1857)

ALFRED DE MUSSET

ദുഃഖകാലത്തുണരുന്ന പൂർവ്വസൗഖ്യസ്മരണപോലെ കയ്പുറ്റ അനുഭവം വേറെ ഇല്ലെന്നു ഇറ്റാലിയൻ മഹാകവി ദാന്തെ (DANTE 1265–1321) തന്റെ 'ദിവ്യനാടകത്തിൽ' പറഞ്ഞിട്ടുള്ളതിനെയാണ് മ്യൂസ്സെ ഇവിടെ പരാമർശിച്ചിട്ടുള്ളത്.

'ദുഃഖകാലത്തുണർന്നുവരുന്നതാം
പൂർവ്വസൗഖ്യസ്മൃതിപോലെ ഹീനമായ്
അന്യദുർയ്യോഗമി'ല്ലെന്നു, 'ദാന്തെ', നീ [1]
ചൊന്നിടുന്നതിൻ കാരണമെന്തുവാൻ?
തിക്തമാകുമീ വാക്യത്തിൻ പിന്നിലെ–
ച്ചിത്തവൃത്തിയേതേതെന്നറിഞ്ഞീലാ.
ചാരുരശ്മി ചൊരിഞ്ഞ മഹസ്സിനെ–
ക്കുരിരുട്ടിൽ നാം വിസ്മരിക്കേണമോ?
ഭാഗ്യദോഷത്തിൻ നേർക്കു വിക്ഷിപ്തമാ–
മിപ്പരുഷോക്തി താവകം തന്നെയോ
ദുഃഖവഹ്നിയിൽ നീറിയകല്മഷ–
ചിത്തമാർന്നോരനശ്വരനായോവേ? [2]
മാദൃശർക്കു വെളിവരുളീടുമാ–
പ്പൂത ജ്യോതിസ്സിൽ നിന്നാവാൻ വയ്യിതു.
സ്ഥാരഹർഷാനുഭൂതിയെക്കാളിലും
പാരമാർത്ഥികമായിടാം തൽസ്മൃതി. [3]
മിന്നിടുന്നൊരു തീക്കനൽ ജീവിത–
മന്യുവിൻ ചുടുചാമ്പലിൽ കാണുവോൻ
വിസ്മയത്തിൻ വിടർമിഴിയോടെയാ
വിസ്ഫുരണത്തെ നോക്കിനിന്നീടവേ,
വേദനപ്പെടും വേളയിൽത്താനവ–
നോമനക്കിനാവൊന്നിനെപ്പുല്കവേ, [4]
അത്തലേറ്റം കരാളമായുള്ളൊരു
മിത്ഥ്യയാണതെന്നെന്തിനായ് ചൊല്ലണം?
ജീവിതത്തിന്റെ ഭാസുരഭാഗത്തിൻ
നൈമിഷികതയാലെ നിരാശരായ്
കേവലം കനിവാണതെന്നോതിടും [5]
ഭാഗ്യഹീനരേ, നിങ്ങൾതൻ ജീവിത–

മാകമാനമായേകനിമേഷമാം, [6]
ത്തുകിടായ്കതിൻ നാശമോർത്തശ്രുനീർ! [7]

SOUVENIR

കുറിപ്പുകൾ

[1] വ്യഥയേ ഗതഭൂതിതൻ മനോ–
രഥമേകിട്ടു വിപന്നലോകരിൽ
(ആശാൻ — സിംഹപ്രസവം)

...ദോഷാശങ്കി നുകർന്നതങ്ങൊട്ടുവിലോ–
ക്കാനിക്കുമാറിന്നതിൽ
ദോഷം തോന്നിയെനിക്കു ഭൂതസുഖവും
ദുഃഖീഭവിക്കുന്നുതേ
(ആശാൻ — ഒരു അനുതാപം)

പ്രേമം നശിച്ചെന്റെ മാനസം മേഘങ്ങൾ
മാറിയ വാനംപോലായപോതും
എങ്ങുനിന്നെന്നറിയാതെ വന്നോർമ്മയാം
കാർമേഘം തിങ്ങി നിറഞ്ഞിരുന്നു
(കെ. എം. പണിക്കർ — ബാലികാമതം)

[2] തന്റെ പ്രേമഭാജനമായ Beatrice ന്റെ മരണത്താൽ ദാന്തെ നിത്യദുഃഖത്തിൽ നീറിയതിനെ പരാമർശിക്കുന്നു.

[3] ഗതസരണിയിലെ സ്സുഖത്തെയെല്ലാം
ശതഗുണമായ് വിലകൂട്ടിയോർപ്പതുണ്ടാം
(വള്ളത്തോൾ — കീറത്തലയണ)

സന്തപ്തജീവന്നു നഷ്ടസുഖസ്മൃതി–
തൻതണൽപോലുമത്യന്തമാശ്വാസദം
(ജി. — ആ മരം)

മറഞ്ഞുപോയൊരാ മഹാപ്രകാശത്തെ
സ്മരണയിൽക്കണ്ടിട്ടകം കുളിർക്കവേ
(ഇടപ്പള്ളി — ഹൃദയാലാപം)

സ്മരണയായി പ്പറന്നുവന്നെന്നുമെൻ
മരണശയ്യയിൽ മാന്തളിർ ചാർത്തുവാൻ
(ഇടപ്പള്ളി — മണിനാദം)

എങ്കിലുമെത്ര മധുരമിന്നാ–
ത്തങ്കക്കിനാവിൻ സ്മരണപോലും
(ചങ്ങമ്പുഴ — കലാപ്രേമം മൂലം)

നിഹതനല്ല മനുഷ്യൻ സ്മൃതികൾതൻ

നിറമലർക്കാവധീനമായുള്ളവൻ

(ചങ്ങമ്പുഴ — തപ്തസ്മൃതി)

സുന്ദരസ്മൃതി തത്തുമെന്നന്ത്യ–
സ്പന്ദനങ്ങളിൽക്കൂടിയും

(ചങ്ങമ്പുഴ — തിരസ്കാരം)

നഷ്ടസൗഭാഗ്യസ്മൃതികൾക്കധീനനാ–
യിഷ്ടപ്പെടുന്നിതവയെ ഞാനത്രമേൽ
… … … … …
സല്ലപിച്ച കഴിച്ചിടട്ടിന്നാ–
നല്ലകാലസ്മൃതികളുമായ് ഞാൻ

(ചങ്ങമ്പുഴ — സ്പന്ദിക്കുന്ന അസ്ഥിമാടം)

ആരു ചവിട്ടിത്താഴ്ത്തിലുമഴലിൻ
പാതാളത്തിലൊളിക്കിലുമേതോ
പൂർവ്വസ്മരണയിലാഹ്ലാദത്തിൻ
ലോകത്തെത്തും ഹൃദയം

(സുഗതകുമാരി — പാവം മാനവഹൃദയം)

പണ്ടത്തെ സ്മൃതികളാൽ പാലടയുണ്ടും…

(പി. ഭാസ്കരൻ — തേൻ നിറച്ച അരിപ്പ)

പുണ്ണിൻനീറ്റത്തിലോർമ്മക്കുളിരമൃതു പുരട്ടുന്ന കൗമാരവായ്പും

(എൻ. എൻ. കക്കാട് — ത്രിശ്ലോകി)

ഈ മഹാധന്യമാമോർമ്മയിലെന്മനം
ശ്രീമയനിർവൃതി പൂണ്ടമന്ദദിനം

(നളിനകുമാരി — അജ്ഞാതരാഗം)

അതിമനോജ്ഞമക്കാലസ്മരണയെൻ
മതിയിലിന്നുമമൃതു പൊഴിക്കയാം

(സി. കൃഷ്ണൻനായർ — വേർപാടിൽ)

ഇറുന്ന പൂക്കളിലിഴയുമീ സുഖ–
സ്മൃതികളിലെത്ര വരകൾ, വർണ്ണങ്ങൾ

(കടമ്മനിട്ട — വരകൾ, വർണ്ണങ്ങൾ)

ദുഃഖം കാണുന്നു സുഖകാലത്തു മർത്ത്യൻ
ദുഃഖകാലത്തും സുഖം കാണുന്നു

(ആശാൻ — ദുരവസ്ഥ)

[4] അവനിവാഴ്വു കിനാവു കഷ്ടം

(ആശാൻ — വീണപൂവ്)

ദൈവത്തിൻഗതി നാഗയാനകുടിലം നീർപ്പോളയിജ്ജീവിതം

(ആശാൻ — ഒരു അനുതാപം)

മന്ദഹസിക്കും പ്രഭാതാർക്കരഞ്ജിത–

സുന്ദരഹൈമകണം ക്ഷണജീവിതം

(ജി. — ആ മരം)

നിരർഘമിജ്ജീവിതം പോലുമയ്യോ
വെറുമൊരു പൊള്ളയാം സ്വപ്നമെങ്കിൽ

(ചങ്ങമ്പുഴ — ആനന്ദലഹരി)

ക്ഷണികതകയ്യൊരു പര്യായമാം ഹിമ–
കണിക മാത്രമാണിലോകജീവിതം

(ചങ്ങമ്പുഴ — ഇരുളിൽ)

ഓമലേ, ജീവിതം സ്വപ്നമല്ലേ?

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രികേ)

ജീവിതം, ജീവിതം സ്വപ്നംമാത്രം
കേവലമേതോ നിഴലുമാത്രം

(ചങ്ങമ്പുഴ — നിഴലുകൾ)

[5] കാലംകുറഞ്ഞദിനമെങ്കിലുമർത്ഥദീർഘം
മാലേറെയെങ്കിലുമതീവ മനോഭിരാമം
… … … … …
മേഘജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലികാമ്യം?

(ആശാൻ — വീണപൂവ്)

അല്പനേരത്തിനാൽ മാഞ്ഞുപോമെങ്കിലു–
മപ്പുതുകാഴ്ചതാൻ പോരുമല്ലോ ചിരം
നീലാഭ്രഭീതമാമെൻ മയൂരത്തെയും
പീലി പരത്തിച്ച നൃത്തമാടിക്കുവാൻ

(വള്ളത്തോൾ — കാത്തിരിക്കൽ)

ഏകക്ഷണമാമളുക്കിലൊതുങ്ങിമേ
ലോകസുഖം ശതജന്യഭോഗ്യം തദാ

(ജി. — ആ മരം)

നിമിഷമാത്രാനുഭൂതിയിലാത്മാവിൽ
കുമിയുമാനന്ദ വേലിയേറ്റത്തിനാൽ
കരകളൊക്കെയും മുങ്ങിയ ജീവിത–
ക്കടലു കണ്ടു ഞാനേകമായ്, പൂർണ്ണമായ്

(ജി. — സാക്ഷാൽക്കാരം)

എന്തിനു, മർത്ത്യായുസ്സിൽ സാരമായതു ചില
മുന്തിയ സന്ദർഭങ്ങ, ളല്ല, മാത്രകൾമാത്രം

(വൈലോപ്പിള്ളി — ഊഞ്ഞാലിൽ)

അരനാഴികകൊണ്ടേ നീണ്ടൊരു ജന്മത്തിന്നു
പരമാം സാഫല്യത്തെച്ചേർക്കുമാനന്ദങ്ങൾക്കായ്

(ബാലാമണിയമ്മ — പ്രണാമം)

ഈ വിധമോർമ്മിപ്പിച്ച തൽസ്മിതമാത്മാവിന്നി–
ജ്ജീവിതം ക്ഷണപ്രായമാണ തൻ വളർച്ചയിൽ

(ബാലാമണിയമ്മ — കൽക്കത്തയിലെ ഇരുട്ടറ)

കേവലമൊരു മുക്കിൽ മരിച്ച കിടക്കുമെൻ
ജീവിതകാലത്തൊരു നിമിഷം ജീവിച്ച ഞാൻ

(പി. കുഞ്ഞിരാമൻ നായർ — പൂവിതളുകൾ)

ഏക നിമേഷമതിൻ നീണ്ടു നില്പാണ
ലോകം പുകഴ്ത്തുന്ന നാകം

(ചങ്ങമ്പുഴ — വിജയി ഞാൻ)

തെളിഞ്ഞു മിന്നുമീ നിമേഷത്തിന്നല്ലോ
തിഞ്ഞലഞ്ഞെത്ര ജടില ജന്മങ്ങൾ

(ദേവി — ഹരി നിനക്കായിക്കരുതിക്കാത്തു ഞാൻ)

ചൊല്ലിക്കേട്ടേനരനിമിഷമൊന്നാളിനില്പാണ ലക്ഷം
കൊല്ലം നീറിപ്പുകയുവതിലും കാമ്യമായുള്ളതത്രേ

(വിഷ്ണുനാരായണൻ നമ്പൂതിരി — അയൽക്കാരൻ)

[6] ഹിതമറ്റ ജീവിതം പുല്ക്കോടിത്തുമ്പിലെ
ഹിമബിന്ദുപോലെയാണെങ്കിലെന്തേ?

(സുഗതകുമാരി — പഴയൊരു കഥ)

ഒരു മാത്രതൻ സർവ്വകാലസംഗ്രഹക്ഷണ–
പ്രഭയിൽ മായാപടം മാറ്റുക മനോഹരീ

(ബാലചന്ദ്രൻ ചുള്ളിക്കാട് — ഗസൽ)

In small proportions we just beauties see
And in short measures life may perfect be

(B. Johnson — The noble natue)

And when I fell fair creature of an hour

(Keats — The terror of death)

[7] നമുക്കു നന്മകൾ നയിച്ച നാളുകൾ
നശിച്ചതോർത്തു നാം വമിപ്പു വീർപ്പുകൾ

(ചങ്ങമ്പുഴ — വൈരുദ്ധ്യം)

പോയ്ക്കഴിഞ്ഞതു ചിന്തിച്ചശ്രുക്കൾ വീഴ്ത്താനല്ല
കൈക്കലുള്ളതിൻ മൂല്യം കാണുവാനത്രേ നേത്രം

(വെണ്ണിക്കുളം — പ്രബോധനം)

വിശ്വസൗഭ്രാത്രം

തെയോഫീൽ ഗൊത്തിയെ (1811–1872)

THEOPHILE GAUTIER

ചിത്രകാരൻ കൂടിയായ തെയോഫീൽ ഗൊത്തിയെ കല ആനന്ദത്തിനുവേണ്ടിയെന്ന വിശ്വാസത്തിൽ ഊന്നിനിന്ന കവിയാണ്. ശില്പ സൗന്ദര്യം കവിതയുടെ അവശ്യഘടകമാണെന്നും കലയ്ക്ക് ഒന്നിനോടും പ്രതിബദ്ധതയില്ലെന്നും അദ്ദേഹം സിദ്ധാന്തിച്ചു. ബൊദെലേർ തന്റെ 'തിന്മയുടെ പുഷ്പങ്ങൾ' ഗൊത്തിയേക്കാണ് സമർപ്പിച്ചത്.

ചിരപുരാതനക്ഷേത്രകമാനത്തി–
ലൊരുമയിലിരു വെൺകുളിർക്കല്ലുകൾ
ഒരു നിനവും കിനാവുമായ് വർത്തിച്ചു; [1]
ശിഥിലമായവ കാലാതിപാതത്തിൽ.
കടലല യന്തിനക്ഷത്രവേർപാടിൽ
കരഞ്ഞുരുകിയ രണ്ടാശ്രുബിന്ദുക്കൾ
നിയതിയാലൊരേ ചിപ്പിയിൽപെട്ടു വെൺ–
മണികളായടിത്തട്ടിങ്കലാണ്ടുപോയ്. [2]
പഴയ കൊട്ടാരവാടിയിലനഘം
വിലപിക്കും ജലധാരതന്നന്തികേ
ഒരു ചെടിയിലിരു പനിനീർപ്പൂക്കൾ
ഹൃദയസംവാദംചെയ്തു കൊഴിഞ്ഞുപോയ്.
ഉയരെ ഗോപുരാഗ്രത്തിലനശ്വര–
പ്രണയനീഡത്തിൽ രണ്ടുപിറാവുകൾ
രുചിരദാമ്പത്യനിർവൃതിലീനരായ്
മരുവി; പിന്നെയെങ്ങാനോ മറഞ്ഞുപോയ്.
ഉലകിലെന്തുമനല്ലംഘ്യമാം വിധം
വിഘടനത്തിൽ വിനാശത്തിൽ, വീഴുന്നു;
തനതുരൂപമറ്റംഗഭ്രതങ്ങൾ ചെ–
ന്നൊടുവിലെത്തുന്നിതേകമാം കേന്ദ്രത്തിൽ:
അവിരതം പുതുസൃഷ്ടികൾക്കീശ്വരൻ
വിവിധദ്രവ്യമുരുക്കുന്നമൂശയിൽ;
അവിടെനിന്നു പില്പാടു വെളിയിലേയ്–
ക്കവ വരുന്നു നവനവരൂപത്തിൽ [4]
അവിടെത്തന്നെയാം സർവചരാചര–
ച്ചരടുപോൽ സഹഭാവം പിറപ്പതും;
മധുരമാമതിന്നാദേശമൊന്നിനാ–

ലറിയുമാത്മാക്കൾ വിശ്വസൗഭ്രാത്രത്തെ [5]
പരിമളത്തിന്റെ, പൂംകിരണത്തിന്റെ,
നൂറുനിറത്തിന്റെ യാവിളി കേൾക്കവേ [6]
അണുവിണുവിങ്കലേയ്ക്കു പറക്കുന്നു
ത്വരയിൽ, തേനീച്ച താരിലേയ്ക്കെന്നപോൽ. [7]
പഴയരംഗങ്ങൾ, സ്വപ്നങ്ങൾ, നർമ്മങ്ങൾ,
പലരഹസ്യങ്ങൾ, ചുംബനാശ്ലേഷങ്ങൾ
സ്മൃതിപഥത്തിലവ്യക്തമായെത്തുന്നി–
തണുവുമായണു നേടുന്നിതാത്മൈക്യം. [8]
ഇടയിൽ വിസ്മൃതിയിൽ മറഞ്ഞതാം
മമത വീണ്ടുമുണരുന്ന വേളയിൽ
സ്വഗതകാലമൊരസ്പഷ്ടതയുടെ
മറയണിഞ്ഞു പുനർജ്ജനി കൊൾകയാം!
ഒരു വരാംഗിതൻ വക്ത്രത്തിൽ റോസാപ്പൂ–
വറിവു തന്മണം, കാണുന്നു തന്നെയും;
കരളിളകുന്ന കല്ലിനു [9] തൻകുളി–
രൊരു കുമാരിതൻ മെയ്യിലറിയവേ.
എന്നിലുത്തേജനാഗ്നി പടർത്തിയെ–
ന്നന്തരത്തെ പ്രകമ്പനം കൊള്ളിക്കും
എൻഹൃദയാധിനായികേ, മുമ്പു നാ–
മെങ്ങെങ്ങുമട്ടിലൊന്നിച്ചെന്നോർപ്പിതോ? [10]
കടലിലോ, കമാനത്തിലോ, ചെമ്പനീർ–
ച്ചെടിയിലോ, കുംഭഗോപുരത്തിങ്കലോ?
മണിശില, മുത്തു, പൂവു, പിറാവു തൊ–
ട്ടവയിലെന്തായിരുന്നുനാ, മോർപ്പിതോ? [11]

AFFINITES SECRETES

കുറിപ്പുകൾ

[1] ശിലകളിലുറങ്ങുന്ന സ്വപ്നങ്ങളോടൊപ്പ–
മിരവുകളിലൊന്നിച്ചുസ്വപ്നങ്ങളായി നാം
(കടമ്മനിട്ട – ശാന്ത)

തിരക്കിലിടയ്ക്കിടെ മൂകഭാഷണം ചെയ്തു
കരയാൻ പോലും മറന്നിരുമൺതരികളായ്
(ഒ. വി. ഉഷ – ഐക്യം)

[2] അന്നേരത്തു കനിഞ്ഞൊരു വിണ്ണിൻ
കണ്ണീർത്തുള്ളിയിറുന്നു പതിച്ചെൻ
നെഞ്ചിൽ കൊട്ടിയടച്ച കവാടം
താണ്ടു ഞാനുമഗാധതതേടി
(സുഗതകുമാരി – മുത്തുച്ചിപ്പി)

[3] കൊഞ്ചുന്നു മധുരമായ് കൊക്കുരുമ്മുന്നു തമ്മിൽ
ചാഞ്ചാട്ടം മരച്ചില്ല മേലിണപ്പറവകൾ

(ബാലാമണിയമ്മ — വാല്മീകി)

നമ്മളൊരുമിച്ചു കൂട്ടുകൂടി
നമ്മളൊരുമിച്ചു പാട്ടുപാടി

(ചങ്ങമ്പുഴ — തകർന്ന മുരളി)

ഒരേതരം കായ്കനി തിന്നു ഞങ്ങളി–
ങ്ങൊരേ മരക്കൊമ്പിലിരുന്നിതൊട്ടുനാൾ

(കെ. കെ. രാജാ — ബാഷ്പാഞ്ജലി)

തമ്മിൽ കൊക്കും ചിറകുമുരുമ്മി
തമ്മിൽ സ്വപ്നങ്ങൾ കൈമാറി

(വയലാർ — മാനിഷാദ)

കൊക്കിൽകൊക്കുരുമ്മി മരത്തിൻ
കൊമ്പിലവറ്റകൾ കൂടുന്നു

(പുതുശ്ശേരി രാമചന്ദ്രൻ — പുതിയകൊല്ലനും പുതിയൊരാലയും)

[4] ഉല്പന്നമായതു നശിക്കു, മണുക്കൾ നില്ക്കു–
മുല്പന്നനാമുടൽവെടിഞ്ഞൊരു ദേഹി വീണ്ടും
... ...
ചൈതന്യവും ജഡവുമായ്ക്കലരാം ജഗത്തി–
ലേതെങ്കിലും വിടവി, ലീശ്വരവൈഭവത്താൽ

(ആശാൻ — വീണപൂവ്)

അതിരമ്യബഹിർജ്ജഗത്തൊടി–
ന്നഥവാ വേർപിരയേണ്ടതില്ല ഞാൻ
ക്ഷിതിയിൽ തന്നു ചേരുമെൻമനോ–
രഥമിബ്ഭംഗികളോടുമൈക്യമാം
... ...
സ്ഫുടമായ് ഭവദംഘ്രിലീന ഞാ–
നമലേ ദ്യോവിലുയർന്ന ദീപമാം

(ആശാൻ — സീത)

തുടയ്ക്കണം ജന്തുശരീരമത്രയ–
ല്ലിടയ്ക്കിടെക്കൊന്നുതുടച്ചു വാർക്കണം
ഉടയ്ക്കലാണി പ്രകൃതിയ്ക്കു ഭൂഷണം
നടത്തണം ദൈവകരത്തിനിത്തൊഴിൽ

(കെ. കെ. രാജാ — ബാഷ്പാഞ്ജലി)

ഉണ്ടായിരിക്കാമിനിയും പിറപ്പ്
രണ്ടാളുമീ ഞങ്ങളടുത്തുകൂടാം

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

വിസ്മയനീയമായിന്നോളം വന്നൊരു

വിശ്വപ്രകൃതിയിലേയ്ക്കു നോക്കൂ:
മാറ്റങ്ങൾ, മാറ്റങ്ങൾ, എപ്പൊഴും മാറ്റങ്ങൾ
മാറ്റിമറിക്കലാണെങ്ങുമെന്തും.

(പി. കൃഷ്ണകുമാർ — മനുഷ്യപുരാണം)

കരിഞ്ഞോ കുടീരത്തിലെരിഞ്ഞോ പിന്നെച്ചെന്നു
വിരിഞ്ഞു തൽപുഷ്പങ്ങൾ വിണ്ണിലെ പൂന്തോട്ടത്തിൽ

(വൈലോപ്പിള്ളി — പുഷ്പപ്രദർശനം)

പഞ്ചഭൂതാഭിയുക്തമെൻ ഗാത്രം
നെഞ്ചിടിപ്പറ്റടിയുമക്കാലം
ആദിമൂലത്തിൽ വീണ്ടും തിരിച്ചെൻ
ഭൂതപഞ്ചകം ചേരുന്നേരം

(ചങ്ങമ്പുഴ — സ്പന്ദിക്കുന്ന അസ്ഥിമാടം)

ഒന്നിനൊന്നായൊക്കെ മറഞ്ഞുപോമെങ്കിലു–
മൊന്നും ജഗത്തിൻ നശിക്കില്ലൊരിക്കലും,
ഹാ, പരിണാമവിധിക്കു വിധേയമായ്
രൂപാന്തരങ്ങളെ പ്രാപിപ്പതെന്നിയേ

(ചങ്ങമ്പുഴ — വൃത്തം)

ഹാ ജഡാത്മകനാം ഞാനത്ഭുതസനാതന–
തേജസ്സേ, രൂപാന്തരം പ്രാപിപ്പൂ വീണ്ടും വീണ്ടും

(ജി. — മേഘഗീതം)

ഭൂതസൂക്ഷ്മങ്ങളിൽ മൂലഭൂതങ്ങളെ–
യേതുമൊരന്തരമെന്യേ കലർത്തുവാൻ

(എൻ. വി. കൃഷ്ണവാരിയർ — ത്രിപഥഗാഥ)

കെട്ടുപോയിടും പഞ്ചകോശ പഞ്ജരബന്ധ–
മുട്ടറുക്കുക പാറിപ്പോകട്ടെ കിളിവാനിൽ
ഒട്ടിട വിഹരിച്ചി, ട്ടീപ്സിതമതാണെങ്കിൽ
കൂടട്ടേ പുതുഭൂതസംഗമങ്ങളിലൊന്നിൽ

(കടവനാട് കുട്ടികൃഷ്ണൻ — മുട്ടറുക്കുക.)

ആദിമരാവിന്റെ യനാദിപ്രകൃതിയി–
ലാരംഭമിട്ടോരസംസ്കൃതചിന്തയിൽ
നീറിയുടഞ്ഞുമുടഞ്ഞുമുരുകിയും
ഭൂതപ്രപഞ്ചമൊരുക്കും സനാതന–
കാലമതിന്റെ ചെതുമ്പിലെരിഞ്ഞൊരു
നാളമുയർന്നു തെളിഞ്ഞതാണഗ്നി നീ

(അയ്യപ്പപ്പണിക്കർ — അഗ്നിപൂജ)

കലിതകൗതുകം ലീലകളാർന്നൊരാ
ലളിതബാലതന്നംഗമോരോന്നുമേ
പ്രകൃതി തന്നിലലിഞ്ഞു നവീനമാ–

മകൃതകാഭയിൽ മിന്നുകയായിടാം.
മധുതുളമ്പുമിപ്പുഷ്പമാരോമലിൻ
മൂദ്ദമനോജ്ഞഹൃദയവുമായിടാം

(എം. പി. അപ്പൻ — മാലതി)

മുന്നമാരോടുമപേക്ഷിച്ചിടാതെ താ–
നെന്നെയിന്നെത്തിച്ചൊരീ മണ്ണിൽ നിന്നുടൻ
കൊണ്ടു പോയേക്കാമദ്ഭുതപൂർവ്വാത്ഭുതം
ചെണ്ടിടും നാട്ടിലേക്കന്നുമവിടെയും … … … … …

(യൂസഫലി കേച്ചേരി — ആയിരം നാവുള്ള മൗനം)

[5] വൃക്ഷമായും ചെടിയായും–പരം
പക്ഷിയായും മൃഗമായും
ലക്ഷം ജന്മങ്ങൾ കഴിഞ്ഞാൽ–ജന്തു
പക്ഷേ മനുഷ്യനായെന്നാം.
എന്നെത്തുടർന്നെഴും നീണ്ട ജന്മ
പ്പൊന്നോമൽച്ചങ്ങല തന്റെ
പിന്നിലെക്കണ്ണി യോരോന്നിൽ–പൊങ്ങി
മിന്നിയെന്നെത്തന്നെ കാണൂ

(ആശാൻ — ചണ്ഡാലഭിക്ഷുകി)

ചരാചര സമൂഹത്തെ
സൗഹാർദ്ദപ്പട്ടു നൂലിനാൽ
ചേർത്തിണക്കി വിളങ്ങുന്ന
ചിത്രമാം കാഴ്ചകണ്ടു ഞാൻ

(ഉള്ളൂർ — ഭൃതക്കണ്ണാടി)

അല്ലെങ്കിലേതൊരു മൺതരിക്കുള്ളില്പ–
മില്ലാത്തതൊന്നുമില്ലെങ്ങുമെങ്കിൽ
ഇപ്പരമാണുവും ബ്രഹ്മാണ്ഡമൊക്കെയു–
മെപ്പെഴുമിങ്ങു ഞാൻ പുല്കി നില്പൂ

(നാലപ്പാടൻ — ചക്രവാളം)

ബോധത്തിൻ കീഴടിത്തട്ടിലൊതുക്കിയോ–
രേതേതു വാസനകോടിയാലോ
നമ്മളെയന്യോന്യം ചേർക്കും വെൺനൂലിന്നും
നിർമ്മിപ്പൂ കർമ്മാധിദേവതമാർ.
അല്ലെങ്കിലോരോരോ നാഴികതോറുമീ–
യാത്മാക്കൾക്കെന്താണടുപ്പമേറാൻ

(ബാലാമണിയമ്മ — ജന്മാന്തരങ്ങളിൽ)

മണലണുതൊട്ടു മേലോട്ടർക്കചന്ദ്രാദികളോള–
മിണക്കുന്നുണ്ടൊരുമിച്ചൊരദൃശ്യഹസ്തം

(ചങ്ങമ്പുഴ — മദിരോത്സവം)

എനിക്കുമീമണ്ണിൻതരിക്കും തമ്മിലേ–
തതീത ജന്മസൗഹൃദപരമ്പര

(വിഷ്ണുനാരായണൻ നമ്പൂതിരി — കർമ്മബന്ധം)

പരിണാമചക്രസ്ഥനായ് നറും
വെളിവായി ഞാനിങ്ങു കാത്തുനില്ക്കാം

(എൻ. എൻ. കക്കാട് — നന്ദി, തിരുവോണമേ, നന്ദി)

പിന്നെയും നീളും ജന്മശൃംഖലയ്ക്കിടയ്ക്കേവം
കണ്ണികൾ തൊടുക്കുന്ന കാലത്തിൻ കരങ്ങളേ

(നളിനകുമാരി — വേർപാടിൽ)

ആ മഹാപ്രവാഹത്തിന്നരുണപ്രകാശത്തിൽ
നാമിരുപരാഗംപോൽ കൈകോർത്തുപോയോരല്ലീ?
കരിയും കരിണിയുമായി നാം ഗഹനത്തിൽ
അരിയ മുളങ്കൂമ്പും കരിമ്പും തേടിപ്പോന്നു.
വേടനും സഖിയുമായ് കരളിൽ ചിരംവാണ–
ക്കാടുകൾ വെട്ടിപ്പോന്നു പൂംകണയെയ്തും കൊണ്ടു.
പിന്നെ നമ്മളീ വസുന്ധരതൻ നിഗൂഢത–
തന്നിതൾ നീർത്തി ചുറ്റമൊഴുകീ വാസന്തശ്രീ

(കെ. വി. രാമകൃഷ്ണൻ — അന്വേഷണം)

കാടാറുമാസം പിന്നെ നാടാറുമാസം വീണ്ടും
കാടാറുമാസമിമ്മട്ടെന്റെ ജന്മം
എത്ര ജനിമൃതിക, ളെത്ര പുനർജനിക–
ളെത്രയാവർത്തനങ്ങൾ കടന്നുപോന്നു.

(എസ്. രമേശൻ നായർ — കാടാറുമാസം)

അറിയാം അറിയാം സ്വാമിൻ
ജീവനപ്രവാഹത്തിൽ
അവിടുന്നാദിയിലെന്നോ
ഒഴുക്കിയെന്നെ
ഇടയിൽ–വഴിയിലെത്ര
ഗേഹത്തിൽ പ്രതീക്ഷിക്കാ–
ത്തതിഥികളാക്കി, നീഹൃത്തി–
ന്നരുളീ ഹർഷം

(ടാഗോർ — ഗീതാഞ്ജലി (ജി.))

[6] മിന്നുന്ന താരത്തിലും പൂവിലും മണലിലു–
മെന്നുള്ളിലെഴും ദിവ്യചൈതന്യം കിടപ്പുണ്ടാം.
അല്ലെങ്കിലതുകളെ ക്കാണുമ്പോളെൻ മാനസം
ഫുല്ലമായ് വിളങ്ങുവാൻ ഹേതുവില്ലല്ലോ വേറെ

(എം. പി. അപ്പൻ — പ്രപഞ്ചവും ഞാനും)

പോയ പല പല ജന്മമെന്ന–

ച്ഛായ പോൽ പിന്തുടരുന്ന
മായിക വേണുവിൻ നാനാഗാന
മാധുരിയാൽ വിളിക്കുന്നു
(ടാഗോർ — ഗീതാഞ്ജലി (ജി.))

[7] അനശ്വരംവസ്തു, വശേഷദേഹാ–
ന്തരത്തിലും നിന്നരുളുന്നതുണ്ടാം
അതിന്നിയും മറ്റൊരുടുപ്പിൽ വന്നെ–
ന്നന്തർഗൃഹത്തിൽ പ്രണയം നിറയ്ക്കാം
(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

വിടർന്നു വിശ്വത്തിൻ ഹൃദയം, സൃഷ്ടിതൻ
പടർപ്പുകൾതോറും വിരിഞ്ഞു സൗഭഗം
പലവർണ്ണങ്ങളിൽ, പലനാദങ്ങളിൽ
പലരസങ്ങളിൽ പരിമളങ്ങളിൽ
പവിത്രമാമോരോ മൃദുസ്പർശങ്ങളി–
ലവിടത്തെ സർഗ്ഗപുരാണപല്ലവി
തുളച്ചിരിക്കുന്നു, ണ്ടതാണാത്മാവിനെ
വിളിച്ചുണർത്തുന്നതവ കൂടെക്കൂടെ
(ജി. — പാണനാർ)

ഉണ്ടൊരു കാന്തശക്തിയെന്നാലും
കണ്ടുമുട്ടുവാൻ ദേഹികൾക്കെന്നാൽ
എന്നകൂടിയിട്ടെങ്കിലും തമ്മി–
ലൊന്നുചേർന്നവ നിർവൃതികൊള്ളും
(ചങ്ങമ്പുഴ — സ്പന്ദിക്കുന്ന അസ്ഥിമാടം)

അകലെയുള്ളോരെയടുപ്പിച്ചു ബന്ധുനീ
യപരരെസ്സോദരരാക്കി
ജനിമൃതിരൂപ നിശ്രേണിയിലൂടെ നീ
ജന്മജന്മാന്തര ബന്ധോ!
(ടാഗോർ — ഗീതാഞ്ജലി (ജി.))

[8] പോയപൊരുളും വിചാരവും ജന്മവും
മായാതെ വീണ്ടും മടങ്ങി വന്നെത്തുമേ
(ആശാൻ — ശ്രീബുദ്ധചരിതം)

പോയൊരു പിറപ്പിന്റെ മങ്ങുമോർമ്മയെപ്പോലെ
മായിക ചരിതമൊന്നുള്ളിൽ മിന്നുന്നു വീണ്ടും
(ബാലാമണിയമ്മ — വിശ്വാമിത്രൻ)

വീണ്ടുമീ മന്നിൽ മുളച്ചു വളർന്നോരു
വേദനകെട്ടിയ കൊച്ചുകൂടാണുഞാൻ
അവ്യക്തദൃശ്യങ്ങളവ്യക്തരാഗങ്ങ–
ളവ്യക്തരൂപമിഴയുന്നു പിന്നെയും

(അയ്യപ്പപ്പണിക്കർ — കുരുക്ഷേത്രം)

ഓർമ്മകൾ ദ്രവിച്ചുപോയെങ്കിലും കേൾക്കാം പ്രേമ
പൂർണ്ണമാം മുജ്ജന്മത്തിന്നാവലാതികളെല്ലാം

(അയ്യപ്പപ്പണിക്കർ — ജന്മനക്ഷത്രം)

കണ്ണിന്റെ നക്ഷത്രജാലകത്തിൽക്കൂടി
ജന്മാന്തരങ്ങളെക്കണ്ടു മൂർച്ഛിച്ചതും
എന്നോ കറുത്ത തിരശ്ശീല വീണതാം
ഉന്മാദനാടക രംഗസ്മരണകൾ

(ബാലചന്ദ്രൻ ചുള്ളിക്കാട് — ഒരു പ്രണയഗീതം)

ഇനിയും പല പല ജന്മങ്ങൾ താണ്ടിത്താണ്ടി–
ക്കഥ നീണ്ടുപോം, നീളും കഥതൻ തുഞ്ചത്തെങ്ങാൻ
വിരിയുമൊരു പൂവി, ലിന്നു ഞാൻ പാടും പാട്ടിൻ
നിറവും മണവുമായെന്റെയീയാത്മാവുണ്ടാം

(മേലത്ത് ചന്ദ്രശേഖരൻ — ആത്മഗീതം)

[9] കല്ല് = വെണ്ണക്കല്ല്

[10] ജന്മാന്തരങ്ങളിൽപ്പണ്ടുമിതുവിധം
നമ്മളൊരുമിച്ചിരുന്നൊരാവേളയിൽ
അന്നുനാം കണ്ടൊരപ്പൊന്നിൻ കിനാക്കള–
ല്ലിന്നുമണഞ്ഞതെന്നാരറിഞ്ഞു സതി?

(ചങ്ങമ്പുഴ — വൃത്തം)

പലപല ജന്മങ്ങൾക്കപ്പുറം തൊ–
ട്ടുലകിൽ നീ യെൻപ്രാണനായിരുന്നു

(ചങ്ങമ്പുഴ — ദേവത)

ആയിരം യുഗങ്ങൾക്കപ്പുറത്തെങ്ങോവെച്ചോ–
രോമനപ്പുലരിയിൽ നാം കണ്ടതോർമ്മിക്കുന്നോ?

(സുഗതകുമാരി — ജന്മാന്തരങ്ങളിലൂടെ)

മുന്നമിക്കാലത്തിന്റെ ദൂരസാനുവിൽ നമ്മ–
ളൊന്നിച്ചു പിന്നിട്ടില്ലേ ജീവിത, മോർക്കുന്നുവോ?

(ഒ. വി. ഉഷ — ഐക്യം)

കൊഴിഞ്ഞ ജന്മങ്ങൾ പകർന്ന കാകോളം
പതഞ്ഞുനീറുന്ന സിരമുറുകവേ
വിഷഹര, നിന്നെത്തിരഞ്ഞു ഞാനെത്ര
വിഷമവൃത്തത്തിൽ ഭ്രമണം ചെയ്തീലാ?

(ദേവി — ഹരി നിനക്കായിക്കരുതിക്കാത്തു ഞാൻ)

തരികൊരുമുത്തം തിരികൾ കൊളുത്തിയ മുക്കുറ്റിപ്പൂവേ
കൂടെപ്പോന്നൊരു പൂക്കളെയാരുമറയില്ലല്ലോ ഞാൻ
... ...

എന്തു ചിരിച്ചതു, കളിയാക്കുകയോ തുമ്പപ്പൂവേ നീ?
ആന്തരമായിട്ടെന്തോ പൂർവ്വികബന്ധം തോന്നുന്നു.
... ...
ഓർമ്മ വരുന്നീലേതോ പഴകിയ വേഴ്ചകളുണ്ടല്ലോ,
ഒറ്റ വയറ്റിലുറങ്ങീ തുമ്പേ, താരകയും നീയും.
മുക്കുറ്റിപ്പൂ–വറിയാം–സൂര്യന്റെ പൊന്നനുജൻ തന്നെ,
നിങ്ങൾ വരുമ്പോളേതോ പൂർവ്വസ്മരണകളുണരുന്നു.

(പി. കുഞ്ഞിരാമൻ നായർ — പൂവിളി)

[11] നമ്മളിക്കഥയുടെ പൂർവ്വത്തിലപരത്തി–
ലേതു മാമരത്തിലെ ച്ചില്ലമേലൊരു നോവിൻ
പൂവായും നാദത്തിന്റെ മൊട്ടായും നിന്നു സഖീ?

(മേലത്ത് ചന്ദ്രശേഖരൻ — നാരായണി)

കവിതയ്ക്ക് വിട

തെയോഫീൽ ഗൊത്തിയെ (1811–1872)

THEOPHILE GAUTER

ഗൊത്തിയെ ഉയർത്തിപ്പിടിച്ച കാവ്യമൂല്യങ്ങളുടെ ഒരുൾക്കാഴ്ച നല്കുന്നതാണ് ഈ കവിത.

വാനിൽ നിന്നും നിപതിച്ച ദേവതേ,
വാരിയന്ന നിൻകണ്ണടച്ചീടുക;
മാറ്റുക നിന്റെ വെൺപട്ടുവസ്ത്രവും
മാറ്റുങ്ങുട്ടുന്ന പൊൻപരിവേഷവും!
വിണ്ടലത്തിന്റെ യത്യുന്നതോജ്ജ്വല–
മണ്ഡലങ്ങളിൽ സ്വൈരം ചരിച്ച നീ [1]
നിഷ്പതിക്കണമുൽക്കയെന്നോണമായ്
ശുഷ്കഗദ്യത്തിന്നൂഷരഭൂമിയിൽ! [2]
പാറുകമാത്രം ശീലിച്ച പൈങ്കിളീ
പാഴ്നിലത്തു നിൻപാദങ്ങൾ വെയ്ക്കണം;
നീലവാനിൽ ചിറകു വിരുത്തേണ്ട
കാലമല്ലിതു, നീ നടന്നീടുക! [3]
നിൻ കരളിങ്കൽ വെച്ചടച്ചീടുക
ബന്ധുരഗാനസമ്പത്തു ഭദ്രമായ്,
താഴെവെയ്ക്കുക നിന്മണിവീണ നീ,
താളമുക്തിവരിക്കട്ടെ തെല്ലതും!
അന്തരീക്ഷത്തിൽ നിർഭാഗ്യപുത്രി നീ–
യെന്തിനായ് ഗീതിതൂകണം വ്യർത്ഥമായ്?
താരഗായികേ, നിൻ ദിവ്യഭാഷയീ
നീരസാത്മകർക്കോരുവാൻ വയ്യെടോ! [4]
സ്ഥീതബാധിര്യബാധിതരിങ്ങു നിൻ
ഗീതമാധുര്യമേതും നുകർന്നിടാ.
ചാരുദേവതേ, പോവനിൻ മുമ്പു മൽ–
പ്രാണപ്രേയസിയാളെ നീ കണ്ടണേ,
ദൂനയാമവൾക്കായ് വിടവാങ്ങലിൻ
ദീർഘചുംബനമൊന്നു നീ നല്കണേ!

ADIEUX A LA POESIE

കുറിപ്പുകൾ

[1] വൈദഗ്ദ്ധ്യത്തികവാൽ ജഗത്തു മുഴുവൻ താനേ വശത്താക്കി നീ
നാദബ്രഹ്മനുപാസനോപരി വിളങ്ങുന്നു മഹാറാണിയായ്
(വള്ളത്തോൾ — കവിത)

തുംഗശ്രീഗിരിശിഖരങ്ങൾ, ശുഭ്രവീചി–
ഭംഗവ്യാകുലജലമാർന്ന സാഗരങ്ങൾ,
എങ്ങും പുഷ്പിത വനഭൂക്കളെന്നിവറ്റിൽ
താങ്ങും നിൻ ചുവടുകൾ ദേവി, മാഞ്ഞുപോകാ
(ആശാൻ — കാവ്യകല)

[2] സുരസിദ്ധാദി മഹാകൃതസരണിയിൽ
ച്ചരണം ചെയ്യും പക്ഷി ശ്രേഷ്ഠനാംഭവാനിപ്പോൾ
സ്വച്ഛമാം സ്വസ്ഥാനം വിട്ടെന്തിനു കീഴ്പ്പോട്ടുപോ–
ന്നിച്ചളിപ്പാടത്തിന്റെ വരമ്പത്തിരിപ്പായി
(വള്ളത്തോൾ — കൃഷ്ണപ്പരുന്തിനോട്)

വിണ്ണിൻ വിശിഷ്ട സന്താനമേ പാഴിലീ–
മണ്ണിൽ ചവിട്ടി മലിനയാകൊല്ല നീ
(ചങ്ങമ്പുഴ — പൂനിലാവ്)

ഇങ്ങെഴും ഘോരവിഷവായുവേല്ക്കാതെ
മംഗളദർശനേ, വേഗം മടങ്ങു നീ
(ചങ്ങമ്പുഴ — രണാങ്കണത്തിൽ)

[3] ഈ സമാഹാരത്തിൽ ബൊദെലേറുടെ ‘ അൽബത്രോസ് ‘ അവസാന ഖണ്ഡിക കാണുക (പേജ് 172).

[4] പാഴാകാം മരുവിലലഞ്ഞു സർവഗേ, നീ
വാഴാറുള്ളരമന തേടിവാടി ഞങ്ങൾ,
കേഴാതാരസമയരാജ്യസീമ കാണ്മാൻ
‘ഏഴാമിന്ദ്രിയ’ മിനിയമ്പൊടേകുകമ്മേ
(ആശാൻ — കാവ്യകല)

ഇതരകർമ്മഫലാനി തവേച്ഛയാ
വിലഖമൂർദ്ധ്നി സഹേ ചതുരാനന
അരസികേഷു കവിത്വനിവേദനം
സിരസി മാലിഖ, മാലിഖ, മാലിഖ!
(പരക്കെ പ്രചാരത്തിലുള്ള പഴയ സംസ്കൃതപദ്യം)

നാവികർ

തെയോഫീൽ ഗൊത്തിയെ (1811–1872)

THEOPHILE GAUTER

ആഴമേറുമാഴിയുടെ
നീലനീരിലൂടെ നിത്യം
ഊഴിചുറ്റിസ്സഞ്ചരിയ്ക്കും
നാവികർ ഞങ്ങൾ.
ചൂടിയലുമിന്ത്യമുതൽ
ശീതധ്രുവം വരെ വെള്ളി–
ച്ചാലുനീളെക്കീറി ഞങ്ങൾ
സഞ്ചരിയ്ക്കുന്നു.
തങ്കവിരൽ ചൂണ്ടിച്ചൊൽവൂ,
കാറ്റുപോയ യേതു ഭാഗ–
ത്തിങ്കലേയ്ക്കാണെഴകേണ്ട–
തെന്നു താരങ്ങൾ. [1]
വെള്ളത്തുകിൽ ചിറകുക–
ളാർന്നു വെള്ളക്കിളികൾപോൽ
വെള്ളച്ചുഴി തലോടീട്ടു
ഞങ്ങൾ പോകുന്നു.
വിട്ടകലും ജന്മഭൂവും
വൃദ്ധമാതൃജനങ്ങളും
പുത്തനായി ഞങ്ങൾ വേട്ട
പെൺകൊടിമാരും
ചിന്തയിൽ നിന്നൊരിക്കലും
മാഞ്ഞിടുന്നില്ലെന്നാകിലും
സന്തതോന്മദങ്ങളായ
സാഗരോർമ്മികൾ
തങ്ങളുടെ മനോജ്ഞമാം
പല്ലവിയാൽ ഞങ്ങൾക്കുള്ളിൽ
തങ്ങുമഴലിനെ പ്പാടി–
യുറക്കിടുന്നു.
കർക്കശവും കൃപണവു–
മായ നിലം തന്നിലയ്യോ
കർഷകന്മാർ കഷ്ടപ്പെട്ടു
വേലചെയ്യുന്നു.
വിണ്ണിനൊപ്പംവിളങ്ങുമീ

യർണ്ണവകേദാരത്തിനെ [2]
ഞങ്ങളുടെ നൗകത്തല–
പ്പഴുതിടുന്നു. [3]
ഒട്ടും പണിപ്പെടാതെ താ–
നിപ്പാടത്തിലേറ്റം വില–
പ്പെട്ട മുത്തും പവിഴവും
വിളഞ്ഞിടുന്നു. [4]
അത്യാഗാധതയ്ക്കു മീതെ
നീഡമിതിന്നുള്ളിലാട്ട– [5]
പ്പെട്ടു ഞങ്ങളപാരത–
യിങ്കൽ വാഴുന്നു. [6]
നീലമരുപ്പരപ്പിതിൽ
തിമാലത്താലോലത്തിൽ
ലോകനാഥൻ തുണയായി
ഞങ്ങൾ നീങ്ങുന്നു. [7]

LES MATELOTS

കുറിപ്പുകൾ

[1] ഓമൽത്തുങ്കിരണങ്ങൾ നീട്ടിയുദയം ചെയ്യുന്ന നക്ഷത്രമേ …
ശ്രീമത്തായ വെളിച്ചമാണ്, വഴികാട്ടിടുന്ന കയ്യാണു നീ

(ആശാൻ — ഉദിക്കുന്ന നക്ഷത്രം)

കാറ്റുകൾക്കു കളിപ്പാട്ടമായ് പായക്കപ്പലേറി–
ക്കാവൽ നിൽക്കും താരകൾ തൻ കൈവിരൽ നോക്കി

(വൈലോപ്പിള്ളി — കേരളയഹൂദർ ഇസ്രായേലിലേയ്ക്ക്)

വാനിൽ നിന്നൊരു താരം വിരൽ ചൂണ്ടിയിച്ചുണ്ടാം

(വൈലോപ്പിള്ളി — കാവൽക്കാരൻ)

അല്ലിലും മാർഗ്ഗം കാട്ടും ദിവ്യോഡുക്കൾ

(ജി. — പുഷ്പഗീതം)

വിരൽ ചൂണ്ടിച്ചൊലി ശാന്തി–
തീർത്ഥവാസികൾ താരകൾ

(പി. കുഞ്ഞിരാമൻ നായർ — നരബലി)

വഴി കാട്ടുവാൻ ധ്രുവ നക്ഷത്രം നില്പൂവിണ്ണിൽ
നിഴലായ് താഴെ നിന്റെ നീല കുങ്കമപ്പൊട്ടും

(പി. ഭാസ്കരൻ — തടിച്ചങ്ങാടം)

നീ വിരൽ ചൂണ്ടവേ, മണ്ണിലിതേവരെ
നീടാർന്നു വാഴ്വു തമസ്സും വിറയ്ക്കയായ്

(യൂസഫലി കേച്ചേരി — പുലരിത്താരം)

ഇരുളിൽ നക്ഷത്രലിഖിതങ്ങൾ കാട്ടി

(സച്ചിദാനന്ദൻ — ഇനിയും)

സ്നേഹഗായകരുടെ കാല്പാടുതേടി, ലജ്ജാ–
വേപഥു മറക്കാത്ത താരങ്ങൾ വഴികാട്ടി

(അയ്യപ്പപ്പണിക്കർ — തീർത്ഥാടനം)

[2] മീതേചലന്മേഘമംബരം, താഴെയോ
വാതവേഗോത്ഥാപിതോർമ്മിയാമർണ്ണവം
രണ്ടും സമസ്ത ദിഗ്വ്യാപി, സുദുസ്തരം
രണ്ടുമൊരേമട്ടമേയഭംഗുരം …
വാനിടംപോലെ പരന്നു കിടക്കുന്ന
വരാശിമേലൊരു കൊച്ചു പറവനീ

(വള്ളത്തോൾ — കപ്പൽയാത്ര)

താപിഞ്ഛനേർവണ്ണമൊട്ടെട്ടു ദിക്കിലും
വ്യാപിച്ചതായ്, ക്കേവലപ്രമേയമായ്
ദീപിച്ചിടും വിഷ്ണുപദപ്പകുഴയെ
പ്രാപിച്ച പാഥോധിയിതംബരോപമം

(വള്ളത്തോൾ — ചിത്രയോഗം)

അംബുധിപോലെ നീലവർണ്ണമാറ്റുടവറ്റോ–
രംബരവീഥി തന്റെ നടുവേ ഭയമറ്റു …

(ആശാൻ — ശ്രീബുദ്ധചരിതം)

വാരിധി മേലോട്ടുയർന്നപോലെ
പാരിച്ച നിന്നുടെ വാനിടത്തിൽ

(കടുമത്ത് — ഓണപ്പുടവ)

[3] ഉലകിന്നു മുതൽ കൊയ്യാനലകടലുഴവുന്ന
തല മുതിർന്നവർ പത്തേമ്മാരികൾ കുഞ്ഞങ്ങൾ

(വൈലോപ്പിള്ളി — കടലിലെ കവിതകൾ)

Her timbers yet are sound,
And she may float again
… … … … …
And plough the distant main

(W. Cowper — Loss of the Royal George)

[4] കടലിലെയുപ്പുചാലിൽക്കതിരിട്ടു വിളയുന്നു
കരയിലും കുരുക്കാത്ത കവിതയെല്ലാം

(വൈലോപ്പിള്ളി — കടലിലെ കവിതകൾ)

അക്ഷത നക്ഷത്രമുത്തു വിളയുന്ന മുകലിലെ
അക്ഷയ രത്നാകാരത്തിൻ കരയിലൂടേ

(പി. കുഞ്ഞിരാമൻ നായർ — കടൽപ്പാലം)

[5] കാറ്റത്താടുന്ന കിളിക്കൂടാണ് വിവക്ഷിതം.
കപ്പലാം തൊട്ടിലിലാട്ടിയാട്ടിയതി–

ല്യൾപ്പുക്കുമേവിന നാനാ ജനങ്ങളെ
പൈതങ്ങളെയെന്നവണ്ണമുറക്കിനാർ
പാഥോധിതൻ ഗൃഹദാസികൾ വീചികൾ

(വള്ളത്തോൾ — കപ്പൽയാത്ര)

മായികമാം വെണ്ണിലാവിൽ മുത്തുമണിമാലകോല്യ–
മാഴിയോളങ്ങളിൽ ഞങ്ങളുയലാടവേ

(വൈലോപ്പിള്ളി — കടലിലെ കവിതകൾ)

പേർത്തുമൊന്നിനെയൊന്നു പാഞ്ഞുടച്ചേറ്റം തിര–
ച്ചാർത്തിനു മീതെ നൃത്തമാടുന്നു പെരും കപ്പൽ

(ബാലാമണിയമ്മ — മഴുവിന്റെ കഥ)

അബ്ധിയിലൂഞ്ഞാലാടി കുലുങ്ങി നടക്കുന്ന
കപ്പലെൻ മുഖത്തേയ്ക്കു നീരസപ്പുക തുപ്പി

(പി. കുഞ്ഞിരാമൻ നായർ — കീർത്തിമുദ്ര)

[6] നീയപാരതയുടെ നീലഗംഭീരോദാര–
ച്ഛായ; നിന്നാശ്ലേഷത്താലെന്മനം ജൃംഭിക്കുന്നു

(ജി. — സാഗരഗീതം)

[7] The world of water is our home
And merry mes are we

(A. Cunningham — A wet sheet and a flowing sea)

ഏകാകിനി

തെയോഫീൽ ഗൊത്തിയെ (1811–1872)

THEOPHILE GAUTER

തടിനി തൻ നെടുചുംബനമൊന്നിനാൽ
തടതലത്തിനോടോതുന്ന തന്നഴൽ;
വനമലരിന്നു സാന്ത്വനം നൽകുവാൻ
പുലരി തൂകുന്ന കണ്ണുനീർത്തുള്ളികൾ;
[1] പഴയ 'സൈപ്രസ്സി' നോടു പറവു തൻ–
പരിഭവകഥ സായാഹ്നമാരുതൻ;
കുറുകിടുന്നു മണിപ്രാവു 'സാമ്പ്രാണി'–
ത്തരുവിനോടു തൻ തീരാത്ത ദുഃഖങ്ങൾ.
ഹൃദയനൊമ്പരം മാത്രമൊഴികെ മ–
റ്റഖിലവും സുഖസുപ്തിയിൽ മുങ്ങവേ,
കടലിനോടു വെൺതിങ്കൾ തന്നാനനം
വിളറുവാനുള്ള കാരണം ചൊൽകയാം;
വിമലവിണ്ണിനെ ചുംബിച്ചൊരായിരം
വിവരമോതുന്നു പള്ളിതൻ ഗോപുരം. [2]
ഗഗനമോ ജഗദീശ്വരനോടാരായ്‌വൂ
തനതു തങ്കക്കിനാവിൻ പൊരുളിനെ [3]
ശവകുടീരവും താരവും പുഷ്പവും
പറവയും കരിമ്പാറയും ചോലയും
പറവതെന്തിനു കൂടുത,ലിങ്ങെഴും
സകല ജംഗമാജംഗമജാലവും
ഹൃദയവാതിൽ തുറന്നുകൊണ്ടെന്തിനോ
വിടുതി നല്കുവാൻ വെമ്പൽകൊണ്ടീടുന്നു. [4]
വിഗതഭാഗ്യയായേകയായ് വാഴുമെൻ
വിധുരചിത്തത്തിനുത്തരമേകുവാൻ
കരുണമെന്നും കരഞ്ഞു കഴിയുമി–
ക്കടലിടുക്കൊഴിഞ്ഞൊന്നുമില്ലുർവിയിൽ! [5]

REVERIE: LA SULTANE

കുറിപ്പുകൾ

[1] സൈപ്രസ്സ് = നിത്യഹരിതമായ ഒരു കാറ്റാടിമരം

[2] തുംഗതയേറുമാകാശത്തിനായ് ഗിരി–
ശൃംഗങ്ങളിൽ ഭൂമി കൈ നീട്ടുന്നു.
കുന്നിൻ ചെരിവുകളിൽ വനവൃക്ഷത്തെ
ചെന്നു മുകിൽമാല ചുംബിക്കുന്നു
… … … … …
എന്നല്ല യുപ്പേലുമബ്ധിയെ പ്പുല്കുന്നു
നന്നദി മേളിച്ചഴിമുഖത്തിൽ

(ആശാൻ — ദുരവസ്ഥ)

മണ്ണിന്റെ പച്ചപ്പുല്പട്ടു കണ്ടുണ്ടായ
വിണ്ണിൻ കരിമുഖമെങ്ങുപോയി?
നേരെ മറിച്ചതിൻ പ്രേമപ്രകാശങ്ങൾ
താരങ്ങളായി മുളച്ചു രാവിൽ
ചുംബനം ചെയ്കയായുന്മുഖീഭൂതമാം
നമ്മുടെ യാമ്പലപ്പൂനിരയെ.
മാറുകെന്നാർത്തു കയർത്തപുഴയുണ്ടു
തീരത്തെ ത്തൊട്ടു തലോടിടുന്നു

(നാലപ്പാടൻ — ഓണക്കാഴ്ച)

പൊൽത്താരകങ്ങളെ ച്ചുംബിച്ച നീരദം
ഉത്തുംഗശൈലം മുകരുന്നു വാനിനെ
തമ്മിൽത്തഴുകിത്തളർന്നു തടിനിയിൽ
നർമ്മസല്ലാപം നടത്തുന്നു വീചികൾ

(ചങ്ങമ്പുഴ — പിന്നത്തെ സന്ധ്യയിൽ)

നൽക്കുളിരുങ്ങിൻ ചില്ലയിലിണ
കൊക്കുരുമ്മി മയങ്ങുമ്പോൾ
വേർത്ത കാറ്റിളംകൈതതൻ കനു–
കുന്തളങ്ങൾ മുകരുമ്പോൾ
ചെണ്ടണിഞ്ഞ കുമാരിവല്ലരി
വണ്ടിനെക്കാത്തിരിക്കുമ്പോൾ

(പി. കുഞ്ഞിരാമൻ നായർ — നീ വരില്ല)

കൊച്ചുനിലാവും കരിനിഴലും
കെട്ടിപ്പുണർന്നു മയങ്ങി കാവിൽ

(പി. കുഞ്ഞിരാമൻ നായർ — പിച്ചിച്ചീന്തിയ പുഷ്പചിത്രം)

മംഗലമുഹൂർത്തത്തിൽ മൗനഭാഷയിലെന്തോ
തങ്ങളിൽപ്പറയുന്നു വാനവും ധരിത്രിയും

(പി. കുഞ്ഞിരാമൻ നായർ — പ്രേമാർപ്പണം)

അന്തിക്കാറ്റിൻ മാറിൽപ്പറ്റി ഗൂഢപ്രണയത്തിൻ
പരിമളമേകും കൈത കുരുക്കും വയലു കടന്നപ്പോൾ

(പി. കുഞ്ഞിരാമൻ നായർ — പൂവിളി)

ദിനേശ്വരകിരണത്തെ ക്കുളിർമാറിൽ ച്ചേർത്തണച്ച
പിനിനീരലരു പൊട്ടിക്കരയുന്നെന്തോ?

(പി. കുഞ്ഞിരാമൻ നായർ — താമരക്കോഴി)

നൃത്തം നടത്തുന്ന പൂവിന്റെ ചുണ്ടത്ത്
മുത്തം കൊടുക്കുന്ന കുഞ്ഞിളം തെന്നലും
നിത്യവിരഹിയാമാഴിതൻ ചാരത്തി–
ലെത്തുവാൻ വെമ്പിക്കുതിക്കും പുഴകളും
എന്നുമജ്ഞാതയായാർദ്രഹൃദന്തയായ്
വിണ്ണിനെത്തേടുമീ മൂകമാം ഭൂമിയും

(സുഗതകുമാരി — രണ്ടു ഗീതകങ്ങൾ)

കരകളും കെട്ടിയോരാം കായൽകുളം തമ്മിലാർന്ന
സരസസല്ലാപമിന്നും കഴിഞ്ഞതില്ല

(വൈലോപ്പിള്ളി — കായലുകളും കരകളും)

ആയിരം കൈകളാൽ വാരിപ്പുണരുന്നു
പാരിനെ യാരക്തൻ വാസരേശൻ
പൊന്നുഷസ്സിങ്കൽ കുണുങ്ങും ലതികയെ
വന്നിതാ പുല്കുന്നു വന്യവാതം
നീലമുകിലിനെച്ചുംബിപ്പൂ മാമക
സൗധാഗ്രഭാഗം മുഖമുയർത്തി

(കെ. മാധവിയമ്മ — പ്രേമയാഥാർത്ഥ്യം)

വരളുന്ന ഞാറിന്റെ ചുണ്ടിലൊരു തുത–
പ്പുഴ പാഞ്ഞുചെന്നു ചുംബിച്ചിടുന്നു

(ദേശമംഗലം രാമകൃഷ്ണൻ — നാട്ടുവഴികൾ)

സല്ലപിച്ചീടുന്നിതെന്തൊക്കെയോ വന–
മുല്ലകളോടു സമാർദ്ര സമീരണൻ

(ടാഗോർ — ഗീതാഞ്ജലി (ജി.))

The fountains mingle with the river
And the rivers with the ocean …
See the mountains kiss high heaven
And the waves clasp one another …
And the sunlight clasps the earth
And the moonbeams kiss the sea

(Shelley — Love's Philosophy)

… … … … …There bloom
Gigantic flowers on creepers that embrace
Tall trees … … … … …

(Toru Dutt — Sita)

[3] നക്ഷത്രനികരമാണ് ആകാശത്തിന്റെ തങ്കക്കിനാവ്.
ആനന്ദ സ്വപ്നാങ്കുരങ്ങൾപോൽ മിന്നുന്നൊ–
രായിരമായിരം താരകളും

(ചങ്ങമ്പുഴ — മുരളി)

സുന്ദരസ്വപ്നങ്ങളെന്ന പോലങ്ങിനെ
മന്ദഹസിക്കുന്ന താരകളും

(ചങ്ങമ്പുഴ — മരിച്ച സ്വപ്നങ്ങൾ)

പിന്നെയും പിന്നെയും വിണ്ണിലെല്ലാടവും
മിന്നിത്തിളങ്ങി വെൺതാരകകൾ
അന്യൂനരാഗവിവശരാം കിന്നര–
കന്യകമാർ തൻ കിനാക്കൾപോലെ

(ചങ്ങമ്പുഴ — നിഗൂഢദർശനം)

നിർമ്മലവാനും മയങ്ങി–നീണ്ടു
നില്ക്കുന്ന പൊന്നിൻ കിനാവുകണ്ടു

(പി. കുഞ്ഞിരാമൻ നായർ — അനാർക്കലി)

[4] അകലത്താകാശം തലകുനിച്ചു നി–
ന്നലകടലുടൽ പുണരുമ്പോൾ
പിടയുകയാണെൻ ഹൃദയവുമേതോ
തടവലിൽ പെട്ടു തളരുവാൻ

(ചങ്ങമ്പുഴ — സ്പന്ദിക്കുന്ന അസ്ഥിമാടം)

നെഞ്ചുരുകിയ സൂര്യരശ്മികൾ
പൂഞ്ചിറയിൽ മുഴുകുമ്പോൾ
മോഹമുഗ്ദ്ധയായ് മാഴ്കുന്നിതേതോ
ദാഹമാർന്ന ചരാചരം

(പി. കുഞ്ഞിരാമൻ നായർ — നീ വരില്ല)

ളുമയിലാനന്ദം പൂണ്ടുന്നിതന്യോന്യ–
പ്രേമാർച്ചനത്തിനാലിപ്രപഞ്ചം
ഏവം ഹതഭാഗ്യമാകും മജ്ജീവിത–
മേതിൽ പകർന്നുവെച്ചീടുമിപ്പോൾ
എന്തിനെന്നല്ലാതെ യുൾത്തടത്തിൽ പൊന്തി–
പ്പൊന്തിവരുമതിൻ പ്രേമാമൃതം?

(പി. കുഞ്ഞിരാമൻ നായർ — പാത്രമില്ല)

തിരപോലെരിയുന്നുണ്ടെന്നിലുമേതോ
കരകാണാക്കായലിൻ ചൂടുള്ള ദാഹം

(അയ്യപ്പപ്പണിക്കർ — കുരുക്ഷേത്രം)

The desire of the moth for the star,
Of the night for the morrow,
The devotion for something afar

From the sphere of our sorrow

(Shelley — Elegy on Thyrza)

One in whose gentle bosom I
Could pour my secret heart of woes,
Like the care-burthen'd honey-fly
That hides his murmurs in the rose

(G. Darley — The loveliness of love)

[5] എന്നാത്മദുഃഖം പകുത്തു വാങ്ങിക്കുവാ–
നൊന്നുമില്ലയ്യോ പരിത്യക്തയാണു ഞാൻ

(ചങ്ങമ്പുഴ — അഴലിന്റെ നിഴലിൽ)

ഹതഹൃദയമേ സതതം നീമാത്രം
കദനഗർത്തത്തിലടിയുന്നോ?

(ചങ്ങമ്പുഴ — വ്യഥ)

ഒരുത്തരുമെന്നാലെനിക്കു വേണ്ടിയി–
ട്ടൊരിക്കലും വിടില്ലൊരു നെടുവീർപ്പും

(ഇടപ്പള്ളി — എന്റെ ജീവിതം)

ദുഃഖമല്ലാതെ മറ്റൊന്നുമില്ലെനി-
ക്കിഷ്ടതോഴിയായേതൊരു കാലവും

(ലളിതാംബിക അന്തർജ്ജനം — അഗ്നിസാക്ഷി)

ചിരവിരഹത്തിൻ ചിതയിൽ നിന്നൊരു
പ്രണയത്തിൻ കിളി പറന്നുയരുമ്പോൾ
ഒരു വാക്കെങ്കിലും
ഒരു വാക്കെങ്കിലും പറക നീ
മൗനം മരണമാകുന്നു

(ബാലചന്ദ്രൻ ചുള്ളിക്കാട് — മരണവാർഡ്)

There was no leaf upon the forest bare
No flower upon the ground
And little motion in the air
Except the mill-wheel's sound

(Shelley — A widow bird ...)

തോണിപ്പാട്ട്

തെയോഫീൽ ഗൊത്തിയെ (1811–1872)

THEOPHILE GAUTER

എങ്ങുപോകണ, മെങ്ങുപോകണം
മംഗളാംഗി, നീ ചൊന്നാലും!
തോണി പായച്ചിറക നീർത്തുന്നു
തെന്നൽ വീശുവാൻ പോകയാം. [1]
ദന്തനിർമ്മിതം തണ്ടു, നീരാളം
കൊണ്ടുതയ്യ കൊടിക്കൂറ;
തങ്കക്കട്ടിയാൽ തീർത്തൊരു ചുക്കാൻ,
കായ്കനിയിലാടിക്കനം.
ദേവദൂതനൊരുവനേകിയ
പൂഞ്ചിറകാണിക്കാറ്റുപായ്,
കൂട്ടിനുള്ളൊരു കൊച്ചുനാവികൻ
മറ്റൊരു ദേവദൂതനാം.
എങ്ങുപോകണ, മെങ്ങുപോകണം
മംഗളാംഗി, നീ ചൊന്നാലും!
തോണി പായച്ചിറക നീർത്തുന്നു
തെന്നൽ വീശുവാൻ പോകയാം.
'ബാൾടിക്കു' കടലിങ്കൽ, ലല്ലെന്നാൽ
ശാന്തസാഗരത്തിങ്കലോ?
'ജാവ' ദ്വീപിങ്കൽ? 'നോർവെ' തന്നിലോ?
മഞ്ഞിൻ പൂവു പറിക്കണോ?
എങ്ങുപോകണ, മെങ്ങുപോകണം
മംഗളാംഗി, നീ ചൊന്നാലും!
തോണി പായച്ചിറക നീർത്തുന്നു
തെന്നൽ വീശുവാൻ പോകയാം.
പോശലാംഗി മൊഴിഞ്ഞു: ശാശ്വത
പ്രേമപുഷ്പം വിരിഞ്ഞിടും
കൂറെഴുന്നൊരു തീരമു,ണ്ടെന്നെ [2]
ക്കൊണ്ടുപോയാലു, മങ്ങോട്ടായ്!
– ഓമലേ, പ്രേമരാജ്യം തന്നിലി–
ത്തീരമെങ്ങു? ഞാൻ കേട്ടീലാ! [3]

BARCAROLLE

കുറിപ്പുകൾ

[1] തോണിതൻ കോണിലപ്പങ്കായമിട്ടു നീ–
യോമനേ പോരെന്നരികിൽ
ഓളം തല്ലുമിക്കായലിൽ നമ്മുടെ
ഓടമൊഴുകി നടക്കും
ഓടത്തിനുള്ളിലോരോരോണം രചിച്ചെ–
ന്നോമനേ നമ്മളിരിക്കും

(അയ്യപ്പപ്പണിക്കർ — മഞ്ഞിന്റെ മകൾ)

[2] എന്തുമാഹ്ലാദാലണവൂ–തവ
ശാന്തസമുദ്ര തീരത്തിൽ

(പി. കുഞ്ഞിരാമൻ നായർ — പ്രേമപൗർണ്ണമി)

[3] ഞാനേതുമറിവീലാ നീയോതും
പ്രേമരാജ്യത്തിലെ വർത്തമാനം

(കെ. മാധവിയമ്മ — പ്രേമയാഥാർത്ഥ്യം)

പരിണാമി മനുഷ്യജീവിതം
സ്ഥിരമാം സ്നേഹമനാഥമൂഴിയിൽ
… … … … …
അറികില്ലനുരാഗമേറെയാ–
ളറിവോർ തെറ്റിടുമൊക്കെയൊക്കുകിൽ
നിറവേറുകയില്ല കാമിതം
കുറയും ഹാ സഖി ഭാഗ്യശാലികൾ

(ആശാൻ — ലീല)

കാലത്തിന്നധീതമാം നശ്വരജഗത്തിങ്ക–
ലാലംബഹീനം തന്നെ ശാശ്വത ശുദ്ധസ്നേഹം

(ജി. — ഭംഗഗീതി)

നന്നു, ഞാനും പറഞ്ഞതിതൊക്കെയാ–
ണന്നു സുസ്ഥിരപ്രേമമില്ലൂഴിയിൽ.
കേവലമൊരു താല്ക്കാലികഭ്രമം–
പൂവുപോലുള്ളൊരോമനക്കൗതുകം
മാനസത്തെ മധുരീകരിപ്പൊരു
ഗാനസാന്ദ്രമാം കാവ്യപ്രചോദനം.
നാമതിനെ പ്രണ്യമെന്നായ്ഗ്ഗണി–
ച്ചോമനിപ്പാനൊരുങ്ങുക മാത്രമാം
… … … … …
ഭുവനമിതു മായികം, ചഞ്ചലം, വ്യർത്ഥമാ–
ണിവിടെയൊരു സുസ്ഥിരാത്മാനുരാഗവ്രതം

(ചങ്ങമ്പുഴ — രമണൻ)

Most friendship if feigning, most loving mere folly

(Shakespeare — Blow blow thou winter wind)

യുവകവയിത്രി

വിക്തോർ ദ് ലപ്രാദ് (1812–1883)

VICTOR DE LAPRADE

യഥാർത്ഥ ജീവിതവിജയത്തിനു ക്രൈസ്തവമൂല്യങ്ങൾ മുറുകെപ്പിടിക്കണമെന്നു ഉൽബോധിപ്പിച്ച ദാർശനികൻ കൂടിയാണ് വിക്തോർ ദ് ലപ്രാദ്.

നൂതനതാരുണ്യത്തിൻ
സൗന്ദര്യനികേതമായ്
ഞാനൊരു കവയിത്രി–
യായ ബാലയാണെങ്കിൽ
പാടുവാൻ പ്രവാചക–
വേദിയൊന്നിനേക്കാളും
കൂടിതനെലിക്കിഷ്ട–
മൊരു പൈങ്കിളിക്കൂടാം. [1]
ഏതു കാറ്റലകിനെ
മുന്നോട്ടു തള്ളുന്നെന്നും
ഏതു സിംഹാസനത്തി–
ന്നലച്ചിൽ തട്ടുന്നെന്നും
അറിയാൻ മിനക്കെടു–
കില്ലഞാ,നെന്നാലോരോ
നറുപൂവിനോടും ഞാൻ
നർമ്മസല്ലാപം ചെയ്യും! [2]
[3] കേൾക്കില്ല ഞാനാപ്പത്ത–
നപ്പസ്തോലന്മാർ ചൊൽവ,–
തിക്കൂട്ടർ വെറുക്കുന്ന–
തൊക്കെ ഞാനിഷ്ടപ്പെടും.
പക്ഷികൾ പരസ്പരം
ചൊല്ലുന്ന രഹസ്യങ്ങൾ
പച്ചിലക്കാട്ടിൽ ഞാൻ ചെ–
ന്നൊളിഞ്ഞു ചെവിക്കൊള്ളും.
പാട്ടുകൾ പാടിപ്പാറി–
ത്തത്തുന്ന കിളികൾ തൻ
കൂട്ടത്തിലൊരു സഹ–
ജാതയെപ്പോലേ ഞാനും
വന്ദനം ചെയ്യാൻ ചെല്ലും

വാനിങ്കലൊളിതൂകി
വന്നണയുമാ നവ്യ–
പ്പൊൽപുലർകാലങ്ങളെ!
വിശ്വാസരഹസ്യങ്ങ–
ളോരുവാൻ തിടുക്കാതെ
സംശയാലുത്വത്തിന്നു
തരിമ്പും വഴങ്ങാതെ,
പാടിയും ചിരിച്ചുമേ
പായുന്ന ചോലയ്ക്കൊപ്പ–
മാടലറ്റൊഴുകിപ്പോ–
മെൻവഴിയൂടേ ഞാനും.
ഇന്നത്തെ നൂറ്റാണ്ടേറ്റം
നീറിടും പ്രശ്നങ്ങളാൽ
നിർന്നിദ്രനിശകളിൽ
നൊമ്പരം കൊള്ളുന്നെങ്കിൽ,
വമ്പിച്ച തമസ്സിങ്കൽ
മാർഗ്ഗദർശക ദീപ–
സ്തംഭമൊന്നെവിടെയും
മിന്നിടുന്നില്ലെന്നാകിൽ
[4] ഞാനതു ഗണിയ്ക്കില്ലാ,
തൂവെള്ളിവെളിച്ചത്തി–
ന്നാകമ്രകിരണങ്ങ–
ളെങ്ങുമേ ദർശിച്ചീടും!
പാടത്തെയിളം കാറ്റു
വന്നെന്നെത്തലോടുമ്പോ–
ളെന്മനം മുഴുകീടും
പൊന്നോമൽക്കിനാക്കളിൽ,
ഞാൻ പൊട്ടിച്ചിരിച്ചീടും,
നർത്തനം മുതിർത്തീടും,
ജീവിതാഹ്ലാദമെന്നിൽ
നിറഞ്ഞു വഴിഞ്ഞീടും
പാടുവാൻ പുംസ്കോകിലം
മാത്രമെൻ ഗുരുവാകും,
പട്ടിളം പുൽത്തട്ടുകൾ
മാത്രമെൻ ഗ്രന്ഥങ്ങളാം. [5]
ഒരു മഞ്ജുഷയിൽ നി–
ന്നെന്നപോലീ രംഗത്തി–
ന്നനുരൂപമായതു
ഞാൻ തിരഞ്ഞെടുത്തീടും
പൂത്തപാദപങ്ങൾതൻ–
തണലിൽക്കൂടിപ്പോകേ
പൂക്കളാലലങ്കാരം
ചാർത്തുമെൻ വീണയ്ക്കു ഞാൻ!

കനകക്കതിരേന്തും
ഗോതമ്പച്ചെടികൾക്കു
നുകരാൻ വാനമ്പാടി
തൂകുന്ന ഗാനാമൃതം;
കാർവണ്ടു കാക്കപ്പൂവിൻ
കർണ്ണത്തിൽ മന്ത്രിക്കുന്നു, [6]
ചീവീടു പരിസര–
പ്രേമിയായ് പാടീടുന്നു!
ഏതിനും തുളുമ്പുന്ന
ഹൃദയം, മനീഷികൾ
ഓതുവതേറ്റോതുന്ന
മാറ്റൊലിയായീടാതെ,
ഞാനിങ്ങു കുടുംബത്തിൻ
നാദമായുയരും, മ–
ത്സോദരീജനങ്ങൾ തൻ
സ്വപ്നങ്ങൾ ഗാനം ചെയ്യും!
അക്ഷയനിധിയുണ്ടു
രണ്ടെണ്ണമനർഘങ്ങൾ
ഇച്ഛപോലഖിലർക്കും
ഉൽഖനനത്തിന്നായി,
സാഹിതി സമസ്തവും
ഊർന്നൊഴുകീടുന്നതാം
വാഹിനി രണ്ടുണ്ടതി–
പാവനമനിരുദ്ധം,
ഗാനസങ്കുലമാകും
രണ്ടു ദിവ്യാരണ്യമു–
ണ്ടാരമ്യ പ്രകൃതിയും
മാനവഹൃദയവും!
ഞാനെന്റെ ഗാനത്തിനെ
ത്തേടിടുമിവയിങ്കൽ
ഞാനതു കണ്ടെത്തീടും
ആയാസവിഹീനമായ്.
എങ്കിലും, പ്രതിഷ്ഠിത–
മാകുമെൻ പ്രശസ്തിയെ
എൻകളഗാനം കേൾക്കാൻ
വെമ്പിടും ലോകത്തിനെ,
ഒക്കെയും നിസ്സന്ദേഹം
ഞാൻ പരിത്യജിച്ചിടും
എന്മനോരമണൻത–
ന്നൊറ്റ വാക്കിനുവേണ്ടി!
നൂനമെൻ ഗാനങ്ങളി–
ലേറ്റവും മധുരമാം
ഗാനമജ്ജീവന്നായ് ഞാൻ

കരുതിസ്സൂക്ഷിച്ചീടും: [7]
പോര,യെൻ വിപഞ്ചിയെ–
ത്തന്നെ ഞാൻ വെടിഞ്ഞീടും
സ്വൈരമായവിരാമം
തൽക്കരം ഗ്രഹിക്കുവാൻ! [8]
കാമ്യം താൻ കവിത്വ മെ–
ന്നാകിലുമേറെക്കാമ്യം
പ്രേമമാണെനിയ്ക്കു ഞാ–
നൊരു ബാലികയെങ്കിൽ. [9]

A UNE JEUNE FILLE POETE

കുറിപ്പുകൾ

[1] നിന്റെ ചാരുകസേരകൾ വലിച്ചെറിഞ്ഞു ഞാൻ
ഉത്സവങ്ങളിലേയ്ക്കും
ഇടവപ്പാതികളിലേയ്ക്കുമൂളിയിട്ടു
പ്രഭാഷണങ്ങളല്ല,
കിളികളുടെ പാട്ടുകളാണ് എനിക്കു വേണ്ടിയിരുന്നത്

(സച്ചിദാനന്ദൻ — സൈദ്ധാന്തികനു കവിയുടെ യാത്രാഗീതം)

കൂട്ടു ചമച്ചതിൽ ചേർന്നു കുനി–
ക്കൂടിയിരിക്കയാണോമലേ നീ
സ്വച്ഛന്ദ വിശ്രമസ്ഥാനമാം മു–
ത്തച്ഛന്റെയങ്കത്തിലെന്നപോലെ

(വൈലോപ്പിള്ളി — കൂടും കിളിയും)

[2] പാടിയാലെന്താ ഞാനെൻ മിത്രമേ പരിശാന്തി
തേടിടുംപനിനീർപ്പൂവിൻ സ്നിഗ്ദ്ധജീവനെപ്പറ്റി?
പാരിടം നടുങ്ങുന്ന സംഹാരസന്ദേശത്തെ–
പ്പാടിടും കോടക്കൊടുങ്കാറ്റിന്റെ യൂറ്റത്തേക്കാൾ
ഹ്ലാദവും വിഷാദവും സ്ഫുരിക്കുമിപ്പുഷ്പത്തിൻ
നാദഹീനമാം രാഗമാണെനിക്കഭികാമ്യം

(ജി. — വിടർന്നെങ്കിൽ)

[3] മ്ലാനവിക്ലബതവന്നാത്മാവിൽക്കടക്കാതെ
സൂനമേ വർത്തിപ്പൂ നീ, ഞാൻ നിണയ്ക്കുന്തേവാസി
നിന്നെയൊന്നനുകരിച്ചീടുവാൻ കഴിഞ്ഞെങ്കിൽ
പിന്നെയെന്തിനാണെനിക്കന്യന്റെ തത്വജ്ഞാനം?

(ജി. — വിടർന്നെങ്കിൽ)

[4] ആരെയും ഹിംസിക്കാതെ, യാരെയും ശാസിക്കാതെ
പാരിനെ നന്നാക്കേണ്ട ഭാരമേറ്റെടുക്കാതെ

(ജി. — വിടർന്നെങ്കിൽ)

സന്ദേശവുമില്ലറങ്ങുന്ന പാരിനോ–
ടൊന്നും പറയാൻ മുതിരുവതില്ല ഞാൻ

(പി. കുഞ്ഞിരാമൻ നായർ — കൊച്ചുനർത്തകി)

മാനവപ്രശ്നങ്ങൾ തൻ മർമ്മകോവിദന്മാരേ
ഞാനൊരുവെറും സൗന്ദര്യാത്മക കവിമാത്രം

(വൈലോപ്പിള്ളി — കവിയും സൗന്ദര്യബോധവും)

എനിക്കുതോന്നുമ്പടി ഞാൻ ചിറകി–
ട്ടടിച്ചു നീന്തുമ്പോഴേ
അരുതെന്നോതാ, നാമെന്നോതാൻ
ആരെ നിങ്ങളധൃഷ്യർ?
അരുതെന്നോതാനാമെന്നോതാൻ
ഒരാളെനിക്കുണ്ടുള്ളിൽ
എന്നാത്മാവിൻ സ്വർണ്ണക്കൂട്ടിലെ
വർണ്ണപ്പൈങ്കിളിയെത്ര

(പുതുശ്ശേരി രാമചന്ദ്രൻ — പുതിയ കൊല്ലനും പുതിയൊരാലയും)

[5] വിസ്തൃതസൗന്ദര്യപാഠം പഠിച്ചതോ
വിശ്വപ്രകൃതിയാൾ തൻ കലാശാലയിൽ

(പി. കുഞ്ഞിരാമൻ നായർ — സൗന്ദര്യദേവത)

കടലാസ്സിൽക്കാണും ലിപികളോടൊപ്പം
പഠിക്കാവൂ തവ പടുതയാലിവൻ
ഇടമ്പെടും വാനിൽ വിഭാവരി കുറി–
ച്ചിടുന്ന കാഞ്ചനാക്ഷരനിരയേയും.
… … … … …
പ്രകൃതി കേവലം തുറന്നുവെച്ചൊരീ
പ്രപഞ്ചകാവ്യത്തിൻ ചില വരികളും
… … … … …
മറഞ്ഞിരുന്നു പൂങ്കുയിലുകൾ പാടും
നിരക്ഷരഗാനങ്ങളുമൊരുപോലെ
സവിസ്മയം കേൾക്കപ്പെട്ടുമാറാകട്ടെ
സുവിദ്യാർത്ഥിൻ, നിന്റെയിളം ചെവികളിൽ

(വള്ളത്തോൾ — ഗുരുനാഥന്റെ ദുവൽ)

നിശ്ചയമില്ലാതാരും പകയ്ക്കും പാഴ്വാക്കാലീ
വിശ്വകാവ്യത്തെപ്പറ്റി പ്രസംഗിപ്പോനല്ല ഞാൻ.
മംഗല്യ മഹനീയ സൗരഭമാർന്നോരിതിൻ–
സംഗീതപ്രവാഹത്തിലെൻ തലതണുത്തെങ്കിൽ! …

(കെ. കെ. രാജാ — വിശ്വകാവ്യം (ഹർഷാഞ്ജലി))

പ്രീതി ചേർക്കുന്നില്ലാർക്കിവ ചേർന്ന

രീതിയൊന്നിനാലീ വിശ്വകാവ്യം?
ഒന്നും വേണ്ട മനുഷ്യനിതല്ലാ–
തെന്നും കോൾമയിർക്കൊണ്ടു വായിപ്പാൻ

(കെ. കെ. രാജാ — വിശ്വകാവ്യം (മണ്ണും വിണ്ണും))

എനിക്കു നാദം തന്നവരേ,
എനിക്കു ഗാനം തന്നവരേ,
എന്നാത്മാവിന്നുയർന്നുപറക്കാൻ
പൊന്നിൻ ചിറകു തരുന്നവരേ

(പുതുശ്ശേരി രാമചന്ദ്രൻ — പുതിയ കൊല്ലനും പുതിയൊരാലയും)

പുസ്തകം ദൂരത്തെറിഞ്ഞെന്റെ കൂട്ടരി–
പ്പൂത്തിലഞ്ഞിച്ചോട്ടിലൊന്നിച്ചിരിക്കുവിൻ
പുല്ലാണു പുസ്തകജ്ഞാനം പുലരിതൻ
പുല്ലാങ്കുഴൽവിളി കേട്ടുണർന്നീടുകിൽ

(ഇടപ്പള്ളി — വിശ്വഭാരതിയിൽ)

പങ്കവും മുൾച്ചെടിക്കൂട്ടവും പാറയും
പക്ഷിമൃഗാദിയും മാനുഷനും
യാതൊരു കാവ്യത്തിൻ നാനാവിധാക്ഷര–
ദ്യോതിതമായ ദിവ്യോല്ലേഖമോ
ആയതിൻ ഭാഷാന്തരങ്ങൾ താൻ വാനിലും
തോയദരൂപത്തിൽ ക്കാണ്മതെങ്കിൽ

(നാലപ്പാടൻ — ചക്രവാളം)

Up, up my friend, and quit your books,
or surely you'll grow double …
And hark how blithe the throstle sings,
He too is no mean preacher:
Come forth into the light of things,
Let nature be your Teacher ! …
She has a world of ready wealth
Our minds and hearts to bless.

(Wordsworth — The tables turned.)

of this fair volume which we world do name
If we the sheets and leaves could turn with care,
Of Him who it corrects, and did it frame,
We clear might read the art and wisdom rare

(W. Drummond — The lessons of Nature)

[6] മധുവുണ്ടു കാർവണ്ടു മൂളിയോരോ കൊച്ചു
മലരിന്റെ കാതിലും

(എൻ. കെ. ദേശം — ഓണപ്പാട്ട്)

[7] It keeps its highest holiest tone
For one beloved friend alone

(Shelley — To a lady with a guitar)

[8] മൽക്കലാപാരമ്യമിതൊറ്റയൂത്തേല്ക്കുമ്പോഴേ–
ക്കുൽക്കമ്പമേലുന്നൊന്നാണാശയില്ലതിലൊന്നും
ഭുവിലെപ്പരുപരുപ്പറിയാതവിടുത്തെ–
ക്കൈവിരൽക്കുട്ടിൽ ച്ചൂളിക്കിടക്കുന്നതിന്നെന്യേ,
അപ്പപ്പോൾത്തവമുഖം തടവിത്ത്വദ്ദുച്ഛ്വാസ–
സൽപരിമളം മോന്തി സംതൃപ്തി കൊൾവാനെന്യേ

(ബാലാമണിയമ്മ — പ്രേമോപഹാരം)

[9] ആരാധ്യയായി നീ രാധേ, മഹർഷിമാർ
ആരാഞ്ഞു കാണാഞ്ഞ നീലരത്നം
ശ്രീമതി, നിൻകൈകൾ തേടിവന്നീലയോ,
പ്രേമം മഹത്തരം ജ്ഞാനത്തേക്കാൾ

(ജി. — വൃന്ദാവനം)

I Love thee for a heart that is kind
Not for the knowledge in thy mind

(W. H. Davis — Sweet stay-at-home)

ഒരു കരളിന്റെ കഥ

ല് കോംത് ദ് ലീൽ (1818–1894)

LECONTE DE LISLE

റൊമാന്റിസിസത്തിന്റെ ആത്മഗാനപരമായ അതിപ്രസരത്തിന്നെതിരെ ഒരു സംഘം കവികൾ കലാപക്കൊടി ഉയർത്തുകയുണ്ടായി. ആത്മാംശം ഒഴിവാക്കിയും കവിതയുടെ ധാർമ്മിക പ്രതിബദ്ധതയെ നിരാകരിച്ചും കല കലയ്ക്കു വേണ്ടിയെന്ന വാദത്തിന്റെ അടിസ്ഥാനത്തിൽ ശില്പസൗന്ദര്യത്തിൽ ഊന്നിയും കാവ്യസൃഷ്ടി നടത്തിയ ഈ കവികൾ ‘പർണാസ്യേൻ’ Parnassien എന്ന പേരിൽ അറിയപ്പെടുന്നു. ആഖ്യാനപരമാണിവരുടെ കവിത. ഇവർ ഒന്നാമതായി കൂട്ടുചേർന്നു ‘ല് പർണ്ണാസ്സ്’–Le Parnasse എന്ന പേരിൽ ഒരു കവിതാസമാഹാരം പ്രസിദ്ധപ്പെടുത്തിയതിനെത്തുടർന്നാണു പ്രസ്ഥാനത്തിന്നു ഈ പേർ വീണതു് (‘പർണ്ണാസ്സ്’ ഗ്രീസ്സിലെ ഒരു പർവ്വതമാണ്–പ്രകാശത്തിന്റെയും കലകളുടേയും അധിദേവനായ ‘അപ്പോളോ’വിന്റെ ആസ്ഥാനം). ല് കോംത് ദ് ലീലാണ് പ്രസ്ഥാനനേതാവ്. ഒരു സ്കാൻഡിനേവ്യൻ നാടോടിഗാനത്തിന്റെ ഇതിവൃത്തത്തെ ഉപജീവിച്ചെഴുതിയതാണ് ഈ കവിത.

നിലാവെഴും നിശ, തണുപ്പേറും കാറ്റ്,
നിലത്തു മഞ്ഞാകെ ത്തുടുത്തിരിക്കുന്നു.
കുഴിമാടമെന്യേ കിടന്നിടുന്നിങ്ങു
സുധീരയോധാക്കൾ പരസ്സഹസ്രം പേർ.
മരണത്തെക്കെട്ടിപ്പുണർന്നപോതും തൽ–
ക്കരങ്ങൾ വാൾകളെ വെടിഞ്ഞതില്ല തൻ– [1]
മിഴികളിപ്പോഴുമതീവ രൗദ്രങ്ങൾ; [2]
പടനിലമിതു പരമനിശ്ചലം.
മുകളിൽ വട്ടത്തിൽ പറന്നുകൊണ്ടാർത്തു
ബഹളം കൂട്ടുന്നു മലങ്കാക്കക്കൂട്ടം. [3]
വിയത്തിലുൾച്ചൂടറ്റമരുമമ്പിളി
വിതറീടുന്നു തൻ വിവർണ്ണമാമൊളി.
രുധിരസ്നാതരായ് മൃതിയടഞ്ഞോരാം
സഹഭടന്മാർ തന്നിടയിൽനിന്നുമേ
മുറിഞ്ഞ തൻ ഖഡ്ഗം പതുക്കെയൂന്നിക്കൊ–
ണ്ടെണീല്പൂ സത്വര ‘മിയാൽമർ’, തൽ പാർശ്വ–
ദ്വയങ്ങളിൽ ചോരയൊലിച്ചു താഴുന്നു,
കൊടിയ പോരിന്റെ കുരുതിയെന്നോണം.
ഇവിടെത്തൻ ജീവചലനമറ്റിടാ–
തൊരുത്തനെങ്കിലുമിനിയിരിപ്പില്ലേ?
വനത്തിൽ പൂങ്കിളിനിരപോൽ, കാലത്തു

ചിരിച്ചു പാടിയ യുവധീരന്മാരിൽ
ഒരുത്തനുമില്ലേ? ശരി, സകലരും
കനത്ത മൂകത ഭജിച്ചിരിക്കയാം.
തുളഞ്ഞുപോയിതെന്നുരത്തമാർച്ചട്ട,
തകർന്നിരിക്കുന്നു മമ ശിരസ്ത്രവും.
വ്രണിതമാമെന്റെ മിഴികളിൽനിന്നു
വിടാതെ ചോരവാർന്നൊഴുകീടുന്നുതേ.
അസംഖ്യം ചെന്നായ്ക്കളലറിടുകയോ, [4]
കടലിരമ്പുന്നോ, ശ്രുവിപ്പതെന്തു ഞാൻ?
ഉശിരനാം കാക, വരികരികിൽ നീ
കരുത്തുകൂട്ടും നിന്നിരുമ്പുകൊക്കിനാ-
ലിവന്റെ മാറിടം തുറ, ന്നെടുക്കുകെൻ-
ഹൃദയ, മെന്നിട്ടു ക്ഷണത്തി'ലിൽമേ'റിൻ
മകൾക്കു കൊണ്ടുപോയ്ക്കൊടുക്കു ചൂടോടെ. [6]
(നിണയ്ക്കായ് ഞങ്ങളിങ്ങിരിക്കുമിപ്പോലേ).
വിദൂര 'യുപ്സ്'ലിൽ പ്രഭുക്കൾ മുന്തിയ [7]
മദിരമോന്തി പ്പൊൻചഷകങ്ങൾ മുട്ടി-
ത്തിമിർത്തു കൂട്ടമായ്ക്കുകർത്തുപാടിടു-
മിടത്തിലാണെന്റെ ഹൃദയനായിക.
അവിടത്തോളക്ക്യോറ്റക്കുതിക്കു പാറിപ്പോ-
യവളെക്കണ്ടിട്ടെൻ ഹൃദയം നല്കുക.
ഉയരെ,ക്കാകന്മാർക്കതിപരിചയ-
മിയലും ഗോപുരമതിന്നകത്തവൾ
ഉണർന്നു നില്പുണ്ടാം, കറുത്ത നീൾമുടി-
ച്ചുരുളെഴുന്നൊരാ ധവളഗാത്രിയാൾ.
അരിയ കാതുകൾക്കിടയിൽ തൂവെള്ളി
വലയം രണ്ടെണ്ണം കിടന്നാടുന്നുണ്ടാം.
ഇരുണ്ട സന്ദേശഹരാ, നീ ചെന്നു തൽ-
പ്രണയനിഷ്ഠമെൻ മനമെന്നോതുക.
അതിൻ പ്രതീകമായ് ഹൃദയം തന്നെ ത-
ന്നയപ്പതും നീയങ്ങവൾക്കു നല്കുക. [8]
തുടുപ്പും ദാർഢ്യവു മവിഹ്വലത്വവും
കുറച്ചു വാട്ടവുമെഴുന്ന ഹൃത്തിതു [9]
മദീയമെന്നവൾ തിരിച്ചറിഞ്ഞിടും,
മൃദുസ്മിതമെന്നാമുഖത്തുദിച്ചിടും!
മരിപ്പുഞാ, നോരോ മുറിവിലൂടേയും
സ്രവിച്ചുപോകയാം ജവമെൻ ചൈതന്യം.
നിനയ്ക്കിലെൻ കാലം കഴിച്ചു ഞാൻ, വരൂ
വൃകനികരമേ, കുടിക്കെൻ ചെന്നിണം.
അഭിമാനഭംഗ, മധീരതയിവ-
യ്ക്കിടപെടാ യുവാവിവൻ സ്വതന്ത്രനായ്
ചിരിച്ചുകൊണ്ടു ചെന്നണയാൻ പോകയാ-
ണമരവൃന്ദത്തിന്നിടയിൽ, സൂര്യനിൽ!

LE COEUR DE HIALMAAR

കുറിപ്പുകൾ

[1] ബലമെഴുമെതിരാളി തന്റെ വെട്ടിൽ
ത്തലയകലത്തു തെറിച്ചു പോയിയിട്ടും
ചിലരമരിലതൃപ്തരാകയാലോ
ചില,കണ,വേലിവ കൈവെടിഞ്ഞതില്ല.
സഹശയിത കൃപാണവല്ലിയെ സ്സ–
സ്പൃഹമസുവല്ലഭയെക്കണക്കുഗാഢം
ബൃഹദുരസി വലത്തുകയ്യിനാൽ ച്ചേർ–
ത്തഹഹ ചെരിഞ്ഞു കിടന്നിട്ടുന്നിതേകൻ

(വള്ളത്തോൾ — പള്ളിവിരുത്തിയിലെ പോർക്കളം)

[2] ചൊടിരദനിരയാൽക്കടിച്ചു വൻഭ്രൂ–
കുടിയൊട്ടു കണ്ണുതുറിച്ചെഴും മുഖത്താൽ
കൊടിയ മൃതിഭവിക്കിലും പരങ്കൽ
ച്ചൊടി വെളിവാക്കിടുവോർകളിബ്ഭടന്മാർ

(വള്ളത്തോൾ — പള്ളിവിരുത്തിയിലെ പോർക്കളം)

പരം തുറിച്ചുന്തിനഘോരദൃഷ്ടിയും
പരസ്പരം കോർത്തുകടിച്ച പല്ലുമായ്
പരസ്സഹസ്രം മുറിയേറ്റ ചോരയും
പുരണ്ടൊരക്കർബുകശീർഷമുൽക്കടം

(നാലപ്പാടൻ — സുലോചന)

[3] രക്തക്കളത്തിലിവിടെക്കഴുകുകൾ
കൊത്തിവലിക്കുന്നു ഞങ്ങൾ തന്നസ്ഥികൾ,
വട്ടമിട്ടാർത്തു പറക്കുന്നു, കൂർത്തൊരാ–
ക്കൊക്കും വിടർത്തിക്കൊട്ടും മലങ്കാക്കകൾ

(ചങ്ങമ്പുഴ — രണാങ്കണത്തിൽ)

[4] ഓരികൂട്ടുന്നു മേന്മേൽ നായ്ക്കളോ, ചെന്നായ്ക്കളോ
ദൂരെയാളുന്നു കത്തും ചിതയോ, കാട്ടിൽ തീയോ?

(വൈലോപ്പിള്ളി — സാവിത്രി)

[5] ഉഡുനിരകൾ നുറുങ്ങി വീഴുന്നു ഹാ
തരിതരിയായ്ത്തെറിക്കുന്നു വിണ്ടലം …
കടലിരച്ചിരച്ചേറ്റുന്നുകൊള്ളി മീ–
നിടറിയോടുന്നു വാനിലെല്ലാടവും

(ചങ്ങമ്പുഴ — ഇരുളിൽ)

[6] പ്രിയമാനസങ്ങളേ നിങ്ങളുപകാരം ചെയ്കവേണം
ദൂരെ ശ്യാമഭൂവിലൊന്നു പോയ്‌വരേണം

ചെന്നു കൊത്തിക്കൊണ്ടു പോരേണം
ഇന്നുമാർദ്രമാമെന്റെ വേരുകളെല്ലാം
(എൻ. എൻ. കക്കാട് – നിശാമുഖം)

കാളീ, കാളിമയാർന്നോളെ, യെൻ
കാമിനി നീയാണല്ലോ.
കരളു പറിച്ചൊരു പച്ചിലയിന്മേൽ
കാളീ, നിനക്കായ് നേദിക്കാം
(കടമ്മനിട്ട – കാട്ടാളൻ)

[7] ഉപ്സൽ = സ്വീഡനിലെ ഒരു നഗരം

[8] ഒരു ദൂതൻ വരും അവനു നിന്നോടു
പറയുവാനെന്റെ മരണവാർത്തയും
ശിശിര പത്രത്തിൽ പൊതിഞ്ഞുനല്കാനെൻ
ചിതയിൽ നിന്നവൻ ചികഞ്ഞെടുത്തൊരു
പ്രണയത്തിൻ ചാമ്പൽക്കുളിരും മാത്രമാം
(ബാലചന്ദ്രൻ ചുള്ളിക്കാട് – തേർവാഴ്ച)

[9] അടർത്തിനേനെൻ ഹൃദയം
ചുകന്നു ചുകന്നതാണെന്ന്–
ചുകന്ന കനിയോ?
ചൂടെഴും പച്ചമാംസമോ?
അറിയില്ലറിയില്ലിപ്പോൾ
(കടമ്മനിട്ട – മാമ്പൂക്കൾ)

അൽബത്രോസ്

ഷാർല് ബൊദെലേർ (1821–1867)

CHARLES BAUDELAIRE

ഫ്രഞ്ച് കവിതയിൽ സിമ്പോളിസത്തിന്റെ പ്രാരംഭം കുറിച്ചും പരമ്പരാഗത മൂല്യങ്ങളെ വെല്ലുവിളിച്ചും ‘തിന്മയുടെ പുഷ്പങ്ങൾ’ Les Fleurs du mal എന്ന ഒരൊറ്റ കവിതാസമാഹാരത്തിലൂടെ ഷാർലി ബൊദെലേർ വിവാദപുരുഷനും വിഖ്യാതനുമായിത്തീർന്നു. വേണ്ടുവോളം ദുഃഖാനുഭവങ്ങളുള്ള അദ്ദേഹം പ്രപഞ്ചനിഗൂഢതയുടെ പശ്ചാത്തലത്തിൽ മനുഷ്യന്റെ ദൈന്യതയാണ് മുഖ്യമായും പ്രപഞ്ചനം ചെയ്തിട്ടുള്ളത്. തന്നെ മനസ്സിലാക്കാൻ കഴിവില്ലാത്ത ജനക്കൂട്ടത്തിന്നിടയിൽ അപമാനിതനും പീഡിതനുമായിക്കഴിയുന്ന കവിയുടെ ദൈന്യത്തിന്റെ ഈ ചിത്രീകരണത്തിൽ ജനക്കൂട്ടത്തെ വെറുക്കുകയും ഏകാന്തതയെ പ്രേമിക്കുകയും ചെയ്ത, തന്റെ കഴിവിനു അർഹമായ അംഗീകാരം ലഭിക്കാതിരുന്ന, ബൊദെലേറുടെ ആത്മാംശം അടങ്ങിയിട്ടുണ്ട്.

കേവലം വിനോദാർത്ഥം
[1] ‘അൽബാത്രോസ്’ പറവയെ
നാവികർ പിടിക്കുന്നു
യാത്രയിൽ പലപ്പോഴും.
ഇപ്പെരുംനീർപക്ഷികൾ
ഉഗ്രഗർത്തങ്ങൾ താണ്ടും
കപ്പലെ പിൻപറ്റുന്ന
നിസ്സംഗസഹചരർ.
നാവികർ കപ്പൽത്തട്ടിൽ
വെയ്ക്കുമ്പോളേറ്റം നാണി–
ച്ചാവതില്ലാതെ തുലോം
കുഴങ്ങുന്നിക്കൂട്ടക്കാർ.
വിണ്ടലപ്പെരുമാക്കൾ
വിസ്തൃതവെൺപത്രങ്ങൾ
[2] തണ്ടുകൾ പോലേ തട്ടി–
ലിഴപ്പൂ ദയനീയം.
നാകവീഥിയിൽ പക്ഷം
വിടർത്തിച്ചരിച്ചവൻ
നൗകയിൽ വിലക്ഷണം
വീര്യമറ്റിരിക്കുന്നു;
ഒട്ടിടമുമ്പേ പേർത്തും
ചന്തമാർന്നവനിപ്പോൾ
എത്രമേലപഹാസ്യൻ

എത്രമേലസുന്ദരൻ!
എരിയുംപുകവലി–
പ്പൈപ്പൊരാൾ കൊക്കിൻ തുമ്പ–
ത്തുരസീട്ടവന്നേറ്റം
സഹ്യതകെടുത്തുന്നു;
ഉയരെപ്പറന്നവൻ
നൊണ്ടിയായ് ചമഞ്ഞപ്പോൾ
മുടന്തിക്കാട്ടിക്കളി–
യാക്കുകയാണിങ്ങന്യൻ. [3]

[4] മേഘമാർഗ്ഗത്തിന്നധി–
നാഥനായ്, കൊടുങ്കാറ്റിൻ
തോഴനായ്, നിർഭീകനാ–
മിവനെപ്പോലാം കവി:
വിണ്ണിൽനിന്നകറ്റപ്പെ–
ട്ടീ മണ്ണിൻ തടവിങ്കൽ
വ്യർത്ഥാരവാരങ്ങൾ തൻ
നടുവിൽ പെടുന്നേരം
പെരുത്തും പ്രബലമാം
തൻപെരും ചിറകുകൾ
തടസ്സമായ്ത്തീരുന്നു
നടന്നുനീങ്ങീടുവാൻ! [5]

L’ALBATROS

കുറിപ്പുകൾ

[1] Albatros = ചിറകിനു 4 മീറ്റർ വിസ്താരമുള്ള കൂറ്റൻ കടൽപക്ഷി

[2] ഇരുപതു തണ്ടുകൾ വെച്ചു മുറിക്കിയ
പൊരിയൊരു വഞ്ചികണക്കേ രാവണൻ

(കുഞ്ചൻ നമ്പ്യാർ — കാർത്തവീര്യാർജ്ജുനവിജയം)

[3] അറിയുന്നതാർ കടൽ കാക്കയെ? അതിൻ നീണ്ട
ചിറകിൻ വളവിനെ? അപ്പക്ഷിനരകണ–
ക്കമരും തിരകളെ, അവ പോയ്ത്തഴുകുന്ന
ചിരസുന്ദര നീലപ്രാലേയ സ്വപ്നങ്ങളെ

(എൻ. വി. കൃഷ്ണവാരിയർ — കടൽക്കാക്കയെ ആരറിയുന്നു.)

[4] അവ്യയനാമീശന്റെയാരാമരത്നം തന്നിൽ
അവ്യാജകുതൂഹലം പാടിസ്സഞ്ചരിക്കുന്ന
ദിവ്യകോകിലമേ ....

പൊന്നൊളി വിശിജ്ജ്വലിക്കുന്ന നക്ഷത്രങ്ങളാ–
മുന്നിദ്ര പുഷ്പങ്ങൾ തന്നിടയിൽ പറന്നെങ്ങും ...

… … … … …
അല്ലെങ്കിൽ ഖഗവര, രവിതാനല്ലോ ഭവാൻ
നല്ലചെങ്കതിർകളാം പൊൽത്തൂവൽ ചിറകുകൾ
മെല്ലവേ വീശി വിണ്ണിൽപ്പറന്നു ഭ്രൂമുഖത്തി–
ന്നല്ല പൂശിയ മഷി തുടയ്ക്കും തേജസ്സല്ലോ

(ആശാൻ — ടാഗോർ മംഗളം)

വാനത്തിൻ ദ്വിവ്യ തേജാനിരയുടെ നിഭൃതാ–
ത്യച്ചഗംഭീരസച്ചിത്.
ഗാനത്തിൻ മുഗ്ദ്ധമാധ്വീമധുരിമ മഹിയിൽ
പൗരുഷത്തിന്റെ നൃത്തം
ഊനംവിട്ടീ പ്രപഞ്ചക്കളിയിതുവിദമി–
സ്സാധുതീർത്ഥാടകൻ ക–
ണ്ടാനന്ദിച്ചേ പുലർന്നീടണ, മതിനു തെളി–
ഞ്ഞൊന്നു നേർന്നാവുലോകം

(കെ. കെ. രാജാ — നടക്കട്ടെ ഞാൻ)

ആകാശം സൂര്യതാരാനികരമൊട്ടുവിഴ–
ങ്ങുന്നൊരാകാശമുൾക്കൊ
ണ്ടേകാന്തധ്യാനമോലും മുനിയുടെയുടജോ–
പാന്തമാകന്ദമൊന്നിൽ
നീ കാത്തു ലോകരാഗാരുണ കരുണകഥാ–
പല്ലവം കൊത്തി നീട്ടി–
ക്കുകാനദ്ധ്യാത്മ കൗതുഹലസുരഭിലമാം
നിന്റെ കുഹൂനിനാദം

(വൈലോപ്പിള്ളി — കുമാരകോകിലം)

പാരും വിണ്ണും വിരുന്നുണ്ടതിരസമകമേ
പൂണ്ടു കുന്നോരു തുഞ്ചാൽ
താരും കായും വിടർത്തും തൊഴിലിൽ മുഴുകവേ
ചിന്തയൊന്നു വേറേ

(വൈലോപ്പിള്ളി — നാട്ടുതേന്മാവ്)

പറന്നു തത്തുമുത്തുംഗ
ചിന്താഗൃംഗ പരമ്പര

(ജി. — കെ. കെ. രാജാവിനു അഭിവാദനം)

[5] അങ്ങയെയിവർ മാനിക്കായ്വതേ തവമാനം
സംഗമോചിതമല്ല സാധുശീലർക്കിസ്ഥലം,
എത്രയും പ്രശാന്തമായ് സ്വതന്ത്ര സഞ്ചാരമായ്
വിസ്തീർണ്ണമാകും നഭോഭാഗമേ തവയോഗ്യം

(വള്ളത്തോൾ — കൃഷ്ണപ്പരുന്തിനോട്)

ഉൽഗമനം

ഷാർല് ബൊദെലേർ (1821–1867)

CHARLES BAUDELAIRE

പൊയ്കകൾ, താഴ്വാരങ്ങൾ
മലകൾ, കടലുകൾ
കാടുകൾ, കാർമേഘങ്ങ–
ളെന്നിവയെല്ലാം മീതെ
സൂരമണ്ഡലമതി–
ന്നപ്പുറത്താകാശങ്ങൾ
താരപംക്തികളിവയ്–
ക്കൊക്കെയുമുപരിയായ്
ചൊടിയിൽ ചിരിക്കുമെൻ
മനമേ, ജലാശയ–
പ്പരപ്പിൽ നീന്തിത്തുടി–
ച്ചീടുവാനെന്നോണം നീ
അപ്രമേയത തന്റെ–
യത്യഗാധതകളിൽ
ഊളിയിട്ടുവാച്ച്യോഗ്ര
നിർവൃതി നേടിടുന്നു! [1]
ഇങ്ങെഴും വിഷധൂമ–
സഞ്ചയം വെടിഞ്ഞെന്നും
പൊങ്ങുക മേൽവാനത്തിൽ
നീയാത്മ ശുദ്ധിക്കായി. [2]
പൂതമാമൊരു ദിവ്യ
മദ്യംപോൽ കുടിച്ചാലും
ആ ദ്യോവിൽ നിറഞ്ഞെഴും
നിർമ്മലപ്രകാശത്തെ!
മൂടലിലകപ്പെട്ടും
വാഴ്വിനെബ്ഭാരം വാച്ച
ജാഡ്യവും വ്യഥകളും
മേല്ക്കുമേൽ ഞെരുക്കവേ
വാരൊളി തിരളുന്ന
ശാന്തിതൻ കേദാരങ്ങൾ
വീറുറ്റ ചിറകിനാൽ
പൂകുവോൻ മഹാഭാഗൻ!
ചിന്തകൾ ചിറകാർന്നു, [3]

കാലത്തു വാനമ്പാടി–
വൃന്ദങ്ങൾ നഭസ്സിൽ പോൽ,
നിർബാധം പറക്കവേ
ജീവിതത്തിനും മീതെ
പ്പൊങ്ങിപ്പോയ് മഹോത്തുംഗ–
മേഖലയണഞ്ഞു കൊ–
ണ്ടതിനെസ്സമീക്ഷിപ്പോൻ,
മുഗ്ദ്ധമാം താരും മറ്റു
മൂകജാലവുമേലും
ചാരുഭാഷതൻ പൊരു–
ളോരുവാൻ മഹാഭാഗൻ.

L'ELEVATION

കുറിപ്പുകൾ

[1] ഇത്തരം ശുഭവിചാരങ്ങളാൽ ഞെരുങ്ങുന്ന
ഹൃത്തടം വിട്ടവന്റെ ചേതന പൊങ്ങീവേഗം
മർത്ത്യന്റെ മലിനമാമിന്ദ്രിയ മാനസങ്ങൾ
ക്കെത്താത്തൊരാനന്ദാനുഭൂതിയിൽ ചെന്നു നിന്നു

(ആശാൻ — ശ്രീബുദ്ധചരിതം)

നരന്റെ വീർപ്പിൻ കറ ചേർന്ന കാറ്റേ–
ല്ക്കാത്തത്ര ദൂരത്തു പറക്കകുഞ്ഞേ

(വള്ളത്തോൾ — വെടികൊണ്ട പക്ഷി)

പാരിൻ നിഴലുകൾ വിട്ടകന്നങ്ങനെ
പാർക്കുന്ന പൊത്തിനെ വിസ്മരിച്ചും
ഭാവന മന്ദം വിരുത്തിപ്പറക്കുന്നു
പാവനമേതോ നഭസ്ഥലത്തിൽ,
കേവനിർവൃതിതൻ നവലേപത്തെ–
ജ്ജീവനിൽപ്പൂശും നഭസ്ഥലത്തിൽ

(ജി. — സാന്ധ്യതാരം)

ആ ലസൽ പരാഗത്തിൻ കണങ്ങൾ പുരണ്ടെന്റെ
ലോലഭാവനയുടെ നിറമേ മാറിപ്പോയി.
ചിറകും നിവർന്നതു മൂളിക്കൊണ്ടുയരുന്നു
പിറകെ ചെല്ലാനാകാതെന്റെ വാക്കുഴറുമ്പോൾ.
മുകളിൽത്തിളങ്ങുമാ മുഗ്ദ്ധമഞ്ജരികളെ
മുകർന്നും മാധുര്യങ്ങൾ നുകർന്നും മദമാർന്നും
പറന്നും പലതിലുമിരുന്നും തന്നെത്തന്നെ
മറന്നും പ്രകാശത്തിൻ പൊടിയിലാറാടിയും,
തുംഗകൗതുകം പൊങ്ങിപ്പൊങ്ങിപ്പോയങ്ങാകാശ–

ഗംഗയാം നക്ഷത്രപ്പൂങ്കുലമേൽ മേവിടുന്നു
(ജി. — വിശ്വദർശനം)

മന്ദമെന്നാത്മാവതിനിർവൃതം മുങ്ങുന്നിതാ–
സാന്ദ്രശുഭതയുടെ സാത്വികപ്രകാശത്തിൽ
മച്ഛിരസ്സിലേയ്ക്കാരാൽ ചിന്നുന്നോ ജ്യോതിസ്സുകൾ,
നിർജ്ജിത പ്രകൃതി തന്നർച്ചനാമലരുകൾ
(ബാലാമണിയമ്മ — വിമാനത്തിൽ)

ചിന്തകൾ സൗരഭമെമ്പാടും വീശിയോ–
രന്തരീക്ഷത്തിലേയ്ക്കങ്ങുമിങ്ങും
പാടിപ്പറക്കെന്റെ ചിന്താവിഹംഗമേ
പാടിപ്പറക്കു നീ വീതശങ്കം
(ചങ്ങമ്പുഴ — നിഴലുകൾ)

വിണ്ണണിപ്പൂങ്കാവിലെത്തുന്നു നിത്യമെ–
ന്നുന്നതചിന്തതന്നുജ്ജ്വലവീർപ്പുകൾ
(പി. കുഞ്ഞിരാമൻ നായർ — നക്ഷത്രഭാഷ)

അകലേ നീലാകാശപ്പരപ്പിന്നങ്ങേപ്പുറ–
ത്തലയാൻ ദാഹിക്കുന്നിതസ്വസ്ഥം മമ ചിത്തം
(ഒളപ്പമണ്ണ — ഒരു ദിവസം)

എൻകരളാവേശത്താൽ ചിറകു വിരുത്താറു–
ണ്ടങ്ങൊരു തൊട്ടിൽപ്പാട്ടു പാടിക്കൊണ്ടണയുവാൻ.
അങ്ങനെ വെളിച്ചത്തിൽ നീന്തുവാൻ കുതിപ്പു ഞാ–
നിങ്ങഴിക്കൂട്ടിനുള്ളിലാണെന്നതോർത്തീടാതെ
(ഒളപ്പമണ്ണ — കിളിക്കൂട്ടിൽ)

Higher and higher shall thy thoughts aspire
Unto the stars of heaven
(Robert Bridges — Grid on thy sword)

[2] പാരിടം തന്നിൽ പരക്കുന്ന ദുർവിഷ–
പൂരമാം വായുവിൽ വീർപ്പുമുട്ടി
(ഇടപ്പള്ളി — നിരാശ)

[3] പൊന്താനുഴറുന്നു കാൽനില്ക്കുന്നില്ലെന്റെ
ചിന്തേ, ചിറകുകൾ തന്നിടണേ
(ആശാൻ — ദുരവസ്ഥ)

എന്തിലും മീതെയാമങ്ങോട്ടുയരുവാൻ
ചിന്തകൾക്കൊക്കെച്ചിറകുവേണം
(ചങ്ങമ്പുഴ — സൗന്ദര്യപൂജ)

വിണ്ണിൽ ച്ചിറകാർന്ന ചിന്തയ്ക്കു ചിന്മധു
ചിന്നുന്ന മുന്തിരിത്തോട്ടമായ്ത്തോന്നിടാം

പി. കുഞ്ഞിരാമൻ നായർ–നക്ഷത്രഭാഷ
കൊടുത്തിടാം ഞാനെൻ സർവസ്വം
ഗായക, നിന്നുടെ ഗളനാളി, ക്കെ–
ന്നടുത്തുവന്നൊരു കുറി പാടാമോ
ചേതനകൾക്കൊരു ചിറകേകാമോ

(ഇടശ്ശേരി — മിണ്ടാപ്രാണികൾ)

[4] അഴകാർന്നർക്കനോടു മൗനഭാഷയിൽ നന്ദി
മൊഴിയും പോലുൾത്തിങ്ങും സൗരഭം തൂവുന്നതേ

(ആശാൻ — ശ്രീബുദ്ധചരിതം)

പൂവിന്റെ വിരിയലിൽ, ഭ്രൂവിന്റെ തിരിയലിൽ
താവിടുമനാഹത ശബ്ദവും കേൾക്കാകുന്നു.

(കടവനാട് കുട്ടികൃഷ്ണൻ — നാദനൈവേദ്യം)

ശത്രു

ഷാർല് ബൊദെലേർ (1821–1867)

CHARLES BAUDELAIRE

കുത്തഴിഞ്ഞ തന്റെ പഴയ ജീവിതത്തെ അനുസ്മരിക്കുകയാണ് ബൊദെലേർ. ഇക്കാലത്താണ് അദ്ദേഹത്തിൽ മാറാവ്യാധിയായി നിന്ന മരണകാരിയായി ത്തീർന്ന സിഫിലിസ് പിടിപെട്ടത്.

ഇരുൾ പരത്തുന്ന പേമാരിയൊന്നിച്ചു–
ള്ളൊരു കൊടുങ്കാറ്റു മാത്രമെൻ യൗവനം [1]
ഒളിചിതറുന്ന വെയിലേറുകൊള്ളുവാ–
നിടയതിന്നു കുറച്ചേ ലഭിച്ചുള്ളൂ.
ഇടിയും മാരിയും കൂടി വരുത്തിയ
കെടുതിയാകട്ടെയേറെക്കടുത്തതാം:
തുടുതുടുത്തു തിളങ്ങും ഫലങ്ങളെൻ
തൊടിയിൽ ദുർല്ലഭമായേ വിളഞ്ഞുള്ളൂ! [2]
പറകിലോ, മദീയാശയശേഷി ത–
ന്നിലകൊഴിച്ചൽ തുടങ്ങിക്കഴിഞ്ഞുതേ. [3]
പെരുമഴയേറ്റു താറുമാറായെഴും
തറയിതൊന്നു ശരിപ്പെടുത്തീടുവാൻ
പണി പെരുത്തുണ്ടു തുമ്പയാൽ, പല്ലിയാൽ:
കുഴികളുണ്ടു ശവക്കുഴി പോലവേ. [4]
ഒരു മണൽപ്പുറമെന്നപോൽ ക്ഷാളിത
നിലയിലുള്ളതാമിന്നിലം നല്കുമോ
മമ നവീനസങ്കല്പമലരുകൾ–
ക്കുയിരിയറ്റേണ്ടുമദ്ദിവ്യജീവനം? [5]
[6] അഹഹ, വേദന, വേദന! കാലമീ
മനുജവാഴ്വിനെത്തിന്നു കഴികയാം; [7]
ഒളിവിലിശ്ശത്രു നമ്മുടെ ഹൃത്തുകാർ–
ന്നുതിരം പാനം ചെയ്തുക്കിൽ വളരുന്നു! [8]

L'ennemi

കുറിപ്പുകൾ

[1] ഹാ മന്മനസ്സിൽ തടുത്താൽ നിലയ്ക്കാത്ത
കാമവികാരത്തിരത്തള്ളൽ കാരണം

മത്സഖേ, വേശ്യാലയങ്ങളിൽ പോക്കി ഞാ–
നുത്സവദായകമായൊരെൻ യൗവനം

(ചങ്ങമ്പുഴ — കുറ്റസമ്മതം)

മൃഗത്തിലധികം മദിച്ച മലിനോത്സവങ്ങൾ ഞാൻ തേടി

(ചങ്ങമ്പുഴ — രാഗപരാഗം)

മൃതകല്പനിവൻ മൃതസദ്വിഭവൻ
മൃഗതൃഷ്ണകളിൽ ക്കൊതിപൂണ്ടുഴറി
മദസങ്കലിതം ചപലം ചരിതം
ഹൃദയം വിവിധ ഭ്രമസഞ്ചലിതം

(ചങ്ങമ്പുഴ — കാമുകന്റെ സ്വപ്നങ്ങൾ)

മാന്യതതൻ പരിവേഷമിയന്നൊരുടുപ്പും
ഷൂസും പോക്കറ്റിൽ കുറേ
നാണ്യവുമായി നടന്നേൻ പെണ്ണുങ്ങൾക്കു
നറും തേനായ്ത്തീർന്നേൻ

(എം. എൻ. പാലൂര് — പാലൂരിന്റെ പാട്ട്)

[2] അറിവിന്റെ വിളവൊന്നും പാകമായീ–
ലരിയുവാൻ കാലമടുത്തില്ല;
കരളിന്റെ കണ്ടം വരണ്ടു വിണ്ടു,
കരുണയുടെ കുളിരമൃതാണിന്നുവേണ്ടൂ

(കെ. കെ. രാജാ — വരണ്ടകണ്ടം)

ആവിയും ചൂടും പുകഞ്ഞു പാഴ്മങ്ങലി–
ലാമഗ്നമായൊരിക്കൽപറമ്പിൽ
... ...
എന്തിന്നു പൂവുകൾ? എന്റെയീത്തോട്ടത്തിൽ
പ്പൊന്തിപ്പടരുവിൻ മുള്ളുകളേ

(എൻ. വി. കൃഷ്ണവാരിയർ — മുള്ളുകൾ)

[3] കവർന്നുപോയീകാലം കായത്തിൻ കെല്പുമെന്ന–
ല്ലിവന്റെ മനോബലം ബുദ്ധിശക്തിയുമെല്ലാം

(ആശാൻ — ശ്രീബുദ്ധചരിതം)

[4] അലമാരയിൽ ആരുടേയോ അസ്ഥികൂടം
ശവക്കച്ചപോലെ തൂങ്ങുന്ന കൊതുകുവല

(ബാലചന്ദ്രൻ ചുള്ളിക്കാട് — ഒരു ദിനാന്ത്യക്കുറിപ്പ്)

[5] ഈ മണൽത്തിട്ടിൽ പ്രതീക്ഷിപ്പതെങ്ങിനെ
കാമം വിരിയുന്ന കർമ്മഫലങ്ങളെ?

(ഇടശ്ശേരി — സർവോദയമേളയിൽ)

എത്രയോ വർഷം പ്രയത്നിച്ച ഞാനെന്റെ
ചിത്തം വെറും മരുഭൂമിയാക്കി.
ഇല്ലതിലൻപുപൊഴിക്കുന്ന മേഘങ്ങൾ,

ഇല്ലതിൽ മഞ്ഞിന്റെ യശ്രുപാതം
ഇല്ലതിൽ സൂര്യോദയാസ്തമയങ്ങളും
ഇല്ല ഋതുചക്രചംക്രമവും
(എൻ. വി. കൃഷ്ണവാരിയർ — മുള്ളുകൾ)

മുകുളമുളവാവുകിലുമലരു വിരിയുന്നില
മൂലമുണങ്ങിയതാണുള്ള വള്ളികൾ
(ടാഗോർ — ഗീതാഞ്ജലി (ജി.))

[6] വേദന, വേദന, ലഹരി പിടിക്കും
വേദന, ഞാനതിൽ മുഴുകട്ടെ
(ചങ്ങമ്പുഴ — മനസ്വിനി)

[7] ആയുർ നശ്യതി പശ്യതാം പ്രതിദിനം
യാതിക്ഷയം യൗവനം
പ്രത്യായാന്തി ഗതാ: പുനർന ദിവസാ:
കലോജഗദ്ഭക്ഷക:
(ശങ്കരാചാര്യർ — ശിവാപരാധക്ഷമാപണസ്തോത്രം)

ചോരയിമ്മെയ്യിൽനിന്നു മെല്ലെ മെല്ലവേ ജീവ–
ചോരനാം കാലമിപ്പോൾ കുടിച്ചു വറ്റിക്കയാൽ
(ആശാൻ — ശ്രീബുദ്ധചരിതം)

കഷ്ടമഹോ നരമാംസക്കട്ട കടന്നെത്രതിന്നു ഗൃദ്ധ്റം നീ
നിഷ്ഠുര, നിൻ മിഴിയിലകപ്പെട്ട പദാർത്ഥം നശിച്ചിട്ടുന്നല്ലോ
(കെ. കെ. രാജാ — കാലത്തിനോട്)

ആവർത്തനത്തിനുമാവാതെ കാലമാം
ആവർത്തമയ്യോ വിഴുങ്ങുന്നു സർവ്വവും
(ചങ്ങമ്പുഴ — വൃത്തം)

മരുന്നു രോഗം തിന്നുന്നു
മരണം ജീവിതം തിന്നുന്നു
(ഡി. വിനയചന്ദ്രൻ — നാടകീയം)

[8] പാവനമെൻ ഹൃദ്രക്തം കുടിച്ചുതടിച്ചിട്ടോ
ഭാവിച്ചു സഹതാപമെന്നിൽ നീ ഭയാനകേ
(ചങ്ങമ്പുഴ — രക്തദാഹം)

ഭുവിൻ നട്ടെ–
ല്ലറിയാളുരിക്കട–
ഞ്ഞെണ്ണയിട്ടൊരു വാളായ്
വായുവിലുയർത്തിയും
കാലത്തിൻ കഴുത്തറു–
ത്തുതിരം കോരിക്കുടി–
ച്ചൊഴുകും നാക്കും നീട്ടി–
നക്കിയാ മുടി ചുറ്റി–

ത്തുക്കിയും മുന്നിൽച്ചതുർ–
ബ്ബാഹുവായ് നില്പുകരിം–
കാളി!

(കെ. വി. രാമകൃഷ്ണൻ — കാളിഘട്ട്)

Poor soul, the centre of my sinful earth
… … … … …
So shalt thou feed on death, that feeds on men,
And death once dead, there's no more dying then

(Shakespeare — Poor Soul …)

പെരും കപ്പിത്താൻ

ഷാർല് ബൊദെലേർ (1821–1867)

CHARLES BAUDELAIRE

മരണമേ, എന്റെ പെരും കപ്പിത്താനേ,
എടുക്കാം നങ്കൂരം, സമയമായ് പോകാൻ. [1]
മടുത്തുപോയിന്നാ, ടിനിപ്പുറപ്പെടാം
മരണമേ, എന്റെ പെരും കപ്പിത്താനേ!
കരിമഷിപോലെ നഭസ്സുമാഴിയും
ഇരുണ്ടിരിപ്പതു പരിഗണിക്കേണ്ടാ. [2]
നിണയ്ക്കു നന്നയിട്ടറിയും ഞങ്ങൾതൻ
ഹൃദന്തമാകവേ പ്രകാശപൂരിതം.
ഒഴിക്കു ഞങ്ങൾക്കായ് ത്വദീയകാകോളം
തരട്ടതു പുത്തൻകരുത്തു ഞങ്ങൾക്കു. [3]
അതിഗഹനമിപ്പെരുങ്കുഴിയാഴാൻ
അകമുഴറുവോരഖിലരും ഞങ്ങൾ.
അണയൽ നാകമോ നരകമോ ആട്ടെ [4]
അതപ്രധാനമാം തികച്ചും ഞങ്ങൾക്കു.
എവിടെയാകിലുമകലെ, 'അജ്ഞാത–
മതിന്നടിയിലെപ്പുതുമ കാണണം!' [5]
മരണമേ, എന്റെ പെരുംകപ്പിത്താനേ,
എടുക്കാം നങ്കൂരം സമയമായ് പോകാൻ!

O MORT VIEUX CAPLTAINE

കുറിപ്പുകൾ

[1] ഞാൻ പോകുന്നു, അസ്ത്രം അതിന്റെ ലക്ഷ്യത്തിലേക്ക്
ചോദ്യം അതിന്റെ ഉത്തരത്തിലേക്ക്
ഇല അതിന്റെ വൃക്ഷത്തിലേക്ക്
പോകുന്നതുപോലെ ഞാൻ പോകുന്നു
മത്സ്യം അതിന്റെ സമുദ്രത്തിലേക്ക്
പോകുന്നതുപോലെ ഞാൻ പോകുന്നു
കാലമാകുന്നു, ഞാൻ പോകുന്നു

(സച്ചിദാനന്ദൻ — സത്യവാങ്മൂലം)

തോണിയെത്തിപ്പോയെന്റെ യാത്രയ്ക്കു ഞാനിത്തോപ്പിൻ

കോണിലിത്തിരിനേരം സ്വപ്നം കണ്ടിരുന്നുപോയ്

(വൈലോപ്പിള്ളി — തെങ്ങിൻതോപ്പിൽ)

അലിവേറിനമൃത്യ നിദ്രതൻ
വലിയേട്ടൻ, പ്രിയകാവ്യമൊന്നു ഞാൻ
നുകരുമ്പോൾ, നിഗൂഢമെത്തിയെൻ
മിഴിപൊത്തീടുകിലാം—കൊതിപ്പുഞാൻ

(വൈലോപ്പിള്ളി — ഇതുപോലെ)

[2] വെളിയിലൊക്കെയുമന്ധകാരാവൃതം
തെളിവതില്ലൊരു വെള്ളി നക്ഷത്രവും
കദനചിന്തകൾ തിങ്ങും മനസ്സുപോൽ
കരിമുകിലാലിരുണ്ടു നഭസ്ഥലം
ഭദയമാണീ നിശീഥമെന്നാകിലും …

(ചങ്ങമ്പുഴ — പ്രാണനാഥൻ)

[3] മരണമേ നിൻ സമാഗമനോത്സവ—
മഹിതരംഗവും കാത്തുകാത്തക്ഷമം
മരുവിയിട്ടെത്ര നാളുകളായി ഞാൻ
മമ വിജന മനോഹരമേടയിൽ …
നിരഘനിർവാണ പീയുഷനിർഝരം
നിയതമെന്നിൽ തളിക്കുന്ന നിൻകരം…

(ചങ്ങമ്പുഴ — പ്രാണനാഥൻ)

[4] ഇരുളായാലുമതൊളിയായാലുമി—
ങ്ങരുളീടുമെന്നിലുണർവിനെ

(പി. കുഞ്ഞിരാമൻ നായർ — ഹൃദയം)

കുടിവെച്ചതിൻ ശേഷം ജന്മഗേഹത്തെക്കാണാ—
നിടയാർക്കുമേകുന്നീലുഗ്രശാസനനെന്നോ?
ഹാ തിരിച്ചവിടെ നിന്നാഗമിക്കുന്നില്ലാരു—
മോതിടാൻ—അന്തഃപുരം നാകമോ നരകമോ?

(ജി. — എന്റെ വേളി)

വരുമന്തിയിലന്ധകാരമാ—
മൊരു പക്ഷെക്കുളിർവെണ്ണിലാവുമാം…
പരവിശ്രമ ദേശമില്ലയോ
നരനങ്ങോട്ടു കുതിക്കിലെത്തുവാൻ?

(കെ. കെ. രാജാ — അപ്പുറത്തേയ്ക്ക്)

പറ്റില്ലിന്നുമുതല്ക്കിന്നു സമയം പോക്കീടുകിൽ
മുറ്റം തൈജസലോകമെത്തിടുകയില്ലങ്ങെത്തുവാൻ കൗതുകം

(കെ. കെ. രാജാ — എന്റെ കൗതുകം)

[5] അജ്ഞാതം, അജ്ഞാതം—അയ്യോ ജഗത്തിതി—
നുത്തരമെന്നിനിച്ചൊല്ലുമാവോ

(ചങ്ങമ്പുഴ — പരാജയം)

പ്രീതയാം മൃതേ, നിന്റെ നാട്ടിലെക്കടൽവക്കിൽ
സ്വാതന്ത്ര്യസ്സുഖക്കാറ്റേറ്റൊന്നു ഞാനുലാത്തട്ടെ
(പി. കുഞ്ഞിരാമൻ നായർ — തൂക്കുമരത്തിൽ)

പൊട്ടിയ പൂപ്പാത്രം

സ്യൂല്ലി പ്ര്യുദോമ്മ് (1839–1907)

SULLY PRUDHOMME

[കവിതയ്ക്കുള്ള നൊബേൽ സമ്മാനം (1091-ൽ) ഒന്നാമതായി നേടിയ സ്യൂല്ലി പ്ര്യുദോമ്മ് ആധുനികതയുടെ വളർച്ചയിൽ മനുഷ്യൻ നേരിടുന്ന ആഭ്യന്തരപ്രശ്നങ്ങളാണ് സ്വന്തം കവിതയ്ക്കു വിഷയമാക്കിയിട്ടുള്ളത്. സാങ്കേതികാർത്ഥത്തിൽ തികഞ്ഞ സിമ്പോളിസ്റ്റല്ലെങ്കിലും പ്രതീകാത്മകതയും തത്വചിന്താപരതയും അദ്ദേഹത്തിന്റെ കവിതയുടെ മുഖമുദ്രകളാണ്.]

അരുമയായൊരു ‘വെർവേൻ’ലതികയീ [1]
സ്ഫടികപാത്രത്തിൽ വാടിനശിക്കയാം;
ഉടവു പറ്റിയിരുന്നു കുടത്തിനു
വിശറിയൊന്നു പതുക്കെപ്പതിക്കയാൽ. [2]
ഒരു ലഘുക്ഷതം; പക്ഷെപ്പളുങ്കിനെ
ക്കരളുകയായിരുന്നതു നാൾക്കുനാൾ;
പരമദൃശ്യമായ്, തിട്ടമായ് മുന്നേറി
മുഴുമുറിവായതു തീർന്നു മെല്ലവേ.
കുളുർജലം തുള്ളി തുള്ളിയായ് വാർന്നവാ–
റരുമലരുകൾ വാടിക്കൊഴികയായ്;
ചെറുതുപോലുമേ സംശയമില്ലിനി,
തൊടരുതാരും, തകർന്നതാണിക്കുടം! [3]
പ്രിയമെഴുന്ന കൈതന്നെ കരളിനു
മുറിവിയറ്റുന്നു പയ്യെ പ്പലപ്പൊഴും; [4]
സ്വയമതിനാൽക്കരൾ പിളരുന്നു, തൽ–
പ്രണയപുഷ്പം കരിഞ്ഞടിഞ്ഞീടുന്നു. [5]
വെളിയിലാരുമറിയാതെ നേർത്തൊരീ
മുറിവനുവേലമാണ്ടിറങ്ങീടവേ
നിഭൃതമായതു തേങ്ങിക്കരയുന്നു, [6]
തൊടരുതാരും തകർന്നതാണിക്കരൾ!

LE VASE BRISE

കുറിപ്പുകൾ

[1] വെർവേൻ (VERVEINE) പൂപ്പാത്രത്തിൽ വളർത്തുന്ന ഒരലങ്കാരച്ചെടി

[2] പുഷ്ടശക്തി വഹിക്കുമിപ്പളുങ്കുപാത്രം വിരലാൽ
തട്ടിയാൽമതി തവിടുപൊടിയാമല്ലോ

(ആശാൻ — കരുണ)

പളുങ്കിൻ കുടം പോലതീതാനുഭൂതി–
പ്രപഞ്ചം തകർന്നും മിനുങ്ങുന്നു പക്ഷെ

(ബാലാമണിയമ്മ — മറക്കു, മറക്കു)

കണ്ണീർക്കണങ്ങൾ തുളുമ്പിനിൽക്കും
സുന്ദരമാമിപ്പളുങ്കുപാത്രം

(ഇടപ്പള്ളി — അർത്ഥന)

[3] എങ്കിലും സന്തപ്ത ചിത്തമുൾക്കൊള്ളുന്ന
സുന്ദരസ്പാടികപാത്രമുടഞ്ഞുപോയ്

(പി. കുഞ്ഞിരാമൻ നായർ — സൗന്ദര്യദേവത)

[4] മൃദുവായ്ത്തലോടിയ കൈകളായാലെന്തേ
മിതമാമൊരുന്തലുമുഗ്രയാതനയാവാൻ

(ബാലാമണിയമ്മ — രണ്ടു കുട്ടികൾ)

[5] ഒരു കീറൽ ഭിത്തിയെ മറിപ്പതുപോൽ

(ഉള്ളൂർ — ഉമാകേരളം)

[6] അതു = കരൾ
കരളിൻ കണ്ണീ, രെന്നാൽ കാണില്ലലോകം–പക്ഷെ
കരളും നിഗൂഢമായ് ജീവനെയെന്തു നിത്യം

(ചങ്ങമ്പുഴ — കണ്ണുനീർ)

വിണ്ടു പിളർന്നു കരൾ, വാർന്ന ഹൃദ്രക്ത–
ബിന്ദു മിഴിയിൽ തുളുമ്പി, കണ്ടില്ല നീ

(ഒ. വി. ഉഷ — ദീപം)

It is the little rift within the lute,
That, by and by, will make the music mute
And even widening slowly silence all

(Tennyson — In love, if love be love if love be ours)

തടവുകാരൻ

സ്യൂല്ലി പ്ര്യുദോമ്മ് (1839–1907)

SULLY PRUDHOMME

ആശിച്ചേൻ പ്രപഞ്ചത്തെ–
യാകവേ സ്നേഹിപ്പാനായ്
ആവിലകപ്പെട്ടുക താൻ
ഫലമെൻ നിർഭാഗ്യത്താൽ!
പതിവായകം നീറ്റും
ദുഃഖങ്ങൾതൻ ഹേതുക്കൾ
നിതരാം പെരുകുവാ–
നിടയാക്കിനേനീ ഞാൻ: [1]
തൊട്ടെന്നാൽ നോവും ലോല–
തന്തുക്കളസംഖ്യമെൻ
ഹൃത്തിങ്കൽനിന്നും നീളു–
ന്നിച്ചരാചരങ്ങളിൽ. [2]
സർവ്വവുമൊരേ നേര–
ത്തെന്മനം കവരുന്നു,
സർവവുമൊരേമട്ടിൽ
ചാരുതയാർന്നീടുന്നു.
എന്നെയാകർഷിക്കുന്നു
തൻതിളക്കത്താൽ സത്യം, [3]
അജ്ഞേയം തദീയമാം
ആവരണത്താലുമേ.
തിളങ്ങും പൊൻനൂലിനാൽ
സൂര്യനെബ്ബന്ധിപ്പിതെൻ
ഹൃദയം, മൃദുപ്പട്ടു–
നൂൽകളാൽ താരങ്ങളെ! [4]
പേലവബന്ധങ്ങളിൽ
ഞാലുന്നുമജ്ജീവിതം.
പ്രേമഭാജനങ്ങൾതൻ
തടവിൽ പാർക്കുന്നു ഞാൻ.
തെന്നലാലിത്തന്തുക്കൾ
എങ്ങാനുമനങ്ങിയാൽ
തോന്നുമെന്നാത്മാവിൽ ത്തെ–
ല്ലൂർന്നുപോവതുപോലെ! [5]

LES CHANES

കുറിപ്പുകൾ

[1] സ്ഥിരമാത്മനിബന്ധനം സുഖം
പരതന്ത്രം സുഖമൊക്കെ ദുഃഖമാം
(ആശാൻ — നളിനി)

[2] കുറ്റികളപ്പപ്പോൾ മാറ്റിയങ്ങെന്നെ
ക്കെട്ടുമദൃശ്യമാംപാശച്ചാർത്താൽ
ഇബ്ഭുവിൻ മണ്ഡലം വീശപ്പെടുന്നതിൻ
നൽപ്പകർപ്പാകുമിച്ചക്രവാളം
എന്നെപ്പുണരുവാൻ നേരവും കാത്തുകൊ–
ണ്ടന്യൂനശ്രദ്ധമൊതുങ്ങി നില്പൂ
(നാലപ്പാടൻ — ചക്രവാളം)

അജ്ഞാത ലോകാണുക്കൾ തീർത്തതാം പൂംകറയാൽ തൻ–
പ്രജ്ഞയെബ്ബന്ധിച്ചെഴും സ്നേഹങ്ങളാരമ്യങ്ങൾ
(ബാലാമണിയമ്മ — വഴികാട്ടാൻ)

ഉന്നതോദയശൈലച്ചെരുവിങ്കൽ
നിന്നു ഞാലുന്ന ബാലാർക്ക രശ്മികൾ
എന്നെ നിൻകഴൽത്താരോടു ബന്ധിക്കും
പൊന്നുചങ്ങലയായി ത്തിളങ്ങുമ്പോൾ
(ബാലാമണിയമ്മ — ദുഃഖത്തിന്റെ നിഴൽ)

വരിക മക്കളേ, പറിച്ചെറിയുവിൻ
വിരിഞ്ഞു നോവിക്കും മമതാപാശങ്ങൾ
പരതതന്ത്രർക്കാമോ പരചിദ്രൂപമാ–
പ്രപഞ്ചത്തെയതിൻതനിമയിൽ കാണാൻ
(ബാലാമണിയമ്മ — നിഷ്ക്രമണം)

പ്രേമത്താൽ ഭവാനോടു, ലോക ബന്ധോ, നീ, ലോക–
സ്തോമത്തെ ബന്ധിക്കുന്നു ......
(ജി. — മേഘഗീതം)

നിന്നെ മമത്വച്ചരടുമുറുക്കി ഞാൻ
നന്നെ നേവിക്കയാണെങ്കിൽ ക്ഷമിക്കുക
(ജി. — ഓമന)

മാറി മാറി വലിക്കയാണനാരതം പരശ്ശതം
മായിക ബന്ധങ്ങളുടെ കാന്തസൂചികൾ
(ചങ്ങമ്പുഴ — മദിരോത്സവം)

ഏറ്റമകന്നു നിലകൊള്ളുമെന്നെയും

കെട്ടിയിടുന്നിതദൃശ്യപാശത്തിനാൽ
(പി. കുഞ്ഞിരാമൻ നായർ — ഉദ്യാനപാലകൻ)

ശരി,യെന്തിനു പിന്നെ യീമണ്ണിൽ മമത്വത്തിൻ
ചരടാൽ കൂട്ടിക്കെട്ടി ഞങ്ങളെ നോവിച്ചു നീ
(ഇടശ്ശേരി — പൂജാപുഷ്പം)

നിർമ്മലസ്നേഹത്തിന്റെ പേലവ മണം വിങ്ങു–
മമ്മലർമാല്യങ്ങളാൽ ബന്ധിച്ചാളവളെന്നെ
(വൈലോപ്പിള്ളി — സാവിത്രി)

ശൃംഖലയറിയാത്ത സഖിതൻ കാലിൽ പ്രേമ–
ച്ചങ്ങല ബന്ധിച്ചുവോ ചഞ്ചലൽത്തുമ്പിക്കയ്യാൽ
(വൈലോപ്പിള്ളി — സഹ്യന്റെ മകൻ)

തങ്ങളിൽക്കൈകോർത്തു വിശ്വൈകസൗഹൃദ–
ച്ചങ്ങലക്കണ്ണി ചമയ്ക്ക നമ്മൾ
(വൈലോപ്പിള്ളി — ഹസ്തദാനം)

[3] നേരിനെക്കമനീയമാകയാൽ പൂജിപ്പൂ ഞാൻ
നേരെന്നു വൈരൂപ്യത്തോടില്ലെനിക്കനുഭാവം
(ഇടശ്ശേരി — സത്യവും സൗന്ദര്യവും)

[4] മുറ്റം മൃദുലമാം പൂങ്കുരൾ നൂറ്റൊരു
പട്ടു നൂലെങ്കിലോ പറ്റം
(ഇടശ്ശേരി — മലയാളി)

മുഗ്ദ്ധകോമളമാം നിൻ പ്രേമതന്തുവേക്കാളും
ശക്തി പൂണ്ടുപോയ് ലേകസ്നേഹമാം മണിത്തുടൽ
(എം. പി. അപ്പൻ — ഒരു കത്ത്)

നമ്മളെ ദർഭപ്പുല്ലിൻ നാമ്പിനാൽ കൂട്ടിക്കെട്ടി
നമ്മുടെ ഹൃദയത്തിൻ നാരുണ്ടാദർഭപ്പുല്ലിൽ
(ഒളപ്പമണ്ണ — ഇണർന്ന കണ്ണുകൾ)

ആയിരം മൃദുസ്നേഹലോലനൂലുകൾ കൊണ്ടു
മായികപ്രഞ്ചമൊന്നൊരുക്കിയതിൻമധ്യേ
(അയ്യപ്പപ്പണിക്കർ — ആരതി)

ഞാൻ നടുങ്ങുന്നേനെന്റെ സൗഹൃദച്ചരടിന്മേൽ
ഞാന്നു നില്പവനാരു യൂദാസോ, പിലാത്തോസോ
(എസ്. രമേശൻ നായർ — ക്രിസ്തുമസ്സ് കാറ്റ്)

എൻ കരളാകും കാർപ്പാസത്തെ
താരനൂലായ് മാറ്റി ഞാൻ
അബ്ബിസതന്തുവിലീ ലോകത്തെ–
ച്ചുറ്റിവലിക്കാൻ വെമ്പീ ഞാൻ
(പുതുശ്ശേരി രാമചന്ദ്രൻ — പുതിയകൊല്ലനും പുതിയൊരാലയും)

തിളങ്ങും വഴിയൂടേ നീങ്ങുന്ന ചരാചര–
പ്രകൃതി എന്നാത്മാവിൽ സർവ്വവും സമാശ്ലിഷ്ടം

(വിഷ്ണുനാരായണൻ നമ്പൂതിരി — സാക്ഷാൽക്കാരം (ശ്രീ അരവിന്ദന്റെ കവിത))

തവ ബഹുപാശത്തിൻ ബ്ബന്ധനമാശിപ്പൂ ഞാ–
നവശേഷിച്ചീടട്ടേ നിന്റെയാബ്ബന്ധം മാത്രം

(ടാഗോർ — ഗീതാഞ്ജലി (ജി.))

[5] ചേലെഴും തദ്ദീപ്തിയിലെന്നുയിർനറുങ്ങുകൾ
പോലെ കാണുന്നേൻ ചുറ്റുമിച്ചരാചരങ്ങളെ

(ബാലാമണിയമ്മ — വിരിയാത്ത ഹൃദയം)

ഏറെക്കൊതിച്ചു വരമ്പത്തു ഞാൻ നട്ടൊ–
രേഴിലാം പാലയും പൂത്തു
പച്ചനെല്ലോലകൾ ചാച്ചുലച്ചങ്ങനെ
പിച്ചവെച്ചെത്തുന്ന കാറ്റേ
… … … … …
ചേതമുണ്ടിപ്പാലക്കൊമ്പുലഞ്ഞാലെന്നു
നീ തന്നെ ചെന്നുപറയൂ

(ചങ്ങമ്പുഴ — ഹേമചന്ദ്രിക)

എന്നാലും പൂങ്കുലവാടിക്കൊഴിയുമ്പോൾ
മിന്നലെന്നേയ്ക്കും പൊലിഞ്ഞിടുമ്പോൾ
മഞ്ഞു നീർത്തുള്ളികൾ മിന്നി മറയുമ്പോൾ
മഞ്ജുളമാരിവിൽ മാഞ്ഞിടുമ്പോൾ
മന്ദഹസിതങ്ങൾ മുങ്ങുമ്പോൾ–എന്നാലു–
മെൻമനമൊന്നു തുടിച്ചുപോകും.
കേവലം ഞാനറിഞ്ഞീടാതെ തന്നെയെൻ
ജീവനൊന്നയ്യോ കരഞ്ഞു പോകും.

(ചങ്ങമ്പുഴ — സ്വപ്നം)

ഒരു പുഷ്പം വാടിക്കൊഴിഞ്ഞിടുമ്പോ–
ളൊരു നെടുവീർപ്പെന്നിലങ്കുരിപ്പൂ

(ചങ്ങമ്പുഴ — മാപ്പ്)

എന്തോ വലിയതായുള്ളൊരു ചാർച്ചയൊ–
ന്നുണ്ടിന്നെനിയ്ക്കുമപ്പുൽക്കൊടി ചാർത്തിനും
വാടിടുമെൻ കരൾക്കുമ്പിൻ തലപ്പുമാ–
വാരിളം പുല്ലിന്റെ മേനി ചതയുകിൽ

(പി. കുഞ്ഞിരാമൻ നായർ — എന്റെ ശൈശവം)

കണ്ണുകൾ

സ്യൃല്ലി പ്ര്യൃദോമ്മ് (1839–1907)

SULLY PRUDHOMME

ജീവന്റെ പ്രതീകമത്രെ കണ്ണ്. ഈ പ്രതീകത്തിലൂടെ ക്രൈസ്തവ വിശ്വാസത്തിന്റെ അവിഭാജ്യഘടകമായ ആത്മാവിന്റെ അനശ്വരതയിലേയ്ക്കും മരണാനന്തരജീവിതത്തിലേയ്ക്കും സ്യൃല്ലി പ്ര്യൃദോമ്മ് വിരൽ ചൂണ്ടുന്നു.

അഴകും പ്രിയതയുമാർന്ന നേത്ര–
നികുരങ്ങൾ–നീലമോ ശ്യാമളമോ–
പുതുപൊൽപ്രകാശമുലകിനേകും
പുലരിതൻ കാന്തിനുകർന്നെന്നാലും,
കനകരസത്തിൽ കുളിച്ചുകൊണ്ടു
കതിരവനിന്നുമുദിച്ചിടുമ്പോൾ
അവയെല്ലാം നിദ്രകൊണ്ടീടുകയാം
കുഴിമാടങ്ങൾക്കുമടിയിലായി [1]
പകലിനെ വെല്ലുന്ന മാധുരിയാൽ
സുഖമേറെ നല്കും നിശീഥിനികൾ
അനവധിലോലവിലോചനങ്ങൾ–
ക്കവികലാനന്ദ മണച്ചെന്നാലും
തരളനക്ഷത്രനിരകളെന്നും
ദിവി ദീപ്തിവീശി വിളങ്ങിടുമ്പോൾ
അവയൊക്കെ മണ്ണിനുമുള്ളി, ലാക്കു–
രിരുളിങ്കലാണ്ടു കിടന്നീടുന്നു.
വികലമായ്ത്തീർന്നു തദീയവീക്ഷാ–
വിരുതെന്നു വിശ്വസിക്കായ്‌വിനാരും.
അവയിപ്പോൾ നമ്മളദൃശ്യമെന്നു
പറയും പൊരുളിന്നഭിമുഖമാം:
ചില ജ്യോതിർഗോളങ്ങൾ നമ്മെ വിട്ടു
മറയുന്നുവെങ്കിലും വിണ്ണിനുള്ളിൽ
ഒളിചിന്നിമിന്നുംപോൽ, കൺമണികൾ
തനതസ്തമാനങ്ങളാർന്നിടുന്നു.
അപചയമേലാ, മറഞ്ഞുപോം കൺ–
മണികളുമെന്നും സചേതനം താൻ. [2]
അഴകും പ്രിയതയുമാർന്ന നേത്ര–
നികരങ്ങൾ–നീലമോ, ശ്യാമളമോ–

മറയുന്നുവെങ്കിലും കല്ലറതൻ
മറുവശത്തുടവേ, യുന്മിഷത്തായ്,
പുതുമയാർന്നെന്നും പുലരുമാ വൻ–
പുലരിയെക്കണ്ടു രസിച്ചിടുന്നു! [3]

LES YEUX

കുറിപ്പുകൾ

[1] എത്രയഗാധം മലിനം പുകണ്ണപോ–
യെത്രനേത്രം വിശുദ്ധം തകർന്നുപോയ്

(കെ. കെ. രാജാ — അവകാശവാദം)

[2] ആരും തോഴീയുലകിൽ മറയുന്നില്ല
മാംസം വെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയജടിലം
ദേഹിതൻ ദേഹ ബന്ധം

(ആശാൻ — ലീല)

ഇപ്പശ്ചിമാബ്ധിയിലണഞ്ഞൊരു താരമാരാ–
ലുല്പന്ന ശോഭമുദയാദ്രിയിലെത്തിടും പോൽ
സൽപുഷ്പമേ,യിവിടെ മാഞ്ഞുസുമേരുവിന്മേൽ
കല്പദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാം നീ

(ആശാൻ — വീണപൂവ്)

മായും നിഴലെല്ലാം മറ്റൊരു ലോകത്തിൽ
മായാത്ത രശ്മിയായ് മാറിയേക്കാം

(ചങ്ങമ്പുഴ — മായാച്ചിത്രം)

ശ്മശാനത്തിൻ മാറിലലിഞ്ഞെത്രമണ്ണടിഞ്ഞു
വിശിഷ്ടപുഷ്പങ്ങളതിലുദിച്ച വീണ്ടും

(ചങ്ങമ്പുഴ — രാഗഗീതി)

ഭൂതലത്തിലേക്കതു വാടി വീഴ്കിലുമൊരു
ജ്യോതിർഗോളമായ് വിണ്ണിലുയർന്നു തിളങ്ങുന്നു

(എം. പി. അപ്പൻ — പ്രപഞ്ചവും ഞാനും)

തരുണമാം രവി കിരണം പുല്കമീ
നിരുപമമായ പനിനീർച്ചെമ്മലർ
സ്വക പാത്രമൊരു പുതിയ ജീവിത–
മകരന്ദം കൊണ്ടു നിറച്ചെത്തുന്നേരം
തിരിച്ചറിയുമോ? ചിരിച്ചുകൊണ്ടന്നാ–
ളൊരിക്കലോമലാളുരച്ചാളിങ്ങനെ

(ജി. — പിന്നത്തെ വസന്തം)

[3] പുകയിൽ മൂടിയ ചക്രവാളത്തിനു
പിറകിലന്തിയോ വേറെപ്പുലരിയോ

(ബാലാമണിയമ്മ — തോണികൾ)

പതിയേവീഴവോരീയദൃശ്യം
യവനികയ്ക്കപ്പുറമുഷസ്സി–
ന്നിരുളിലാരോ? തിരകയാണെൻ
ഹൃദയമുരുഭയകൗതുകം

(സുഗതകുമാരി — ആശങ്ക)

മൃതിയാൽത്തെളിമയും കൂർമ്മവും സമാർജ്ജിച്ച
മിഴിയാലുള്ളിന്നുള്ളിലേയ്ക്കു നീ കാണുന്നുണ്ടാം

(എൻ. വി. കൃഷ്ണവാരിയർ — കള്ളദൈവങ്ങൾ)

കണ്ണിനാനന്ദമേകും പഴന്പൂക്കൾ
മണ്ണിനുള്ളിൽ മറയുന്നതെന്തിനോ
ഉമയിൽ പുതുവേഷം ചമയുവാൻ
ഭൂമിഗർഭമണിയറയായ് വരാം

(കെ. കെ. രാജാ — വീണപൂക്കൾ)

അതുപോലാശിപ്പൂ ഞാൻ നമ്മൾ തൻ ചൈതന്യവും
അവശേഷിക്കാമിനിപ്പല പാടത്തും ചെല്ലാൻ

(വൈലോപ്പിള്ളി — കൊയ്ത്തു കഴിഞ്ഞു)

മനുഷ്യവർഗ്ഗത്തിന്റെ മറുവശത്തെ പാട്ടുകേൾക്കാൻ
മരണത്തിലേയ്ക്കു നടന്നുപോയി

(സച്ചിദാനന്ദൻ — അന്ത്യസന്ദേശം)

മറുകരയിൽ പൂത്തുലയാനേ
പോകുന്നു, പോകുന്നേനേ

(സച്ചിദാനന്ദൻ — പുറപ്പാട്)

To live with him and sing in endless morn of light

(Milton — At a solemn music)

But when the morn came dim and sad
And chill with early showers
Her quiet-lids closed-she had
Another morn than ours

(Thomas Hood — The death bed)

അന്ത്യാഭിലാഷം

സ്യൂല്ലി പ്ര്യൂദോമ്മ് (1839–1907)

SULLY PRUDHOMME

അന്ത്യവേളയിങ്കലെന്നെ–
ത്തുണയ്ക്കുവാൻ നിനപ്പോരേ,
അൻപൊരല്പമെന്നിലുണ്ടു
നിങ്ങൾക്കെന്നാകിൽ
ഓതിടരുതെന്നോടൊരു
വാക്കുപോലും: എന്റെ കാതിൽ
ഗീതമല്പം പതിപ്പിക്കിൽ
സുഖമൃതൻ ഞാൻ! [1]
സാന്ത്വനവും സമ്മോദവും
നല്കീടുന്നു, ലൗകികമാം
ബന്ധനങ്ങളറുക്കുന്നു
മഞ്ജുസംഗീതം. [2]
അർത്ഥിപ്പൂ ഞാൻ: നിങ്ങളെന്റെ
വേദനയെത്താരാട്ടുവിൻ,
അല്ലാതൊന്നു മതിനോടു
മൊഴിഞ്ഞിടൊല്ലേ!
വാക്കുകളാൽ മടുത്തുപോയ്
വാസ്തവത്തെ മൂടാൻപോരും
വാക്കുകളാലെനിക്കേറ്റം
മടുത്തുപോയി.
കൊതിപ്പൂ ഞാൻ സ്വനങ്ങളെ–
ക്കുടുതലാ,യെനിക്കനു–
ഭവിക്കുവാനല്ലാതാകാ [3]
ഗ്രഹിക്കുവാനായ്.
നൂനമെന്റെ ചേതനയെ
നിമഗ്നമാക്കീടുമൊരു
ഗാനം–അതു തെല്ലുപോലും
പണിപ്പെടാതെ
ആനന്ദമൂർച്ഛയിൽ നിന്നു
സ്വപ്നലോകത്തിലേയ്ക്കെന്നെ
ആനയിക്കു, മതിൽനിന്നു
മൃതിയിലേയ്ക്കും! [4]

L’AGONIE

കുറിപ്പുകൾ

[1] അന്ത്യനിമിഷത്തിലുമെന്നാത്മ വിപഞ്ചിയിൽ നി–
ന്നംഗുലികൾ സഞ്ചരിക്കിൽ ചരിതാർത്ഥൻ ഞാൻ

(ചങ്ങമ്പുഴ — മദിരോത്സവം)

[2] …ആ മുരളിയിലൂടേ പകരൂ, മനസ്സിന്റെ
യാമയം നീങ്ങിസ്വസ്ഥരാകട്ടെ ശരീരികൾ

(വൈലോപ്പിള്ളി — കത്തിയും മുരളിയും)

ഒഴുകീടുന്നു സർവാഹ്ലാദകം സംഗീതകം

(എൻ. വി. കൃഷ്ണവാരിയർ — കള്ളദൈവങ്ങൾ)

നിർവൃതിപ്രദം സൗമ്യമുയരുന്നൊരീ ഹൃദ്യ–
നിസ്വനം, ഹൃദയമേ നീയതിലലിഞ്ഞാലും

(യൂസഫലി കേച്ചേരി — ഉണരൂ)

പേയംനിൻ മുരളീരവാമൃതമൊഴിച്ചെന്നുള്ള ഗീതാംബുധേ

(യൂസഫലി കേച്ചേരി — അഹൈന്ദവം)

അങ്ങതന്നനശ്വര നാദധാരയാലൊന്നീ
വിങ്ങിടുമാത്മാവുകൾക്കാശ്വാസമണച്ചാവൂ

(പുതുശ്ശേരി രാമചന്ദ്രൻ — പ്രകൃതലോകം)

ഹാ രോചിർമ്മയ വർണ്ണഗാത്രരേ രാഗങ്ങളേ
സാരസ്വതോദ്യാനത്തിൻ ദേവതകളേ നിങ്ങൾ
അഭയംകരർ,അന്തർബ്ഭാവ വൈവശ്യങ്ങൾക്കു
മുരളീരന്ധ്രങ്ങൾപോൽ മോചനമരുളുന്നു

(കടവനാട് കുട്ടികൃഷ്ണൻ — നാദനൈവേദ്യം)

ഇടയന്റെയോടക്കുഴലിന്റെയിമ്പത്തി–
ലകലുന്നു നിൻ ജാഡ്യഭാവം

(അയ്യപ്പപ്പണിക്കർ — ഗോപികാ ദണ്ഡകം)

ക്ഷുദ്രജന്മത്തിൻ ഗ്ലാനിയീനാദ ഗംഗാതീർത്ഥ–
സ്വച്ഛമായ്, ഇനിയും ഞാൻ ഇങ്ങനെ ജനിക്കാവൂ

(ഒ. വി. ഉഷ — വീണക്കമ്പി)

The trembling notes ascend the sky
And heavenly joys inspire

(Dryden — Alexander’s Feast or Power of Music)

And ever against eating cares
Lap me in soft Lyndian airs

(Milton — L’Allegro)

[3] പദമൊന്നുമില്ലാത്ത, പരിചയമില്ലാത്ത
പുതിയൊരു ഗാനം നീയാലപിക്കു

(പി. ഭാസ്കരൻ — ഒരു എസ്കേപ്പിസ്റ്റിന്റെ ഗാനം)

[4] ഗാനത്തിന്റെ ലഹരിയിലെന്നിലെ
ഞാനലിഞ്ഞലിഞ്ഞില്ലാതെയാവട്ടെ,
ജീവിതത്തിന്റെ നൂലിട്ടാലെത്താത്ത
ഭുവിലേയ്ക്കതിൽ മുങ്ങി ഞാനെത്തട്ടെ

(ജി. — വിളംബരം)

നിലയം വിട്ടുംതോറുമന്തരാത്മാവിൻ മേനി
വലയം ചെയ്യുന്നിതാ സംഗീതമായാലോകം

(പി. കുഞ്ഞിരാമൻ നായർ — ക്ഷുദ്രമരത്തിൽ)

നിന്നുടെ പാട്ടിലലിഞ്ഞുപോകട്ടെയീ–
സ്സുന്ദര സ്വപ്ന മനോഹര ജീവിതം
ഇന്നു ഞാൻ ചേർന്നു പതഞ്ഞൊഴുകട്ടെ നിൻ
സൗന്ദര്യഗീതതരംഗഭംഗങ്ങിൽ

(പി. കുഞ്ഞിരാമൻ നായർ — അന്നത്തെ നാടകം)

അറിയാതറിയാതീ ഗീതത്തി–
ന്നനുപമ നിർഝരിയിങ്കൽ
അലിഞ്ഞിടുന്നു നീയും ഞാനും
അഖില ചരാചരവും

(പി. ഭാസ്കരൻ — ഫിഡിൽ വായനക്കാരിയോട്)

രാഗസാന്ദ്രമാണെന്റെ മാനസമതിനാലേ
രാഗിണീ, നീയിന്നൊരു ഗാനപല്ലവി പാടൂ
ശ്യാമസുന്ദരീ, പാടൂ ഗാനത്തിലലിഞ്ഞുപോം
രാഗപൂർണ്ണിമയായിത്തീരട്ടെമജ്ജീവിതം

(മേലത്ത് ചന്ദ്രശേഖരൻ — സ്മരണിക)

ഏകതന്ത്രിയാവീണയെങ്കിലും മൂളി പിന്നീ–
ടായിരം വിദൂരക ഗ്രാമചത്വരങ്ങളിൽ
… … … … …
ഭക്തിതൻ മധുരമാം നീരോട്ടം വരണ്ടുള്ള
മർത്ത്യജീവിതങ്ങളെ വിടർത്തി മുക്ത്യന്മുഖം,
തീർത്ഥധാരപോലിന്നുമഗ്ഗാനതരംഗിണി–
യുത്തരാപഥം നീളെപ്പാവനമാക്കീടുന്നു.

(എൻ. വി. കൃഷ്ണവാരിയർ — വിദ്യാപതി)

ഇനിയെനിക്കായിപ്പകരു ഞാനാകും
മുരളിയുടെ നിന്നമൃതവർഷിണി

(ദേവി — ഹരി നിനക്കായിക്കരുതിക്കാത്തു ഞാൻ)

ഒഴുകീ ചിരന്തന കാലത്തിൻ ലളിതാനു–

ഭവഹർഷത്തിൻ മുഗ്ധ'മായാമാളവഗൗള'
ഒഴുകി അതിൽ ചേർന്നു ഭുവനം ഗഗനവും
മുഴുകി യോഗാത്മക ശാന്തിയിൽ ഹൃദയങ്ങൾ

(കടവനാട് കുട്ടികൃഷ്ണൻ — നാദനൈവേദ്യം)

മുറുക്കു നിൻവീണക്കമ്പി
മുഴക്കു നീയെൻ പ്രാണന്റെ
മുരളിയെയതിൽ നൂറു
രന്ധ്രമുണ്ടാക്കി
തവരാഗലീലയാലെൻ
പ്രാണൻ നിറഞ്ഞാകിലതി–
ത്തവണ നിശ്ശബ്ദമാക്കി–
ച്ചേവടി ചേർക്കു

(ടാഗോർ — ഗീതാഞ്ജലി (ജി.))

So shall I join the choir invisible
Whose music is the gladness of the world

(George Eliot — O may I join the choir invisible)

O may we soon again renew that song
And keep in tune with heaven, till God ere long
To his celestial concert us unite ...
To live with him and sing in endless morn of light

(Milton — At a solemn music)

വിരഹം

ഫ്രാംസ്വാ കൊപ്പെ (1842–1908)

FRANCOIS COPPEE

[പാവങ്ങളുടേയും ദുഃഖിതരുടേയും തിക്താനുഭവങ്ങളുടെ ഗായകനാണ് ഫ്രാംസ്വാ കൊപ്പെ]

വിരിയുന്ന ചെമ്പനിനീർപ്പൂവെന്തിനെൻ കര–
ളെരിയിപ്പു വല്ലാതെയെന്നോ?
പനിനീർപ്പൂ കാണുമ്പോളാർപ്പൂ ഞാൻ നാഥന്റെ
പരിശുദ്ധ ഫലാതലത്തെ. [1]
കതിർചിന്നും താരത്തെ ക്കാൺകയെൻ കണ്ണുകൾ
കനിയുന്നതെന്തിനാണെന്നോ?
അകലത്തു താരത്തെ ക്കാൺകവേ നാഥന്റെ
അതിദീപ്രനോട്ടം ഞാനോർപ്പൂ.
പുതുവസന്തത്തിൽ ത്തിരിച്ചു വന്നെത്തുവാൻ
കുരുവിയിത്തീരം വിടുമ്പോൾ
മരണത്തിലെന്നപോലെന്തിനെൻ ചേതന
ചിറകിട്ടടിച്ചിടുന്നെന്നോ?
മറുനാട്ടുപൂകും കുരുവിയെക്കാൺകെ യെൻ
വിരഹത്തെയോർപ്പൂ ഞാനയ്യോ!

ROMANCE–L'EXILEE

കുറിപ്പുകൾ

[1] ആ മുഗ്ദ്ധ മുല്ലപ്പൂക്കൾ മുകരുന്നനേരം ഞാ–
നാമുഖ മനോഹര സൗരഭം സ്മരിക്കുന്നു.
ചോലയിൽ സതൃഷ്ണനായ് ചുണ്ടടുപ്പിക്കേ സ്നിഗ്ദ്ധ
ലോലമക്കപോലത്തിൻ തണുപ്പു ഞാനോർമ്മിപ്പൂ
(ജി. — അന്വേഷണം)

കാണുനിൻ പുഞ്ചിരി സുപ്രഭാതത്തിന്റെ
വെണ്മയിലെന്നെന്നും വിസ്പഷ്ടമായ്
(ബാലാമണിയമ്മ — ചിദ്രസവർഷിയാം കാർമേഘം നീ)

ദൂരെ മിന്നൽപ്പിണരിൽ നിൻമൃദു

സാരിത്തുമ്പൊന്നിളകവേ
വ്യോമഭിത്തിമേൽ താരകം തവ
ഹേമദീപം കൊളുത്തവേ

(ചങ്ങമ്പുഴ — ബാഷ്പോപഹാരം)

താരകച്ചാർത്തിൽ നിണയ്ക്ക മൽസ്പന്ദനം
നേരിട്ടുകാണാമിരുണ്ട നിശകളിൽ
നിത്യവുമെന്റെ തണുത്ത നിരാശവ–
ന്നെത്തിടും മൂടൽമഞ്ഞായി നിൻ വീഥിയിൽ

(ചങ്ങമ്പുഴ — വിയോഗഭ്രവിൽ)

പൈങ്കിളിപ്പാട്ടിലെൻ ചുറ്റിലും നിൻകഴൽ
ത്തങ്കച്ചിലമ്പൊലി സംക്രമിക്കേ

(ചങ്ങമ്പുഴ — സൗന്ദര്യപൂജ)

പൂക്കൾ വിടർത്തിത്തരുന്നു–നിന്റെ
സാത്വിക സ്നേഹസുഗന്ധം
ഹാ കാൺമു മാമലതോറും–ഞാൻ നി–
ന്നേകാഗ്രശാന്തമാം ധ്യാനം
വീർപ്പിടും തൈക്കുളിർക്കാറ്റിൽ–ക്കൂടി
യേല്പുഞാൻ നിന്മൃദുസ്പർശം

(ചങ്ങമ്പുഴ — മൂടുപടം മാറ്റൂ)

കരിമുകിൽമാലയഖിലവും മാഞ്ഞ–
സ്സരപഥമൊന്നു തെളിയുമ്പോൾ
നുകരുന്നുണ്ടെന്റെ നയനങ്ങൾ തവ
ഹൃദയവേദിതൻ പരിശുദ്ധി

(ഇടപ്പള്ളി — രാഗാഞ്ജലി)

മുറ്റത്തുനില്ക്കും തുളസിത്തറകളിൽ
മുറ്റിത്തഴച്ചിതു തന്മനഃശുദ്ധികൾ
മൊട്ടിട്ടു തന്മനസ്സൗന്ദര്യ, മൊട്ടവൾ
നട്ടുവളർത്തിയ മുറ്റത്തെ മുല്ലയിൽ

(പി. കുഞ്ഞിരാമൻ നായർ — സൗന്ദര്യദേവത)

അളികുല മധുരസ്വരത്തിലുദ്യൽ–
ക്കളകള കോകിലനിസ്വനത്തിലും ഞാൻ
തെളിവൊടിടയിൽ നീയുരക്കുമോരോ
കളിമൊഴിയുണ്ടിത കേട്ടിടുന്നു നീളേ

(കെ. കെ. രാജാ — ചില പത്നീസ്മരണകൾ)

ഇരവിൽ കൊച്ചുകൈത്തിരിയുമായങ്ങേ–
ത്തിരയാതില്ല ഞാനൊരിടത്തും
ഉഴറുന്ന കാറ്റിൽ നെടുവീർപ്പു കേൾക്കാം
പുതുനിലാവിൽപ്പുഞ്ചിരി കാണാം.

(കെ. മാധവിയമ്മ – അനുഭൂതി)

പാടി കുയിലുകൾ നിൻ നറുംകൊഞ്ചലാൽ
പാറി പൂമ്പാറ്റകൾ പുഞ്ചിരിപോൽ
നിൻ നെടുനിശ്വാസ സന്നിഭം സൗരഭം
ചിന്നിയൊഴുകി പൂന്തെന്നൽ ചുറ്റും

(എൻ. കെ. ദേശം – ഇന്നലെ രാവിൽ)

പുരങ്ങളും ജന
പദങ്ങളും ചൂഴും
വനവഹ്നികളിലവൾ തന്നുഗ്രമാം
വിശപ്പ് ചേർക്കാവൂ, കലർത്തിടാവൂ ഞാനവൾതൻ വേദന
ചലവും ചോരയുമൊലിക്കും സന്ധ്യയിൽ

(ആറ്റൂർ രവിവർമ്മ – സംക്രമണം)

കണ്ണുനീർ

ഫ്രാംസ്വാ കൊപ്പെ (1842–1908)

FRANCOIS COPPEE

അമ്പതാണ്ടാകുന്നെനി–
ക്കില്ലിതിൽ പരിഭവം
എൻപുരാന്നർപ്പിക്കുന്നേൻ
നന്ദിതൻ നമോവാകം
പക്ഷെയുണ്ടാശങ്കയൊ
ന്നസ്വസ്ഥനാക്കുന്നെന്നെ:
പ്രായമേറുന്തോറുമെൻ
കണ്ണുനീർകുറയുന്നു!
നോവറിഞ്ഞീടുന്നു ഞാൻ
മുന്നേപ്പോൽ, പരക്ലേശ–
മോരുവാനെനിക്കിന്നു
മാവതുണ്ടസംശയം
കരളിന്നകത്തു നി [1]
ന്നെന്റെ കണ്ണിണയിലേ–
യ്ക്കുണയും കാരുണ്യത്തി–
ന്നുറവുവറ്റിപ്പോകാൻ
ഇടവന്നീടും വണ്ണം
എന്തു, ഞാനത്രയ്ക്കേറെ–
ക്കയറിക്കഴിഞ്ഞെന്നോ
പ്രായത്തിൻ പടവുകൾ?
അത്തലാലകം നീറു–
മെന്നാത്മ മിത്രങ്ങൾക്കും
അപ്പോലെ സന്താപത്തി
ലെനിയ്ക്കു തന്നേയുമേ
തെല്ലിടശമനവും
സാന്ത്വവും പ്രശാന്തിയും
നല്കിടും കണ്ണീരിനി
വാർക്കുവാൻ വയ്യാതാമോ? [2]
ഇന്നലെപ്പോലും കൊടും–
തണുപ്പിൽത്തനുമൂടാ–
നൊന്നുമില്ലാതെ വിറ–
കൊണ്ടൊരു പാവത്തിനു
കൊടുത്തേനുദാരമായ്

ക്കാശ്രു ഞാൻ, പക്ഷെ വെറും
ചടങ്ങാബ്ദ്ധിക്ഷാദാനം,
എൻകരളുറന്നീലാ! [3]
അന്നൊരു സായാഹ്നത്തിൽ
പ്രേയസീ മൃതിയാലേ
ഖിന്നനാമൊരു മർത്ത്യയൻ
തൻകഥ പറഞ്ഞപ്പോൾ
ഞാനതു കേട്ടേൻ, സഹ–
താപാശ്രു കണമൊന്നു
പോലുമെൻ മിഴിയിണ–
യിങ്കൽനിന്നുതിരാതെ! [4]
വാസ്തവമാണോ, ദേഹം
വാർദ്ധകാൽ കുനീടുമ്പോൾ
വൈവശ്യമിയലുമോ
മാനവ ഹൃദയാന്തം?
നിതരാമെന്നിൽത്തന്നെ–
യുൾവലിഞ്ഞേകാകിയായ്
തലയുംതാഴ്ത്തിപ്പോകും
വൃദ്ധനായ് ഞാൻ തീരുമോ? [5]
ശക്യമല്ലെനിക്കതു
ഭാവനം ചെയ്യാൻപോലും
മിക്കവാറുമേ മൃതൻ
തന്നെ ഞാനമ്മട്ടായാൽ.
നിഷ്ഠുരപ്രകൃതി, ഞാൻ [6]
നിനപ്പേൻ നിൻ കർക്കശ–
ചട്ടമുല്ലംഘിച്ചലി–
വന്യൂനം നിലനിർത്താൻ.
ഏറ്റുവാങ്ങുന്നേൻ ജരാ–
നര ഞാനെതിർപ്പെന്ന്യേ,
പക്ഷെയെൻ നയനങ്ങൾ
വളരാതിരിക്കണം! [7]
സ്വാർത്ഥത്തിൻ പരിശുഷ്ക
വീക്ഷയിൽ വൈരൂപ്യത്തിൻ,
ചീർത്തെഴും കൗടില്യത്തിൻ
മൂർത്തിമൽഭാവം മർത്ത്യൻ;
തൽബാഷ്പകണമാട്ടേ
ഇജ്ജഗത്തിന്റേതന്നെ
സൽഭാവ വിശേഷങ്ങൾ
കാട്ടിടും 'പ്രിസ'മത്രെ! [8]

LES LARMES

കുറിപ്പുകൾ

[1] മനമുരുകിയുതിരുന്ന കണ്ണുനീർ–
ക്കണികകൾകൊണ്ടു ദാഹമടക്കലും

(ചങ്ങമ്പുഴ — ഇരുളിൽ)

മുറ്റമെൻചിത്തമുരുകിയ കണ്ണുനീ–
രിറ്റിറ്റുവീണു തണുത്തൊരു കാരണാൽ

(പി. കുഞ്ഞിരാമൻ നായർ — അന്ത്യഗീതം)

ഉള്ളമുരുകിയൊലിച്ച കണ്ണീർ–
ത്തുള്ളിയാലൊട്ടൊട്ടു മാഞ്ഞുപോയി

(എം. പി. അപ്പൻ — കവി)

കരളുരുകിയെത്തുമെൻ കണ്ണീർക്കണം തുട–
ച്ചവളരികിൽ നില്പതായ് തോന്നുന്നതിപ്പൊഴും

(ഇടപ്പള്ളി — ഞങ്ങൾ)

ഉണങ്ങാതുൾക്കേദാരം പുലരാനതിന്നുള്ളോ–
രുറവിൻ കാലോചിത സേചനമാണിക്കണ്ണീർ

(കൃഷ്ണൻ പറപ്പിള്ളി — പോവുകെൻ പൊന്നോമനേ)

Tears from the depth of some divine despair
Rise in the heart and gather to the eyes

(Tennyson — Tears, idle tears, I know not what they mean)

[2] തീക്കനൽദ്രവം കണക്കപ്പൊഴങ്ങുതിർത്തതാ–
മാക്കണ്ണീർക്കണം രണ്ടുമാർക്കുതാൻ മറക്കാവൂ?

(ഉള്ളൂർ — ആ കണ്ണുനീർ)

എന്തു കയ്പുറ്റതാമനുഭൂതിയാ–
ലെത്ര സംശുദ്ധമായെഴും സ്നേഹത്താൽ
മാനുഷനിലുരുക്കൂടിവന്നിതോ
വാനവർക്കു ദുർലഭ്യമിസ്സാധനം

(ബാലാമണിയമ്മ — കണ്ണുനീർ കാണുമ്പോൾ)

കടൽ വാറ്റിയ വർഷകണവും മനസ്സിന്റെ
കടൽ വാറ്റിയ പരിപാവനമിഴിനീരും

(വൈലോപ്പിള്ളി — കവിയും കുഷ്ഠരോഗിയും)

[3] ഈ മൗക്തികങ്ങൾ പതിക്കട്ടെ നിസ്വരി
ലോമനേ നിൻ കണ്ണിൽനിന്നുവീണ്ടും
ദുർലഭമായിരം വെള്ളിനാണ്യത്തേക്കാ–
ളുള്ളലിഞ്ഞോലുമൊരശ്രുബിന്ദു

(ബാലാമണിയമ്മ — അമ്മ)

കരുണയാർന്നു നിൻ കണ്ണുനീർത്തുള്ളിയൊ–

ന്നതിരുമെങ്കിൽ ചരിതാർത്ഥതന്നെ ഞാൻ

(ചങ്ങമ്പുഴ — ചരിതാർത്ഥതന്നെ ഞാൻ)

[4] ചൊരിയുവതിനില്ല കണ്ണുനീർ
സിരകൾ തപിച്ച വരണ്ടുപോകയാൽ

(ആശാൻ — സ്നേഹിതന്റെ ദേഹവിയോഗം)

കരയാൻകണ്ണീരില്ല, വിലപിപ്പാനോ വാക്കി–
ല്ലെരി സന്താപത്താൽ മേ, ശൂന്യചിത്തതയാൽ മേ

(വള്ളത്തോൾ — നെടുനാൾ നിലനിർത്തും)

കരയാനൊരുതുള്ളിക്കണ്ണുനീരിനിയില്ല,
കരളോ വികാരത്താൽ പിന്നെയും നോവുന്നല്ലോ

(ചങ്ങമ്പുഴ — കണ്ണുനീർ)

അച്ഛനെക്കെട്ടി വരിഞ്ഞെടുത്തു
തെക്കോട്ടെടുക്കവെയന്നെന്റെ കൺമുമ്പിൽ...
എന്തുകൊണ്ടാണെന്നറിയില്ലൊരുതുള്ളി–
ക്കണ്ണുനീരന്നു പൊടിഞ്ഞതില്ല

(മുല്ലനേഴി — ഉപ്പുകല്ല്)

[5] സ്നേഹം സൗന്ദര്യം, ശക്തിയെല്ലാം പോയീടുമല്ലോ
ദേഹം വാർദ്ധക്യമേറിക്കുന്നപോമല്ലോ നാഥേ

(ആശാൻ — ശ്രീബുദ്ധചരിതം)

കണ്ണിരേവറ്റി, കർമ്മപ്രവണതയുടെ ചൂടാറി വാർദ്ധകത്തിൽ
മന്ദീഭൂതപ്രകാശേമറയുമൊരു കിനാവെന്ന മട്ടായിലോകം

(ബാലാമണിയമ്മ — മുത്തശ്ശി)

സഹജാതരേ, വരളുന്നൊരെൻ മിഴികളിൽ
അനുകമ്പതൻ നാളം താണു കെട്ടടങ്ങീടവേ

(വിഷ്ണുനാരായണൻ നമ്പൂതിരി — സഹജാതരേ)

കരൾ നൊന്തോർത്തേ, നെന്മിഴി–
നീരുറവെങ്ങിനെ വറ്റി വരണ്ടു

(എൻ. എൻ. കക്കാട് — ദുഃഖം)

Then the mortal coldness of the soul like death itself comes down;
It cannot feel for others' woes, it dare not dream its own;
That heavy chill has frozen o'er the fountain of our tears,
And though the eye may spark still 'tis where the ice appears

(Byron — Youth and age)

[6] ഹാ കഷ്ടമെങ്ങിനെ മർത്ത്യൻ സഹിക്കു മീ
മൂകപ്രകൃതി തന്നന്ധമാം ക്രൂരത

(വൈലോപ്പിള്ളി — പടയാളികൾ)

[7] വറ്റാതെ നില്ക്കാവൂ ദീനർതൻ ദാഹത്തെ
ചെറ്റു ശമിപ്പിക്കുമിക്കണ്ണുനീർ

(ബാലാമണിയമ്മ — അമ്മ)

തീരട്ടേ വ്യഥ തുള്ളിയശ്രു പൊഴിവിൻ നേത്രങ്ങളേ

(ആശാൻ — ഒരു അനുതാപം)

നിഷ്കളങ്കമെൻ കണ്ണീർ പ്രവാഹത്താൽ
മൽക്കരക്കുമ്പിൾ പൂർണ്ണമായ്ത്തീരട്ടെ
ഇടപ്പള്ളി—തകരാത്ത നീർപ്പോള
ചാരിതാർത്ഥ്യത്തെപ്പുലർത്താൻ മിഴിയിണ
തോരാതിരുന്നാൽ മതി മരിപ്പോളവും

(ചങ്ങമ്പുഴ — ബാഷ്പാഞ്ജലി)

അമരലോകത്തേക്കുയരുവാനെനി–
ക്കനഘമിക്കണ്ണീർ മതിയല്ലോ

(ചങ്ങമ്പുഴ — പരിതൃപ്തി)

കരയാൻ കഴിവുള്ള ഹൃദയം ഞാനാശിപ്പൂ

(ചങ്ങമ്പുഴ — കണ്ണുനീർ)

അശ്രുനീർ വീണു കലങ്ങി മറിഞ്ഞുപോയ്
രക്തമഴയിൽ കുതിരാത്ത ഹൃത്തടം

(പി. കുഞ്ഞിരാമൻ നായർ — പ്രേമപൂജ)

മാനമർപ്പിക്ക തപ്താശ്രുമുത്തതേ
ദീനദരിദ്രജനദേവപൂജനം

(പി. കുഞ്ഞിരാമൻ നായർ — ഗ്രാമക്ഷേമം)

സുഖവിഭവസമൃദ്ധി തന്റെ പൊട്ടി–
ച്ചിരി രസവും, ഹ ഹ, കണ്ണുനീരുതന്നെ

(പി. കുഞ്ഞിരാമൻ നായർ — ശ്രീരാമചരിതം)

നാളെയീ മണ്ണിൽനിന്നും മണ്ണായി മറയുമ്പോൾ
കാണുമോ നനവെന്റെ കണ്ണിലിന്നത്തെപ്പോലെ?

(അയ്യപ്പപ്പണിക്കർ — മനുഷ്യപുത്രൻ)

… കുനിഞ്ഞ തന്മിഴിയിൽ നിന്നൊരു
ചുടുകണ്ണീർക്കണമുറന്നു വീഴ്കയായ്
കുതിർന്നു ചെന്നിറം പടർന്ന മണ്ണിൽ നി–
ന്നുതിർന്നു പുണ്യവേദനകൾതൻ ഗന്ധം

(വിഷ്ണുനാരായണൻ നമ്പൂതിരി — ലയനം)

മരിച്ചിട്ടും മർത്ത്യതയെന്തിനാണ്?
കരഞ്ഞിടാനും കരയിച്ചിടാനും

(കുറിപ്പുറം — ഒരു മഹച്ചരമം)

മഴനീർ വീഴ്കെ പുഷപവനങ്ങൾ കുളിർക്കുന്നു

മിഴിനീരിലോ സ്വപ്നതലങ്ങൾ തളിർക്കുന്നു

(എസ്. രമേശൻ നായർ — കണ്ണുനീർക്കിളി)

സ്വീകരിച്ചാലും നീയെൻ നീറലിൻ സ്മിതം, കണ്ണിൽ
വേകുമീ കണ്ണീരിന്റെയാനന്ദ പ്രകർഷവും

(ഒ. വി. ഉഷ — ദാനം)

കാണുവാൻ വയ്യല്ലോ നിൻ ചരിതാർത്ഥമാം നോട്ടം
കണ്ണുപോയാലും കണ്ണീരുണ്ടെനിക്കതേ ഭാഗ്യം

(പുല്ലാട്ട് രവീന്ദ്രൻ — നെല്ലായ)

[8] ഉമ്മറക്കല്ലിൽത്തനിച്ചിരുന്നെന്തിനോ
വിമ്മിക്കരയുമപ്പൈതലിനെ
ഉറ്റുനോക്കിക്കൊണ്ടു നില്ക്കെമെന്നോമന-
ക്കുട്ടന്റെയൻപോലും കണ്ണിണയിൽ
ഒന്നുരണ്ടശ്രുകണങ്ങളരക്ഷണം
നിന്നു തിളങ്ങി നിലത്തുതിർന്നു
ജീവിതോഷസ്സിൽ വിരിഞ്ഞൊരത്താമര-
പ്പൂവിതൾ തൂകിയ മഞ്ഞുനീരിൽ
ബിംബിച്ചു കാണായ്പ്പോയമ മാനുഷാത്മാവിങ്കൽ
നിർമ്മഗ്നമായുള്ള ദിവ്യരശ്മി

(ബാലാമണിയമ്മ — അമ്മ)

ചിൽപ്രകാശത്തിൻ വർണ്ണങ്ങൾ ബിംബിക്കും
ദർപ്പണാംശമേ, സംസ്കൃതിമൂല്യമേ
ദുർന്നിരോധ്യ ബലമാമിതിന്നൊഴു-
ക്കുന്നമാത്മാവിൽ നിന്നുറന്നോലുമ്പോൾ
നിന്നലിഞ്ഞിടാം നീങ്ങാവരമ്പുകൾ
നിർമ്മലങ്ങളാം ചേറണിച്ചാലുകൾ

(ബാലാമണിയമ്മ — കണ്ണുനീർ കാണുമ്പോൾ)

ധീരസഹസ്രത്തെലീലയാകേഴിച്ച
നീരലർക്കണ്ണിണ തൂകും ബാഷ്പം
ഏതോ വിശിഷ്ടമാം തീർത്ഥനീർ പോലെയി-
പ്പാതകഭീതയെപ്പൂതയാക്കി

(വള്ളത്തോൾ — മഗ്ദലനമറിയം)

തപ്താശ്രുബിന്ദുവിന്നൊപ്പമായ് ജീവിക്കു
ദുക്തിമിരൗഷധമില്ലതന്നെ

(ഉള്ളൂർ — പിംഗള)

മണ്ണിൽ മങ്ങാതെ മട്ടെന്നുൾ-
കണ്ണിൽക്കാണുന്ന ദൈവമേ,
കണ്ണിൽക്കണ്ണീരൊലിക്കാതെ
നിന്നെക്കാണുന്നതില്ല ഞാൻ

(കെ. കെ. രാജാ — പരേതയായ പത്നി)

മുത്തുകണക്കൊരു നീർക്കണമുട,നെൻ
മിഴിയിലുറന്നു തുടിയ്ക്കുകയായ്
അതിൽ നിഴലിപ്പതു കണ്ടേ, നിരുളി–
ന്നടിയിലൊളിക്കും സൗന്ദര്യം

(ആർ. രാമചന്ദ്രൻ — അതിഥി)

ഇടയ്ക്കു കണ്ണീരുപ്പു പുരട്ടാ–
തെന്തിനു ജീവിത പലഹാരം

(ഇടശ്ശേരി — അമ്പാടിയിലേക്ക് വീണ്ടും)

ഈയനാദിയാം കണ്ണീർ വീണാർദ്രമാകുംഭൂവിൽ
ജീവിതം വേരോടുന്നു, പൂവുകൾ വിരിയിക്കാൻ

(പി. നാരായണക്കുറുപ്പ്— കൈകസിയുടെ കണ്ണീർ)

പ്രിസം = പ്രകാശരശ്മിയുടെ വിവിധ വർണ്ണങ്ങൾ പ്രകടമാക്കുന്ന ത്രിഭുജക്കണ്ണാടി.

പക്ഷികളുടെ മരണം

ഫ്രാംസ്വാ കൊപ്പെ (1842–1908)

FRANCOIS COPPEE

വിരസഹേമന്ത സങ്കടനാൾകളിൽ
കുടിനെരിപ്പോടിൻ ചൂടേറ്റിരിക്കവേ
വനതലങ്ങളിൽ ശീതംപൊറാഞ്ഞു വീ–
ണടിയും പാവം കിളികളെയോർപ്പു ഞാൻ.
പരമധൂസരവിൺകീഴിൽക്കാറ്റത്ത്
കിളികളില്ലാത്ത കൂടുകളാടുന്നു. [1]
കൊടിയശൈത്യത്തിലെത്രമേൽ യാതന–
യനുഭവിച്ചുകൊണ്ടാണവ ചാവതു്! [2]
ഹിമമൊഴിഞ്ഞു പൂക്കാലമണഞ്ഞു നാം
നവതൃണങ്ങൾമേലോടിക്കളിക്കുമ്പോൾ
എവിടെയുംതന്നെ കാണില്ലിപ്പേലവ–
പ്പിറവികളുടെ ലോലാസ്ഥിപഞ്ജരം.
അതിനിഗൂഢസ്ഥലങ്ങൾ സംപ്രാപിച്ചോ
മൃതിയടയുന്നു പൊന്നോമൽപ്പക്ഷികൾ?

LA MORT DES OISEAUX

കുറിപ്പുകൾ

[1] ദയതോന്നിടുമാറു മാനസം
നിലയായ് പ്രാക്കൾ വെടിഞ്ഞ കൂടുപോൽ

(ആശാൻ — സീത)

(ആരിനിയിതു നോക്കാൻ) കണ്ടു നാം ചാരേ ശുഷ്ക–
ദാരുവിൽ കിളിവിട്ടു കീറി ഞാന്നൊരു നീഡം
രണ്ടു പൂങ്കുരളിന്റെ നാരുകൾ നെയ്യപ്പെട്ടി–
ട്ടുണ്ടതിലിന്നാശില്പം നിഷ്ഫലം ദയനീയം

(വൈലോപ്പിള്ളി — ഒഴിഞ്ഞ കൂട്)

മന്മനം തുടിക്കുന്നു, കണ്ണുനീർ
വന്നിടുന്നീ മിഴികളിൽ …
ഫുല്ലയൗവന പൂർണ്ണമായവൾ
ഉല്ലസിച്ച നികുഞ്ജകം

അങ്ങതാകാണ്മു, പൈങ്കിളിപോയ
പഞ്ജരത്തിന്റെ മാതിരി
(ചങ്ങമ്പുഴ — തപ്തരാഗം)

[2] നിശ്ചയമുണ്ടു തികച്ചുമെനിക്കീ
പക്ഷികളേലുന്ന സംസാരം.
'എന്തു മഴക്കാറാണു പകലിനു
കണ്ണു കുരുണ്ടുപോയല്ലോ',
'ഈറനുടുത്തു തുലഞ്ഞു, ശൈത്യം
കേറിയിടുപ്പു കഴയ്ക്കുന്നു'
(വൈലോപ്പിള്ളി — കരിയിലാം പീച്ചികൾ)

നീലാകാശം

സ്റ്റെഫാന് മല്ലാർമ്മേ (1842–1898)

STEPHANE MALLARME

ഫ്രഞ്ച് സിമ്പോളിസത്തിന്റെ സൈദ്ധാന്തികനായ സ്റ്റെഫാന് മല്ലാർമ്മേ സ്വന്തം കവിതയെ കരുതിക്കൂട്ടി ദുർഗ്രഹമാക്കിയ കഴിവുറ്റ കവിയാണ്. സിമ്പോളിസത്തിന്റെ ഒരു ഘടകമായി കണക്കാക്കപ്പെടുന്ന അസ്പഷ്ടത –അവൈശദ്യം– മല്ലാർമ്മേയിൽ മിക്കപ്പോഴും തികഞ്ഞ ക്ലിഷ്ടതയാണ്. വാക്കുകളെ നിയതാർത്ഥങ്ങളിൽനിന്നു വേർപെടുത്തി പുതിയ അർത്ഥങ്ങൾ പ്രദാനം ചെയ്യാനും അങ്ങിനെ പുതിയ പ്രതീതികൾ ജനിപ്പിക്കാനും അവയോടാവശ്യപ്പെടുകയാണദ്ദേഹം. വാക്യഘടനയിലും ബിംബകല്പനയിലുമെല്ലാം ഈ തകിടംമറി കാണാം. സൂചനാത്മകമായ നിഗൂഢതയാണ് കവിതയുടെ ജീവനെന്ന് മല്ലാർമ്മേ സിദ്ധാന്തിച്ചു. അനുവാചകൻ നന്നെ പണിപ്പെട്ടു സ്വയം ഒരർത്ഥതലം കണ്ടുപിടിക്കാൻ നിർബദ്ധനാകുന്നു. ഇതുകാരണം സംവേദനം നഷ്ടപ്പെടുന്നുവെന്ന വാദത്തെ അദ്ദേഹം പുച്ഛിച്ചുതള്ളി. ‘കവിത എല്ലാവർക്കും വേണ്ടിയുള്ള കലയല്ല’–എന്നു പറയാൻ അദ്ദേഹം മടിച്ചതുമില്ല. ഇതിന്റെ ഗുണദോഷങ്ങൾ എന്തുതന്നെയാകട്ടെ, ഫ്രാൻസിലെ മാത്രമല്ല ലോകത്തിലെങ്ങുമുള്ള ആധുനികരും ആത്യാധുനികരുമെല്ലാം ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ അനുഗാമികളോ അനുകർത്താക്കളോ ആണെന്ന വസ്തുത നിഷേധിക്കാനാവില്ല. മല്ലാർമ്മേ ഭാവികവിതയുടെ വഴികാട്ടിയായിരുന്നു.

ശാശ്വതാകാശത്തിന്റെ
ശാന്തമാമുപഹാസം
പുഷ്പരാജികൾപോലെ
അലസമനോഹരം. [1]
പരിവേദനകൾ ത–
ന്നൂഷരമരുവിൽത്തൻ
കവിതക്കഴിവിനെ–
ശ്ശപിച്ചു ചരിച്ചീടും
ദുർബലകവിയെ യീ
വിണ്ടലപ്പരിഹാസം
ധർഷണം ചെയ്തീടുന്നു,–
ശ്ശൂന്യമെന്നാത്മാവിനെ
കൊട്ടുതാമൊരുകുറ്റ
ബോധത്തിന്നെരിവോടെ
അഭിവീക്ഷിപ്പൂ വാനം–
ഞാനറിഞ്ഞീടുന്നതു,–
അടഞ്ഞമിഴിയുമായ്
ഞാനകന്നീടുമ്പോഴും.

[2] എങ്ങോട്ടേയ്ക്കോടിപ്പോകാൻ
ഏതുഗ്രനിശീഥമു-
ണ്ടീ വ്യഥാകരമാം ദു-
സ്ഥിതിമേൽ മറയിടാൻ?
[3] ധൂമികേ, മുന്നേറ്! നിൻ
വൈചിത്ര്യരഹിതമാം
[4] ചാരങ്ങളാകാശത്തി-
ലെങ്ങുമേ പരത്തിടൂ.
മുങ്ങട്ടെ ശരർത്തുവിൻ [5]
നീലിച്ചചതുപ്പാകെ [6]
നിൻപുകപ്പരപ്പിങ്കൽ,
അങ്ങിനെ പണിതാലും
മൗനമുദ്രിതമായ
മച്ചൊന്നുപരംഭീമം. [7]
മൽപ്രിയ വിഷാദമേ,
മറവിക്കുളങ്ങൾ വി-
ട്ടെത്തുക, കുളച്ചളി-
യീറയുമെടുത്തു നീ.
തളരാക്കരത്താൻ നീ
അടയ്ക്കൂ, ദൗഷ്ട്യത്താലേ
കിളികൾ സൃഷ്ടിച്ചീടും
പെരുനീലത്തുളകളെ.
പോര,യിപ്പരിതപ്ത-
ധൂമനാളികളെല്ലാം [8]
തുപ്പട്ടെ പുകക്കരി,
തന്നുഗ്രൻ ചുരുളുകൾ
ഭീദമാമൊരു ചലൽ-
ജെയിലായ്, ദിഗന്തത്തിൽ
[9] മഞ്ഞളിച്ചീടും സായം-
സൂര്യനെക്കെടുത്തട്ടെ!
ചത്തതുതന്നെ വാനം!
നീ, മൂലപദാർഥമേ,
-നിന്നെയാം സമീപ-
തിപ്പൊൾ ഞാൻ-നല്കീടുക
ക്രൂരമാമാദർശത്തിൻ,
പാപത്തിൻ മറവിയെ
ഈ രക്തസാക്ഷി,ക്കവൻ
മർത്ത്യർതൻ കന്നാലികൾ
തുഷ്ടിയിൽ മേവും വിരി
പങ്കിടാൻ വരികയാം.
കാലിയാം വർണ്ണച്ചായ-
പ്പാട്ടപോൽ വാർക്കപ്പെട്ട
മാമക മസ്തിഷ്ക്കത്തി-

ന്നാവുകയില്ലിദ്ദൈന്യം
ചിത്രണം ചെയ്തീടാനീ
നിസ്സാരമരണത്തിൻ
നേർക്കതിദയനീയം
കോട്ടുവായിട്ടീടുവാൻ …
എങ്കിലെന്തെല്ലാം വ്യർത്ഥം
വിണ്ടലം വിജയിപ്പൂ, [10]
ഘണ്ടകളോരോന്നിലും
തൽഗാനം കേൾക്കുന്നു ഞാൻ!
ഇക്കൊട്ടും ജയത്താ, ലെ
ന്നാത്മാവേ, ഭയമേറ്റം
നമ്മിലുൾ ചേർക്കാനതു
നാദമായ്ത്തീർന്നീടുന്നു.
മുന്നു നേരത്തും ജീവൽ–
ലോഹത്തിൽനിന്നായതു
[11] ‘മുന്നേരജപ’മണി–
നാദമായ് വന്നീടുന്നു.
ധൂമികാവരണമി–
പ്പുരാണനൽഭേദിച്ചു
ദൂനമാം ഭവദന്തർ–
മണ്ഡലം കടന്നല്ലോ,
ഉന്നമെന്നാളും പിഴ–
യ്ക്കാത്തൊരു കൃപാണം പോൽ.
[12] എങ്ങോട്ടേയ്ക്കോടിപ്പോകാൻ
നിഷ്പ്രയോജനമാകും
[13] ഇമ്മുറിക്കലാപത്തിൽ? …
ഇപ്പൊൾ ഞാനാവിഷ്ടനാം. [14]
വാനമാണെങ്ങും വാനം
വാനമേ വാനം വാനം
വാനമാണെന്നും വാനം
വാനമേ വാനം വാനം. [15]

L’AZUR

കുറിപ്പുകൾ

[1] ഈ കവിത ഇരുളുറഞ്ഞ താഴ്വരകളെന്നപോലെ പ്രകാശമാനമായ അധിത്യകകളും ഉൾക്കൊള്ളുന്നു. കവിയുടെ ശൂന്യാത്മാവിൽ വാനം പരിഹാസത്തോടെ എത്തിനോക്കുന്നതായി കവിക്കനുഭവപ്പെടുന്നു. നീലാകാശത്തിന്നെതിരെ മൂടൽമഞ്ഞിനേയും പുകക്കുഴലിനേയും മറ്റും കൂട്ടുപിടിച്ചു താൻ സംഘടിപ്പിക്കുന്ന മുറിവിപ്ലവം പരാജയപ്പെടുകയും ‘ശാശ്വത’നും ‘പുരാണ’നുമായ

ആകാശം അന്തിമമയി വിജയിക്കുകയും ചെയ്യുന്നതാണ് ഇതിലെ പ്രമേയം– ഒന്നിലേറെ വ്യാഖ്യാനങ്ങൾക്കു വകയുള്ള ഒരു പ്രതീകം.

ധ്യാനത്താൽ മൂകമാം വാനമിടയ്ക്കിടെ–
യ്ക്കാനന്ദ പൂർവമിങ്ങോട്ടു നോക്കി
മന്ദസ്മിതത്തിനാൽ ശാരദനീരദ–
വൃന്ദമാം മീശവെളുപ്പിച്ചതും

(ജി. — വൃന്ദാവനം)

ജീവിതത്തിൻ കുടീരത്തിനുള്ളിലേ–
യ്ക്കാവിയദാഭയെത്തിനോക്കീടവേ

(പി. കുഞ്ഞിരാമൻ നായർ — പ്രതിദ്ധ്വനി)

[2] ഇവിടെ നിന്നിക്ഷണമയ്യോ ഞാനി–
ന്നെവിടെയൊന്നോടിയൊളിക്കും?

(ചങ്ങമ്പുഴ — പ്രഭാതപുഷ്പം)

[3] ധൂമിക= മൂടൽമഞ്ഞ്

[4] ചിലപ്പോൾ വെറും ചാരം പരക്കെപ്പൂശീടും നീ

(വള്ളത്തോൾ — കിളിക്കൊഞ്ചൽ)

[5] യൂറോപ്യൻ കാലാവസ്ഥയിൽ ഇലകൾ കൊഴിയുകയും മഞ്ഞുവീണു തുടങ്ങുകയും ചെയ്യുന്ന ഋതുവിനെയാണ് വിവക്ഷിച്ചിട്ടുള്ളത്. (automne ഇംഗ്ലീഷിൽ–autumn.)

[6] ചിലപ്പോൾപ്പുതുകൊണ്ടൽത്തമാല വിപിനം നീ
ചിലപ്പോൾ സിതമേഘമണലിൻ കടൽപ്പുറം

(വള്ളത്തോൾ — കിളിക്കൊഞ്ചൽ)

[7] ഉത്തരമേഘദ്യുതിപൂണ്ട ധൂമമാം
കറുത്ത മേൽക്കെട്ടി കൃശാനു കെട്ടിനാൻ

(ഉള്ളൂർ — ഉമാകേരളം)

മേഘങ്ങളുടെ പിളരുന്ന പളുങ്ക് മേൽക്കൂരയ്ക്കുകീഴിൽ

(സച്ചിദാനന്ദൻ — മഴയുടെ നാനാർത്ഥം)

[8] ധൂമനാളി = പുകക്കുഴൽ

[9] എന്നസ്ഥിയിലുണ്ടൊരു സൂര്യൻ
മഞ്ഞജ്ജ്വാലയൊഴുക്കി
മജ്ജയുരുക്കിയുരുക്കി
മങ്ങിത്തെളിയുമൊരിത്തിരി മഞ്ഞസ്സൂര്യൻ

(സച്ചിദാനന്ദൻ — അഞ്ചുസൂര്യൻ)

താണസൂര്യൻ പടിഞ്ഞാറെ–
പ്പർവ്വതത്തിൻ തടങ്ങളിൽ
തണുത്തു മഞ്ഞ നിറവായ്,
ത്തങ്ങി വൃക്ഷങ്ങൾമേൽ വെയിൽ

(ആശാൻ — ബാലരാമായണം)

സൂര്യനെച്ചിൽക്കിണ്ണമെന്നപോലൊളി കെട്ടഭ്ര–
ച്ചേറിലയ്യോ മുങ്ങിമുങ്ങിലെന്നപോലെ നില്ക്കേ

(ഇടശ്ശേരി — കാവിലെ പാട്ട്)

അന്നു ഞാൻ കെടാൻ പോകുമാദിത്യക്കനലൂതി
പൊന്നന്തിത്തിരിമോദാൽ കൊളുത്തും വീട്ടിനുള്ളിൽ

(ചങ്ങമ്പുഴ — അതിമാനുഷൻ)

[10] വേണ്ടേ തെല്ലഭിമാനമവർക്കും
വിണ്ടലത്തിന്റെ മേൽക്കോയ്മയെപ്പറ്റി

(കെ. കെ. രാജാ — വിളിച്ചപറയും)

[11] കൃസ്ത്യൻ പള്ളികളിൽ ത്രികാലജപവുമായി ബന്ധപ്പെട്ട ത്രിസന്ധ്യകളിൽ മു മ്മൂന്നു തവണ മുഴക്കപ്പെടുന്ന മണിനാദം (Angelus)

[12] ഇവിടെ നിന്നിക്ഷണമയ്യ–ഞാനി–
ന്നെവിടെയൊന്നോടിയൊളിക്കും?

(ചങ്ങമ്പുഴ — പ്രഭാതബാഷ്പം)

[13] മുറിക്കലാപം: മുറിവിപ്ലവം

[14] ആവിഷ്ടൻ: വാനത്താൽ ആവേശിക്കപ്പെട്ടവൻ (വാനത്താൽ കീഴടക്കപ്പെ ട്ട മനസ്സാകെ വാനത്താൽ നിറയപ്പെട്ട ആത്മവിസ്മൃതിയിലാണ്ടവൻ)

[15] യാതൊന്നു കാണ്മതതു നാരായണപ്രതിമ
യാതൊന്നു കേൾപ്പതതു നാരായണസ്തുതികൾ
യാതൊന്നു ചെയ്‌വതതു നാരായണാർച്ചനകൾ
യാതൊന്നതൊക്കെ ഹരിനാരായണായനമ!

(എഴുത്തച്ഛൻ — ഹരിനാമകീർത്തനം)

മല്ലാർമ്മേയുടെ ഈ വാനമെന്ന പ്രതീകം അനാദിയും അപ്രമേയവും ശാ ശ്വതവും പുരാണവുമായ കേവലസത്തയെ കുറിക്കുന്നുവെന്നു പറയാം. വാ നത്തെ ശാശ്വതമെന്നും പുരാണമെന്നും അദ്ദേഹം വിശേഷിപ്പിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്.

അജോ നിത്യ: ശാശ്വതോയം പുരാണോ
ന ഹന്യതേ ഹന്യമാനേ ശരീരേ

(എഴുത്തച്ഛൻ — ഗീത II–20)

(ഇവൻ ഒരിക്കലും ജനിക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല. ജനിച്ചിട്ട വീ ണ്ടും ജനിക്കാതിരിക്കുന്നുമില്ല. അജനും (ജനനരഹിതനും) നിത്യനും ശാശ്വ തനും പുരാണനുമായ ഇവൻ ശരീരം ഹതമാകുമ്പോൾ ഹനിക്കപ്പെടുന്നില്ല.– വിദ്വാൻ പ്രകാശത്തിന്റെ തർജ്ജമ)

eternel (ശാശ്വതൻ), ancien (പുരാണൻ) എന്നീ പദങ്ങളാണ് മല്ലാർമ്മേ പ്രയോഗിച്ചിട്ടുള്ളത്. ഈ കവിത 1887-ൽ പ്രസിദ്ധപ്പെടുത്തിയ സമാഹാ രത്തിലുള്ളതാണ്. ഇംഗ്ലീഷ് പ്രൊഫസറായിരുന്ന അദ്ദേഹം ഗീത വായി ച്ചിരുന്നുവോ? എഡ്വിൻ ആർനോൾഡിന്റെ ഇംഗ്ലീഷിലുള്ള ഗീതാപരിഭാഷ

1885-ലാണ് ലണ്ടനിൽ പ്രസിദ്ധീകരിച്ചത്. മതവിശ്വാസം മുമ്പേ നഷ്ടപ്പെട്ടിരുന്നുവെങ്കിലും കേവലസത്തയെന്ന ആദർശാത്മകമായ പരിശുദ്ധിയോടു ആഭിമുഖ്യം പുലർത്തിയിരുന്ന ആദ്ദേഹം ആർനോൾഡിന്റെ പരിഭാഷയിലൂടെയോ മറ്റു വിധത്തിലോ ഗീതയുമായി പരിചയപ്പെട്ടിരുന്നുവോ? ഗീത കണ്ടിരുന്നെങ്കിലും ഇല്ലെങ്കിലും കേവലാത്മനെ സംബന്ധിച്ച മല്ലാർമ്മേയുടെ അവബോധവും ഗീതയിലെ നിർവചനവും തമ്മിലുള്ള സാമ്യം കൗതുകകരം തന്നെ.

കരളിന്നുള്ളിൽ കണ്ണീർമഴ

പോൾ വെർലേൻ (1844–1896)

PAUL VERLAINE

ഒരു പ്രസ്ഥാനമെന്ന നിലയിൽ സിമ്പോളിസം നിലവിലില്ലാതായിട്ടും ഫ്രഞ്ച് സിമ്പോളിസ്റ്റ് കവികളിൽ പോൾ വെർലേൻ ഇന്നും കാവ്യാസ്വാദകരെ ആകർഷിക്കുന്നു. അമിതമായ മദ്യാസക്തിയും വഴിതെറ്റിയ വൈകാരികജീവിതവും കാരണം സമൂഹത്തിന്റെ വെറുപ്പും നിന്ദയും അദ്ദേഹം ഏറ്റുവാങ്ങി. (കൂട്ടുകാരനായ റെമ്പോ (Rimbaud) വിനെ വെടിവച്ചു പരിക്കേല്പിച്ചതിനു ഒരു മാസവും ജയിലിൽ കിടന്നിട്ടുണ്ട്. എന്നിരുന്നിട്ടും വിയ്യോനെ (Villon പ്പോലെ വെർലേനും സാഹിത്യലോകത്തിന്റെ അംഗീകാരം പിടിച്ചുപറ്റി. മരിക്കുന്നതിനു രണ്ടുകൊല്ലം മുമ്പു (1894) ഫ്രാൻസിലെ 'കവിരാജൻ' (Prince Des Poetes) ആയി അദ്ദേഹം തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. നിഗൂഢത ചൂഴ്ന്ന പ്രതീകാത്മകതയും സംഗീതസാന്ദ്രതയും ശോകപരതയും വെർലേൻ കവിതകളുടെ സവിശേഷതകളാണ്.

[1] എന്നുള്ളിൽക്കണ്ണുനീർമഴ; വെളി–
യിങ്കൽത്തുമഴ പെയ്യവേ;
എൻ കരളിനെ കാർന്നിടുന്നിതാം
ഈയൊരാതങ്കമേതുവാൻ?
മേൽപ്പുരമേലും കീഴ്ത്തറയിലും
മാരി വീഴ്വൂ മൃദുസ്വരം;
ഹാ, മഴയുടെ മഞ്ജുസംഗീതം [2]
ദീനമാനസമൊന്നിനായ്!
താന്തമീഹൃദയത്തിനുള്ളിലെ–
ബ്ബാഷ്പവർഷമകാരണം;
ഇല്ല സന്ദേഹ, മിക്കദനത്തി–
നില്ല കാരണമൊന്നുമേ. [3]
[4] പ്രേമമില്ല, വിദ്വേഷമില്ലെന്നാ–
ലെന്മനമെന്തിന്നിത്ര മേൽ
സങ്കടപ്പെടുന്നെന്നറിയാത്ത–
തെന്തിലുമേറെസ്സങ്കടം! [5]

IL PLEURE DANS MON COEUR

കുറിപ്പുകൾ

[1] പറയുവാനിങ്ങു പദമില്ലാഞ്ഞു ഹാ
ശിശുപോലെൻകരൾ കരയുന്നു

(പി. കുഞ്ഞിരാമൻ നായർ — ഹൃദയം)

ഒപ്പിയെടുക്കുകാത്മാവിൻ ചുടു–
ബാഷ്പങ്ങൾ ചുംബനത്താൽ നീ

(പി. കുഞ്ഞിരാമൻ നായർ — പ്രേമപൗർണ്ണമി)

കണ്ണീർക്കണത്തെക്കരളിങ്കൽനിന്നും
ചുംബിച്ചെടുക്കും മൃദുലാധരോഷ്ഠം

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

കണ്ണീർപൊഴിപ്പൂ മഥിതമെൻ മാനസം

(ചങ്ങമ്പുഴ — ഹേമചന്ദ്രിക)

ഹൃദയബാഷ്പത്തിനുള്ളോരനഘമാം
മധുരിമ നമുക്കൊന്നിച്ചശിച്ചിടാം

(ചങ്ങമ്പുഴ — ഇരുളിൽ)

ഖിന്നമെന്നകതാരിലുമേതോ
കണ്ണുനീരിൻ കണങ്ങൾ തിളങ്ങി

(സുഗതകുമാരി — മുത്തെടുക്കൽ)

നിശ്ശബ്ദമാവിളി കേൾക്കയെന്നാത്മാവിൽ
അശ്രുബിന്ദുക്കൾ നിറഞ്ഞുവെങ്കിൽ

(സുഗതകുമാരി — പുതിയൊരു നാർസിസസ്സ്)

എന്നിലെന്നോമലാൾ വന്നു നിന്നു
കണ്ണീരിറക്കും കരളുമായി

(ഒളപ്പമണ്ണ — കുതിർന്ന കണ്ണുകൾ)

നേരിന്റെ പുഴ നിറച്ചു
നോവിന്റെ മഴ ചാറുന്നു.
മഴയെല്ലാം ചാറുന്നതും
ഉണ്ണീടെ നെഞ്ചിലല്ലോ

(ഡി. വിനയചന്ദ്രൻ — യാത്രപ്പാട്ട്)

പിന്നെക്കരയുവതെങ്ങിനെ? കന്യകൾ
കണ്ണീർ കരളിലൊളിപ്പിച്ചിടേണ്ടവർ

(പുതുശ്ശേരി രാമചന്ദ്രൻ — ആശ്രമത്തിന്റെ കണ്ണീർ)

ഇനിവരാനുള്ള സദുഃഖ പുഷ്പങ്ങളി–
ക്കരളിന്റെ കണ്ണീരിലലിറനാകും

(കുരീപ്പുഴ ശ്രീകുമാർ — ഹബീബിന്റെ ദിനക്കുറിപ്പുകൾ)

അവിദിതമേതോ വേദനപൊങ്ങി
ക്കരളിൽ കണ്ണീർ വിങ്ങി

(ടാഗോർ — ഗീതാഞ്ജലി (ജി.))

[2] പാരിൽ വീഴുന്ന മേന്മേൽവലുതാമാ–
വാരി ബിന്ദുക്കൾ പിന്നെയും പിന്നെയും,

ഒന്നുപോലെയലച്ചാർത്തുയർത്തുന്നു
വന്നുചേരുന്ന നീർത്തുള്ളിയോരോന്നും
(ബാലാമണിയമ്മ — മഴത്തുള്ളികൾ)

നൂറുചോലകളായിക്കായലായ്ക്കടലായി
മാറുമിത്തെളിനീരിൻ ഗാനമായ് മാറുന്നു ഞാൻ
(സുഗതകുമാരി — വർഷമയൂരം)

ഇരവിൽപ്പുതുമഴത്തുള്ളികൾ മണ്ണിൽത്തുള്ളും
വിരുതമവിരാമ കേട്ടുഞാൻ കിടക്കുമ്പോൾ
(വൈലോപ്പിള്ളി — കുറുമൊഴി)

പലപദങ്ങൾ പാടിയും
പലനലങ്ങളോതിയും
അവർ വരുന്നു സംഘമായ്
നവയുഗത്തിനുണ്ണികൾ
(വൈലോപ്പിള്ളി — മഴത്തുള്ളികൾ)

വരിച്ചിട്ടയോടേ പടപ്പാട്ടുപാടി
ശ്ശരിയ്ക്കാമഴത്തുള്ളിതൻ ജാഥനീങ്ങി
(വൈലോപ്പിള്ളി — നടക്കാവിൽ)

വാരഞ്ചും ചെറുകാൽചിലമ്പൊലിയോടേ
നീർദ്ധാര കൂത്താടിടും, നേരം ...
(വൈലോപ്പിള്ളി — വേനൽക്കൊരു മഴ)

ഊഴികലുങ്ങുന്ന പഞ്ചവാദ്യത്തൊടു
മാരിക്കു മേളക്കൊഴുപ്പുകൂട്ടാൻ
(പി. കുഞ്ഞിരാമൻ നായർ — കാലവർഷം)

പുതുമഴ മേഘങ്ങളുടെ പിളരുന്ന മേൽക്കൂരയ്ക്കുകീഴിൽ
വയലിനുകളുടെ ഒരു താഴ്വരയാണ്.
(സച്ചിദാനന്ദൻ — മഴയുടെ നാനാർത്ഥം)

കഴൽത്തള കിലുകിലുക്കി
കെഴക്കൻമഴ വരവായേ
(സച്ചിദാനന്ദൻ — പുലയപ്പാട്ട്)

ഖരാക്ഷരങ്ങിൽ മഴകുതറുന്നു
(സച്ചിദാനന്ദൻ — ഇനിയും)

മഴവന്നിട്ടകക്കാമ്പിൽ
മണിപോലെ മുഴങ്ങവേ
(സച്ചിദാനന്ദൻ — കവിബുദ്ധൻ)

പടിഞ്ഞാറൻകാറ്റിൻ പരുക്കൻചോടുകൾ
പെരുമഴകൊണ്ടു ചിലമ്പു കെട്ടുമ്പോൾ
(ബാലചന്ദ്രൻ ചുള്ളിക്കാട് — തേർവാഴ്ച)

ഇറ്റിറ്റുവീഴും മഴത്തുള്ളികളിലകളിൽ
മുറ്റവെള്ളത്തിൽ ലോഹപാത്രത്തിൽ ധ്വനിപ്പിക്കും
സ്വാദു'കേദാരം' ......

(കടവനാട് കുട്ടികൃഷ്ണൻ — നാദനൈവേദ്യം)

മാരിപെയ്കയാണിന്നു ഝർഝരസ്വരത്തോടെ
വാനിടിഞ്ഞെത്തും വാരിധാരയ്ക്കിങ്ങിടംപോരാ
... ...
നിരസ്തനിദ്രമായിരിക്കും മൽപ്രാണൻ
പതിക്കുന്ന വർഷാജലധാരയുടെ
ശ്രുതിയൊടുചേർന്നു മുതിരുന്നു പാടാൻ

(ടാഗോർ — ഗീതാഞ്ജലി (ജി.))

[3] എങ്കിലുമെന്മനമേതോ നിഗൂഢമാം
സന്തപ്തചിന്തയാൽ നിത്യമൂകം

(ജി. കുമാരപിള്ള — ചിത്രകാരൻ)

എന്മനം നീറുന്നു സന്തതം ഞാ–
നെന്തിനെന്നില്ലാതെ കേണിടുന്നു

(ചങ്ങമ്പുഴ — നഷ്ടഭാഗ്യസ്മൃതി)

ഹേതുവില്ലാതെൻ മാനസം വൃഥാ
വേദനിച്ചു മധുരമായ്

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

പിടയാറില്ലേ നിൻ ഹതചേതന
പിടികിട്ടാത്തൊരു വേദനയാൽ

(ചങ്ങമ്പുഴ — മനസ്വിനി)

മുകിൽനിരകൾപോലിഴഞ്ഞു കേറുന്നു
മുഖപടമിട്ട വ്യഥകളെന്നുള്ളിൽ

(ബാലാമണിയമ്മ — തനിച്ച്)

എൻ കരളിലീയാടലിൻ മൂടലൊ–
ന്നങ്കുരിപ്പതിന്നെന്തുണ്ടു കാരണം?

(ബാലാമണിയമ്മ — ദുഃഖത്തിന്റെ നിഴൽ)

അന്തിയാകുമ്പോൾ വെട്ടം മങ്ങുമ്പോളകാരണ–
ക്ലാന്തമാം മനം തോഴീ, ദുഃഖത്താൽ തുളുമ്പുമ്പോൾ

(എൻ. വി. കൃഷ്ണവാരിയർ — എന്റെ മൂന്നു വീടുകൾ)

കാരണം കൂടാതെയുള്ളം നിറയുന്നു
കൺകളിൽ കണ്ണീരുറഞ്ഞിടുന്നു.

(എൻ. വി. കൃഷ്ണവാരിയർ — ഫിറാക് ഗോരക്പുരിയുടെ ഗസൽ)

[4] ഇല്ലാ ചിരിചുണ്ടി, ലില്ല കണ്ണീർ കണ്ണി,
ലില്ല തലച്ചോറിൽ വൈരവും സ്നേഹവും

ചെങ്ങിപ്പൂലരുന്നതില്ലാ പ്രതീക്ഷകൾ
മങ്ങിയിരുളുന്നുമില്ലാ നിരാശകൾ

(എൻ. വി. കൃഷ്ണവാരിയർ — മരിച്ചവർ)

[5] അശ്രുവിൽ നീരാടുമീയന്തരാത്മാവിൻ സ്വപ്ന–
മജ്ഞാതമൃദുവേണുനാദത്തെത്തിരയുന്നു

(പി. കുഞ്ഞിരാമൻ നായർ — കൃഷിക്കാരന്റെ പാട്ട്)

രമ്യങ്ങൾ കാൺകെ മധുരക്വണിതങ്ങൾ കേൾക്കേ
ഉൽക്കണ്ഠിതത്വമവിയുക്തനു മങ്കരിക്കിൽ
ഹൃല്ലീനമായ ജനനാന്തര സൗഹൃദത്തെ–
യസ്പഷ്ടമോർത്തിടുകയാവുമതെന്നുറയ്ക്കാം

(കാളിദാസൻ — ശാകുന്തളം)

(വള്ളത്തോൾ തർജ്ജമ)

മേൽപ്പുരയ്ക്കും മുകളിൽ

പോൾ വെർലേൻ (1844–1896)

PAUL VERLAINE

എന്തുമാത്രം വിമലം പ്രശാന്തമീ
മേൽപ്പുരയ്ക്കുമതീതമാം വിണ്ടലം!
ചേലിലാട്ടിയുറക്കുന്നു ചില്ലയെ
മേൽപ്പുരയ്ക്കും മുകളിലെ മാമരം. [1]
കാണുമാവിണ്ടലത്തിൽ മുഴങ്ങുന്നു
ത്തുമണിസ്വനം ശാന്തമധുരമായ്;
കാണുമാമരത്തിന്മേലൊരു കിളി
പാടിടുന്നു തദീയമാം വേദന.
എന്റെ ദൈവമേ, ദൈവമേ, ജീവിത–
മങ്ങനിശം സരളവും സ്വസ്ഥവും.
പട്ടണത്തിന്നിരമ്പവുമങ്ങല–
ച്ചെത്തവേ പേർത്തും ശാന്തത നേടുന്നു. [2]
എന്തുചെയ്തുനീ, യിങ്ങുനിരന്തരം
നൊന്തു നീറിക്കരഞ്ഞു കഴിയുവാൻ?
ചൊല്ലുകെന്തൊന്നു ചെയ്തുപോ,യിങ്ങിനെ
യല്ലലേലുവാൻ, യൗവനം കൊണ്ടുനീ?

LE CIEL EST PAR–DESSUS LE TOIT

കുറിപ്പുകൾ

[1] മലയ്ക്കുമീതെ പുലരിവെളിച്ചം
മനസ്സിലൂറുമൊരസ്വാസ്ഥ്യം
മലയ്ക്കുമേൽ നിന്നരുണോദയഭാ–
സ്സൊലിച്ച ജീവനിൽ നിറയുന്നു.
… … … … …
മലയ്ക്കുമീതെ ദിവ്യമഹസ്സീ
മനസ്സിലക്ഷയമാനന്ദം
(ബാലാമണിയമ്മ — മലകയറ്റം)

[2] അന്തികത്തുള്ള മഹാനഗരത്തിലെ–
സന്തതാരാവങ്ങളുണ്ടു ദൂരെക്കാട്ടിൽ
മന്ദമായ് വണ്ടുകൾ മൂളുമൊലിയെന്നു

സന്ദേഹമായിയിളം കാറ്റിലെത്തുന്നു.

(ആശാൻ — ശ്രീബുദ്ധചരിതം)

വെണ്ണിലാവ്

പോൽ വെർലേൻ (1844–1896)

PAUL VERLAINE

തന്നേക്കാൾ പ്രായം കുറഞ്ഞ സുഹൃത്തും സഹവർത്തിയുമായ കവി റെമ്പോവിനെ വെടിവെച്ചതിനു ജയിൽശിക്ഷ അനുഭവിക്കുമ്പോഴാണ് വെർലേൻ ഇതെഴുതിയത്. പശ്ചാത്താപാർദ്രമായ സ്വന്തം ഹൃദയത്തിന്റെ വിതുമ്പലും ഇടക്കാലത്ത് കൈവിട്ട കൃസ്തുമത (കത്തോലിക്കാ) വിശ്വാസത്തിലേയ്ക്കു തിരിച്ചുപോകുന്നതിനുള്ള വെമ്പലും ഇതുൾക്കൊള്ളുന്നു.

പാർവണചന്ദ്രൻ കാനനങ്ങളിൽ
പാലൊളി തൂവി രാജിപ്പൂ.
കൈകൾ കോർത്തുപിടിച്ച പാദപ–
പംക്തിപ്പന്തലിൻ കീഴിലായ്
പൊങ്ങിടുന്നോരോ ചില്ലയിൽനിന്നും
ഗാനമൊന്നുമൽക്കാമിനീ. [1]
കാറ്റുവന്നു കരഞ്ഞിടുന്നതാം
[2] കാട്ടരളിതൻ കാർനിഴൽ
കാണ്മൂ വാപിയിലാഴമുള്ളൊരു
വാർമുകുരത്തിലെന്നപോൽ. [3]
സുന്ദരസ്വപ്നസാഗരത്തിങ്കൽ
നമ്മളാഴുവാൻ നേരമായ്.
വെണ്മതി വിളക്കീടും പാവന
വിണ്ടലത്തിങ്കൽ നിന്നുമേ
വന്നിറങ്ങീടുന്നാർദ്രമായി നി–
സ്സീമമാമൊരു സാന്ത്വനം.
വേളയിങ്ങിതു നിർവൃതിയുടെ
വേളയാണു പൊന്നോമലേ! [4]

LA LUNE BLANCHE

കുറിപ്പുകൾ

[1] ഇതിലെ കൈകൾ കോർത്തു പിടിച്ച മരങ്ങളും കാറ്റുവന്നു കരയുന്ന കാട്ടരളിയുടെ കാർനിഴലും ആഴമുള്ള മുകുരവും സ്വപ്നസാഗരവുമെല്ലാം പ്രതീകാത്മകമാണ്.
തുംഗതരുക്കൾതൻ മേലവയോടൊട്ടു

സംഗതനായ് വിണ്ണിൽനിന്നു സുധാകരൻ
ഭംഗികോലും സ്ഫടികദീപം പോലെ
ശൃംഗാരരശ്മി ചൊരിഞ്ഞു, വിചിത്രമാം
അത്തുവിളക്കിൻ നിഴൽമണ്ഡലം പോലെ
തങ്ങിനിന്നു ചുവട്ടിൽ തരുച്ഛായകൾ

(ആശാൻ — ശ്രീബുദ്ധചരിതം)

വഴിക്കിരുപുറം മരങ്ങൾ കൈകൾ കോർ–
ത്തുയർത്തും പന്തൽച്ചാർത്തിരുട്ടിലല്ലാതെ

(സുഗതകുമാരി — അസൂയ)

ദൂരത്തു ദൂരത്തു വന്മരങ്ങൾ
വാരിച്ചൊരിയുന്ന മർമ്മരങ്ങൾ

(ചങ്ങമ്പുഴ — യാത്രപറയുമ്പോൾ)

[2] കാട്ടരളി = അരളിവർഗ്ഗത്തിൽപെട്ട saule (ഇംഗ്ലീഷിൽ Willow) 'കരയുന്ന അരളി' എന്നൊരു ഇനം തന്നെയുണ്ട്.

[3] ഒളിയാർന്ന വിയൽപ്പടത്തിനോമൽ–
ക്കുളിർകണ്ണാടിയിൽ മൂടിയിട്ടപോലേ
നളിനീമണി തന്നടിക്കു താരാ–
മിളിതാബ്ജാദി പദാർത്ഥമേന്തിമിന്നി

(ഉള്ളൂർ — ഉമാകേരളം)

പരമുണ്ടൊരു രമ്യമാം തടാകം
ധരണിപ്പെണ്ണിനു ദർപ്പണം കണക്കേ

(ഉള്ളൂർ — ഉമാകേരളം)

[4] അനല്പഭാസ്സാർന്നു സുധാംശുവിണ്ണി–
ലണഞ്ഞൊരീ രാത്രിയിലാത്തമോദം
പരസ്പരം പ്രേമരസം പകർന്നും
പരശ്ശതം നർമ്മവചസ്സുചൊന്നും
പുരയ്ക്കകത്തിങ്ങനെ കൂട്ടകല്ലി
വരാംഗി രാഗാർദ്രഹൃദന്തർ നമ്മൾ?

(ചങ്ങമ്പുഴ — സല്ലാപം)

ഇളകുമിലകൾക്കിടയിലൂടേ
തെളുതെളെച്ചോരുന്ന ചന്ദ്രികയാൽ
നിഴലും വെളിച്ചവുമൊത്തുചേർന്നു
നിറയുമീ രമ്യനിശീഥരംഗം
അലിയിക്കയാണെന്നെ മന്ദമന്ദ–
മനുപമാനന്ദസരസ്സിലൊന്നിൽ

(ചങ്ങമ്പുഴ — വയ്യ)

ഭൂമിതൻ കല്യാണമംഗളവേളയിൽ
പ്രേമാമൃതം നീ വിളമ്പുക തിങ്കളേ

(പി. കുഞ്ഞിരാമൻ നായർ — ശാന്തിമണ്ഡപം)

വിണ്ണിൻ കന്യകാഗീതിപോലെയി–
ച്ചന്ദ്രിക വന്നിറങ്ങുമ്പോൾ

(പി. കുഞ്ഞിരാമൻ നായർ — പ്രേമ പൗർണ്ണമി)

പാവനപ്രേമാർത്ഥനപോ–ലങ്ങു
പാതിരച്ചന്ദ്രനുയർന്നു.
ഇപ്രപഞ്ചഹൃദയത്തി–നക–
ത്തത്ഭുതമാം രഹസ്യത്തിൽ
പൊന്തുന്നിതവ്യക്തമേതോ–ദിവ്യ
ശാന്തിതൻ വീണാസ്വനങ്ങൾ

(പി. കുഞ്ഞിരാമൻ നായർ — പ്രേമ പൗർണ്ണമി)

ആതിഥ്യം

പോൾ ദെറുലേദ് (1846–1914)

PAUL DEROULEDE

സൈനികജീവിതത്തെ സ്പർശിക്കുന്ന വികാരോഷ്മളങ്ങളായ കവിതകളുടെ കർത്താവെന്ന നിലയിൽ പ്രശസ്തനാണ് പോൾ ദെറുലേദ്.

‘ഇനിയും ചെയ്‌വതെന്തവിടെ, വല്ല്യമ്മേ?
മുറിയിലുണ്ടു ചൂടെനിയ്ക്കു വേണ്ടപോൽ,
അടുപ്പണച്ചോളൂ, തണുപ്പു തീർന്നുപോ–
യെടുത്തു മാറ്റിടാം വിറകുകൊള്ളികൾ.’
വെറുതെയാണെന്റെ പറച്ചിൽ, വല്യമ്മ
വിറകു വീണ്ടുമിട്ടുണർത്തി വഹ്നിയെ.
‘അരിയ സൈനികാ, തണുപ്പു മാറ്റുവാൻ
ശരിയ്ക്കു ചൂടേൽക്കു, ശരിയ്ക്കു ചൂടേൽക്കു!’
‘വിശപ്പെനിക്കില്ലാ. സദയമീ വീഞ്ഞു–
മുണക്കമാംസവും തിരിച്ചെടുക്കണേ,
വഴിയ്ക്കു താവളമടിച്ചപ്പോൾ സൂപ്പു
കഴിച്ചേൻ വല്യമ്മേ വിളമ്പായ്കിങ്ങൊന്നും.’
അവരുണ്ടോ കേൾക്കു,ന്നെനിക്കായിട്ടപ്പം
നുറുക്കി, വീഞ്ഞവർ പകർന്നു കോപ്പയിൽ.
‘അരിയ സൈനികാ, തളർച്ച തീർക്കുവാൻ
ശരിയ്ക്കു ഭക്ഷിക്കു, ശരിയ്ക്കു ഭക്ഷിക്കു!’
‘ഇതാർക്കു കമ്പിളിവിരിപ്പു വല്യമ്മേ,
ഭടന്റെ ജീവിതമറിവീലാ നിങ്ങൾ,
തൊഴുത്തിൽ പുൽക്കുനപ്പുറത്തു പേർത്തുമൊ–
രരചനെപ്പോലെ കിടന്നുറങ്ങും ഞാൻ.’
അവരുണ്ടോ വിട്ടു, ന്നെനിയ്ക്കു ശയ്യക്കാ–
യൊരുക്കി കമ്പിളിവിരിപ്പുകൾ വൃദ്ധ.
‘സുഖനിദ്രകൊള്ളാനരിയ സൈനികാ,
കിടന്നുകൊണ്ടാലും, കിടന്നുകൊണ്ടാലും!’
ദിനം പിറന്നല്ലോ, പിരിയാൻ നേരമായ്
വിടചൊന്നേ, നെന്നാലിതെന്തു പറ്റിപ്പോയ്?
കനമേറെത്തൂങ്ങുന്നിവന്റെ സഞ്ചിയിൽ.
‘ഇതൊക്കെയെന്തിനാണിവന്നു വല്യമ്മേ,
അതിഥിസൽക്കാരത്തിനുമതിരില്ലേ?’

ഉദാരയാം വൃദ്ധഗൃഹണി, പാവന,
പകുതി കണ്ണുനീർ, പകുതി പുഞ്ചിരി
പൊഴിച്ചോതി: 'നീയെൻ മകനെപ്പോൽ ഭടൻ!' [1]

LE BON GITE

കുറിപ്പുകൾ

[1] പട്ടാളക്കാരനായ അതിഥിയിൽ വീട്ടമ്മ പട്ടാളത്തിലുള്ള സ്വന്തം മകനെ കാണുന്നു.

അരികെലെന്നമ്മേയറിയുന്നു മകൻ
നിറയും നിൻമിഴി തിളയ്ക്കും സ്നേഹത്തി–
ന്നുറവയേതെന്നും നിറവിതേതെന്നും
നിറഞ്ഞെന്നിൽ വീണ്ടും തുളുമ്പി നീ നില്ക്കെ

(പഴവിള രമേശൻ — തിരയടങ്ങുന്നു)

ഒരു പെൺതരി വീട്ടിന്നാഘോഷ, മുണ്ടെൻ വീട്ടി–
ലൊരു പൊന്മകൾ, കാട്ടിൽ നീയൊരു കറമ്പിയും

(വൈലോപ്പിള്ളി — വളർത്തുമകൾ)

തേനീച്ച മേയ്ക്കൽ

ഫ്രാംസ്വാ ഫബിയെ (1846–1928)

FRANCOIS FABIE

ഗ്രാമജീവിതത്തിന്റെ സൗന്ദര്യത്തെക്കുറിച്ച് കൂടുതൽ പാടിയിട്ടുള്ള കവിയാണ് ഫ്രാംസ്വാ ഫബിയെ. ‘കൃഷിഭൂമിയുടെ കവി’യായിട്ടാണ് അദ്ദേഹം അറിയപ്പെട്ടുന്നത്.

അരിയവേനലിൽ പ്പുൽപ്പരപ്പൊക്കെയും
പരമരമ്യമാം പൂന്തോപ്പായ് മാറുമ്പോൾ
കതിർ വിളഞ്ഞെഴും ഗൊതമ്പുപാടങ്ങ–
ളൊരു കനകക്കടലായിത്തീരുമ്പോൾ [1]
പുതുചിറകു വിരുത്തുന്ന പിഞ്ചിളം
കിളികൾ കന്നിപ്പറക്കൽ നടത്തുമ്പോൾ
പുതിയ കൊയ്ത്തരിവാളുകൾ തീർപ്പതിൻ
നിനദമെങ്ങുമേ മാറ്റൊലിക്കൊള്ളുമ്പോൾ
ഇനിയ തേനീച്ചക്കൂട്ടത്തെ മേച്ചിടു–
മിടയനാക്കുക യെന്തൊരാനന്ദമാം!
വെറുമൊരെട്ടാണ്ടുകാരനായച്ഛന്റെ
കൃഷിയിടത്തിൽക്കഴിഞ്ഞൊരാ നാൾകളിൽ
കരൾനിറയെ ക്കുതുഹലം പാരുമീ–
പ്പണി നടത്തുവാൻ ഭാഗ്യമുണ്ടായി മേ.
ഫലഭരമേന്തിനില്ക്കും തരുക്കളിൽ
നിബിഡമിലച്ചാർത്തിൻ കുളിർമ്മയിൽ
പഴയ തേനീച്ചക്കൂട്ടങ്ങൾ തോട്ടത്തെ
മുഖരിതമാക്കിയാ വേനൽനാൾകളിൽ. [2]
മഹിത വേനൽത്തിമിർപ്പിൽ വിദ്യാലയ–
[3] ത്തടവുമന്ദിരം പൂകാതെ സ്വച്ഛന്ദം
തണലവണിപ്പിച്ച പ്പുൽവിരിമേൽക്കിട–
[4] ന്നരുള, ലാരാൽ പറന്നണഞ്ഞീടുന്ന
പുതിയ തേനീച്ചക്കൂട്ടത്തെപ്പിന്തുടർ–
[5] ന്നലയ,ലെന്തൊരു നാകീയ നിർവൃതി!
അകലെനിന്നു പറന്നെത്തും മക്ഷികാ–
നികരമേ, നിങ്ങൾ ക്ഷീണിതരാകയാൽ
ചെറുതു വിശ്രമംകൊണ്ടാലു മിച്ചാഞ്ഞ
വിടപിശാഖകൾ തന്മേലെ നിർബാധം;
ഇവിടെ നിങ്ങൾതന്നിഷ്ടത്തിനൊത്തുള്ള

പുതുമരക്കുടിരിപ്പുണ്ടു പാർക്കുവാൻ,
തടവെഴാതെയക്കുടികൾ വാണു'സോഴ്[6]
ച്ചെടികൾതൻ നിത്യസൗരഭമേറ്റാലും'–
അകമലിഞ്ഞു നവാഗതരോടിദ–
മന്തനയം ഞാൻ മൃദുസ്വരമോതവേ,
ഒരു മരക്കൊമ്പിലൂക്കനാം മുന്തിരി–
ക്കുല കണക്കവ കൂട്ടമായ്ത്തഞ്ചിടും.
'വരിക, പുത്തനാം പറ്റമൊ'– ന്നച്ഛനോ–
ടുരുമുദം ഞാൻ വിളിച്ചോതുമാക്ഷണം.
അഴലെഴാ, തേറെവൈകാതോ യീച്ചക–
ളഖിലവുമൊരു പുത്തനാം കൂടേറും.
അകലെ മേയുവാൻ പോയോരു കാലിക–
ളിരവിൻ മുമ്പേ തിരിച്ചണഞ്ഞീടുമ്പോൾ
കൃഷിയിടപ്പടിവാതില്ക്കൽ നിന്നുകൊ–
ണ്ടവയെ യുള്ളാലെയച്ഛനെണ്ണീടവേ,
അരികെച്ചെന്നഭിമാനമാർന്നോതും ഞാൻ:
'തിരികെയെത്തിയെൻ തേനീച്ചക്കൂട്ടവും!'
അരിയവേനലിൽ പുൽപ്പരപ്പൊക്കെയും
പരമരമ്യമാം പൂന്തോപ്പായ് മാറുമ്പോൾ,
കതിർവിളഞ്ഞെഴും ഗോതമ്പുപാടങ്ങ–
ളൊരു കനകക്കടലായിത്തീരുമ്പോൾ
ഇനിയ തേനീച്ചക്കൂട്ടത്തെ മേച്ചിടു–
മിടയനാകുക യെന്തൊരാനന്ദമാം! [7]

BERGER D'ABEILLES

കുറിപ്പുകൾ

[1] പുലരിക്കുളിർകാറ്റഴകിൽത്തഴുകും
പുതു നെൽക്കതിരുകളിടതിങ്ങി
പൊന്നലതല്ലുമൊരാഴികണക്കെ
മിന്നിവിടർന്നു പുഞ്ചനിലം

(എം. പി. അപ്പൻ — കൊയ്ത്തുകാലം)

ആഴിപോലെയലയടിക്കുന്നു
ജീവിതത്തിൻ വിശാലമാം പാടം

(കെ. മാധവിയമ്മ — ജീവിതം)

[2] മധുമക്ഷികതൻകൂടിൻ മാതിരി
മധുരമിരമ്പി മധുകാലാവനി

(വൈലോപ്പിള്ളി — തേനീച്ചയുടെ സ്വയംവരം)

[3] കുട്ടികൾക്കുള്ളാക്കുറ്റൻ കൽത്തുറങ്കിനെയോർത്തോർ–
ത്തൊട്ടു ഞാൻ വിഷാദിച്ചു മെല്ലവേ മടങ്ങിപ്പോം

(ബാലാമണിയമ്മ — പോറ്റമ്മ)

ഉല്ലാസം തേടുന്ന കാൽകളെ ബന്ധിപ്പൂ
വല്ലാതിടുങ്ങിയ നിൻചുമർകൾ

(ബാലാമണിയമ്മ — കളിക്കൊട്ടിലിൽ)

വിട്ടയക്കുക കൂട്ടിൽനിന്നെന്നെ ഞാ–
നൊട്ടു വാനിൽ പറന്നു നടക്കട്ടെ

(ബാലാമണിയമ്മ — വിട്ടയക്കുക)

വിദ്യാലയത്തിനകത്തിരുന്നു
മുട്ടാതെ പാഠം പഠിച്ചിടുമ്പോൾ
തുമ്പിയെപ്പോലെ പറക്കയല്ലി
നിൻപഴങ്കൂട്ടിലേയ്ക്കെന്റെ ചിത്തം

(വൈലോപ്പിള്ളി — കൂടും കിളിയും)

ചേലഞ്ചും ബാലകന്മാരുടെ കരതളിരിൽ
കൊള്ളിവയ്ക്കുന്ന ചൂര–
ക്കോലും കൈകൊണ്ടു ഞാനെങ്ങിനെ
മരുവിടുമിപ്പാഠശാലാന്തരത്തിൽ?
ലോലംമച്ചിത്തമയ്യോ, കുതുക ഭരിതനാം
കുട്ടിയെപ്പോലിളം കാ–
റ്റോലും പാടത്തു പച്ചക്കിളിയുടെ
പുറകേ പോകുവാൻ മാഴ്കിടുന്നു.

(വൈലോപ്പിള്ളി — കാരാഗൃഹത്തിൽനിന്നു)

കരുത്തുദിക്ക നിൻകുരുന്നു കൈകൾക്കി–
ക്കളരിയാശാന്റെയുഴിച്ചലാൽ കുഞ്ഞേ
തടവുപുള്ളിയായ് വരികില്ലിപ്പാഠ–
കുടീരത്തിൻ നാലുചുമരിനുള്ളിൽ നീ
വളർത്തുവോർചൊല്ലിക്കൊടുത്തതേചൊല്ലും
കിളികൾ തൻ കൂടല്ലണഞ്ഞതെന്മകൻ

(വള്ളത്തോൾ — ഗുരുനാഥന്റെ തുവൽ)

ഒരു മക്ഷികയായ് ജനിക്കിൽ ഞാനീ–
യുരുകും പൊന്നിഴകും വിഭാതവെയിലിൽ
അരുമപ്പൂതുമല്ലി തോറുമേ വാ–
ക്കുരുവിട്ടുള്ളഴൽ വിട്ടുസഞ്ചരിക്കും

(ജി. — സുമ)

ചേണിയന്ന ചിറകാർന്നൊരോമന–
പ്രാണി, നിൻതടവകന്ന ലീലകൾ
കാണുകിൽ കൊതിവരും, പറിക്കുവാൻ
പോണു, കൊച്ചു കിളിയായതില്ല ഞാൻ

(ആശാൻ — കൊച്ചുകിളി)

നമ്മുടെ വാസുവിനോട്ട പഠിക്കുവാ–
നമ്മ പറയുന്നതെന്തു കഷ്ടം!
കുട്ടിക്കുചെയ്യുവാനെത്രയോ ജോലികൾ
വീട്ടിലും മുറ്റത്തും കാണുന്നില്ലേ?
മാധവനാശാരി സമ്മാനമേകിന
മത്തഗജത്തെയെഴുന്നള്ളിച്ചു
ഉത്സവമൊന്നു കഴിക്കേണ്ട കാലമായ്,
ഉത്സാഹിച്ചീടുവാനാരു പിന്നെ?

(കെ. എസ്. കെ. തളിക്കുളം — വാസുവിന്റെ ജോലിത്തിരക്ക്)

മുയൽക്കിടാങ്ങളെക്കണക്കനേകത്തെ–
യടച്ചുകൂട്ടിലേക്കെന്നെയും
കൊടുത്തെന്നമ്മച്ചി കടക്കും നേരത്തെ
നടുക്കം തീർന്നതില്ലിപ്പൊഴും...
പഠിച്ചു, പഠിച്ചു, പഠിച്ചു, പഠിച്ചു
മടുത്തെനിക്കെന്റമ്മച്ച്യേ!

(കടവനാട് കുട്ടികൃഷ്ണൻ — പഠിത്തപ്പേടി)

Heaven lies about us in our infancy
Shades of the prison - house begin to close
Upon the growing Boy

(Wordsworth — Ode on Intimations of Immortality)

[4] വിശ്രാന്തി നല്കാൻ പരന്നു കിടപ്പൊരു
പച്ചത്തടാകമിപ്പൈമ്പുല്ലിടം
ക്ഷോണിതൻ പച്ചവില്ലീസു വിരിപ്പിതിൽ
വീണുരുണ്ടീടുവാൻ തോന്നുന്നുമേ

(വള്ളത്തോൾ — നിർവാണമണ്ഡലം)

നനവാർന്ന പുൽത്തട്ടിൽ ഞാൻ കിടന്നേൻ
ജനകന്റെ മാർത്തട്ടിലെന്നപോലെ
... ...
കനിവെഴും പുല്ലിൽക്കമിഴ്ന്നു വീണെൻ
കരളമർത്തട്ടെ കരഞ്ഞിടട്ടെ

(വൈലോപ്പിള്ളി — പുല്ലുകൾ)

വാരിളം പുൽച്ചാർത്തിന്മേലുരുളാൻ പോരൂ വീണ്ടും

(ബാലാമണിയമ്മ — രണ്ടു കുട്ടികൾ)

ശ്യാമസുന്ദരമായ മൃദുപുൽപ്പരപ്പിന്മേൽ...
എത്രയുൾപ്പുളകം പൂണ്ടുല്ലസിച്ചീലാ ഞങ്ങൾ

(എം. പി. അപ്പൻ — സുഹൃത്ത്)

പുൽത്തകിടതിലെന്റെ മേൽമുണ്ടു വിരിച്ചുഞാൻ
സ്വസ്ഥനായ് സായാഹ്നത്തിലല്പ വിശ്രാന്തിക്കായി

(കെ. എം. പണിക്കർ — സിംലയിൽ)

കറുകൽപ്പുൽമെഴുകിയ തറയിൽ
കമിഴാനൽക്കട വ്യാമോഹം

(കടമ്മനിട്ട — ശരശയ്യ)

പച്ചപ്പുൽ വിരിച്ചിട്ട പായയിൽ ശയിപ്പിച്ചു
സ്വച്ഛ ജീവിതശയ്യാശക്തികൾ മുലയൂട്ടി

(കടമ്മനിട്ട — പുരുഷസൂക്തം)

[5] ഒരു ചെറിയ പൂമ്പാറ്റ തൻ പിന്നിലൂ–
ടനുഗമിക്കുന്നതാണെനിക്കുത്സവം

(ചങ്ങമ്പുഴ — അന്നും ഇന്നും)

[6] സോഴ് (Sauge) = തോട്ടങ്ങളിൽ വളർത്തുന്ന സുഗന്ധിയായ ഒരു ഔഷധച്ചെടി–ഇംഗ്ലീഷിൽ Sage

[7] മരതകാഭ വഴിഞ്ഞൊഴുകിടുമീ–
ത്തൃണസമാകുല മൈതാഭ്രമിയിൽ
മലരണി വളർവല്ലികൾ ചൂഴ്‌ മീ
മലയജമാല ശീതളച്ഛായയിൽ
കലിതകൗതുക മാട്ടുമേച്ചീവിധം
കഴിയുവാനെന്തു ഭാഗ്യം ലഭിച്ചിടും

(ചങ്ങമ്പുഴ — എനിക്കു വേണ്ടത്)

പള്ളിമണികൾ

ഗബ്രിയേൽ വിക്കേർ (1848–1900)

GABRIEL VICAIRE

നിത്യജിവിതത്തിന്റെ വൈകാരികവശങ്ങളെ ആർജ്ജവത്തിന്റെ ആർദ്രതയോടെ ചിത്രീകരിക്കുന്നവയാണ് ഗബ്രിയേൽ വിക്കേറിന്റെ കവിതകൾ.

മധുരസംഗീതം പൊഴിച്ചിടുന്ന
മണികളേ, മംഗളാഗാത്രിമാരേ,
ചിരകാല മെന്നിഷ്ടതോഴിമാരായ്
മരുവിന നിങ്ങളിലന്നുമിന്നും,
വിധിവശാൽ വേർപെട്ടോനെങ്കിലും, ഞാ–
നവികല സൗഹൃദമാർന്നിടുന്നു.
പരിശുദ്ധ 'കുർബാന' കൊള്ളുവാനായ്
പരിശുദ്ധ മാതാവെ വാഴ്ത്തുവാനായ്
പുലരിയി, ലുച്ചയ്ക്കു, സായാഹ്നത്തിൽ
പലനേരം പാവന വേളകളിൽ
മധുരമായ് നിങ്ങൾ വിളിക്കെ യെന്നുൾ–
ത്തടമേലുന്നാനന്ദവേലിയേറ്റം! [1]
കദനങ്ങളില്ലാതെ കൗമാരത്തിൻ
കളിമടിത്തട്ടിൽ ഞാൻ വാണകാലം,
കറയറ്റിരുന്നതാമെന്റെ പിഞ്ചു–
ഹൃദയത്തിൽ ഭക്തിനാമ്പിട്ടകാലം [2]
നിയതവും നിങ്ങളുതിർത്തിടുന്ന
നിരഘസംഗീതത്തിൻ പൂന്തണലിൽ
സുഖനിദ്രപൂണ്ടു ഞാനെത്രയെത്ര
സുരഭിലസ്വപ്നങ്ങൾ കണ്ടതില്ല! [3]
തെളിവെയിലെങ്ങുമേ താവിടുന്നോ–
രപരാഹ്നവേളയിൽ നിങ്ങൾ തൂകും
സ്വരരാഗ മേളയെക്കാളുമേറെ
മധുരമായ് മറ്റൊന്നില്ലായിരുന്നു. [4]
ചിറകേന്തി യഗ്ഗാനമഞ്ജരികൾ
പ്രസരിക്കേ മന്ദോഷ്ണവായുവിങ്കൽ,
അനുഗമിച്ചീടിനേൻ ഞാനവയെ–
ക്കുതുകാൽ വിടർന്ന മിഴികളാലെ. [5]
ഒരുകൂട്ടമുന്മത്തവെൺപിറാക്കൾ

ഒരുമിച്ചു വന്നുടൻ നാലുപാടും
തുരുതുരെ പ്പാറിപ്പറന്നു നീല–
സുരപഥാന്തത്തിൽ മറയുംപോലെ, [6]
ഒരുവേള പള്ളിയും തൽപുരാണ–
ശവകുടീരപംക്തിയും തൊട്ടുരുമ്മി
അരിയൊരെന്നൂരിൽ മുകളിലൂടാ–
സ്സ്വരമാല വാനിൽ ലയിച്ചിരുന്നു!
ചില കാട്ടുവള്ളിപ്പടർപ്പും പൂപ്പൽ–
പടലവുമേലും പുരയ്ക്കകത്തു
അനിരുദ്ധഗാനനിരതമാരായ്
മരുവുന്ന നിങ്ങളുമായഭംഗം,
പഴകിയ മൈത്രിയ്ക്കു ചേർന്നമട്ടിൽ,
ഹൃദയസംവാദം നടത്തിനേൻ ഞാൻ.
പരിസരമാലസ്യമാണ്ടമരു–
മളവിലീ യാത്മീയസംഗമത്തിൽ
ഹൃദയരഹസ്യങ്ങളെത്ര നമ്മൾ
കലവറയെന്യേ കൈമാറിയില്ല! [7]
സരളസംഗീതസമാർദ്രമായ
നിരുപമാനർഘനിമേഷകങ്ങൾ!
വിറയാർന്നു മെല്ലെ മറഞ്ഞിടുന്നു
ഗതകാല സീമാമതിൽകളിപ്പോൾ,
നെടുനാളായേകാന്തമൂകമാമെൻ–
കരളാതുരത്വമിയന്നിടുന്നു. [8]
മധുരസംഗീതം പൊഴിയിച്ചിടുന്ന
മണികളേ, മംഗളഗാത്രിമാരേ,
കരുണ യിത്തോഴനിലാർന്നിടേണം:
തരികെനിക്കിത്തിരിഭൂതസൗഖ്യം! [9]
തുടുമുഖമാർന്നുഷസ്സെത്തിടുമ്പോൾ
കുടുകുടെ പൊട്ടിച്ചിരിച്ചിടുന്ന,
പകലന്ത്യയാത്ര വഴങ്ങിടുമ്പോ–
ളകതളിർ നൊന്തു കരഞ്ഞിടുന്ന,
അതിരെഴാത്താകാശവീഥി താണ്ടാൻ
നിജനാദ വീചികളെയ്തിടുന്ന,
പ്രിയവാനമ്പാടികൾ ഗോതമ്പപ്പൊൻ–
വയലേലയിങ്കലായ് പാടുംപോലെ
സതതസഞ്ചാരിയാം തെന്നലിന്നു
തുണയായ്ത്തൻ താനങ്ങൾ ഉകിടുന്ന,
ഒരു ഭേദമെന്നിയേ പുൽത്തറയും
പെരുന മൂർദ്ധാവും മുത്തിടുന്ന
മണികളേ, നിങ്ങൾതൻ മഞ്ജുഗാന–
കലവിതൻ വെള്ളിച്ചിറകുകളിൽ [10]
സദയ മെന്നാത്മാവെ ക്കൊണ്ടുപോകു
കമനീയ ഭൂതകാലാംബരത്തിൽ! [11]

LES CLOCHES DU PAYS

കുറിപ്പുകൾ

[1] ത്രിസന്ധ്യനേരങ്ങളിലീശനാമം
പ്രശാന്തമായുള്ളൊരു ശബ്ദമോടെ
വിളിച്ചുരയ്ക്കും മണിനാദമെങ്ങും
മുഴങ്ങിടും കേൾവിയുമന്നു കേൾക്കാം

(മേരി ജോൺ തോട്ടം — മിഷ്യനറിയുടെ രാത്രി)

കാതിലിപ്പൊഴും മുഴങ്ങുകയല്ലി, ഞാൻ
കർമ്മ ചക്രത്തിൽ ക്കറങ്ങിയോടുമ്പോഴും
നോക്കാൻ, നയിക്കാൻ, ലയിക്കാൻ, സ്വയം മാറി–
നില്ക്കാൻ വിധിക്കുന്ന നിന്മണിയൊച്ചകൾ

(ബാലാമണിയമ്മ — ഓർമ്മയിൽ ഒരു ക്ഷേത്രം)

മണ്ഡപത്തിങ്കൽ ചലിച്ചിടും വെള്ളോട്ടു
മണിമുഴക്കങ്ങളെൻ കാതിൽ
ആനന്ദസാരമുതിർക്കവേ, ചരണങ്ങ–
ളാലില പോലെ വിറക്കേ

(അക്കിത്തം — വിഷുക്കണി)

പൊന്തി വിയത്തലലയ്ക്കാറുണ്ടാ
മന്ദ്രമനോഹരമണിനാദം

(വൈലോപ്പിള്ളി — അത്ഭുതമണി)

[2] ഉൽപ്രഭകൗമാരത്തിൽ സ്വപ്നില പ്രഭാതത്തിൽ
പുഷ്പംപോലെൻ ചേതനയിതൾ നീർത്തിടും കാലം

(എൻ. വി. കൃഷ്ണവാരിയർ — കള്ളദൈവങ്ങൾ)

[3] ദുഃഖബാഷ്പം തുടച്ചുവളോർക്കയാം:
അക്കിനാവൊന്നു കാണുമോ വീണ്ടും ഞാൻ

(ബാലാമണിയമ്മ — ആൽച്ചുവട്ടിൽ)

നിഴലിൽത്തപ്പിത്തപ്പി നിങ്ങളെത്തിരക്കുന്നു
നിഹതൻ ഞാനിന്നെന്റെ ശൈശവസ്വപ്നങ്ങളേ

(ചങ്ങമ്പുഴ — കാരാഗൃഹത്തിൽ)

With deep affection
And recollection
I often think of
Those Shandon Bells
Whose sounds so wild would
In the days of childhood,

Fling round my cradle
Their magic spells

(F. Mahony (Father Prout) — The Shandon Bells)

[4] സതതം നിങ്ങൾതൻ നിരഘ നിസ്തുല
സരള സംഗീത കലവികൾ
അനഘമാനന്ദമധുരമൂർച്ഛയിൽ
മുഴുകിപ്പിച്ചതെൻ ഹൃദയത്തെ

(ചങ്ങമ്പുഴ — സ്മരണ)

[5] ആനന്ദത്താലിമകൾ വിടരെക്കൗതുകത്താൽ കുളിർത്തെ–
ന്പാടും നോക്കുന്നളവിലുദയം കൊണ്ട കൗമാരനാളിൽ

(വിഷ്ണുനാരായണൻ നമ്പൂതിരി — അയൽക്കാരൻ)

[6] അമ്മ പുഞ്ചിരി തൂകി, യമ്മന്ദഹാസത്തിന്റെ
വെൺപിറാവുകൾ പാറീ, പുകയും ഗഗനത്തിൽ

(വൈലോപ്പിള്ളി — അമ്മയുടെ പുഞ്ചിരി)

അമ്പരപ്പറ്റ നിൻകൺകളൊരായിരം
അമ്പലപ്രാക്കളെ വിട്ടു ചുറ്റും

(കടവനാട് കുട്ടികൃഷ്ണൻ — നാടുവിട്ടോരു ഞാൻ)

[7] ഓടത്തണ്ടൂതിടുന്ന ഞാനും നർത്തകിമാരായ്
പാഠപുസ്തക കാവ്യപാദ സുന്ദരീമാരും
എത്ര നൃത്തങ്ങൾ, എത്ര രാസലീലകൾ, ഗ്രീഷ്മ–
മദ്ധ്യാഹ്നങ്ങളിൽ പോലും നടത്തി നിഗൂഢമായ്

(പി. ഭാസ്കരൻ — കായൽക്കാറ്റ്)

[8] ബാല്യനാൾകളാൽ ഞങ്ങൾ തീർത്തൊരാമുകുളത്തു–
മാല്യമെൻ ഹൃദയത്തിൽ സൗരഭം നിറയ്ക്കുന്നു

(ബാലാമണിയമ്മ — വികാസം)

ഏതിലും രുചിയറ്റ തജ്ജ്വലിഹ്വയ
ബ്ഭൂതകാലത്തിൻ സത്താസ്വദിക്കയായ് …

(ബാലാമണിയമ്മ — ആൽച്ചുവട്ടിൽ)

നിറഞ്ഞ കണ്ണുമായരികത്തെത്തുന്നു
മറഞ്ഞുപോയൊരാ മധുരശൈശവം

(പി. കുഞ്ഞിരാമൻ നായർ — പിറന്ന മണ്ണിൽ)

കുഴലൂതി കരൾത്തട്ടി–
ന്നകത്തെൻ ശൈശവസ്മൃതി

(പി. കുഞ്ഞിരാമൻ നായർ — പൂമൊട്ടിന്റെ കണി)

ഹന്ത തിമർക്കുകയാണെൻ മുന്നിൽ
ബന്ധുരശാശ്വത ബാല്യം …
എങ്ങിനെ മുന്നിലണഞ്ഞു വന്നാ–

കിങ്ങിണി കെട്ടിയ ബാല്യം

(എൻ. എൻ. കക്കാട് — മങ്ങാത്ത മയിൽപ്പീലി)

ചൂഴെ വീശിടുന്ന നഷ്ട
ശ്രീല ശൈശവമെന്നെ
ദൂരെ ദൂരെ വിരിഞ്ഞൊരു പൂവിൻ
ഗൂഢ രാഗംപോലെ

(വിഷ്ണുനാരായണൻ നമ്പൂതിരി — ശ്രാവണനായിക)

മങ്ങിമായുന്ന വിദ്യുദ്ദീപങ്ങൾ പൊടുന്നനെ,
തങ്ങളിൽ പടവെട്ടുമൊച്ചകൾ പിൻവാങ്ങുന്നു.
ഇന്ദ്രജാലത്തിലെന്നമാതിരി തിരിച്ചെത്തു–
ന്നന്തരീക്ഷത്തിൽ നഷ്ടപ്പെട്ട ശാന്തത വീണ്ടും.
ഇപ്പൊഴീ നിലവിളക്കിന്റെ പൊൻതിരിയെത്ര
സുപ്രഭം, തെളിയുന്നു ചന്ദ്രിക പൂർവ്വാധികം

(തിരുനല്ലൂർ കരുണാകരൻ — ഓണക്കിനാവ്)

ബാലകാലത്തിൽ നറുങ്ങു കഥകളാൽ
പിന്നെയും മാധുരി ചേർത്തു നീ കാപ്പിയിൽ
ആറ്റൂർ രവിവർമ്മ–നഗരത്തിൽ ഒരു യക്ഷൻ
Sad memory brings the light
Of other days around me

(Thomas Gray — The light of other days)

[9] വിങ്ങുമക്കരൾ കെഞ്ചി: തിരിച്ചെത്തു–
കിങ്ങു മാദകാമോദ സാമ്രാജ്യമേ
… … … … …
കേൾവികേട്ട തച്ഛോത്രങ്ങളെപ്പൊഴും
കേട്ടുപോയ്പ്പോയ നാൾകൾ തന്നൊച്ചയെ,
… … … … …
ഒന്നുകൂടി യജ്ജീവിതം കൈവരാൻ
ഒന്നുകൂടി യിപ്പാരെന്റെയാകുവാൻ

(ബാലാമണിയമ്മ — ആൽച്ചുവട്ടിൽ)

കവിയുമുല്ലാസ വായ്പിലെൻ മുന്നില–
ക്കവിത കാണിച്ച കാല്യപ്രകാശമേ,
വരികയില്ലിനി നീയു, മെൻ ജീവനിൽ
പ്പരിമളം പെയ്തകന്ന പൂക്കാലമേ

(ചങ്ങമ്പുഴ — തപ്തസ്മൃതി)

മധുരശൈശവം വീണ്ടും ലഭിക്കിലീ
മഹിയിലെന്തിലും മീതെ ഞാൻ മിന്നുവൻ,
ഇടവിടാതിരുന്നെത്ര ഭജിക്കിലെ–
ന്തിനി വരികയില്ലാ വസന്തോത്സവം

(ചങ്ങമ്പുഴ — അന്നും ഇന്നും)

എന്തിനിനിയുമയവിറക്കുന്നു ഹാ
സ്വാന്തമപ്പച്ച പിടിച്ച കാലങ്ങളെ
... ...
പൂമണമിത്തിരനേരം പരത്തിയാ–
പ്പൂമയ മാധവമാസം പറന്നുപോയ്

(പി. കുഞ്ഞിരാമൻ നായർ — എന്റെ ശൈശവം)

മേളക്കൊഴുപ്പിൽ വിരിഞ്ഞപൊന്നിൻ
നാളുകളെങ്ങോ പറന്നുപോയി

(പി. കുഞ്ഞിരാമൻ നായർ — ഓണപ്പൂവ്)

മദീയജീവിതപ്രഭാതവേളകൾ
മറഞ്ഞുപോ,യിനിവരില്ലൊരിക്കലും

(ഇടപ്പള്ളി — കാട്ടാറിന്റെ കരച്ചിൽ)

[10] വിവിധചിത്രസമാകുലശ്രീമയ
വിജനരംഗമാമംഗളശൈശവം ...
മരണമെന്നെത്തടുക്കും വരെയ്ക്കു നി–
ന്നരികിലെന്നും പറന്നെത്തുമെന്മനം

(ചങ്ങമ്പുഴ — അന്നും ഇന്നും)

നീയാം പൂഞ്ചിറകിങ്കൽ ഞങ്ങളെയെടുത്തങ്ങോട്ടുയർത്തീടുമോ

(വൈലോപ്പിള്ളി — മധുമക്ഷിക)

നീൻചിറകേന്തിപ്പറന്നുയർന്നീടുവാൻ
ബന്ദിയാം ഞാനും കൊതിച്ചുപോയോമനേ

(സുഗതകുമാരി — പക്ഷിശാസ്ത്രം)

പരിപാവന പുണ്യരൂപ, നിൻ
ചിറകിൽച്ചേർന്നണയട്ടെ വിണ്ണിൽ ഞാൻ

(കെ. കെ. രാജാ — ദേവദൂതൻ)

[11] വരൂ നീ വരൂ, ജീവിതമേളം കേളിക്കയ്യേ,
വരൂ ചൈത്ര സുഗന്ധവരോജ്ജ്വലവർണ്ണാഭോഗത്തീയേ
അറിവേനിഹ നിന്നെക്കുസൃതികൾക്കുമ്പിത്തെളിയും വിണ്ണിൽ
അച്ഛന്നനഘാനന്ദം തരു മെന്മകൾ തൻ നറുകണ്ണിൽ

(കടവനാട് കുട്ടികൃഷ്ണൻ — തിരിഞ്ഞുനോട്ടം)

മരത്തിന്റെ കരച്ചിൽ

ഴാൻ റിഷെപ്പേൻ (1849–1926)

JEAN RICHEPIN

നോവലിസ്റ്റും നാടകകൃത്തുമെന്ന നിലയിലും വിശ്രുതനാണ് ഴാൻ റിഷെപ്പേൻ.

ചീറിപ്പൊട്ടിപടരുന്ന ചെന്തീ–
യാളിക്കത്തു മട്ടുപ്പിങ്കൽ നിന്നും
[1] വെന്തെരിയും പഴം മരം ദീനാ–
ക്രന്ദം ചെയ്യുന്നു മന്ദസ്വരത്തിൽ:
മണ്ണിൽനിന്നു സംപോഷണമാർന്നും
വിണ്ണിൻ വെള്ളിവെളിച്ചം കുടിച്ചും
സ്വച്ഛവായുവിൽ വാണുലകത്തെ
[2] സേവിച്ചീടാൻ പിറന്നവനീ ഞാൻ.
മെല്ലേ മെല്ലേ വളർന്നുകൊണ്ടെന്നു–
മുന്നതങ്ങളിലുന്മുഖനായും [3]
ഉച്ചിയിങ്ക ലതീവ മനോജ്ഞം
പച്ച രത്നകിരീടമണിഞ്ഞും [4]
വാണേൻ, മാമകപ്പൂങ്കുലച്ചാർത്താൽ
വാർമണം ഞാൻ വസന്തത്തിനേകി.
പാട്ടും പൈങ്കിളിക്കൂട്ടത്തിനും തൻ
കൂട്ടുകൾക്കും ഞാനാശ്രയമായി.
പൊങ്ങീ വാനിലേയ്ക്കെൻ ശിഖരത്തിൽ
നിന്നോരായിരം ഗാനങ്ങളെന്നും. [5]
കാലഭേദത്തിനൊത്തുടയാട
മാറിമാറിയണിഞ്ഞു ഞാൻ മോദാൽ. [6]
ഋവസന്തത്തിൽ ചിത്രവർണ്ണാഢ്യം,
ഊതവർണ്ണം ശരദൃതുവിങ്കൽ;
ഹേമന്തത്തിലേ തീർത്തുമേ ശുഭം: [7]
നിത്യനൂതന മൊക്കെയും തന്നെ.
ഹൃത്തെഴാത്തൊരു മർത്ത്യൻ നൃശംസൻ
വിത്തമോഹിതൻ വന്മഴുവാലേ [8]
വെട്ടിയെന്നെയറുകൊലചെയ്താൻ
കഷ്ടം, തുണ്ടങ്ങളായെൻ നെടുമെയ്. [9]
ഞാനും തത്സഹജീവിതാനെന്നു
മാനുഷന്നവബോധമെന്നുണ്ടാം? [10]

ചീറിപ്പൊട്ടിപ്പടരുന്ന ചെന്തീ–
യാളിക്കത്തും മടുപ്പിങ്കൽ നിന്നും
വെന്തടിയും പഴംമരത്തിന്റെ
അന്തിമപരിവേദനം കേൾപ്പൂ!

LA PLAINTE DU BOIS.

കുറിപ്പുകൾ

[1] ഇനി ഞാൻ വിറകായിക്കത്തിനില്ക്കുമ്പോഴാവാം
ഇതമാം രൂപം പ്രാപിച്ചായവ വിരിയുന്നു
(വൈലോപ്പിള്ളി — കിഴവൻമാവ്)

[2] വിരിയുന്നൊരു പൂക്കൾ തന്മണം
ചൊരിയും ശുമധു, നല്ലൊരാ നിറം,
ഇവയാലപരന്നു തുഷ്ടി ചേർ–
ത്തരുളും ശാഖി പരോപകാരി താൻ
(മേരി ജോൺ തോട്ടം — ആരാമത്തിലെ അദ്ധ്യാത്മിക ചിന്ത)

[3] എന്നല്ല വാച്ചപൊങ്ങിയംബരം തുരന്നുപോ–
മുന്നതങ്ങളാം താലതരുതല്ലജങ്ങളും
(ആശാൻ — ശ്രീബുദ്ധചരിതം)

ശാന്തിതൻ തണൽപാട്ടിലെന്നെയൊട്ടിരുത്താമോ
ശാശ്വതത്വത്തെപ്പുല്കാനുയരും മരങ്ങളേ
(ബാലാമണിയമ്മ — പൈതൃകം)

ഒരു ശാഖിയെ നോക്കുവിൻ സദാ–
പരമദ്ധ്യാത്മിക ചിന്തപൂണ്ടപോൽ
തലപൊക്കിവിയത്തിൽ നോക്കി നി–
ശ്ചലമായ് നിൽപൊരു കാഴ്ചകാണുവിൻ
(മേരി ജോൺ തോട്ടം — ആരാമത്തിലെ ആദ്ധ്യാത്മിക ചിന്ത)

വിണ്ണിലേയ്ക്കു തലപൊക്കി
മണ്ണിലേയ്ക്കു വേരിറക്കി
വഴിതാണ്ടി വരുന്നോർക്കു
നിഴൽപ്പായ വിരിച്ചിട്ടു
ചക്രവാളമതിൽക്കെട്ടു
തൊട്ടുരുമ്മി നില്പൂ വൃക്ഷം
(മലയത്ത് അപ്പുണ്ണി — ഒരു വൃക്ഷം)

[4] ശില്പമായ് മേൽകുടങ്ങൾ ചൂഴ്ന്നെഴും
നൽ പത്രകങ്ങളിൽ മൂളിയടിച്ചുടൻ
(ആശാൻ — ശ്രീബുദ്ധചരിതം)

മരതക മണിക്കുട പിടിച്ചൊരാ
മരങ്ങളൊക്കെയും മറഞ്ഞുപോയല്ലോ
(പി. കുഞ്ഞിരാമൻ നായർ — പിറന്ന മണ്ണിൽ)

[5] വിലസദ്വിപടസ്ഥ പക്ഷി കോലാ–
ഹലമാം ജയശബ്ദഘോഷമോടേ
(വള്ളത്തോൾ — ഭാരതപ്പുഴ)

തളിരും മലരും കായും
കനിയും പൂണ്ട ഭംഗിയിൽ
തിങ്ങിക്കാണായ് വൃക്ഷങ്ങൾ
പക്ഷികോലാഹലത്തൊടും
(ആശാൻ — ബാലരാമായണം)

കാലത്തിൻ കനിയേകിയും കിളികൾ തൻ–
ഗാനോത്സവം കൂട്ടിയും
(ആശാൻ — പ്രരോദനം)

വിശ്വവൈചിത്ര്യം പാർത്തു പാർത്താനന്ദാൽ
മച്ചിത്തസ്സിൽ പറവകൾ പാടുമ്പോൾ
(ബാലാമണിയമ്മ — ഒരു മരം)

നിങ്ങൾ തൻ മുകൾക്കൊമ്പിൽ കൂടാളും ഖഗങ്ങൾതൻ
മംഗളഗീതസ്വരം ചുറ്റമച്ചിലയ്ക്കവേ
(ബാലാമണിയമ്മ — പൈതൃകം)

ഈ മരം വത്സ, കണ്ടാലും
ഇതു സദ്ഗുരുവല്ലയോ?
തിരയുന്നച്ചികത്തുമ്പോൾ
പാന്ഥരിത്തണലെന്നുമേ
കൂട്ടുകൂടുന്ന കിളികൾ
തളിർ നീട്ടിടുന്ന ചില്ലയിൽ
(നീലമ്പേരൂർ മധുസൂദനൻ നായർ — ബുദ്ധൻ പറഞ്ഞത്)

പച്ചത്തണലും കൊത്തിയെടുത്തി–
ട്ടകലെപ്പാറിൻ പറവകളേ
പട്ടയമാരും തന്നീലല്ലോ
നിങ്ങൾക്കിവിടെ കുടി പാർക്കാൻ
(ഇടശ്ശേരി — പുളിമാവ് വെട്ടി)

എത്രയെത്ര കിളികൾ ചുറ്റും
വട്ടമിട്ടു പാട്ടുപാടി
(മലയത്തി അപ്പുണ്ണി — ഒരു വൃക്ഷം)

The poplars are fell'd, farwell to the shade
… … … … …
The black bird has fled to another retreat

… … … … …
And the scence where his melody charm'd me before
Resounds with his sweet flowing ditty no more

(W. Cowper — The Poplar field)

[6] പൂവാകയായ്, പൂത്തിലഞ്ഞിയായ് കൊന്നയായ്
പുത്തനാം വർണ്ണക്കുടകൾ മാറുന്നതും

(ഒ. എൻ. വി. കുറുപ്പ് — ഭൂമിക്ക് ഒരു ചരമഗീതം)

[7] തണുപ്പുകാലത്ത് മരങ്ങൾ ഇലകളറ്റു തൂവെള്ള
മഞ്ഞുകൊണ്ടു മൂടപ്പെട്ടിരിക്കുമല്ലോ

[8] എന്തിലുമേറെക്കാമ്യം പണമേ
തുച്ഛ, ന്നതും കൈവന്നോട്ടേ …
അങ്ങയെ വെട്ടിയ മർത്ത്യൻ നേടിയ–
തഞ്ചുകാശിൻ കൈവല്യം

(ഇടശ്ശേരി — പുളിമാവ് വെട്ടി)

വിപണികളിലവവിറ്റുമോന്തുന്നു, വിടനഖര,
മഴുമുനകൾ കേളിതുടരുന്നു

(ഒ. എൻ. വി. കുറുപ്പ് — ഭൂമിക്ക് ഒരു ചരമഗീതം)

[9] കരുത്തനാൾ തൊട്ടിന്നോളം തല
കുനിച്ചിടാത്തോ നീ വൃദ്ധൻ
കുറ്റൻ മഴവേറ്റടിയുന്നേരം
കലുങ്ങിടുന്നു ഭൂചക്രം

(ഇടശ്ശേരി — പുളിമാവ് വെട്ടി)

വെട്ടേറ്റു വെട്ടേറ്റാടി വീണിടും വരെ, യാഞ്ഞു
വെട്ടിടുന്നോർക്കും തണലേകിടും ത്യാഗം വെൽക

(കൃഷ്ണൻ പറപ്പിള്ളി — ത്യാഗം വെൽക)

[10] ഒന്നല്ലിനാമയി സഹോദരരല്ലി പൂവേ,
ഒന്നല്ലി കൈയ്യിഹ രചിച്ചതു നമ്മെയെല്ലാം

(ആശാൻ — വീണപൂവ്)

സോദരരല്ലി നാമേവരു, മൊന്നല്ലി
താതനും മാതാവും നമ്മൾക്കെല്ലാം

(ഉള്ളൂർ — പുല്ലിന്റെ ചൊല്ല്)

പാട്ടുമിക്കിളികളായിട്ടു മീറ്റുമങ്ങളായ്
പ്രാണകോടികളായെന്നുയിരോ തിമർക്കുന്നു

(ബാലാമണിയമ്മ — വാല്മീകി)

താഴ്വരയിലെ ഉറക്കം

അർത്യൂർ റെമ്പൊ (1854–1891)

ARTHUR RIMBAUD

37 വർഷത്തെ ജീവിതത്തിന്നിടയിൽ 15 മുതൽ 20 വയസ്സുവരെ മാത്രം കവിതയെ ഴുതിയ അർത്യൂർ റെമ്പൊ ഫ്രഞ്ച് സാഹിത്യലോകത്തിലെ ഒരത്ഭുതമാണ്. ഇരു പതാം വയസ്സിൽ അദ്ദേഹം കാവ്യജീവിതത്തോട് എന്നേക്കുമായി വിടപറഞ്ഞു, ലോകസഞ്ചാരിയായ കച്ചവടക്കാരനായി മാറി. റെമ്പൊ സിമ്പോളിസ്റ്റാണ്. 1870 ൽ ഫ്രാങ്കോ–പ്രഷ്യൻ യുദ്ധാവസരത്തിൽ 'ഒരു യുദ്ധ ചിത്ര'മായിട്ടാണ് ഈ കവിത പ്രസിദ്ധീകരിച്ചത്, 16-ആമത്തെ വയസ്സിൽ ശാന്തിയും സൗന്ദര്യവും തുളുമ്പുന്ന പ്രകൃതി പശ്ചാത്തലത്തിൽ ഒരു യുവയോദ്ധാവ് വെടിയേറ്റ് മരിച്ചു കിടക്കുന്നതിലുള്ള വൈപരീത്യവും, അതിലൂടെ യുദ്ധത്തിന്റെ ഭീകരതയുമാണ് റെമ്പൊ ഇതിൽ പ്രതീകങ്ങളിലൂടെ അഭിവ്യഞ്ജിപ്പിച്ചിട്ടുള്ളത്.

പച്ചിലപ്പടർപ്പുകൾ–
ക്കിടയിലൊരു ചോല
പാട്ടുകൾ പാടിക്കൊണ്ടു [1]
പാഞ്ഞിതാ പോയിടുന്നു;
തന്നിരു പാർശ്വത്തിലെ
പ്പുല്ലുളെ യിപ്പൂഞ്ചോല
തൂവെള്ളിയലുക്കുക–
ളണിയിക്കുന്നു സ്വൈരം.
ഉന്നതാഭിമാനത്താ–
ലുന്മുഖം നില്ക്കും കുന്നിൽ [3]
നിന്നുമേ ദിനകരൻ
വാരൊളി ചൊരിയുന്നു;
എങ്ങുമേ വെളിച്ചത്തിൻ
വീചികൾ നുരചിന്നി
മിന്നുന്ന മനോജ്ഞ മാ–
മിക്കൊച്ചു താഴ്വാരത്തിൽ.
ഉറങ്ങീടുന്നുണ്ടിതാ
യുവസൈനികനേകൻ
തുറന്നവായും തൊപ്പി
വേറിട്ട തലയുമായ്;
പുല്ലിലാണ്ടടൽ നീളേ,
പിൻഗളം ജലപുഷ്പ–
വല്ലികൾക്കിടയിലാ–

ലീനമായ്ക്കിടക്കുന്നു;
നീലമേലാപ്പിൻ കീഴിൽ
പൊന്നൊളിപ്പൊലിമയിൽ
ശ്യാമമെത്തമേലിവൻ [4]
വിളറിക്കിടക്കുന്നു;
പൂക്കളിൽ കാലും വെച്ച
രോഗിയാ മൊരു കുഞ്ഞി–
ന്റേതുപോൽ ചെറുചിരി
പൂണ്ടിവനുറക്കമാം. [5]
നിന്മാറിൻ ചൂടേല്ക്കുമാ–
റിവനെ ത്താരാട്ടീടു–
കംബികേ, പ്രകൃതി നീ,
തണുത്തു കിടപ്പിവൻ;
വായുവിലുലാവുന്ന
സൗരഭം തന്നാസികാ–
ദ്വാരത്തെ വികസ്വര–
മാക്കുവതില്ലാ, വെയ്‌ലിൽ
നിശ്ചലം കിടപ്പിവൻ [6]
മാറത്ത് കയ്യായ്, വലം
വാരിഭാഗത്തായ് രണ്ടു
ചെഞ്ചോരക്കുഴി കാൺമൂ!

LE DORMEUR DU VAL

കുറിപ്പുകൾ

[1] നിള നല്ലൊരു പാട്ടുകാരിപോലെ
കളസംഗീതസുഖം ചെവിക്കണപ്പൂ
(വള്ളത്തോൾ – ഭാരതപ്പുഴ)

നീ വെൺനുരപ്പുഞ്ചിരി പൂണ്ടു നാനാ–
ഗാനങ്ങൾ മൂളുന്നു മൃദൂർമ്മിനാദാൽ
(വള്ളത്തോൾ – തിരൂർ പൊന്നാനിപ്പുഴ)

മൃദുലമംഗളസംഗീതലോലയാ–
യൊഴുകിടുന്നൊരിക്കൊച്ചു പൂഞ്ചോലയിൽ
(ചങ്ങമ്പുഴ – എനിക്കുവേണ്ടത്)

പ്രണയഗാനങ്ങൾ പാടിയൊഴുകുമി–
ത്തടിനിതൻ തടത്തിങ്കൽ ഞാനേകനായ്
(ചങ്ങമ്പുഴ – ആവോ)

നീരണിച്ചോലകൾ പാട്ടുപാടി
നീളെപ്പൂവല്ലികൾ നൃത്തമാടി
(ചങ്ങമ്പുഴ – പൂക്കളം)

...പാട്ടിൽ ഗ്രഹിച്ച പതഞ്ഞൊഴുകീടുന്ന
കാട്ടാറു തന്നുടെ കമ്രഗാനങ്ങളും

(ഇടപ്പള്ളി — വിശ്വഭാരതിയിൽ)

ലളിതവനമല്ലികാമാലചൂടിപ്പരം
കുളിരരുവിമീട്ടുന്ന വേണുനാദത്തിലും

(പാലാ — കല)

നുരികളിൽ ചുഴികളിൽ കണ്ണീരിറക്കുമാ–
ച്ചെറുനീരുറവതൻ പാട്ടു കേട്ടോ

(വയലാർ — വൈക്കം കായലിൽ ...)

ഇതൾ വിരിയുമ്പോലെ, ദൂര–
ത്തരുവികൾ പാടുമ്പോലെ

(വിഷ്ണുനാരായണൻ നമ്പൂതിരി — ഒരു ക്രിസ്തുമസ്സ് ഗാനം)

പൂഞ്ചോല പുതുശീലിൽ പാട്ടുമൂളുന്നു ദൂരെ

(പി. കുഞ്ഞിരാമൻ നായർ — കീർത്തിമുദ്ര)

കാലദേശാവസ്ഥകൾക്കനുരൂപമായ് സ്വര–
ജാലം നിർഗ്ഗളിക്കുന്നു ശ്രോത്രൈക രസായനം

(ഉള്ളൂർ — പെരിയാറിനോട്)

നീളത്തിൽക്കളഗീതി മൂളിയോരോ
താളത്തിൽ സുലളിതമട്ടിലാറനേകം

(കെ. കെ. രാജാ — പുണ്യദേശം)

രാഗലോലയായ് മൂളിക്കൊണ്ടങ്ങിപ്പായും കാട്ടു–
ചോലതൻ പൈമ്പാട്ടാർക്കാർക്കാനന്ദമരുളീടാ?

(കെ. മാധവിഅമ്മ — കാട്ടിലെകിളി)

കാട്ടാറിൻ തരിവളമുട്ടി
കാടത്തികൾ ചോലമരത്തിൻ
ചോട്ടിൽ ചുവടൊത്തു കളിക്കെ

(കടമ്മനിട്ട — കാട്ടാളൻ)

നേർത്തിഴഞ്ഞൊഴുകും കാട്ടു
ചോലതൻ മൂളൽ കേൾക്കവേ

(അക്കിത്തം — നിത്യമേഘം)

[2] ആഴിവീചികളനുവേലം വെൺനുരകളാൽ
തോഴികൾപോലേ തവ ചാരുതൃപ്പാദങ്ങളിൽ
ത്തുവെള്ളിച്ചിലമ്പുകളിട്ടുവിക്കുന്നു, തൃപ്തി
കൈവരാതഴിക്കുന്നു, പിന്നെയും തുടരുന്നു

(വള്ളത്തോൾ — മാതൃവന്ദനം)

......കരം പൊക്കി നാലുപാടും നറും മുക്താഫലങ്ങളെ
നിരവധി വിതറിയും കുതിച്ചുചാടി

(കുട്ടമത്ത് — അരുവികളുടെ ഐക്യം)

ഓരത്തെച്ചെറുതോട്ടിലൊലിക്കും
നീരത്തിൻ തെളു തെളിമയൊരുജ്ജ്വല
ഹാരത്തിൻ വടിവാണ്ടു …

(ഇടശ്ശേരി — വയലിന്റെ ചിത്രകാരൻ)

അലകളിളകീട്ടൊളി ചിതറും വെൺ–
നുരകൾ കൊരുത്തൊരു മലർമാല

(ഇടശ്ശേരി — കുടം നിറക്കു)

കല്ലുകൾ തട്ടിക്കാട്ടു ചെടിതൻ മുഖത്തേയ്ക്കു
വെള്ളമെറ്റിയുല്ലാസപ്പൂചിന്നിപ്പൂഴപോകെ

(കെ. വി. രാമകൃഷ്ണൻ — കുറ്റാലത്ത്)

[3] ആർത്തു ചിരിയ്ക്കും കടലും മുഖംപൊക്കി
നോക്കി നിന്നീടുന്ന പർവ്വതശ്രേണിയും

(സുഗതകുമാരി — വിശാലതയിലേയ്ക്ക്)

[4] ശ്യാമപ്പൂമെത്ത, ചഞ്ചൽക്കുളുർവിശറി,
മണീകീർണ്ണമാം നീലമേലാ–
പ്പോമൽത്തങ്കഗ്ഗളോപ്പീവക വിഭവശതം
ചേർന്ന കേളിഗൃഹംമേ

(വള്ളത്തോൾ — കൈക്കുമ്പിൾ)

[5] പുലർന്നു, ജീവദ്ധാര രാവൂറ്റിക്കുടിക്കയാൽ
വിളർത്തും വിരിഞ്ഞിതെൻ കുഞ്ഞിനുമൃദുഹാസം

(ഇടശ്ശേരി — പൂജാപുഷ്പം)

[6] ഹന്ത പട്ടടയായ മെത്തമേൽക്കിടന്നീയാൾ
എന്തു സൗഖ്യമായ്ക്കിടന്നീടുന്നു നിരൂപിച്ചാൽ
ആടൽ തേടുവതില്ലാ ശീതവായുവിൽ മേനി
മൂടാതെ കിടക്കിലും ചെറ്റുമേയിവനിപ്പോൾ
തന്നുടെ മാംസം തന്നെ കരിഞ്ഞ ദുർഗന്ധമി–
സ്സന്നചേതനനുടെ മൂക്കറിവീലാതെല്ലും

(ആശാൻ — ശ്രീബുദ്ധചരിതം)

സാനന്ദം സുപ്രഭാതോദയ മഹിമ പുക–
ഴ്ത്തുന്ന പക്ഷിവ്രജത്തിൻ
ഗാനത്താലോ ഗവാക്ഷം വഴി ദിനമണിതൻ–
കൈകളാൽ പുൽകയാലോ
തേനഞ്ചും വാണിയാളേ, ചുടലയൊടു സമീ–
പിച്ചനിൻ ദീർഘനിദ്ര–
യ്ക്കുനം പറ്റില്ല, നിൻകണ്ണുകൾ നിയതി നിയോ–
ഗത്തിനാൽ മുദ്രിതങ്ങൾ

(വി. സി. ബാലകൃഷ്ണപ്പണിക്കർ — ഒരു വിലാപം)

തിരിച്ചെത്തുകിൽ

മൊറീസ് മെത്തർലെങ്ക് (1862–1949)

MAURICE MAETERLINCK

1911 ൽ നൊബേൽ സമ്മാനം നെടിയ കവിയും നാടകകൃത്തുമായ മൊറീസ് മെത്തെർലെങ്ക് ബെൽജിയക്കാരനാണ്. മാനുഷിക ദുഃഖത്തിന്റെ വിവിധ മുഖങ്ങളാണ് അദ്ദേഹം മുഖ്യമായും ചിത്രണം ചെയ്തിട്ടുള്ളത്. കാമുകനുവേണ്ടിയുള്ള നീണ്ട കാത്തിരിപ്പിൽ ഭഗ്നഹൃദയയും ആസന്നമരണയുമായ ഒരു ചേച്ചിയും അവളുടെ പ്രണയരഹസ്യമറിയുന്ന അനുജത്തിയും തമ്മിലുള്ള സംവാദമാണിത്.

ഒരു ദിനം, പക്ഷേ,യവൻ തിരിച്ചെത്തുകിൽ
പറയേണ്ടതെന്തെന്നു ചൊല്ലൂ.
പറയൂ ഹൃദന്തം കരിഞ്ഞടിഞ്ഞീടുമാ–
റവനേയും കാത്തിരുന്നെന്നായ്. [1]
പൊരുളറിയാതവനെന്നോടുവല്ലതു–
മതിനുമേൽ ചോദിച്ചുവെന്നാൽ?
ഒരു പൊന്നനുജത്തിയായി നീവർത്തിക്ക,
പിടയുന്നുണ്ടാമവനുള്ളം.
എവിടെ നീ യെന്നവനാരാഞ്ഞുവെന്നാകിൽ
മറുപടി യെന്തു ഞാൻ നല്കും?
– ഉടനവന്നേകു നീ യെന്റെ പൊന്മോതിരം.
ഉരിയാടിടേണ്ടൊരു വാക്കും.
മുറിയെന്തു ശൂന്യമായ്ക്കാണുന്നുവെന്നവ–
നറിവാനുഴറിയെന്നാലോ?
പടുതിരി കത്തിയ ദീപത്തൊടൊപ്പ മീ [2]
വിവൃതകവാടവും കാട്ടൂ. [3]
അവനപ്പോളന്തിമവേളയെപ്പറ്റിയൊ–
ന്നറിയുവാനുൽക്കണ്ഠ യാർന്നാൽ?
– പറയൂ ഞാൻ പുഞ്ചിരിക്കൊണ്ടെന്ന്, മൽപ്രിയൻ
കരയാതിരിപ്പതിന്നായി! [4]

കുറിപ്പുകൾ

[1] കരുണക്കാതലേ ഭവദീയാഗമം
കരുതിക്കാത്തു ഞാൻ കഴിയുന്നു
(ഇടപ്പള്ളി — രാഗാഞ്ജലി)

പ്രണയഭാരം കൊണ്ടിനിയൊരക്ഷര–

മരുളുവാൻപോലുമരുതാതെ
മരുവുന്ന നിന്റെ വരവും കാത്തു ഞാൻ
മഹിത ചൈതന്യ സ്മരണമേ

(ചങ്ങമ്പുഴ — സ്പന്ദിക്കുന്ന അസ്ഥിമാടം)

നീരദങ്ങൾ നിറഞ്ഞു നിർമ്മല
നീലവാനിടം മൂടവേ
ജീവനായകാ, ഞാനിതാ നിന്നു
കേണിടുകയാണെന്തിനോ
അസ്തമിച്ചതെൻ വാസരമിരു–
ളെത്തിയെന്മുന്നിലൊക്കെയും

(ചങ്ങമ്പുഴ — മൗനഗാനം)

എന്നിട്ടും വന്നീലെൻ കണ്ണീർ തുടയ്ക്കുവാ–
നെന്നാത്മ നായകൻ തോഴീ

(ചങ്ങമ്പുഴ — എന്നിട്ടും വന്നില്ല)

പ്രാണനായകാ, താവകാഗമ
പ്രാർത്ഥിനിയായിരിപ്പൂ ഞാൻ
… … … … …
പ്രാണനാഥ, ഞാൻ പോകട്ടെയിനി
പ്പാതിരാപ്പൂവിരികയായ്

(ചങ്ങമ്പുഴ — നിരാശ)

കാത്തിരിക്കും ഞാൻ കൈത്തിരിയുമായ്
ചീർത്ത മൃത്യുവിന്നക്കരെ

(പി. കുഞ്ഞിരാമൻ നായർ — നീ വരില്ല)

കാത്തുനില്ക്കുന്നു നാഥാ താഴെ ഞാൻ കരളിലെ
കാർത്തിക വിളക്കുമായ് …

(എസ്. രമേശൻ നായർ — അർച്ചനാഗീതം)

[2] വരണം സമയമായ് വിളക്കു കെടുത്താം ഞാൻ

(വൈലോപ്പിള്ളി — മരണം കനിഞ്ഞോതി)

അണിമച്ചിൽക്കത്തും തെളിദീപനാള–
മണയാറായങ്ങെന്തണയാത്തൂ?

(ഇടപ്പള്ളി — രാഗാഞ്ജലി)

മൺചിരാതിലെയെണ്ണ കഴിയാറായിപ്പോയി

(പി. കുഞ്ഞിരാമൻ നായർ — ഉക്കമരത്തിൽ)

എന്നന്ത്യനൈരാശ്യ ദീർഘനിശ്വാസമേ–
റ്റീനെയ്‌വിളക്കിന്റെ നാളം പൊലിഞ്ഞുപോയ്

(പി. കുഞ്ഞിരാമൻ നായർ — അന്ത്യഗീതം)

ക്ഷണികാന്തി പൊഴിഞ്ഞു പൊലിഞ്ഞിതെൻ–

മണിവിളക്കിലെസ്സ്വർണ്ണദീപാങ്കുരം
(ചങ്ങമ്പുഴ — പ്രതീക്ഷ)

വിയത്തിലങ്ങുയർന്നൊരാസ്വരം ക്രമേണ വായുവിൽ
ലയിച്ചു സർവ്വമസ്തമിച്ചു, ദൂപവും പൊലിച്ചവൾ
(മേരി ജോൺ തോട്ടം — പ്രഭാവതി)

ആട്ടം കഴിഞ്ഞു
കളിയരംഗത്തുതനിച്ചുവെറുക്കനെ–
പ്പട്ടുതിരി കത്തിക്കരിഞ്ഞു മണത്ത
കളി വിളക്കിൻചിരി
ഇപ്പൊളോർക്കുന്നുവോ?
(എൻ. എൻ. കക്കാട് — നന്ദി, തിരുവോണമേ, നന്ദി)

എഴുപത്തൊമ്പതു കടന്ന മുത്തച്ഛൻ
മരിക്കും രാത്രിയിൽ, വിളക്കെടുത്തുതൻ
മുഖത്ത് മുത്തശ്ശിയടുത്തു നോക്കവേ
വെടിപൊട്ടിച്ചപോൽ: ‘മുഖം കാണാനിത്ര
തിടുക്കമോ?’–വിളക്കണഞ്ഞുപോയ് പിന്നെ
(വിഷ്ണുനാരായണൻ നമ്പൂതിരി — മുത്തച്ഛന്റെ ചിരി)

[3] യുവതയെവിടെ, ജന്തുവിന്നു ഹാ
വിവൃതകവാട യാനാരതം മൃതി
(ആശാൻ — ലീല)

ഹാ മൃത്യുവിന്നേതൊരു വാതിൽപോലും
തോന്നുന്നനേരം കയറിത്തുറക്കാം
(വള്ളത്തോൾ — ദാദാബായ് നവറോജി)

തുറന്നു മൃതി വന്നു മോചനമണിവാതിൽ,
പരന്നു നിശാന്തോത്ഥ ശീതള നിശ്വാസങ്ങൾ
(പി. കുഞ്ഞിരാമൻ നായർ — ഉക്കമരത്തിൽ)

നിരുന്മേഷം വാതിൽ തുറക്കണമിനി
നിശാതമസ്സിലേക്കിറങ്ങാറായല്ലോ
(ബാലാമണിയമ്മ — വിരുന്ന്)

ബദ്ധമാം കവാടം ഞാനെന്നേയ്ക്കും തുറന്നാലും
(ഇടപ്പള്ളി — നാളത്തെ പ്രഭാതം)

വാതിലിൻ സാക്ഷ തുറക്കുമവിടത്തെ
ദൂതൻ വരുമ്പോൾ, തകർന്നുപോം ബന്ധനം
ആരുമാളല്ലാ ഗൃഹത്തിൻ നിർത്താൻ പിന്നെ–
യാവിളിക്കന്നേരമേകണമുത്തരം
(ടാഗോർ — ഗീതാഞ്ജലി (ജി.))

[4] എന്നെയോർത്തെന്നോമലേ വേദനിക്കൊല്ലേ …
(സുഗതകുമാരി — രാഗഭിക്ഷുണി)

പ്രകൃതിമാതനുഗ്രഹിച്ചരുളും ഞാനെത്രമാത്രം
സുകൃതിയാ,ണെന്നെച്ചൊല്ലിക്കരയരുതേ
അശുഭാശങ്കകൾ പെയ്യുമസുഖാശ്രുധാരയിലെ–
ന്നവസാനസ്മിതമയ്യോ നനയ്ക്കരുതേ

(സുഗതകുമാരി — രാഗഗീതി)

കഠിനകാലം കദനമൊരല്പമാ–
ക്കവിളിണയിൽ കലർത്താതിരിക്കണേ

(ഇടപ്പള്ളി — മണിനാദം)

ബാധപോൽ നിന്മനസ്സിലേക്കെന്നുടെ
വേദനകൾ കടന്നുവന്നാകിലും
പൊൽപ്പനീർപ്പൂത്തുടുപ്പെഴും നിന്മുഖം
ഭസ്മതുല്യം വിളർക്കാതിരിക്കണേ,
ഉല്പലങ്ങൾ പോൽ നീണ്ട നിൻ കൺകളിൽ
ഉഷ്ണബാഷ്പം പൊടിക്കാതിരിക്കണേ

(എൻ. വി. കൃഷ്ണവാരിയർ — പ്രാർത്ഥന)

ഒരിക്കൽ കൗതുകം കൊണ്ടേൻ
അങ്ങേക്കെന്താണാഗ്രഹം?
ഉത്തരം: ‘സാദ്ധ്യമാണെങ്കിൽ
ചിരിച്ചും കൊണ്ടു മരിക്കണം’

(വിഷ്ണുനാരായണൻ നമ്പൂതിരി — മുത്തച്ഛന്റെ ചിരി)

...And waking me to weep
Tears that had melted his soft heart; for years
Wept he as litter tears.
‘Merciful God!’ such was his latest prayer,
‘These may she never share !’

(W. S. Landor — The maid’s lament)

പുല്ലാങ്കുഴൽ

ഹാംറി ദ് റെഞ്ഞിയെ (1864–1936)

HENRI DE RENGNIER

‘പർണാസ്യേൻ’ പ്രസ്ഥാനക്കാർ ഉയർത്തിപ്പിടിച്ച ശില്പഭദ്രതയും സിമ്പോളിസത്തിന്റെ സംഗീതസാന്ദ്രമായ ധ്വന്യാത്മകതയും ഒത്തിണങ്ങുന്ന ഒരു കാവ്യശൈലിയുടെ ഉപജ്ഞാതാവാണ് ഹാംറി ദ് റെഞ്ഞിയെ.

ഒരു മുളന്തണ്ടാൽ പരിസരത്തെ
പ്പുളകിതമാക്കുവാനാമെനിയ്ക്കു;
ചെടികളും പുൽമേടും പൊന്നരളി–
നിരകളും, പാട്ടുമരുവി താനും
തരളിതമാകുന്നീ യോടത്തണ്ടിൻ
കളരവം കാറ്റിലലയടിയ്ക്കേ; [1]
മതിയെനിക്കീ മുളങ്കമ്പുമാത്രം
പെരിയൊരി ക്കാടിനെ പ്പാടിച്ചീടാൻ. [2]
ഇതിലൂടെ പോകും പഥികരെന്റെ
മുരളിതൻ നിസ്വനം കേട്ടുകാണും:
നിറരാവിലുന്നിദ്രമാം നിനവിൽ,
നിബിഡമാം മൗനത്തിൽ, കാറ്റിലൂടേ;
അരികത്തുനിന്നു പ്രസ്പഷ്ടമായോ
അകലത്തുനിന്നു മസ്പഷ്ടമായോ. [3]
നിജബോധസീമയിലെന്റെ പുല്ലാ–
ങ്കുഴൽനാദ മുൾക്കൊണ്ട പാന്ഥരെല്ലാം
അവരുടെ യാത്മാവിന്നുള്ളറയി–
ലതു കേൾക്കുമിപ്പൊഴു, മെപ്പൊഴുതും. [4]
ഒരു ദിനം കണ്ണീരു തൂകിയേറെ
ക്കലുഷമായ് മാറിയ പ്രേമദേവി
മുകരത്തിൽപോലാത്മവക്ത്രം പാർത്തോ [5]
രുറവിങ്കൽ നിന്നിതു ഞാനെടുത്തേൻ. [6]
പഥികരിൽ ക്കണ്ണീർ കനിയിച്ചീടാൻ
കറുകയെ ക്കോൾമയിർക്കൊള്ളിച്ചീടാൻ
അരിയ കാട്ടാറിൻ കരളിളക്കാൻ
വനമുളന്തണ്ടിതെനിയ്ക്കു പോരും. [7]
ഒരു മുളന്തണ്ടൂതി യീ വനത്തെ
മുഴുവനും തന്നെ ഞാൻ മൂളിക്കുന്നേൻ!

ODELETTE

കുറിപ്പുകൾ

[1] എങ്ങാനുമീപ്രപഞ്ചത്തിൻ നെടുവീർപ്പ്
പൊങ്ങിയാൽ പാടുന്ന നീല മുളകളേ

(വയലാർ — മുളങ്കാട്)

പിടയുന്ന ചോരക്കുഴലൊത്തൊരോട-
ക്കുഴലായി വന്നെന്റെ ചുണ്ടിൽ തുടിക്കു

(അയ്യപ്പപ്പണിക്കർ — ഗോപികാദണ്ഡകം)

ഞാനീയോടക്കമ്പാൽ തീർക്കാം
നൂനം സിദ്ധികളേറെ …
പൂർണ്ണിമ ളകം കുളിരും മഞ്ഞും
മഞ്ഞിലലിഞ്ഞ നിലാവും
ഗാനസരിത്തിലലിഞ്ഞു, സാത്വിക
നാദബ്രഹ്മമുയർന്നു
അത്ഭുതമാഹാ, തുച്ഛമൊരോട
പ്പുല്ലിലുണർന്ന മഹത്വം

(എൻ. എൻ. കക്കാട് — ഒരു പുഴയുടെ ഓർമ്മ)

ലളിതം മധുരം, ഗായക, നിൻമുഖ-
ലാളിതമുരളീകളഗീതം
അന്ധതചേർക്കും നാദം ചേതസി
രന്ധ്രമിയറ്റും സംഗീതം

(വൈലോപ്പിള്ളി — ഓടക്കുഴൽ)

കുഴലിൽ മനുഷ്യാത്മാവൊരു പുണ്യ-
പ്പുഴയായ്ച്ചെന്നു പിറക്കുന്നു

(അക്കിത്തം — ഉപ്പോളം വരുമോ ഉപ്പിലിട്ടത്?)

പണ്ടു ഞാനുമൊരോടക്കുഴൽ വഴി
വിണ്ടലങ്ങൾ രചിച്ചിരുന്നോർപ്പു ഞാൻ

(ജി. കുമാരപിള്ള — ജീവനുള്ള പാട്ട്)

ഒരു പുൽത്തണ്ടിൽ സപ്തസ്വരവീചികൾ പാടി
ഒരു ഹൃത്താരിന്റേതാമുടുക്കിൽതാളം കൊട്ടി
ഉറങ്ങും പ്രപഞ്ചത്തെയുറക്കം നടിച്ചെന്നും
തിരിഞ്ഞു കിടക്കുന്ന പരമാത്മാവെപ്പോലും
വിളിക്കാനുണർത്തുവാൻ പോന്നതാമിച്ഛാശക്തി
വിരൽത്തുമ്പിലോ നിത്യജീവിതമഹാസിദ്ധി

(സുഗതകുമാരി — അത്രമേൽ സ്നേഹിക്കയാൽ)

ജീവിതമേ സയത്നം സരള-
വേണുവാക്കാൻ ഹാ, കഴിഞ്ഞെങ്കിൽ

(ടാഗോർ — ഗീതാഞ്ജലി (ജി.))

[2] പൊന്നോടക്കുഴലിന്റെ പാട്ടിതെവനാ–
യാലെന്തു പാടുന്നവൻ
വിണ്ണോരും ലയമാർന്നു കേട്ടു പുളകം
പൂണുന്നതുണ്ടില്ലയോ?
എന്നും നശ്വരമല്ലതിന്നുറവതിൻ–
മാധുര്യവും, മറ്റെനി–
ക്കൊന്നും തന്നെയറിഞ്ഞിടേണ്ടതുജയി–
ക്കുന്നൂ ജഗന്മോഹനം

(കെ. കെ. രാജാ — ഓടക്കുഴൽ)

പുതിയൊരു പുല്ലാങ്കുഴലിലൂടേ
ഹൃദയവുമോമലിന്നൂറ്റിനല്കം

(വൈലോപ്പിള്ളി — പുല്ലുകൾ)

പാട്ടും വനങ്ങളും ശൈലവും ഗാനങ്ങ–
ളാട്ടുന്ന പൊന്മലർക്കാവുകളും

(പി. കുഞ്ഞിരാമൻ നായർ — പഞ്ചവർണ്ണക്കിളി)

ബ്രഹ്മാണ്ഡമാകവേ തങ്കലാകർഷിക്കും
ബ്രഹ്മാനന്ദമാണീ വേണുഗാനം

(കുട്ടമത്ത് — മുരളീഗാനം)

ഹരിപകരുന്ന ഗാഢമുരളിയിൽ
ഒരു ഹൃദയം നിറയെപ്പരിഭവം
… … … … …
ഹരീ വെറും മുളന്തണ്ടിനാൽ ലോകത്തെ
മുഴുവനുമൊരു തേങ്ങലായ് മാറ്റുമ്പോൾ

(ബാലചന്ദ്രൻ ചുള്ളിക്കാട് — വ്യർത്ഥമാസത്തിലെ കഷ്ടരാത്രി)

ഗാനലഹരിയിലെൻ ഹൃദയം
ഞാനറിയാതെയലിഞ്ഞു ചേർന്നു
ഓരോ സിരയിലുമാലഹരി
ഓട്ടുന്നപോലെയെനിക്കു തോന്നി

(യൂസഫലി കേച്ചേരി — വിഷപ്പല്ലുകൾ)

പേയംനിൻ മുരളീരവാമൃതമൊഴിച്ചെന്നുള്ളൂ ഗീതാംബുധേ?

(യൂസഫലി കേച്ചേരി — അദ്വൈതവം)

ഈ മുളന്തണ്ടുതുമ്പോളഖില ചരാചര–
ജീവനിൽ ഞാനും എന്നിൽക്കാലവും വിലയിപ്പൂ

(മേലത്ത് ചന്ദ്രശേഖരൻ — ധ്യാനം)

ഏതോടക്കുഴലിൻനിനാദമധുരസ്രോതസ്സു ഗോപാംഗനാ–
വ്രാതത്തിൻ ഭവബന്ധനങ്ങളവസാനിപ്പിച്ചു മാത്രയ്ക്കകം
ഏതിൻ പൂർണ്ണരസാനുഭൂതി മുനിമാരാലും സമാസ്വാദ്യമ–
ശ്രീതാവും മുകിൽവർണ്ണ മുഗ്ധമുരളീ, നിന്നെ ബ്ഭജിക്കുന്നു ഞാൻ

(വി. കെ. ഗോവിന്ദൻ നായർ — കണ്ടാവ്വ)

നീ ഗഭീരമായാലപിച്ചീടുക
രാഗമെന്മനോവേണുവേന്തി സ്വയം
പാതിരതൻ കനത്തനാദത്തിൽ നീ–
യൂതുമോടക്കുഴൽ മുഴങ്ങീടട്ടെ

(ടാഗോർ — ഗീതാഞ്ജലി (ജി.))

Thy humblest reed could more prevail,
Had more of strength, divine rage
Than all which charms this laggard age

(W. Collins — An ode for Music)

[3] സ്ഫുടമല്ലെന്നാകിലും കുഴൽവിളി കേട്ടു ഞാൻ
സുരുചിരം, ഭ്രമകരമായിരുന്നു

(പി. നാരായണക്കുറുപ്പ് — ഞാൻ എന്ന കൗരവൻ)

[4] Music when soft voices die
Vibrates in the memory

(Shelley — Recollections of early childhood)

The music in my heart I bore
Long after it was heard no more

(Wordsworth — The reaper)

[5] കണ്ണഞ്ചും പൂചൂടിക്കാനനവല്ലികൾ
കണ്ണാടി നോക്കുന്നൊരാറ്റുവക്കിൽ

(ചങ്ങമ്പുഴ — പാടുന്ന പിശാച്)

ദിനേശ താരാധിപർ വന്നു നിന്നു
കണ്ണാടി നോക്കും തെളിനീർക്കളങ്ങൾ

(എൻ. എൻ. കക്കാട് — ഒരു സഹ്യവർണ്ണനം)

മാലിനിനദിയിൽ കണ്ണാടി നോക്കുന്ന
മാനേ, പുള്ളിമാനേ

(വയലാർ — വയലാർ ഗാനങ്ങൾ)

[6] ഇതു = ഈ മുളന്തണ്ട്
ഓടപ്പുല്ലുകളോടും പുഴയിൽ
തേടിയതെന്താ ഗന്ധർവൻ?
ഓടപ്പുല്ലൊന്നൂരിയെടുത്താൻ
ശ്രദ്ധസ്മേരം ഗന്ധർവൻ

(വൈലോപ്പിള്ളി — ഓടക്കുഴൽ)

[7] ചെറ്റുപുകഞ്ഞുടനാളിക്കത്തീ–
കുഴ,ലതിൽനിന്നു പുറത്തേക്കൊഴുകി
തെറ്റെന്നുൽക്കടശോകഭരത്തിൻ

രാഗിണിയൊന്നതി സൂക്ഷ്മനിഗൂഢം,
തങ്ങടെ തങ്ങടെ വലയത്തിങ്കൽ
ത്താരകളോടും പൊഴുതുളവാകും
മഞ്ജുളഗീതി കണക്കതു നിമിഷം
വിശ്വാത്മാവിൽത്തരളത ചേർത്തു

(എൻ. വി. കൃഷ്ണവാരിയർ — തീവണ്ടിയിലെ പാട്ട്)

ലോലലോലമൊരോടക്കുഴലിൻ
പ്രാണനിശ്വാസമൂർന്നിറങ്ങീടവേ
എത്ര പെട്ടെന്നൊരപ്രമേയോജ്ജ്വല
ശബ്ദഭാവ പ്രപഞ്ചം വിടർത്തി ഞാൻ

(ജി. കുമാരപിള്ള — ജീവനുള്ള പാട്ട്)

വാട്ടമകന്നു പറമ്പും കുന്നും
പാട്ടിൻ മധുരത്തേൻ കടലായ്

(എൻ. എൻ. കക്കാട് — ഞങ്ങൾ വരുന്നു)

ഊന്നുവടിക്കായ് മുറിച്ച മുളന്തണ്ടി–
ലൂതി ഞാൻ ഞാനറിയാത്തപോലെ
പാട്ടുകേട്ടെൻ നടുമുറ്റത്തെ മുല്ലയും
കാട്ടുമരങ്ങളും വിസ്മയിക്കെ
പച്ചിലച്ചെന്തളിർച്ചന്തങ്ങളിൽ കിളർ–
ന്നുച്ഛ്വസിപ്പീലെത്ര പത്മരാഗം

(അക്കിത്തം — കയറും കാലവും)

സ്നേഹമാം വേണുവിൻ സർവചരാചര–
മോഹനമാകിന ഭവ്യഗാനം
സ്വൈരം ശ്രവിച്ചു മൃഗങ്ങൾ പരസ്പര
വൈരം മറന്നുമദിച്ചുപോലും.
അന്നിതിൻ മാധുര്യം കൊണ്ടു നിറഞ്ഞുപോൽ
കുന്നിന്റെ ഭീകരകന്ദരങ്ങൾ.
നാകവും ഭൂമിയുമന്തരമൊക്കെത്തീർ–
ന്നേക ഗൃഹത്തിൻ മുറികളായി.
നിത്യബധിരങ്ങൾ വൃക്ഷങ്ങൾ പോലുമാ–
സ്തുത്യസംഗീതം നുകർന്നു ഹൃത്താൽ
ആനന്ദനർത്തനം ചെയ്തു നിരന്തരം;
കാനനച്ചോലകളേറ്റുപാടി

(ജി. — വൃന്ദാവനം)

മനസ്സിനുപോലും അപ്രാപ്യനായ അങ്ങയുടെ
ചരണങ്ങളെ ഗാനങ്ങൾക്കൊണ്ടു ഞാൻ സ്പർശിക്കുന്നു

(ടാഗോർ — ഗീതാഞ്ജലി (കെ. സി. പിള്ള, വി. എസ്. ശർമ്മ))

തിരച്ചിൽ

ഹാംറി ദ് റെഞ്ഞിയെ (1864–1936)

HENRI DE RENGNIER

പുറത്തു ഞാനെന്റെ പ്രണയത്തെപ്പറ്റി
പറഞ്ഞിട്ടുണ്ടെങ്കിലതു ജലത്തൊടാം.
പതുക്കെ നീങ്ങും നീരൊഴുക്കു ശ്രദ്ധിപ്പൂ
കുനിഞ്ഞു ഞാനതോടുരപ്പതൊക്കെയും.
പുറത്തു ഞാനെന്റെ പ്രണയത്തെപ്പറ്റി
പറഞ്ഞിട്ടുണ്ടെങ്കിലതു മരുത്തൊടാം;
ചിരിച്ച വൃക്ഷത്തിൻ ചെവിയിൽ മന്ത്രിപ്പോൻ [1]
ചെവി തരുന്നെന്റെ വചസ്സുകൾക്കെല്ലാം.
പുറത്തു ഞാനെന്റെ പ്രണയത്തെപ്പറ്റി
പറഞ്ഞിട്ടുണ്ടെങ്കിലതു ഖഗത്തൊടാം;
പവനനോടൊപ്പം പറന്ന പാട്ടുവോൻ
പ്രിയതയോടെ ഞാൻ പറവതു കേൾപ്പൂ.
ഇനി മറ്റാരാനുമറിഞ്ഞിട്ടുണ്ടെങ്കിൽ
അതു മറ്റാരുമ,ല്ലരിയ മാറ്റൊലി.
അഴലിൽ ഹർഷത്തിൽ അതിഗാഢമായി
പ്രണയിച്ചേൻ നിന്റെ നെട്ടുമിഴികളെ,
അതിഗാഢമായി പ്രണയിച്ചേൻ നിന്റെ
ഗരിമയാർന്നതാം മധുരവക്ത്രത്തെ,
അതിഗാഢമായി പ്രണയിച്ചേൻ നിന്റെ
തണുവുടലിനെ, തളിർക്കരങ്ങളെ. [2]
തിരഞ്ഞിടുന്നതിപ്പൊഴുതു ഞാൻ പക്ഷെ,
നിഴലിനെ നിന്റെ നിഴലിനെയല്ലോ! [3]

SI J'AI PARLE DE MON AMOUR.

കുറിപ്പുകൾ

[1] മന്ദം മർമ്മരഭാഷി പൂർവപവനൻ മന്ത്രിച്ചണഞ്ഞുഗളം
നന്ദിച്ചാട്ടി വിടർന്ന പൂക്കൾ ചിറകിൽപ്രേക്ഷിച്ചു തേനീച്ചകൾ
(ആശാൻ — ഉൾനാട്ടിലെ ഓണം)

യമുനയിലിളങ്കാറ്റേറ്റു തിരതല്ലി ശാഖ ചലി–
ച്ചമര സല്ലാപം കേൾക്കായരയാലിന്മേൽ
(ആശാൻ — കരുണ)

താലാളി പത്രങ്ങളിൽ മർമ്മരസ്വരം
ലീലാഭിഘാതാലുളവാക്കി മേല്ലമേൽ

(വള്ളത്തോൾ — ചിത്രയോഗം)

ഇമ്മരത്തോപ്പിലെത്തൈമണിക്കാറ്റിന്റെ
മർമ്മരവാക്യത്തിന്നർത്ഥമെന്തോ?

(ഉള്ളൂർ — ഐക്യഗാഥ)

പൂന്തെന്നൽ പുല്കിന മാന്തളിർത്തൊത്തിന്റെ
തേൻതെളിമർമ്മരമാണതമ്മേ

(ഉള്ളൂർ — പിംഗള)

[2] അവളുടെ നാദം
സൗവർണ്ണദീപ്തമാ
മൃദുലമേനി അനന്തമാം കണ്ണുകൾ …
പ്രണയനിർഭരം നിശ്ചലദീപ്തമാ
മിഴികളെയാരു മോഹിച്ചുപോയിടാ

(ബാലചന്ദ്രൻ ചുള്ളിക്കാട് — ഗസൽ)

[3] നിൻനിഴൽ മാഞ്ഞാലും നിന്നിട്ടുമെന്നിൽ നിൻ
നിർമ്മലാശ്ലേഷത്തിൻ രോമാഞ്ചങ്ങൾ

(ചങ്ങമ്പുഴ — ഉത്തേജനം)

നിൻ നിഴൽ മാഞ്ഞാലും നിർമ്മലേ നീ തനി–
ച്ചെന്നെപ്പിരിഞ്ഞിനിപ്പോകരുതേ

(ചങ്ങമ്പുഴ — അപേക്ഷ)

പരമശൂന്യമീയുലകിൽനിന്നിദം
കരയും ഞാനൊരു നിഴലായി
ദിവിയണഞ്ഞുടനവളെ–ലോലമാ–
മൊരുനിഴലിനെ– പ്രണയാർദ്ര–
പുളകപൂർണ്ണമാം കരപുടം നീട്ടി
പുണരുവാനിടവരുവോളം

(ചങ്ങമ്പുഴ — സ്മരണ)

ഞാനാകും നിഴലിനെ ക്കാണുവാനായക്കൊച്ചു
പൂനിലാവെവിടെല്ലാമലഞ്ഞിരിക്കും

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

പഴതാംമണ്ണിൻ ബന്ധമൊക്കെയുപേക്ഷിച്ചു
നിഴലായ്പ്പോയേൻ കൂടേ നീണ്ട പാതയിലൂടേ

(വൈലോപ്പിള്ളി — മരണം കനിഞ്ഞോതി)

സഹശയനം

പോൽ–ഴാൻ തുലെ (1867–1920)

PAUL–JEAN TOULET

പുതുമയും പിരിമുറുക്കവുമുള്ള ലഘുകവിതകളും ഭ്രമകല്പന നിറഞ്ഞ നോവലുകളും ചെറുകഥകളുമെഴുതി ശ്രദ്ധേയനായ പോൽ-ഴാൻ തുലെ മൊറീഷ്യസ്സ് ദ്വീപിൽ നിന്നു ഫ്രാൻസിൽ കുടിയേറിപ്പാർത്ത ഒരു കുടുംബത്തിലാണ് പിറന്നത്. പത്രപ്രവർത്തകനായിരുന്നു. യുവാവായശേഷം പൂർവീകരുടെ ജന്മഭൂമി സന്ദർശിക്കുകയും കുറച്ചിട അവിടെ താമസിക്കുകയും ചെയ്ത തുലെയെ മൊറീഷ്യസ്സിന്റെ ഫ്രഞ്ച്–ഇംഗ്ലീഷ്-ഇന്ത്യൻ സങ്കര സംസ്കാരം ഗണ്യമായി സ്വാധീനിക്കുകയുണ്ടായി.

വിതതമെങ്കിലുമലങ്കോലപ്പെട്ട
കിടക്കയിൽ തൊട്ടു കിടക്കുന്നു ഞങ്ങൾ.
ഒരു നിമിഷത്തിലുറക്കം ഞെട്ടി ഞാൻ
മിഴി തുറന്നെന്റെ കമനിയെ നോക്കി.
കിനാവിൽ കാമുകസമാഗമാനന്ദ–
ലഹരിയിലവൾ ശയിക്കുന്നെൻ ചാരേ. [1]
മുറിയിലെച്ചെറുവെളിച്ചമന്നേരം
മുനയാർന്നു മച്ചിൽ ത്തുളച്ചുകേറുന്നു. [2]
തെരുവിൽ ദൂരെയങ്ങെവിടെയോ നിന്നു–
മൊരു നീർത്തൊട്ടിൽതൻ ഞെറുമ്പൽ കേൾക്കുന്നു. [3]

DANS LE LIT VASTE ET DEVASTE

കുറിപ്പുകൾ

[1] ഒരു കട്ടിലിൽ പെണ്ണോ നാഥനോ താൻ കാമിക്കു–
മുരുവെ സ്വപ്നം കണ്ടു പയ്യാരം പുലമ്പുന്നു
(വൈലോപ്പിള്ളി – സാവിത്രി)

ഞാനനുരൂപനല്ലെങ്കിലും നിന്നെയെൻ
പ്രാണനെപ്പോലെ ഞാൻ സ്നേഹിച്ചു മല്ലികേ …
നിന്നനുഭൂതിക്കതിലവസാനത്തെ
ബിന്ദുവുംകൂടിസ്സമർപ്പണം ചെയ്യുവാൻ
സന്നദ്ധനായിരുന്നിട്ടുമപരന്റെ
മന്ദസ്മിതത്തിനായെന്നെ വഞ്ചിച്ചു നീ
ചെമ്പനീർപ്പൂപോലിരുന്ന നിൻ യൗവന–

സമ്പത്തു രണ്ടായ് പകുത്തു നീയെന്തിനോ
പങ്കിട്ടധികമവനുപഹാരമായ്
ശങ്കാവിഹീനം കൊടുത്തു നിൻ യൗവനം
ദേഹമെനിക്കു നീയേകിയവനുനിൻ
ദേഹവും സ്നേഹവുമൊന്നിച്ചു നല്കി നീ

(ചങ്ങമ്പുഴ — വേതാളകേളി)

Not for me the hollowness of material
Vows and the loneliness of a double bed
Where someone lies dreaming of another mate
A women perhaps lustier than his own

(Kamala Das — Anamalai Poems)

[2] എൻ ഹൃദയകാരിയെ നിന്റെ
ചങ്കിലാഴ്ത്തിത്തറപ്പൂ ഞാൻ നീചാ

(വൈലോപ്പിള്ളി — കുടിയൊഴിക്കൽ)

പെട്ടെന്നുയർന്നു വികാരപ്പിശാചിന്റെ
മുഷ്ടിയിൽ ചീറ്റിപ്പുളഞ്ഞു ഗർജ്ജിച്ചഹോ
മൽക്കുഠാരത്തെ ഞാൻ നിർദ്ദയം നിൻജീവ–
രക്തത്തിനാൽ സ്വയം ചാർത്തിച്ച കുങ്കമം

(ചങ്ങമ്പുഴ — വേതാളകേളി)

നാം രണ്ടു കണക്കു പുസ്തകം സൂക്ഷിക്കുന്നു
രണ്ടു നാവുകൊണ്ടു സംസാരിക്കുന്നു.
കാമുകന്റെ ചുംബനം കാമുകിയെ തടവറയിലാക്കുന്നു
ഭർത്താവ് വിളക്കു കെടുത്തുന്നതു
ഭാര്യയുടെ കഴുത്തു ഞെരിക്കാനാണ്

(സച്ചിദാനന്ദൻ — സത്യവാങ്മൂലം)

ആരുടെ പത്നിയും തന്മെത്തയേറുവാൻ
പാരം കൊതിച്ചിടും പാതകിയും
തന്നോമൽക്കാന്തയാൾ സാവിത്രിയായ്ത്തന്നെ–
യെന്നെന്നും ജീവിപ്പാനിച്ഛകൊൾവൂ

(ഉള്ളൂർ — എന്റെ മതം)

[3] ഞെറുമ്പൽ=പല്ലിറുമ്മുന്ന ഒച്ച
വീർപ്പിൽക്കരച്ചിൽ ഞെരിച്ചടക്കിക്കൊണ്ടു
യാത്രയാകുന്നു വെറുക്കുന്നു നിന്നെ ഞാൻ
മുപ്പതു വെള്ളി വിലയുള്ള മെത്തയിൽ
പശ്ചാത്തപിക്കാത്ത കൈകളാ,ലന്യനെ
കെട്ടിപ്പുണർന്നുകിടക്കു, ജരാനര–
ബദ്ധദേഹാർത്തികൾ തൻ മൃതീലീലയിൽ

(ബാലചന്ദ്രൻ ചുള്ളിക്കാട് — ഒരു പ്രണയഗീതം)

കടൽ

പോൽ–ഴാൻ തുലെ (1867–1920)

PAUL–JEAN TOULET

ഇരവിന്നഗാധമാം മൂകതയിൽ
കടലേ, ഞാൻ കേൾപ്പൂ നിന്നന്തഃക്ഷോഭം,
[1] തുയിലൊട്ടും കിട്ടാത്ത കാമുകിതൻ
ഹൃദയമസ്വസ്ഥം തുടിച്ചിടും പോൽ. [2]
[3] ഭവദുപാന്തത്തിൽ മലഞ്ചെരിവെ
കനമെഴും കാറ്റാഞ്ഞടിച്ചിടുമ്പോൾ
പരിഹാസഭാവം കലർന്നതാകു–
മൊരു ഗാനമെന്നിലുറന്നുവെങ്കിൽ
പരിഭവിക്കാനെന്തു? മർത്ത്യചിത്ത–
മൊരു ദിവ്യമായുള്ളപൂർണ്ണതയാം.
മിഴിനീരുവാർത്തു നിണയ്ക്കു വേണ്ടി–
ക്കരയുവാനിങ്ങാരുമില്ലയെന്നോ?
മുറിവേറ്റ മാറിടത്തിങ്കൽ നിന്നു–
മുതിരം പോൽ മാരി ചൊരിഞ്ഞിടുന്നു. [4]

NOCTURNE

കുറിപ്പുകൾ

[1] തുയിൽ = ഉറക്കം

[2] ജാഗരക്ലിഷ്ടനായസ്വസ്ഥചിത്തനായ്
സാഗരംമാത്രം വിരിമണൽ മെത്തയിൽ
താനേ തിരിഞ്ഞും മറിഞ്ഞും കിടക്കയാ–
ണീ നേരമൊക്കെത്തുടിക്കും കരളുമായ്

(ജി. — ചന്ദ്രക്കല)

നിൻനരച്ചിരിയിതുമതിർവിട്ടലച്ചേന്തി
വന്നിടുംഹൃൽക്ഷോഭത്തിൻ വെൺമുഖപടം താനോ?

(ബാലാമണിയമ്മ — ഉൽകൃഷ്ടത)

കടലിന്റെ കരളിലെ ച്ചലന ബിന്ദുവിൽ നിന്നും
പൊടിയുന്ന പിടയുമീ പ്രതിഭാസങ്ങൾ

(പി. കുഞ്ഞിരാമൻ നായർ — കിനാവിലെ കന്യക)

ഈ നീലക്കടലിന്റെ ദുഃഖവുമെന്റേതല്ലോ

(സുഗതകുമാരി — വർഷമയൂരം)

But now only hear
Its melancholy, long, withdrawing roar,
Retreating, to the breath
Of the night-wind, down the vast edges drear
And naked shingles of the world

(Mathew Arnold — Dover Beach)

[3] ഭവദുപാന്തം = നിന്റെ സമീപം

[4] It was hot, so hot, before the eunuchs came
To dance, wide skirts going round and round, cymbals
Richly clashing and anklets jingling, jingling
… … … … …
They danced, oh they danced till they bled
… … … … …
All were watching these poor creatures' convulsions.
The sky crackled then, thunder came, and lightning
And rain

(Kamala Das — The Dance of Eunuchs)

മൃദുരവം

പോൽ–ഴാൻ തുലെ (1867–1920)

PAUL–JEAN TOULET

അവികലതയാർന്നില്ലൊരാനന്ദവും
ശിഥിലമാം സ്വയമേതൊരാനന്ദവും. [1]
അഭിലഷിപ്പൂ നീ മൽപ്രേമ മെങ്കില–
ത്യധികമുച്ചത്തിൽ പൊട്ടിച്ചിരിക്കൊലാ.
മൃദുരവത്തിനേ സാധിക്കൂ, മൂടലിൽ
പോടുമൊരഗ്നിയെന്നോണമായ് ഹേമന്ത–
ക്കൊടുമയിൽ സ്വയം നീറവേ, പാടുമീ [2]
ക്കരളിനല്പം കുളിരു നല്കീടുവാൻ.

TOUTE ALLEGRESSE SON DEFAUT

കുറിപ്പുകൾ

[1] അവിരതം സുഖം, അവികലം ശുഭ–
മെവിടെയുണ്ടതീയുലകിൽ മാനുഷാ?
അവനി, പെറ്റമ്മേ ഭവദുത്സംഗം താൻ
നവനവ ക്രീഡയക്കുചിതമാം രംഗം.
ഭവതിതൻ മേന്മ മുഴുവൻ വായ്പതു
വിവിധതയിലും വികലതയിലും
തലയിൽ സർവജ്ഞനണിവതു തിങ്കൾ–
ക്കലയെത്താൻ, മുഴുമതിയെയല്ലല്ലോ

(ഉള്ളൂർ — പ്രബോധനം)

വിരുദ്ധതയുടെ നന്മത്തെഴും നാരിൽ
കൊരുത്തെടുത്തൊരീപ്രപഞ്ചമാലയിൽ
വിവിധതപോലും വിരസമാണോർത്താൽ
വിരുദ്ധതയുടെ ചരടു പൊട്ടിയാൽ

(ചങ്ങമ്പുഴ — വൈരുദ്ധ്യം)

അഴകിന്റെ ദ്യുവെള്ളിക്കിണ്ണമെല്ലാ–
മഴലുനിറഞ്ഞവയായിരുന്നു.
സ്ഫടികാഭമാകുമരുവികൾ ത–

ന്നടിയെല്ലാം പങ്കിലമായിരുന്നു
(ഇടപ്പള്ളി — തുഷാഹാരം)

പൂന്തിങ്കളിൽ പങ്കമണച്ച ധാതാ–
വപൂർണ്ണതയ്ക്കേ വിരചിച്ചു വിശ്വം
(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

[2] നട്ടുവെയ്‌ലത്തു നൃത്തം മുതിർത്തു നീ
പാട്ടുപാടി നീ തീച്ചൂളയിങ്കലും
(എം. ആർ. നായർ — ഹാസ്യാഞ്ജലി)

പൊട്ടിച്ചിരിയോടുകൂടിയാൽക്കണ്ണുനീർ
പൊട്ടിയിട്ടല്ലാതെ കണ്ടതില്ല.
തങ്കത്തുടുപ്പു തെളിയുന്ന സന്ധ്യപോയ്
പങ്കിലമാകാതിരിക്കയില്ല
(നാലപ്പാടൻ — എങ്കിലും)

With loud talk
You bruise my pre-morning sleep
You stick a finger in to my dreaming eye
(Kamala Das — The Stone Age)

വിശുദ്ധമേരിക്കു വണക്കം

ഫ്രാംസീസ് ഴാമ്മ് (1858–1938)

FRANCIS JAMMES

സിമ്പോളിസ്റ്റായിട്ടാണ് ഫ്രാംസീസ് ഴാമ്മ് കവിതാരംഗത്ത് കടന്നുവന്നത്. കത്തോലിക്കാ മതവിശ്വാസത്തിലേയ്ക്കു മാനസാന്തരപ്പെട്ടപ്പോൾ അതിൽ നിന്നു കൂടുതൽ പ്രചോദനം നേടി അദ്ദേഹം സ്വതന്ത്രരീതിയിൽ സാഹിത്യപരിശ്രമം തുടരുകയും കവിയും നോവലിസ്റ്റുമായി സ്ഥാനമുറപ്പിക്കുകയും ചെയ്തു. ആശയപരമായ നൂതനത്വം ഒരിക്കലും കൈവിടാതിരുന്ന ഴാമ്മിന്റെ ഈ മേരീവന്ദനത്തിൽ മറ്റു ദൈന്യതകളോടൊപ്പം കുരിശിന്റെ വഴിയിലെ (സ്ലീവാപ്പാത) ക്രിസ്തുവിന്റെ പീഡാനുഭവങ്ങളും പരോക്ഷമായി ചിത്രീകരിച്ചിരിക്കുന്നു.

കുട്ടികൾ പൂന്തോട്ടത്തിൽ
കളിച്ചു തിമർക്കുമ്പോൾ
പെറ്റമ്മയ്ക്കരികലായ്
മരിക്കും പൊന്നുണ്ണിയാൽ, [1]
പെട്ടെന്നു തൻപക്ഷങ്ങൾ
രക്തത്തിൽ മുങ്ങിത്താഴ്വ–
തെന്തിനെന്നറിയാത്തോ–
രാഹതപതംഗത്താൽ, [2]
[3] പശിയാൽ, ദാഹത്തിനാൽ,
പാരിച്ച പൈത്യത്തിനാൽ, [4]
വിശുദ്ധ മേരീ, നിന്നെ
ഞാനിതാ വണങ്ങുന്നേൻ.
കുടിച്ചു ലക്കില്ലാതെ
കൂടി പൂകിടും നിത്യ–
കുടിയൻതൻ തല്ലേറ്റു
കുഴയും കിടാങ്ങളാൽ
പള്ളയ്ക്കു ചവിട്ടേറ്റു
തളരും കഴുതയാൽ,
[5] ദണ്ഡനത്താലേ നിന്ദാ–
പാത്രമാം നിർദ്ദോഷിയാൽ,
വില്ക്കപ്പെട്ടുടുതുണി
യഴിയ്ക്കപ്പെടും പെണ്ണാൽ, [6]
തായക്കു ബലാൽസംഗ–
ജാതനാം തനയനാൽ, [7]
വിശുദ്ധ മേരീ, നിന്നെ

ഞാനിതാ വണങ്ങുന്നേൻ.
ഉച്ചിയിൽ പാറിടുന്നോ–
രീച്ചകൾ കിരീടമാം, [8]
പട്ടിയെയാട്ടും വടി
ചെങ്കോലാം ഭിക്ഷാർത്ഥിയാൽ,
വ്യർത്ഥാഭിലാഷങ്ങൾ തൻ
മുള്ളുകൾ ശിരസ്സേറ്റി
നെറ്റിയിൽ നിന്നും നിണം
വാർന്നിടും കവികളാൽ, [9]
വിശുദ്ധമേരീ, നിന്നെ
ഞാനിതാ വണങ്ങുന്നേൻ.
ആവതിലേറെ ബ്ഭാരം
പേറിക്കാലിടറവേ
ദൈവത്തെ വിളിക്കുന്ന
ദൂനയാം കിഴവിയാൽ, [10]
[11] കുറേനക്കാരൻ ശീമോൻ
മനുഷ്യപുത്രൻ തന്റെ
കുരിശിൻ താങ്ങായ പോ,–
ലൊരു മാനവസ്നേഹം
[12] തുണയായ് ലഭിക്കാതെ
വലയും നിർഭാഗ്യനാൽ,
നിറഭാരവുമായി
ത്താൻവലിച്ചൊരു വണ്ടി
മറിഞ്ഞായതിന്നുള്ളിൽ
പിടയും കുതിരയാൽ [13]
വിശുദ്ധമേരീ, നിന്നെ
ഞാനിതാ വണങ്ങുന്നേൻ.
ലോകത്തെ ക്രൂശിൽ നിർത്തും
നാലു ദിക്ചക്രങ്ങളാൽ, [14]
തീവ്രനോവിയന്നീടും
നൊന്തുനൊന്തന്തപ്പെട്ടും
മാംസപഞ്ജരമാർന്ന
സർവമാനുഷന്മാരാൽ, [15]
കാലുകളറ്റുള്ളോരാൽ,
കയ്യുകളറ്റുള്ളോരാൽ, [16]
[17] അംഗകൃന്തനത്താലേ
വിമ്മുമാതുരന്മാരാൽ,
[18] പാതകിയാക്കപ്പെട്ടും
പൊഴുതിൽ നാതിക്കായി
പകയറ്റു തൻചോര
ചിന്തിടും ന്യായസ്ഥനാൽ,
വിശുദ്ധമമേരീ നിന്നെ
ഞാനിതാ വണങ്ങുന്നേൻ. [19]

PAR LE PETIT GARCON… …

കുറിപ്പുകൾ

[1] അയൽപക്കത്തെക്കൊച്ചുകുട്ടികളുത്സാഹത്തോ–
ടവർതൻ മാവിൻചോട്ടിൽക്കളിവീടുണ്ടാക്കുന്നു,
പൂവാലനണ്ണാർക്കണ്ണാ മാമ്പഴം തരികെന്നുൾ–
പ്പൂവാളും കൊതിയോടെ വിളിച്ചുപാടീടുന്നു,
ഉതിരും മധുരങ്ങളോടിച്ചെന്നെടുക്കുന്നു,
മുതിരും കോലാഹല മംഗലാദ്ധ്വാനത്തോടും.
വാസന്തമഹോത്സവമാണവർക്കെന്നാലവൾ–
ക്കാഹന്ത കണ്ണീരിലാനന്ദമാം വർഷാകാലം

(വൈലോപ്പിള്ളി — മാമ്പഴം)

പുത്രൻ മടിയിൽ മരിക്കുന്നൊരമ്മതൻ
ഇറ്റിറ്റുവീഴുന്ന കണ്ണുനീരാണു ഞാൻ

(ബാലചന്ദ്രൻ ചുള്ളിക്കാട് — മാപ്പുസാക്ഷി)

[2] ആഹതപതംഗം = മുറിവേറ്റ പക്ഷി
ചെമ്പട്ടുപോലെ ചാടും ചോരയാൽ വെള്ളത്തൂവൽ
സമ്പ്രതിവിവർണ്ണമായ്, തറച്ച ക്രൂരമ്പോടും
പാരിലപ്പക്ഷി വീണു, തൽക്ഷണം കണ്ടുമന–
താരലിഞ്ഞുടൻ ബുദ്ധനതിനെച്ചെന്നെടുത്തു

(ആശാൻ — ശ്രീബുദ്ധചരിതം)

ആ നിർദ്ദയൻതൻ സമസൃഷ്ടി ഹിംസാ–
മലീമസാഘങ്ങളിൽ നിന്നൊരംശം
ഉയർന്ന തോക്കിൻ കുഴലിങ്കലൂടേ
ചെന്നേറിവിൺവീഥിയിലും പുകഞ്ഞു.
പെട്ടെന്നതാ, പക്ഷി തിരിഞ്ഞുകൊണ്ടു
കീഴ്പോട്ടുപോരുന്നു, ഹരേ മുകുന്ദ!

(വള്ളത്തോൾ — വെടികൊണ്ട പക്ഷി)

നിന്നുപോയ് സ്വർഗ്ഗീമസ്സംഗീതം, വീണു മണ്ണിൽ
കുഞ്ഞിളം ചിറകിട്ടടിച്ചുച്ചെറുകിളി
ക്ഷണനേരത്താ,ലുന്മേഷാത്മാവായിരുന്നതു
പിണമായ്, നിർജ്ജീവമായ് മരവിച്ചുണങ്ങിപ്പോയ്

(എൻ. വി. കൃഷ്ണവാരിയർ — ഒരു പഴയ കഥ)

പത്രം മുറിഞ്ഞ പതംഗിയെപ്പോലെ നീ
രക്തത്തിൽ മുങ്ങിപ്പിടയ്ക്കുമക്കാഴ്ചയിൽ

(ചങ്ങമ്പുഴ — വോതാളകേളി)

അമ്പുകൊണ്ടതെങ്ങെന്റെ നെഞ്ചിലോ പ്രാവിന്മേലോ

ആരുകേഴവതീയിണക്കിളിയോ യമി ഞാനോ? ...
ഭ്രുവാളം കിരാതത്വം മുറിവേല്പിക്കുന്നോരോ
ജീവാണുപേറും നോവുമെൻ നെഞ്ചിൽപ്പിടയ്ക്കവേ

(ബാലാമണിയമ്മ — വാല്മീകി)

പട്ടിളം ചുവൽത്തുകിലൂർന്നേതോ വെടിയേറ്റ
പക്ഷിയായ്പ്പിടയുന്നു, പോക്കുപൊൻവെയിൽനാളം

(പി. കുഞ്ഞിരാമൻ നായർ — കറുത്തമ്മ)

[3] എങ്ങുപോയെങ്ങുപോയ് വാറ്റുകഞ്ഞി–
ക്കെന്നോടിരക്കുമക്കൊച്ചുമകൾ
... ...
പേമാരിയോടും കൊടുങ്കാറ്റോടും
പൂമേനികൊണ്ടേ പൊരുതിപ്പോന്നോർ

(ബാലാമണിയമ്മ — എങ്ങുപോയ്)

ഉടുക്കുവാൻ തുണിയില്ല, കിടക്കുവാൻ കുടിലില്ല
കുടിക്കുവാനൊരുതുള്ളിക്കഞ്ഞിനീരില്ല
ഹരിയെന്നു വാതുറന്നു പറയുവാനറിയില്ല
കരയുവാൻപോലും കാര്യവിവരമില്ല

(ഉള്ളൂർ — ചൈത്രപ്രഭാവം)

അരിമയിലോണപ്പാട്ടുകൾ പാടി
പ്പെരുവഴിതാണ്ടും കേവലരെപ്പൊഴു–
മരവയർ പട്ടിണിപെട്ടവർ, കീറി–
പ്പഴകിയ കൂറ പുതച്ചവർ ഞങ്ങൾ

(വൈലോപ്പിള്ളി — ഓണപ്പാട്ടുകാർ)

കാറ്റുപോലെയലഞ്ഞുപോൽ കൈകളാൽ
നീട്ടുവാനിടം മന്നിലില്ലാത്തോർ
കുന്നുകൂടിപോൽ നായ്നരികൾക്കു
തിന്നുവാനുമിറച്ചിയില്ലാത്തോർ
മൊട്ടിലേ മുരടിച്ചുപോയ് കൊച്ചർ
അഷ്ടികിട്ടാതറിവുകിട്ടാതെ

(വൈലോപ്പിള്ളി — കുടിയൊഴിക്കൽ)

തൃക്കഴൽമാതേ നിൽകഴൽ പണിയും
മക്കൾ നിണയ്ക്കിവരരിമപ്പെട്ടോർ.
നിൻകൃപയിവരെ സ്പർശിക്കുക
നിൻകുളിർ പുഞ്ചിരിവെട്ടം വിതറുക
നിൻകളനൂപുരനാദം നിഹത ശ–
തങ്ങളിമൃതകണങ്ങൾ തളിക്കുക
ഇവരുടെ മിഴികളിലഗ്നി കൊളുത്തുക
ഇവരുടെ കരളിൽ കയറിയിരിക്കുക

(വൈലോപ്പിള്ളി — കൊന്നപ്പൂക്കൾ)

ഒട്ടിയവയറ്റത്തു കൈകളാൽ മൃദംഗവും
കൊട്ടിക്കൊണ്ടൊരു സദിരങ്ങവൻ നടത്തിനാൻ

(വള്ളത്തോൾ — ഇന്ത്യയുടെ കരച്ചിൽ)

[4] ചുറ്റും കനത്തോരിരുമ്പഴി–ജീവിത–
പ്പുറ്റിൽ ത്രസിപ്പൂ വികാരച്ചിതലുകൾ
നീയാരു നീ വെറും ഭ്രാന്തൻ നിനക്കുനിൻ
നീറും മനസ്സിൽ നിലാവുദിക്കുന്നുവോ?
നീ വഴങ്ങാഞ്ഞാലിതിന്റെ മൗഢ്യങ്ങൾക്കു
നീതമാകുന്നു ഹാ നിന്നുന്നിൽ മർദ്ദനം

(ചങ്ങമ്പുഴ — ഉന്മാദത്തിന്റെ ഓടക്കുഴൽ)

നമ്മെയിഭ്രാന്താശുപത്രിയിൽ കൊണ്ടുവ–
ന്നിങ്ങിനെ പാർപ്പിച്ചതെന്തിനാവോ,
ചക്രവാളംപോലകന്നുപോകുമീ മതിൽ–
ച്ചുറ്റിൽനിന്നെങ്ങൾക്കു മുക്തിയേകാൻ
രക്താഭിഷേകം കരങ്ങൾ നീട്ടും മർത്ത്യ–
പുത്രൻ വരും വഴിയെത്രദൂരം

(കെ. വി. രാമകൃഷ്ണൻ — ഭ്രാന്താശുപത്രി)

[5] ദണ്ഡനം = ശിക്ഷ

[6] ഇന്നാമാനം, നാണം
ഉടുതുണിയില്ലാതോലപ്പുരയുടെയുള്ളിൽ
കാലുമലച്ചുകിടന്നു ഞെരിഞ്ഞഞെരക്കം
നാളേക്കരിവാങ്ങാനായുള്ളൊരുക്കം
മിഴിപൂട്ടുക, മിഴിനീരൊപ്പുക,
നാളുകൾ നാമ്പുകരിഞ്ഞു

(കടമ്മനിട്ട — കടമ്മനിട്ട)

മറിയമേ …
പെരുവഴിയിൽ നിൻഹൃദയ–
മുട്ടപ്പുടവയുരിയുന്നു
ഉദരത്തിലവിശുദ്ധ
ബീജസങ്കീർത്തനം
പുകയുന്നു …

(ബാലചന്ദ്രൻ ചുള്ളിക്കാട് — ദുഃഖവെള്ളിയാഴ്ച)

കടത്തിണ്ണയിൽ വ്യാകുലമാതാവിന്
വീണ്ടും പേറ്റുനോവാരംഭിച്ചിരിക്കുന്നു

(ബാലചന്ദ്രൻ ചുള്ളിക്കാട് — വിശുദ്ധസന്ധ്യ)

പാതിവ്രത്യം വിറ്റുതിന്നുന്ന പെണ്ണിന്റെ
പാപകർമ്മത്തിന്നു ശിക്ഷ പണ്ടേ

നാലുപാട്ടും നിന്നു കല്ലെറിഞ്ഞപ്പെണ്ണിൻ
നാശംവരുതത്തുകയെന്നതത്രെ

(കട്ടമത്ത് — കാരുണ്യധാര)

കൊറ്റിനായ് വിറ്റു ചാരിത്രം വിഷാണുക്കൾ
മുറ്റിപിടയ്ക്കുന്നു, ഗർജ്ജിപ്പൂ മർദ്ദനം

(ചങ്ങമ്പുഴ — പുരോഗതിയെത്തടുത്താൽ)

പീടികത്തിണ്ണ വീടാക്കി സഹോദരി മയങ്ങവേ

(പി. കുഞ്ഞിരാമൻ നായർ — നരബലി)

[7] വട്ടമിട്ടുതന്നോമൽക്കുഞ്ഞിനു ചുറ്റും നില്പൂ
കുട്ടിക,ളൊരുത്തനുണ്ടിങ്ങിനെ ചോദിക്കുന്നു:
'ആരെടാ നിന്നച്ഛൻ?'–ഹാ മിണ്ടാതെ മുഖം കുനി–
ച്ചാരോമൽപ്പുത്രൻ നില്പൂ–ചിരിച്ചു മറ്റെല്ലാരും
'തന്തയില്ലാത്തോൻ കഷ്ടം, തന്തയില്ലാത്തോൻ'–

(പി. കുഞ്ഞിരാമൻ നായർ — കൈകൾ)

സന്തോഷപൂർവ്വം കൊട്ടിയാർത്തവർ ചിരിക്കുന്നു.
തൻമണിക്കുഞ്ഞിൻ രണ്ടു കൺകളും നിറ,ഞ്ഞിളം–
പൊന്മലർക്കിവളിലൂടൊഴുകുന്നല്ലോ കണ്ണീർ

(ചങ്ങമ്പുഴ — ദേവത)

[8] എൻ ചുമടിൻ മധുരങ്ങൾ പിമ്പേ
വെമ്പിയെത്തുവോർക്കായിപ്പകുക്കേ
എൻ ചുമടിലെ മുള്ളുകൾമാത്രം
എൻ ശിരസ്സിന്നണിയലായ് വെയ്ക്കേ

(സുഗതകുമാരി — ഒന്നുമാത്രം പറഞ്ഞുതന്നാലും)

ക്ലേശമെൻ മൗലിക്കേകും മുൾക്കിരീടം താൻ ഞാനൊ–
ന്നാശിപ്പൂ യഥാർത്ഥമാം രാജാധിരാജ്ഞീചിഹ്നം

(ഉള്ളൂർ — നൈരാശ്യത്തിൽ നിന്നു)

[9] ഉൾക്കടം നൊന്താലുമീ നെറ്റിമേൽക്കോറും ചിന്താ–
മുൾക്കിരീടത്തെസ്സദാ ചൂടട്ടെയെൻമസ്തിഷ്കം

(ബാലാമണിയമ്മ — കുരിശിൽ)

തെളിവിൻ മുൾക്കിരീടത്താൽ
തലയിൽ ഭാരമേറവേ

(കടമ്മനിട്ട — ഞാൻ)

[10] എടുത്താൽ പൊങ്ങീടാത്ത ചുമട്ടും പേറിക്കൊണ്ടു
നടക്കാൻ വയ്യെങ്കിലും നടന്നേമതിയാവൂ …
… … … … …
എത്ര നാഴിക പോണമീ വഴിയൂടേ നീള–
മെത്ര,പാതയോരത്തിനത്താണിക്കല്ലുണ്ടാമോ?

(മേരി ജോൺ തോട്ടം — ചുമട്)

[11] 'അവർ പോകുമ്പോൾശീമോൻ എന്നുപേരുള്ള കുറേനക്കാരനെ കണ്ടു,
അവന്റെ ക്രൂശ് ചുമപ്പാൻ നിർബന്ധിച്ചു'

(ബൈബിൾ — മത്തായി 27: 32)

[12] തുണകാണാതലയും
പൂമ്പൊടി നല്കും നിവേദനം

(സച്ചിദാനന്ദൻ — കവിബുദ്ധൻ)

അരികിൽ സാന്ത്വനമരുളുവാൻ ഞാനൊ–
രലിവിനെക്കാണാതുഴറുമ്പോൾ

(ചങ്ങമ്പുഴ — സാന്ത്വനമൂർത്തി)

എന്നുടെ കൊച്ചു മാറാപ്പേറിത്തളർ–
ന്നെന്നുനിർവേദേന താഴെത്തെറിഞ്ഞു ഞാൻ
അന്നുമുതല്ലേ സഹയാത്രികർക്കുറ്റൊ–
രത്താണികളായ് ചമഞ്ഞിതെൻ തോളുകൾ

(ബാലാമണിയമ്മ — യാത്രയിൽ)

ചൂടുവെട്ടത്തെക്കരളിൽ നിറയ്ക്കാ–
നടവുകൾ തേടിയൊരെന്നെക്കര–
വലയത്തിലൊതുക്കിയെടുത്തു പുണർന്നും
എന്റെ കുരിശുകൾ തോളിൽ താങ്ങിയും

(നീലമ്പേരൂർ മധുസൂദനൻ നായർ — ചില്ലുകൾ, ചീളുകൾ)

[13] സന്ധിബന്ധങ്ങൾ തകർന്നീടുന്നു നിണംതുപ്പി
ബന്ധിതർ ഞങ്ങൾ വണ്ടിയോടൊപ്പം മറഞ്ഞേക്കാം

(മേരി ജോൺ തോട്ടം — ചുമട്)

എൻ ചുമടരികിൽ മറന്നുകിടപ്പൂ
നെഞ്ചിൽ ചാട്ടകൾ മൂളുന്നു

(സുഗതകുമാരി — തിരുവോണപ്പുലരിയിൽ)

[14] താരകരത്നഖചിതമാം പട്ടിനാൽ
പാരമലംകൃതമായ വിൺപെട്ടിയിൽ
ചത്തപകലിൻ ശവം വെച്ചെടുപ്പതി–
ന്നാത്തമൗനം നാലുദിക്കുകൾ നില്ക്കവേ

(ജി. — ഇന്നു ഞാൻ നാളെ നീ)

പുള്ളിയുള്ളാകാശമെൻ കൂടെ
നാലുകാലിന്മേൽ നീങ്ങുന്നു

(ആറ്റൂർ രവിവർമ്മ — പിറവി)

[15] നേരുവഴിക്കു നടപ്പാനരുതാഞ്ഞു
കാരമുള്ളേത്തറക്കയാലേ
ചോരയൊലിക്കുന്ന കോലവുമാർന്നു നിൻ–
ചാരത്തുനില്ക്കാമോ ഞങ്ങൾക്കെല്ലാം?
തപ്തബാഷ്പാംബുകണങ്ങളാലങ്ങയ്ക്കു

മുത്തണിമാലകൾ ചാർത്തീടാമോ?
പേശലമായ നിൻപാദത്തിൽ ജ്ജീവിത–
ക്ലേശപുഷ്പാഞ്ജലി ചെയ്തീടാമോ?

(കെ. കെ. രാജാ — പാവങ്ങളുടെ പ്രാർത്ഥന)

[16] പാതയോരത്തു മുന്നിലിരുന്നു
പട്ടിണിയുടെ രൂപഭേദങ്ങൾ
കണ്ണുപൊട്ടിയോർ, കാലനങ്ങാത്തോർ,
പുണ്ണുപെട്ടവ, രസ്ഥിശേഷന്മാർ,
മുക്തിഗോപുരം നോക്കിക്കുതിക്കും
ഭക്തിനിഷ്ഠർതൻ ഭർത്സനമേറ്റോർ

(ബാലാമണിയമ്മ — തിരുവരുൾ)

...ഇദ്ധരിത്രിയിൽ ദാരിദ്ര്യാതി നാനാദുഃഖത്താൽ
പീഡിതരായകാല രോഗഗ്രസ്തരായ്, പാര–
മാടൽതേടുന്നു മിക്കവാറും പേർ, മഹാതേ
... ...
ദൃഷ്ടിഹീനരുമംഗഭംഗങ്ങളുള്ളവരും
കുഷ്ഠരോഗികളുമന്യാമയങ്ങളാൽപാരം
ക്ലിഷ്ടതയനുഭവിപ്പവരുമെന്നുവേണ്ട
ജരയാലുടൽ ജീർണ്ണിച്ചോരു വൃദ്ധരുമംഗം
പരിശോഷിച്ചോർ, ബലഹീനരായുള്ളോർപോലും ...

(ആശാൻ — ശ്രീബുദ്ധചരിതം)

കാലറ്റു കൈയറ്റു കണ്ണറ്റു നിര്യാണ–
കാലത്തെയും കാത്തിരിക്കേണ്ട ദുർഭഗർ

(ഉള്ളൂർ — സമരതൃഷ്ണ)

അധമരിൽ അധമനും ദീനരിൽ ദീനനും വസിക്കുന്നിടത്ത് അങ്ങയുടെ ചരണങ്ങൾ വിരാജിക്കുന്നു; എല്ലാവരുടേയും പുറകിൽ എല്ലാവരുടേയും താഴെ, എല്ലാം നഷ്ടപ്പെട്ടവരുടെ നടുവിൽ ...അങ്ങു നിസ്സഹായരൊത്തു അവരുടെ കുടിലുകളിൽ അധിവസിക്കുന്നു.

(ടാഗോർ — ഗീതാഞ്ജലി (കെ. സി. പിള്ള, വി. എസ്. ശർമ്മ))

[17] അംഗകൃന്തനം = അവയവം മുറിച്ചുമാറ്റാൻ (ശസ്ത്രക്രിയ)
ഇവിടെയാതുരാലയത്തിന്നൾത്താര–
യൊരുങ്ങുന്നു, കണ്ണീരുരുകിവീഴുന്നു

(ബാലചന്ദ്രൻ ചുള്ളിക്കാട് — മരണവാർഡ്)

[18] അയാൾ പിന്നേയും ചോദിച്ചു–
സ്നേഹിതാ ഏതൊക്കെ വഴിയിലൂടെയാണ് നിന്റെ യാത്ര. ഞാൻ പറഞ്ഞു–
രക്തപങ്കിലമായ ന്യായപ്രമാണങ്ങളിലൂടെ
കൂടില്ലാത്ത കിളിയുടെ നിലവിളിയിലൂടെ
ക്രൂശിക്കപ്പെടുന്നവന്റെ മൗനത്തിലൂടെ

(നെല്ലിക്കൽ മുരളീധരൻ — പുറപ്പാട്)

[19] കുരിശിന്മേലും ക്രൂരനീതിയോടിളവെന്യേ
പൊരുതുന്നതിലത്രേ പരമോൽകൃഷ്ടൻ മർത്ത്യൻ
(വൈലോപ്പിള്ളി — ഇരുളിൽ)

വ്യാകുലാംബയെൻ ദണ്ഡസാക്ഷിയായ്, കണ്ണീരുപ്പ–
പാവയായ് നില്പതാഴെ, സ്വീകരിക്കുകി പ്രാണ–
വേദനയുടെ വിഷഭാജനം, ഒഴുകുമെൻ
ചോരയാൽ പ്രപഞ്ചത്തിനേകുക ജ്ഞാനസ്നാനം
(ബാലചന്ദ്രൻ ചുള്ളിക്കാട് — ബലി)

ചേതനലോകം ചിരാൽ ചുമക്കും സൂക്ഷ്മസ്ഥൂല.
യാതനയെല്ലാമിപ്പോളെന്നിലെയ്യോഴുകുന്നോ?
പീഡനമേല്ക്കുന്തോറുമോർക്കുവേൻമാഴ്കുംജീവ–
കോടിയേപ്പറ്റി, ദുഃഖശാന്ത്യുപായത്തെപ്പറ്റി.
അസ്വതന്ത്രനാമെന്നിലങ്ങിനെയുണരുന്നി–
തണ്ഡരാശിയെത്തന്റേതാക്കുമുൽബലസ്നേഹം
(ബാലാമണിയമ്മ — കുരിശിന്മേൽ)

നാനാതരക്കാരായ ദീനരേയും നിന്ദിതരേയും പീഡിതരേയും പൂജാപുഷ്പങ്ങളാക്കിക്കൊണ്ടുള്ള ഫ്രാംസീസ് ഴാമ്മിന്റെ ഈ മേരീവന്ദനം കെ. കെ. രാജീവിന്റെ 'ക്ലേശപുഷ്പാഞ്ജലി' തന്നെയല്ലേ? ഈശ്വരൻ ഇത്തരക്കാരോടൊപ്പമാണെന്നു സമർത്ഥിക്കുന്ന ഉള്ളൂരിന്റെ വരികൾ കൂടി ഇവിടെ താരതമ്യം അർഹിക്കുന്നു.

ദിവ്യദ്ദക്കെന്നെത്തൊഴാൻ തേടേണ്ടുംസ്ഥലംപാരിൽ
ഭവ്യത്തിന്നസ്പൃശ്യരാം പാവങ്ങളെച്ചുണ്ടങ്ങാം;
ദീനൻ മേലവൻവീഴ്ത്തും കണ്ണീരിലാണെൻസ്നാനം;
ദീനൻമേൽത്തൂകും സ്മിതം ദീപമെൻ പുരസ്ഥിതം;
ദീനൻതൻ മലർന്നതാം കൈക്കുമ്പിളാണെൻ വഞ്ചി;
ദീനൻതൻ ക്ഷുത്താറ്റിടും ധർമ്മാന്നമെൻ നൈവേദ്യം;
ദീനൻതൻ കാതിൽപെടും സാന്ത്വവാക്കാണെൻ സ്തോത്രം;
ദീനനെസ്സേവിപ്പതാണെൻസേവ മറ്റൊന്നല്ല.
(ഉള്ളൂർ — ഭക്തിദീപിക)

വെളിമതിൽക്കതകടച്ചു പൂട്ടിക്കൊ–
ണ്ടെളിയോരത്തിരഞ്ഞിറങ്ങി തമ്പുരാൻ
പിറവിയിൽ മാമൂൽക്കുഴിയിൽ വീഴുവോർ
വറുതിയാം ഭൂതം കടിച്ചുതിന്നുവോർ
ഗദപ്പെരുമ്പാമ്പു വരിഞ്ഞിറുക്കുവോർ
കദനക്കുരമ്പു കരൾ പുണ്ണാക്കുവോർ
മുടവർ, ജാത്യന്ധർ, ചെകിട, രുന്മത്തർ–
ഉടയവനവർക്കിടയിൽ നില്പായി
(ഉള്ളൂർ — നടതുറക്കൽ)

കഴുതകളോടൊപ്പം സ്വർഗ്ഗത്തിലേയ്ക്ക്

ഫ്രാംസീസ് ഴാമ്മ് (1858–1938)

FRANCIS JAMMES

ഗ്രാമോത്സവത്തിന്റെ നാളിലായീടട്ടെ
നിന്നിലേയ്ക്കെന്നെ വിളിപ്പതു ദൈവമേ.
ഗ്രാമം മുഴുക്കെ [1] പ്പൊടിയുയർന്നീടുന്ന
നാളതെൻ ജീവിതരീതിയ്ക്കു ചേർന്നതാം.
താരനികരം പകലും തിളങ്ങുന്ന
താവക സ്വർഗ്ഗത്തിൽ വന്നണഞ്ഞീടുവാൻ
എന്നിച്ഛപോലൊരു പാത തിരഞ്ഞെടു–
ത്തീടാനവിടുന്നനുവദിക്കേണമേ. [2]
ഊന്നുവടിയുമായിപ്രയാണത്തിനെൻ
രാജമാർഗ്ഗത്തിലണഞ്ഞിടുന്നേരത്തു
എന്നിഷ്ടരാകും കഴുതകളോടു ഞാൻ
ചൊന്നിടും: ‘പ്രേഷ്ഠരാം ചങ്ങാതിമാർകളേ, [3]
പോകുന്നു സ്വർഗ്ഗത്തിലേയ്ക്കു ഞാൻ, നല്ലവ–
നാമഖിലേശന്റെ നാട്ടിൽ നരകമി–
ല്ലാകയാൽ നിങ്ങളുമെന്നോടുകൂടവേ
വന്നുകണ്ടാലും നമുക്കൊത്തു പോയിടാം.
[4] ദൈവരാജ്യത്തിന്നു നിങ്ങളഭിമതർ,
ഭൂവിൽ പെരുത്തുമേ പീഡനമേല്ക്കുവോർ’
ഇജ്ജന്തുവൃന്ദത്തിൻ മദ്ധ്യത്തിലെന്നെ നീ
കാണുമാറാകണം, നിൻ കൃപയർഹിക്കു–
വോരിവർ, [5] നമ്രശിരസ്കർ, രിക്കാരണാ–
ലേറെ ഞാൻ സ്നേഹിച്ചിടുന്നോരകല്മഷർ.
സാമാനവണ്ടി പലതും വലിച്ചവർ,
ഭാരിച്ച ഭാണ്ഡങ്ങളേറെച്ചുമന്നവർ, [6]
നട്ടെല്ലു കുന്നവർ, വീർത്ത തോൽസഞ്ചിപോൽ
ഗർഭം ചുമന്നീടും ഗർദ്ദഭിമാർ, ഭഗ്ന [7]
മേറ്റവർ, നാറും ചലമൊലിച്ചീച്ചക–
ളാർത്തിടും മർദ്ദനപ്പാടുകളുള്ളവർ. [8]
ഇങ്ങിനെ യായിരമായിര മുന്നത–
[9] ശ്രോത്രങ്ങൾ തിങ്ങിടും വൻഘോഷയാത്രയായ്
അങ്ങതൻ സന്നിധി പൂകാനനുമതി
തന്നാവു നീയെനിക്കൻപുറ്റ ദൈവമേ. [10]
ശാന്തി വഴിയുന്ന നിൻ സ്വർഗ്ഗരാജ്യത്തെ

പൂന്തേനരുവികൾ തന്നിലേയ്ക്കെങ്ങളെ
ആനയിച്ചീടാവു മാലാഖമാ, രങ്ങു
നിൻ ദിവ്യവാരിയിൽ, ശാശ്വതപ്രേമത്തിൻ
സ്വച്ഛതയിങ്ക, ലിപ്പാവങ്ങൾ സ്വീയമാം
ശാലീനനിസ്വത ബിംബിച്ചു കാണവേ
ഞാനു മിവരിലൊരുവനായ്ത്തീരുവാൻ
കാരുണ്യവാരിധേ നീ കനിഞ്ഞീടണേ.

PRIERE POUR ALLER AU PARADIS AVEC LES ANES.

കുറിപ്പുകൾ

[1] പൊൻകോടീരമൊരുച്ചമാം തലയിൽ നി–
ന്നൂക്കിൽത്തെറിപ്പിക്കുവാൻ
ചെങ്കോൽ മണ്ണുപുരണ്ട കയ്യിനരുളി–
ച്ചിക്കെന്നു പൊക്കാമേ

(കെ. കെ. രാജാ — ഹൃദയബലി)

പാതിവഴിയ്ക്കു പാഥേയം തീർന്നുപോകുകയും ക്ലേശത്തിന്റെ ചിഹ്നങ്ങൾ തെളിഞ്ഞു കാണുകയും പൊടിപുരണ്ട മലിന വസ്ത്രം അപവാദഭാരം പേറുകയും ശരീരശക്തി നശിച്ചുപോകുകയും ചെയ്യുന്ന പാന്ഥന്മാരുടെ ക്ഷീണവും വേദനയും അങ്ങയുടെ കാരുണ്യാധിക്യം രഹസ്യമായി മൂടി വെക്കുന്നു.

(ടാഗോർ — ഗീതാഞ്ജലി (കെ. സി. പിള്ള, വി. എസ്. ശർമ്മ))

വിശ്രമം തേടുന്ന രാത്രികളിൽ അങ്ങയെ പരിപൂർണ്ണമായി വിശ്വസിച്ചുകൊണ്ടു പൊടിപടലം നിറഞ്ഞ വഴിത്താരയിൽ നിർഭയം എന്റെ ജീവനെ ഞാൻ സമർപ്പിക്കുകയും നിദ്രയെ ക്ഷണിച്ചുവരുത്തുകയും ചെയ്യുന്നു.
ഹൃദയനാഥാ, ഇനി ഞാൻ ആഭരണങ്ങളണിയുകയില്ല. വീട്ടിലെ പൊടിപുരണ്ട തറയിൽ തനിയേ ഇരുന്നു അങ്ങേയ്ക്കുവേണ്ടി ഇനി ഞാൻ കരയുകയില്ല. ക്ഷീണിതനായി ഞാൻ വഴിയരികിലിരക്കുമ്പോഴും പ്രയാസപ്പെട്ടു പൊടിയിൽ ശയ്യ വിരിക്കുമ്പോഴും എന്റെ മാർഗ്ഗം മുഴുവൻ അവശേഷിക്കുന്നു എന്ന വിചാരം മനസ്സിൽ ഉണ്ടായിരിക്കട്ടെ.

(ടാഗോർ — ഗീതാഞ്ജലി (കെ. സി. പിള്ള, വി. എസ്. ശർമ്മ))

[2] ഏതുവഴിക്കു തിരിക്കിലുമീശൻതൻ
പാദമൂലത്തിങ്കൽ ചെന്നുപറ്റാം
ചാലവേ തദ്ദിവ്യപീഠത്തെത്താങ്ങിടും
കാലിതിലോരോന്നും തർക്കമില്ല

(ഉള്ളൂർ — എന്റെ മതം)

വേദാന്തം, സംഖ്യതത്വം, വരദ, ഫണിമതം
വൈഷ്ണവം, ശൈവമേവം
ഭേദം തേടുന്ന പാന്ഥാക്കളിലിഹ രുചിഭേ–
ദങ്ങളാൽത്തങ്ങിയൊന്നിൽ

മോദാൽപ്പോകും ജനം നിൻ കഴലിണയിൽ വരും
നേരെയാഞ്ഞോവളഞ്ഞോ
നീ താനല്ലോ, സ്മാരാരേ, ശരണമിഹ നരർ–
ക്കപ്പുകൾക്കബ്ധിപോലേ
(ആശാൻ — ശിവമാഹാത്മ്യ സ്തോത്രം)

ഒരേയിടത്തേയ്ക്കേ വഴിയെല്ലാമെന്ന
പൊരുളറിഞ്ഞോർക്കു പോരായ്മയുണ്ടാമോ
(ബാലാമണിയമ്മ — നിഷ്ക്രമണം)

[3] പിന്നെയും ചൊന്നാൻ ദേവൻ: പ്രാണിസഞ്ചയമെല്ലാ–
മന്യോന്യമുടപ്പിറപ്പാകയാൽ സ്നേഹാർദ്രരായ്
സന്തതമിണങ്ങി വാണിടുമെന്നാകിൽ പാർപ്പാ–
നെന്തൊരു മനോജ്ഞമാം കുടുംബമിബ്ഭൂലോകം
(ആശാൻ — ശ്രീബുദ്ധചരിതം)

[4] നീതിനിമിത്തം പീഡനമേല്ക്കുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്.
(ബൈബിൾ — മത്തായി 5: 10)

അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ,
എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ
ആശ്വസിപ്പിക്കും.
(ബൈബിൾ — മത്തായി 28)

[5] തലതാണു പാവം കുനിഞ്ഞുനിന്നു
കളിമണ്ണു പെറ്റൊരു കുട്ടിപോലേ
… … … … …
അവനെയോർത്താവാം കഥിച്ചു യേശു:
'അവനതരത്രെയനുഗ്രഹീതർ'
(വൈലോപ്പിള്ളി — കഴുതയും കുതിരയും)

[6] ഏറിയ മൂഢതയായി കാണായ്
ഭാരം പേറും കഴുതകളും
പുറകെ മൂളും ചാട്ടയുമായി–
ട്ടൊരുവനു–മെന്തൊരു പരിഹാസം
… … … … …
തിരികെപ്പോന്നുചിന്തകൾ മുന്നിൽ
ചുമടു ചുമക്കും മൂകതകൾ
(സുഗതകുമാരി — തിരുവോണപ്പുലരിയിൽ)

പുതുപൊൽക്കിനാവിന്റെ പൂതിയുള്ളിൽ,
മുതുകിലാരാന്റെ ചുമടുമേന്തി
കടവഴ്ച്ചി ളുങ്ങി നടന്നു മന്ദം

വിട്ടുവിഡ്ഢിയെന്നു ജനം വിളിക്കേ
(വൈലോപ്പിള്ളി — കഴുതയും കുതിരയും)

[7] ഭഗ്നം = കാലിന്റെ അസ്ഥിപൊട്ടൽ
ഭാരവണ്ടി വലിക്കവേ ചാട്ടയേ–
റ്റോരു കാളകൾ മണ്ടും കിലുക്കവും
(വൈലോപ്പിള്ളി — പുതിയചോറൂണ്)

The tattered outlaw of the earth
… … … … …
Starve, scourge, deride me: I am dumb
(G. K. Chesterton — The Donkey)

[8] കരഞ്ഞുവെണ്മണൽ ദീനതപൂണ്ട–
ങ്ങുരഞ്ഞു നീങ്ങേ ചക്രങ്ങൾ
കുടമണിയൊച്ചകൾ തളർന്നുപോയ്പ്പോയ–
യടർന്നുവീഴുന്ന ചോട്ടിൽ
പൊട്ടും ചാട്ടകൾ– ഇടതടവില്ലാ–
ഞെട്ടും കാളകളന്നേരം
കരിമിഴി ഞാലും കണ്ണീരിൻ ചെറു–
കണങ്ങൾ വീഴുന്നിമ്മണ്ണിൽ
(ഒ. വി. ഉഷ — വേദന)

അവനറിവീലവഹേളനങ്ങൾ
അവശതാഭാരവും ചാട്ടവാറും
(വൈലോപ്പിള്ളി — കഴുതയും കുതിരയും)

സ്വോദരംഭരികൾതൻ ഭാരവും വലിച്ചു കൺ–
പോളകൾ പൂട്ടാതല്ലിലൊന്നിനു പിമ്പൊന്നായി
പതയും വെള്ളച്ചോര ചിതറും നിൻകൂട്ടർതൻ
പുറത്തുകുത്താടുന്നു രാപ്പകൽ ചമ്മട്ടികൾ
(പി. കുഞ്ഞിരാമൻ നായർ — അറ്റകൈ)

[9] ചെറിയ വിമർശവും തപ്പിവരാൻ
ചെവികൾ വികൃതമായ് നീണ്ടുവന്നു
… … … … …
ഉയരത്തിൽ നീളുമവന്റെ കാതി–
ലുതിരുന്നു ദേവതാസംഘഗീതം
(വൈലോപ്പിള്ളി — കഴുതയും കുതിരയും)

[10] യുധിഷ്ഠിരൻ:
എന്നോടുകൂടെപ്പോന്ന സോദരന്മാരും വീണാർ
തന്വംഗിയായ മമ ഭാര്യയും വീണാളല്ലോ.
പിന്നെയും പിരിയാതെ പോന്നിതെന്നോടുകൂടെ–
ത്തന്നെയീശ്വാവു,മിവൻതന്നെയുമുപേക്ഷിച്ചു

വിണ്ണവർ പുരിക്കെനിക്കെന്നുമേ പോന്നുകൂടാ
എന്നെയും കൊണ്ടു വിണ്ണിൽ പോകണമെന്നാകിലോ
മുന്നമീശ്വാവുതന്നെയങ്ങുടൻ കരേറ്റണം
... ...
പോയാലും ഞാനിശ്വാവുകൂടാതെ പോരികയി–
ല്ലായതവിലോചനനാകുമെൻ കൃഷ്ണനാണേ

(എഴുത്തച്ഛൻ — ശ്രീ മഹാഭാരതം)

യാത്രാമൊഴി

പോൾ ക്ലൊദേൽ (1868–1955)

PAUL CLAUDEL

തുടക്കത്തിൽ മല്ലാർമ്മെയുടെ ശിഷ്യനായിരുന്നു പോൾ ക്ലൊദേൽ. പിന്നീടു അദ്ദേഹത്തിൽനിന്നകന്നു സ്വന്തമായ സരണിയിലൂടെ നീങ്ങി കവിയും നാടക കൃത്തുമായി പേരെടുത്തു. അമേരിക്കയിലും ജപ്പാനിലും ഫ്രഞ്ച് അംബാസഡർ ആയിരുന്നു. വെർലേനെപ്പോലെ നേർത്തേ കൈവിട്ട കത്തോലിക്കാ വിശ്വാസത്തിലേയ്ക്കു തിരിച്ചു വന്ന ക്ലൊദേൽ വിശ്വാസപരമായ തീവ്രതയും സാഹിത്യവിഷയകരമായ ഉൽപതിഷ്ണുത്വവും ഒപ്പം പുലർത്തി.

മരണത്തെ മുന്നിൽക്കാണുന്നവർ ഇഷ്ടജനങ്ങൾക്ക് അന്തിമാഭിവാദ്യമർപ്പിക്കുന്നു. തുടർന്നു വ്യക്തിഗതമായി അമ്മയോട്, പത്നിയോട്, സുഹൃത്തുക്കളോട് അന്ത്യയാത്ര വഴങ്ങുന്നു–ഇതാണ് ഈ കവിതയുടെ ഉള്ളടക്കം. മൂന്നു ഖണ്ഡിക, ഇടയ്ക്കു പല്ലവി, ഒടുവിൽ ആവൃത്തി, വീണ്ടും പല്ലവി–പഴയ ഫ്രഞ്ച് നൃത്തഗാന (Ballade) രൂപത്തിലാണ് ഇതെഴുതപ്പെട്ടിട്ടുള്ളത്.

ഞങ്ങൾ പോയിരുന്നു മു–
　　　　മ്പെത്രയോ കുറിയെന്നാൽ
ഇക്കുറി പ്പോകുന്നതു
　　　　ശരിക്കുള്ളൊരു പോക്കാം.
പ്രേഷ്ഠരാം നിങ്ങൾക്കെല്ലാം
　　　　അന്ത്യമാം നിമേഷവും
[1] കാത്തിടാ നിമേഷവും
　　　　ഞങ്ങൾ കേറേണ്ടും വണ്ടി.
വിടചോദിച്ചു മുമ്പു
　　　　പലപോ, തെന്നാലിന്നീ
വിടചോദിക്കൽ തീർത്തും
　　　　നീക്കുപോക്കില്ലാത്തൊന്നാം. [2]
നിന്നിൽ നിന്നമ്മേ,യെന്നും
　　　　വേർപെടാ ഞാനെന്നു നീ
നണ്ണിയോ, നോക്കു, കാര്യ–
　　　　ക്കിടപ്പു മറിച്ചല്ലോ.
അന്ത്യമാം വിടയേകു
　　　　എന്തിനായ്ക്കേഴുന്നു നീ [3]
അന്തരേ പ്രതീക്ഷകൾ
　　　　പുലർത്തുന്നോരേപ്പോലേ?
അന്യഥാ ഭവിക്കുവാ–
　　　　നാവാത്ത കാര്യം ചൊല്ലി

ക്കണ്ണുനീർ വാർക്കുന്നതു
കേവലമപാർത്ഥമാം. [4]
[5] മാഞ്ഞുപോം നിഴലാണു
ഞാനെന്നതറിയില്ലേ,
നീയുമേ നിഴൽ, മായാ–
ദൃശ്യമെന്നതു മമ്മേ? [6]
തിരികേ വരാ ഞങ്ങൾ നിങ്ങൾ തന്നടുത്തേയ്ക്ക്
സ് സ്ത്രീകളെ മുഴുവനും–
പത്നിമാർ, മറ്റുള്ളവർ,
കെട്ടുവാൻ വാക്കേകിയോർ–
പിറകിൽ വിട്ടുംകൊണ്ടു
പോകുകയായീ ഞങ്ങൾ,
മുതിർന്ന പെണ്ണുങ്ങളും
പെൺകിടാങ്ങളുമേകും
ആലശീലകളറ്റു
ഏകാകിമാരായ് ബ്ഭാര
മുക്തരായ്ത്തീർന്നു ഞങ്ങൾ.
എങ്കിലും ഛായാത്മക
സുന്ദര, മുദാത്തമീ
മംഗളമുഹൂർത്തത്തിൽ
അന്ത്യമായൊന്നുകൂടി
[7] നിന്മുഖം കാണട്ടെ ഞാൻ
മൃതനായപരനായ്
ഞാൻ മാറും മുമ്പേ, [8] അതി–
ങ്ങന്യന്റേതാകും മുമ്പേ
നിന്മുഖം കാണട്ടെ ഞാൻ
അന്ത്യമായൊന്നുകൂടി,
തെല്ലിടയ്ക്കുള്ളിൽത്തന്നെ
ഞാനില്ലാതാകും മുമ്പേ.
ഒന്നു മാത്രം നീ ചെയ്താൽ
മതി, നീയെങ്ങാകിലും:
[9] നന്നായി നോക്കീടേണം
നമ്മുടെ പൂമ്പൈതലെ.
നാം രണ്ടുപേരും ചേർന്നു
ജന്മമേകിയ പൊന്നോമൻ, [10]
[11] എന്റെയാത്മാവിന്നാത്മാ
വെന്റെ മാംസത്തിൻ മാംസം.
അച്ഛന്റെ പേരി,ട്ടിനി
വന്നിട്ടും കാലത്തേയ്ക്കു
പുത്തനാം പരമ്പര
പടുക്കാൻ പോകുന്നവൻ.
തിരികേ വരാ ഞങ്ങൾ നിങ്ങൾ തന്നടുത്തേയ്ക്ക്
വിടചോദിപ്പൂ ഞങ്ങൾ

ചങ്ങാതിമാരേ, നമ്മൾ
അകലങ്ങളിൽ നിന്നും
വന്നുചേർന്നടുത്തവർ.
ദൂരതയതൊന്നിനാൽ
ത്തന്നെയാം പരസ്പരം
പൂർണ്ണമാം വിശ്വാസ്യത
പുലർത്താനാവാത്തോർ നാം.
കളിച്ചു ചിരിച്ചും നാം
കഴി,ഞ്ഞപ്പോലേ തമ്മിൽ
വെറുത്തും ഭയന്നും നാം
കഴിച്ചുകൂട്ടീട്ടില്ലേ? [12]
മുന്നിലായ്ക്കാണൂ ഞങ്ങൾ
എന്നാളുമനപേക്ഷ്യം
അല്ലലാറ്റീടുന്നതാം
അന്യമല്ലാത്താദ്ദേശം.
ആർജ്ജിതമായുള്ളവ-
ബോധങ്ങളെല്ലാമൊരു
ദാനവസ്തു വെന്നോണം
കാത്തുസൂക്ഷിക്കേണം നാം.
മർത്ത്യന്റെ പ്രയോജന-
ശൂന്യത, മൃതനായും
[13] ജീവിപ്പു താനെന്നുള്ള
തോന്നലിത്യാദിയെല്ലാം
ഉൾപ്പെട്ടുമറിവേ, നീ
ആവശ്യമില്ലെങ്കിലും
ഞങ്ങളിലൊരു കെടാ-
ദാഹം പോൽ ത്തങ്ങീടുന്നു.
കലയിൽ, ശാസ്ത്രത്തിങ്കൽ,
ജീവിതസ്വാച്ഛന്ദ്യത്തിൽ
മുഴുകീ നാ, മെന്തിനി
പ്പൊതുവായ് നമുക്കുള്ളൂ?
സ്വസ്ഥനായ് പ്പോയീടുവാൻ
എന്നെ വിട്ടാലും നിങ്ങൾ
മറ്റൊന്നു മർത്ഥിപ്പീ,ലീ
യർത്ഥന കൈക്കൊള്ളില്ലേ? [14]
തിരികേ വരാ ഞങ്ങൾ നിങ്ങൾ തന്നടുത്തേയ്ക്ക്
നിങ്ങൾ നില്ക്കുന്നൂ, വണ്ടി-
ക്കകമേ കേറീ ഞങ്ങൾ,
നമ്മൾതന്നിടയിലെ
പ്പലകപ്പാലം പോയീ. [15]
അന്തരീക്ഷത്തിങ്കലു-
ണ്ടല്പമാം പുകമാത്രം,
ഇന്നിമേലീ ഞങ്ങളെ

നിങ്ങളോടൊപ്പം കാണാ.
[16] കാണവതിപ്പോൾ ഞങ്ങ–
ളീശന്റെ സനാതന–
ഭാനുവിൻ പ്രഭമാത്രം
തൽപാരാവാരങ്ങൾ മേൽ.
തിരികേ വരാ ഞങ്ങൾ നിങ്ങൾ തന്നടുത്തേയ്ക്ക്

BALLADE

കുറിപ്പുകൾ

[1] കാൽവിനാഴികകൂടി ഞാൻ പിറന്നൊരീവീട്ടിൽ
മേവിടാൻ കഴിഞ്ഞെങ്കിലിത്രവേഗമോ യാത്ര

(ജി. — എന്റെ വേളി)

[2] ആർക്കും തുല്യമായാർക്കുമധൃഷ്യമായ് വാഴ്വോയരു
നീക്കുപോക്കില്ലാത്തോരോ നിയമം സനാതനം

(ആശാൻ — ശ്രീബുദ്ധചരിതം)

വരണം വരന്മാത്ര മാസന്നമായിപ്പോയി
വരണം സനാതനനിയമം ലംഘിക്കാമോ?

(ജി. — എന്റെ വേളി)

[3] സ്വഭാവമല്ല മരണ–
മെന്തതിൽ ദുഃഖകാരണം?

(കെ. കെ. രാജാ — പരേതയായ പെൺകുട്ടി)

[4] അപാർത്ഥം = അർത്ഥശൂന്യം

[5] ഉദ്രസം നിഴലുകളന്യോന്യം പുൽകിപ്പുൽകി
നിദ്രചെയ്തീടും പച്ചപ്പട്ടാർന്ന പൂന്തോട്ടത്തിൽ
... ...
അഴലാലവ പറഞ്ഞീടുമന്യോന്യം നോക്കി:
നിഴലായിരുന്നെന്നോ സ്നേഹധാരമാ രൂപം?

(ജി. — എന്റെ വേളി)

ജീവനൊളിച്ചമരുവാൻ നിഴലാണു ദേഹ–
മേവം ഭ്രമിക്കതു നശ്വര മൺകുടത്തിൽ

(ജി. — സ്ത്രീ)

ഞാനർത്ഥമറ്റ നിഴ, ലസ്ഥിരമാം കിനാവു
താനല്ലയോ, ക്ഷണികമായ മദീയജന്മം?

(ജി. — നിഴൽ)

ഏതോ വെളിച്ചത്തിലെന്തിനോവേണ്ടി വ–
ന്നാവിർഭവിക്കും നിഴലുകൾ നാം

(ചങ്ങമ്പുഴ — പരാജയം)

ഇല്ലറിയില്ല ലോകം ഞാനൊരു നിഴലായി–
ട്ടല്ലിലടിഞ്ഞു മാഞ്ഞു മറഞ്ഞുപോകും

(ചങ്ങമ്പുഴ — ആരാധിക)

നിയതി യെൻകാതിൽ മന്ത്രിപ്പൂ നിത്യം!
നിഖിലമയ്യോ നിഴലുകൾ മാത്രം

(ചങ്ങമ്പുഴ — സ്പന്ദിക്കുന്ന അസ്ഥിമാടം)

ഞാനുമീനിമിഷത്തിൻ മൗനവേദനപോലെ–
യെന്തിനോ നിന്നെപ്പറ്റി നിന്റെ ഗാനത്തെപ്പറ്റി–
പ്പാടുന്നുപടരുന്ന ജ്വാലയിൽക്കത്തിക്കത്തി–
ക്കനലായ്, ഒരു കൊട്ടു നിഴലായ് തളരുന്നു

(മേലത്ത് ചന്ദ്രശേഖരൻ — നിഴൽ)

[6] ആത്മാവല്ലാതെയുള്ള ദേഹാദിവസ്തുക്കളി–
ലാത്മാവെന്നുള്ള ബോധം യാതൊന്നു ജഗത്ത്രയേ
മായയാകുന്നതതു നിർണ്ണയമതിനാലേ
കായസംബന്ധമാകും സംസാരം ഭവിക്കുന്നു

(എഴുത്തച്ഛൻ — അദ്ധ്യാത്മരാമായണം)

ആയതിൻ സമാപ്തിയിൽ സർവവും നിശ്ചഞ്ചലം
ഹാ മർത്ത്യ. നിൻഭൂതലം മായികച്ഛായാതലം

(ചങ്ങമ്പുഴ — ആത്മക്ഷതം)

മർത്ത്യാത്മാവിലിരുന്നു മായ കളിയായ്
ക്കാട്ടുന്ന കൺകെട്ടിനാൽ

(കെ. കെ. രാജാ — സുഖം എവിടെ)

പാരാകെയോർക്കിൽ വിധി തന്റെയൊരിന്ദ്രജാലം

(വള്ളത്തോൾ — മാടരാജവൈരാഗ്യം)

നമ്മുടേതെന്നു നാമോർത്തിരിക്കു–
മിമ്മട്ടിലുള്ളൊരു വസ്തുവേതും
കാലമാം കൺകെട്ടുകാരൻ കാട്ടും
ജാലമല്ലെന്നാർക്കു തീർത്തുരയ്ക്കാം?

(ഉള്ളൂർ — സ്വപ്നവും ജീവിതവും)

[7] ഒന്നുകൂടി ദ്ദേവിയെയുറ്റുനോക്കിനാൻ
നിന്നാൻ മടങ്ങിയടുത്തുപോന്നീടിനാൻ
മങ്ങിയുമുള്ളമലിഞ്ഞും കൃപാകര–
നിങ്ങിനെ പോയ് മൂന്നുവട്ടം മടങ്ങിനാൻ

(ആശാൻ — ശ്രീബുദ്ധചരിതം)

[8] അതു = നിന്റെ മുഖം

[9] ചിന്തിച്ചു നോക്കു ദയിതേ നമുക്കു
തിങ്കൾക്കിടാവെച്ചുറുപൈതലല്ലി?
തങ്കക്കുടത്തെസ്സകലേന്ദുഭക്തി
സമ്പന്നനാക്കു, ചരിതാർത്ഥനാക്കു

(ഉള്ളൂർ — ഭാവനാഗതി)

അമ്മയുമച്ഛനും ലാളിച്ചുപോറ്റുന്ന
നിർമ്മലപ്രേമ പ്പൊൻ ചമ്പകത്തെ
ഉന്മിഷസൗരഭമാക്കാനായ് വന്നതീ
ക്കണ്മണി കൊച്ചു വസന്തമാസം

(ബാലാമണിയമ്മ — മാതൃചുംബനം)

[10] എന്നല്ല കാന്തേ വെടിഞ്ഞുപോകുന്നു ഞാ–
നിന്നു നിൻഗർഭസ്ഥമായി നമ്മൾക്കെഴും
പ്രേമമാം പുണ്യലതയിലാദ്യം പൂത്തൊ–
രോമനമൊട്ടാം കിടാവിനെത്തന്നെയും

(ആശാൻ — ശ്രീബുദ്ധചരിതം)

[11] ദേഹപ്രഭിന്നൻ പരമുണ്ണി മർത്ത്യ–
വ്യൂഹത്തിനെത്രയ്ക്കു മുഖം വളർത്താ?

(വള്ളത്തോൾ — സന്താനസൗഖ്യം)

(അച്ഛൻ തന്നെ മകനും–'ആത്മാ വൈ പുത്രനാമാസി')

[12] പരസ്പരം കയ്പും മധുരവുമൂട്ടി–
ച്ചിരിയ്ക്കും തോഴൊരൊത്തിരിയ്ക്കെന്നുന്നിൽ

(ബാലാമണിയമ്മ — വിരുന്ന്)

[13] ജീവിച്ചിട്ടുന്ന മൃതിയാൽ ചിലർ ചത്തുകൊണ്ടു
ജീവിക്കയാണു പലർ–മൃത്യുവിൽ ഞാൻ മരിയ്ക്കാ

(ജി. — സ്ത്രീ)

[14] എനിക്കു അവധി കിട്ടിയിരിക്കുന്നു, സഹോദരന്മാരേ,
എന്നെ യാത്രയാക്കുക. എല്ലാവരേയും പ്രണമിച്ചിട്ടു ഞാൻ വിടവാങ്ങുന്നു.

(ടാഗോർ — ഗീതാഞ്ജലി (കെ. സി. പിള്ള, വി. എസ്. ശർമ്മ))

[15] ഛിന്നബന്ധമായ്, ദൂരെക്കിടപ്പൂ ജഗൽപ്പാശം
പിഞ്ചു കൈക്കിടാവിന്റെ നാഭിനാളത്തെപ്പോലേ

(പി. കുഞ്ഞിരാമൻ നായർ — ത്രുക്കുമരത്തിൽ)

[16] ചിരിച്ചു തൂമണൽ ചുഴലെത്തിങ്ങും
കരയ്ക്കിരുന്നേ കാണുന്നേൻ
തരംഗപാളിയിലാദിമഹസ്സുക–
ളിറങ്ങി നീന്തും വാഹിനിയെ
അനാദി സർഗ്ഗവികാസത്തിൻ പൊരു–
ളപൂർവ്വ ദർശനമരുളുന്നു

(ബാലാമണിയമ്മ — മല കയറ്റം)

അമൃതവാരിയപാരമതിന്നുമേ–
ലളവുകോൽ നീട്ടിയംശുമാൻ നിൽക്കുന്നു
(ബാലാമണിയമ്മ – തോണികൾ)

സം / ക്രാന്തിരേഖതൻ പിന്നിൽക്കാണ്മിതോ ജ്യോതിർലോകം?
(ബാലാമണിയമ്മ – അമൃതംഗമയ)

മോദിച്ചെൻ മൂർദ്ധനി ജനനി ചുംബിച്ചു നിശ്ശബ്ദമേവം
ചോദിച്ചാ: 'ളി' പ്പൊഴുതു മകനേ നിന്റെ കണ്ണെന്തു കാണ്മൂ?
ആദിത്യന്മാരനവധിയണഞ്ഞൊത്തപോലുള്ള ദിവ്യ–
ജ്യോതിസ്സല്ലി?' മറുപടിയെനിക്കെന്തു നിഷ്പന്ദനീ ഞാൻ
(കെ. കെ. രാജാ – ഇങ്ങോട്ടു വന്നു)

പോകയായ് മുകളിലേക്കന്വഹമനുഗ്രഹം
ഉകുക തനയനിൽ, ഭാരതജനനി നീ
... ...
കണ്മിഴികളിലെങ്ങുമദ്വൈത പ്രഭന്യനം
മന്മനം ഗതമാനമേകാഗ്രസുഖലീനം
... ...
സുന്ദരഗീതം പൊന്തിവരുന്നൂ ചെവിപോകേ
കണ്ണടയുന്തോറുമീ വെളിച്ചം പടരുന്നൂ
നാടകലുന്തോറുമീയാകാശമടുക്കുന്നൂ
തോട്ടടയുന്തോറുമീയാത്മാവു വിടരുന്നു
(പി. കുഞ്ഞിരാമൻ നായർ – ഉക്കമരത്തിൽ)

അവൾ തലചായ്ച്ചു, സൗരയൂഥങ്ങളിൽ
വഴികയായൊരു സംഗീതസാന്ത്വനം
ഇരുളകന്നുടൻ കാലദേശാദിയ–
റ്റൊരു വെളിച്ചം പരന്നൂ മനോഹരം
(ചങ്ങമ്പുഴ – അന്ത്യസമാധാനം)

വിടവാങ്ങുന്ന ഈയവസരത്തിൽ
എല്ലാവരും എനിക്കു മംഗളമാശംസിക്കുക.
പ്രഭാതം പൊട്ടിവിടർന്നു, ആകാശതലം
അരുണ വർണ്ണമായി എന്റെ മാർഗ്ഗം
ഏറ്റവും സുന്ദരമായിത്തീർന്നിരിക്കുന്നു.
(ടാഗോർ – ഗീതാഞ്ജലി (കെ. സി. പിള്ള, വി. എസ്. ശർമ്മ))

ഇരുളിൽ

പോൽ ക്ലൊദേൽ (1868–1955)

PAUL CLAUDEL

പാരസ്പര്യമുണ്ടെങ്കിലും സാക്ഷാൽക്കാരസദ്ധ്യതയില്ലാത്ത പ്രേമത്തിൽ വിരഹ വേദനയനുഭവിക്കുന്ന ഒരു ഹൃദയം അന്ത്യമായി ക്രിസ്തുവിൽ അഭയം തേടുന്നു. ക്ലൊദേലിന്റെ സ്വന്തം അനുഭവാവിഷ്കാരം തന്നെയാണിത്.

ഇങ്ങുഞാനങ്ങവൾ, ഇങ്ങു ഞാനങ്ങവൾ–
ഇമ്മൗനമയ്യോ ഭയാനകമെത്രയും. [1]
തെള്ളുന്നു മേല്ക്കുമേൽ നിർഭാഗ്യർ ഞങ്ങളെ
സാത്താനവിരതം സ്വന്തമരിപ്പയിൽ. [2]
പീഡനമേല്പൂ ഞാനിങ്ങു നിരന്തരം
പീഡനമേല്പവളങ്ങുമിപ്പോലവേ.
അങ്ങുള്ളവൾക്കുമേ, യിങ്ങുള്ളെനിക്കുമേ
ഇല്ല വഴിത്താരയൊന്നുമിടയിലായ്.
വന്നണവീലൊരു വാക്കുമളവിൽനി–
ന്നില്ല, ഹാ, നീളവതില്ല തൽപാണിയും. [3]
ഉള്ളതു കൂട്ടായി ഞങ്ങൾക്കു യാമിനി–
സംവേദനക്ഷമയല്ലാത്ത യാമിനി–
നൈഷ്കർമ്മ്യമഞ്ചമായുള്ളോരു യാമിനി–
[4] സാഫല്യമറ്റൊരീ ദാരുണ പ്രേമവും.
ഏകാന്തതയിൽ ഞാൻ കാതോർക്കെ വൻഭീതി
കേറിവന്നെന്നെപ്പിടിച്ചടക്കീടുന്നു.
കേൾക്കുന്നു തത്സ്വരസാമ്യമാർന്നീടുന്നൊ–
രാരവം, രോദനമൊന്നിന്റെയാരവം. [5]
നേർത്തൊരു കാറ്റെൻ ചെവിയിലലയ്ക്കുന്നു
മച്ഛിരോ രോമങ്ങളൊക്കെയെഴുന്നുതേ.
രക്ഷിക്കവളെ മരണവിപത്തീന്നു
രക്ഷിക്ക വേതാളവക്ത്രത്തിൽ നിന്നുടൻ.
വീണ്ടും മരണച്ചുവയറിയുന്നു ഞാൻ
തെറ്റുന്നു മജ്ജൈജവതാളങ്ങളൊക്കെയും.
ഇസ്സന്നിപാതത്തിലേകനായങ്ങു ഞാൻ
വീഞ്ഞുയന്ത്രത്തിൽ പ്പിഴിഞ്ഞേറെ മുന്തിരി.
പൊട്ടിച്ചിരിച്ചൊരു ഭിത്തിയിൽ നിന്നന്യ–
ഭിത്തിയിലേയ്ക്കു നടന്നേനിരവിൽ ഞാൻ. [6]
കണ്ണുകളില്ലാ നിലയിങ്കലീയെന്നെ–

ക്കാണുകയില്ലയോ കണ്ണുകൾതന്നവൻ?
കാതുകളില്ലാ നിലയിങ്കലീയെന്നെ–
ക്കേൾക്കുകയില്ലയോ കാതുകൾതന്നവൻ? [7]
പാപപ്പെരുപ്പങ്ങ താവക കാരുണ്യ–
പൂരമങ്ങല്ലോ കരകവിഞ്ഞീടുന്നു.
പ്രാർത്ഥിച്ചീടട്ടെ ഞാ, നീവേള പാർത്തട്ടിൽ
ആർത്തൻതൻ രക്ഷകരാജന്റെ വേളയാം.

TENEBRES

കുറിപ്പുകൾ

[1] ഏതുമോർക്കാതെ നമുക്കിടയ്ക്കൊ–
രേതോ കൊടും കടൽ വന്നുവീണു,
തീരെത്തളർന്നിന്നതിന്റെ രണ്ടു
താരത്തിരുന്നു ദുഃഖിപ്പു നമ്മൾ.

(ചങ്ങമ്പുഴ — നിരാശനല്ല)

[2] എത്രയെത്രമുറങ്ങളരിപ്പകൾ
എത്രുങ്ങടങ്ങളാലകൾ ജ്വാലകൾ

(ജി. കുമാരപിള്ള — തങ്കം)

[3] ഇവിടെ പ്രതീക്ഷയും കണ്ണീരുമറിയാത്തോ–
രിരുളിൽത്തനിച്ചു ഞാനിങ്ങിനെയിരിക്കുമ്പോൾ
തളരും വലം കയ്യാലുഗ്രമാം ഭാരംപേറും
തലയും താങ്ങിക്കുനിഞ്ഞിങ്ങിനെയിരിക്കുമ്പോൾ
ഇക്കരമല്പം നീണ്ടാൽ തൊട്ടിടാമെന്നാകിലും
എത്രയേറെ വിദൂരത്തിൽ നീയുമോർത്തിരിക്കുമ്പോൾ

(സുഗതകുമാരി — തുലാവർഷത്തിൽ)

ഇരുളുമോർമ്മതൻ സീമയിൽ ചുംബിക്കും
ഇരുസമാന്തരരേഖകളല്ലി നാം?
ഒരു വിലപ്പെട്ട ജന്മ മുഴുവനും
വെറുമൊരു വാക്കിനക്കരെയിക്കരെ–
കടവുതോണി കിട്ടാതെ നില്ക്കുന്നവർ

(ബാലചന്ദ്രൻ ചുള്ളിക്കാട് — വ്യർത്ഥമാസത്തിലെ കഷ്ടരാത്രി)

[4] എങ്കിലീ വിരഹത്തിൽ പാതിരാപ്പൂവോടൊത്തു
മംഗലഗന്ധം വാർന്നെൻ ജീവിതം വിരിഞ്ഞുപോയ്

(വൈലോപ്പിള്ളി — വിരഹത്തിൽ)

ഇതിനെ, നിന്നെ,യെൻ പ്രണയമേ, വന്ധ്യ–
സ്മൃതിയെപ്പുല്കി ഞാൻ മരിച്ചു വീഴുന്നു

(ഒ. വി. ഉഷ — വിഷാദപൗർണ്ണമി)

[5] കേണുകേണയ്യോ പൊള്ളും വിരഹച്ചെന്തീയിൽനിൻ
പ്രാണവേദനയേവം ചിറകിട്ടടിക്കുമ്പോൾ
ഓമലേ നിന്നെത്തേടിക്കണ്ണെത്താതുഴന്നീടും
മാമക തപ്തപ്രാണഭൃംഗകം മൂളീടുന്നു

(ചങ്ങമ്പുഴ — ആത്മദാഹം)

[6] ഉറങ്ങീ ശാന്തം ...പിന്നെയർദ്ധരാത്രിയിൽ കൺകൾ
മിഴിഞ്ഞു കൊട്ടുംനോവിലന്ധമായ്ത്തപ്പീടുമ്പോൾ

(സുഗതകുമാരി — അത്രമേൽ സ്നേഹിക്കയാൽ)

ആയിരം കൊടുങ്കാറ്റു പുളച്ചു നിന്നുതട്ടെ
ആയിരം ഭൂകമ്പങ്ങളൊരുമിച്ചലറട്ടെ
ആയിരമിടിവാൾ തൻതലയിൽപ്പതിക്കട്ടെ–
ആ നരനന്ധൻ, ശോകബധിരൻ, ഗതസംജ്ഞൻ

(പി. കുഞ്ഞിരാമൻ നായർ — സിദ്ധാർത്ഥന്റെ നാട്ടിൽ)

[7] കളിയോ ഭഗവൻ, നിനക്കിതെൻ
വിളികേൾപ്പാനൊരു കാതുമില്ലയോ?

(ഉള്ളൂർ — ഉമാകേരളം)

എവിടെപ്പോയ് നീ ഹരേ, സർവ്വവും തകർന്നിവൾ
ഇരുളിൽ തപ്പിത്തടഞ്ഞിങ്ങിനെയുഴലുമ്പോൾ;
ഉറക്കെക്കണ്ണീരോടെയഭയം നല്കാൻ കേണു
വിളിക്കുംഭവാ, നെങ്ങുപോയി നില്ക്കുന്നു ഹരേ?

(സുഗതകുമാരി — അഭയാർത്ഥിനി)

വാതിൽ

ലൂയി മെർസിയെ (1870–1939)

LOUIS MERCIER

ഗൃഹജീവിതമാണ് ലൂയി മെർസിയെയുടെ കവിതകളിലെ പ്രധാന പ്രതിപാദ്യം. വീട്ടുവാതിലിന്റെ ആത്മാവിനെ അനാവരണം ചെയ്തിരിക്കയാണ് ഈ കവിതയിലദ്ദേഹം.

പുലർവെട്ടം പാരിനെപ്പുല്കാനണയവേ
പുരവാതിലെന്നും വിടർന്നിടുന്നു. [1]
പുരഹൃത്തിലേക്കതു വിണ്ണിൻ വെളിച്ചവും
ഋതുസൗരഭങ്ങളുമാവഹിപ്പൂ.
കതിരവൻ പൊന്നിനാൽ പൂശും കവാടം പൂം–
പുലരിക്കുളിർമ്മ നുകർന്നിടുന്നു. [2]
വിവൃതമായുന്നെ നിലകൊണ്ടിടുന്നതു
പകലെല്ലാ, മാശങ്കയേതുമെന്യേ:
പിറവിതൊട്ടെത്രയും പ്രേമത്തിൽ വർത്തിക്കും
പരിസരം, പിന്നെന്തു പേടിതോന്നാൻ?
മധുമാസത്തിന്റെതാം മാദകവീർപ്പുകൾ,
തെളിവേനൽപ്പാടത്തിൻ മർമ്മരങ്ങൾ–
അതിഥികളായിവരെത്തുമ്പോൾ വാതിലി–
ന്നകതളിരേറെക്കുളിരണിവൂ.
ചുമലിൽ മാറാപ്പുമായ് നീങ്ങുന്ന പിച്ചക്കാ–
രൊരുകഷ്ണമപ്പമിരന്നിടുമ്പോൾ
അവരോടു പാരുഷ്യം കാട്ടുമാറില്ലതു, [3]
അറിയാമതിന്നു ചിലപ്പൊഴെല്ലാം
അവരെത്തൻവീട്ടുകാർ മേശയ്ക്കിരുത്തിരുത്തി–
നവരുമായ് പങ്കുവെച്ചീടുമെന്ന്.
ഗൃഹജനമൊന്നിച്ചു ജീവിക്കും ജന്തുക്കൾ
നിഖിലം തദ്ദാക്ഷിണ്യം നേടിടുന്നു.
പടിയിങ്കൽ കുക്കുടപ്പടവന്നു കൊക്കിക്കാം,
തറചിള്ളി ത്തീറ്റപെറുക്കാമെങ്ങും;
തനിനാണംകെട്ടവനെങ്കിലു, മുച്ചത്തി–
ലുണർവിന്റെ കാളമൂതുന്ന പൂവൻ [4]
വെറിയനാം കാവൽശ്ശുനകനെ ക്കൂസാതെ–
യകമേറി യപ്പത്തരി തിരയാം;
ചിലവേള മാടപ്പിറാവുകൾ കൂട്ടമായ്

ചിറകിട്ടടിയ്ക്കാം, കുറുകാം ചാരേ;
വെളിയിങ്കൽ മേയുവാൻ പോയോരു കാലികൾ
തിരിയെവന്നാലയണഞ്ഞിടുമ്പോൾ,
ഉടയോർതൻ കുടിയകമെമ്മട്ടെന്നറിയുവാ–
നൊരു പശു തെന്നിവന്നെത്തിനോക്കാം.
ഇതിലൊന്നു മപ്രിയ മതിനി,ല്ലൊതൊക്കെയും
ഗൃഹജീവിതത്തിന്റെ ഭാഗമല്ലി?
പകൽപോയി രാവാഗമിച്ചിടും വേളയിൽ
ഗൃഹവാതിലുദ്വേഗമാർന്നിടുന്നു.
മടകളിൽനിന്നു ചെന്നായ്ക്കൾപോൽ, നിശ്ശബ്ദ–
മിരുളിൻ പടയണി വന്നിടുമ്പോൾ,
മലവെള്ളംപോലതു പെരുകിപ്പെരുകിവ–
ന്നുലകായുലകെല്ലാം മൂടിടുമ്പോൾ, [5]
നിബിഡാന്ധകാരത്തിൽ ചുറ്റിലും ദൃശ്യങ്ങൾ
പുതുതാമൊരാകൃതി പൂണ്ടിടുമ്പോൾ,
സ്വതവെ സൽഭാവങ്ങളോലും മുഖങ്ങൾ താൻ
ഭയജനകങ്ങളായ് ത്തീർന്നിടുമ്പോൾ, [6]
പരിചയമില്ലാപ്പദങ്ങളിൽ പാന്ഥന്മാർ
വഴിതിരിയാതെ വലഞ്ഞിടുമ്പോൾ [7]
വിജനമാം പാടങ്ങൾ കൂരിരുളൊറ്റയ്ക്കു
കൊടികുത്തി വാഴുമിടങ്ങളാകേ,
അകലെപ്പണിക്കായിപ്പോയവരൊക്കെയും
പുരയകം പൂകിക്കഴിഞ്ഞുവെന്നാൽ,
പടരും തമസ്സിൻപടയിൽനിന്നെമ്മട്ടും
കെട്ടുതി തന്നാൾക്കാർക്കു പറ്റിടായ്‌വാൻ,
അസുഖദം ശങ്കയും ഭീതിയുമവരുടെ
അകതാരിൽനിന്നുമകറ്റുവാനായ്
അടയുന്നു വാതിൽ, അതുവരെ നീറിയ
കുടിയടുപ്പിങ്കലെ ത്തീക്കെടുമ്പോൾ.
തനതാൾക്കാർ നിദ്രയിലാഴ്കെ പ്പുരവാതി–
ലവരുടെയാത്മാവെ ക്കാത്തിടുന്നു! [8]

LA PORTE

കുറിപ്പുകൾ

[1] ഒരു വാതിലിൻ രണ്ടുപാളികൾ പോലേ കൂട്ട–
ന്നടയുന്നവവീണ്ടും വിടരുന്നടയുവാൻ

(അയ്യപ്പപ്പണിക്കർ — കുരുക്ഷേത്രം)

കതകുകൾ നീങ്ങി മലർന്നു നില്ക്കും
നടവാതിലിങ്കൽ ഞാൻ നില്ക്കുകയായ്

(കെ. മാധവിയമ്മ — മാബലിത്തമ്പുരാൻ)

[2] പുലരികൾ വന്നാൽ ഭജനം തീർന്നാൽ
കളിയും കാപ്പിയുമങ്ങുകഴിഞ്ഞാൽ
വരാന്ത വാതിൽ മുഴുവൻ വിരിയും
പ്രഭാതവാതമകത്തേയ്ക്കിഴയും

(അയ്യപ്പപ്പണിക്കർ — ഒരുത്തൻ)

ഈ പുറം വാതിലിൻ നെഞ്ചിലെ മറുകിനെ വന്ദി–
ച്ചൊപ്പമകത്തു കടിപൂകാം

(എൻ. എൻ. കക്കാട് — പാലുകാച്ചൽ)

[3] ഇരപ്പാളിതൻ മുന്നിൽപ്പോലുമേ യുദാരമായ്
ത്തുറന്നു കിടക്കുന്ന മൽഗൃഹ കവാടങ്ങൾ

(പി. കുഞ്ഞിരാമൻ നായർ — വർഷരാത്രി)

ഉന്നതഭാഗ്യം ശിരസ്സുയർത്തി നില്ക്കുമ്പോലെ
മുന്നിലായൊരു രമ്യഹർമ്മ്യമങ്ങതാ കാണ്മൂ:
പുച്ഛഭാവത്തിൽ പിച്ചക്കാരെ നോക്കിക്കൊണ്ടോരോ
പുഷ്പങ്ങൾ ചിരിക്കുന്നു പൂന്തോട്ടത്തിനു പിന്നിൽ,
ഭക്ഷണം യാചിച്ചെത്തും ഭിക്ഷുകരെശ്ശാസ്സിച്ച
പക്ഷികൾ ചിലയ്ക്കുന്നു പൂമരച്ചാർത്തിൻ പിന്നിൽ,
പട്ടിണിപ്പരിഷയെപ്പടികേറിപ്പിക്കാത്ത
പട്ടികൾ കുരയ്ക്കുന്നു പൂമുറ്റത്തിനു പിന്നിൽ

(ചങ്ങമ്പുഴ — ദേവത)

[4] പറയവനിത പൂങ്കോഴിക്കുവും
തിറമെഴും കാഹളംകേൾക്കയായി

(ആശാൻ — ചണ്ഡാലഭിക്ഷുകി)

വിരഞ്ഞു കുക്കുടങ്ങൾ മോദകാഹളംവിളിക്കവേ

(ആശാൻ — പരിവർത്തനം)

ചെമ്പരത്തിപ്പൂച്ചൂടും കോഴികൾ ചെവികൾക്കൊ–
രിമ്പത്തെക്കൊടുക്കുന്ന കാഹളമൂതിക്കൊണ്ടാർ

(വള്ളത്തോൾ — പ്രഭാതകീർത്തനം)

ഏതവന്നുഷസി നിന്റെകൂജിതം
വീതജാഡ്യമൊരുണർച്ച നല്കിടാ?
പൂതവാസരസമാഗമോത്സവ–
സ്ഫീതകാഹളരവം കണക്കിനെ

(വള്ളത്തോൾ — കോഴി)

താക്കോൽ കൊടുക്കാതരുണോദയത്തിൽ
താനേ മുഴങ്ങും വലിയോ'രലാറം'
പൂങ്കോഴിതൻ പുഷ്കലകണ്ഠനാദം
കേട്ടിങ്ങുണർന്നേറ്റു കൃഷീവലന്മാർ

(കുറ്റിപ്പുറം — ഗ്രാമീണകന്യക)

ഉല്ലാസത്തൊടു ശാന്തസുന്ദരിയുഷസ്സെത്തുമ്പോളന്യോക്തികേ–
ട്ടല്ലാകാഹളമൂതിടുന്ന പുലരിപ്പൂങ്കോഴി നീ മന്ദ്രമായ്

(കെ. കെ. രാജാ — അന്യാപദേശങ്ങൾ)

അലയാഴിവാദ്യം മുഴക്കിമേന്മേൽ
വളർകോഴി കാഹളമൂതിനിന്നു

(പി. കുഞ്ഞിരാമൻ നായർ — രാത്രി)

നല്പിടയെത്തന്നെ വലം
വെപ്പവനാണെന്നാലും
ഒന്നുണ്ടുവെളിച്ചത്തിൻ
മിന്നുംകൊടികാണുമ്പോൾ
പുഷ്കലമാം ഹർഷമൊടീ
പൂങ്കോഴികൾ കൂകുന്നു.

(വൈലോപ്പിള്ളി — പൂങ്കോഴികൾ കൂകുന്നു)

ലോകം മുഴുവനും നിദ്രതൻ മായിക
മോഹത്തിൽ മുങ്ങിക്കിടക്കേ
കൃത്യമുണർന്നു ചിറകടിച്ചക്കോഴി
നിത്യവും കൂകുമാരാവിൽ
അക്കർമ്മകാഹളം കേട്ടുണർന്നേവരും
സൽക്കർമ്മമെന്നും തുടങ്ങും.

(ചെമ്മനം ചാക്കോ — അമ്മൂമ്മപ്പോര്)

[5] ഇരുട്ടാം വെള്ളപ്പൊക്കം വാർന്നുവാർന്നൊക്കെപ്പോയി–
ശ്ശരിയായ് ഭൂഭാഗങ്ങൾ കാണാറായ് മുന്നേപ്പോലെ

(ആശാൻ — ശ്രീബുദ്ധചരിതം)

ഇരുളിൻ വെള്ളപ്പൊക്കത്തിൽ നിന്നൊരുമട്ടു
കരകേറിയ പാമ്പൻ …

(പി. കുഞ്ഞിരാമൻ നായർ — മനുഷ്യനില്ല)

ധരണിയും വാനും പിടിച്ചടക്കു–
മിരുളിൻ കൂടാരത്തിലെത്തിച്ചേർന്നു

(പി. കുഞ്ഞിരാമൻ നായർ — രാത്രി)

ഹന്ത സന്തപ്തമാം നെറ്റിമുകരുകീ–
യന്ധകാരത്തിൻ സമുദ്രത്തിൽ വെച്ചുനീ

(പി. കുഞ്ഞിരാമൻ നായർ — പ്രേമപൂജ)

പൊങ്ങുമീയന്തിത്തിരിപ്പൊൻനുരച്ചാർത്തും താഴ–
മങ്ങിനെയിരുൾക്കടലായി മാറുമെൻ വിശ്വം

(ബാലാമണിയമ്മ — സന്ധ്യാവന്ദനം)

ഉദിച്ചുയർന്ന സൂര്യനും പതിച്ചു പശ്ചിമാബ്ധിയിൽ
മദിച്ചടുത്ത കൂരിരുട്ടുകൊണ്ടുമൂടി ഭൂതലം

(മേരി ജോൺ തോട്ടം — പ്രഭാവതി)

കായലും കരയുമൊരൊറ്റക്കൂരിരുൾക്കട–
ലായ പാതിരയ്ക്കൊരു വഞ്ചി നീങ്ങുന്നു മന്ദം

(കെ. കെ. രാജാ — കൊള്ളക്കാരൻ)

തിങ്ങിപ്പൊങ്ങും തമസ്സിൻ കടലിലൊരു കുടം–
പോലെ ഭൂചക്രവാളം
മുങ്ങിപ്പോയി മുഴക്കെ ...

(വി. സി. ബാലകൃഷ്ണപ്പണിക്കർ — ഒരു വിലാപം)

[6] പാരിലെത്തേജസ്സമെല്ലന്നകന്നുപോയ്
കൂരിരുൾക്കൊള്ളുന്നു പ്രാന്തദേശം
പേശലമെൻ നിഴൽ മായികമായൊരു
പൈശാചരൂപമായ് മാറിടുന്നു

(ബാലാമണിയമ്മ — രാധ)

കൂരിരുട്ടഴിഞ്ഞാടും കൂത്തിനിക്കാണാനെത്തും
ചോരനും കുറക്കനും മൂങ്ങയും മൂർഖപ്പാമ്പും
... ...
പ്രേതമാം മരക്കുറ്റി സർപ്പമാം കയർത്തുണ്ടു
ഭീതനാമല്ലോ മുന്നിലേതു കാൺകിലും നരൻ

(ഉള്ളൂർ — നൈരാശ്യത്തിൽ നിന്നു)

പടർന്നുമിരുളിന്റെ ചുരുളികളേറുന്നതിൻ
പടംപേടിപ്പെടുത്തുന്നു പലവിധത്തിൽ

(കൃഷ്ണൻ പറപ്പിള്ളി — കാളിയമർദ്ദനം)

[7] അന്ധരജനിയിൽത്തടഞ്ഞു വഴിയടഞ്ഞുപോകലാ

(എൻ. എൻ. കക്കാട് — നിശാമുഖം)

[8] മരവും കല്ലുമേതൊരു വീടും ചിൽ–
പൊരുളിൻ മെയ്യെന്ന നേരുനാമോരുന്നു.
ഇരുൾ പുതപ്പിച്ചതീത രംഗങ്ങളെ–
ച്ചിരമുറക്കുന്നൊരിച്ചുമർക്കെട്ടുകൾ
അണിയായ് വന്നെത്തും നാളുകൾക്കാതിഥ്യ–
മരുളിപ്പോരുമീയുമ്മറക്കൽകളും
പരിഹസിക്കുന്നു പ്രാണാനുഭൂതികൾ
നരനുമാത്രമെന്നുള്ള ദുർവാശിയെ
... ...
സ്മരണ കോൾകൊണ്ടപോലെഴും കാറ്റേങ്ങി
ക്കരയിപ്പൂ കിളിവാതിൽ പൊളികളെ

(ബാലാമണിയമ്മ — സുഹൃത്തുക്കൾ)

കാലടികൾ

പോൾ വലെറി (1871–1945)

PAUL VALERY

മല്ലാർമ്മെയുടെ ശിഷ്യനും സിമ്പോളിസ്റ്റുമായ പോൾ വലെറി ആസയതലത്തിലും അർത്ഥതലത്തിലുമുള്ള അസ്പഷ്ടത ഒരു അനിവാര്യതയായി കണക്കാക്കിത്തന്നെയാണ് കാവ്യരചന നടത്തിയത്. പക്ഷെ അദ്ദേഹത്തിന്റെ രചനകൾ മല്ലാർമ്മെയുടേതുപോലെ ക്ലിഷ്ടമല്ല. കവിതയെ അതിന്റെ കർത്താവ് തന്റേതായ ഒരു നിശ്ചിതതലത്തിൽ തളച്ചിടുന്നത് ശരിയല്ലെന്ന പക്ഷക്കാരനാണദ്ദേഹം. ആദ്യകവിതകളിലൂടെ തന്നെ അഭിനന്ദനങ്ങളും അംഗീകാരവും നേടിയ വലെറി പെട്ടെന്നു സാഹിത്യത്തോടു വിടപപറഞ്ഞു നീണ്ട 20 കൊല്ലക്കാലം ആത്മജ്ഞാനപരവും ഗണിതശാസ്ത്രപരവുമായ പഠനങ്ങളിൽ മുഴുകി. ഇങ്ങിനെ പരിണതപ്രജ്ഞനായി സാഹിത്യത്തിലേയ്ക്കു തിരിച്ചു വന്ന അദ്ദേഹത്തിന്റെ സൃഷ്ടികളിൽ ഈ പഠനങ്ങളുടെ സ്വാധീനം വളരെ പ്രകടമാണ്. നിരൂപണം. സൗന്ദര്യശാസ്ത്രം, തത്വചിന്ത–ഇങ്ങിനെ പലമേഖലകളിലും ഗ്രന്ഥനിർമ്മിതിയലൂടെ അദ്ദേഹം സ്വന്തം മികവ് തെളിയിച്ചിട്ടുണ്ട്. ഉദ്യോഗംകൊണ്ടു കാവ്യശാസ്ത്രപ്രൊഫസറായ വലെറി യൂറോപ്പിലെങ്ങും ആദൃതനായ വലിയൊരു പ്രഭാഷകൻ കൂടിയായിരുന്നു. ഭാരതീയ വേദാന്തചിന്ത അദ്ദേഹത്തിന് അന്യമായിരുന്നില്ലെന്നു വ്യക്തമാക്കുന്നവയാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ള മൂന്നു കവിതകളും. സാക്ഷാൽക്കാരത്തിലല്ലാതെ പ്രതീക്ഷയിൽത്തന്നെ നിർവൃതി അനുഭവിക്കുന്ന ഒരാത്മാവിന്റെ ആലാപം ‘കാലടി’കളിൽ കേൾക്കാം.

നിൻകാലടിക,ളെൻമൗനസപര്യതൻ
ന്താനമായ നിൻകാലടികൾ
പോർത്തും വിശുദ്ധി വിതറിപ്പതുക്കെ വി–
ന്യാസമേലുന്ന നിൻകാലടികൾ [1]
നീങ്ങുന്നു മാമക ജാഗരമഞ്ചത്തിൻ
നേരേ നിരുദ്വേഗം നാരവമായ്. [2]
നിർമ്മലേ, ദിവ്യതതൻ നിഴൽരൂപിണീ,
സുന്ദരമെത്ര നിൻമന്ദപാദം.
ഹാ വന്നണവൂ നിൻനഗ്നപാദങ്ങളി–
ലൂടെൻ വിഭാവ്യ സൗഭാഗ്യമെല്ലാം. [3]
ഉത്സുകമാം നിന്നധരങ്ങളാലെ യെ–
ന്നാന്തരപൂരുഷതൃഷ്ണയാറ്റാൻ
ചുംബനമൊന്നേകാനുന്നുന്നുവെങ്കിൽ നീ–
യദ്ദയാകൃത്യം ത്വരിപ്പിക്കായ്ക. [4]
[5] ‘ആവുക, യാവാതിരക്കുക’ യെന്നൊരീ
ഭാവവിശേഷമെന്താനന്ദദം. [6]
നിന്നെ പ്രതീക്ഷിച്ചേ ജീവനം കൊൾവൂ ഞാൻ, [7]

എൻ കരളാകേ നിൻചെങ്കഴലാം.

LES PAS

കുറിപ്പുകൾ

[1] കാനനം കോൾമയിർക്കൊള്ളും വിധത്തിലാ–
ക്കാഞ്ചന മഞ്ജുള മഞ്ജീരശിഞ്ജിതം
ചിന്നിച്ച കാൽവെപ്പിനാനാപ്പനിനീരിതൾ
കുന്നിൻ ചെരിവിൽ വിതറി വിതറി നീ

(പി. കുഞ്ഞിരാമൻ നായർ — പുലരിയോട്)

കുഴയുമെൻ കാതിലണയുന്ന നിന്റെ
കഴൽവെപ്പിൻവേണുനിനദങ്ങൾ

(പി. കുഞ്ഞിരാമൻ നായർ — ഹൃദയം)

[2] പേർത്തുമെൻചിത്തം തുളുമ്പിട്ടുമാറാതാ
കേൾപ്പൂ നിൻനേരിയ കാൽച്ചിലമ്പൊച്ചകൾ

(ചങ്ങമ്പുഴ — തിരുമുൽക്കാഴ്ച)

[3] മദകലിതോജ്ജ്വലമാകുമേതോ
മധുരപ്രതീക്ഷയിൽ മഗ്നമായി
തളരുമെൻചേതന മാറി മാറി–
ത്തഴകുന്ന തങ്കക്കിനാവുകളെ

(ചങ്ങമ്പുഴ — ദേവത)

തരിശാകിനൊന്റെ ജീവിതത്തിൽ
തവകാൽവെപ്പു വിതച്ചതന്നഭാഗ്യം
തളിരിട്ടണിയിട്ടു നില്പുനിത്യം
തണലും താങ്ങുമെനിയ്ക്കു നല്കിയാര്യേ

(ചങ്ങമ്പുഴ — രാഗപരാഗം)

നാതരും മുന്തിരിച്ചാറിൽ മുഴുകിയെൻ
ചേതന പാട്ടു പാടട്ടെ നിരന്തരം

(ചങ്ങമ്പുഴ — പ്രതീക്ഷയുടെ മുമ്പിൽ)

ചന്ദ്രികാധാരയിൽ ചന്ദനച്ഛായയി–
ലെന്നും ഞാനാരെയോ കാത്തിരിക്കേ … … … … …
ഏതോ വികാരതരംഗതരളിത–
മാകസംഗീതസരിൽ പ്രവാഹം
മാമകാത്മാവിനെച്ചുംബിച്ച ശീകര–
ധാരയിലാശ്ലേഷം ചെയ്തിരുന്നു

(ചങ്ങമ്പുഴ — വിഫലനൃത്തം)

കൂരിരുൾ മദ്ധ്യത്തിൽ ദൂരവേ കാണ്മതു
നേരിയ നിൻതിരിനാളം താനോ?

അവ്യക്തരമ്യമായപ്പോപ്പോൾ കേൾപ്പതു
ദിവ്യമാം ത്വൽഗീതലേശം താനോ?
ആകൃഷ്ടരായ് നിന്നാ,ലാസക്തരായ് നിന്നി–
ലാമഗ്നപ്രാണരായ്പ്പോയി ഞങ്ങൾ

(ബാലാമണിയമ്മ — ആദർശലോകം)

സുമം ഫലത്തേക്കാൾ മനോജ്ഞമാം മന്നി–
ലമന്ദം കൈക്കൊൾവേൻ കിനാവിനെത്തന്നെ

(ബാലാമണിയമ്മ — പ്രചോദനം)

[4] ചെന്തളിർച്ചൊടിയെന്റെ നിശ്വാസത്തിനാൽ പൂതി–
ഗന്ധിയാക്കുന്നില്ല ഞാൻ, ചുംബിപ്പാൻ കൊതിച്ചാലും.
പനിനീർമലരൊളിപ്പൂങ്കവിൾ തലോടുവാൻ
നിനവില്ലതുവാടിപ്പോകിലെന്തിനെൻ ജന്മം.
മുന്നിൽനിന്നഴകേ നിൻ കോവലാമൃതരൂപം
കണ്ണിമച്ചിടാതൊന്നു കാണണമതേ വേണ്ടൂ.

(കെ. കെ. രാജാ — അഴകിനോട്)

സൂനമൊന്നുണ്ടു വിടർന്നു കാണുന്നുഹാ
ശൂന്യത തന്നിളം ചില്ലയിങ്കൽ ... ...
... ...
എന്നുമേ തള്ളിയിടില്ല ഞാൻ സ്വാർത്ഥത്താൽ
നിന്നെയിറുക്കലിൽ, പാഴ്ചളിയിൽ ... ...
ഏതുമേ നോവിക്കയില്ലെൻ സ്പർശന–
മേതും കറുപ്പിയ്ക്കില്ലെൻ ചുംബനം.
പുണ്യമേ, വേണ്ടാ തൊടേണ്ടായിവനൊന്നു
കണ്ണുനിറയവെക്കണ്ടാൽപ്പോരും

(പി. കുഞ്ഞിരാമൻ നായർ — സൗന്ദര്യം)

[5] നീയെന്നുള്ളതിൽ നിർമ്മാതാവായ ഞാൻ 'ചെയ്ക
ചെയ്യായ്ക'–ഈ മന്ത്രത്തിന്നൃഷിദേവത–രണ്ടും

(നാലപ്പാടൻ — അരുത്)

എരിതീയ്യായ് കത്തിയിരിക്കാനല്ലേ നമ്മൾ–
ക്കാകിലുമായ്കിലുമിങ്ങു പിറന്നു

(എൻ. എൻ. കക്കാട് — ഒരു പഴങ്കഥ)

[6] ഭാവാഭാവങ്ങൾക്കിടയിലുള്ളീയൊരു
ഭാവ വിശേഷമെന്താനന്ദം (പാഠഭേദം)
ഭാവമഭാവത്തിന്നനിഷേധ്യ–
ത്തുടർപൊരുളാനുവേലം

(ഇടശ്ശേരി — നീർപ്പോളകൾ)

ഉദിക്കുമിപ്പോൾ പകലെന്നു കാട്ടു–
മുഷസ്സിനുത്സാഹകരത്വമേറും

തളിർപ്പടർപ്പിന്നിടയിൽ കുരുക്കും
താർമൊട്ടു പേർത്തും കരൾകക്കുമല്ലോ.
ഇഹോപഭോഗാഹതിയാൽ തളർന്നി-
ട്ടില്ലാത്ത ഭാവിത്തെളി ചില്ലിനുള്ളിൽ
ആപൂർണ്ണഭംഗ്യാ വിലസുന്ന സൗഖ്യ-
മണപ്പു നമ്മൾക്കനിമേഷഭാവം

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

ദൂരത്തു നിന്നും കൊണ്ടു നിന്റെ സൗന്ദര്യം കണ്ടു
ചാരിതാർത്ഥ്യത്തിൻ മണിവീണ ഞാൻ മീട്ടിക്കൊള്ളാം

(ചങ്ങമ്പുഴ — നിഴലുകൾ)

കാണാൻ കൊതിക്കുമക്കൗതുകം കൂടിയും
കാണാൻ കഴിഞ്ഞാൽ കൊഴിഞ്ഞുവീഴും.
എന്നും കൊതിക്കലാ,ണെന്നും ഭജിക്കലാ-
ണെന്നും പ്രതീക്ഷിക്കലാണ് സൗഖ്യം.
ഉണ്ടവയ്ക്കുള്ളിലൊരിക്കലും വാടാത്ത
ചെണ്ടിട്ടുനില്ക്കും പരിമളങ്ങൾ
… … … … …
എന്നുമെനിക്കു നിൻ സുന്ദരസങ്കല്പ-
വൃന്ദാവനക്കുളിർപ്പൂന്തണലിൽ
കാണാൻ കൊതിക്കുന്ന, കാണാൻ കഴിയാത്ത
വേണുഗോപാലനായ് വാണിടേണം

(ചങ്ങമ്പുഴ — സങ്കല്പ കാമുകൻ)

സിദ്ധിമൂലം മുഷ്ടവി പറ്റാത്ത
സക്തിയെന്തുണ്ടി ന്നൂഴിയിൽ

(ചങ്ങമ്പുഴ — മോഹിനി)

[7] നിന്റെ പുണ്യമാം സ്മൃതിയിലാണിന്നു ഞാൻ ജീവിക്കുന്നു

(സുഗതകുമാരി — മേഘസന്ദേശം)

Arms outstretched near the window,
On the fragrant path of spring,
The foot–steps of a great silence
Shall be heard at night
With the love of a distant land
She who has waited for long
Will sustain her nearness for ever,
Her whispers echo in my ears.

(Tagore — If can once again)

വായുകന്യ

പോൾ വലെറി (1871–1945)

PAUL VALERY

ജീവിതത്തിന്റെ ക്ഷണികതയെ ഭാരതീയ വീക്ഷണത്തിൽ നിന്നു ഭിന്നമല്ലാത്ത വിധത്തിൽ വലെറി ഭാവശബളിമയോടെ ആവിഷ്കരിച്ചിരിക്കുന്നു.

ആരും കാണാത്ത ആരുമോരാത്ത [1]
ചാരുസൗരഭമാണു ഞാൻ,
വന്നണയുന്ന തെന്നലിൽ വാണു
കണ്ണടയ്ക്കുവോളാണു ഞാൻ!
ആരു കാണാത്ത ആരുമോരാത്ത
ആകസ്മികതയാണെന്നോ?
ആരും കാണാത്ത ആരുമോരാത്ത
[2] വായുകന്യകയാണെന്നോ
[3] വന്നണയുമ്പോഴേയ്ക്കു തന്നെയെൻ
കർമ്മഭാരം കഴിഞ്ഞുപോം!
ആവില്ലെന്നെപ്പഠിക്കുവാനെന്നോ
ആവുകില്ലറിയാനെന്നോ?
തത്വവേദികൾക്കെൻ പഠനത്തിൽ
എത്ര തെറ്റുകൾ പറ്റിടാം!
രണ്ടു കച്ചക്കിടക്കയിൽ നഗ്നമാം
കന്യാമാറിടവേളഞാൻ! [4]
ആരും കാണാത്ത ആരുമോരാത്ത
ചാരുസൗരഭമാണു ഞാൻ,
വന്നണയുന്ന തെന്നലിൽ വാണു
കണ്ണടയ്ക്കുവോളാണു ഞാൻ!

LE SYLPHE

കുറിപ്പുകൾ

[1] കാണപ്പെട്ടില്ല, കാണുന്തിറമൊടതിനു കണ്ണില്ല കയ്യില്ല കാലി–
ല്ലാണല്ല, ല്ലാതെ മറ്റല്ല, ണുവുമളവുമില്ലാദിയില്ലന്തമില്ല
(ആശാൻ — നിജാനന്ദവിലാസം)

മറയാ മറയാ മറയായ്

മറയാലറിയാത മതിയിലും മതിയായ്

(ആശാൻ — പരമപഞ്ചകം)

പേരറിഞ്ഞാലുമറിഞ്ഞില്ല നിന്നെ ഞാൻ
ആരുനീയാരുനീയാനന്ദമേ

(കെ. കെ. രാജാ — വാനിൻ വെളിച്ചം)

കണ്ടവരില്ലാ പാരിൽ കണ്ടുവെന്നരപ്പവർ
കണ്ടവരല്ലാ കാണാൻ ഞാൻ സ്വയം യതിക്കേണം

(ജി. — അന്വേഷണം)

കണ്ടതില്ലാരുമങ്ങത്തിതേവരേ
സ്വന്തരൂപത്തിലാ നാടകക്കാരനെ

(പി. കുഞ്ഞിരാമൻ നായർ — നിർമ്മാണലിശ)

ആരുനീ നിത്യതേ, നിന്റെ സാന്ദ്ര–
ചാരുത തന്നിൽ ഞാനില്ലാതാമോ?
ആകിലുമേതോ പരിമളമായ്
കേവലനാദമായ് സഞ്ചരിക്കാം ... ...
ആരുമേയെന്റെ യദൃശ്യതയാ–
ലാധിപ്പെടാനുമിടവരൊല്ലേ...
കാണവാനില്ലയെന്നെ ഞാനോ
ലോകം മുഴുവൻ നിറഞ്ഞു നില്ക്കും

(മേലത്ത് ചന്ദ്രശേഖരൻ — കഥാവശേഷം)

കൊഴിയാത്ത തണലാണു
പുണരാത്ത പൊരുളാ–
ണതീതയാഥാർത്ഥ്യമാ–
ണറിയാത്തൊരറിവാണു ഗംഗ

(നെല്ലിക്കൽ മുരളീധരൻ — ഗംഗ)

[2] വായുകന്യക = കെൽടിക്ക് പുരാണപ്രകാരമുള്ള ഒരു സങ്കല്പ ദേവത (അഗ്നി കന്യക, ജലകന്യക പോലെ)

[3] അത്രയും കുറിയതാണവയ്ക്കു നിയതിയാൽ
നിർദ്ദിഷ്ടമായുള്ളൊരു ജീവിതയാത്രാമാർഗ്ഗം
അല്പജീവികൾ നാമും മർത്ത്യരേ, പ്രകൃതിതൻ
തൃപ്പുതുമഴയ്ക്കുണ്ടായ് വന്ന പാറ്റകളത്രെ

(വള്ളത്തോൾ — പുതുമഴപ്പാറ്റകൾ)

തണ്ണീർക്കുമിള തൻമട്ടിൽ
ത്തങ്ങിടും നരജീവിതം

(ഉള്ളൂർ — ദീപാവലി)

കണ്ണടയ്ക്കുമ്പൊഴുതക്കിനാവും
കൺതുറക്കുമ്പോഴുതിക്കിനാവും
ഏലുന്നു, ചെറ്റതിൽ നിന്നിതിന്നു

നീളമതല്ലാതെ ഭേദമുണ്ടോ?

(ഉള്ളൂർ — സ്വപ്നവും ജീവിതവും)

ഞാനർത്ഥമറ്റ നിഴലസ്ഥിരമാം കിനാവു-
താനല്ലയോ ക്ഷണികമായ മദീയജന്മം

(ജി. — നിഴൽ)

നിയതിതൻവീർപ്പിൽ വേഗമുലഞ്ഞുലഞ്ഞീ
നാർപ്പോളങ്ങുടിത്തകർന്നിടാവൂ

(ചങ്ങമ്പുഴ — വാടാവിളക്ക്)

ഒരു ജീവിതമാകെ-
ക്കണ്ണടയ്ക്കും പോൽ പെട്ടെ-
ന്നൊരു നിശ്വാസം കൊണ്ടീ
നീർപ്പോള പൊട്ടിപ്പോകെ

(കെ. വി. രാമകൃഷ്ണൻ — മുത്തച്ഛൻ)

നീർപ്പോളപോലെയുള്ളൊരു ദേഹത്തിൽ
വീർപ്പുമാത്രമുണ്ടിങ്ങിനെ കാണുന്നു.
ഓർത്തറിയാതെ പാടുപെടുന്നേരം
നേർത്തുപോകുമതെന്നേ പറയാവൂ

(പൂന്താനം — ജ്ഞാനപ്പാന)

ഭോഗങ്ങളൊക്കെ ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ
വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം

(എഴുത്തച്ഛൻ — അദ്ധ്യാത്മരാമായണം)

[4] ഒരു കച്ചയഴിച്ച് രണ്ടാമതൊന്ന് അണിയുന്നതിന്നിടയിൽ കന്യാമാറിടത്തിന്ന് അനുഭവപ്പെടുന്ന നഗ്നതയുടെ ഇടവേള.
നമ്മുടെ സമാധാനം
രണ്ടു കതിനകളെ കൂട്ടിയിണക്കുന്ന
വഴിമരുന്നിന്റെ ഇടവേളയാണ്

(ബാലചന്ദ്രൻ ചുള്ളിക്കാട് — സമാധാനം)

തേനീച്ച

പോൾ വലെറി (1871–1945)

PAUL VALERY

തേനീച്ചയും സ്ത്രീമാറിടവും പ്രധാന പ്രതീകങ്ങളായിട്ടുള്ള ഈ കൊച്ചു കവിത, പരക്കെ പ്രശംസനേടിയ ഗദ്യകവിതകളിലൂടെ ബുദ്ധമത തത്വങ്ങളെ അവതരിപ്പിച്ച ഫ്രാംസീസ് ദ് മിയോമാന്ത്ര് (Francic De Miomandre–1880–1950) ന്നാണ് വലെറി സമർപ്പിച്ചത്. ബുദ്ധസന്ദേശങ്ങൾ വലെറിയിലുളവാക്കിയ പ്രിതകരണമായിട്ടു ഇതിനെ കണക്കാക്കാം. ഭോഗലാലസമായ മനസ്സ് ത്യാഗത്തിലൂടെ അവിദ്യ നീങ്ങി ജ്ഞാനത്തിലെത്തുന്നതിന്റെ ചിത്രം ഇതുൾക്കൊള്ളുന്നുവെന്നു പറയാം. കൃസ്തീയവീക്ഷണത്തിൽ, പാപജീവിതം യാതനയുടെ ജ്ഞാനസ്നാനത്തിലൂടെ മോചനത്തിന്റെ പ്രകാശത്തിൽ പ്രവേശിക്കുന്നതിന്റെ ചിത്രവുമാവാം. വേറെ വ്യാഖ്യാനങ്ങൾക്കും അതു വഴങ്ങാതില്ല.

ഫ്രാംസിസ് ദ് മിയോമാന്ത്രിന്ന്
പരമതീക്ഷ്ണമാം നിന്നുന ദാരുണ–
വ്യഥയരുളുന്നതെങ്കിലും, തേനീച്ചേ,
[1] ഒരു കിനാ ‘ലേസ്’ മാത്രമണിഞ്ഞൊരെൻ–
മദുലമാറിൽ നീ കുത്തുക, കുത്തുക. [2]
രുചിര മാറിടച്ചെപ്പിങ്കൽ നിന്നുമെൻ
ഹൃദയശോണിത മൂർന്നൊഴുകീടട്ടെ.
പ്രണയം മൃത്യുവടയുന്ന മാറിടം,
പ്രണയം സുപ്തിയിലാഴുന്ന മാറിടം.
[3] യമവിമുഖമാ മിമ്മാംസഗോളമി–
ത്തിരി യുതിർക്കെട്ടെന്നാത്മാംശമാം നിണം.
വളരെയേറെയാവശ്യകമാണെനി–
ക്കിതുവിധമൊരു ക്ഷിപ്രമാം വേദന.
അറുതിയേലുന്നൊരുൽക്കട നൊമ്പരം
ചിര നീലനനോവേക്കാൾ വരിഷ്ഠമാം.
ത്വരിത ജാഗ്രതാകാഹളാഹ്വാനം പോൽ
തവ സുസൂക്ഷ്മ സുവർണ്ണാസ്ത്രമേല്ക്കവേ
വിരവിലെൻ ബോധമണ്ഡലം നവ്യമൊ–
രനഘജ്യോതിസ്സിൽ മുങ്ങുമാറാകട്ടെ. [4]
പരിണതിയിതല്ലെന്നു വന്നാകിലോ
പ്രണയം പൂകുന്നു മൃത്യുവോ സുപ്തിയോ.

L'ABEILLE

കുറിപ്പുകൾ

[1] കിനാലേസ് = കിനാവിലേതുപോലുള്ള (അയഥാർത്ഥമായ) ലേസ്

[2] ഹാ, വരൂ, വരൂ, തേനീച്ചകളേയെമ്പാടും നി–
ന്നായിരക്കണക്കായ് വന്നഗ്രസൂചികളാലേ
കുത്തുവിൻ, തുരത്തുവിനിക്കൊള്ളസാമ്രാജ്യത്തിൽ
മൃത്യുവിൻ തീവെട്ടിയും പിടിച്ചു നടപ്പോരേ
(വൈലോപ്പിള്ളി — ഇരുളിൽ)

ഉഗ്രസം ഫണോല്ലോല കല്ലോല ജാലം പൊക്കി
രൗദ്രഭംഗിയിലാടി നിന്നിടും ഭുജംഗമേ,
വാനം തൻ വിശാലമാം ശ്യാമവക്ഷസ്സിൽക്കൊത്തേ–
റ്റാനന്ദമൂർച്ഛാധീനമങ്ങിനെ നിലകൊൾവൂ.
തത്തുകെന്നാത്മാവിങ്കൽ കൊത്തുകെൻ ഹൃദയത്തിൽ
ഉത്തുംഗഫണാഗ്രത്തിലെന്നെയും വഹിച്ചാലും.
(ജി. — സാഗരഗീതം)

മർദ്ദനമേറ്റു വലഞ്ഞൊരെൻ ദൃഢ–
മസ്തകമിപ്പൊഴുമുയരുന്നു.
രക്തകണങ്ങൾ തെറിക്കുന്നു, മിഴി–
കത്തുന്നു കരൾ പൊട്ടുന്നു
തെറിച്ചു ചിന്നിച്ചിതറിക്കരളിൽ
തിളച്ചരക്തം വീണോട്ടെ.
… … … … …
നിറുത്തിടൊല്ലേ നൃത്തം നിർവൃതി–
ലയത്തിലാത്മാവലിയുന്നു.
… … … … …
വിളർത്ത കണ്ണീർച്ചോലകളായെൻ
വിഷങ്ങളെല്ലാമലിവോളം
കനിക്കുകില്ലിപ്പത്തികൾ കണ്ണാ
മുറയ്ക്കു നർത്തനമാടു നീ
(സുഗതകുമാരി — കാളിയമർദ്ദനം)

[3] യമവിമുഖം = വഴങ്ങാൻ കൂട്ടാക്കാത്ത

[4] ഉണരാവൂ നിൻദിവ്യസ്പർശത്താലത്യാരൂഢ–
പ്രണയാന്തരംഗത്തിൽ ശുദ്ധവാസനയിനി
(ജി. — പങ്കജഗീതം)

മന്ദമെന്നാത്മാവതി നിർവൃതം മുങ്ങുന്നിതാ–
സ്സാന്ദ്രശുഭ്രതയുടെ സാത്വിക പ്രകാശത്തിൽ
(ബാലാമണിയമ്മ — വിമാനത്തിൽ)

ഹൃദയം

ഷാർല് പെഗി (1873–1914)

CHARLES PEGUY

കവി, ഗദ്യകാരൻ, സോഷ്യലിസ്റ്റ് ചിന്തകൻ–ഇങ്ങിനെ ബഹുമുഖമായ ഒരുജ്ജ്വല വ്യക്തിത്വത്തിന്റെ ഉടമയാണ് ഷാർല് പെഗി. തന്റെ കാലഘട്ടത്തിലെ സാമൂഹിക–രാഷ്ട്രീയ അനീതികൾക്കെതിരെ ഒരു കുരിശുയോദ്ധാവിനെപ്പോലെ അദ്ദേഹം തൂലികകൊണ്ടു പോരാടി. ഒന്നാം ലോകമഹായുദ്ധത്തിൽ പോർക്കളത്തിൽ വെടിയേറ്റു മരിച്ചു.

ശിലാകഠിനമാം ഹൃത്തേ,
കാട്ടുവള്ളികൾ നിത്യവും
മൂടും ജീർണ്ണിച്ചൊരേകാന്ത–
ഗോപുരോപമ ചിത്തമേ,
ഇമ്മണ്ണിനോടു പാശങ്ങ–
ളെല്ലാംകൊണ്ടും നിബദ്ധമായ്
അവഹേളനമെമ്പാടും
ഏല്ക്കുമേകാന്ത ചിത്തമേ,
ശുദ്ധബാഷ്പ പ്രവാഹത്താൽ
ചാലുവീണുള്ള ചിത്തമേ,
തൃഷ തീരെശ്ശമിക്കാത്ത,
പാനലോലുപ ചിത്തമേ,
ചാമ്പലൊന്നിച്ചു നൈരാശ്യം
കുമിയും തപ്തചിത്തമേ,
പലവട്ടം പ്രകാശത്തിൽ
മജ്ജനംചെയ്ത ചിത്തമേ,
പൂതമാദിമസ്രോതസ്സിൽ
പലപോതാണ്ട ചിത്തമേ,
മൂതിക്കായ്ക്കുഴിമാടത്തിൽ
ത്യജിക്കപ്പെട്ട ചിത്തമേ
(സ്പന്ദിച്ചിരുന്നു നീയെന്നാൽ
മരണം പൂണ്ട പോതിലും!)
പര്യവേക്ഷണമേലാത്ത
ചിത്തമേ, പോരുതാമൊരു
പ്രപഞ്ചം തന്നെ നീ, മെയ്യോ–
പ്പഴിക്കപ്പെട്ട മൂർത്തിയേ,
തളിരും താരുമറ്റുള്ള

ശിശിരോദ്യാനമെത്ര നീ.
പ്രതീക്ഷിക്കാതെ വന്നെത്തും
പാപബോധക്കൊടും വിഷം
വക്കോളം പൂർണ്ണമായുള്ള
ദുഃഖഭാജനമാണു നീ.
തൊലിയൊക്കെയടർന്നുള്ള
വയസ്സൻ വൃക്ഷമാണു നീ.
തടിയെട്ടുക്കു തന്നേയും
കൃമികീടങ്ങൾ തിന്നതാം
[1] പിടിയിങ്കലകപ്പെട്ട
കാട്ടുസൂകരമാണു നീ.
ദൗഷ്ട്യങ്ങൾക്കേതുകാലത്തും
കുത്തരങ്ങായ ചിത്തമേ,
തുടിച്ചുവല്ലോ പാരം നീ
പ്രേമത്താലെ, പ്രതീക്ഷയാൽ.
നിണയ്ക്കു നിശതൻ ശാന്തി
കിട്ടുമോ താന്തചിത്തമേ?
അത്യാർത്തികലരും പ്രേമം
അശിച്ചുച്ചിഷ്ടമാക്കിയ
ഹൃത്തേ, യിന്നിമേൽ മിണ്ടില്ലേ
കേൾപ്പോരില്ലാതെ കേണ നീ?
ഏകപ്രേമത്തിലൂന്നീട്ടും
ഭംഗമാർന്നൊരു ചിത്തമേ,
വീണ്ടും വീണ്ടും വിപത്തേല്ക്കും
വ്യഥാഭിരത ചിത്തമേ,
വിശ്വാസപൂർവകംചെയ്തു
വേണ്ടതാകവെതന്നെ നീ,
മുൻകൂട്ടിക്കണ്ടുകൊണ്ടെല്ലാം
ചെയ്തു കരുതലോടെ നീ.
വേണ്ടതാകവെ ചെയ്തന്നാൽ
ജ്വരമൊന്നു മറന്നു നീ,
വേണ്ടതാകവെ ചെയ്തന്നാൽ
ഇരുച്ചുണ്ടു മറന്നു നീ.
വേണ്ടതാകവെ ചെയ്തന്നാൽ
താനാമ്പൊന്നു മറന്നു നീ,
വേണ്ടതാകവെ ചെയ്തന്നാൽ
ഒരാത്മാവെ മറന്നു നീ.
കണക്കൊക്കെയും കൂട്ടി
കണിശം ദീർഘദർശി നീ,
മറന്നെന്നാലൊന്നു മാത്രം:
മിടിക്കുന്നൊരു ഹൃത്തിനെ!

QUATRAINS

കുറിപ്പുകൾ

[1] ഉള്ളിനുള്ളിലിരിപ്പൂ പുഷ്കര–
മുഗ്രൻ കലിയും കാട്ടാളനുമൂറ്റ–
പർണ്ണന, മുതകിയ കൈയിൽ കൊത്താ–
നന്നിന കാർക്കോടകനും പിന്നെ

(വൈലോപ്പിള്ളി — കണിക്കൊന്ന)

നെടുതാംദയകോലും ദൈവദൂതന്മാർപോലും
തൊടുവാൻ മടിച്ചേക്കും ഞങ്ങൾ തൻഹൃദയങ്ങൾ

(വൈലോപ്പിള്ളി — കവിയും കുഷ്ഠരോഗിയും)

ഇന്നും ജന്തുക്കളല്ലോ വാ–
ഴുന്നു നിന്നിൽ യഥാസുഖം.
അവർ നിന്നെ ബ്ഭരിക്കുന്നു
കൊള്ളാം നിന്നുപദേശവും

(എം. എൻ. പാലൂര് — ചുണ്ടെലി)

പരപുച്ഛവുമഭ്യസൂയയും
ദുരയും ദുർവ്യതിയാനസക്തിയും
കരളിൽകുടിവെച്ച ഹാ പര–
മ്പരയായ് പൗരികൾ കെട്ടുപോയിതേ

(ആശാൻ — സീത)

പുഞ്ചിരി നിലാവൊളി പുറ,ത്തിരുളകത്തായ്
നെഞ്ചിൽ വിഷമായ് മൊഴിയിൽ നല്ല നറുതേനായ്
വഞ്ചന മുഴുത്തു ഭുവനത്തിലിനി നല്ലോ–
രഞ്ചണമതോർത്തു സരളേയഴുവതോ നീ?

(ആശാൻ — നിഷ്കപടതോട്)

ഒരു മൃഗമില്ലേ ഹൃദയത്തിൽ–ക്കാമം?
കരുതിനല്കനീയതൊന്നിനാൽ മാത്രം

(ഉള്ളൂർ — നടതുറക്കൽ)

പങ്കിലം ഹൃൽക്കന്ദരം, മാത്സര്യമോഹഗ്രസ്തം

(ഉള്ളൂർ — ഭക്തിദീപിക)

ക്ഷിതിയിലെ ത്തമസ്സശേഷം നമ്മുടെ
ഹൃദയമാം ഗുഹയ്ക്കകത്തു കേറിപ്പോയ്

(ഉള്ളൂർ — മലകേറൽ)

കാട്ടുകൾ വെട്ടിയൊട്ടുക്കിപ്പണവിള
നട്ടവർ ധിഷണാശാലികൾ പക്ഷെ
കേവലമറിയാതുള്ളിലനേകം
കാട്ടുകൾ ഞങ്ങൾ വളർത്തുന്നുവന

വാസികൾ ഞങ്ങൾ ശിലായുഗ മാനുഷർ
കൊന്നും തിന്നുമലഞ്ഞിടുന്നവ–
രാധികളിൽ വെന്തുരുകുന്നവ, രട–
രാടുന്നവർ നിലനില്പിനുവേണ്ടി

(നെല്ലിക്കൽ മുരളീധരൻ — വിഷ്ണുദശകം)

ഒപ്പം തമസ്സും പ്രകാശവുമുൾച്ചേർന്നൊ–
രപ്രമേയാത്ഭുതം തന്നെ നിൻഹൃത്തടം
ചെമ്പനീർപ്പൂക്കൾ വിടരുമതിൽത്തന്നെ
വെമ്പിപ്പുളയ്ക്കുന്നു തേളും പുഴക്കളും

(ചങ്ങമ്പുഴ — നീറുന്ന തീച്ചൂള)

പോവുക പിന്നായുവകവിപുംഗവ
കാകസംഘത്തിന്നരികിൽ നിങ്ങൾ.
അച്ചടിക്കെട്ടിൽ മധുര, മടുക്കുകിൽ
കച്ച തുപ്പീടുമാമാനസങ്ങൾ

(ചങ്ങമ്പുഴ — പാടുന്ന പിശാച്)

ചേറും കൃമികളും കേറാതെ മഞ്ജിമ
ചേരുന്ന മാനസം മന്നിലില്ല

(ചങ്ങമ്പുഴ — പാടുന്ന പിശാച്)

മിറാബോപ്പാലം

ഗിയ്യോം അപ്പൊല്ലിനേർ (1880–1918)

GUILLAUME APOLONAIRE

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ചിത്രകലയിലും കവിതയിലും ക്യൂബിസത്തിലൂടെയും (Cubism) സർറിയലിസത്തിലൂടെയും (Surrealism) പുതിയൊരു മുന്നേറ്റത്തിനു ശംഖനാദം മുഴക്കിയ കലാനിരൂപകനും കവിയുമാണ് ഗിയ്യോം അപ്പൊല്ലിനേർ. ഇറ്റലിക്കാരനായ അച്ഛന്റെയും, പോളണ്ടുകാരിയായ അമ്മയുടേയും മകനായി ഫ്രാൻസിൽ വളർന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ സൈനികസേവനത്തിനിടയിൽ വെടിയേറ്റിതനെത്തുടർന്നു അകാലമൃത്യുവിനിന്നിരയായി. യുക്തിയുടെ കെട്ടുപാടുകളില്ലാതെ വികാരങ്ങളും ചിന്തകളും മനസ്സിലുദിക്കുന്നപടി–സ്വപ്നത്തിലെന്നപോലെ–ആവിഷ്കരിക്കുന്ന സർറിയലിസത്തിന്റെ സ്വാധീനം ഫ്രഞ്ച് കവിതയിലും ചിത്രകലയിലും രണ്ടാം ലോകമഹായുദ്ധംവരെയും പ്രബലമായിരുന്നു. പ്രേമത്തിന്റെ ചഞ്ചലതയിൽ പതറാതെ വർത്തമാനത്തിൽ–ജീവിതത്തിൽ–പിടിച്ചു നില്ക്കുന്ന ഒരു ഹൃദയത്തിന്റെ ശക്തിമത്തായ മിടിപ്പുകൾ ഈ കവിതയിൽ മാറ്റൊലിക്കൊള്ളുന്നു. ക്യൂബിസ്റ്റ് ചിത്രകാരി മറി ലൊറാംസേനും (Marie Laurencin, 1885–1956) അപ്പൊല്ലിനേറും മിറാബോപ്പാലത്തിന്റെ പ്രാന്തങ്ങളിൽ കുറച്ചുകാലം പ്രണയബദ്ധരായി കഴിഞ്ഞിരുന്നു. പിന്നീട് മറി ലൊറാംസേൻ ഈ ബന്ധത്തിനു വിരാമമിട്ടു.

വായനക്കാരന്റെ വ്യാഖ്യാനസ്വാതന്ത്ര്യത്തെ അംഗീകരിച്ചു കവിതയിൽ ചിഹ്നങ്ങൾ ഉപേക്ഷിക്കുന്ന സമ്പ്രദായത്തിനു തുടക്കം കുറിച്ചതും അപ്പൊല്ലിനേറാണ്.

തടവെഴാതെ യിമ്മിറാബോപ്പാലത്തി [1]
ന്നടിയിലൂടെ സേനൊഴുകിപ്പോകുന്നു [2]
ഉണർത്തിടേണമോ യിതെന്നിൽ നമ്മുടെ
പ്രണയത്തിൻ സ്മൃതിനികര മാനന്ദ–
മണഞ്ഞിരുന്നതെപ്പൊഴുതിലും തന്നെ
പരിവേദനത്തിൻ പിറകിലാണല്ലോ
[3] വരട്ടെ മൂവന്തി മുഴങ്ങട്ടെ മണി [4]
പൊഴിഞ്ഞു പോകുന്നു ദിനങ്ങൾ നിൽപു ഞാൻ [5]
പരസ്പരം കൈകൾ പിടിച്ചുകൊണ്ടു നാം
മുഖാമുഖമായി നിലകൊൾന്നേരം
നിരന്തരം വന്നു പതിയും വീക്ഷണ–
ശരങ്ങളാലേറെപ്പൊറുതിമുട്ടിയ [6]
തടിനിതൻ തണ്ണീരൊലിപ്പു നമ്മുടെ
ഭുജസേതുബന്ധമതിന്നടിയിലായ്
വരട്ടെ മൂവന്തി മുഴങ്ങട്ടെ മണി
പൊഴിഞ്ഞുപോകുന്നു ദിനങ്ങൾ നില്പുഞാൻ

[7] പ്രണയമീ ജലപ്രവാഹമെന്നോണം
വിനിർഗ്ഗളിക്കുന്നു വിനിർഗ്ഗളിക്കുന്നു
പറന്നുപോകുന്നു പ്രണയം ജീവിത–
ഗതി യെത്രമാത്രം പതുക്കെ പക്ഷെ യുൽ–
ക്കടമെത്രമാത്രം മനുജകാമന [8]
വരട്ടെ മൂവന്തി മുഴങ്ങട്ടെ മണി
പൊഴിഞ്ഞുപോകുന്നു ദിനങ്ങൾ നിൽപു ഞാൻ
മറഞ്ഞുപോകുന്നു ദിനങ്ങളാഴ്ചകൾ
[9] കഴിഞ്ഞകാലമോ പ്രണയമോ തിരി–
ച്ചണഞ്ഞിടുന്നില്ലാ മിറാബോപ്പാലത്തി–
ന്നടിയിലൂടെ സേനൊഴുകിപ്പോകുന്നു
വരട്ടെ മൂവന്തി മുഴങ്ങട്ടെ മണി
പൊഴിഞ്ഞുപോകുന്നു ദിനങ്ങൾ നില്പു ഞാൻ [10]

LE PONT MIRABEAU

കുറിപ്പുകൾ

[1] മിറാബോപ്പാലം: പാരീസിൽ സേൻനദിക്കുള്ള അനേകം പാലങ്ങളിലൊന്ന്. മിറാബോ (Mirabeau, 1749–1791): ഫ്രഞ്ച് വിപ്ലവത്തിന്റെ തുടക്കത്തിൽ ബഹുജനപക്ഷത്ത് നിന്നു പൊരുതിയ പ്രഗത്ഭ വാഗ്മിയായ പാർളിമെണ്ടംഗം.

[2] വക്രമായുളച്ചലച്ചിരമ്പുന്നല്ലോ മഹാ–
നക്രസങ്കലം ചലനാത്മികേ പ്രവാഹംതേ
ആവതില്ലവയ്ക്കേതും പൂർണ്ണതയിലേക്കാടി–
പ്പോവും നിൻ കാൽവെപ്പുകൾക്കൊട്ടൊരു മാന്ദ്യം ചേർക്കാൻ

(ബാലാമണിയമ്മ — ഗംഗയിൽ)

ക്ഷുബ്ധമായ്ക്കലുഷമായ് പ്രവഹിക്കുന്നൂ കാലം

(വൈലോപ്പിള്ളി — യുഗപരിവർത്തനം)

മേൽക്കുമേലോളങ്ങളെച്ചുഴിയെപ്പതയേയും
മായ്ക്കലും കുറിക്കലും കൊണ്ടാറു നീളംവെയ്ക്കേ

(നാലപ്പാടൻ — തെറ്റി)

കാണിനേരം പോലുമാരേയും കാക്കാതെ
കാലപ്രവാഹമിരമ്പിക്കുതിക്കുന്നു

(ചങ്ങമ്പുഴ — ആ കാലങ്ങൾ)

നിയമിതോത്സുകം മുന്നോട്ടി പായുമീ
നിയതിനിമഗ്നഗ യെന്തിന്നു നില്ക്കണം

(ചങ്ങമ്പുഴ — ചരിതാർത്ഥതന്നെ ഞാൻ)

[3] ദിനമേ, തവവാഴ്ചയീവിധം
നിഖിലോന്മേഷമണച്ചു നില്ക്കവേ

വരുമന്ധതചേർപ്പൊരന്തിയാം
ദശയെന്നോർത്തു നടുങ്ങുകില്ല ഞാൻ
(കെ. കെ. രാജാ — രാത്രിയും പകലും)

[4] സമയസൂചകമായ മണി

[5] ഉന്നിദ്രം കാലചക്രംതിരിയുമളവു പൊങ്ങി സ്ഥലിംഗങ്ങൾ പോലി–
ങ്ങന്യൂനം മായുമോരോദിനമതിലമിതാനന്ദമിന്നുള്ളഹസ്സേ
(ആശാൻ — പള്ളിക്കെട്ട് മംഗളാശംസ)

[6] മജ്ജീവനാഥ, ഞാൻ ലജ്ജയാലെൻമുഖം
പൊത്തി നിൻചാരത്തിരിക്കുന്ന വേളയിൽ
എത്തിനോക്കീടുന്നതെന്തിനാണിങ്ങോട്ടു
മുഗ്ദ്ധകളാകുമാ ത്താരാകുമാരികൾ
(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

അജ്ജഗന്മോഹനനൊറ്റയ്ക്കാപ്പൂമണി–
മച്ചിലന്നല്ലിൽ സമുല്ലസിക്കേ
ജാലകമാർഗ്ഗമായ് നാലഞ്ചുതാരകൾ
നീലവാനിങ്കൽ നിന്നെത്തിനോക്കി
(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

ജാലകദ്വാരത്തിലൂടെയിടയ്ക്കിടെ
ബാലേന്ദുരശ്മികളെത്തിനോക്കി
(ചങ്ങമ്പുഴ — നിഗൂഢദർശനം)

പരിമൃദുലമോഹനച്ചെഞ്ചൊടികൾ
പകുതി ചിബുകത്തൊടൊന്നിച്ചുപൊത്തി
മധുരമധുരസ്മിതം മൊട്ടിടുന്ന
മുഖമഴകിലൊട്ടു ചാച്ചോമലന്നാൾ ... ...
മുകിൽമറകൾ നീക്കിയജ്ജന്നലൂടേ
മുഴുമതി ചിരിച്ചുകൊണ്ടെത്തിനോക്കി
(കെ. കെ. രാജാ — അന്നത്തെ രാത്രി)

[7] പുഴനീർപ്പൊക്കം പോലാം
യൗവന, മെങ്ങോ കുതിപ്പൂ ദിവസങ്ങൾ
തിരികെ വരില്ലിരവുക–
ളെന്തിനുകെടുമാനമെന്മകളേ
(വള്ളത്തോൾ — ഗ്രാമസൗഭാഗ്യം)

കാലചക്രം മുടങ്ങാതെ കറങ്ങിക്കൊണ്ടിരിക്കുന്നു
നാളുകളോരോന്നായ് മറഞ്ഞകന്നീടുന്നു
(ചങ്ങമ്പുഴ — മദിരോൽസവം)

രാവും പകലും വന്നുംപോയുമിരിക്കുന്നു, യുഗങ്ങളും
യുഗാന്തരങ്ങളും വികസിക്കുകയും പൊഴിയുകയും ചെയ്യുന്നു.
(ടാഗോർ — ഗീതാഞ്ജലി (കെ. സി. പിള്ള, വി. എസ്. ശർമ്മ))

And bending down beside the glowing bars,
Murmur, a little sadly how love fled

(W.B. Yeats — When you were old)

[8] എന്താകിലും ജീവിതയാത്രയിങ്ക–
ലുത്സാഹമില്ലാത്തൊരു ജന്തുവില്ല
വിപന്നഹസ്തത്തിലുമെങ്ങുമാശാ–
പതാക പാറാതെയിരിപ്പതുണ്ടോ?

(കെ. കെ. രാജാ — നമ്മുടെ ഘോഷയാത്ര)

മനുഷ്യലോകത്തിനു ലോകസംഗരാ–
ന്തരത്തിലുത്തുംഗഭയത്തിലിത്രയും
ഉണർച്ച നല്കുന്നൊരു ദിവ്യശക്തിയായ്
ജയിക്കുമാശേ, സതതം തൊഴുന്നു ഞാൻ

(കെ. കെ. രാജാ — ആശാപഞ്ചകം)

ഒരു താരകയെക്കാണുമ്പോളതുരാവുമറക്കും
പുതുമഴ കാൺകെ വരൾച്ച മറക്കും
പാൽച്ചിരികണ്ടതു മൃതിയെ മറന്നു
സുഖിച്ചേപോകും പാവം മാനവഹൃദയം

(സുഗതകുമാരി — പാവം മാനവഹൃദയം)

ആശിക്ക. സൃഷ്ടിക്ക ജഗൽപിതാവു,
മാശിച്ചുവെന്നായ്ശ്രുതി പൊങ്ങിടുന്നു
നരന്നു തൻജീവിതമാശമൃത്യു
നൈരാശ്യമെന്നാണഭിയുക്തവാക്യം

(ഉള്ളൂർ — ഭാവനാഗതി)

അതൃപ്തനപ്പോഴെപ്പോഴു–
മാശിയ്ക്കുന്നിതു വീണ്ടുമേ
വെറുപ്പുണ്ടായീലവന്നു
ജീവിതത്തിൽ നരാധിപ.
അതിലല്ലോ മനുഷ്യനു
ജീവിതാശകൾ നില്പതും
… … … … …
ജീവിതാശയിൽ നിർവേദ–
മണയുന്നില്ലശേഷവും

(വ്യാസൻ — മഹാഭാരതം, സ്ത്രീപർവ്വം (കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ തർജ്ജമ))

[9] എന്തിനു നീയിനിയെന്തൊക്കെച്ചെയ്താലും
പിന്തിരിഞ്ഞെത്തില്ലാപ്പോയകാലം

(ചങ്ങമ്പുഴ — ആശ്വാസഗാനം)

ആവതെന്തയ്യോ വരില്ല വീണ്ടു–
മാവിട്ടുപോയ നിർവാണരംഗം

(ചങ്ങമ്പുഴ — നിരാശനല്ല)

എന്നെത്തഴുകിപ്പിരിയും നിമേഷങ്ങൾ
ക്കൊന്നും തിരിച്ചു വരവില്ലെന്നോ?

(ബാലാമണിയമ്മ — ഇന്നേയ്ക്കുമാത്രം)

അതാകാലം പോയ്പ്പോയ് മുഴുവനുമെനി, ക്കേവമലയു–
ന്നതാണോ സംസാര പ്രചുരസുഖമെന്നോർപ്പതുജനം

(നാലപ്പാടൻ — ഒരു വാനപ്രസ്ഥന്റെ വിരക്തി)

അഹസ്സുകൾ തിരിച്ചെത്താ
വീണ്ടും മാസങ്ങളാണ്ടുകൾ
ജനിച്ച ജീവികൾക്കാർക്കും
പക്ഷങ്ങളിഹരാത്രികൾ

(വ്യാസൻ — മഹാഭാരതം, ശാന്തിപർവ്വം (കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ തർജ്ജമ))

[10] ഇന്നലെകൾക്കാർക്കും ജീവിതം വ്യർത്ഥമായ്
വന്നിട്ടില്ലെന്നോരുണർവുതേടി
ഇന്നൊന്നു നോക്കുകെന്നെൻ കണ്ണിലുമ്മവെ–
യ്ക്കുന്നിതുഷസ്സിനാലുഴി വീണ്ടും

(നാലപ്പാടൻ — ചക്രവാളം)

വർത്തമാന വൈജയന്തി നിൻ വഴിയിൽപ്പറപ്പിക്കു
വർത്തമാനമദ്യം കുടിച്ചാർത്തുമദിക്കു
കഷ്ടമല്ലേ ഭൂതഭാവിചിന്തകൊണ്ടുവെറും മഞ്ഞു–
കട്ടപോൽ നിൻ ജീവരക്തമുറഞ്ഞുപോയാൽ

(ചങ്ങമ്പുഴ — മദിരോത്സവം)

പോയെങ്കിൽ പോകട്ടെ പോയ്പ്പോയനാളുകൾ
പോരും കരഞ്ഞതെൻ ചിത്തമേ, നീ
ഭാവിഭയങ്കരമാണെങ്കിലാവട്ടെ
ഭാവിച്ചിടായ്കതിൽ ഭീരുത നീ
സമ്ഭ്രമം കോരിക്കുടിച്ചു മദിക്കുകീ
വർത്തമാനത്തിൻ മധുരമദ്യം … … … … …
ഇന്നാണു നിൻജയമിന്നാണു നിൻസുഖ–
മിന്നിനെത്തന്നെനീയാശ്രയിക്കു

(ചങ്ങമ്പുഴ — ആശ്വാസഗാനം)

ഹോട്ടൽ

ഗിയ്യോം അപ്പൊല്ലിനേർ (1880—1918)

GUILLAUME APOLONAIRE

[പരസ്പരസമ്പർക്കമോ ധാരണയോ പുലർത്താത്ത മനുഷ്യരുടെ സ്വാർത്ഥമാത്ര പ്രേരിതമായ ജീവിതത്തെ അപ്പൊലിനേർ അപഹസിക്കുന്നു]

വിഷാദഭാവമേലുന്നു
വിധവാതുല്യമിമ്മുറി
[1] തനിക്കുതാനായ് വരുവോർ
നവ്യസാന്നിദ്ധ്യമെപ്പൊഴും
പണം മുടക്കില്ലാതെ
പ്രതിമാസമടക്കണം
ഉടമയ്ക്കു സദാ ശങ്ക
പണം കിട്ടാതെയാകുമോ
ഒരു പമ്പരമെന്നോണം
ഞാൻ കറങ്ങുന്ന പാതയിൽ
വിരാമമില്ലാതെ കേൾക്കുന്നു
കഠോരം ശകടദ്ധ്വനി
രൂക്ഷമാം പുകവീട്ടീട്ടു–
ന്നയൽക്കാരനസുന്ദരൻ
വെപ്പാട്ടിയായതിൽപ്പിന്നെ
സന്യസിച്ച മുടന്തിയാം
പെണ്ണൊരുത്തി പരിഹാസ–
ഭാവം പൂണ്ടു ചിരിപ്പൂ ഞാൻ
അത്താഴമേശയ്ക്കരികിൽ
ഈശന്നു നതിയോതവേ
[2] ഹോട്ടൽവാസികൾ നാമെല്ലാം
ഒന്നിച്ചാൽ പറയുന്നതു
[3] ബാബെലിൽ കേട്ടപോലുള്ള
ഭാഷതന്നെയസംശയം
പൂട്ടണം രണ്ടുവട്ടം നാം
മുറിവാതിൽകൾ ഭദ്രമായ്
[4] ആത്മപ്രേമമതൊന്നല്ലോ
കൊണ്ടുവന്നുള്ളതിങ്ങു നാം

HOTELS

കുറിപ്പുകൾ

[1] പഴയവൻ മർത്ത്യൻ ഹൃദയത്തിൽ പോരാ
പഴയവനേക്കാൾ പതിതൻ മേല്ക്കുമേൽ.
എവനും താൻമാത്രം സുഖിച്ചിരിക്കേണം
... ...
നിലകൊൾവു മർത്ത്യസമുദായഹർമ്മ്യം
ശിലകളൊക്കെയുമിളകി വെവ്വേറെ
അവയിലോരോന്നുമയിത്തം ഭാവിച്ചു
ശിവശിവ നില്പൂ തൊടാതെ തങ്ങളിൽ

(ഉള്ളൂർ — കീശസന്ദേശം)

ഹോട്ടൽക്കാരൻ വിളമ്പുന്ന
ചോറുമാപ്പീസുജോലിയും
എൻകൈ തന്നെ വിരിക്കുന്ന
വിരിപ്പിൽ ശിവരാത്രിയും

(കുഞ്ഞുണ്ണി — ജനായത്തം)

[2] പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ്ക്കൂടി വിയോഗം വരുമ്പോലേ

(എഴുത്തച്ഛൻ — അദ്ധ്യാത്മരാമായണം)

വിരുന്നുകാരായിട്ടെന്നും വരുന്നു, ചെറ്റിടതങ്ങി–
പ്പറന്നുപോമെങ്ങോ മാടപ്പിറാവിൻ പറ്റം

(പി. കുഞ്ഞിരാമൻ നായർ — കിനാവിലെ കന്യക)

[3] ‘പ്രളയത്തെ അതിജീവിച്ചവർ സ്വർഗ്ഗത്തിലെത്തുന്ന ഒരു സൗധം നിർമ്മിക്കാൻ തീരുമാനിച്ചപ്പോൾ ഇതു തടയാൻ ദൈവം അവരെ ഭിന്നിപ്പിച്ചു അന്യോന്യം മനസ്സിലാകാത്ത പലഭാഷകൾ സംസാരിപ്പിച്ചു, അവർ ലോകത്തിന്റെ നാനാഭാഗത്തുമായി ചിന്നിച്ചിതറി. സൗധം പണിയാൻ തീരുമാനിച്ച സ്ഥലത്തിനു കുഴപ്പം എന്നർത്ഥമുള്ള ബാബെൽ–Babel എന്ന പേരുണ്ടായി’

(ബൈബിൾ — ഉല്പത്തി XI: 9)

വന്നും ഗമിച്ചുമിരിക്കും ജനങ്ങളാ–
ലെന്നും തിരക്കുറ്റ ഹോട്ടലിൽ നിൽക്കെ ഞാൻ,
... ...
നൂറുമുറികളിൽ നാന്നൂറു ഭാഷയി–
ലാരവം പൊങ്ങുമെട്ടുപ്പിന്നു മുൻവശം ... ...

(ബാലാമണിയമ്മ — മഹാവൃക്ഷം)

[4] തൻ സ്വാർത്ഥം ഗൃഹസ്വാർത്ഥം വർഗ്ഗീയസ്വാർത്ഥം രാഷ്ട്ര
വൻ സ്വാർത്ഥം സുഖതൃഷ്ണാസാർത്ഥവാഹ സംഘങ്ങൾ

(വൈലോപ്പിള്ളി — സാവിത്രി)

കല്ലുപോൽക്കരളായിക്കണ്ണീരു കാണാത്തോരായ്
തന്നിൽ മാത്രമേ പ്രേമലോലുപരായി സ്വാർത്ഥ–
ഖിന്നരായലസരാം നൂറ്റനൂറാണ്മക്കൾക്കു ... ...

(സുഗതകുമാരി — ബിഹാർ)

യാത്രികർ ഞങ്ങൾ സമൂഹമനുഷ്യർ
യുഗായുത പരിണാമങ്ങളിലൂടേ
സ്വാർത്ഥച്ചുമടുകൾ പേറിയണഞ്ഞവർ
നശ്വരവിശ്വസുഖങ്ങളിൽ മുഴുകി–
ക്കൊച്ചു കുടുംബദ്വീപുകളിൽ മദ–
രാഗദ്വേഷ ഭയങ്ങളിൽ മുഴുകി–
ക്കുത്തിയിരുന്നു ജപിച്ചു നരപ്പവ–
രലയുന്നവർ മൃഗതൃഷ്ണകൾ തേടി

(നെല്ലിക്കൽ മുരളീധരൻ — വിഷ്ണദശകം)

ആ മമാന്തരംഗം ഞാൻ സ്വാർത്ഥനിശ്വാസത്തിന്റെ
ധൂമത്താൽ മലീമസമാക്കാതെ കാത്താലും നീ

(ജി. — വിശ്വദർശനം)

പടയാളിപ്പാട്ട്

മറി നൊയേൽ (1883–1967)

MARIE NOEL

മനുഷ്യാത്മാവിന്റെ നെടുവീർപ്പുകളും നൊമ്പരങ്ങളുമാണ് മറി നൊയേലിന്റെ കവിതയുടെ ഉൾത്തുടിപ്പുകൾ. താരുണ്യത്തിളപ്പിൽ ഒരു മോഹഭംഗത്തിന്നടിപെട്ട അവർ നിത്യകന്യകയായി ജീവിച്ച സാഹിത്യപ്രവർത്തനങ്ങളിൽ മുഴുകി. ക്രിസ്തുവിൽ അചഞ്ചലവിശ്വാസമർപ്പിച്ച മനശ്ശാന്തി കൈവരിച്ച അവരുടെ കവിതകളിൽ സ്വാർത്ഥത്യാഗത്തിലൂടെയുള്ള സേവനത്തിന്ന് ഊന്നൽ നല്കുന്ന ക്രൈസ്തവദർശനത്തിന്റെ ഉദാത്തത അവയെ ആർദ്രമാക്കുന്ന ഒരു അടിയൊഴുക്കായി ഒളിഞ്ഞിരിപ്പുണ്ട്.

കർത്തവ്യനിഷ്ഠയാൽ പ്രേരിതമായ സേവനത്തിന്റെ ഹോമാഗ്നിയിൽ സ്വയം ഹവിസ്സായി എരിഞ്ഞടങ്ങ്ഞ പ്രേമനിഷ്ഠമായ ഒരു ഹൃദയത്തിന്റെ കദനകഥയാണിത്. കവയിത്രിയുടെ വ്യഥിതഹൃദയത്തിന്റെ ഗദ്ഗദം ഇതിൽ വിലയിച്ചിരിപ്പുണ്ടെന്നു പറയാം.

അഭിജാത,നതിശക്ത,നടരാടിനാനവൻ
ഒരു മഹാറാണിക്കുവേണ്ടിയെന്നും.
അഭിജാത,നതിശക്ത,നവനന്ത്യനാൾവരെ
അവരോടു കൂറു പുലർത്തിപ്പോന്നു.
ഒരു സായംവേളയി,ലവനാദരാന്വിതം
അവരുടെ പാണി പിടിച്ചുകൊണ്ടാൻ.
അരിയ സിംഹാസനത്തിങ്കൽ ത്തൻ റാണിയെ
അവനിരുത്തീടിനാനാത്തമോദം.
ഉലകിലെ റാണിമാർക്കിടയിലീ റാണിയാൾ
അതിമാത്രം നിർദ്ധനയായിരുന്നു.
അതിനുമേ, ലഭിവന്ദ്യ റാണിതൻ മൗലിയിൽ
അവനണിയിച്ചൊരു പൊൻകിരീടം.
ഉലകിലെ റാണിമാർക്കിടയിലീ റാണിയാൾ
അതിമാത്രം ശാലീനയായിരുന്നു.
അവനത്യനർഘമാം നിധിയൊന്നുപോലെയാ–
ണവരെ യണിയിച്ചതക്കിരീടം.
വിരവിൽ പടവാളുയർത്തിപ്പിടിച്ചവൻ
നിലകൊണ്ടു റാണിതന്നരികിലായി.
ഉലകിലെ റാണിമാർക്കിടയിലീ റാണിയാൾ
അതിമാത്രം ദുർബലയായിരുന്നു.
അവരെയുമവരുടെ പദവിയും രക്ഷിക്കാൻ
കരവാളുമായവൻ കാവൽ നിന്നു.

ഇടരൊന്നു കരളുന്ന റാണിതൻ കാൽക്കീഴിൽ
വിജയിയായ് വെച്ചവൻ പാരിടത്തെ.
ഉലകിലെ റാണിമാർക്കിടയിലീ റാണിയാൾ
അതിമാത്രമാതങ്കമാർന്നിരുന്നു.
അവരുടെ കാൽക്കീഴിൽ വെച്ചവൻ പാരിടം
മുഴുവനും തൻകരളൊന്നൊഴികെ.
ഒരു ദിനം റാണിക്കുവേണ്ടിപ്പടവെട്ടി
മരണം വരിച്ചവൻ വീരയോധൻ.
ഉലകിലെ റാണിമാർക്കിടയിലീ റാണിയാൾ
അതിമാത്രം നിർദ്ധനയായിരുന്നു.
ഒരു ദിനം റാണിക്കുവേണ്ടിപ്പടവെട്ടി
മരണം വരിച്ചവൻ വീരയോധൻ.
പ്രണയിച്ചതന്യയാം പെണ്ണിനെയാണവൻ,
കരളവൾക്കേകിയിരുന്നു മുന്നേ. [1]

CHANT DU CHEVALIER

കുറിപ്പുകൾ

[1] പഴകിയ തരുവല്ലി മാറ്റിടാം
പുഴയൊഴുകും വഴി വേറെയാക്കിടാം.
കഴിയുമിവ,മനസ്വിനിമാർ മന–
സ്സൊഴിവതശക്യമൊരാളിലൂന്നിയാൽ
… … … … …
അനഘനവനന്യരാഗനായ്
… … … … …
അപഥമതിലവൻ നടന്നതി–
ല്ലപരെയെയോർത്തതുമില്ല നാരിയായ്
… … … … …
രതി നിത്യമൊരാൾക്കൊരാളിലായ്
സ്ഥിതിചെയ്താൽ സഖി പെണ്ണിനാണിനും
അതിലും വലുതല്ലിഹോ വ്രതം
മതിമാനെന്തൊരു ധന്യനെൻ പ്രിയൻ
(ആശാൻ — ലീല)

ജീവനെനിക്കു വെറും തൃണം, നിന്നെയെൻ
ജീവനും ജീവനായ് പൂജിച്ചിടുന്നു ഞാൻ.
സ്നേഹിച്ചു നിന്നെ ഞാൻ നീയൊഴിഞ്ഞാരെയും
സ്നേഹിച്ചതില്ല ഞാൻ, സ്നേഹിക്കയില്ല ഞാൻ.
നിന്നിലും മീതെയായില്ലെനിക്കൊന്നു മീ
മന്നിലാരാധിപ്പു നിന്നെ ഞാനോമനേ.
എന്നെ നീ വിസ്മരിച്ചാലും ഭജിച്ചിടും

നിന്നെ ഞാനെൻ പ്രാണ സർവ്വസ്വമാണു നീ

(ചങ്ങമ്പുഴ — കാമുകന്റെ സ്വപ്നങ്ങൾ)

കവി

ഴ്യൂൽ സ്യൂപ്പെർവ്യേല്ല് (1884 –1960)

JULES SUPERVIELLE

തെക്കെ അമേരിക്കയിലെ ഉറുഗ്വേയിൽ ഫ്രഞ്ച് കുടിയേറ്റ കുടുംബത്തിൽ ജനിച്ച ഴ്യൂൽ സ്യൂപ്പെർവ്യേല്ല് പത്താം വയസ്സിൽ ഫ്രാൻസിലെത്തിപ്പെട്ടു. 16ാം വയസ്സിൽ തന്റെ ഒന്നാമത്തെ കവിതാസമാഹാരം പ്രസിദ്ധപ്പെടുത്തി സാഹിത്യ ലോകത്തിന്റെ പ്രശംസനേടി. ഫ്രഞ്ച് ജീവിതത്തിൽ നിന്നെന്നപോലെ അമേരിക്കൻ ജീവിതത്തിൽ നിന്നും കരുക്കൾ ചികഞ്ഞെടുത്തു കവിതകളും നോവലുകളും ചെറുകഥകളും നാടകങ്ങളുമെഴുതി ഫ്രഞ്ച്സാഹിത്യ അക്കാദമിയുടേയുൾപ്പെടെ പല പുരസ്കാരങ്ങൾക്കും അർഹനായി.

അനുവാചകരിൽ എഴുത്തുകാരൻ ചെലുത്തുന്ന സ്വാധീനം എത്രത്തോളമാണ്? മോചനമില്ലാത്തവിധം അനുവാചകൻ നിശ്ശേഷം കീഴടക്കപ്പെടുന്നുവോ? ആ പ്രശ്നത്തെ സ്വന്തം കാഴ്ചപ്പാടിൽ കൈകാര്യം ചെയ്യുകയാണ് സ്യൂപ്പെർവ്യേല്ല് ആ കൊച്ചു കവിതയിൽ.

എന്നുൾത്തടത്തിന്റെ
    ഉള്ളിനുമുള്ളിലെ
[1] ആഴക്കുഴികളിൽ
    ആണ്ടിറങ്ങുന്ന ഞാൻ
എന്നുമേകാകിയാ–
    യല്ലങ്ങു പോവതു,
കൊണ്ടുപോകുന്നു
    പലരെയും കൂടവേ.
ശൈത്യം തളംകെട്ടി
    നില്ക്കുമെന്നുള്ളിന്റെ
പാതാളമാഴുവോർ
    ക്കെപ്പൊഴെങ്ങാനുമേ
ആവതുണ്ടാകുമോ
    തെല്ലിടയെങ്കിലും
വീണ്ടും വെളിയിലേ–
    യ്ക്കൊന്നു വന്നീടുവാൻ?
മുങ്ങുമൊരുകപ്പൽ
    യാത്രികർ നാവികർ
എന്നൊന്നുമില്ലാതെ
    ഒന്നിപ്പിക്കുന്നപോൽ
എൻ കൂട്ടുകാരെ നിർ–
    ഭേദം തളപ്പൂ ഞാൻ

രാവിൽ കെടുത്തുന്ന
കണ്ണിൻ വെളിച്ചവും.
ആഴമേറീട്ടുമെ–
ന്നാഴങ്ങളിൽ പുതു
തോഴരെക്കിട്ടാൻ
പരിശ്രമിക്കുന്നു ഞാൻ. [1]

UN POETE

കുറിപ്പുകൾ

[1] ഒരു നവമായ വിഷാദം മായെ്ക–
യുണർന്നു പഴയൊരു ഹർഷം കവിയുടെ
ആവം കാണാത്തതിരുകളിൽ
(സുഗതകുമാരി — പാവം മാനവഹൃദയം)

അബ്ധിയെപ്പോലഗാധമാണപോൽ
അപ്പവിത്രാർദ്രമാനസം
(ചങ്ങമ്പുഴ — മദലന മോഹിനി)

ഹൃദയത്തിൻ സ്വസ്ഥത വിശ്രമിപ്പോ–
രതി ഗൂഢമാകുമഗാധതകൾ
(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

ചെളിമൂടിയ രത്നമെന്നപോ–
ലൊളിപോയ് ചിത്തഗുഹാന്തകീടമായ്
… … … … …
വിഷയസ്പൃഹയായ നാഗമുൾ–
ത്തൃഷപൂണ്ടഗ്ഗുഹതൻ മുഖംവഴി
… … … … …
സഹജാമലരാഗമേ മനോ–
ഗുഹയേലും സ്ഫുടരത്നമാണു നീ
(ആശാൻ — സീത)

ഇന്നു ഹൃത്തടത്തിങ്കലാഴത്തിൽ പേർ വായ്ച്ചുള്ളൊ–
രുന്നിദ്ര പശ്ചാത്താപപംക്തിയാൽ നിവാരിതൻ
(നാലപ്പാടൻ — അരുത്)

പതിവാണിതൊക്കെ നിരൂപിച്ചു സാധു ഞാൻ
കൊതിവച്ചു പൂട്ടി യകമാമറയ്ക്കകം
(ഉള്ളൂർ — ഉമാകേരളം)

ക്ഷിതിയിലെത്തമസ്സശ്ശേഷം നമ്മുടെ
ഹൃദയമാം ഗുഹയ്ക്കകത്തു കേറിപ്പോയ്
(ഉള്ളൂർ — മലകേറൽ)

പങ്കിലം ഹൃൽക്കന്ദരം മാത്സര്യമോഹഗ്രസ്തം

(ഉള്ളൂർ – ഭക്തിദീപിക)

കൂരിരുൾക്കയമാണ്ട ഹൃദയങ്ങളിൽ ദീന–
ദീനമായ് അനാഥമായ് മണികൾ മുഴങ്ങുന്നു

(ബാലചന്ദ്രൻ ചുള്ളിക്കാട് – ബലി)

പടികൾ തുറന്നു കതകു തുറന്നു
തുറന്നു കരളിന്നുള്ളറകൾ

(പി. കുഞ്ഞിരാമൻ നായർ – വിഷുപ്പക്ഷിയുടെ പാട്ട്)

മരിച്ചവളുടെ കണ്ണുകൾ

ഴ്യൽ സ്യൂപ്പെർവ്യേല്ല് (1884–1960)

JULES SUPERVIELLE

പരേതയാകുമക്കമനിയെ നന്നാ–
യറിയും ഞാനെന്നാലവളോ വേണ്ട പോ–
ലറിഞ്ഞിരുന്നില്ലായവളെത്താ,നിപ്പോൾ
ഗഗനത്തിനുള്ളിലമരുമ്പോഴ മു–
ണ്ടവളിൽത്തങ്ങിടുന്നൊരു നോട്ട,മവൾ–
[1] ക്കവസാദമേകു മവശിഷ്ടനോട്ടം. [2]
അവളുടെ മുത്തുമണികളിലൊന്നു
തിരികെയാഴിയിലണഞ്ഞിടുന്നെന്നും. [3]
　　തിളങ്ങും താരകനിരകൾക്കപ്പുറം
　　തനുവാർമുടി മിനുക്കിടുന്നേരം
　　അടഞ്ഞതോ, അല്ല, തുറന്നതോ തന്റെ
　　മിഴികളെന്നവളറിഞ്ഞിടുന്നില്ല!

LES YEUX DE LA MORTE

കുറിപ്പുകൾ

[1] അവസാദം = തളർച്ച

[2] ഒരു ജഡത്തിന്റെ മിഴികളിൽ പോലു
അടഞ്ഞില്ല കൃഷ്ണമണി തിളങ്ങുന്നു
അതിൽ പ്രതികാരം ജ്വലിക്കുന്നു കത്തി–
പ്പടർന്നിടുമഗ്നിസ്ഫുലിംഗമാകുമോ

(പാപ്പനംകോട്ട് പ്രഭാകരൻ — മനസ്സാക്ഷി ശരശയ്യയിൽ)

[3] പഴതാം മണ്ണിൻ ബന്ധമൊക്കെയുപേക്ഷിച്ച
നിഴലായ് പോയേൻകൂടേ നീണ്ട പാതയിലൂടെ
എങ്കിലുമെട്ടുത്തേൻ ഞാൻ ശുദ്ധമെൻ കന്നിക്കാതൽ–
പെൺകൊടിയാൾതൻ കൊച്ചു മധുരസ്മൃതിമാത്രം.
വെറ്റിലത്തരിപോലെ ഞാനതു നുണയവേ
ചുറ്റിലും മഞ്ഞത്തൊരു മാമ്പൂവിൻ മണം ചിന്നി.
എൻഗതിയനുഭൂതിലാലസാലസമായോ,
'എന്തിതു, ചതിച്ചോ നീ?'–പിന്തിരിഞ്ഞോതി മൃത്യു:

'നിൻകവിൾ തുടുക്കുന്നു, നിന്മിഴി തിളങ്ങുന്നു
നിൻകരൾ മിടിക്കുന്നു, നീ ജീവിച്ചിരിക്കുന്നു!'

(വൈലോപ്പിള്ളി – മരണം കനിഞ്ഞോതി)

സ്വതന്ത്ര്യതേ

പോൾ എല്ല്യയാർ (1895–1952)

PAUL ELUARD

നവീന കവികളിൽ മുൻനിരക്കാരനായ പോൾ എല്ല്യയാർ സ്വാതന്ത്ര്യത്തിന്റെയും മാനവിക പ്രത്യാശയുടേയും ഊർജ്ജ്വസ്വലനായ ഉൽഗാതാവാണ്. സർറിയലിസ്റ്റ് കവിയായിരിക്കേ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്ന അദ്ദേഹം പാർട്ടിക്കുള്ളിൽ ചിന്താസ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിപ്പിണങ്ങി. രണ്ടാം ലോകമഹായുദ്ധകാലത്ത് നാസി ആധിപത്യത്തിനെതിരെ അധീനഫ്രാൻസിലെ ദേശാഭിമാനികൾ സംഘടിപ്പിച്ച അണ്ടർഗ്രൌണ്ട് പ്രതിരോധ (Resistance) പ്രസ്ഥാനത്തിൽ സാഹിത്യവിഭാഗത്തിന്റെ നേതാവായിരുന്നു. സർറിയലിസത്തോടു അദ്ദേഹം വിടപറഞ്ഞെങ്കിലും,സ്വപ്നാത്മകത, കടുത്ത യാഥാർത്ഥ്യങ്ങളെ കൈകാര്യം ചെയ്യുമ്പോഴും, അദ്ദേഹത്തിന്റെ കവിതയെ വിട്ടുപിരിയുന്നില്ല.

[1] എൻ നോട്ടുപുസ്തകത്തിന്മേൽ
ഡെസ്കിന്മേലെ മരങ്ങൾമേൽ
മണലിന്മേലെ മഞ്ഞിന്മേൽ
നിന്റെ പേരെഴുതുന്നു ഞാൻ
വായിച്ച സർവ താളിന്മേൽ
സർവ വെൺതാളുമേലെയും
കല്ലിന്മേൽ ചോരമേൽ പത്ര–
ത്തിന്മേലെ ചാമ്പൽമേലുമേ
നിന്റെ പേരെഴുതുന്നു ഞാൻ
പൊന്നുപൂശിയ ബിംബംമേൽ
സൈനികായുധപംക്തിമേൽ
[2] രാജമൗലികൾതന്മേലെ
നിന്റെ പേരെഴുതുന്നു ഞാൻ.
കൊടുംകാട്ടിൻ മുകളിലും
മരുഭൂമിക്കു മേലെയും
കിളിക്കൂടുകൾ തൻമീതെ
പുഷ്പവല്ലരികൾക്കുമേൽ
എന്റെ കൗമാര കാലത്തിൻ
മുഴങ്ങും മാറ്റൊലിക്കുമേൽ
നിന്റെ പേരെഴുതുന്നു ഞാൻ
നിശീഥിനി നിവർത്തീടും
വിസ്മയങ്ങൾക്കു മേലെയും
പകലിൻ വെള്ളയപ്പംമേൽ

ഋതുകാമിനികൾക്കുമേൽ
നിന്റെ പേരെഴുതുന്നു ഞാൻ
വാനനീലിമകോലുന്നോ–
രെൻ തുണിത്തുണ്ടുകൾക്കുമേൽ
വെയിലത്തും പൂപ്പലേലും
[3] പല്വലത്തിനു മേലെയും
നിറതിങ്കൾ വിളങ്ങീടും
തടാകത്തിനു മീതെയും
നിന്റെ പേരെഴുതുന്നു ഞാൻ
വയലേലകൾ തന്മേലേ
ചക്രവാളമതിന്നുമേൽ
പൈങ്കിളിച്ചിറകിൻ മേലേ
ധാന്യമില്ലിനു മേലെയും
നിന്റെ പേരെഴുതുന്നു ഞാൻ
പുലരിക്കുളിർകാറ്റിന്മേൽ
കടൽമേൽ കപ്പലിന്നുമേൽ
മൗഢ്യം പൂണ്ടുള്ള കുന്നിന്മേൽ
നിന്റെ പേരെഴുതുന്നു ഞാൻ
കാർമേഘപ്പൂപ്പലിൻമീതെ
കൊടുങ്കാറ്റിന്റെ വേർപ്പുമേൽ
ചേലെഴാപ്പേമഴയ്ക്കും മേൽ
നിന്റെ പേരെഴുതുന്നു ഞാൻ
ആകസ്മികാത്ഭുതത്തിന്റെ
കണ്ണാടിപ്പലകയ്ക്കുമേൽ
വിടർചുണ്ടുകൾ തന്മേലും
മൗനത്തിൻ മുകളിങ്കലും
നിന്റെ പേരെഴുതുന്നു ഞാൻ
തകർക്കപ്പെട്ടതാമെന്റെ
[4] സംശ്രയങ്ങൾക്കുമീതെയും
നശിച്ചുപോയതാമെന്റെ
ദീപസ്തംഭങ്ങൾമേലെയും
മാമകീന വിഷാദത്തിൻ
നെടും ഭിത്തികൾമേലെയും
നിന്റെ പേരെഴുതുന്നു ഞാൻ
ആശയ്ക്കു വകയില്ലാത്തോ–
രഭാവത്തിനുമീതെയും
കേവലം നഗ്നമായുള്ളോ–
രേകാന്തത്തിനു മീതെയും
മരണപ്പടികൾക്കുംമേൽ
നിന്റെ പേരെഴുതുന്നു ഞാൻ
പ്രത്യാഗതമാമാരോഗ്യ–
ത്തിന്മേൽ മാഞ്ഞ വിപത്തുമേൽ
ഓർമ്മിക്കാനൊന്നുമില്ലാത്ത

സുപ്രതീക്ഷയ്ക്കു മീതെയും
നിന്റെ പേരെഴുതുന്നു ഞാൻ
ഒരൊറ്റ വാക്കിൻ വീര്യാൽ ഞാൻ
വാഴ്വ് വീണ്ടും തുടങ്ങയാം
പിറന്നേനറിയാൻ നിന്നെ
നിന്റെ പേരുവിളിക്കുവാൻ
സ്വതന്ത്രതേ.

കുറിപ്പുകൾ

[1] എല്വ്യൂയാറിന്റെ പ്രസിദ്ധമായ 'പ്രതിരോധ' കവിതകളിലൊന്നാണിത്. എവിടെയെല്ലാമാണ് അദ്ദേഹം സ്വാതന്ത്ര്യത്തിന്റെ പേരെഴുതുന്നത്! നമ്മുടെ കവികൾ കവിതയും സംഗീതവും ഈശ്വരസാന്നിദ്ധ്യവുമൊക്കെ കാണുന്ന ഇടങ്ങളുമായുള്ള സാദൃശ്യം കാണുക.

മാനംചേർന്ന ഭടന്റെ മിന്നൽചിതറും
കൈവാളിളക്കത്തിലും
മാനഞ്ചും മിഴിതൻ മനോരമണനിൽ
ചായുന്ന കൺകോണിലും
സാനന്ദം കളിയാടിടുന്ന ശിശുവിൻ
തുവേർപ്പണിപ്പൂങ്കവിൾ
സ്ഥാനത്തും നിഴലിച്ചുകാണ്മു കവിതേ
നിൻ മഞ്ജുരൂപത്തെ ഞാൻ

(വള്ളത്തോൾ — കവിത)

ഓമൽപ്പൂവിശദനിലാവിലും തമാല–
ശ്രീമങ്ങും കൊടിയൊരു കൂരിരുട്ടിലും നീ
തുമന്ദസ്മിത രുചിയൊന്നുപോലെ തൂവും
സാമർത്ഥ്യം സുകൃതികൾ കാണ്മു തമ്പുരാട്ടി
ചാരത്തജ്ജനനി മരിച്ചു ചിത്തതാപം
തീരാതുണ്ണികളുടെ കണ്ണുനീർക്കുളത്തിൽ
നീരാട്ടും ചിലപൊഴുതംബ നീ ചിലപ്പോൾ
പോരാളിപ്പുരിഷ ചൊരിഞ്ഞ ചോരയാറ്റിൽ

(ആശാൻ — കാവ്യകല)

പേർത്തുമാഗ്രഹമെങ്ങു കവിതേ നീ
പാർത്തുപോരും സ്ഥലമൊന്നറിയുവാൻ
വിണ്ണിൻ വെണ്മ പകർത്തിയെടുക്കുമാ
വെണ്ണിലാവിൽ, തുളുമ്പുമോളത്തിലോ
അമ്പിളിക്കലമന്ദം തുറക്കുമൊ–
രാമ്പലിൻ കൊച്ചുവെള്ളിയളുക്കിലോ
അക്ഷയമാം പരിമളം തൂകുന്ന
നക്ഷത്രത്തിന്റെ നൽപ്പിഞ്ചിതളിലോ

മന്ദഹാസം പൊഴിഞ്ഞുനില്ക്കുന്നതാം
മഞ്ഞുതുള്ളിതൻ മഞ്ജുഭാവത്തിലോ
മൺചുമരും പിടിച്ചു പിടിച്ചൊട്ടു
പിച്ചവെയ്ക്കുമുഷസ്സിൻ കാൽവെപ്പിലോ
യൗവനാസവം മോന്തിയപൊൽപ്പനീർ
പ്പൂവുതന്റെ തുടും കപോലത്തിലോ
പച്ചതേച്ചതു മുദ്രയോ കാട്ടുമാ
പ്പർവതത്തിന്റെ നിഷ്പന്ദനില്പിലോ
പാടിപ്പാടിത്തളർന്നുറങ്ങീടുന്ന
വാടിതൻ മണമേന്തുന്ന വീർപ്പിലോ
നൽസുഖാഞ്ജനം കണ്ണിലെഴുതുമാ
വിണ്ടലത്തിൻ വിദൂരനോട്ടത്തിലോ
പാരിതിൽ ഗൃഹഭാരത്തിൽ വ്യഗ്രമാം
മാരുതന്റെ ചുടുനെടുവീർപ്പിലോ
വെണ്ണിലാവിൽക്കുളിക്കും രജനിയാ–
മപ്സരസ്സിന്നഴകൊലിയിങ്കലോ
പാവമാം കല്ലുവെട്ടുകാരന്നെഴും
ജീവിതത്തിന്റെ പുല്ലുമാടത്തിലോ

(പി. കുഞ്ഞിരാമൻ നായർ – പ്രതിദ്ധ്വനി)

അടുത്തുവരമക്കാല–
വർഷത്തിൻ പ്രേമലേഖനം
വായിച്ചുകൊണ്ടു നാൾപോക്കും
വയലിൻ വിണ്ടഹൃത്തിലും
മണിനാഗം പടംപൊക്കി–
യാടും നീലാചലത്തിലും
കടലിൻവീട്ടു തേടിപ്പോം
പുഴതൻ പുളിനത്തിലും
തെന്നൽനൃത്തം പഠിപ്പിക്കു–
മുങ്ങിന്റെ കുളുർചില്ലയിൽ
ഒറ്റയ്ക്കിരുന്നു കുറുകും
പിറാവിൻ ശോകവായ്പിലും
കൈതക്കാട്ടിൽക്കേറിനുണ–
വരുമൂഷ്മള വീർപ്പിലും
കന്നാലിയൊത്താലപൂകും
കുഴലിന്റെ മിടിപ്പിലും
കാട്ടുവാകപ്പൂമയങ്ങി–
ക്കിടക്കും വഴിവക്കിലും
തകർന്ന തന്ത്രി മീട്ടുന്നി–
തേതോ വിരഹവേദന

(പി. കുഞ്ഞിരാമൻ നായർ — പൂമൊട്ടിന്റെ കണി)

കുളിർവായുവിൽ സൂരസപ്രകാശത്തിൽച്ചോല–
ത്തെളിവാരിയിൽ ചൈത്രപ്പൂക്കളിൽ കനികളിൽ
കൂവിടും കിളികൾതൻ കണ്ഠത്തിൽ തമ്മിൽസ്സ്നേഹം
താവിടും മനുഷ്യർതൻ നെഞ്ചിലെ മിടിപ്പിലും
ഈശ്വരപദാംബുജത്തിങ്കലും വഴിയുന്ന
ശാശ്വതാമൃതം സമാഹരിച്ച പലേമട്ടിൽ
ആ മുരളിയിലൂടെ പകരൂ മനസ്സിന്റെ–
യാമയം നീങ്ങി സ്വസ്ഥരാകട്ടെ ശരീരികൾ

(വൈലോപ്പിള്ളി — കത്തിയും മുരളിയും)

ഭരദൈവത്തിൻമുമ്പിൽക്കത്തിച്ച തിരിയിലും
അരുമക്കിടാവിന്റെ തൊട്ടിലിൻ പഴുതിലും
ഞങ്ങൾതൻ പ്രണയത്തിൻ സ്ഫടികത്തിലും കൺചേർ–
ത്തങ്ങിനെ കാത്തീടുമാ ഗൃഹദേവതമാർകൾ

(വൈലോപ്പിള്ളി — ലില്ലിപ്പൂക്കൾ)

മുതിരും കച്ചോടത്തിൽ മിന്നിടും കണ്ണിൽ പുരോ–
ഹിതമോന്തയി, ലുദ്യോഗസ്ഥന്റെ നടത്തത്തിൽ
അലയും നേതാവിന്റെ പരുക്കൻടുപ്പിലെ–
ന്നരികിൽ സേവയ്ക്കെത്തും കൊച്ചന്റെയരിപ്പല്ലിൽ
തന്വിതൻ പിന്നിൽപ്പിന്നിയിട്ടൊരു വാലിൽ, പിന്നെ–
യെന്നിഷ്ടസുഹൃത്താകും കവിതൻ കണ്ഠത്തിലും
നേരിടാറില്ലേ ഞാൻ നിങ്ങളെയെന്നില്ല, മുണ്ടീ–
യോരിയിലാ വാഴ്ത്താരി കൊഞ്ചലും കവിതയും

(വൈലോപ്പിള്ളി — കുറുക്കന്മാർ)

ആരും കണ്ടുന ചേർക്കിലാശ്രു കുനിയു–
ന്നക്കണ്ഠനാളത്തിലും
തോരും വാരിതൾകുന്തളച്ചുരുൾകളിൽ
ത്തത്തും വിരൽത്തുമ്പിലും
വാരുംമട്ടിലെടുത്തു കുഞ്ഞിനെ മുദാ
ചുംബിച്ചിടും ചുണ്ടിലും
ചേരും പെൺകൊടിതന്നവാച്യ കവിതാ
ശൈലിയ്ക്കു കൈകൂപ്പുവിൻ

(നാലപ്പാടൻ — മുക്തങ്ങൾ)

ധീരമാം ഭവദ്രൂപം കാണുന്നു ഞാനിക്കൊച്ചു
നീരലതോറും താപം നിന്നെത്താൻ സ്മരിപ്പിപ്പൂ
വാപിതൻ വിതുമ്പുന്ന ചുണ്ടിലും ചിരിക്കുന്ന
വാരിജങ്ങൾതൻ തുടുപ്പേറിടും കവിളിലും

(ജി. — പങ്കജഗീതം)

കേട്ടു ഞാൻ താഴ്ന്നവരും നിൻചിറകടി
കാറ്റിൻ ചലനത്തിൻ, വണ്ടിന്റെ മൂളലിൽ
തീരം തളിർപ്പിച്ചൊഴുകി നീങ്ങും നിള–
യാറിന്റെ രാമനാമാലാപനങ്ങളിൽ,
മുന്നിലെത്തോട്ടത്തിൽ നാർതേവുമൊച്ചയിൽ
മുറ്റം മുഴക്കുന്ന ചക്കിൻ കറങ്ങലിൽ

(ബാലാമണിയമ്മ — തുഞ്ചനും കിളിയും)

[2] മൗലി = കിരീടം

[3] പല്വലം = ചെറിയകുളം

[4] സംശ്രയം = അഭയസ്ഥാനം

പാതവക്കിലെ പെണ്ണ്

പോൾ എല്യൂയാർ (1895–1952)

PAUL ELUARD

[ജർമ്മൻകാരുമായി വൈകാരികബന്ധം പുലർത്തിയ യുവതികളെ, ഫ്രാൻസ് സ്വതന്ത്രമായപ്പോൾ, ഫ്രെഞ്ച് ദേശാഭിമാനികൾ തിരഞ്ഞുപിടിച്ച് പൊതുസ്ഥലങ്ങളിൽവെച്ച് കഠിനമായി പീഡിപ്പിച്ചിരുന്നു. പ്രതിരോധനേതാവായ എല്യൂയാർ ഈ പൈശാചിക നടപടിയെ പരസ്യമായെതിർത്തു. ‘ഈ പെൺകുട്ടികൾ ഫ്രാൻസിനെ വിറ്റിട്ടി’ല്ലെന്നു അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ എഴുതപ്പെട്ട കവിതയാണിത്.]

സംഗതിയിതിൻ സത്യമോരുവാൻ
സന്മനസ്സൊന്നേ വേണ്ടുള്ളൂ
പാതമേലീ നിർഭാഗ്യയെൻ മന–
സ്സാക്ഷിയെക്കുത്തി നോവിപ്പൂ
വസ്ത്രമൊട്ടുക്കു കീറപ്പെട്ടവൾ
നാശബോധത്തിലാണ്ടവൾ
കേശമാകവേ കത്രിക്കപ്പെട്ടോൾ
രൂപവൈകൃതമേറ്റവൾ
പ്രേമിക്കപ്പെട്ട കാരണത്താലേ
മൃത്യുകൈവരിച്ചോരുടെ
കൂട്ടത്തിൽ പെടുത്താവുന്നോളതേ
ചത്തുജീവിക്കും പെണ്ണിവൾ
പൂങ്കുലക്കായ് പിറവികൊണ്ടവൾ
കൂരിരുട്ടിന്റെ ശക്തികൾ
കാർക്കിച്ച കെട്ടുതുപ്പലിൽ മുങ്ങി
ആർത്തയായഭിശപ്തയായ്
ആർദ്രഭാവങ്ങളോടെ വാസന്ത–
പ്പൊന്നുഷസന്ധ്യപോലവേ [1]
ആരും പ്രേമിച്ചുപോയിടുന്നൊരു
പേലവാംഗിയാണന്നിവൾ
[2] ഹാ പിഴപ്പിയ്ക്കപ്പെട്ടിവളതിൻ
കാരണമറിയാത്തതാർ
[3] സൗന്ദര്യത്തെ വിലയ്ക്കുവാങ്ങുവോർ
തയ്യലാളെ വലച്ചുതേ
പാരിതിൽ പെണ്ണിൻ വേദനയുടെ
പാരമ്യചിത്രമാണിത്

പെൺപിറന്നോളാമോരോ മാതാവും
താരാട്ടീടേണ്ടും നോവിത്.

COMPRENNE QUI VOUDRA

കുറിപ്പുകൾ

[1] ബന്ധുരാംഗരുചിതൂവിനിന്നുഷ–
സ്സന്ധ്യപോലെയൊരു പാവനാംഗിയാൾ
(ആശാൻ — നളിനി)

സ്നേഹം തുളുമ്പും മനസ്സുമായ് വന്നെന്റെ
ഗേഹത്തിലേക്കന്നുഷസ്സന്ധ്യപോലെ നീ
(ചങ്ങമ്പുഴ — രാഗപരാഗം)

രാജപാതയിൽ പൊന്നുഷസ്സുപോൽ
രാജിച്ചീടിനാൾ ബാലിക
(ചങ്ങമ്പുഴ — ആ പൂമാല)

ജീവിതത്തിൽ നീയുഷസ്സേ
തൂവെളിച്ചം തൂവിവന്നു
(ചങ്ങമ്പുഴ — നർത്തകി)

ചെന്നു പ്രേമസന്ദേശവുമായി
പൊന്നുഷസ്സന്ധ്യപോലവൾ
(പി. കുഞ്ഞിരാമൻ നായർ — പ്രേമപൗർണ്ണമി)

[2] പാറപ്പുറത്തൊരു ചന്തമേറും പനി–
നീരലരുണ്ടായിതെങ്ങിനെയോ
വാരുറ്റ തൂമണം വ്യാപിക്കുമാറത്
താരുണ്യലക്ഷ്മി ചേർന്നുല്ലസിക്കേ
സ്വർത്ഥൈക തല്പരന്മാരവർ കാമത്തിൻ
പൂർത്തിക്കാപ്പുഷ്പത്തെച്ചേറ്റിൽ വീഴ്ത്തി
തേവിടിപ്പെണ്ണാക്കിത്തീർത്താരവരൊരു
പാവമാം കൊച്ചുസഹോദരിയെ
(വള്ളത്തോൾ — മഗ്ദലനമറിയം)

പലരും കൂടിക്കൊണ്ടൊരു കിശോരിതൻ–
നിലയഴിക്കുന്നു നെറികെടുക്കുന്നു
ഒടുക്കമാവധു കഴുവിലേറുന്നു
മിടുക്കർ മറ്റുള്ളോരൊഴിഞ്ഞുമാറുന്നു
(ഉള്ളൂർ — ദയയുടെ ജയം)

അമ്മലർക്കാലമാം ബാല്യം കഴിഞ്ഞവ–
ളമ്മയല്ലാതുള്ളൊരമ്മയായ്ത്തീർന്നുപോയ്.
പാഴ്വിടന്മാർക്കു പണയമായ്ത്തീർന്നൊരു

തേവിടിപ്പെണ്ണായ് പൊറുക്കുകയാണവൾ.
കാലണയ്ക്കായിപ്പഥികനിൽ സുപ്തനാം
കാമനെക്കണ്ണാൽക്കുലുക്കി വിളിക്കുവോൾ
തൻതനുമാംസത്തെ വില്ക്കുവാൻ വെച്ചുമൂ–
വന്തിയിൽക്കാത്തു പടിക്കൽ പരുങ്ങുമ്പോൾ
ഈവകക്കാരിലൊരുത്തിയായ്ത്തീർന്നുപോയ്
പാവമാമെന്നുടെ കൊച്ചുസഹോദരി

(വൈലോപ്പിള്ളി — അന്നും ഇന്നും)

പ്രണയബദ്ധരായ്ത്തീർന്നതാണിപ്പൊഴും
നിയതിയെന്നിൽച്ചുമത്തുന്ന സാഹസം.
ഒരു സമാധാനമായതിനേകുവാ–
നൊരുതരത്തിലും ശക്തയല്ലിന്നു ഞാൻ
തരളയാമൊരു താരുണ്യവല്ലിതൻ
കപടമെന്തെന്നറിയാത്ത മാനസം
മധുരരാഗവചസ്സാൽ വശീകരി–
ച്ചിരുളിലേയ്ക്കടിച്ചാഴ്ത്തിയശേഷവും
നയവിശാരദനെന്നഭിമാനത്താൽ
സ്വയമഹങ്കരിക്കുന്നു ഹാ പുരുഷൻ

(ചങ്ങമ്പുഴ — മദലനമറിയം)

[3] സ്വർഗ്ഗകർത്താവിവൾക്കാവോളമേകിനാൻ
സ്വർഗ്ഗലോകത്തിലെ സ്സൗന്ദര്യത്തെ
എന്നാലസ്സൽഗുണം തന്നെയിത്തന്വിയെ
ദുർന്നരകത്തിൽ തള്ളിയിട്ടു

സുപ്രതീക്ഷ

പോൽ എല്യുയാർ (1895–1952)

PAUL ELUARD

മറവെഴാതെ ഞാൻ പറഞ്ഞുകൊള്ളട്ടെ
മദീയ ജീവിതസ്ഥിതി മുഴുവനും.
[1] സ്വകീയമാണെന്നു പറയാനൊന്നുമി–
ല്ലപഹൃതമെന്റെ മുതലുകളെല്ലാം.
നടുവളഞ്ഞുള്ളോരടിമയെപ്പോലേ
നടപ്പു ഞാനെന്റെ വഴികളിലൂടേ, [2]
മരണംവന്നെന്നെപ്പുണരുവോളമീ
നടത്തുടരുവാൻ വിധിക്കപ്പെട്ടവൻ.
വിടാതെ കണ്ടുതാൻ വഹിപ്പു ഞാനെന്റെ
പരിവേദനത്തിൻ പെരിയമാറാപ്പ്; [3]
വിരാമമറ്റതെൻ വിയർപ്പും കണ്ണീരും
പരം കഠിനമെൻ പണിപ്പാടൊക്കെയും. [4]
പ്രബല ലോകത്തിൻ മിഴിയിൽ കേവല–
മനുകമ്പ്യ,നല്ലാ,യപഹാസ്യനീ ഞാൻ.
കുടിയ്ക്കുവാൻ തിന്നാനപരരെപ്പോലേ
കൊതിയ്ക്കുവോൻതന്നെയിവനുമെന്നാളും,
സുഖകരോഷ്മാവിലൊരു മൃഗത്തെപ്പോൽ
നെടുനിദ്രകൊള്ളാൻ പുരുമോഹം പൂണ്ടോൻ.
ഉറങ്ങുവതെന്നാലൊരുലേശംമാത്രം,
ഒരിക്കലുമില്ലെൻ മനസ്സിനുത്സവം;
ഒരു വരാംഗിയെത്തഴുകിടാനുമി–
ല്ലവസരമെനിക്കൊരുനാളും തന്നെ.
പരമശൂന്യമെൻ ഹൃദയമെങ്കിലും
മിടിച്ചിടുന്നതു മുടക്കമെന്നിയേ,
കടുത്ത വേദന ഞെരുക്കും പോതിലും
തുനിയുന്നില്ല പിന്തിരിഞ്ഞുപോകുവാൻ.
അവശതയിലും മദീയ സ്വാച്ഛന്ദ്യ–
ത്തിമിർപ്പിൽ ഞാൻ പൊട്ടിച്ചിരിച്ചേന്നുവരാം;
നിലീനമെന്നിലെപ്പുലർവെളിച്ചമെൻ
സമാനർ തന്നുടെ തമസ്സകറ്റിടാം,
അതീവ സൂക്ഷ്മമായ് സുരക്ഷകമാമീ–
പ്രകാശമേറ്റവർ വികാസമാർന്നിടാം.
നെറിവറ്റു ബുദ്ധിപരിമിതി പൂണ്ടു

കഴിവാനിച്ഛിപ്പോർ കനിവുകാട്ടായ്ക!
[5] വരുമൊരുദിനം നവീനമാമൊരു
സജീവമന്ദിരം പണിതിടുന്നോരി–
ലൊരുവൻ ഞാനാകും ദിനം, മഹിതമാ–
പ്പെരും സമൂഹത്തിൽ സഖാവ് മാനവൻ.

LA PUISSANCE DE L'ESPOIR

കുറിപ്പുകൾ

[1] കരുമനകളല്ലാതെവേറിട്ടെനി–
ക്കൊരുമുതലുമില്ലെന്നു മുൻകൂട്ടി ഞാൻ
തിരുമനസ്സറിയിക്കുന്നു ദീനത
തിരയടിച്ചു തകർന്നിടും ഹൃത്തൊടേ

(കെ. കെ. രാജാ — മരണത്തിനോട്)

[2] പാതയിലൂടെ പഥികൻ ഞാനേകനെൻ
ഭാരവും പേറി നടന്നിടുന്നു

(സുഗതകുമാരി — പഴയൊരു കഥ)

[3] ഏറെ നീണ്ടതിപ്പാതയിലൂടാത്താരകതൻ ചിരിതേടും
പഥികന്റെ തോളിലിന്നും ജീവിതഭാരം

(സുഗതകുമാരി — പാവം മാനവഹൃദയം)

[4] പറയൂ മനസ്സേ നിനക്കെന്തു തന്നതീ
വഴികളും യാത്രയും?–ച്ചുമടും തളർച്ചയും മാത്രം

(നെല്ലിക്കൽ മുരളീധരൻ — ഗംഗ)

[5] കണ്ണുകൾ മൂടിക്കെട്ടും പാഴ്നല തുടച്ചെന്റെ
കണ്ണുനീർ തുളുമ്പവേ ഞാനുമൊന്നെഴന്നേല്ക്കും?
നിന്നെ വിശ്വസിപ്പു ഞാൻ മരിച്ചു മരവിച്ച
മഞ്ഞടുക്കുകൾ പൊട്ടിയുരുകിത്തുള്ളിപ്പായും.
നിന്നെ വിശ്വസിച്ചു ഞാൻ നിത്യമാം പ്രഹർഷത്തിൻ
കിങ്ങിണികെട്ടി പ്പൂത്തൻ ജീവിതം നൃത്തം വെയ്ക്കും

(സുഗതകുമാരി — ആശ)

ഇല്ലിനിദ്ദരിദ്രതയി പ്രഭാതത്തിൻ പൊന്നിൽ
പുല്ലിനും മരത്തിനും തുല്യമാണവകാശം.
ഇല്ലിനിയസമത തളിർക്കാം കുരുക്കത്തി–
മുല്ലയ്ക്കും വാനം പില്കും മുകിലിൻ പടർപ്പിന്നും.
ശുദ്ധമാം കുളിർക്കാറ്റും സ്വച്ഛമാം വഎളിച്ചവും
സിദ്ധമിച്ഛപോലാർക്കു; മാർക്കുവിനാഹ്ലാദിപ്പിൻ

(ജി. — നാളെ)

മനുജനീതി

പോൽ എല്യുയാർ (1895–1952)

PAUL ELUARD

ചുടുനിയമത്തിൽ മാനവർ നിർമ്മിപ്പൂ
മധുരമുന്തിരികൊണ്ടു മദിരയെ [1]
കരികൾകൊണ്ടാളിക്കത്തിടുമഗ്നിയെ
[2] മദിരചുംബനം കൊണ്ടു മനുഷ്യനെ [3]
കടുനിയമത്തിൻ പോരും ദുരിതവും
മൃതിവിപത്തുമുണ്ടായിട്ടും മാനവർ
അഖിലവൈപരീത്യത്തേയും വെന്നുകൊ–
ണ്ടവികലം പുലർത്തുന്നു തന്നസ്തിത്വം [4]
നറുനിയമത്തിൽ മാനവർ മാറ്റുന്നു
[5] കുളിർജലത്തിനെ വൈദ്യുതശക്തിയായ്
[6] കനവിനെ ത്തികവുറ്റ യാഥാർത്ഥ്യമായ്
[7] അരികളെ യാത്മസോദരന്മാരായും
പഴയതാണിന്നിയമമെന്നാകിലും
പുതുമ പൂണ്ടുതാൻ വർത്തിച്ചിടുന്നിത്
ചെറികിടാവിൻ ഹൃദന്തം മുതൽക്കങ്ങ്
പരമയുക്തിതൻ പര്യന്തത്തോളവും
പിഴവു താൻതാൻ തിരുത്തിച്ചലിക്കുന്ന
മനുജനീതി യിതൊന്നുമഭംഗുരം.

BONNE JUSTICE

കുറിപ്പുകൾ

[1] മദിര = മദ്യം

[2] മദിര = മദകരമായ

[3] ഉണ്ടായി പണ്ടുലോകം കടുചടുലമഹാതാഡനം തന്നിൽ നിന്നും
… … … … …
ഉൾത്താപംതന്നെയെന്നാം പ്രകൃതിയുടെ മഹാപ്രാണനും പ്രാണനായി
(ഡി. വിനയചന്ദ്രൻ — പ്രളയമാർക്കാണ്ഡേയം)

[4] പാഴരണ്യത്തിൽ പതിക്കട്ടെ പാദങ്ങൾ
പാഷാണംകൊണ്ടു മുറിഞ്ഞിടട്ടെ
കുന്നുംകുഴിയും നിറയട്ടെ മദ്ധ്യത്തിൽ

വന്യമൃഗങ്ങളലറിടട്ടെ
അന്തഃകരണം തിരിച്ചുവിടും വഴി–
യന്തരമെന്നിയേ നാം തുടർന്നാൽ
എത്തും ചെന്നെത്തേണ്ടദിക്കിൽ നവമായോ–
രുത്തമ ഘണ്ടാപഥവുമുണ്ടാം

(ഉള്ളൂർ — ഉൽബോധനം)

[5] ഗംഗേ ഭഗവതീ പർവ്വതരാജന്റെ
തുംഗം ഹിമശ്വേതമങ്കം വെടിഞ്ഞു നീ
ആർദ്രയായ്നീയേ രചിച്ചൊരാര്യാവർത്ത–
മത്രയും ജീവിതംകൊണ്ടു നിറയ്ക്കുവാൻ
ജന്തുസസ്യങ്ങളിൽ രക്തരസങ്ങളായ്
യന്ത്രങ്ങളിൽ വൈദ്യുതോർജ്ജിതാവേശമായ്
അഗ്നിയായ്ത്താപമായ്, കാറ്റായ്ക്കുളുർമ്മയായ്
ചക്രം കറങ്ങും കറക്കമായ്, വെട്ടമായ് ......

(എൻ. വി. കൃഷ്ണവാരിയർ — ത്രിപഥഗ)

[6] സ്വപ്നമോ രാക്കിനാവുകളല്ലീ
സുപ്രഭാതത്തിൻ പൂവുകളെല്ലാം?
ഉജ്ജ്വലനിമേഷത്തിലെ ഹൃത്തിൻ
ദർശനങ്ങളെക്കൈപകർത്തീടിൽ
ശുദ്ധമാക്കിടാമൂഴിയെയൊറ്റ–
ശ്ശുഭ്രപുഷ്പത്തിൻ നീഹാരനീരാൽ,
പാരിൽവെട്ടം വിതച്ചിടാമേക–
താരകത്തിൽ നിന്നേന്തിയ തീയാൽ

(വൈലോപ്പിള്ളി — കടിയൊഴിക്കൽ)

[7] സ്നേഹിക്ക ഉണ്ണി നീ നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും

(ആശാൻ — വിചിത്രവിജയം)

കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകെക്ക എന്നും അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ.

(ബൈബിൾ — മത്തായി 6:43)

കൈകൾ

ലൂയി അറാഗോൻ (1897–1982)

LOUIS ARAGON

സർറിയലിസത്തിന്റെ പ്രചാരകനായി രംഗപ്രവേശം ചെയ്ത ലൂയി അറാഗോൻ കമ്യൂണിസ്റ്റായതോടെ സോഷ്യലിസ്റ്റ് റിയലിസ്റ്റായി. പ്രാഗ് വസന്തത്തെ സോവിയറ്റ് യൂനിയൻ അടിച്ചമർത്തിയതിൽ പ്രതിഷേധിച്ച് കമ്യൂണിസത്തോടു വിടപറഞ്ഞതിൽ പിന്നെ ശ്രദ്ധലിറിക്ക് കവിയായി മാറി. പ്രതിരോധ പ്രസ്ഥാനത്തിനു ആവേശം പകർന്നെഴുതിയ കവിതകളിലൂടെയാണ് കൂടുതൽ പ്രശസ്തനായത്.

നോക്കി ഞാനെന്റെ കൈ രണ്ടും
ചോദിച്ചെന്നോടുതന്നെയായ്
ഇക്കൈകൾ എന്റെയിക്കൈകൾ
കൊന്നുവോ വല്ലവാറുമേ
അങ്ങു കാണുന്നൊരെൻ കൈകൾ
ഹനിച്ചോ ആരെയെങ്കിലും
ഇങ്ങു കാണുന്നൊരെൻ കൈകൾ
എങ്ങാനും ഹതി ചെയ്തുവോ [1]
ചോദിച്ചെന്നോടു തന്നെ ഞാൻ
ചെയ്തിട്ടില്ലേയൊരിക്കലും
കഴിയുന്നില്ല ചൊന്നിടാ–
നുത്തരം സത്യസന്ധമായ്. [2]

LE CRIME PARFAIT

കുറിപ്പുകൾ

[1] കരവതവനറിഞ്ഞു നോക്കുമേ നിൻ–
കരമിതു ചോരയണിഞ്ഞ കത്തിയോടും
(ആശാൻ — പ്രാണിദയ)

ശ്രീലരാം പുരുഷർക്കെത്രപേർക്കെൻ കയ്യാൽ
ശീലാംശുകാക്ഷേപമാചരിച്ചേൻ
(ഉള്ളൂർ — പിംഗള)

പാപകർമ്മത്താൽ പരുത്തകയ്യെമ്മട്ടി–
പ്പാവനപ്പൂവുടലാശ്ലേഷിക്കും?
(ബാലാമണിയമ്മ — അമ്മ)

രണ്ടല്ല, നാലല്ല, നാനൂറ കൈയുക–
ളുണ്ടെനിക്കുഗ്രനഖങ്ങളുമായ്
… … … … …
ഓടക്കുഴലൊരു കയ്യിൽ, കൊട്ടും തല–
യോടു മറ്റൊന്നി, ലൊന്നിൽ കഠാരം
വേറൊന്നിൽ മദ്യചഷകം, സ്ഫുലിംഗങ്ങൾ
പാറും ഗരളമൊരുകരത്തിൽ
രക്തമിറ്റിറ്റു വീഴും കുടർമാലകൾ
തത്തിക്കളിക്കുന്ന ഹസ്തമേകം

(ചങ്ങമ്പുഴ — പാടുന്ന പിശാച്)

[2] സത്യമോർക്കുകിൽ സംസാര യാത്രയിൽ പാപത്തിൻ കഴൽ
കത്തിടാതെ നടന്നവർ കാണുകില്ലെടോ

(ആശാൻ — കരുണ)

കരളുപറിക്കാൻ കൊക്കു പിളർന്നൊരു
കഴുകനണഞ്ഞെൻ തോളിലിരുന്നു
കൈകളെടുത്തു തടുക്കാൻ നോക്കേ
കൊക്കുകൾ കൊത്തി മുറിച്ചെൻ വിരലുകൾ.
ചോര ചിരിച്ചു, ചുകന്ന മുറിപ്പാടെന്നെച്ചൂണ്ടി:
'നീ, നീ, നീയാണെല്ലാമെല്ലാം നിന്നുടെ കർമ്മഫലങ്ങൾ

(കടമ്മനിട്ട — പുരുഷസൂക്തം)

മറക്കാതിരിക്കാൻ

ലൂയി അറാഗോൻ (1897–1982)

LOUIS ARAGON

പ്രതിരോധ പ്രസ്ഥാനത്തിൽ പങ്കെടുത്തതിനു ഫ്രാൻസിൽ താമസക്കാരായ 23 വിദേശികളെ 1944 ഫിബ്രുവരി ഒടുവിൽ ജർമ്മൻകാർ കൂട്ടക്കൊല ചെയ്യുകയും അവരുടെ പടങ്ങളടങ്ങിയ ചുവപ്പ് പോസ്റ്ററുകൾ ഫ്രഞ്ചുകാർക്ക ഒരു താക്കീതെന്നോണം അധീന ഫ്രാൻസിലെങ്ങും ഒട്ടിക്കുകയുമുണ്ടായി. 'ചുകപ്പ് പോസ്റ്റർ' (L' Affiche Rouge) എന്ന പേരിൽ ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള ഈ ദാരുണ സംഭവത്തെ അനുസ്മരിച്ച് അറാഗോൻ 1955-ൽ എഴുതിയ കവിതയാണിത്.

തേടിയതില്ലാ നിങ്ങൾ
മാനവും മിഴിനീരും [1]
ആസന്നമരണർക്കു–
ള്ളന്ത്യകൃദാശതാനും
ശത്രുവെ വീഴ്ത്താനുള്ള
ശാസ്ത്രതന്ത്രത്തിൽ മാത്രം
ദത്താവധാനർ നിങ്ങ–
ളന്നോരോ നിമേഷവും
സാദ്ധ്യമാവുകയില്ലാ
മൃത്യുവിന്നൊരു നാളും
അസ്ത്രവീര്യരാക്കീടാൻ
[2] 'പർത്തിസാൻ' വീരന്മാരെ
വർഷങ്ങൾ പതിനൊന്നു
കടന്നുപോയീ പാർത്താൽ
വർഷങ്ങൾ പതിനൊന്നും
എത്രവേഗത്തിൽപോയി [3]
ഇരുണ്ടും കോലംകെട്ടും
ഭീഷണമായോരസ്സ–
ന്നഗരച്ചുമർകളിൽ
നിങ്ങൾ തൻചിത്രം കാണായ്
പുറമേനിന്നും വന്നോ–
രെന്നുള്ള ഞായത്തിന്മേൽ
ഒരു വേർതിരിവിന്നും
നിങ്ങൾ ഹാ വിധേയരായ്
ഭയസന്ദേശം നാട്ടാർ–
ക്കേകുവാനൊട്ടിച്ച ചെ–

നടങ്ങൾ ചുമർകളിൽ
ചോരപ്പാടായിത്തങ്ങി
സ്വേച്ഛയാ ഫ്രാൻസിൻ മക്ക–
ളായവർ നിങ്ങൾ പക്ഷെ
പാർത്തതായ്യോന്നീലാരും
നിങ്ങളെ പ്രത്യക്ഷത്തിൽ
നിങ്ങളെക്കാണാനുള്ള
കണ്ണുകളില്ലാതെയാം
പോയതു പൊതുജനം
പകലെന്നിരിക്കിലും
വെളിച്ചമണച്ചിട്ടു
സർവരും വീട്ടിനുള്ളിൽ
മുളയാൻ നിർബദ്ധരാം
ആത്തമോയാമങ്ങളിൽ [4]
നെറികേടുകൾ നീക്കാൻ
നീങ്ങുന്ന വിരലുകൾ
കുറിച്ചു ചിത്രച്ചോട്ടിൽ ഫ്രാൻസിന്നായ് മരിച്ചവർ
ഇക്കുറിമാനത്താലേ
വ്യത്യസ്ത ഭാവം പൂണ്ടു
ദുഃഖപൂരിതമായോ–
രന്നത്തെ പ്രഭാതങ്ങൾ
ഉറമഞ്ഞിനാലേക
നിറമായ് പരംമൂകം
ഉലകം ഭവാന്മാർ തൻ–
മൃതിയ്ക്കു സാക്ഷിപ്പെട്ടു
[5] നിങ്ങളിലൊരാളതി
ശാന്തമായന്നേരത്താ–
ണിങ്ങിനെ മൊഴിഞ്ഞതു
സ്വസ്തി സർവർക്കും സ്വസ്തി
ഞങ്ങളെയതിജീവി–
ച്ചീടുവോർക്കെല്ലാം സ്വസ്തി
വിദ്വേഷം ജർമ്മൻകാരോ–
ടില്ലാതെ മരിപ്പു ഞാൻ
വേദനേ വിട ഹർഷോ–
ന്മാദമേ വിട റോസാ–
പ്പൂക്കളേ വെളിച്ചമേ
തെന്നലേ വാഴ്വേ വിട [6]
നീ പുനർവിവാഹിത–
യാകണം 'മെലീനേ' [7] നീ
വാഴണം സന്തുഷ്ടയാ–
യെന്നെയോർമ്മിച്ചാൽ പോരും [8]
നാളുകൾകുറേച്ചെന്നാൽ
കാര്യങ്ങൾ 'എറിവാ'നിൽ [9]

നേരെയാം സുഖാവഹ–
നാളുകൾ തിരിച്ചെത്തും [10]
[11] ഹേമന്തപ്പെരും സൂര്യൻ
ഇക്കുന്നിൻ പുറത്തിനെ
മോഹനപ്രകാശത്തിൽ
ആമഗ്നമാക്കീടുന്നു
[12] എത്രമേലഭിരാമം
ഈ ദീപ്തപ്രകൃതിയെൻ
ഹൃത്തടം പിളരുന്നി–
ല്ലെത്രമേലിത്തവ്വിങ്കൽ
ജയിച്ചുമുന്നേറുന്ന
ഞങ്ങൾതൻ കാല്പാടു പി–
ന്തുടർന്നു വരും നീതി
സംശയമാർക്കും വേണ്ടാ
എൻപ്രിയമെലീനേയെ–
ന്നോമനേ വിധവയാം
നീജീവിച്ചൊരു കുഞ്ഞിൻ
മാതാവായ് മാറീടേണം
തോക്കുകൾ പുഷ്പിച്ചപ്പോൾ
ഇരുപത്തിമൂന്നാളും
തുകിനാർ തൻഹൃദ്രക്തം
അന്യാർത്ഥമകാലത്തിൽ
ഇരുപത്തിമൂന്നാളും
ഇവിടെ ക്കുടിപാർക്കും
പരദേശികളെന്നാൽ
നമ്മുടെ ഭ്രാതാക്കന്മാർ
ജീവിതപ്രേമം കരൾ–
ത്തടത്തിൽ നുരഞ്ഞവർ
ചാകവേ കരൾനൊന്തു
ഫ്രാൻസിന്നായ്ക്കുരഞ്ഞവർ.

STROPHES POUR SE SOUVENIR

കുറിപ്പുകൾ

[1] മിഴിനീർ = സഹതാപക്കണ്ണീർ

[2] പർത്തിസാൻ (Partisan) = ആദർശ പ്രേരിതരായി പൊരുതുന്ന വളണ്ടിയർ പ്പോരാളികൾ

[3] പറന്നുപോമാണ്ടുകൾ കണ്ടിരിക്കവേ
മറന്നുപോം ബുദ്ധിയുണർത്തി വീണ്ടുമേ
(വൈലോപ്പിള്ളി — മറക്കാതിരിക്കാൻ)

[4] തമോയാമങ്ങൾ = യുദ്ധകാലത്തെ സ്മരണ (ബ്ലാക്കൗട്ട്) വേളകൾ

[5] കൊല്ലപ്പെട്ടവരിൽ മനുഷിയാൻ (Manouchian) എന്ന ആർമീനിയക്കാരന്റെ അന്തിമസന്ദേശം

[6] ഇനി യാത്ര പറഞ്ഞിടട്ടെ ഹാ
ദിനസാമ്രാജ്യപരേ ദിവസ്പതേ
... ...
ലസിതസ്മിതനായ ചന്ദ്രികാ–
ഭസിതസ്നാത മൃഗാങ്ക കൈതൊഴാം
... ...
ദ്യുതികാട്ടുമുഡുക്കളേ പരം
നതി നിങ്ങൾക്കതി മോഹനങ്ങളേ
... ...
സ്വയമന്തിയിലും വെളുപ്പിലും
നിയതം ചിത്ര വിരിപ്പു നെയ്തുടൻ
വിയദാലയ വാതിൽ മൂടുമെൻ
പ്രിയസന്ധ്യേ ഭവതിക്കുവന്ദനം
... ...
രമണീയവനങ്ങളേ രണൽ–
ഭ്രമരവ്യാകുലമാം സുമങ്ങളേ
ക്രമമെന്നിരസിച്ച നിങ്ങളിൽ
പ്രമദം പൂണ്ടവൾ യാത്ര ചൊൽവൂ ഞാൻ

(ആശാൻ — സീത)

ചന്ദ്രികേ ഹിമാലയ ശൃംഗമേ പരിശാന്ത
സുന്ദരതപഃഫലപാവിതാരണ്യങ്ങളേ
പുഷ്പിതാരാമങ്ങളേ പുണ്യതാരകങ്ങളേ
ശഷ്പമണ്ഡലങ്ങളേ ഗോഷ്പദസ്ഥലങ്ങളേ
ഉൾക്കാമ്പിലനുകമ്പ പൂണ്ടുകൊണ്ടിന്നോളവും
സൽക്കരിച്ചിരുത്തിയ ബന്ധനാഗാരങ്ങളേ
പാട്ടുവിൻ ചിരിക്കുവിൻ നർത്തനം ചെയ്‌വിൻ നാളെ
വാടിവീഴുമീ നർമ്മനിർമ്മലനിമിഷങ്ങൾ

(പി. കുഞ്ഞിരാമൻ നായർ — ത്രുക്കമരത്തിൽ)

മറവിതന്നിൽ മറഞ്ഞു മനസ്സാലെൻ
മരണഭേരിയടിക്കും സഖാക്കളേ
സഹതപിക്കാത്ത ലോകമേ യെന്തിലും
സഹകരിക്കുന്ന ശാരദാകാശമേ
കവനലീലയിലെന്നുറ്റ തോഴരാം
കനകതുലികേ കാനനപ്രാന്തമേ
മധുരമല്ലാത്തൊരെന്മൗനഗാനത്താൽ
മദതരളരാം മാമരക്കൂട്ടമേ
പരികയാണിതാ ഞാനൊരധഃകൃതൻ

കരയുവാനായ് പിറന്നൊരു കാമുകൻ

(ഇടപ്പള്ളി — മണിനാദം)

പ്രിയകരങ്ങളേ നീലമലകളേ
കുയിലുകൾ സദാ കൂകും വനങ്ങളേ
അമിത സൗരഭധാരയിൽ മുങ്ങിടും
സുമിത സുന്ദര കുഞ്ജാന്തരങ്ങളേ
കുളിർ തരംഗതരളിത നിർമ്മല–
സലില പൂരിത സ്രോതസ്വിനികളേ
ലളിത നീലലസത്തൃണകംബള–
മിളിത ശീതളച്ഛായാതലങ്ങളേ
അനുപമങ്ങളേ കഷ്ടമെമ്മട്ടു ഞാൻ
തനിയെ വിട്ടേച്ചു പോകുന്നു നിങ്ങളെ

(ചങ്ങമ്പുഴ — രമണൻ)

[7] മെനിനേ (Melinee) = മനുഷിയാന്റെ പത്നി

[8] ഒന്നുമെനിക്കുവേണ്ടാമൃദു ചിത്തത്തി–
ലെന്നെക്കുറിച്ചുള്ളൊരോർമ്മമാത്രം മതി–
മായരുതാത്തളിർച്ചുണ്ടിലൊരിക്കലും
മാമകചിത്തം കവർന്നൊരസ്സുസ്മിതം

(ചങ്ങമ്പുഴ — സ്പന്ദിക്കുന്ന അസ്ഥിമാടം)

[9] എറിവാൻ (Erivan) = ആർമിനിയായുടെ തലസ്ഥാനം

[10] ‘രാവിതുമായും വീണ്ടും നാളത്തെ പ്രഭാതത്തിൽ
പൂവൊളിമിന്നും’, നിന്നെ വിശ്വസിക്കട്ടെ ഞാനും.
രാവിതുമായും? നിഴൽക്കുത്തിലേയ്ക്കടിതെറ്റി–
യീയിരുൾപ്പാമ്പും ഫണം താഴ്ത്തി വീണൊലിച്ചുപോം?
ദൂനനായ്ത്തേങ്ങിത്തേങ്ങി വരുമിക്കാറ്റും നാളെ–
പ്പൂമണം പൂശി, ക്കുഞ്ഞിക്കയ്യുകൾ കൊട്ടിപ്പാടും?

(സുഗതകുമാരി — ആശ)

പ്രഭാതം നിശ്ചയമായും വിടർന്നു വരും ഇരുട്ട് അകന്നു പോകും.

(ടാഗോർ — ഗീതാഞ്ജലി (കെ. സി. പിള്ള, വി. എസ്. ശർമ്മ))

പൊന്നണി സ്വാതന്ത്ര്യശ്രീ പിറക്കുമീറ്റില്ലത്തിൽ
ക്കണ്ണുനീർ ചിതറൊല്ലേ വരുന്ന വിഭാതങ്ങൾ

(പി. കുഞ്ഞിരാമൻ നായർ — ദുഃഖമരത്തിൽ)

[11] The huge red sun of November
Threatening snow

(Lord Dunsany — Art and life)

[12] എത്ര സുന്ദരി ഹാഹാ പേർത്തുമീ പ്രപഞ്ചശ്രീ

(പി. കുഞ്ഞിരാമൻ നായർ — മനുഷ്യനില്ല)

എതിരാളി

ഴാൻ തർദിയേ് (1903–1995)

JEAN TARDIEU

എല്യുയാർ, അറഗോൻ തുടങ്ങിയവരോടൊപ്പം പ്രതിരോധ പ്രസ്ഥാനത്തിൽ സജീവ പങ്കാളിത്തം വഹിച്ച ഴാൻ തർദിയേ് ഫ്രഞ്ച് നാടകത്തിനു ഒരു നവ മാനം നല്കിയ നാടകകൃത്ത് കൂടിയാണ്. ദീർഘകാലം ഫ്രഞ്ച് റേഡിയോവിൽ പുതിയ പ്രതിഭകളെ കണ്ടുപിടിച്ചു പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിഭാഗത്തിന്റെ തലവനായിരുന്നു.

[1] നിഴൽകളെ നിനച്ചുനിന്നീടുന്നു,
നിലം കുഴിക്കുന്നിതിപ്പോലെ തന്നെ ഞാൻ,
അചലമാം കരിങ്കല്ലിനെയോർമ്മിച്ചു
കനവിൽ മുങ്ങുന്നു, സഞ്ചരിച്ചീടുന്നു.
അനുനിമേഷവും ചാഞ്ചല്യമാർന്നിട്ടു–
മരുവിതൻകരേ കുറ്റപാലിപ്പു ഞാൻ,
അടിയുറച്ച നിലത്തുനിന്നീടവേ
മറവികൊള്ളുവാനാഗ്രഹിക്കുന്നു ഞാൻ.
[2] നിയത നക്ഷത്രരാജിതിയ്ക്കു കീഴിൽ ഞാൻ
നിലകൾ മാറ്റുന്നു പിന്നെയും പിന്നെയും. [3]
അവിരതം മാറിമാറിവരും ദിന–
തതികൾ തൻ കീഴിൽ ഭേദമറ്റേകനാം.
മുറുകെ ഞാൻ പിടിച്ചീടുന്നതൊക്കെയും
വരുവതെന്നിലേയ്ക്കഗ്നിയിൽ നിന്നല്ലോ;
പിടിതരാതെന്നിൽനിന്നകന്നീടുന്ന–
തഖിലം മാറുന്നു കല്ലായി, മൗനമായ്.
പകലിനെയുറക്കീടാനുറങ്ങും ഞാൻ
ഇരവിൽ നിദ്ര വെടിഞ്ഞുമരുവുന്നു, [4]
മറവിൽ നീറിനുമുള്ളിലമർന്നിട്ടു–
ന്നൊരു കനൽക്കട്ടയെന്നകണക്കിനേ.
[5] പറകിലെന്റെയീ വൈരുദ്ധ്യമെന്നുമേ
പരമവശ്യമാമാവശ്യമാണു മേ,
എതിരിലാണു ഞാൻ നിങ്ങളാരാകിലും
എതിരിടുന്നു ഞാൻ മണ്ണിനെ, വിണ്ണിനെ.
അടിപണിയാത്തൊരുഗ്രനാം ശത്രുവെ
പ്പിടിയിലാക്കുവാൻ പിന്തുടരുന്ന ഞാൻ [6]
[7] വിളവിനു വിളവായും പൊരുതുന്നു.

ചതിവിനു ചതിവായും പൊരുതുന്നു.
ഇടതടവെന്യെയെന്നും തുടരുമീ–
യടരിൽ ഞാനേല്ലം ദണ്ഡമെന്തെത്തുവാൻ!
നിഭൃതമെൻ ജാഗ്രതയ്ക്കാണ്ടിറങ്ങുവാൻ
വിവൃതമാമടികാണാത്ത ഗഹ്വരം!
തനതഗാധതകൾക്കുള്ളിൽ നീരവം
പെരുമരചനായ് വാഴുമപരനെ [8]
[9] വകവരുത്തുവാനാവാതെ മൃത്യുവിൻ
പിടിയിൽ ഞാനകപ്പെട്ടു പോയീടുമോ?

LES FEINTES NECESSAIRES

കുറിപ്പുകൾ

[1] ജീവിതം സ്വർണ്ണഖനികൾ കാട്ടീ
കേവലത്വത്തിൽ ഞാൻ കേതുനാട്ടി:
ഇപ്പൊഴോ നാറ്റിനടപ്പിതെന്നത്യാർത്തി
ദുഷ്പ്പഭുസേവയ്ക്കു വാലുമാട്ടി.
പ്രേമക്കുഴമ്പെനിക്കോമൽ നീട്ടി,
കാമക്കിളാച്ചിൽ!–ഞാൻ കൈയ്യുതട്ടി
ഇപ്പൊഴോ കണ്ണെറ്റിനില്പിതെന്നാസക്തി
കുപ്പിയല്ലൂറുന്ന നാവു നീട്ടി
എന്നിലാദർശം ജ്വലിച്ചു, നീറ്റി
മന്നു പൊന്നാക്കുവാനെന്നമട്ടിൽ:
ഇപ്പൊഴോ ച്ചുളിക്കിടപ്പിതാച്ചാരത്തി–
ലൊപ്പൊഴുമേതോ പുഴുത്ത പട്ടി!
(വൈലോപ്പിള്ളി — അധഃപതനം)

രാവിലെ ഞാൻ കിളികളുടെ പാട്ടിനു കാത്തിരിക്കുന്നു
അടുത്ത വാർഡിലെ ഹൃദ്രോഗിയുടെ
അവസാനിക്കാത്ത നിലവിളി കേൾക്കുന്നു...
വൈകുന്നേരം ഞാൻ ആപ്പിളുമായി വരുന്ന
ഭാര്യയെക്കാത്തിരിക്കുന്നു
ഇരുണ്ട ഏകാന്തത
ശബ്ദംകേൾപ്പിക്കാതെ മുറിയിലെത്തുന്നു
രാത്രി ഞാൻ മരണത്തെക്കാത്തിരിക്കുന്നു
കൊച്ചുമകൾ എനിക്ക് ഒരോറഞ്ച് നീട്ടുന്നു
(സച്ചിദാനന്ദൻ — വൈരുദ്ധ്യം)

[2] സ്വൈരമായ് നിശ്ചിത സ്ഥാനത്ത് നില്ക്കുന്ന
താരങ്ങൾ കണ്ടിരിക്കുന്നു രണ്ടും
(നാലപ്പാടൻ — നിസ്സാരം)

[3] ഒരു പോതൊരു ഭാവമെങ്കിലോ
പരമന്യം പരമന്യമാകയാൽ
അരുതിന്നിഹ നിൻ യഥാർത്ഥമാം
നിറമെന്തെന്നു മനസ്സിലാക്കുവാൻ
(ചങ്ങമ്പുഴ — തപ്തസന്ദേശം)

[4] പ്രജ്ഞകളിലുറങ്ങിക്കിടന്നും
നിദ്രകളിലുണർച്ചയായ് നിന്നും
(പി. ടി. അബ്ദുറഹിമാൻ — തിരയടങ്ങിയ കടൽ)

[5] ലോകസൗന്ദര്യമേ മർത്ത്യനിൽപ്പേർത്തുമുൾ
പ്പൂകിയീ വൈരുദ്ധ്യം തീർക്കുമോ നീ
(ബാലാമണിയമ്മ — വൈരുദ്ധ്യം)

[6] ഉള്ളിലുള്ളിരുട്ടിനെയാട്ടിയോടിക്കാൻ മൂർച്ച–
യുള്ളൊരായുധം തേടിയലയുന്നു ഞാനിന്നും
(മുല്ലനേഴി — മകനോട്)

[7] വിളവ് = സാമർത്ഥ്യം, സൂത്രം

[8] അന്നുംമിന്നും നിന്റെ കൂടേ മറവിൽച്ചരിക്കുന്ന
നിന്നുടെ യുഗശത്രു നിന്നകത്തിരിക്കുന്നു.
വെറുതെ നിഴൽയുദ്ധം നടത്തിത്തളരേണ്ടാ
തിരിക്ക നിൻ കണ്ണുകളുള്ളിലെ ദുർഗ്ഗങ്ങളിൽ
(പി. കുഞ്ഞിരാമൻ നായർ — ഹോട്ടലുണ്ണം വാടകവീടും)

…തെല്ലുനിന്നച്ഛിന്നത തൻ പവിത്രോച്ഛ്വാസമുൾ–
ക്കൊള്ളലാലാശ്വസ്തനായുറ്റനോക്കിനാൻ മർത്ത്യൻ,
തന്നരികത്തേനില്ക്കുമെതിരാളിയെ, യതേ
മണ്ണിലത്തൊഴിൽതന്നെ ചെയ്തിട്ടും കൂട്ടാളിയെ
എമ്മട്ടോ മലിനനായ്. തുച്ഛനായ്ത്തദ്ദൃഷ്ടിയിൽ
ബിംബിപ്പൂതാ, നവ്വണ്ണമാണയാൾ തന്റേതിലും
ആ മിഴികളിലൂടെ നൃഷ്ണ നൃഷ്ണിറങ്ങും ത–
ദാത്മാവോ കണ്ടാനങ്ങു നേരായതന്നെത്തന്നെ
(ബാലാമണിയമ്മ — എതിരാളി)

ഒന്നു ചുമ്മാതിരിക്കാൻ പലകുറി പറഞ്ഞതാ:–
ണെൻ ചുമലിൽത്തന്നെയവൻ
കാൽമുറുക്കിച്ചവിട്ടുന്നു
നെടുനീളൻ നാവെന്റെ കരൾച്ചോരയിലിഴയ്ക്കുന്നു
കുറുക്കി ഞാനെടുക്കുന്ന വെളിച്ചത്തിൻ മുട്ടങ്ങകൾ
അവൻ കൊത്തിക്കുടിക്കുന്നു.
ഒരുവിധമവനെ ഞാൻ പുറന്തള്ളി സാക്ഷയിട്ടു
കൊളുത്തിട്ട മിഴിയ്ക്കുള്ളിലവനപ്പോളലറുന്നു!
(ദേശമംഗലം രാമകൃഷ്ണൻ — ഹംസഗാനം)

ഒരേരൊരരാതി
ഒരു പൊതു ശത്രു
അവനെക്കുത്തിമറിച്ചുരത്തി–
ക്കുടലുവലിച്ചു കഴുത്തിലണഞ്ഞ–
ച്ചുടുരക്തത്താൽക്കുറിതൊടുവാനാ–
യയുതം തുടുനാളങ്ങളെഴുന്നോ–
രേക കരാളിയായുഴറീ ഞങ്ങൾ
അവനുറയൂരിയിഴഞ്ഞറിയാതെ–
ഗമിക്കെ, യെടുത്തണിയാനുറമാത്ര–
മരിക്കേ, വാൾത്തലകൾ കുടഞ്ഞു
കരൾത്തട്ടിൽ തിരുകീടിന
വാളുകൾ തെള്ളിയുറഞ്ഞു
തരിക്കെക്കണ്ടു ഞങ്ങൾ പരസ്പര–
മമ്മേ നിന്റെ കിടാങ്ങൾ!

(കെ. വി. രാമകൃഷ്ണൻ — പൊതുശത്രു)

[9] ചിത്തമാം വലിയ വൈരി കീഴമർ–
ന്നത്തൽ തീർന്ന യാമിതന്നെ ഭാഗ്യവാൻ

(ആശാൻ — നളിനി)

ബദ്ധനീ വിശ്വവിജയി–സ്വന്ത
ചിത്തം ജയിക്കുംവരേയും

(പി. കുഞ്ഞിരാമൻ നായർ — ശാരദപൂജ)

തീവണ്ടിയാത്ര

ഴാൻ തർദിയേ് (1903–1995)

JEAN TARDIEU

ജീവിതം മരണത്തിലേക്കുള്ള യാത്രയെന്നത് പഴയൊരു പരികല്പനയാണ്. തീവണ്ടിയെ ജീവിതത്തിന്റെ പ്രതീകമാക്കി അതിന്റെ ദാർശനികവശത്തെ പുതിയൊരു കാഴ്ചപ്പാടിൽ അവതരിപ്പിച്ചിരിക്കുകയാണ് ഴാൻ തർദിയേ്.

രണ്ടുതോഴ, രവർക്കൊപ്പം
യാത്രപോയേനൊരിക്കൽ ഞാൻ.
അവരിന്നില്ല, യെന്നാലും
തൽഭാണ്ഡങ്ങൾ വഹിപ്പൂ ഞാൻ.
രണ്ടുപേരവർ കൂട്ടാണ്,
ഞാനോ കേവലമേകനും.
വണ്ടിയോടവേ രണ്ടാൾക്കും
നല്ല സംതൃപ്തി: ചുറ്റിലും
മറ്റെല്ലാമോടിടുമ്പോഴും
നിൽക്കുന്നു തങ്ങൾ നിശ്ചലം.
മുഖാമുഖമിരുന്നപ്പോൾ
രണ്ടാളും ഭിന്നവാദികൾ.
'വസ്തുക്കൾ സർവം വന്നീടു',– [1]
ന്നോതി യേകനസംശയം.
'പോകയാണ് സമസ്തവും.' [2]
കടന്നുപോകവേ വണ്ടി,
വാസഗേഹങ്ങൾ നില്പിതേ?
അതല്ല മാഞ്ഞുപോകുന്നോ?
തർക്കപ്രശ്നമിതൊന്നുതാൻ.
നമുക്കുശേഷം മറ്റൊന്നും
തന്നെയില്ലെന്നു ചൊന്നു ഞാൻ.
ഒന്നാമനന്യനോടോതി:
'എന്തുമാതിരിയാള നീ!
ഒന്നും നില്ക്കുന്നതായിട്ടു
കാണാൻ വയ്യ നിണക്കെടോ.
കാണ്മൂ ഞാൻ നാട്ടകത്തിന്റെ
സീമാന്തം നീളെ നില്പതായ്.
കടന്നു പോകുവോർ നമ്മൾ

നാം വെറും പുക മാത്രമാം'. [3]
നീണ്ടു വിവാദമിച്ചേലിൽ
കൃച്ഛ്റമായ്ത്തീർന്നു പിന്നതു,
ഇരുവർക്കുമൊരേ മട്ടിൽ
യുക്തി നഷ്ടപ്പെട്ടും വിധം.
അന്നേരം വണ്ടി നി, ന്നൊപ്പം
നിന്നു നാട്ടിന്റെ യോട്ടവും.
അന്നേരം ബഹളത്തിങ്കൽ
[4] സർവവും വിലയിച്ചുപോയ്. [5]

VOYAGE AVEC MONSIEUR MONSIEUR

കുറിപ്പുകൾ

[1] അകന്നവത്സന്നു മുലനല്കാനന്തി–
യ്ക്കലറിപ്പായുന്ന പശുവിനെപ്പോലെ
പുകവലിച്ചുതിക്കുതിക്കുന്ന ധൂമ–
ശകടത്തിൻ ചെറുജനാലയിൽക്കൂടി
അടുത്തണയുന്നിതടുത്തണയുന്നി–
തവനിയിലീ ഞാൻ പിറന്ന കുഗ്രാമം

(പി. കുഞ്ഞിരാമൻ നായർ — പിറന്നമണ്ണിൽ)

[2] മൽപ്രിയ നഗരമേ മാപ്പുതന്നാലും നിന്റെ–
യത്ഭുതക്കാഴ്ചയ്ക്കെല്ലാം വന്ദനം, പോകുന്നു ഞാൻ.
നിന്നെ ഞാൻ പിരിഞ്ഞങ്ങു പോകയല്ലോർത്താൽ ബലാ–
ലെന്നിൽനിന്നകലുകയാണു നീ ക്ഷണം തോറും
നോവുന്നു നീറുന്നു മൽക്കരളും കണ്ണും നീങ്ങി–
പ്പോവുന്ന നിന്നെത്തന്നെ നോക്കിക്കൊണ്ടിരിക്കുമ്പോൾ
ഉഴറിക്കുതിക്കുന്നു വാഹനമതിന്നു നി–
ന്നഴകും വൈചിത്ര്യവുമോരുവാനില്ലാനേരം

(ബാലാമണിയമ്മ — തിരിച്ചുപോവുമ്പോൾ)

മോഹനമാമാത്മധാമം വിട്ടെത്തുന്ന
സാഹസചിത്തരാൽ പൂരിതമായ്
ആദിയുമറ്റവും കാണാത്ത പണ്ടത്തെ
പ്പാതമേൽപ്പായുമെൻ വാഹനമേ ...
ചുറ്റുമേ പാഞ്ഞുപോം സാമ്രാജ്യകോടിയിൽ
ചെറ്റുമുള്ളേശാതെ മന്ദിയാതെ
നിഷ്ക്രമിക്കുന്നു നീ നീളവേ ധൂമമാം
തൃക്കൊടിക്കൂറയെപ്പൊക്കി നീട്ടി
... ...
പായുന്നു മായുന്നു സർവ, മെന്നാത്മാവീ

പ്രാകൃതലാസ്യത്തിൽ പങ്കെടുപ്പൂ
(ബാലാമണിയമ്മ — തീവണ്ടിയിൽ)

സ് പരദാസ്യം തിന്നും ദരിദ്രകോടിയെ
പ്പൊറുപ്പിക്കും കേരനിരകൾ നീങ്ങുന്നു
ചുമടേന്തിയന്തിക്കതിരാം താംബൂല
ച്ചുകപ്പേലും നീലമലകൾ നീങ്ങുന്നു
(പി. കുഞ്ഞിരാമൻ നായർ — പിറന്ന മണ്ണിൽ)

As we rush, as we rush in the train
The trees and the houses go wheeling back,
But the starry heavens above the plain.
Come flying to our track.
… … … … …
For we carry the heavens with us dear,
While the earth slips from our feet!
(J. Thomson — As we rush, as we rush in the train.)

[3] …ആകെ വിസ്മൃതമാകാമപ്പൊഴും നവധൂമ
രേഖയിൽ കഥനെയ്തു ജീവിതം ജ്വലിക്കുന്നു
(വൈലോപ്പിള്ളി — പുക)

For each age is a dream that is dying
Or one that is coming to birth.
(A. W. E. O’Shaughnessy — Ode)

[4] സർവവും = അവരും അവരുടെ വാഗ്വാദവും മറ്റെന്തും

[5] ഈയിരുളിലീരാവിൽ നിൻവണ്ടിയിൽ
നീ തനിച്ചുതനിച്ചു താൻ പോകണം
ആന്ധകാരാദ്രിതന്നപ്പുറ, മയേ
പാന്ഥ, താവകം വിശ്രമത്താവളം
(പി. കുഞ്ഞിരാമൻ നായർ — ചന്ത പിരിഞ്ഞിട്ടും)

അരികത്തു വന്നതകലത്താക്കിയു–
മലറിയും കാലശകടമോടുന്നു
വരുമിറങ്ങേണ്ട സ്ഥലം വരും മെത്ത
വിരിച്ചു വണ്ടിയിൽ കിടക്കുന്നോർക്കെല്ലാം.
(പി. കുഞ്ഞിരാമൻ നായർ — പിറന്നമണ്ണിൽ)

ഈ മഹായാനവും നിന്നനുഭ്രത്യബ്ധി–
ഭ്രമാവിൽ പാഴ്ചര മാത്രമാമോ?
(ബാലാമണിയമ്മ — തീവണ്ടിയിൽ)

പോസ്റ്റ്മാൻ

ഴോർഴ് മുസ്താക്കി (1934–2013)

GEORGES MOUSTAKI

ആധുനിക ഫ്രാൻസിൽ ഗാനമെന്നപോലെ ഗാനാത്മക കവിതയും പൊതുവേദികളിൽ ധാരാളം ആസ്വാദകരെ ആകർഷിക്കുമാറ് ആലപിക്കപ്പെടുന്നു. സർറിയലിസ്റ്റ് കാലഘട്ടത്തിൽ ചിത്രകല കവിതയെ സ്വാധീനിച്ചു. ഇന്നു സംഗീതം–പ്രത്യേകിച്ചും ജാസ്സ്–Jazz അതിനെ സ്വാധീനിച്ചു തുടങ്ങിയിരിക്കുന്നു. ഇത്തരം കവികൾക്കു വായനക്കാരേക്കാൾ കൂടുതൽ ശ്രോതാക്കളുണ്ട്. (നമ്മുടെ നാട്ടിലും കവിയരങ്ങുകൾക്കു പ്രചാരം കൂടിവരികയാണല്ലോ.) കവിത വായിച്ചാസ്വദിക്കാനുള്ളതാണ് അല്ലാതെ കേട്ടാസ്വദിക്കാനുള്ളതല്ലെന്നു വാദിച്ചു ഈ പ്രവണതയെ എതിർക്കുന്നവർ ഫ്രാൻസിലുണ്ട്. പൊതുവേദികളിലെ ഈ ആലാപനരംഗത്ത് ഗാനാത്മക കവിതയുടേയും കാവ്യാത്മക ഗാനത്തിന്റെയും അതിർവരമ്പുകൾ ചുരുങ്ങിവരികയാണ്.

ഫ്രാൻസിലും വെളിയിലും വലിയ ആരാധകവൃന്ദമുള്ള ഗാനരചയിതാവും ഗായകനുമാണ് ഈജിപ്ഷ്യൻ വംശജനായ ഴോർഴ് മുസ്താക്കി. അദ്ദേഹത്തിന്റെ ഒരു പ്രേമഗാനമാണിത്. ‘ഏതു ധൂസര സങ്കല്പങ്ങളിൽ വളർന്നാലും–ഏതു യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും’ ഫ്രഞ്ചുകാരന്റെ മനസ്സിൽ മുല്ലപ്പൂക്കൾ മുടങ്ങാതെ വിരിയുന്നുവെന്നു ഇത്തരം ഗാനങ്ങൾക്കു ലഭിക്കുന്ന സാവേശ സ്വീകരണം വിളിച്ചു പറയുന്നു. പ്രണയികളുടെ ലോകത്തിൽ സുപരിചിതനായ കൊച്ചു പോസ്റ്റ്മാനെ മുസ്താക്കി ഇതിൽ അനശ്വരനാക്കിയിരിക്കുന്നു.

മരിച്ചു നമ്മൾതൻ പ്രണയസന്ദേശം
വഹിച്ചുപോന്നൊരാ കുരുന്നു പോസ്റ്റുമാൻ. [1]
പ്രണയത്തിന്നിനി പ്രയാണം ചെയ്യുവാൻ
കഴിയാ, തൻദൂതൻ കഥാവശേഷനായ്.
കരത്തിലെൻ പ്രേമവചസ്സുമായി നി–
ന്നടുത്തവനെന്നുമണഞ്ഞതില്ലയോ?
അനുദിനമവനെനിക്കെത്തിച്ചു നി–
ന്നലർവനികതന്നനുരാഗമലർ. [2]
വിട്ടുതിനേടിയുൾപ്രമോദം പൂണ്ടൊരു
വിഹഗംപോൽ നീലവിയത്തിൽ മാഞ്ഞവൻ.
അവന്റെയാത്മാവു വിടപറഞ്ഞപ്പോൾ
ഒരു രാപ്പാടി യങ്ങെവിടെയോ പാടി. [3]
പ്രണയിപ്പേൻ മുന്നേക്കണക്കു താൻ നിന്നെ, [4]
പറഞ്ഞറിയിക്കുമിതെമ്മട്ടിന്നി ഞാൻ?
നിണക്കായേറ്റവുമൊട്ടുവിലായ് ഞാൻ
കുറിച്ച വാക്കുകളവൻ കൊണ്ടുപോയി.
[5] തുടു റോസു, മുല്ല നിരക്കെപ്പൂത്ത നിൻ

ഗൃഹനടയിലൂടിനി വരില്ലവൻ.
പ്രണയത്തിന്നിനി പ്രയാണം ചെയ്യുവാൻ
കഴിയാ, തൻദൂതൻ കഥാവശേഷനായ്.
തടവിലെന്നപോലതീവ സങ്കടം
തടവുമെൻ കരൾത്തടം പിടയുന്നു.
നിണക്കെൻ ഹർഷവുമഴലുമെത്തിച്ച
പ്രിയങ്കരൻ പിഞ്ചുകുമാരൻ പോയല്ലോ.
കൊടിയ ഹേമന്തം നറുവസന്തത്തെ–
യറുകൊല ചെയ്യതെന്തൊരു കട്ടംകൈയ്യാം.
കഴിഞ്ഞുപോയെല്ലാം കഴിഞ്ഞുപോയി നി–
സ്സഹായം നമ്മൾതൻ പ്രണയമിന്നിമേൽ.

LE FACTEUR

കുറിപ്പുകൾ

[1] കുരുന്നു = ഇളംപ്രായത്തിലുള്ള

[2] മുടിയിലണിവാനെൻ ഹൃദയപ്പൂന്തോപ്പിലെ–
ത്തുടുപനീർപ്പൂക്കളെറുത്തു നിത്യം

(കെ. കെ. രാജാ — പ്രേമറാണി)

[3] അകലെയൊരു രാപ്പാടിയേകാന്ത ശാന്തമാ–
യതി സുഖദഗാനം പകർന്നു മധുരമായ്

(ചങ്ങമ്പുഴ — രൂപാന്തരം)

[4] പോയ മധുവിധു കാലത്തിനേക്കാളു–
മിന്നു പ്രിയമുണ്ടെനിക്കു നിന്നോടെടോ

(ആറ്റൂർ രവിവർമ്മ — നഗരത്തിൽ ഒരു യക്ഷൻ)

How do I love thee? Let me count the ways.
I love thee to depth and breadth and height
My soul can reach, when feeling out of sight
For the only of being and ideal grace.
… … … … …
…I love thee with the breath
Smiles. tears, of all my life!

(E. B. Browning — Portuguese Sonnet)

But to you I have been faithful whatsover good I lacked
I loved you, and above my life still hangs that love intact

(Alexander Smith — Barbara.)

Diaphenia like the spreading roses
That in thy sweets all sweets encloses
Fair sweet, how do I love thee!

I do love thee as each flower
Loves the sun's life - giving power,
For dead, thy breath to life might move me.

(Henry Constable — Diaphenia)

[5] സേവനോൽകൃഷ്ടമാം സ്നേഹത്തിൽ വാടാത്ത
ഭാവുകദീപം കൊളുത്തിയ നിൻഗൃഹം
കാത്തുനില്ക്കുന്നു വിദൂരത്തു ചുറ്റിലും
പൂത്തമരങ്ങളാ മാളിമാരൊത്തതാ

(ചങ്ങമ്പുഴ — ക്ഷമാപണം)

ആ വഴിത്താരയ്ക്കിരുവക്കിലും തളിർ–
ത്തുവാലയാട്ടിക്കുണുങ്ങി ലതികകൾ

(ചങ്ങമ്പുഴ — ഓണപ്പൂക്കൾ)

പോകവേ വഴിവക്കത്തുള്ളൊരാക്കുടിലിലെൻ
തോഴിയെക്കാണാം കാട്ടുപൂവിന്റെ താരുണ്യത്തിൽ

(മേലത്ത് ചന്ദ്രശേഖരൻ — സന്ദേശകാവ്യം)

[6] ഹാ പാപമോമൽമലരേ ബത നിന്റെമേലും
ക്ഷേപിച്ചിതേ കരുണയറ്റകരം കൃതാന്തൻ

(ആശാൻ — വീണപൂവ്)

സൂചിക

A ditty, 38
A grammarian's funeral, 16
A lament, 50
Alexander Pope, 68
Alexander's Feast or Power of Music, 29, 67, 192
Alexander Smith, 53, 347
All for love, 67
Anamalai Poems, 256
An ode for Music, 251
Art and life, 338
As we rush, as we rush in the train., 345
At a solemn music, 69, 190, 194
A wet sheet and a flowing sea, 148
A widow bird ..., 153

Barbara, 53
Barbara., 347
Before the Roman came to Rye, 32
Bible, 32
Bird, why do you forget your song?, 119
Blow blow thou winter wind, 156
Browning, E. B., 347
Byron, 14, 67, 201

Campbell, T., 127
Charles Lamb, 40
Chesterton, G. K., 32, 273
Children, 78
Collins, W., 251
Colonel Lovelace, 29
Cory, W. J., 106
Counsel to girls, 15
Cowper, W., 147, 239
Cunningham, A., 148

Darley, G., 153
Davis, W. H., 163
Desideria, 50
Diaphenia, 348
Dirge of love, 35
Dover Beach, 258
Drummond, W., 162
Dryden, 29, 67, 192
Dunsany, Lord, 338

Elegy on Thyrza, 14, 153
Every one sang, 30

Fletcher, J., 119
For the fallen, 91

George Eliot, 122, 194
Grid on thy sword, 173

Henry Constable, 348
Here on earth, 97
Herrick, R, 14
Herrick, R., 15

If can once again, 293
If I can once again, 51
I have loved flowers that fade, 16
Il Penseroso, 119, 121
In love, if love be love if love be ours, 183

Jean Ingelow, 39
Johnson, B., 133

Kamala Das, 256, 258, 260
Keats, 8, 122, 133

L'Allegro, 192
Landor, W. S., 247
Laurence Binyon, 91
Leila-Majnu, 39
Longfellow, J. W., 78
Loss of the Royal George, 147

Love’s Philosophy, 151

Mahony, F., 233
Mathew Arnold, 117, 126, 258
Melancholy, 119
Milton, 69, 119, 121, 190, 192, 194
Mimnermus in church, 106
Music when soft voices die..., 44

Now sleeps the crimson petal, now the white, 39

Ode, 345
Ode on Intimations of Immortality, 5, 228
Ode on the pleasure arising from vicissitude, 29
Ode on the poets, 122
Ode on the Spring, 17
Ode to a skylark, 30
Ode to autumn, 8
often the dark night of sorrow, 119
O may I join the choir invisible, 122, 194
On the bank of Rupanarayana, 117
On this birthday i feel lost, 105
O’Shaughnessy, A. W. E., 345

Peacock, T. L., 16
Philomela, 117
Playing on the Virginals, 39
Poor Soul ..., 178

Porphyria’s lover, 112

Portuguese Sonnet, 347
Prelude, 65
Psalms: 102, 32

Rabbi Ben Ezra, 31, 117
Recollections of early childhood, 251
Robert Bridges, 16, 173
Robert Browning, 16, 31, 112, 117

Sarojini Naidu, 32, 117
Seshagiri Rao Naidu, Prof., 39
Sewell, G., 35
Shakespeare, 10, 35, 156, 178
Shelley, 30, 44, 50, 94, 121, 124, 151, 153, 163, 251
Sidney, Sir, 38
Siegfried Sassoon, 30
Sita, 151
Sweet stay-at-home, 163
Swinburne, A. C., 97

Tagore, 51, 105, 117, 119, 293
Tears, idle tears, I know not what they mean, 200
Tennyson, 39, 183, 200
The Dance of Eunuchs, 258
The death bed, 190
The Donkey, 273
The dying man in his garden, 35
The future, 126
The grave of love, 16
The lessons of Nature, 162
The light of other days, 234
The loveliness of love, 153
The lover’s appeal, 38
The maid’s lament, 247
The noble natue, 133
The old familiar faces, 40
The poet to Death, 32
The Poplar field, 239
The quiet life, 68
The reaper, 251
The Shandon Bells, 233
The Soul’s prayer, 117
The Stone Age, 260
The tables turned., 162
The terror of death, 133
The two April mornings, 81
Thomas Gray, 17, 29, 234
Thomas Hood, 190
Thomson, J., 345
Time and love, 10
To a lady with a guitar, 163
To Althea from prison, 29
To a skylark, 121
To blossoms, 14
Toru Dutt, 151
To the evening star, 127
Triumph of life, 124

When you were old, 306
Wordsworh, 50, 65
Wordsworth, 5, 81, 162, 228, 251
Wyat, Sir T., 38

Yeats, W. B., 306
Youth and age, 94, 201

അകാലമരണം, 63
അക്കരെനിന്ന്, 32
അക്കിത്തം, 232, 242, 249, 252
അഗ്നി, 66
അഗ്നിപൂജ, 137
അഗ്നിശുദ്ധി, 93
അഗ്നിസാക്ഷി, 153

അച്ഛൻ, 78
അജ്ഞാതനാമാവ്, 39
അജ്ഞാതരാഗം, 131
അജ്ഞാതാനുരാഗം, 101
അഞ്ചുസൂര്യൻ, 210
അതിഥി, 204
അതിമാനുഷൻ, 211
അത്ഭുതമണി, 120, 232
അത്മാവിന്റെ നോവുകൾ, 91
അത്രമേൽ സ്നേഹിക്കയാൽ, 249, 284
അദ്ധ്യാത്മരാമായണം, 279, 296, 309
അദ്ധ്യാപകവൃത്തി, 65
അധഃപതനം, 340
അനാർക്കലി, 28, 126, 152
അനുബന്ധകവിതകൾ, 4, 14, 73, 105
അനുഭൂതി, 197
അന്തർദ്ദാഹം, 120, 127, 128
അന്തിനക്ഷത്രം, 125
അന്തിനക്ഷത്രം (അൽഫ്രെദ് ദ് മ്യുസ്സെ)
The future (Mathew Arnold), 126
To the evening star (Campbell, T.), 127
അനാർക്കലി (പി. കുഞ്ഞിരാമൻ നായർ), 126
അന്തർദ്ദാഹം (ജി.), 127, 128
അമ്മയെവിടെ? (ജി.), 126
ആരുടെ ദുഃഖം (ആർ. രാമചന്ദ്രൻ), 127
ഒരു തോണിയാത്ര (വള്ളത്തോൾ), 126
ഓണപ്പൂക്കൾ (ചങ്ങമ്പുഴ), 126
കടമ്മനിട്ട (കടമ്മനിട്ട), 126
കുരുക്ഷേത്രം (അയ്യപ്പപ്പണിക്കർ), 126, 127
തമസ്സിൽ (ചങ്ങമ്പുഴ), 127
തേങ്ങാപ്പൂള് (വള്ളത്തോൾ), 126
നീ വരില്ല (പി. കുഞ്ഞിരാമൻ നായർ), 128
പൂമൊട്ടിന്റെ കണി (പി. കുഞ്ഞിരാമൻ നായർ), 128
വേലക്കാരി (ബാലാമണിയമ്മ), 127
ശാരദപൂജ (പി. കുഞ്ഞിരാമൻ നായർ), 128
ശ്രീരാമചരിതം (പി. കുഞ്ഞിരാമൻ നായർ), 127
സാഗരഗീതം (ജി.), 127
സാന്ധ്യതാരം (ജി.), 127, 128
അന്തിമരംഗം, 113, 115
അന്ത്യഗീതം, 200, 245
അന്ത്യയാത്ര, 40
അന്ത്യശയ്യയിൽ, 106
അന്ത്യസന്ദേശം, 190
അന്ത്യസമാധാനം, 281
അന്ത്യാഭിലാഷം, 191
അന്ത്യാഭിലാഷം (സ്യുല്ലി പ്ര്യുദോമ്മ്)
Alexander's Feast or Power of Music (Dryden), 192
At a solemn music (Milton), 194
L'Allegro (Milton), 192
O may I join the choir invisible (George Eliot), 194
അന്നത്തെ നാടകം (പി. കുഞ്ഞിരാമൻ നായർ), 193
അഹൈന്ദവം (യൂസഫലി കേച്ചേരി), 192
ഉണരു (യൂസഫലി കേച്ചേരി), 192
ഒരു എസ്കേപ്പിസ്റ്റിന്റെ ഗാനം (പി. ഭാസ്കരൻ), 193
കത്തിയും മുരളിയും (വൈലോപ്പിള്ളി), 192
കള്ളദൈവങ്ങൾ (എൻ. വി. കൃഷ്ണവാരിയർ), 192
ഗീതാഞ്ജലി (ജി.) (ടാഗോർ), 194
ഗോപികാ ദണ്ഡകം (അയ്യപ്പപ്പണിക്കർ), 192
ദുക്കമരത്തിൽ (പി. കുഞ്ഞിരാമൻ നായർ), 193
നാദനൈവേദ്യം (കടവനാട് കുട്ടികൃഷ്ണൻ), 192, 194
പ്രകൃതലോകം (പുതുശ്ശേരി രാമചന്ദ്രൻ), 192
ഫിഡിൽ വായനക്കാരിയോട് (പി. ഭാസ്കരൻ), 193
മദിരോത്സവം (ചങ്ങമ്പുഴ), 192
വിദ്യാപതി (എൻ. വി. കൃഷ്ണവാരിയർ), 193
വിളംബരം (ജി.), 193
വീണക്കമ്പി (ഒ. വി. ഉഷ), 192
സ്മരണിക (മേലത്ത് ചന്ദ്രശേഖരൻ), 193
ഹരി നിനക്കായിക്കരുതിക്കാത്തു ഞാൻ (ദേവി), 193
അന്ദ്രെ ഷെനിയെ, 25
Bible, 32
Chesterton, G. K., 32
Colonel Lovelace, 29
Dryden, 29
Robert Browning, 31
Sarojini Naidu, 32
Shelley, 30
Siegfried Sassoon, 30
Thomas Gray, 29
അയ്യപ്പപ്പണിക്കർ, 28
ആശാൻ, 27, 31
ഉള്ളൂർ, 28
എം. ആർ. നായർ, 30
എം. എൻ. പാലൂര്, 28
ഒ. എൻ. വി. കുറുപ്പ്, 31
കരൂർ ശശി, 31
കെ. കെ. രാജാ, 28, 30
കെ. മാധവിയമ്മ, 30
ചങ്ങമ്പുഴ, 27–29, 31, 32
നാലപ്പാടൻ, 28
പി. കുഞ്ഞിരാമൻ നായർ, 28, 29
പുലാക്കാട്ട് രവീന്ദ്രൻ, 32

ബാലചന്ദ്രൻ ചുള്ളിക്കാട്, 30
യൂസഫലി കേച്ചേരി, 30, 32
വള്ളത്തോൾ, 28, 31
വൈലോപ്പിള്ളി, 29, 32
സുഗതകുമാരി, 28
അന്നത്തെ നാടകം, 193
അന്നത്തെ രാത്രി, 305
അന്നും ഇന്നും, 229, 235, 327
അന്യാപദേശങ്ങൾ, 288
അന്വേഷണം, 139, 195, 295
അപേക്ഷ, 254
അപ്പുറത്തേയ്ക്ക്, 180
അഭയാർത്ഥിനി, 284
അഭിലാഷം, 88
അമൃതധാര, 40
അമൃതംഗമയ, 281
അമ്പലത്തിലേയ്ക്ക്, 12
അമ്പാടിയിലേക്ക് വീണ്ടും, 204
അമ്മ, 77, 79, 200, 202, 203, 332
അമ്മയുടെ പുഞ്ചിരി, 233
അമ്മയും മകളും, 13
അമ്മയെവിടെ?, 126
അമ്മൂമ്മപ്പോര്, 288
അയൽക്കാരൻ, 116, 133, 233
അയ്യപ്പപ്പണിക്കർ, 4, 28, 35, 40, 87, 126, 127, 137, 141, 147, 152, 155, 186, 192, 202, 249, 286, 287
അരുണോദയം, 2
അരുത്, 292, 315
അരുതിനിപ്പാടുവാൻ, 53
അരുവികളുടെ ഐക്യം, 3, 243
അർച്ചനാഗീതം, 245
അർത്ഥന, 82, 183
അർത്ഥന (വിക്തോർ ഹ്യൂഗോ)
ഒരു ഉൽബോധനം (ആശാൻ), 83
കുട്ടിയും തള്ളയും (ആശാൻ), 83
പങ്കജഗീതം (ചെറിയാൻ കെ. ചെറിയാൻ), 83
പടക്കലത്തിലെ പൂമ്പാറ്റ (വൈലോപ്പിള്ളി), 83
പാടുന്ന പിശാച് (ചങ്ങമ്പുഴ), 83
പൂമ്പാറ്റയോട് (ഉള്ളൂർ), 83
ഭ്രമരഗീതം (ബാലാമണിയമ്മ), 83
ലീല (ആശാൻ), 84
വീണപൂവ് (ആശാൻ), 83
അർത്യൂർ റെമ്പൊ, 240
അക്കിത്തം, 242
ആശാൻ, 243
ഇടപ്പള്ളി, 242
ഇടശ്ശേരി, 243
ഉള്ളൂർ, 242
കടമ്മനിട്ട, 242
കുട്ടമത്ത്, 243
കെ. കെ. രാജാ, 242
കെ. മാധവിമ്മ, 242
കെ. വി. രാമകൃഷ്ണൻ, 243
ചങ്ങമ്പുഴ, 241
പാലാ, 242
പി. കുഞ്ഞിരാമൻ നായർ, 242
വയലാർ, 242
വള്ളത്തോൾ, 241–243
വിഷ്ണുനാരായണൻ നമ്പൂതിരി, 242
വി. സി. ബാലകൃഷ്ണപ്പണിക്കർ, 243
സുഗതകുമാരി, 243
അലെക്സിസ് പുണ്യവാളൻ, 48
അൽഫോംസ് ദ് ലമാർത്തീൻ, 45, 54, 57
Alexander Pope, 68
Alexander Smith, 53
Byron, 67
Dryden, 67
Milton, 69
Shelley, 50
Tagore, 51
Wordsworh, 50, 65
ആശാൻ, 47, 48, 51, 52, 55, 56, 62–65, 67, 68
ഇടപ്പള്ളി, 53
ഉള്ളൂർ, 50, 67
എൻ. വി. കൃഷ്ണവാരിയർ, 48, 49, 66
എം. ആർ. നായർ, 49
എം. എൻ. പാലൂര്, 47, 51
എ. വി. ശ്രീകണ്ഠപ്പൊതുവാൾ, 51
എസ്. കെ. പൊറ്റക്കാട്ട്, 68
എസ്. രമേശൻ നായർ, 66
ഒ. എൻ. വി. കുറുപ്പ്, 64, 66
ഒ. വി. ഉഷ, 52
ഒളപ്പമണ്ണ, 66
കടമ്മനിട്ട, 64
കൃഷ്ണൻ പറപ്പിള്ളി, 65, 68
കെ. എം. പണിക്കർ, 66, 67
കെ. കെ. രാജാ, 48, 53, 66
ചങ്ങമ്പുഴ, 49, 50, 52, 53, 63, 66, 67, 69
ജി., 49–51, 63, 66
ജി. കുമാരപിള്ള, 49
ടാഗോർ, 53, 69
നാലപ്പാടൻ, 49, 50, 53, 65
പാലാ, 63
പി. കുഞ്ഞിരാമൻ നായർ, 52, 63, 65–68
ബാലചന്ദ്രൻ ചുള്ളിക്കാട്, 62, 66, 69
ബാലാമണിയമ്മ, 48, 51, 67
മേരി ജോൺ തോട്ടം, 51, 52, 64, 69
യൂസഫലി കേച്ചേരി, 66, 69
വള്ളത്തോൾ, 47, 51, 52, 63
വാല്മീകി രാമായണം, 50
വി. എ. കേശവൻ നമ്പൂതിരി, 64
വിഷ്ണുനാരായണൻ നമ്പൂതിരി, 49
വൈലോപ്പിള്ളി, 48, 50, 63–65, 67, 68
സച്ചിദാനന്ദൻ, 68

അൽഫ്രെദ് ദ് മ്യുസ്സെ, 107, 125, 129
Campbell, T., 127
Fletcher, J., 119
George Eliot, 122
Johnson, B., 133
Keats, 122, 133
Mathew Arnold, 117, 126
Milton, 119, 121
Robert Browning, 112, 117
Sarojini Naidu, 117
Shelley, 121, 124
Tagore, 117, 119
അയ്യപ്പപ്പണിക്കർ, 126, 127
ആർ. രാമചന്ദ്രൻ, 127
ആശാൻ, 113, 117, 122, 130–132
ഇടപ്പള്ളി, 123, 130
ഇടശ്ശേരി, 122, 123
ഉള്ളൂർ, 113
എൻ. എൻ. കക്കാട്, 116, 131
എൻ. വി. കൃഷ്ണവാരിയർ, 113, 123
എം. ആർ. നായർ, 118
എസ്. രമേശൻ നായർ, 117, 121
ഒ. എൻ. വി. കുറുപ്പ്, 116, 124
ഒ. വി. ഉഷ, 116
ഒളപ്പമണ്ണ, 121
കടമ്മനിട്ട, 112, 126, 131
കടവനാട് കുട്ടികൃഷ്ണൻ, 121, 124
കുറ്റിപ്പുറം, 118
കൃഷ്ണൻ പറപ്പിള്ളി, 122, 123
കെ. എം. പണിക്കർ, 130
ചങ്ങമ്പുഴ, 113–115, 118–120, 122, 124, 126, 127, 130–133
ചെമ്മനം ചാക്കോ, 112
ചെറിയാൻ കെ. ചെറിയാൻ, 112
ജി., 114, 115, 119, 120, 126–128, 130, 132
ജി. കുമാരപിള്ള, 114, 124
ദേവി, 116, 133
നളിനകുമാരി, 124, 131
നാലപ്പാടൻ, 112, 115
നാലാങ്കൽ, 119
പാലാ, 116
പി. കുഞ്ഞിരാമൻ നായർ, 112, 113, 115, 116, 120, 126–128, 133
പി. നാരായണക്കുറുപ്പ്, 123
പി. ഭാസ്കരൻ, 124, 131
പുതുശ്ശേരി രാമചന്ദ്രൻ, 123
പുലക്കാട്ട് രവീദ്രൻ, 116
ബാലചന്ദ്രൻ ചുള്ളിക്കാട്, 113, 119, 133
ബാലാമണിയമ്മ, 112, 115, 117, 118, 123, 127, 132, 133
യൂസഫലി കേച്ചേരി, 121, 124
വള്ളത്തോൾ, 120, 126, 130, 132
വി. എ. കേശവൻ നമ്പൂതിരി, 122
വിഷ്ണുനാരായണൻ നമ്പൂതിരി, 133
വെണ്ണിക്കുളം, 133
വൈലോപ്പിള്ളി, 112, 113, 117, 120, 122, 123, 132
സച്ചിദാനന്ദൻ, 114
സി. കൃഷ്ണൻനായർ, 131
സുഗതകുമാരി, 114, 116, 121, 131, 133
അൽബത്രോസ്, 168
അൽബത്രോസ് (ഷാർല് ബൊദെലേർ)
കടൽക്കാക്കയെ ആരറിയുന്നു. (എൻ. വി. കൃഷ്ണവാരിയർ), 169
കാർത്തവീര്യാർജ്ജുനവിജയം (കുഞ്ചൻ നമ്പ്യാർ), 169
കുമാരകോകിലം (വൈലോപ്പിള്ളി), 170
കൃഷ്ണപ്പരുന്തിനോട് (വള്ളത്തോൾ), 170
കെ. കെ. രാജാവിനു അഭിവാദനം (ജി.), 170
ടാഗോർ മംഗളം (ആശാൻ), 170
നടക്കട്ടെ ഞാൻ (കെ. കെ. രാജാ), 170
നാട്ടുതേന്മാവ് (വൈലോപ്പിള്ളി), 170
അവകാശവാദം, 189
അവയെപ്പറ്റി, 123
അശ്രുപൂജ, 3
അസൂയ, 221
അഹൈന്ദവം, 192, 250
അഴകിനോട്, 292
അഴലിന്റെ അഴക്, 119
അഴലിന്റെ നിഴലിൽ, 153
അറ്റകൈ, 273
ആ കണ്ണുനീർ, 200
ആ കാലങ്ങൾ, 304
ആഗസ്റ്റ് കാറ്റിൽ ഒരില, 91
ആതിഥ്യം, 223
ആതിഥ്യം (പോൽ ദെറുലേദ്)
തിരയടങ്ങുന്ന (പഴവിള രമേശൻ), 224
വളർത്തുമകൾ (വൈലോപ്പിള്ളി), 224
ആത്മക്ഷതം, 279
ആത്മഗീതം, 141
ആത്മദാഹം, 284
ആത്മരഹസ്യം, 38, 99
ആത്മരഹസ്യം (ഫെലിക്സ് അർവേർ)
അജ്ഞാതാന്തരാഗം (നളിനകുമാരി), 101
ആനന്ദധാര (ബാലചന്ദ്രൻ ചുള്ളിക്കാട്), 101
ഓണപ്പൂക്കൾ (ചങ്ങമ്പുഴ), 100
കണ്ണീരിന്റെ കഥകൾ (പി. ഭാസ്കരൻ), 100
കാമുകനാണെന്നു ചൊല്ലരുതേ (ചങ്ങമ്പുഴ), 100
ജപ്പാനീസ് കവിത (ചങ്ങമ്പുഴ), 100
നിഗൂഢരാഗം (ഇടപ്പള്ളി), 100
നീ വരില്ല (പി. കുഞ്ഞിരാമൻ നായർ), 100
മൂടുപടം (മലേഷ്യാ കെ. രാമകൃഷ്ണപിള്ള), 101
മൗനഗാനം (ചങ്ങമ്പുഴ), 102

രമണൻ (ചങ്ങമ്പുഴ), 100, 101
ലീല (ആശാൻ), 101
സങ്കല്പകാമുകൻ (ചങ്ങമ്പുഴ), 100
സന്ദർശനം (ഇടപ്പള്ളി), 101
സൂര്യകാന്തി (ജി.), 100
സ്പന്ദിക്കുന്ന അസ്ഥിമാടം (ചങ്ങമ്പുഴ), 101
ഹൃദയാഞ്ജലി (ഇടപ്പള്ളി), 101
ഹൃദയോത്സവം (ജി. കുമാരപിള്ള), 101
ആത്മസൗരഭം, 65
ആത്മാലാപം, 124
ആത്മാവിന്റെ നോവുകൾ, 92
ആദർശലോകം, 292
ആനന്ദധാര, 101, 119
ആനന്ദലഹരി, 113, 132
ആന്ധ്രഗ്രീഷ്മം, 64
ആ പൂമാല, 326
ആ മരം, 13, 130, 132
ആയിരം നാവുള്ള മൗനം, 138
ആരതി, 186
ആരാധിക, 279
ആരാമത്തിൽ, 9
ആരാമത്തിലെ അദ്ധ്യാത്മിക ചിന്ത, 237
ആരാമത്തിലെ ആദ്ധ്യാത്മിക ചിന്ത, 237
ആരാമത്തിലെ ചിന്തകൾ, 105
ആരുടെ ദുഃഖം, 127
ആർ. രാമചന്ദ്രൻ, 127, 204
ആൽച്ചുവട്ടിൽ, 43, 232–234
ആൽഫ്രെദ് ദ് വിഞ്ഞി, 70
ആശാൻ, 72, 73
എൻ. വി. കൃഷ്ണവാരിയർ, 72
ഒ. വി. ഉഷ, 74
കെ. കെ. രാജാ, 73
ചങ്ങമ്പുഴ, 73, 74
നാലപ്പാടൻ, 72, 73
വള്ളത്തോൾ, 73, 74
വൈലോപ്പിള്ളി, 73
സച്ചിദാനന്ദൻ, 72
ആവോ, 241
ആശ, 28, 329, 338
ആശങ്ക, 190
ആശാൻ, 4, 9, 12, 16, 22, 27, 31, 37, 47, 48, 51, 52, 55, 56, 62–65, 67, 68, 72, 73, 78, 80, 81, 83, 84, 86–88, 94, 101, 113, 117, 122, 130–132, 136, 138, 140, 144, 146, 147, 150, 155, 170, 172–174, 176, 177, 183, 185, 189, 201, 202, 205, 211, 219, 221, 227, 237–239, 243, 246, 253, 263, 268, 272, 278–280, 287, 288, 294, 295, 301, 305, 312, 315, 321, 326, 331–333, 337, 342, 348
ആശാപഞ്ചകം, 306
ആശ്രമത്തിന്റെ കണ്ണീർ, 214
ആശ്വാസഗാനം, 306, 307
ആസ്പത്രിയിലെ അനുസ്മരണം, 103
ആസ്പത്രിയിലെ അനുസ്മരണം (ഹെഴെസിപ്പ് മൊറൊ)
Mimnermus in church (Cory, W. J.), 106
On this birthday i feel lost (Tagore), 105
അനുബന്ധകവിതകൾ (ചങ്ങമ്പുഴ), 105
അന്ത്യശയ്യയിൽ (ബാലാമണിയമ്മ), 106
ആരാമത്തിലെ ചിന്തകൾ (ചങ്ങമ്പുഴ), 105
കണ്ണുനീർത്തുള്ളി (നാലപ്പാടൻ), 106
കളിത്തോണിയിൽ (ഇടപ്പള്ളി), 105
കൃതകൃത്യൻ (കെ. കെ. രാജാ), 106
ജീവിതം (ബാലാമണിയമ്മ), 106
നീറുന്ന തീച്ചൂള (ചങ്ങമ്പുഴ), 105
പഴയ ചങ്ങാതിമാർ (വിഷ്ണുനാരായണൻ നമ്പൂതിരി), 105
പാടുന്ന പിശാച് (ചങ്ങമ്പുഴ), 105
ബിക്ക് ഒരു കത്ത് (എൻ. വി. കൃഷ്ണവാരിയർ), 106
ഭ്രമരഗീതം (ബാലാമണിയമ്മ), 106
വസന്തം (വൈലോപ്പിള്ളി), 106
സഖികൾ (ഇടപ്പള്ളി), 105
സ്ത്രീ (ചെറുകഥ) (എസ്. കെ. പൊറ്റക്കാട്ട്), 105
ആറ്റുവക്കിൽ, 40
ആറ്റൂർ രവിവർമ്മ, 197, 267, 347
ഇങ്ങോട്ടു വന്നു, 281
ഇടപ്പള്ളി, 14, 40, 53, 93, 100, 101, 105, 123, 130, 153, 162, 173, 183, 196, 200, 235, 242, 244–247, 260, 338
ഇടശ്ശേരി, 86, 122, 123, 174, 176, 186, 204, 211, 238, 239, 243, 292
ഇണർന്ന കണ്ണുകൾ, 186
ഇതുപോലെ, 112, 180
ഇനിയും, 68, 147, 215
ഇന്ത്യയുടെ കരച്ചിൽ, 265
ഇന്ദ്രനും മാബലിയും, 63, 73
ഇന്നലെ രാവിൽ, 197
ഇന്നു ഞാൻ നാളെ നീ, 267
ഇന്നേയ്ക്കുമാത്രം, 307
ഇരുളിൽ, 69, 132, 166, 200, 214, 269, 282, 298
ഇരുളിൽ (പോൽ ക്ലൊദേൽ)
അത്രമേൽ സ്നേഹിക്കയാൽ (സുഗതകുമാരി), 284
അഭയാർത്ഥിനി (സുഗതകുമാരി), 284
ആത്മദാഹം (ചങ്ങമ്പുഴ), 284
ഉമാകേരളം (ഉള്ളൂർ), 284
തങ്കം (ജി. കുമാരപിള്ള), 283
തുലാവർഷത്തിൽ (സുഗതകുമാരി), 283
നിരാശനല്ല (ചങ്ങമ്പുഴ), 283
വിരഹത്തിൽ (വൈലോപ്പിള്ളി), 283

വിഷാദപൗർണ്ണമി (ഒ. വി. ഉഷ), 283
വ്യർത്ഥമാസത്തിലെ കഷ്ടരാത്രി (ബാലചന്ദ്രൻ ചുള്ളിക്കാട്), 283
സിദ്ധാർത്ഥന്റെ നാട്ടിൽ (പി. കുഞ്ഞിരാമൻ നായർ), 284
ഇല്ല, 49, 79, 114
ഇല്ലവൾ, 75
